Trusted Partner in

BUILDING EXCELLENCE

ALL TYPES OF BUILDING CONSTRUCTION MATERIALS

| Manufactured Rock Sand & P-Sand | Interlock Bricks & Bangalore Stones
| Wirecut Bricks & Cement Blocks | RCC Bricks & Blocks
| Cement, Metals & More...

All materials available at moderate and competitive rates!
Drinking water supply also available at construction sites.

Your Reliable Partner in Every Construction

AL-SEENIYA INDUSTRIES

Companyppadi & Paivazhy Jn., Ullannoor, Kulanada
Tel: 04734 294250, 70 1260 6365, 807 870 2000

ഉള്ളന്നൂർ പള്ളിയുടെ ശതോത്തര രജതജൂബിലി സ്മരണിക 2024

പരിശുദ്ധ
പരുമല തിരുമേനിയുടെ
തിരുക്കരങ്ങളാൽ
അടിസ്ഥാന ശിലയിട്ട്
പടുത്തുയർത്തിയ ദേവാലയം!

✦✦✦

മലങ്കരയുടെ പ്രഖ്യാപിത
പരിശുദ്ധന്റെ പാദസ്പർശംകൊണ്ട്
അനുഗൃഹീതമായ പുണ്യഭൂമി!
ഉള്ളന്നൂർ ഇടവത്തിന് കഴിഞ്ഞ
നൂറ്റിയിരുപത്തിയഞ്ച്
സംവത്സരങ്ങളായി
ആത്മീയാകാശം ചുമച്ചുകൊണ്ട്
പ്രകാശം പരത്തുന്ന
ദേവാലയത്തിന്റെ പുരാവൃത്തം...

✦✦✦

തലമുറകൾക്ക് വഴിയും
മാർഗദീപവുമായി പരിവർത്തിച്ച
പൂർവപിതാക്കന്മാരുടെ സ്പന്ദിക്കുന്ന
സ്മരണകളുടെ സങ്കേതം...

✦✦✦

ഒരു വെളിച്ചമാളികപോലെ,
കാലത്തിന്റെ പരിണാമത്തിലും
മലങ്കരയിൽ ഉയർന്നു നില്ക്കുന്ന
ഉള്ളന്നൂർ പള്ളിയുടെ
ഇതിഹാസത്തിലേക്കൊരു
തീർത്ഥാടനം...





With Best Compliments from

P.K.THOMAS & FAMILY
POOVANNUM THADATHIL
THOMSON VILLA, EXCEL PARK
KADAVANTHRA
KOCHI - 682020.

ABU QABAS ENTERPRISES, MUSCAT
SADEK & PARTNERS INTL. LLC, MUSCAT
T & L CONSTRUCTIONS P LTD, ERNAKULAM
PRIMA COMPONENTS LLP, KADAVANTHRA
LEELA TOWER, ERNAKULAM
MUSCAT TOWER, ERNAKULAM
MARK TOWER, KALADY
THOMAS PLAZA, EDAPALLY, ERNAKULAM

E-mail : pktexcelpark@gmail.com

വെള്ളിയാഴ്ച മാസിക

1899-2024

ഉള്ളന്നൂർ
സെയ്ന്റ് മേരീസ്
ഓർത്തഡോക്സ്
സുറിയാനി
വലിയപള്ളി

ശ്ലൈഹിക രജതജൂബിലിസ്മരണിക

POST CENTENARY
SILVER JUBILEE SOUVENIR 2024

Saint Mary's Orthodox Suriyani Valiyapally
Ullannoor P.O., Kulanada, Kerala - 689 503.
Tel: 04734 260 598, 82819 04550.

Souvenir Committee

Fr. John Chacko (President)
Jose K. Thomas (Convener)
P.T. Ponnachan (Joint Convener)
Oommen Varghese
P.M. Alexander
C.M. James
V.D. Skariah
K.G. James
Biju Mathew
Shaji P. Baby
Roy T. Mathew
Asa Shibu George
Bijin Samuel

Editor-in-Charge: Dr. Paul Manalil

Copy Editing: Jose K. Thomas

Title Calligraphy: Narayana Bhattathiri

Concept & Souvenir Design:
Mathews Orathel, Vara Art Gallery
Kottayam. Ph: 93870 73135

Photos: Picture Hut, Bhavana, SM Photography, Dana

Typesetting: Future Graphics

Printing: Thomson Press India Pvt. Ltd., Faridabad

Published by Saint Mary's Orthodox Suriyani Valiyapally, Ullannoor P.O., Kulanada, Kerala - 689 503.

EDITORIAL BOARD

Dr. David Koshy Ramban

Fr. John Chacko

Oommen Varghese

Jose K. Thomas

“ബേതലഹേമിൽ കാലിത്തൊട്ടിയതിൽ
ലോകത്തിൻപതിയെ പെറ്റവളേ ഗുണവിളനിലമേ!
രക്ഷകനുമ്മ ചൊരിഞ്ഞോരമ്മേ
കന്യകമാർക്കതി ഭൂഷണമേ!
എൻമാതാവേ മറിയാമേ,
ഓർക്കണമേ, ഞങ്ങളെയെന്നാളും”



വിശുദ്ധ മാർത്തോമ്മ ശ്ലീഹ
ഭാരതത്തിന്റെ അപ്പൊസ്തലൻ

പുണ്യപിതാക്കന്മാർ



പരിശുദ്ധ യൽദോ മാർ ബസേലിയോസ് തിരുമേനി
കോതമംഗലം



പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനി
ഇടവകയുടെ സ്ഥാപകൻ



പരിശുദ്ധ വട്ടശേരിൽ മാർ ദിവന്നാസിയോസ് തിരുമേനി

കാതോലിക്ക സിംഹാസനത്തിൽ

പരിശുദ്ധ മോറാൻ മാർ ബസേലിയോസ് പൗലോസ്
ഒന്നാം കാതോലിക്ക ബാവ



പരിശുദ്ധ മോറാൻ മാർ ബസേലിയോസ്
ഗീവർഗീസ് പ്രഥമൻ
രണ്ടാം കാതോലിക്ക ബാവ

പരിശുദ്ധ മോറാൻ മാർ ബസേലിയോസ്
ഗീവർഗീസ് ദ്വിതീയൻ
മൂന്നാം കാതോലിക്ക ബാവ

പരിശുദ്ധ മോറാൻ മാർ ബസേലിയോസ്
ഔഗേൻ പ്രഥമൻ
നാലാം കാതോലിക്ക ബാവ

കാതോലിക്ക സിംഹാസനത്തിൽ

പരിശുദ്ധ മോറാൻ മാർ ബസേലിയോസ്
മാർത്തോമ്മ മാത്യൂസ് പ്രഥമൻ
അഞ്ചാം കാതോലിക്ക ബാവ

പരിശുദ്ധ മോറാൻ മാർ ബസേലിയോസ്
മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ
ആറാം കാതോലിക്ക ബാവ

പരിശുദ്ധ മോറാൻ മാർ ബസേലിയോസ്
മാർത്തോമ്മ ദിദിമോസ് പ്രഥമൻ
ഏഴാം കാതോലിക്ക ബാവ



പരിശുദ്ധ മോറാൻ മാർ ബസേലിയോസ്
മാർത്തോമ്മ പൗലോസ് ദ്വിതീയൻ
എട്ടാം കാതോലിക്ക ബാവ

പുണ്യസ്മൃതിയിൽ



നി.വ.ദി.ശ്രീ പുത്തൻകാവ് ഗീവർഗീസ്
മാർ പീലക്സിനോസ് മെത്രാപ്പൊലീത്ത
ഇടവകയുടെ പുനരുദ്ധാരകൻ



നി.വ.ദി.ശ്രീ ദാനിയേൽ മാർ പീലക്സിനോസ്
തുമ്പമൺ ഭദ്രാസന മുൻ മെത്രാപ്പൊലീത്ത



നി.വ.ദി.ശ്രീ തോമസ് മാർ അത്തനാസിയോസ്
മെത്രാപ്പൊലീത്ത

പൗരസ്ത്യ കാതോലിക്കയും
മലങ്കര മെത്രാപ്പൊലീത്തയുമായ
പരിശുദ്ധ മോറാൻ മാർ ബസേലിയോസ്
മാർത്തോമ്മ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയപള്ളി വികാരിക്കും ഭരണസമിതിക്കും വിശ്വാസ സമൂഹത്തിനും വാഴ്വ്...

പ്രിയരേ,

നമ്മുടെ ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയപള്ളി ഇടവക അത് സ്ഥാപിതമായതിന്റെ 125-ാം വാർഷികം (ശതോത്തര രജതജൂബിലി) ആഘോഷിക്കുകയാണല്ലോ. അതിൽ നാം അനൽപമായി സന്തോഷിക്കുന്നു, ദൈവത്തെ മഹത്വപ്പെടുത്തുന്നു. ദേശത്തിന്റെ ആദ്ധ്യാത്മിക കേന്ദ്രമെന്ന നിലയിൽ കഴിഞ്ഞ ഒന്നേകാൽ നൂറ്റാണ്ട് നീളുന്ന ചരിത്രവും പൈതൃകവും ആദ്ധ്യാത്മിക ശുശ്രൂഷകളും തലമുറകളിലൂടെ കൈമോശം വരാതെ കാത്തുസൂക്ഷിക്കുവാൻ ആ ഇടവക കാട്ടിയ ക്രൈസ്തവ വീര്യത്തിനും സാക്ഷ്യത്തിനും നാം നിങ്ങളെ അഭിനന്ദിക്കുന്നു.

ജാതിമത ചിന്തകൾക്കുപരിയായി സാഹോദര്യവും സൗഹാർദ്ദവും സമഭാവനയും ഊട്ടിയുറപ്പിക്കുവാനും വിശ്വാസജീവിതം, നിസ്തുല സമർപ്പണം ഇവ പരിപോഷിപ്പിക്കുവാനും അശരണർക്കും അഗതികൾക്കും സഹായഹസ്തം നീട്ടുവാനും നമ്മുടെ വരുംതലമുറയെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തിക്കൊണ്ടുവരുവാനും ഈ ചരിത്ര മുഹൂർത്തത്തിൽ ഏവരും ശ്രദ്ധിക്കണം.

ശതോത്തര രജതജൂബിലി ആഘോഷങ്ങൾക്കും ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന സ്മരണികയ്ക്കും പ്രാർത്ഥനകളും ആശംസകളും നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ

ബസേലിയോസ് മാർത്തോമ്മ
മാത്യൂസ് തൃതീയൻ



നി.വ.ദി.ശ്രീ ഡോ. മാത്യൂസ് മാർ തിമോത്തിയോസ്
ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പൊലീത്ത

നമുക്കെത്രയും വാത്സല്യമുള്ള ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയ പള്ളി വികാരിക്കും ദേശത്തുപട്ടക്കാർക്കും മാനേജിങ് കമ്മിറ്റി അംഗങ്ങൾക്കും ശേഷം വിശ്വാസികൾക്കും വാഴ്വ്...

പ്രിയരേ,

ദൈവംതമ്പുരാനെ പെറ്റ അമ്മയായ കന്യകമറിയാം ദൈവഹിതത്തിനു കീഴടങ്ങി, വിശ്വാസത്താലും പ്രത്യാശയാലും സ്നേഹത്താലും ദൈവിക രക്ഷാകരപദ്ധതിയിൽ പങ്കാളിയായ പരിശുദ്ധ മാതാവാണ്. പരിശുദ്ധ മാതാവ് ക്രിസ്തുവിലേക്ക് നമ്മെ കൂടുതൽ ആകർഷിക്കുവാനായി, മാതൃസഹജമായ സ്നേഹത്തോടെ നമുക്കുവേണ്ടി അനവധിയായ കൃപകൾ സ്വർഗത്തിൽ നിന്ന് നേടിത്തന്നുകൊണ്ടിരിക്കുന്നു. പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ ഇടവകയുടെ ശതോത്തര രജത ജൂബിലിയോടനുബന്ധിച്ച് ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. ഈ അക്ഷരദൗത്യത്തിന് പിന്നിൽ പ്രവർത്തിക്കുന്ന വികാരി, ട്രസ്റ്റി, സെക്രട്ടറി, മാനേജിങ് കമ്മിറ്റി അംഗങ്ങൾ, സുവനീർ കമ്മിറ്റി അംഗങ്ങൾ, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, അല്പമായോ അധികമായോ ജൂബിലിക്ക് നേതൃത്വം വഹിക്കുന്നവർ തുടങ്ങി എല്ലാവർക്കും പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥത മുഖാന്തരമായി തീരട്ടെ എന്ന് ആശംസിക്കുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ...

ഡോ. മാത്യൂസ് മാർ തിമോത്തിയോസ്
മെത്രാപ്പൊലീത്ത

ദിവ്യശ്രീ കോമട്ട് യാക്കോബ് കത്തനാർ
ഇടവകയുടെ മുഖ്യശില്പി

റവ. ഫാ. ജോൺ ചാക്കോ
ഇടവക വികാരി (2022–25)



റവ. ഫാ. ഡോ. ഏബ്രഹാം കോശി കുന്നുംപുറത്ത്
ഇടവക വികാരി

ഉള്ളടക്കം

എഡിറ്റോറിയൽ 14
ഡോ. പോൾ മണലിൽ

ചരിത്രത്തിന്റെ നാൾവഴികളിലൂടെ...

ചരിത്രത്തിന്റെ വഴിത്താരയിൽ 17

വാങ്ങിപ്പോയ ആചാര്യന്മാർ 36

ഇടവകയിലെ വൈദികർ 38

വചനത്തെ ഉള്ളിൽ വഹിച്ച അമ്മയ്ക്ക് വചനപ്രണാമം 43
ഫാ. ജോൺ ചാക്കോ

ദേശത്തിന്റെ പുണ്യസ്രോതസ്സായ ദേവാലയം 44
ഫാ. ഡോ. എബ്രഹാം കോശി കുന്നുംപുറത്ത്

ചിന്തയുടെ സ്പന്ദനങ്ങൾ

റോമിൽ മൂന്നു ദിനങ്ങൾ 47
ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ

തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം 51
ഡോ. തോമസ് മാർ അത്തനാസിയോസ്

ശിക്ഷണം കുട്ടികൾക്ക് മാത്രമല്ല, മാതാപിതാക്കൾക്കും 54
ഡോ. യാക്കോബ് മാർ ഐറേനിയോസ്

പരുമല പുണ്യവാളൻ ഭൗതികതയ്ക്കുമപ്പുറം 56
ഡോ. മാത്യൂസ് മാർ തിമോത്തിയോസ്

പരിസ്ഥിതി ആദ്ധ്യാത്മികത: സഭയുടെ പ്രതികരണവും ദൗത്യവും 58
ഡോ. ജോസഫ് മാർ ദിവന്നാസിയോസ്

ഐക്കൺ എന്ന കല 62
സഖറിയ മാർ സേവേറിയോസ്

അക്രമരാഹിത്യം ക്രൈസ്തവ ദർശനത്തിൽ 68
റവ. ഡോ. ഗീവർഗീസ് പണിക്കർ

വീട് ദേവാലയം ശരീരം 72
ഫാ. ഡോ. കെ.എം. ജോർജ്

മലങ്കരയുടെ മാർത്തോമ്മൻ പൈതൃകത്തിന് ഒരാമുഖം 75
ഫാ. ഡോ. ജേക്കബ് കുര്യൻ

സുഖത്തിന്റെ പിന്നാലെ 79
എം.കെ. സാനു

ക്രിസ്തു മലയാള ഭാവനയിൽ 82
റവ. ഡോ. മാത്യു ഡാനിയൽ

നിരുപാധിക സ്നേഹം തന്നെ യോഗക്ഷേമാധാരം 86
സി. രാധാകൃഷ്ണൻ

അഹിംസ ഗാന്ധിയൻ ദർശനം 88
ഡോ. ജോസ് പറക്കടവിൽ

കാഴ്ചയുടെ പൂർണത 94
ഡോ. ജോർജ് ഓണക്കൂർ

സമയമാം രഥത്തിൽ... 99
എം.എൻ. കാരശ്ശേരി

'വെളിവുനിറഞ്ഞോരീശോ'യും കൊട്ടാരത്തിൽ ശങ്കുണ്ണിയും 103
ഡോ. പോൾ മണലിൽ

കത്തുന്ന പുരയിലെ കുഞ്ഞുങ്ങൾ 107
ഫാ. ബോബി ജോസ് കട്ടിക്കാട്

പരിശുദ്ധ വട്ടശേരിൽ തിരുമേനി 110
കെ.വി. മാമ്മൻ കോട്ടയ്ക്കൽ

നവോത്ഥാന നായകൻ 112
ഫാ. ബിജു പി. തോമസ്

ഉറുമ്പിന്റെ വേദശാസ്ത്രം 114
ഡോ. മാത്യു കോശി പുന്നയ്ക്കാട്

കേരളം ആത്മീയ കവാടം 117
ആർ. പ്രസന്നൻ

സൈന്യങ്ങളുടെ ദൈവമായ യഹോവേ തിരുനിവാസം എത്ര മനോഹരം 119
മാത്യു തോമസ് കോറെപ്പിസ്കോപ്പ

വെളിച്ചത്തിന്റെ സാക്ഷി 121
ഡോ. ഡേവിഡ് കോശി റമ്പാൻ

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ – വളർച്ച, ഭാവി 123
പ്രഫ. ഡോ. മേരി ജോർജ്

പരിസ്ഥിതി ചിന്തകൾ 125
വർഗീസ് സി. തോമസ്

RELEVANCE OF NICENE FAITH 129
Fr. Dr. Bijesh Philip

മലങ്കരസഭയിൽ സ്ത്രീകളുടെ സ്ഥാനവും പങ്കാളിത്തവും 132
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

വിശുദ്ധന്മാരുടെ സംഘം സഭയുടെ ഭാഗം 136
ഫാ. ഡോ. എം.ഒ. ജോൺ

ആധുനിക വിദ്യാഭ്യാസവും മിഷണറിമാരും 138
ഡോ. വളളിക്കാവ് മോഹൻദാസ്

സഭാകവി സി.പി. ചാണ്ടി 140
ഡോ. തോമസ് കുരുവിള

പുതിയ കാലത്തിന്റെ ആസക്തികൾ 145
ഡോ. അരുൺ ബി. നായർ

കുട്ടികളിലെ അക്രമവാസന 150
ഡോ. വർഗീസ് പി. പുന്നൂസ്

കൊൽക്കത്തയിലെ ഓർത്തഡോക്സ് ആരാധന 153
ഡോ. കെ.കെ. കൊച്ചുകോശി

മലങ്കര സഭാ ഭരണഘടന... 157
ജോയ്സ് തോട്ടയ്ക്കാട്

പരിശുദ്ധന്റെ നാൾവഴികൾ 159
വർഗീസ് ജോൺ തോട്ടപ്പുഴ

ദേശചരിത്രം

ഉള്ളന്നൂർ ദേശചരിത്രം 163
എം.കെ. ഹരിക്കുട്ടൻ നായർ

എം. മാത്തുണ്ണി: ജീവിതവും കാലവും 173
മാത്യു ആന്റണി

125 വർഷങ്ങൾ പിന്നിടുമ്പോൾ ഇടവകയുടെ ദൗത്യം 180
ജോൺ മത്തായി ഐ.എ.എസ്. (റിട്ട.)

ഓർമയിൽ ഒരു ജലച്ചായ ചിത്രം 184
ഡോ. കെ.എസ്. രവികുമാർ

എഴുത്തും പള്ളിയും 187
ബെന്യാമിൻ

വിളക്കുകാലിൽ കൊളുത്തിവച്ച വിളക്ക് 191
രവിവർമ തമ്പുരാൻ

പൗരസ്ത്യ കാതോലിക്കേറ്റ് സുവിശേഷ സംഘവും ഉള്ളന്നൂർ വലിയ പള്ളിയും 193
ജയിംസ് മാത്യു കോറെപ്പിസ്കോപ്പ

വെളിച്ചമാളിക (കവിത) 195
പി. ശ്രീലേഖ

കാലങ്ങളെ അതിജീവിക്കുന്ന വിശുദ്ധ മന്ദിരം 196
ഡോ. പി.എ. സാജുദ്ദീൻ

ഓർമകൾക്ക് സൗരഭ്യം 199
പ്രഫ. എ.ഒ. വർഗീസ്

PHOTO PAGES 202–247

ഉള്ളന്നൂർ വലിയ പള്ളി: ഇടവക ജനങ്ങളുടെ ഹൃദയങ്ങളിലൂടെ

ഒരു ഓർമ്മക്കുറിപ്പ് 250
ഉമ്മൻ വർഗീസ്

എന്നെ ചലിപ്പിക്കുന്ന പള്ളി 251
സി.എം. ജയിംസ്

ദേശത്തിന്റെ വലിയ പള്ളി 253
കെ.ജി. ജയിംസ്

വിശുദ്ധിയുടെ നിറവിൽ 255
ലാലമ്മ ചെറിയാൻ

ആത്മീയ വെളിച്ചം 256
അന്നമ്മ ജേക്കബ്

ദേവാലയം അന്നും ഇന്നും 257
ബാബു ജോൺ മാത്യു

സഭയിൽ സ്ത്രീകളുടെ സ്ഥാനം 259
മോളിക്കുട്ടി ബാബു

വിളിപ്പുറത്തുള്ള അമ്മ 260
ശോഭ പി. ഉമ്മൻ

ഓർമ്മയിൽ നറുമണം 261
ഡാലി ജോണിക്കുട്ടി

ദൈവാനുഗ്രഹത്തിന്റെ ഉറവിടം 262
കൊച്ചുറാണി ജെ.കെ. തോമസ്

യുവതലമുറയുടെ പലായനം 264
സിസിൻ അന്ന സാബു

അഭിമാനമായി ചെങ്ങന്നൂർ ഭദ്രാസനം 266

നേട്ടം കൊയ്തവർ 269

ശതോത്തര രജത ജൂബിലി സംക്ഷിപ്ത റിപ്പോർട്ട് 270
പി.എം. അലക്സാണ്ടർ

75ന്റെ നിറവിൽ

ആധുനിക യുവലോകവും ഈശ്വരവിശ്വാസവും 275
ഫാ. എം.വി. ജോർജ്

സഭയും സ്ലീബായാഘോഷവും വന്ദനവും 278
ഫാ. പോൾ വർഗീസ്

സഭകൾ തമ്മിലുണ്ടാകാവുന്ന മാതൃകാപരമായ സുഹൃദ്ബന്ധം 280
ഫാ. ഡോ. വി.സി. സാമുവേൽ

ശക്തനായവൻ വൻകാര്യങ്ങൾ പ്രവർത്തിച്ചിരിക്കുന്നു 283
ഫാ. ടി.സി. ജോൺ മെഴുവേലി

ഉള്ളന്നൂർ സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളി – ഒരു അനുസ്മരണം 285
ഫാ. കെ.ജി. ജോർജ് മെഴുവേലി

എന്റെ സ്മരണ 287
ഫാ. കെ.ജെ. മത്തായി MA BD

നൂറിന്റെ നിറവിൽ

സ്വർഗത്തിലേതുപോലെ ദൈവമേ നിന്റെ രാജ്യം വരേണമേ... 290
നിത്യചൈതന്യ യതി

മനുഷ്യനും സാഹിത്യവും 292
ഡോ. കെ.എം. തരകൻ

തീർത്ഥാടനം വിശുദ്ധ വേദപുസ്തകത്തിൽ 294
ഡോ. ഡി. ബാബുപോൾ ഐഎഎസ്

പരിശുദ്ധ യുഗപുരുഷൻ പരുമലത്തിരുമേനി 296
ആചാര്യ നരേന്ദ്രഭൂഷൺ

എന്റെ ഉള്ളന്നൂർ പള്ളി 300
ഫാ. മാത്യു തോമസ്

ശതാബ്ദിയും പെരുന്നാളും ദേവാലയ കൂദാശയും 302

ഓർമ്മച്ചിത്രങ്ങൾ 303

കലഹണ്ടിയിലെ നന്മ 306
ഫാ. തോമസ് വർഗീസ്

ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയ പള്ളി ചരിത്രത്താളിലൂടെ 313

ഇടവക റജിസ്റ്റർ പട്ടിക 2024 316

അനുഭവങ്ങൾ; സന്തോഷങ്ങൾ...! 326
ജോസ് കെ. തോമസ്

വിശ്വാസത്തിൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും...

ഡോ. പോൾ മണലിൽ
എഡിറ്റർ-ഇൻ-ചാർജ്

ദൈവകൃപയുടെ 125 സംവത്സരങ്ങൾ. ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയ പള്ളിയുടെ ചരിത്രം പുതിയ വഴിത്താരയിലേക്ക് പ്രവേശിക്കുമ്പോൾ വലിയൊരു ആഘോഷത്തിന്റെ പെരുമ്പറ നമ്മുടെ മനസ്സിൽ മുഴങ്ങുന്നുണ്ട്.

അപ്പൊസ്തലനായ പൗലൊസ് കൊലൊസ്സ്യർക്ക് എഴുതിയ ലേഖനം രണ്ടാം അധ്യായം ഏഴാം വാക്യത്തിൽ അവതരിപ്പിക്കുന്ന ചിന്ത ഇത്തരുണത്തിൽ പ്രസക്തമാണ്-*''അവനിൽ വേരൂന്നിയും ആത്മികവർധന പ്രാപിച്ചും നിങ്ങൾക്കും ഉപദേശിച്ചുതന്നതിന് ഒത്തവണ്ണം വിശ്വാസത്തിൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിക്കുവിൻ.''*

നമ്മുടെ ദേവാലയത്തിന്റെ ശതോത്തര ജൂബിലി മുൻനിർത്തി ചിന്തിക്കുമ്പോൾ വിശുദ്ധ പൗലൊസ് പറഞ്ഞ പ്രകാരം കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ സഞ്ചരിക്കുന്ന നമുക്ക് അവനിൽ വേരൂന്നിക്കൊണ്ട് ആത്മികവർധന പ്രാപിക്കാൻ വിശ്വാസത്തിൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ജീവിക്കേണ്ടതുണ്ട്. അതിനൊരു ഇടമായിരുന്നു ഇത്രയും കാലം ഈ മഹനീയ ദേവാലയം.

ഒന്നേകാൽ നൂറ്റാണ്ട്, കഴിഞ്ഞുപോയ വെറും കാലമല്ല. ഇതു ദൈവസാക്ഷ്യത്തിന്റെയും അചഞ്ചലമായ വിശ്വാസത്തിന്റെയും അനാവരണം ചെയ്യപ്പെട്ടിരിക്കുന്ന ദൈവാനുഗ്രഹത്തിന്റെയും കാലമാണ്. അനേകം തലമുറകൾക്ക് ഈ ദേവാലയം ഒരു ആരാധനാലയം മാത്രമായിരുന്നില്ല, ഒരു ആത്മിക ഭവനവും ആത്മിക കൂട്ടായ്മയുടെ ഒരിടവുമായിരുന്നു. എത്രയോ കുടുംബങ്ങൾ ഈ ദേവാലയത്തിന്റെ തണലിൽ ബലപ്പെട്ടിരിക്കുന്നു. എത്രയോ തലമുറകൾക്ക് വിശ്വാസത്തിൽ വളരാൻ ഇതൊരു സങ്കേതമായിരിക്കുന്നു. ഇവിടെ ഉരുവിട്ട പ്രാർത്ഥനകൾ, ദിവ്യബലികൾ, ആരാധനകൾ എന്നിവയെല്ലാം ഒത്തുചേർന്നപ്പോൾ ഈ ദേശത്തു രൂപംകൊണ്ട ആത്മിക പാരമ്പര്യത്തിലാണ് നാം വളർന്നുവന്നിരിക്കുന്നത്.

വിശുദ്ധ മത്തായിയുടെ സുവിശേഷം പതിനാറാം അധ്യായത്തിലെ രണ്ടു വാക്യങ്ങൾ നമ്മുടെ മനസ്സിൽ തുടി കൊട്ടുന്നുണ്ട്. ഇതിൽ ശിഷ്യനായ പത്രൊസിനോട് യേശു പറഞ്ഞത് ''ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയു''മെന്നാണ്. ''സ്വർഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു'' എന്നും യേശു ഈ സന്ദർഭത്തിൽ പത്രൊസിനോട് പറയുന്നുണ്ട്.

ഈ സ്മരണിക അവതരിപ്പിക്കുമ്പോൾ പറയാനുള്ളത്, യേശു പത്രൊസിനെ ഏല്പിച്ച പ്രസ്തുത ദൗത്യത്തെപ്പറ്റിയാണ്. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് യഥാർത്ഥത്തിൽ യേശു പത്രൊസിന്റെ കരങ്ങളിലല്ല, നമ്മുടെ കരങ്ങളിലാണ് ആ താക്കോൽ സമ്മാനിച്ചിരിക്കുന്നത്. അത് കണ്ടെത്താനുള്ള ഒരന്വേഷണമാണ് ഈ ആഘോഷം. പത്രൊസിന്റെ മേൽ സഭയെ പണിയുമെന്ന് പറഞ്ഞ താകട്ടെ, നമ്മുടെ മേലാണ് സഭയെ പണിയേണ്ടത് എന്ന അർത്ഥത്തിലുമാണ് നാം മനസ്സിലാക്കേണ്ടത്. അതിനാൽ ഈ ആഘോഷം വചനത്തിന്റെ പൊരുൾ തിരിച്ചറിയാനുള്ള സന്ദർഭമാണ്. അതിന് ആത്മാവിൽ വേരൂന്നിയും ആത്മിക വർധന പ്രാപിച്ചും വളരേണ്ടതുണ്ട്.

വിശ്വാസത്തിൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും നമുക്കു പ്രയാണം തുടരാം...

ഉള്ളന്നൂരിന്റെ ആത്മിക
സിരകളിലൂടെ ഒഴുകുന്ന
ദൈവിക ചൈതന്യത്തിന്റെ
നാൾവഴികളിലൂടെ...

ചരിത്രത്തിന്റെ വഴിത്താരയിൽ

കേരളത്തിലെ ക്രൈസ്തവ സംസ്കാരത്തെയും ജീവിതത്തെയും അടയാളപ്പെടുത്തിയ നൂറ്റിയിരുപത്തിയഞ്ച് സംവത്സരങ്ങളുടെ പിന്നാമ്പുറത്തേക്കൊരു പ്രയാണമാണീ ചരിത്രം. വിശ്വാസികളുടെ ആത്മീയ ജീവിതത്തെ പ്രോജ്വലിപ്പിച്ച ഒന്നേകാൽ നൂറ്റാണ്ടിന്റെ ഇതിഹാസം.

വിശുദ്ധന്റെ കരങ്ങൾകൊണ്ട് അടിസ്ഥാനശിലയിട്ട ദേവാലയത്തിനു വിശുദ്ധിയുടെ തിലക്കം. പരിശുദ്ധ പരുമല തിരുമേനി 1899 ജനുവരി 27ന് വെള്ളിയാഴ്ച (കൊല്ലവർഷം 1074 മകരം 15) തറക്കല്ലിട്ട ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയപള്ളി ശതോത്തര രജതജൂബിലി നിറവിലായി. ഒന്നേകാൽ നൂറ്റാണ്ടിന്റെ ഇതിഹാസത്തിനു മഹാതീർത്ഥാടനത്തിന്റെ ചൈതന്യത്തിളക്കം.

ഗ്രാമത്തിന്റെ ചൈതന്യം

ഉള്ളന്നൂരിന്റെ ആത്മചൈതന്യമാണ് ഈ പള്ളി. സസ്യശ്യാമളകോമളമായ കരയും കേദാരവും കൊണ്ട് അനുഗൃഹീതമായ ഒരു പ്രദേശമാണ് ഉള്ളന്നൂർ. ഈ പ്രദേശത്ത് ജീവിച്ചിരുന്ന 60ൽപ്പരം ക്രിസ്തീയ ഭവനത്തിൽപ്പെട്ടവർ മതസംബന്ധമായ കാര്യങ്ങൾ നടത്തിക്കിട്ടുന്നതിന് മാന്തളിർപ്പള്ളിയിൽ ചേർന്നു നടന്നിരുന്നു. ആരാധനയിലും മറ്റു കൂദാശാനുഷ്ഠാനങ്ങളിലും ദൂരെ നിന്നു ചെന്ന് സംബന്ധിക്കുന്നതിൽ നേരിട്ട ബുദ്ധിമുട്ടുകൾ മൂലം ഉള്ളന്നൂരിൽ പള്ളി സ്ഥാപിക്കുവാൻ അനുവാദം വാങ്ങുന്നതിന് ഉള്ളന്നൂർ, ഞെട്ടൂർ എന്നീ കരകളിൽ താമസിച്ചിരുന്ന വീട്ടുകാർ അന്നത്തെ സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചു.

സ്ഥലം വാങ്ങൽ

കൊല്ലവർഷം 1074 കന്നിമാസം 6-ാം തീയതി (1898 സെപ്റ്റംബർ 21 ബുധനാഴ്ച) അറുപതിൽപരം വീട്ടുകാർ ഉൾപ്പെട്ടിരുന്ന 9 കുടുംബത്തലവന്മാരായ സർവ്വശ്രീ വെങ്ങാട്ടൂർ മാത്തുണ്ണി മാത്തുണ്ണി, കളീക്കൽ പടിഞ്ഞാറ്റതിൽ വറുഗീസ് മാത്തൻ, ഇലഞ്ഞിലേത്ത് ഈശോ മാത്തുണ്ണി, പുലയിരേത്ത് കോശി കുഞ്ഞുമ്മൻ, ചെറുക്കരോട്ട് ഇടിക്കുള ചാണ്ടി, ആലയ്ക്കാട്ട് വടക്കേതിൽ ഇടിക്കുള വറുഗീസ്, കൊട്ടയ്ക്കാട്ട് കിഴക്കേതിൽ ചാക്കോ വറുഗീസ്, പടിഞ്ഞാറ്റിടത്ത് മാത്തുണ്ണി കോരള,

പ്ലാവിളയിൽ കുഞ്ഞുമ്മൻ കൊച്ച് എന്നിവരുടെ പേർക്ക് ഉള്ളന്നൂർ മുറിയിൽ കൊട്ടയ്ക്കാട്ട് കോരള മാത്തുണ്ണി, ടിയിൽ കോരള വറുഗീസ്, കോരള തോമസ് എന്നിവരിൽ നിന്നാണ് സ്ഥലം വാങ്ങിയത്. 60 വീട്ടുകാർ ഒരുപോലെ വീതിച്ചെടുത്ത 120 രാശിപ്പണം രൊക്കം കൊടുത്താണ് വിലയാധാരം വാങ്ങിയത്.

വ്യവസ്ഥ

നിലവിലുള്ള വീട്ടുകാരുടെയും മേലിൽ ഉണ്ടാകുന്ന ഉപകുടുംബങ്ങളുടെയും മറ്റ് ഈ ഇടവകയിൽ ചേരുന്നവരുടെയും ആവശ്യത്തിലേക്കായി മുൻ ഭവനക്കാർ ഒരുപോലെ മുതൽ ചെലവ് ചെയ്ത് പള്ളി സ്ഥാപിക്കണമെന്നും സത്യവിശ്വാസത്തിൽ നിന്നു തെറ്റിപ്പോകുന്നവർക്ക് ഈ പള്ളിയിൽ യാതൊരു അവകാശവുമില്ലെന്നും തീർച്ചപ്പെടുത്തി.

ശിലാസ്ഥാപനം

ദൈവാലയം 1074 മകരം 15ന് (1899 ജനുവരി 27 വെള്ളിയാഴ്ച) വിശുദ്ധ കന്യകമറിയാമിന്റെ നാമത്തിൽ സ്ഥാപിച്ച് ശിലാസ്ഥാപനം നിർവ്വഹിച്ചത് പരിശുദ്ധനായ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയായിരുന്നു. അടിസ്ഥാന ശിലാസ്ഥാപനത്തിന് എത്തിച്ചേർന്ന തിരുമേനിയെ നാനാജാതി മതസ്ഥർ രാജോചിതമായി സ്വീകരിച്ച് പല്ലക്കിലേറ്റിയാണ് കൊണ്ടുവന്നത്. പന്തളത്തു നിന്നു വടക്കോട്ട് തിരിച്ച ഘോഷയാത്രയിൽ വിവിധ വാദ്യോപകരണങ്ങളുതിർത്തു സംഗീതത്തിലാറാടി വലിയ ഒരു ജനക്കൂട്ടം സംബന്ധിച്ചിരുന്നു. ആ ചരിത്രസംഭവത്തിന് സാക്ഷികളാകുവാൻ ഭാഗ്യം ലഭിച്ചവർ പ്രസ്തുത സംഭവം തങ്ങളുടെ അനന്തര തലമുറയോട് പറഞ്ഞ് ബോധ്യപ്പെടുത്തിയിട്ടുണ്ട്. ദേവാലയത്തിന്റെ അടിസ്ഥാന ശില സ്ഥാപിച്ച് ഒന്നേകാൽ നൂറ്റാണ്ട് മുമ്പ് പരിശുദ്ധ പിതാവ് ചൊരിഞ്ഞ അനുഗ്രഹങ്ങൾ ഇന്നും ഈ ദേവാലയത്തിനും പ്രദേശത്തിനും ലഭിച്ചുകൊണ്ടിരിക്കുന്നു.

ദേവാലയ നിർമ്മാണം

കൃഷീവലന്മാരെങ്കിലും ആത്മീയചൈതന്യം നിറഞ്ഞു നിന്നിരുന്ന അറുപതിൽപ്പരം വീട്ടുകാർ അത്യുത്സാഹത്തോടുകൂടി ദൈവത്തിന്റെ ആലയനിർമ്മാണത്തിലേക്ക് കടന്നു. തങ്ങൾ നിർമ്മിക്കുന്ന ആലയം ഏറ്റവും മനോഹരവും കുറ്റമറ്റതും ആയിരിക്കണം എന്ന ലക്ഷ്യത്തോടെ കഴിവുകൾക്കപ്പുറമായ രീതിയിൽ പ്രാരംഭപണികൾ തുടങ്ങി. ഉള്ളന്നൂർ ദേവീക്ഷേത്രത്തിന് സമീപത്തുനിന്നും കടുകട്ടിയായ കല്ലുകൾ വെട്ടി ഇടവകയിലെ പുരുഷന്മാരോടൊപ്പം സ്ത്രീകളും തലച്ചുമടായി മുഴുവൻ കല്ലുകളും പള്ളിപ്പറമ്പിൽ എത്തിച്ചു. ശില്പകലാവിദഗ്ദ്ധരെ ദൂരെ നാടുകളിൽ നിന്നും വരുത്തി. കൽക്കെട്ടിന്റെ ബലത്തിനായി വരാൽമത്സ്യങ്ങളെ ധാരാളമായി കൊണ്ടുവന്നു വള്ളങ്ങളിലിട്ട് 'വരാൽപ്പശ' ശേഖരിച്ചാണ് കുമ്മായം കൂട്ടിയത്. അന്നത്തെ കല്പണിക്കാർ വെട്ടുകല്ലിൽ ചെയ്തിരുന്ന അനേകം ചിത്രപ്പണികൾ വെള്ളത്തേച്ച് ശരിപ്പെടുത്തുവാൻ നേരിട്ട ബുദ്ധിമുട്ടുകൾ മൂലം പിന്നീട് വെട്ടിക്കളയുകയുണ്ടായി. വളരെയേറെ ഉറപ്പുള്ള അടിസ്ഥാനത്തിൽ പണി തുടങ്ങിയ ദേവാലയത്തിന്റെ ഭിത്തി പൂർത്തിയാക്കാനുള്ള സാമ്പത്തിക വൈഷമ്യത്താൽ മുളങ്കഴുക്കോൽ കൊണ്ടുള്ള താത്കാലിക മേൽക്കൂര പണിതീർത്ത് ആരാധന തുടങ്ങി.

1074 (എ.ഡി. 1898) മുതൽ 1085 (എ.ഡി. 1909) വരെ 11 വർഷം ദേവാലയഭരണം നടത്തിയിരുന്നത് ദിവ്യശ്രീമാന്മാരായിരുന്ന പമ്പൂരേത്ത് ചാണ്ടപ്പിള്ള കത്തനാർ, കിളന്നമണ്ണിൽ ഗീവറുഗീസ് കത്തനാർ എന്നിവരായിരുന്നു.

കക്ഷിവഴക്ക്

മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ ആത്മബലത്തെയും അഭിമാനത്തെയും ശിഥിലീകരിച്ച കക്ഷിവഴക്ക് ഈ ദേവാലയത്തെയും ബാധിച്ചു. 1085ൽ (1909) ആരംഭിച്ച ഈ വഴക്കിന്റെ ബീഭത്സത ഇവിടെയും കടന്നുവന്നു. തൽഫലമായി 1094 (1918) മുതൽ 1107 (1931) വരെയുള്ള 13 വർഷം ജനങ്ങളോടൊപ്പം തന്നെ ദേവാലയവും ജീർണ്ണാവസ്ഥയിൽ പെട്ടുപോയി. ഈ കാലഘട്ടം ഇടവകയുടെയും ഇരുൾനിറഞ്ഞ കാലമായിരുന്നു. വൈരാഗ്യം ഇടവകയുടെ ആത്മീയജീവനെ കെടുത്തിക്കളഞ്ഞു. കേസുകൾ നടന്നു. ആരാധനകൾ മുടങ്ങി. ദേവാലയ കവാടങ്ങൾ അടയ്ക്കപ്പെട്ടു. ദൈവിക സംസർഗത്തിൽ നിന്നും സഭാമക്കൾ വേർപെടപ്പെട്ടു. തുടർന്നു താത്ക്കാലികമായി നിർമ്മിച്ചിരുന്ന മേൽക്കൂര നിലംപതിച്ചു. കാലത്തിന്റെ പോക്കിൽപ്പെട്ടു പരിശുദ്ധ ദേവാലയത്തിൽ മുള്ളും പറക്കാരയും തലപൊക്കി. ''എന്റെ ആലയം പ്രാർത്ഥനാലയം എന്നെഴുതപ്പെട്ടിരിക്കുന്നു. നിങ്ങളോ, അതിനെ ദുഷ്ടജന്തുക്കളുടെ ആവാസ കേന്ദ്രമാക്കിത്തീർത്തിരിക്കുന്നു'' എന്ന ചൊല്ല് ഏവരുടെയും കാതുകളിൽ മുഴങ്ങിത്തുടങ്ങി.

ഒരു നേർച്ച

വിശുദ്ധ ദൈവമാതാവിന്റെ പാവനനാമത്തിലുള്ള ദേവാലയത്തിന്റെ ശോച്യാവസ്ഥയിൽ മനംനൊന്തിരുന്ന അനേകർ അന്ന് ഇടവകയിൽ ഉണ്ടായിരുന്നു. ഉളനാട് സെന്റ് ജോൺസ് പള്ളിയിൽ സേവനമനുഷ്ഠിച്ചുവരികയായിരുന്ന ഈ ഇടവകാംഗമായ ബഹുമാനപ്പെട്ട കോമട്ട് യാക്കോബ് കത്തനാർ, ഒരു ഞായറാഴ്ച വിശുദ്ധ കുർബാന അനുഷ്ഠിക്കാൻ പോകവേ, കിഴക്കെ റോഡിൽ വച്ച് അനാഥമായി കിടക്കുന്ന പള്ളിയെ നോക്കി ഉള്ളുരുകി അപേക്ഷിച്ചു. ദേവാലയത്തിന്റെ ശോച്യാവസ്ഥ മാറിക്കിട്ടാൻ വേണ്ടി 41 കുർബ്ബാന ചൊല്ലാമെന്ന് നേർന്നു.

''നീതിമാന്മാരുടെ നിലവിളി യഹോവ കേട്ടു. അവരുടെ യാചനകൾക്കു മറഞ്ഞിരുന്നതുമില്ല'' എന്നു സങ്കീർത്തനക്കാരൻ പാടിയതു പോലെ ആ വന്ദ്യ വൈദികന്റെ പ്രാർത്ഥനയ്ക്കു ഫലമുണ്ടായി. ദേവാലയ പുനരുദ്ധാരണ പ്രവൃത്തികൾ വൈകാതെ ആരംഭിച്ചു. നേർച്ച കുർബ്ബാനകൾ ബഹുമാനപ്പെട്ട അച്ചൻ അനുഷ്ഠിക്കുകയും ചെയ്തു.

ഇടവകയുടെ നവോത്ഥാനം

ദൈവകൃപയാൽ 1107 തുലാമാസം (1931 ഒക്ടോബർ) മുതൽ ഇവിടത്തെ കക്ഷിമത്സരത്തിന് ഒരറുതി വന്നു. 1107 തുലാമാസത്തിൽ (1931 ഒക്ടോബർ) ഇലഞ്ഞിലേത്ത് കിഴക്കേതിൽ ഈശോ മാത്തുണ്ണിയുടെ ശവസംസ്കാരത്തിന് വന്നുചേർന്ന നി.വ.ദി. ശ്രീ പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പൊലീത്തയുടെ നിർദ്ദേശപ്രകാരം പള്ളിയുടെ തെക്കുവശത്ത് ഒരു ഷെഡ് കെട്ടി അതിൽ മാസത്തിൽ രണ്ടു തവണ വീതം കോമട്ട് യാക്കോബ് കത്തനാർ വികാരിയായി ആരാധനകൾ നടത്താൻ തുടങ്ങി. അന്ന് 16 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന ചേരാമ്പള്ളിൽ സി.കെ. വറുഗീസായിരുന്നു ശുശ്രൂഷകനായി സേവനമനുഷ്ഠിച്ചത്. 1109 ഇടവം (1934 ജൂൺ) വരെ ബഹുമാനപ്പെട്ട അച്ചൻ തന്നെ ട്രസ്റ്റിയുടെയും ചുമതലകൾ വഹിച്ചു പോന്നു.

ഒന്നാമത്തെ ഭരണസമിതി

ഇടവകയുടെ നിയമാനുസൃതമായ ഭരണസമിതിയുടെ ആവിർഭാവം 1109 ഇടവം 28-ാം തീയതി ഞായറാഴ്ച (1934 ജൂൺ 10) വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം നടത്തപ്പെട്ട പൊതുയോഗത്തോടുകൂടി ആയിരുന്നു. ആകെ ആറ് പ്രാർത്ഥനാ യോഗങ്ങൾ രൂപീകരിക്കുകയും ഓരോന്നിൽ നിന്നും രണ്ടു പേരെ വീതം തിരഞ്ഞെടുത്തു വികാരി ഉൾപ്പെടെ 13 പേരുള്ള പ്രഥമ ഇടവക കമ്മിറ്റി രൂപം കൊള്ളുകയും ചെയ്തു.

പ്രഥമ കമ്മിറ്റി അംഗങ്ങൾ

1 തെക്കേക്കര വായന

1. പാറയിരിക്കുന്ന പടിഞ്ഞാറ്റതിൽ ശ്രീ കുഞ്ഞുമ്മൻ
2. ചാമക്കണ്ടത്തിൽ ശ്രീ ഗീവറുഗീസ് ചെറിയാൻ

2 ഉള്ളന്നൂർ കിഴക്കെ വായന

1. പൂവണ്ണുംതടത്തിൽ കിഴക്കേതിൽ ശ്രീ മാത്തുണ്ണി തോമസ്
2. മൂശാരിയേത്ത് ശ്രീ കുരുവിള കുരുവിള

3 ഉള്ളന്നൂർ പടിഞ്ഞാറെ വായന

1. ചിറവരമ്പിൽ ശ്രീ വറുഗീസ് മത്തായി
2. തെങ്ങേതിൽ കിഴക്കേതിൽ ശ്രീ ഗീവറുഗീസ് തോമസ്

4 ഉള്ളന്നൂർ വടക്കെ വായന

1. ചീവത്തിക്കുന്നിൽ തെക്കേതിൽ ശ്രീ മാത്തുണ്ണി മാമ്മൻ
2. പുലയിരേത്തു വടക്കേച്ചെരുവിൽ ശ്രീ ഇട്ടിച്ചെറിയ പീലിപ്പോസ്

5 ഉള്ളന്നൂർ മലയിൽ കിഴക്കെ വായന

1. പുത്തൻവീട്ടിൽ കിഴക്കേതിൽ ശ്രീ മാത്തുണ്ണി മാത്തുണ്ണി
2. ഇടയിലേവീട്ടിൽ ശ്രീ വറുഗീസ് മാത്തുണ്ണി

6 മലയിൽ പടിഞ്ഞാറെ വായന

1. പുത്തൻപറമ്പിൽ ശ്രീ മാത്തുണ്ണി കോശി
2. ചരുവുകാലായിൽ ശ്രീ മാത്തുണ്ണി മത്തായി

ട്രസ്റ്റിയായി ചിറവരമ്പിൽ ശ്രീ വറുഗീസ് മത്തായിയും കണക്കനായി പൂവണ്ണുംതടത്തിൽ കിഴക്കേതിൽ ശ്രീ മാത്തുണ്ണി തോമസും തിരഞ്ഞെടുക്കപ്പെട്ടു.

പള്ളിക്കേസ് വിധിയെത്തുടർന്ന് 1111 കുംഭം 11-ാം തീയതി (1935 ഫെബ്രുവരി 23 ഞായറാഴ്ച) പമ്പൂരേത്ത് ചാണ്ടപ്പിള്ള കത്തനാരിൽ നിന്നു തേക്കുതടിയും 150/- രൂപയും രസീതിൻപടി വാങ്ങിയ ശേഷം പള്ളിയുടെ ഹൈക്കലയുടെ പണി ആരംഭിച്ചു. ആ വർഷം തന്നെ പണി പൂർത്തിയാക്കി. തുടർന്ന് മദ്ബഹായിൽ താത്ക്കാലിക ക്രമീകരണം ചെയ്ത് വിശുദ്ധ കുർബ്ബാന നടത്തി. 1118 മകരം 11-ാം തീയതിയിലെ (1943 ജനുവരി 11 ഞായറാഴ്ച) പൊതുയോഗ തീരുമാനപ്രകാരം മദ്ബഹ പണി ആരംഭിച്ചു. ഇടവക ജനങ്ങൾ അതീവ് താത്പര്യത്തോടുകൂടി പള്ളിപണിയിൽ വ്യാപൃതരായി. അച്ചൻകോവിലാറ്റിൽ ഇടക്കടവ് എന്ന സ്ഥലത്തു നിന്നു മണൽച്ചുമടുകളും പേറിക്കൊണ്ട് ആബാലവൃദ്ധം ജനങ്ങളും പൊതുനിരത്തിൽക്കൂടി നിരനിരയായി നടന്നു വന്നത് ഇന്നും ഓർക്കുന്നവരുണ്ട്. അപ്രകാരം ഓരോരുത്തരും തങ്ങളുടെ ദേവാലയത്തോടുള്ള 'എരിവ്' പ്രകടമാക്കി. നിരന്തര പ്രയത്നത്തിന്റെ ഫലമായി മദ്ബഹ പണിയും വളരെവേഗം പൂർത്തിയായി. ഇപ്പോൾ 90 വയസ്സിനു മേൽ പ്രായമുള്ള ഇടവകാംഗങ്ങൾ എല്ലാവരും ഈ ശ്രമദാനത്തിൽ പങ്കാളികളാണ്. 1119 മീനം 26ന് (1944 ഏപ്രിൽ 8 ശനിയാഴ്ച) നിവദിശ്രീ പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പൊലീത്ത ദേവാലയത്തിന്റെ കൂദാശ നിർവ്വഹിച്ചു. ദേവാലയനിർമ്മാണ പ്രവർത്തനങ്ങളിൽ ഇടവകാംഗങ്ങളായിരുന്ന 'ഭജേ ഭാരതം' പത്രാധിപരും പ്രമുഖ സാഹിത്യകാരനുമായിരുന്ന ഇലഞ്ഞിലേത്ത് കിഴക്കേതിൽ ശ്രീ എം. മാത്തുണ്ണി, മൂശാരിയേത്ത് ശ്രീ എം.കെ. വറുഗീസ് ബി.എ.എൽ.ടി., വാഴുവേലിത്തുണ്ടത്തിൽ ശ്രീ വി.സി. ജേക്കബ് ബി.എ.എൽ.ടി എന്നിവരുടെ ത്യാഗപൂർണ്ണമായ സേവനവും പീസ്കോട്ടേജിൽ ശ്രീ കെ.ഇ. വർഗീ

സിന്റെ മേൽനോട്ടവും അവിസ്മരണീയമാണ്. 1119 കർക്കടകം 22-ാം തീയതി (1944 ഓഗസ്റ്റ് 6 ഞായറാഴ്ച) നടന്ന പൊതുയോഗ തീരുമാനപ്രകാരം എല്ലാ ഞായറാഴ്ചകളിലും ദേവാലയത്തിൽ വിശുദ്ധ കുർബ്ബാന നടത്തണമെന്ന് നിശ്ചയിച്ചു.

സ്വന്തം ഇടവകയിലെ വികാരി

''അവൻ അവരുടെ ഉപദേഷ്ടാക്കന്മാരെപ്പോലെയല്ല, അധികാരമുള്ളവനായിട്ടത്രേ പ്രവർത്തിച്ചത്'' എന്നു നാം വായിക്കുന്നതു പോലെ ബഹുമാനപ്പെട്ട യാക്കോബ് കത്തനാർ സകലവിധ അധികാരത്തോടും കൂടെ ആയിരുന്നു ഭരണം നടത്തിയിരുന്നത്. ആചാരാനുഷ്ഠാനങ്ങൾ അണുവിട തെറ്റിക്കാതെ വിശുദ്ധ കർമ്മങ്ങൾ നടത്തുന്നതിൽ ബഹുമാനപ്പെട്ട അച്ചൻ ജാഗരൂകനായിരുന്നു. ശരിയെന്ന് ബോധ്യം വരുന്ന ഏതു കാര്യവും തന്റേടത്തോടു കൂടെ ചെയ്യാനുള്ള അച്ചന്റെ കഴിവ് ഒന്ന് പ്രത്യേകമായിരുന്നു. ഉച്ചനീചത്വങ്ങൾ കണക്കിലെടുക്കാതെയുള്ള അച്ചന്റെ സുധീരമായ നടപടികൾ ഇടവകയ്ക്ക് വളരെ പ്രചോദനം നൽകിയിട്ടുണ്ട്. ഇടവക ജനങ്ങളെ സ്വന്തം സഹോദരങ്ങളായി അദ്ദേഹം പരിഗണിച്ചു.

ദേവാലയപുനരുദ്ധാരണത്തിനും മറ്റുമായി അശ്രാന്ത പരിശ്രമം ചെയ്ത അച്ചൻ വാർദ്ധക്യത്തിലേക്ക് കാലൂന്നിയത് ഏറ്റവും പരിക്ഷീണനായിട്ടായിരുന്നു. അതുമൂലം ദിവ്യശുശ്രൂഷകളിൽ സഹായിക്കാനായി 1951ൽ ഇടവക മെത്രാപ്പൊലീത്ത തിരുമനസ്സു കൊണ്ട് മെഴുവേലി കടവത്രയിൽ റവ. ഫാ. കെ.ജി. ജോർജ് അവർകളെ നിയമിച്ചു. ബഹുമാനപ്പെട്ട കോമട്ട് യാക്കോബ് കത്തനാർ 1952 മാർച്ച് 12-ാം തീയതി ദിവംഗതനായി. 1951 മാർച്ച് 17-ാം തീയതി മുതൽ സമുദായക്കേസിന്റെ പേരിൽ ഇടവകാംഗങ്ങൾ രണ്ട് ചേരികളിലായി നിന്ന് വളരെ വീറോടു കൂടി വ്യവഹാരം നടത്താൻ തുടങ്ങി.

കേസിന്റെ കരാളഹസ്തങ്ങളിൽപ്പെട്ട് ഇടവക ഏഴിൽപ്പരം വർഷങ്ങൾ യാതനകൾ അനുഭവിച്ചു. പ്രസ്തുത വ്യവഹാരസംരംഭങ്ങൾക്കായി ദേവാലയത്തിന്റെ സാമ്പത്തിക കഴിവിന്റെ പരമാവധി വിനിയോഗിക്കേണ്ടിവന്നു. ഒടുവിൽ സഭാസമാധാനത്തോടു കൂടി 1958ൽ ഇവിടെയും ഭിന്നതകൾ അവസാനിക്കുകയും ഭിന്നിച്ചു നിന്ന ഇടവകാംഗങ്ങൾ പൂർവ്വാധികം ഐകമത്യത്തോടു കൂടി ദേവാലയ പുരോഗതിക്കു വേണ്ടി പരിശ്രമിക്കുകയും ചെയ്തു. അത്യന്തം വാശിയോടും വൈരാഗ്യത്തോടും കൂടി നടത്തിയ വ്യവഹാര കാര്യങ്ങളിൽ അക്ഷോഭ്യനായും അചഞ്ചലനായും ഈ ഇടവക നൗകയെ നയിച്ച് കോട്ടംകൂടാതെ ലക്ഷ്യസ്ഥാനത്ത് എത്തിച്ച റവ. ഫാ. കെ.ജി. ജോർജ് അവർകളുടെ സേവനം കൃതജ്ഞതാപുരസ്സരം സ്മരിക്കുന്നു.

അറുപതിൽപ്പരം വർഷങ്ങളായി 'വെള്ളതേക്കാതെ' പോലും കിടന്ന ദേവാലയത്തിന്റെ അകവും പുറവും വെള്ള തേക്കുന്ന പണികൾ ആരംഭിക്കുകയും 1962ൽ പണികൾ പൂർത്തിയാക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ ഇടവകയെ ഒരു വ്യാഴവട്ടക്കാലത്തോളം ആത്മാർത്ഥമായി സേവിച്ച് നയിച്ചുവന്ന വികാരി റവ. ഫാ. കെ.ജി. ജോർജ് സ്വന്തം ഇടവകയിൽ വികാരിയായി നിയമിതനായി. പകരം മെഴുവേലി തെക്കെമുത്തേരിൽ റവ. ഫാ. ടി.സി. ജോൺ അവർകളെ 1962 ഓഗസ്റ്റ് മുതൽ വികാരിയായി നിയമിച്ചു.

പുതിയ വികാരിയുടെ നേതൃത്വത്തിൽ ഇടവകയ്ക്ക് പിന്നീടുണ്ടായ നേട്ടങ്ങൾ സീമാതീതമായിരുന്നു. 1968ൽ ദേവാലയം വൈദ്യുതീകരിച്ചതുൾപ്പെടെ അനവധി വികസനപ്രവർത്തനങ്ങൾക്ക്, കാൽ നൂറ്റാണ്ടോളം ഇടവകയെ നയിച്ച് കോറെപ്പിസ്കോപ്പ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ബഹുമാനപ്പെട്ട ജോണച്ചൻ നേതൃത്വം നൽകി. 1974ലെ പ്ലാറ്റിനം ജൂബിലി ആഘോഷവും സുവനീർ പ്രസിദ്ധീകരണവും ജൂബിലി സ്മാരക ഹാൾ, പാരിഷ്ഹാൾ, അഞ്ച് കുരിശിൻ സൗധങ്ങൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ കാലം ഇടവക വികാരിയായി സേവനമനുഷ്ഠിക്കാൻ ദൈവകൃപ ലഭിച്ച ബഹുമാനപ്പെട്ട ടി.സി. ജോൺ കോറെപ്പിസ്കോപ്പ ഭംഗിയായി നിറവേറ്റി.

പ്ലാറ്റിനം ജൂബിലി

ദേവാലയം സ്ഥാപിച്ചിട്ട് 75 വർഷം തികഞ്ഞപ്പോൾ (1974 ജനുവരി) ഒരാഴ്ചയോളം നീണ്ടുനിന്ന വിവിധ പരിപാടികളോടു കൂടിയാണ് പ്ലാറ്റിനം ജൂബിലി ആഘോഷിച്ചത്. ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സുവനീർ പിതാക്കന്മാരിൽ നിന്ന് അനന്തര തലമുറയ്ക്ക് ലഭിച്ച വിലപ്പെട്ട ഒരു ചരിത്രം തന്നെയാണെന്നു പറയുന്നതിൽ തെറ്റില്ല. പുരാതന ചരിത്രരേഖകളും പ്രായമായവരിൽ നിന്നു ലഭിച്ച അറിവുകളും കോർത്തിണക്കിയ ദേവാലയത്തിന്റെ സംക്ഷിപ്ത ചരിത്രവും ഈടുറ്റ ലേഖനങ്ങളും ഉൾക്കൊള്ളിച്ച് കാൽ നൂറ്റാണ്ടു മുമ്പ് പ്രസിദ്ധീകരിച്ച ഈ സ്മാരകോപഹാരം ഇന്നും ഇടവകയിലെ മിക്ക ഭവനങ്ങളിലും ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു.

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്കും സുവനീർ പ്രസിദ്ധീകരണത്തിനും ബഹുമാനപ്പെട്ട ടി.സി. ജോണച്ചന്റെ നേതൃത്വത്തിൽ പ്രവർത്തിച്ച കമ്മിറ്റിയിൽ റവ. ഫാ. എൻ.സി. ഇടിക്കുള, സർവ്വശ്രീ വി.സി. വർഗീസ്, പി.സി. ജോർജ്, പി.ടി. സാമുവേൽ, ഉമ്മൻ ഈശോ, എം.വി. ജേക്കബ്, ടി.ജെ. ഡാനിയേൽ, പി.എം. അലക്സാണ്ടർ, വി.എം. തോമസ്, പി.കെ. കോശി, തോമസ് വർഗീസ് എന്നിവർ അംഗങ്ങളായിരുന്നു.

പ്ലാറ്റിനം ജൂബിലി സ്മാരകമായി ഒരു ഹാൾ പണി

യുന്നതിനെക്കുറിച്ച് 20.07.1975ൽ കൂടിയ അർദ്ധ വാർഷിക പൊതുയോഗം തീരുമാനിച്ച് അതിനായുള്ള പ്രാരംഭ ചർച്ചകളാരംഭിച്ചു. തുടർന്ന് പള്ളിയുടെ പ ടിഞ്ഞാറു വശത്ത് ഹാൾ പണിയുന്നതിന് തീരുമാ നിക്കുകയും ഇടവകാംഗങ്ങളുടെ നിർലോപമായ സംഭാവനകൾ കൊണ്ട് പണിതീർക്കുന്നതിനും സാധിച്ചു. പണികൾക്ക് ആത്മാർത്ഥമായി നേതൃത്വം നൽകുന്നതിനിടെ ഹൃദയാഘാതം മൂലം അകാ ലചരമം പ്രാപിച്ച അന്നത്തെ ട്രസ്റ്റി ശ്രീ പി.സി. ജോർജിന്റെ വേർപാട് ഇടവകയ്ക്ക് തീരാനഷ്ടം തന്നെയായിരുന്നു.

കുരിശിൻ സൗധങ്ങൾ

സെയ്ന്റ് ജോർജ് കുരിശിൻസൗധം

മലയിൽ, വട്ടയം എന്ന പ്രദേശത്ത് റോഡിനോട് ചേർന്ന് പള്ളിവക സ്ഥലത്ത് 1948ൽ പത്തനാപുരം താബോർ ദയറയിലെ നിവദി ശ്രീ തോമ്മാ മാർ ദിവ ന്നാസ്യോസ് തിരുമേനി ഒരു തടിക്കുരിശ് സ്ഥാപി ച്ചിരുന്നു. അവിടെ മനോഹരമായ ഒരു കുരിശിൻ സൗധം വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ പണികഴിപ്പിക്കുന്നതിന് ഇടവകയ്ക്ക് സാധിച്ചു.

കുരിശിൻസൗധത്തിന്റെ കൂദാശാകർമ്മം 08.05.1978ൽ പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവ നിർവ്വഹി ച്ചു. കൂദാശ കർമ്മത്തിന് എത്തിച്ചേർന്ന പരിശുദ്ധ ബാവയെ കുളനട ടി.ബി. ജംക്ഷനിൽ ഗംഭീര സ്വീകരണം നൽകി വട്ടയം ചാപ്പലിലേക്ക് ആനയി ക്കുകയുണ്ടായി. പൈവഴി ജംക്ഷനിൽ ഉള്ളന്നൂർ എൻഎസ്എസ് കരയോഗം വക സ്വീകരണവും പരിശുദ്ധ ബാവയ്ക്ക് നൽകി. 03.08.1995ൽ വട്ടയം ചാപ്പൽ, സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനി ചെറിയപള്ളിയായതോടെ ഈ കുരിശിൻസൗധം സെന്റ് ജോർജ് ഇടവകയുടെ ഭാഗമായിത്തീർന്നു.

സെയ്ന്റ് ഗ്രിഗോറിയോസ് കുരിശിൻ സൗധം

കുളനട ആറന്മുള റോഡിൽ പുന്നക്കുളഞ്ഞി എന്ന സ്ഥലത്ത് കരപ്പനശേരിൽ ശ്രീ സാമുവേൽ നൽകിയ ഒരു സെന്റ് സ്ഥലത്ത് പള്ളിച്ചെലവിൽ 02.11.1978ൽ ഒരു കുരിശ് സ്ഥാപിച്ച് പ്രാർത്ഥന നടത്തിയിരു ന്നു. തുടർന്ന് പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ ഭംഗിയായി പണിതുയർത്തിയ കുരി ശിൻസൗധത്തിന്റെ കൂദാശാകർമ്മം 02.11.1979ൽ തിരുവനന്തപുരം ഭദ്രാസന മെത്രാപ്പൊലീത്ത നിവദി ശ്രീ ഗീവർഗീസ് മാർ ദിയസ്കോറസ് മെത്രാപ്പൊ ലീത്ത നിർവ്വഹിക്കുകയുണ്ടായി. എല്ലാ വർഷവും നവംബർ ആദ്യ ഞായറാഴ്ച ഇവിടെ പെരുന്നാളും ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും 1987 മുതൽ എല്ലാ വർഷവും മാർച്ചിൽ മൂന്നുദിവസം നീണ്ടു നിൽക്കുന്ന കൺവൻഷനും നടത്തിവരുന്നു.

പൊതുയോഗ തീരുമാന പ്രകാരം പുനർനിർമ്മിച്ച കുരിശിൻ സൗധത്തിന്റെ ശിലാസ്ഥാപനം 08.11.2009 ഞായറാഴ്ച ഇടവക വികാരി വന്ദ്യ എം.കെ. ഇമ്മാ നുവേൽ അച്ചൻ നിർവ്വഹിച്ചു. 27.01.2010ൽ പള്ളിപ്പെ രുന്നാളിനോടനുബന്ധിച്ച് അഭിവന്ദ്യ ഡോ. യൂഹാ നോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പൊലീത്ത കൂദാശ നടത്തി. നിർമ്മാണ കമ്മിറ്റി കൺവീനറായി ശ്രീ ടി.ജെ. ഡാനിയേലും ജോയിന്റ് കൺവീനറായി ശ്രീ ജോസ് കെ. തോമസും സെക്രട്ടറിയായി ശ്രീ ടി.ഒ. ബേബിയും സേവനമനുഷ്ഠിച്ചു. ഡോ. ബിജു സി. തോമസ് (പ്രൈം ബിൽഡേഴ്സ്, ചെങ്ങന്നൂർ) ആയിരുന്നു ആർക്കിടെക്ട്.

സെയ്ന്റ് മേരീസ് കുരിശിൻസൗധം

ഇടവകപ്പള്ളിയുടെ സമീപത്തുള്ള റോഡരികിൽ, പള്ളിവക സ്ഥലത്ത് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെ തിരുനാമത്തിൽ പള്ളിച്ചെല വിൽ സ്ഥാപിച്ചിരിക്കുന്ന കുരിശിൻസൗധത്തിന്റെ കൂദാശാകർമ്മം 1980ൽ ഇടവക വികാരി ബഹുമാ നപ്പെട്ട ടി.സി. ജോണച്ചൻ നിർവ്വഹിച്ചു. ഈ പ്ര ദേശത്തുള്ള നാനാജാതിമതസ്ഥർ ഈ കുരിശടി യിൽ മെഴുകുതിരി കത്തിച്ച് നിത്യവും പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിച്ചു പോരുന്നു. കുരിശിൻ സൗധ ത്തിന് കാലപ്പഴക്കത്താൽ കേടുപാടുകൾ സംഭവിച്ച തിനാൽ പൊതുയോഗ തീരുമാനപ്രകാരം പുതിയ കൽക്കുരിശ് സ്ഥാപിക്കുകയുണ്ടായി. 19.01.2014ൽ ഇടുക്കി ഭദ്രാസന മെത്രാപ്പൊലീത്ത അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസിയോസിന്റെ മുഖ്യ കാർമ്മികത്വത്തിലും വികാരി വന്ദ്യ ഗീവർഗീസ് കോശി കത്തനാരുടെയും മുൻ വികാരിമാരുടെയും ഇടവക പട്ടക്കാരുടെയും സഹകാർമ്മികത്വത്തിലും കൽക്കുരിശിന്റെ കൂദാശ നടത്തി. കൺവീനറായി ശ്രീ ഉമ്മൻ വർഗീസും ജോയിന്റ് കൺവീനറായി ശ്രീ ജോസ് കെ. തോമസും പ്രവർത്തിച്ചു.

സെയ്ന്റ് തോമസ് കുരിശിൻ സൗധം

മാന്തുക-പൈവഴി റോഡിൽ ചിറവരമ്പിൽ ശ്രീ വർഗീസ് മത്തായി സ്വന്തം ചെലവിൽ ഒരു സെന്റ് സ്ഥലത്ത് ഒരു കുരിശിൻ സൗധം നിർമ്മിച്ച് പള്ളിക്ക് നൽകുകയുണ്ടായി. വിശുദ്ധ മാർത്തോമ്മാ ശ്ലീഹാ യുടെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ള ഈ കുരിശടി യുടെ കൂദാശാ കർമ്മം നിവദി ശ്രീ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പൊലീത്ത 06.08.1983ൽ നിർവ്വഹിച്ചു. എല്ലാ വർഷവും ഡിസംബർ 20, 21ന് ഇവിടെ പെരുന്നാൾ കൊണ്ടാടി വരുന്നു. ഇതോട നുബന്ധിച്ച് ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും നടത്താറുണ്ട്.

വലിയ മാർ ബസേലിയോസ് കുരിശിൻ സൗധം

പടിഞ്ഞാറ്റിടത്തു മലയിൽ ശ്രീ പി.കെ. മാത്യു നൽകിയ ഒരു സെന്റ് സ്ഥലത്ത് വലിയ മാർ ബസേ

ലിയോസിന്റെ നാമത്തിൽ 30.10.1983ൽ ഒരു തടി ക്കുരിശ് സ്ഥാപിച്ച് പ്രാർത്ഥന നടത്തി വന്നിരുന്നു. പിന്നീട് ഒരു കുരിശിൻ സൗധം നിർമ്മിക്കുകയും 07.01.1996ൽ ഇടവക വികാരി ബഹുമാനപ്പെട്ട മാത്യു തോമസച്ചൻ കൂദാശ നിർവ്വഹിക്കുകയും ചെയ്തു. ജനുവരി ആദ്യ ഞായറാഴ്ചയാണ് ഇവിടെ പെരുന്നാൾ കൊണ്ടാടുന്നത്. മേൽ പ്രസ്താവിച്ച ഇടവകയുടെ എല്ലാ കുരിശിൻസൗധങ്ങളിലും ആണ്ടുതോറും മുടങ്ങാതെ ധൂപപ്രാർത്ഥനയും പെരുന്നാളും നടത്തി വരുന്നുണ്ട്.

പള്ളിവക സെമിത്തേരിക്ക് സ്ഥലം പോരാതെ വന്നതിനാൽ സെമിത്തേരിയുടെ വടക്ക് മൂന്ന് സെന്റ് സ്ഥലം 21.07.1980ലും കിഴക്ക് 36 സെന്റ് സ്ഥലം 06.12.1989ലും വാങ്ങി. സെമിത്തേരി മതിൽ സ്ഥാപിച്ച് വേർതിരിച്ചിട്ടുമുണ്ട്. പള്ളിയിൽ നിന്ന് അകലെ താമസിക്കുന്നവർക്ക് മുമ്പ് സംസ്കാരത്തിന് മൃതദേഹങ്ങൾ കൊണ്ടുവരുന്നതിന് വളരെയേറെ ബുദ്ധിമുട്ടുകളനുഭവപ്പെട്ടിരുന്നു. ഇതിനൊരു പരിഹാരമായി പൊതുയോഗതീരുമാനപ്രകാരം ഇടവകാംഗങ്ങളുടെ സംഭാവനയും പള്ളി ട്രസ്റ്റിൽ നിന്നുള്ള വിഹിതവും ചേർത്ത് 1984ൽ വാങ്ങിയ ശവമഞ്ചം ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ട്.

പാരിഷ് ഹാൾ

പള്ളിക്ക് ഒരു പാരിഷ് ഹാൾ വേണമെന്നുള്ള എല്ലാവരുടെയും ആഗ്രഹപ്രകാരം ഇടവകാംഗങ്ങളിൽ നിന്ന് സംഭാവനയായി ലഭിച്ച തുകയുമായി പാരിഷ് ഹാളിന്റെ നിർമ്മാണം ആരംഭിക്കുകയും സാമ്പത്തിക പരാധീനതയാൽ പ്രതീക്ഷിച്ച സമയത്ത് പണികൾ പൂർത്തിയാക്കാനാകില്ലെന്ന് മനസ്സിലാക്കിയപ്പോൾ 12 ശതമാനം പലിശയ്ക്ക് ബോണ്ട് മുഖേന പണസമാഹരണം നടത്തി നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 1985 ഓഗസ്റ്റിൽ ഇടവക വികാരി ബഹുമാനപ്പെട്ട ടി.സി. ജോൺ കോറെപ്പിസ്കോപ്പ കൂദാശാകർമ്മം നിർവ്വഹിച്ചു. പള്ളിയുടെ പുനർനിർമ്മാണം നടന്ന 1996-99 കാലഘട്ടത്തിൽ ആരാധന നടത്തിയിരുന്നത് ഈ ഹാളിലായിരുന്നു. ഇപ്പോൾ അവിടെ പുതിയ സൺഡേ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു.

സെയ്ന്റ് മേരീസ് കമ്മ്യൂണിറ്റി സെന്റർ

09.06.2002ൽ കൂടിയ പൊതുയോഗം ഇടവകയ്ക്ക് ഒരു കമ്മ്യൂണിറ്റി സെന്റർ നിർമ്മിക്കുന്നതിന് തീരുമാനിച്ചു. 17.11.2002ൽ കൂടിയ പൊതുയോഗ തീരുമാനപ്രകാരം കമ്മ്യൂണിറ്റി സെന്ററിനു വേണ്ടി സെമിത്തേരിയുടെ കിഴക്കുവശത്തുള്ള പന്ത്രണ്ട് സെന്റ് സ്ഥലം വാങ്ങി. 29.01.2003ൽ കമ്മ്യൂണിറ്റി സെന്ററിന്റെ നിർമ്മാണം ആരംഭിച്ചു. ശ്രീ ഉമ്മൻ വർഗീസ് കോ-ഓർഡിനേറ്ററായും ശ്രീ സി.വി. സാമുവൽ കൺവീനറായും ശ്രീ വി.ഡി. സ്കറിയ സെക്രട്ടറിയുമായുള്ള കമ്മിറ്റിക്കായിരുന്നു നിർമ്മാണച്ചുമതല. 29.01.2003 ബുധനാഴ്ച വിശുദ്ധ കുർബാനയ്ക്കു ശേഷം കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. തോമസ് മാർ അത്തനാസിയോസ് കമ്മ്യൂണിറ്റി സെന്ററിന്റെ ശിലാസ്ഥാപനം നടത്തി. 09.05.2004ൽ ഇടവക വികാരി വന്ദ്യ കെ.ഒ. ഫിലിപ്പച്ചൻ കൂദാശ ചെയ്തു.

ദിവ്യശ്രീ കോമട്ട് യാക്കോബ് കത്തനാർ സ്മാരക മന്ദിരം

ഇടവകയുടെ മുഖ്യശില്പി ദിവ്യശ്രീ കോമട്ട് യാക്കോബ് കത്തനാരുടെ സ്മരണയ്ക്കായി ഒരു മന്ദിരം നിർമ്മിക്കണമെന്ന് പൊതുയോഗം തീരുമാനിച്ചു. മന്ദിരത്തിനു വേണ്ടി അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പൊലീത്ത വാഴ്ത്തിയ അടിസ്ഥാനശില 16.11.2008 ഞായറാഴ്ച വികാരി വന്ദ്യ എം.കെ. ഇമ്മാനുവേലച്ചൻ സ്ഥാപിച്ചു. ആറന്മുള വാസ്തുവിദ്യാ ഗുരുകുലമായിരുന്നു വാസ്തുശില്പികൾ. 28.01.2010 പെരുന്നാൾ ദിനത്തിൽ ഇടവക മെത്രാപ്പൊലീത്ത അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ് മന്ദിരത്തിന്റെ കൂദാശ നിർവ്വഹിച്ച ശേഷം 'ദിവ്യശ്രീ കോമട്ട് യാക്കോബ് കത്തനാർ സ്മാരക മന്ദിരം' എന്ന് നാമകരണം ചെയ്തു. ശ്രീ ഉമ്മൻ വർഗീസ് ജനറൽ കൺവീനറായും ശ്രീ ജോസ് കെ. തോമസ് ജോയിന്റ് കൺവീനറായും ശ്രീ വി.ഡി. സ്കറിയ സെക്രട്ടറിയായും പ്രവർത്തിച്ചു.

സ്മാരക മന്ദിരത്തിനു മുന്നിലായി ഇടവകാംഗം പ്ലാമൂട്ടിൽ വില്ലയിൽ ശ്രീ പി.എം. ജോസ് (എമിനൻസ് ഗ്രൂപ്പ് ചെയർമാൻ) ഒരു സുവർണക്കൊടിമരം നിർമ്മിച്ചു നൽകി. ഇതോടു ചേർന്നും സെയ്ന്റ് മേരീസ് കുരിശിൻ സൗധത്തിനോടു ചേർന്നും ഓരോ കൽവിളക്കുകൾ തറയിൽ അബു വില്ലയിൽ ശ്രീ അബു ടി. ഉമ്മനും ഇലഞ്ഞിലേത്ത് കിഴക്കേതിൽ ശ്രീ. ഇ.ജെ. മാമ്മനും നിർമ്മിച്ചു നൽകുകയുണ്ടായി.

ഭവനനിർമ്മാണം

ഇടവകാംഗത്തിന്റെ അപേക്ഷ പരിഗണിച്ച് പൊതുയോഗ തീരുമാനപ്രകാരം ശ്രീ എൻ.സി. ജോൺ കൺവീനറും ശ്രീ ജോസ് കെ. തോമസ് ജോയിന്റ് കൺവീനറുമായുള്ള നിർമ്മാണ കമ്മിറ്റി ഏഴു ലക്ഷം രൂപ ചെലവിൽ ഭവനം നിർമ്മിച്ചു നൽകി. പ്രസ്തുത ഭവനത്തിന്റെ കൂദാശ 13.05.2013ന് വികാരി റവ. ഫാ. ജോൺ പോൾ നിർവ്വഹിച്ചു. പൈവഴി ജംക്ഷന് സമീപം അഞ്ചു സെന്റ് സ്ഥലം വാങ്ങി മറ്റൊരു ഭവനവും 2017-18ൽ നിർമ്മിച്ചു. വികാരി റവ. ഫാ. കെ.ഒ. തോമസ് കൂദാശ നിർവ്വഹിച്ചു. പള്ളിയോടു ചേർന്ന് വടക്കുവശത്തുള്ള പതിന്നാലു സെന്റ് സ്ഥലവും കെട്ടിടവും പള്ളിക്കുവേണ്ടി 2021ൽ വാങ്ങുകയുമുണ്ടായി.

മൂശാരിയേത്ത് ചാപ്പലിൽ വിശുദ്ധ കുർബാന

മൂശാരിയേത്ത് ശ്രീ ചെറിയാൻ ജേക്കബിന്റെ അപേക്ഷ പ്രകാരം ഇടവക പൊതുയോഗത്തിന്റെ അംഗീകാരത്തോടും ഇടവക മെത്രാപ്പൊലീത്തയുടെ അനു

മതിയോടും എല്ലാ മാസവും രണ്ടാം ശനിയാഴ്ച മൂശാരിയേത്ത് സെയ്ന്റ് ജോർജ് ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു വരുന്നു. 2013 മുതൽ ഇടവക യുടെ നേതൃത്വത്തിൽ വിശുദ്ധ സഹദായുടെ പെ രുന്നാൾ കൊണ്ടാടുകയും വെച്ചൂട്ട് നടത്തുകയും ചെയ്യുന്നു.

ഇടവക ഡയറക്ടറി 2016

ഇടവകാംഗങ്ങളുടെ വിലാസവും ജനന-വിവാഹ തീയതിയും കുടുബ ഫോട്ടോയും ടെലിഫോൺ നമ്പരും ഉൾപ്പെടെയുള്ള ബഹുവർണ ഇടവക ഡയ റക്ടറി വികാരി വന്ദ്യ ഡോ. മാത്യു കോശി അച്ച ന്റെയും കൺവീനർ ശ്രീ ഉമ്മൻ വർഗീസിന്റെയും നേതൃത്വത്തിൽ 2016ൽ പ്രസിദ്ധീകരിച്ചു.

ഇടവക സീനിയേഴ്സ് ഫോറം

സഭാതലത്തിൽ സീനിയേഴ്സ് ഫോറവും (സെന്റ് ജോസഫ് എൽഡേഴ്സ് ഫെലോഷിപ്) സീനി യേഴ്സ് യൂത്ത് ഫോറവും (സെന്റ് ഡയനീഷ്യസ് ഫോറം) ആരംഭിക്കുന്നതിന് മുൻപു തന്നെ ഈ ഇടവകയിൽ തുടക്കം കുറിക്കുകയും മാതൃകാപ രമായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. 2016 ഒക്ടോബറിൽ രൂപീകരിക്കപ്പെട്ട സീനിയേഴ്സ് ഫോറത്തിന്റെ ഉദ്ഘാടനം 2017 ജനുവരി 29ന് പെ രുന്നാളിനോടനുബന്ധിച്ച് മലങ്കര ഓർത്തഡോക്സ് സഭാംഗവും മുൻ മുഖ്യമന്ത്രിയുമായ ശ്രീ ഉമ്മൻ ചാണ്ടി നിർവ്വഹിച്ചു. ഇടവകയിലെ മുഖ്യ ആത്മീയ സംഘടനയായി പ്രവർത്തിച്ചു വരുന്ന സീനിയേഴ്സ് ഫോറത്തിന്റെ പ്രഥമ പ്രസിഡന്റ് റവ. ഫാ. കെ.ഒ. തോമസ്, വൈസ് പ്രസിഡന്റ് ശ്രീ ഉമ്മൻ വർഗീസ്, സെക്രട്ടറി ശ്രീ വി.ഡി. സ്കറിയ, ട്രഷറർ ശ്രീ സി.എം. ജയിംസ് എന്നിവരായിരുന്നു. നിലവിൽ നൂറോളം അംഗങ്ങളുണ്ട്.

പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ്

ഇടവകയുടെ സ്ഥാപകൻ പരിശുദ്ധ പരുമല തിരുമേ നിയുടെ തിരുശേഷിപ്പ് സ്ഥാപിക്കുന്നതിനായി വിശുദ്ധ മദ്ബഹായുടെ തെക്കു വശത്തായി പ്രാർത്ഥനാ മന്ദിരം 2018ൽ നിർമ്മിച്ചു. കൺവീനറായി ശ്രീ പി. എം. അലക്സാണ്ടറും ജോയിന്റ് കൺവീനറായി ശ്രീ ബിജു മാത്യുവും പ്രവർത്തിച്ചു.

പരിശുദ്ധ കാതോലിക്ക ബാവയുടെയും ഇടവക മെത്രാ പ്പൊലീത്തയുടെയും അനുമതിയോടെ 09.06.2018ൽ പരുമല പള്ളിയിൽ നിന്ന് ഏറ്റുവാങ്ങിയ തിരുശേ ഷിപ്പും കൊടിവിളക്കും വാദ്യമേളങ്ങളുടെ അകമ്പ ടിയോടെ ഘോഷയാത്രയായി ദേവാലയത്തിൽ എത്തിച്ച ശേഷം 10.06.2018ൽ ഇടവക മെത്രാപ്പൊ ലീത്ത അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ്, സഹായ മെത്രാപ്പൊലീത്ത ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, വന്ദ്യ സി.ഒ. ജോസഫ് റമ്പാ ച്ചൻ, വികാരി വന്ദ്യ കെ.ഒ. തോമസ് അച്ചൻ മറ്റു വൈദികശ്രേഷ്ഠർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഭക്ത്യാദരപൂർവ്വം സ്ഥാപിച്ചു.

സൺഡേ സ്കൂൾ കെട്ടിട പുനർ നിർമ്മാണം

വന്ദ്യ കെ.ഒ. തോമസച്ചൻ വികാരിയായിരുന്നപ്പോൾ സൺഡേ സ്കൂളിനു വേണ്ടി പുതിയ കെട്ടിടം നിർമ്മി ക്കുന്നതിന് തീരുമാനിക്കുകയും 29.01.2019ൽ ബത്തേരി ഭദ്രാസന മെത്രാപ്പൊലീത്ത അഭിവന്ദ്യ ഏബ്രഹാം മാർ എപ്പിഫാനിയോസ് കെട്ടിടത്തിന്റെ ശിലാസ്ഥാ പനം നിർവ്വഹിക്കുകയും ചെയ്തു. നിർമ്മാണത്തിന്റെ ആദ്യഘട്ടം പൂർത്തിയായി. കൺവീനർ ശ്രീ ബിജു മാത്യു, ജോയിന്റ് കൺവീനർ ശ്രീ ഡാനിയേൽ ഉമ്മൻ എന്നിവരുൾപ്പെടുന്ന കമ്മിറ്റിക്കാണ് നിർമ്മാ ണച്ചുമതല.

പട്ടംകൊട

28.01.1982ൽ പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കതോലിക്ക ബാവ വിശുദ്ധ കുർബാന അർപ്പിച്ച ശേഷം ഇടവക വികാരി ആദരണീയനായ ടി.സി. ജോണച്ചന്, കോറെപ്പി സ്കോപ്പ സ്ഥാനം നൽകി. തുടർന്ന് അനുമോദന യോഗവും നടത്തി. അനേകം വൈദികരടക്കം വലി യൊരു ജനാവലി ശുശ്രൂഷകളിൽ പങ്കെടുത്തിരുന്നു.

ഇടവകാംഗമായ റവ. ഫാ. എൻ.സി. ഇടിക്കുളയുടെ പുത്രന്മാരായ ശ്രീ ജേക്കബ് റോയി, ശ്രീ ജേക്കബ് കോശി എന്നിവർക്ക് പരിശുദ്ധ ബാവ 03.11.1985ൽ ശെമ്മാശപട്ടം നൽകുകയുണ്ടായി.

19.07.1986ൽ പതാരത്തിൽ ശ്രീ പി.സി. തോമസ് ശെമ്മാശന് ഇടവക മെത്രാപ്പൊലീത്ത അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ് കശീശാപട്ടം നൽകുകയുണ്ടായി.

ഇടവകാംഗവും കോഴിക്കോട് പുതുപ്പാടി ആശ്രമാം ഗവുമായ പോച്ചാപ്പള്ളിൽ ശ്രീ തോമസ് വർഗീസ് ശെമ്മാശന് പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിൽ വച്ച് 16.11.2004ൽ അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പൊലീത്ത കശീശാപട്ടം നൽകി. 21.11.2004ൽ ഉള്ളന്നൂർ വലിയപള്ളിയിൽ ആദ്യ കുർബാന അർപ്പിച്ചു.

നികരുകാലായിൽ ശ്രീ തോമസ് കുട്ടി ശെമ്മാശന് 31.07.2005ൽ ഈ പള്ളിയിൽ വച്ച് നിയുക്ത കാതോ ലിക്ക അഭിവന്ദ്യ മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പൊലീത്ത കശീശാപട്ടം നൽകി.

ചിറയിൽ തെക്കേക്കരയിൽ ശ്രീ ബിനു മാത്യൂസ് ശെമ്മാശന് 16.10.2010ൽ അമേരിക്കയിൽ വച്ച് കശീശ പട്ടം ലഭിച്ചു.

ചേരാംപള്ളിൽ കൃപാകോട്ടേജിൽ ശ്രീ ജാക്സ് ജേക്കബ് ശെമ്മാശന് 27.06.2015ൽ ഈ പള്ളിയിൽ വച്ച്

ചെന്നൈ ഭദ്രാസനത്തിനു വേണ്ടി മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് കശീശാപട്ടം നൽകി. 28.06.2015ൽ ഉള്ളന്നൂർ വലിയപള്ളിയിൽ ആദ്യ കുർബാന അർപ്പിച്ചു.

ഇടവകാംഗം വലക്കടവിൽ പുത്തൻവീട്ടിൽ ശ്രീ അനു തോമസ് ശെമ്മാശന് കണ്ടനാട് വെസ്റ്റ് ഭദ്രാസന മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് 09.06.2020ന് കണ്ടനാട് ഭദ്രാസനത്തിനു വേണ്ടി പാമ്പാക്കുട പ്രമാടം മാർ ബസേലിയോസ് ഗ്രിഗോറിയോസ് കാതോലിക്കേറ്റ് സെന്റർ ചാപ്പലിൽ വച്ചു കശീശാപട്ടം നൽകി.

താനുവേലിൽ പുത്തൻപുരയിൽ വന്ദ്യ എൻ.ജെ. ജേക്കബ് റോയി അച്ചന്റെ മകൻ ശ്രീ ബേസിൽ റോയ് ശെമ്മാശന് ഈ പള്ളിയിൽ വച്ച് 06.04.2021ൽ അടൂർ-കടമ്പനാട് ഭദ്രാസന മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. സഖറിയാസ് മാർ അപ്രേം അടൂർ കടമ്പനാട് ഭദ്രാസനത്തിനു വേണ്ടി കശീശാപട്ടം നൽകി.

ഉള്ളന്നൂർ പുൽപ്രക്കുഴിയിൽ വന്ദ്യ ജോൺ പോൾ അച്ചന്റെ മകൻ ശ്രീ പോൾസൺ ജോൺ ശെമ്മാശന് 03.05.2021ൽ ഈ പള്ളിയിൽ വച്ച് ചെങ്ങന്നൂർ ഭദ്രാസനത്തിനു വേണ്ടി ഭദ്രാസന സഹായ മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസിന്റെ മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പൊലീത്തയുടെ സഹകാർമ്മികത്വത്തിലും കശീശാപട്ടം നൽകി.

ഇടവകാംഗം ഉള്ളന്നൂർ പുൽപ്രക്കുഴിയിൽ വന്ദ്യ ജോൺ പോൾ അച്ചന് 26.12.2023ൽ ബഥേൽ അരമനപ്പള്ളിയിൽ വച്ച് ഇടവക മെത്രാപ്പൊലീത്തയിൽ നിന്ന് കോറെപ്പിസ്കോപ്പ പദവി ലഭിച്ചു.

റമ്പാൻ പട്ടംകൊട

ഉള്ളന്നൂർ വലിയപള്ളി ഇടവകാംഗവും പത്തനാപുരം മൗണ്ട് താബോർ ദയറാംഗവുമായ വന്ദ്യ സി.ഒ. ജോസഫ് അച്ചന് 02.12.2003ൽ പത്തനാപുരം താബോർ ദയറായിൽ വച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ റമ്പാൻ സ്ഥാനം നൽകി.

ഇടവകാംഗവും പത്തനാപുരം മൗണ്ട് താബോർ ദയറാംഗവുമായ വന്ദ്യ ഡോ. ഡേവിഡ് കോശി അച്ചന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ പത്തനാപുരം താബോർ ദയറ ചാപ്പലിൽ വച്ച് 08.01.2022ൽ റമ്പാൻ സ്ഥാനം നൽകി.

അനുമോദനം

2013-18 കാലയളവിൽ പത്തനാപുരം മൗണ്ട് താബോർ ദയറയുടെ സുപ്പീരിയർ ആയി നിയമിതനായ വന്ദ്യ ജോസഫ് റമ്പാച്ചന് ഇടവക സ്വീകരണവും ഉപഹാരവും നൽകുകയുണ്ടായി.

ഇടവകാംഗം ബഹുമാനപ്പെട്ട എൻ.സി. ഇടിക്കുള അച്ചന്റെ പൗരോഹിത്യ സുവർണജൂബിലി ആഘോഷത്തോടനുബന്ധിച്ചു നടന്ന അനുമോദന സമ്മേളനം 17.12.2016ൽ ആറന്മുള എംഎൽഎ ശ്രീമതി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു.

ഒന്നേകാൽ നൂറ്റാണ്ട് പിന്നിട്ട ഈ ഇടവക ആദ്ധ്യാത്മിക നിലയിലും മുൻപന്തിയിൽ നിൽക്കുന്നുവെന്നതിന് ഉദാഹരണമാണ് ഇടവകയിലെ വൈദികരുടെ നീണ്ട നിര.

14.09.1986ൽ ബഹുമാനപ്പെട്ട ജോണച്ചൻ സ്ഥലം മാറ്റം ലഭിച്ച് മാറിയതിനെത്തുടർന്ന് വികാരിയായി ചാർജെടുത്ത റവ. ഫാ. എ.എം. വർഗീസ് 24.01.1987 വരെയും തുടർന്നു വികാരിയായ റവ. ഫാ. പ്രഫ. പി.വി. ജോൺ 31.08.1990 വരെയും സേവനമനുഷ്ഠിച്ചു. ഇടവകയിൽ ആദ്യമായി ദിവ്യബോധനത്തിന്റെ യൂണിറ്റ്, ഒ.വി.ബി.എസ്. എന്നിവ ആരംഭിക്കുന്നത് ബഹുമാനപ്പെട്ട പ്രഫ. പി.വി. ജോണച്ചന്റെയും സഹവികാരി വന്ദ്യ തോമസ് കൊക്കാപ്പറമ്പിൽ അച്ചന്റെയും കാലത്താണ്. പിന്നീട് ഇടവകയുടെ സാരഥ്യം ഏറ്റെടുത്ത് റവ. ഫാ. ജോൺ ദാനിയേൽ 31.12.1991 വരെയും റവ. ഫാ. കെ.സി. ജേക്കബ് 19.05.1995 വരെയും വികാരിമാരായി സേവനമനുഷ്ഠിച്ചു.

ഇവിടെ നിന്നു പരുമല പദയാത്രയ്ക്ക് തുടക്കം കുറിക്കുന്നത് റവ. ഫാ. ജോൺ ഡാനിയേൽ വികാരി ആയിരിക്കുമ്പോഴാണ്. തുടർന്ന് 20.05.1995 മുതൽ ചുമതല ഏറ്റെടുത്ത പുത്തൻകാവ് പുത്തൻപുരയ്ക്കൽ റവ. ഫാ. മാത്യു തോമസ് ഇടവക നേരിട്ട എല്ലാ ബുദ്ധിമുട്ടുകളെയും സ്വതഃസിദ്ധമായ കഴിവു പയോഗിച്ച് തരണം ചെയ്ത് ഇടവകയെ പുരോഗതിയിലേക്കു നയിച്ചു. ശതാബ്ദിയോടനുബന്ധിച്ച് കൂദാശ ചെയ്യത്തക്ക വിധം കേവലം 34 മാസങ്ങൾ കൊണ്ട് നിർബ്ബന്ധിത പിരിവുകൾ കൂടാതെ അക്ഷരാർത്ഥത്തിൽ തന്നെ ഒരു 'വലിയപള്ളി' അതിമനോഹരമായി നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട മാത്യു തോമസച്ചൻ നേതൃത്വം നൽകി. ഇടവകയെ 'ഉള്ളന്നൂർ വലിയപള്ളി' എന്ന പദവിയിലേക്ക് പരിശുദ്ധ മോറാൻ മാർ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ ഉയർത്തിയതും ബഹുമാനപ്പെട്ട മാത്യു തോമസച്ചന്റെ കാലത്തായിരുന്നു.

ഇടവകയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള പട്ടക്കാരും സേവന കാലവും

1. പമ്പൂരേത്ത് ചാണ്ടപ്പിള്ള കത്തനാർ അവർകൾ (1898-1909)
2. കിളന്നമണ്ണിൽ ഗീവറുഗീസ് കത്തനാർ അവർകൾ (1898-1909)
3. കോമട്ട് യാക്കോബ് കത്തനാർ അവർകൾ (1931-1952)

4. വെരി. റവ. കടവത്രയിൽ കെ.ജി. ജോർജ് കോറെപ്പിസ്കോപ്പ (1951–1962)
5. വെരി. റവ. തെക്കേമൂത്തേരിൽ ടി.സി. ജോൺ കോറെപ്പിസ്കോപ്പ (1962 ഓഗസ്റ്റ് – 14.09.1986)
6. റവ. ഫാ. എ.എം. വർഗീസ് ആലുംമൂട്ടിൽ (15.09.1986–24.01.1987)
7. റവ. ഫാ. പ്രഫ. പി.വി. ജോൺ (25.01.1987–31.08.1990)
8. റവ. ഫാ. ജോൺ ഡാനിയേൽ (01.09.1990–31.12.1991)
9. റവ. ഫാ. കെ.സി. ജേക്കബ് (01.01.1992–19.05.1995)
10. റവ. ഫാ. മാത്യു തോമസ് (20.05.1995–29.05.1999)
11. റവ. ഫാ. രാജൻ വർഗീസ് (30.05.1999–31.05.2000)
12. റവ. ഫാ. ഡാനിയേൽ പുല്ലേലിൽ (01.06.2000–19.05.2001)
13. റവ. ഫാ. കെ.ഒ. ഫിലിപ് (20.05.2001–14.05.2004)
14. റവ. ഫാ. ജേക്കബ് ചെറിയാൻ (15.05.2004–15.05.2007)
15. റവ. ഫാ. എം.കെ. ഇമ്മാനുവേൽ (16.05.2007–14.05.2010)
16. റവ. ഫാ. ജോൺ പോൾ (15.05.2010–14.05.2013)
17. റവ. ഫാ. ഗീവർഗീസ് കോശി (15.05.2013–12.06.2014)
18. റവ. ഫാ. ഡോ. നൈനാൻ വി. ജോർജ് (09.07.2014–09.10.2015)
19. റവ. ഫാ. ഡോ. മാത്യു കോശി (31.10.2015–08.05.2016)
20. റവ. ഫാ. കെ.ഒ. തോമസ് (01.06.2016–31.05.2019)
21. റവ. ഫാ. കുര്യൻ ജോസഫ് (01.06.2019–31.05.2022)
22. റവ. ഫാ. ജോൺ ചാക്കോ (01.06.2022– 17.06.2025)
23. റവ. ഫാ. ഡോ. ഏബ്രഹാം കോശി (18.06.2025–)

സഹപട്ടക്കാർ

1. റവ. ഫാ. തോമസ് ആക്കനാട്ടു തുണ്ടിൽ, പന്തളം
2. റവ. ഫാ. പി.കെ. ഏബ്രഹാം ബി.എ.എൽ.ടി., പുലിത്തിട്ട
3. റവ. ഫാ. ഗീവറുഗീസ് തെക്കേതലയ്ക്കൽ, വെണ്മണി
4. റവ. ഫാ. ജേക്കബ് പ്ലാന്തോപ്പിൽ, മാന്തളിർ
5. റവ. ഫാ. കെ.എം. സ്കറിയ കാവതയിൽ, വയലത്തല
6. റവ. ഫാ. പി.ജി. ജേക്കബ് വല്ലാടംമണ്ണിൽ, നര്യാപുരം
7. റവ. ഫാ. കെ.ജെ. മത്തായി എം.എ.ബി.ഡി., കൈപ്പട്ടൂർ
8. റവ. ഫാ. എൻ.സി. ഇടിക്കുള ബി.എ.ബി.എഡ്, നെടിയകാലായിൽ, ഉള്ളന്നൂർ
9. റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ, ചെങ്ങന്നൂർ

തുടക്കത്തിൽ അറുപതിൽപ്പരം ഭവനങ്ങൾ മാത്ര മുണ്ടായിരുന്ന ഇടവക മുന്നൂറോളം ഭവനങ്ങളുള്ള ഇടവകയായി വളരുകയുണ്ടായി. ഇന്ന് നാടിന്റെ ആധ്യാത്മിക കേന്ദ്രവും ഐശ്വര്യവുമായ ഈ പള്ളിക്ക് രണ്ടര ഏക്കറോളം സ്ഥലം സ്വന്തമായുണ്ട്. ഇടവകാംഗങ്ങളിൽ ഭൂരിപക്ഷവും ഉയർന്ന വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരാണ്. ഇടവകയുടെ ആരംഭകാലം മുതലേ ഉന്നത ബിരുദധാരികളായ അനേകർ ഇവിടെ ഉണ്ടായിരുന്നു. ഇവിടെ നിന്നും ഭൂഗോളത്തിന്റെ വിവിധ കോണുകളിൽ കുടിയേറിപ്പാർത്തിരിക്കുന്നവരുടെ സംഖ്യ ഏറെയാണ്. മിക്കവരും ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കുന്നു.

സെയ്ന്റ് ജോർജ് ചാപ്പൽ സ്വതന്ത്ര ഇടവകയാകുന്നു

ഇടവകാംഗങ്ങളിൽ ചിലർ ചേർന്ന് മലയിൽ വട്ടയം എന്ന സ്ഥലത്ത് നടത്തിവന്നിരുന്ന ക്രിസ്ത്യൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക സ്കൂളിന്റെ അംഗീകാരവും ഗ്രാന്റും പിൻവലിക്കപ്പെട്ടതിനെ തുടർന്ന് നടന്ന ലേലത്തിൽ സ്കൂൾ കെട്ടിടവും സ്ഥലവും മൂശാരിയേത്ത് ശ്രീമതി മേരി വർഗീസ് ലേലംകൊള്ളുകയും പിന്നീടത് പള്ളിക്ക് നൽകുകയും ചെയ്തു.

പ്രസ്തുത പള്ളിവക സ്ഥലത്ത് റോഡിനോടു ചേർന്ന് 1948ൽ പത്തനാപുരം താബോർ ദയറായിലെ നിവദി ശ്രീ തോമ്മാ മാർ ദിവന്നാസ്യോസ് തിരുമേനി ഒരു തടിക്കുരിശ് സ്ഥാപിച്ചു. പിന്നീട് അതിന് സമീപം സ്ഥിതിചെയ്തിരുന്ന കെട്ടിടം പുതുക്കിപ്പണിത് 1962ൽ നിവദി ശ്രീ ദാനിയേൽ മാർ പീലക്സിനോസ് തിരുമേനി ചാപ്പൽ ആയി കൂദാശ ചെയ്തു. ഇവിടെ 1962 ഡിസംബർ മുതൽ മാസത്തിൽ ഒരു തവണ വീതം ആരാധന നടത്തി വന്നിരുന്നു. വിശുദ്ധ ഗീവറുഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിച്ച പ്രസ്തുത സെയ്ന്റ് ജോർജ് ചാപ്പലിൽ എല്ലാ വർഷവും പെരുന്നാളും അതോടനുബന്ധിച്ച് റാസയും വെച്ചൂട്ടും ആർഭാടപൂർവ്വം നടത്തിയിരുന്നു. നാനാജാതി മതസ്ഥരുടെ നിർലോപമായ സഹായസഹകരണങ്ങൾ ഇവിടത്തെ പെരുന്നാളിനു ലഭിച്ചിരുന്നു.

കാലപ്പഴക്കത്തിൽ ചാപ്പൽ കെട്ടിടം ജീർണിച്ചു തുടങ്ങുകയും ഇടവകാംഗങ്ങൾ വർദ്ധിച്ചതിനാൽ ചാപ്പലിൽ സ്ഥലപരിമിതി മൂലമുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്തു. ഈ വസ്തുതകളും ചാപ്പൽ കെട്ടിടം പുതുക്കിപ്പണിയണമെന്ന് പൊതുയോഗത്തിലുയർന്ന ശക്തമായ ആവശ്യവും കണക്കിലെടുത്ത് ചാപ്പലിന്റെ ജൂബിലി വർഷമായ 1987ലെ ബജറ്റിൽ ഒരു കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കുന്നതിനായി തുക ഉൾക്കൊള്ളിച്ചു. ഇടവകയിലെ

മുഴുവൻ അംഗങ്ങളുടെയും ആത്മാർഥമായ സാമ്പത്തിക സഹായത്താൽ നിർമ്മാണം പൂർത്തിയാക്കുന്നതിനും കഴിഞ്ഞു.

ചാപ്പലിന്റെ വടക്ക് ഉയർന്ന കയ്യാലയോടു ചേർന്നുള്ള ഒന്നേമുക്കാൽ സെന്റ് സ്ഥലം കൂടി 1992ൽ പള്ളി ച്ചെലവിൽ വാങ്ങി മുറ്റം വിസ്തൃതമാക്കി. വിശുദ്ധ ഗീവറുഗീസ് സഹദായുടെ പെരുന്നാളിനോടനുബന്ധിച്ച് 1993 മേയ് മാസത്തിൽ വിശാലവും സൗകര്യപ്രദവുമായ ചാപ്പൽ കെട്ടിടം ഇടവക മെത്രാപ്പൊലീത്ത അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ് കൂദാശ ചെയ്തു.

പിന്നീട് ഇടവകപ്പള്ളിയും സ്ഥലപരിമിതി മൂലം കാലോചിതമായി പരിഷ്കരിക്കണമെന്ന് ആവശ്യമുയർന്നു. അതേക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 1995ലെ ട്രസ്റ്റിയും സെക്രട്ടറിയും ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ പൊതുയോഗം ചുമതലപ്പെടുത്തി. കമ്മിറ്റി എൻജിനീയറുടെ സഹായത്താൽ നിലവിലുണ്ടായിരുന്ന പള്ളിക്ക് വരുത്തേണ്ടതായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്ലാൻ തയ്യാറാക്കുകയും പള്ളിയിൽ എത്തിക്കുകയും ചെയ്തു.

ഈയവസരത്തിൽ മലയിൽ ഭാഗത്തുള്ളവർ, ദൂരക്കുടുതൽ മൂലം ഇടവകപ്പള്ളിയിൽ വരുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നതായി അറിയിച്ചു. വട്ടയം സെയ്ന്റ് ജോർജ് ചാപ്പൽ ഒരു സ്വതന്ത്ര ഇടവകയായി പൂർണ അവകാശങ്ങളോടെ വിട്ടുനൽകണമെന്ന ആവശ്യമടങ്ങിയ അപേക്ഷ നൂറ് വീട്ടുകാർ ഒപ്പിട്ട് ഇടവക പൊതുയോഗത്തിന് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത അപേക്ഷ പൊതുയോഗം ചർച്ച ചെയ്തശേഷം പള്ളിവക ചാപ്പലും കുരിശിൻ സൗധവും അപേക്ഷകർക്ക് നൽകുന്നതിനുള്ള തീരുമാനമെടുത്തു.

03.08.1995ൽ ഇടവക മെത്രാപ്പൊലീത്ത അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ് ചാപ്പലിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും അന്നു തന്നെ ചാപ്പൽ 'വട്ടയം സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനി ചെറിയ പള്ളി' എന്ന പേരിൽ സ്വതന്ത്ര ഇടവകയായതായി പ്രഖ്യാപിക്കുകയും ചെയ്തു.

പള്ളിവക ചാപ്പലും കുരിശിൻ സൗധവും വിട്ടുകൊടുക്കുവാനും മലയിൽ ഒരു സെമിത്തേരി നിർമ്മിക്കുന്നതുവരെ ഈ പള്ളിയുടെ സെമിത്തേരി ഉപയോഗിക്കുന്നതിനുള്ള സൗകര്യം നൽകുവാനും കാണിച്ച മാതൃ ഇടവകാംഗങ്ങളുടെ വിശാല മനസ്കതയെ ഭദ്രാസന മെത്രാപ്പൊലീത്ത മുക്തകണ്ഠം അഭിനന്ദിക്കുകയുണ്ടായി.

പെരുന്നാൾ

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അനവധി വൈദികരെ സംഭാവന ചെയ്യാൻ കഴിഞ്ഞ ഈ ഇടവക സർവ്വമതസാഹോദര്യ കേന്ദ്രമായ ഉള്ളന്നൂരിന്റെ തിലകക്കുറിയായി, വെളിച്ചമാളികയായി ഒന്നേകാൽ നൂറ്റാണ്ടിലേറെയായി നിലകൊള്ളുന്നു. ദൈവമാതാവിന്റെ തിരുനാമത്തിൽ പരിശുദ്ധ പരുമല തിരുമേനി സ്ഥാപിച്ച ഈ ദേവാലയത്തിന്റെ പെരുന്നാൾ ആണ്ടു തോറും മകരം 15-ാം തീയതിയാണ് കൊണ്ടാടി വരുന്നത്. കൂടാതെ വിശുദ്ധ കന്യകമറിയാമിന്റെ വാങ്ങിപ്പു പെരുന്നാൾ എല്ലാ വർഷവും ഓഗസ്റ്റ് ഒന്നു മുതൽ പതിനഞ്ചു വരെ നടത്തി വരുന്നു. എട്ടുനോമ്പ് പെരുന്നാളിനോടനുബന്ധിച്ച് സെപ്റ്റംബർ ഒന്നു മുതൽ എട്ടു വരെ എല്ലാ ദിവസവും രാവിലെ വിശുദ്ധ കുർബ്ബാനയും എട്ടാം ദിവസം നേർച്ചവിളമ്പും നടത്തുന്നുണ്ട്.

ആദ്ധ്യാത്മിക സംഘടനകൾ

1. സൺഡേ സ്കൂൾ

പ്രാരംഭകാലം മുതൽ തന്നെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ പ്രഗദ്ഭരായ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഇവിടെ നടന്നു പോരുന്നു. പള്ളിയിൽ വച്ചുള്ള സൺഡേ സ്കൂളിന് പുറമേ വട്ടയം ഭാഗത്തെ കുട്ടികൾക്ക് സൗകര്യപ്രദമായ വിധത്തിൽ ഒന്നു മുതൽ അഞ്ചു വരെയുള്ള ക്ലാസുകൾ എല്ലാ ഞായറാഴ്ചയും ചാപ്പലിൽ വച്ചും നടത്തിയിരുന്നു. പ്രതിഫലേച്ഛ കൂടാതെ നിസ്വാർത്ഥ സേവനം അനുഷ്ഠിച്ചിട്ടുള്ള അദ്ധ്യാപകരെ പ്രത്യേകം അഭിനന്ദിക്കുന്നു. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരായി സർവ്വശ്രീ വി.സി. ജേക്കബ്, വി.സി. വർഗീസ്, എം.വി. ജേക്കബ്, ഉമ്മൻ ഈശോ, പി.ടി. സാമുവൽ, വി.എം. ഡാനിയേൽ, ഉമ്മൻ വർഗീസ്, ക്യാപ്റ്റൻ (റിട്ട) കെ.ടി. വർഗീസ്, ഇ.ജെ. മാമ്മൻ, സി.എം. അലക്സാണ്ടർ, ശ്രീമതി സാറാമ്മ ഉമ്മൻ എന്നിവർ സേവനമനുഷ്ഠിച്ചിരുന്നു. ഇപ്പോൾ ഹെഡ്മാസ്റ്ററായി ശ്രീ കെ.ജി. ജയിംസ് പ്രവർത്തിക്കുന്നു. മുപ്പതിൽപരം വർഷം അദ്ധ്യാപകരായി സേവനം അനുഷ്ഠിച്ച ശ്രീ ഉമ്മൻ ഈശോയ്ക്കും ശ്രീ വി.കെ. മത്തായിക്കും ശ്രീ ഇ.ജെ. മാമ്മനും പരിശുദ്ധ ബാവ പ്രശംസാപത്രം നൽകി അനുമോദിക്കുകയുണ്ടായി.

2. ബാലികാ-ബാല സമാജങ്ങൾ

ഭാവിയുടെ വാഗ്ദാനങ്ങളായ, ഇടവകയിലെ കുഞ്ഞുങ്ങളുടെ സംഘടനയായ ബാലികാ-ബാല സമാജങ്ങൾ ഇവിടെ ഭംഗിയായി നടക്കുന്നുണ്ട്. ഈ ഇടവകയിലും മറ്റ് ഇടവകകളിലും നടത്തുന്ന പാഠ്യ പാഠ്യേതര മത്സരങ്ങളിൽ പങ്കെടുത്ത് സമാജാംഗങ്ങൾ വിജയം നേടുന്നുണ്ട്. ഇവർ ഇടവകയ്ക്ക് അഭിമാനകരം തന്നെയാണ്. 2023ൽ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി സമാജാംഗങ്ങൾ മുൻകയ്യെടുത്ത് വീൽ ചെയർ സംഭാവന ചെയ്യുകയുമുണ്ടായി.

3. യുവജന പ്രസ്ഥാനം

സൺഡേ സ്കൂൾ അദ്ധ്യാപകരും മറ്റ് യുവജനങ്ങളും ചേർന്ന് യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ

നടത്തിപ്പോരുന്നു. കേന്ദ്രത്തിലും ഭദ്രാസനത്തിലും കാലാകാലങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങളിലും സമ്മേളനങ്ങളിലും ഇടവകയെ പ്രതിനിധീകരിച്ച് അംഗങ്ങൾ പങ്കെടുക്കുന്നുണ്ട്. പള്ളിയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളിലും ശുശ്രൂഷകളിലും യുവജന പ്രസ്ഥാനാംഗങ്ങളുടെ നിസ്വാർത്ഥസേവനം ഇടവകയ്ക്ക് വളരെയേറെ പ്രയോജനപ്പെട്ടതായിരുന്നു. ഇടവക യുവജന പ്രസ്ഥാനത്തിന്റെ ശ്രമഫലമായി സെമിത്തേരി കവാടം (പ്രത്യാശാതീരം) മനോഹരമായി നിർമ്മിക്കുകയുണ്ടായി.

4. മർത്തമറിയം സമാജം

ഇടവകയുടെ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഇവിടത്തെ സ്ത്രീസമാജാംഗങ്ങളുടെ സേവനം എടുത്തു പറയത്തക്കതാണ്. മർത്തമറിയം സമാജങ്ങൾ വളരെ പണ്ടു മുതൽ തന്നെ ഇവിടെ പ്രവർത്തിച്ചിരുന്നതായി കാണാം.

വളരെക്കാലമായി ഇവിടെ നടന്നു വരുന്ന എട്ടു നോമ്പ് പെരുന്നാൾ അഭംഗുരം നടത്തുന്നതിന് സ്ത്രീ സമാജാംഗങ്ങളുടെ പ്രവർത്തനങ്ങൾ സഹായിക്കുന്നുണ്ട്. പള്ളിഭാഗത്തും വടക്കുഭാഗത്തും കുളനട ഭാഗത്തുമായി മൂന്ന് സമാജങ്ങൾ പ്രവർത്തിക്കുന്നു. ഭവനസന്ദർശനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, രോഗികളെ സന്ദർശിച്ച് ആശ്വസിപ്പിക്കുക എന്നിങ്ങനെ വിവിധ മേഖലകളിൽ അംഗങ്ങൾ സേവനം ചെയ്യുന്നു.

5. പ്രാർത്ഥനാ യോഗങ്ങൾ

ഇടവകയിലെ 231 ഭവനങ്ങളിലായി 10 പ്രാർത്ഥനാ യോഗങ്ങൾ പ്രവർത്തിക്കുന്നു. എല്ലാ ഞായറാഴ്ചയും വിശുദ്ധ കുർബ്ബാന കഴിഞ്ഞ് മൂന്നു മണിയോടു കൂടി ഓരോ ഭാഗത്തെയും പ്രാർത്ഥനാ യോഗങ്ങൾ ഓരോ ഭവനത്തിലായി കൂടുന്നു. ഇടവകയുടെ ഉയർച്ചയ്ക്കു വേണ്ടിയുള്ള കാര്യങ്ങൾ ഈ യോഗങ്ങളിൽ ചർച്ച ചെയ്യുന്നു. ഇവരുടെ നിർദ്ദേശങ്ങൾ ഇടവകയുടെ സുഗമമായ പ്രവർത്തനത്തെ സഹായിക്കുന്നു. സെയ്ന്റ് ഗ്രിഗോറിയോസ്, സെയ്ന്റ് ജോസഫ്, തച്ചക്കുന്നിൽ, സെയ്ന്റ് പീറ്റേഴ്സ്, സെയ്ന്റ് മാത്യൂസ്, ചിറയിൽ തെക്കേക്കര, പടിഞ്ഞാറ്റിടത്ത്, സെയ്ന്റ് മേരീസ്, സെയ്ന്റ് തോമസ്, സെയ്ന്റ് പോൾസ് എന്നിങ്ങനെ പത്ത് പ്രാർത്ഥനാ യോഗങ്ങളാണ് ഇപ്പോൾ ഇടവകയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

ഇടവകയെ 10 വാർഡുകളായി വിഭജിച്ചിട്ടുണ്ട്. ഓരോ വാർഡിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർ ചേർന്നതാണ് മാനേജിങ് കമ്മിറ്റി.

ദിവ്യബോധനം, ഒവിബിഎസ്

1988ൽ ഇടവകയിൽ അന്നത്തെ വികാരി വന്ദ്യരായ പ്രഫ. പി.വി. ജോണച്ചന്റെയും സഹ വികാരി തോമസ് കൊക്കാപ്പറമ്പിലച്ചന്റെയും നേതൃത്വത്തിൽ ദിവ്യബോധനത്തിന്റെ ഒരു യൂണിറ്റ് ആരംഭിക്കുകയും എട്ട് പേരടങ്ങിയ ഒരു ബാച്ച് പഠിച്ച് പാസ്സാവുകയും ചെയ്തു. ദിവ്യബോധന യൂണിറ്റ് മുടക്കമില്ലാതെ ഇപ്പോഴും തുടരുന്നുണ്ട്.

ദിവ്യബോധനത്തിന്റെ യൂണിറ്റ് ആരംഭിച്ച വർഷം തന്നെ ഒവിബിഎസ് ക്ലാസ് തുടങ്ങുന്നതിനും കഴിഞ്ഞു. തുടർന്ന് എല്ലാ വർഷവും ഒവിബിഎസ് നടത്തിവരുന്നു. ആദ്യ കാലങ്ങളിൽ എല്ലാവരുടെയും സൗകര്യം പരിഗണിച്ച് ആർആർ യുപി സ്കൂളിൽ നടത്തിയിരുന്ന ക്ലാസുകൾ ഇപ്പോൾ പള്ളിയിൽ തന്നെയാണ് നടത്തുന്നത്.

പരുമല തീർത്ഥാടനം

ഈ ഇടവകയുടെ സ്ഥാപകനായ പരിശുദ്ധ പരുമല തിരുമേനിയുടെ കബറിങ്കലേക്ക് എല്ലാ വർഷവും തീർത്ഥാടനം നടത്തി നേർച്ച കാഴ്ചകൾ അർപ്പിച്ച് അനുഗ്രഹം നേടി ഇടവകാംഗങ്ങൾ മടങ്ങുന്ന പതിവ് 1991 നവംബറിൽ ആരംഭിച്ചു. തീർത്ഥാടനം ആരംഭിക്കാൻ നേതൃത്വം നൽകിയത് വന്ദ്യ ജോൺ ഡാനിയേലച്ചനായിരുന്നു.

പരുമല തീർത്ഥാടനത്തിന് ആരംഭം കുറിച്ച കൈപ്പട്ടൂർ ഇടവകയിൽ നിന്നുള്ള തീർത്ഥാടകർ പരുമലയിലേക്കുള്ള തീർത്ഥയാത്രാ മധ്യേ ഈ പള്ളി സന്ദർശിച്ചിരുന്നു. കാലം ചെയ്ത നിവദി ശ്രീ തോമ്മാ മാർ ദീവന്ന്യാസ്യോസ് പിതാവിന്റെ കബറിങ്കലേക്ക് നിരണത്തു നിന്നു പത്തനാപുരത്തിനു പോകുന്ന തീർത്ഥാടകരും ഈ പള്ളി സന്ദർശിക്കാറുണ്ടായിരുന്നു. ഇവിടെ എത്തുന്ന എല്ലാവർക്കും സ്നേഹോഷ്മളമായ സ്വീകരണവും സൽക്കാരങ്ങളും നൽകുന്ന പതിവ് ഇപ്പോഴും തുടരുന്നു.

ജീവകാരുണ്യ പ്രവർത്തനങ്ങൾ

ഇടവകയിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പണ്ടു മുതൽ തന്നെ പ്രാധാന്യം കൊടുത്തിരുന്നു. ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഭവനദാനം, തയ്യൽമെഷീൻ വിതരണം, സ്കോളർഷിപ് വിതരണം, നേത്ര ചികിത്സാ ക്യാംപ്, രക്തദാനം തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഭവനദാന പദ്ധതിക്കായിരുന്നു മുൻതൂക്കം കൊടുത്തത്.

ഇടവകയിലെ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് മുമ്പ് നാല് ഭവനങ്ങളും ശതാബ്ദിയോടനുബന്ധിച്ച് ഒരു കോൺക്രീറ്റ് ഭവനവും യുവജന പ്രസ്ഥാനത്തിന്റെ സഹകരണത്തോടെ നിർമ്മിച്ചു നൽകി. കൂടാതെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണ സഹായവും നൽകുന്നുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും രോഗികൾക്കും മറ്റും ജാതിമതവ്യത്യാസം കൂടാതെതന്നെ ഇടവകയിലെ സാധുജനസഹായ ഫണ്ടിൽ നിന്നും സാമ്പത്തിക സഹായവും നൽകി വരുന്നു.

എൻഡോവ്മെന്റ്

ഈ ഇടവകയിൽ നിന്ന് മൺമറഞ്ഞു പോയിട്ടുള്ള മാന്യ വ്യക്തികളുടെ സ്മരണ നിലനിർത്തുന്നതി നായി അവരുടെ കുടുംബാംഗങ്ങൾ ഏർപ്പെടുത്തി യിട്ടുള്ള എൻഡോവ്മെന്റുകളിൽ നിന്നുള്ള വരു മാനം എസ്എസ്എൽസി, പ്ലസ് ടു, ഉപരിപഠനം, സൺഡേ സ്കൂൾ പത്താം ക്ലാസ് എന്നിങ്ങനെ വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന വർക്ക് പാരിതോഷികമായി നൽകി വരുന്നു.

സജീവലായം കെ.സി. കുര്യൻ മെമ്മോറിയൽ, മൂശാ രിയേത്ത് എബനേസറിൽ മാസ്റ്റർ അനു തോമസ് ഐസക് മെമ്മോറിയൽ, പാലമൂട്ടിൽ മേഴ്സി ഹോ മിൽ പി.ഒ. മത്തായി ആൻഡ് ഏലിയാമ്മ മത്തായി മെമ്മോറിയൽ, പീസ് കോട്ടേജിൽ കെ.ഇ. വർഗീസ് ആൻഡ് തങ്കമ്മ വർഗീസ് മെമ്മോറിയൽ, ഇലഞ്ഞി ലേത്ത് കിഴക്കേതിൽ ഇ.ജെ. മാമ്മൻ മെമ്മോറി യൽ, മിഡിൽ ഈസ്റ്റ് യൂത്ത് മൂവ്മെന്റ്, സ്നേഹ വില്ലയിൽ റിൻസി രാജൻ മെമ്മോറിയൽ, താനുവേ ലിൽ പുത്തൻവീട്ടിൽ റവ. ഫാ. എൻ.സി. ഇടിക്കുള മെമ്മോറിയൽ, പടിഞ്ഞാറ്റിടത്ത് റവ. ഫാ. പി.ഒ. ജേക്കബ് മെമ്മോറിയൽ, പടിഞ്ഞാറ്റിടത്ത് ഉമ്മൻ ആൻഡ് ആച്ചിയമ്മ ഉമ്മൻ മെമ്മോറിയൽ, ഷൈനി ഭവനിൽ അശ്വിൻ ജോൺ മെമ്മോറിയൽ, പൂവണ്ണും തടത്തിൽ അനുഗ്രഹയിൽ തോമസ് മാത്തുണ്ണി ആൻഡ് സാറാമ്മ മാത്തുണ്ണി മെമ്മോറിയൽ, ഇട വക സന്നദ്ധ സുവിശേഷ സംഘം എന്നിവയാണ് പ്രസ്തുത എൻഡോവ്മെന്റുകൾ.

2011-12ൽ സാധുജന സംരക്ഷണ സഹായത്തിനായി ഇടവകയിൽ പ്രത്യേക ഫണ്ട് രൂപീകരിച്ചു. സാമ്പ ത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ ചികിത്സാ സഹായത്തിനും മറ്റുമായി ലഭിക്കുന്ന അപേക്ഷ കൾക്കു മാനേജിങ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം സഹായം നൽകി വരുന്നു.

ലൈബ്രറി

ഇടവകയിലെ യുവജനപ്രസ്ഥാനത്തിന്റെയും സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററുടെയും ചുമതലയിൽ ഒരു ലൈബ്രറി 1991-92 വർഷത്തിൽ ആരംഭിക്കുകയു ണ്ടായി. ഒട്ടേറെ ഗ്രന്ഥങ്ങൾ ഈ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

ദേവാലയ പുനർനിർമ്മാണം

മുന്നൂറോളം ഭവനങ്ങളുണ്ടായിരുന്ന ഇടവകയിൽ നിന്നു നൂറ് വീട്ടുകാർ ഒരു സ്വതന്ത്ര ഇടവകയായി മാറിയതിൽ പലർക്കും വ്യസനമുണ്ടായെങ്കിലും ഇത് ഇടവകാംഗങ്ങളെ കൂടുതൽ കർത്തവ്യബോധ മുള്ളവരാക്കി. പള്ളി പരിഷ്കരിക്കണമെന്ന് മുമ്പെ ടുത്തിട്ടുള്ള തീരുമാനത്തിൽ നിന്ന് ഒരുപടി കൂടി കടന്ന് 06.08.1995ൽ കൂടിയ പൊതുയോഗം കൂടുതൽ വലുപ്പത്തിൽ ദേവാലയം പുനർനിർമ്മിക്കുക തന്നെ വേണമെന്ന് തീരുമാനിച്ചു. പള്ളിയുടെ മുഖവാര ത്തിന്റെ ജീർണാവസ്ഥ ഈ തീരുമാനത്തിന് ആക്കം കൂട്ടിയെങ്കിലും ശില്പചാതുരിയോടെ നിർമ്മിച്ച പള്ളി പൊളിച്ചു മാറ്റുന്നതിൽ ചിലർക്കെങ്കിലും ദുഃഖമുണ്ടാകാതെയുമിരുന്നില്ല.

17.09.1995ൽ കൂടിയ പൊതുയോഗം പള്ളിയുടെ പുനർനിർമ്മാണത്തിനായി ഇടവക വികാരി റവ. ഫാ. മാത്യു തോമസ് പ്രസിഡന്റായും ശ്രീ ടി.സി. പൊന്നച്ചൻ പുത്തൻപീടികയിൽ കൺവീനറായും ശ്രീ വി.ഡി. സ്കറിയ മണക്കൽ കരോട്ട് സെക്രെ ട്ടറിയായും ഇരുപത്തിനാലംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുത്തു. വളരെ ക്രിയാത്മക മായ സമീപനത്തോടെയാണ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചത്. നിർമ്മാണം നടക്കേണ്ട സ്ഥലത്തു തിരുവനന്തപുരം മെസേഴ്സ് അലക്സാണ്ടർ അസോ സിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നു വിദഗ്ദ്ധ രായ സ്ട്രക്ചറൽ എൻജിനീയറെയും ആർക്കിടെ ക്റ്റിനെയും വരുത്തി വേണ്ട അളവുകൾ എടുത്ത് സ്ഥലത്തിന്റെ ഘടനയും മറ്റും പഠിച്ച ശേഷമാണ് വിശദമായ പ്ലാനും മറ്റു ഡ്രോയിങ്ങുകളും തയ്യാറാ ക്കിയത്. ഇവ പൊതുയോഗത്തിൽ ചർച്ച ചെയ്ത് വേണ്ടതായ മാറ്റങ്ങൾ വരുത്തി അംഗീകരിക്കുകയും നിർമ്മാണത്തിന്റെ പൂർണ ചുമതല എക്സിക്യൂട്ടീവ് കമ്മിറ്റിയെ ഏല്പിക്കുകയും ചെയ്തു.

പള്ളിയിൽ കൂടിയ ഇടവകാംഗങ്ങളുടെ സാന്നി ദ്ധ്യത്തിൽ മൂശാരിയേത്ത് ശ്രീ എം.വി. ജേക്കബ് പതിനായിരത്തി ഒന്ന് രൂപ മാത്യു തോമസച്ചനെ ഏല്പിച്ചതോടെ ദേവാലയ പുനർനിർമ്മാണത്തിന് സംഭാവന സ്വീകരിക്കുന്നതിന് തുടക്കമായി. തുടർന്ന് അന്ന് ദേവാലയത്തിൽ വന്നു ചേർന്നവരെല്ലാവരും സംഭാവനകൾ വാഗ്ദാനം ചെയ്തു കൊണ്ട് ഈ മഹനീയ സംരംഭത്തിൽ ആത്മാർത്ഥമായി സഹ കരിക്കുകയും ചെയ്തു. സംഭാവനകൾക്ക് പുറമേ, കൂടുതൽ വിഭവസമാഹരണത്തിനായി ഇടവകയിൽ ഒരു പരസ്പര സഹായനിധി പൊതുയോഗ തീരു മാനപ്രകാരം രൂപീകരിക്കുകയും ക്യാപ്റ്റൻ (റിട്ട) എൻ.സി. ജോൺ (സെക്രട്ടറി), ശ്രീ ഉമ്മൻ വർഗീ സ്, ശ്രീ ജോസ് കെ. തോമസ് എന്നിവരുൾപ്പെട്ട സമിതിയെ ചുമതലയേൽപ്പിക്കുകയും ചെയ്തു.

പള്ളിപണിയുടെ സിവിൽ കോൺട്രാക്ട് കട്ടേഷന്റെ അടിസ്ഥാനത്തിൽ ശ്രീ അരുൾ പോളിന് നൽകി. പുതുക്കിപ്പണിയുന്ന പള്ളിയുടെ ശിലാസ്ഥാപന കർമ്മം 1996 ഫെബ്രുവരി 25 ഞായറാഴ്ച മലങ്കര മെത്രാപ്പൊലീത്ത പരിശുദ്ധ മോറാൻ മാർ ബസേ ലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോ ലിക്ക ബാവ തിരുമനസ്സു കൊണ്ട് നിർവ്വഹിച്ചു. ശിലാസ്ഥാപന കർമ്മത്തിന് രാവിലെ ഏഴു മണിക്ക് എത്തിച്ചേർന്ന ബാവ തിരുമേനിയെ ഇടവകജനങ്ങൾ ഭക്ത്യാദരപൂർവ്വം കത്തിച്ച മെഴുകുതിരികളുമായി

സ്വീകരിച്ച് പള്ളിയിലേക്ക് ആനയിച്ചു. തുടർന്നു വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം കുരിശുരൂപം കൊത്തിയ അടിസ്ഥാനശില ബാവ തിരുമേനി പ്രാർത്ഥനാപൂർവ്വം സ്ഥാപിക്കുമ്പോൾ ദേവാലയത്തിന്റെ പഴക്കം സൂചിപ്പിച്ചുകൊണ്ട് 97 ആചാരവെടികൾ അന്തരീക്ഷത്തെ പ്രകമ്പനം കൊള്ളിച്ചു.

സഭയിലെ സീനിയർ വൈദികരടക്കം ഇടവകയിലെ മുഴുവൻ ജനങ്ങളും സമീപ ഇടവകാംഗങ്ങളും ചടങ്ങിൽ സംബന്ധിച്ചിരുന്നു. മലയാള മനോരമ, മാതൃഭൂമി, കേരള കൗമുദി, മംഗളം തുടങ്ങിയ മലയാളത്തിലെ മിക്ക ദിനപത്രങ്ങളും പ്രാധാന്യത്തോടെ തന്നെ ഇതു സംബന്ധിച്ച വാർത്തകളും ചിത്രവും പ്രസിദ്ധപ്പെടുത്തി.

1996 മാർച്ച് മാസത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. ഓഗസ്റ്റോടു കൂടി ഫൗണ്ടേഷന്റെയും ബേസ്മെന്റിന്റെയും പണികൾ പൂർത്തിയായി. പള്ളിയുടെ മുഖവാരത്തിന്റെ ഫൗണ്ടേഷൻ രണ്ടര അടി കനത്തിലും 42 അടി നീളത്തിലും 9 അടി വീതിയിലും ആർസിസിയിലാണ് നിർമ്മിച്ചിരിക്കുന്നത്.

മുപ്പത് തൂണുകളും അവയെ ബന്ധിപ്പിക്കുന്ന ഗ്രേഡ് ബീമുകളും മേൽക്കൂരയ്ക്ക് താങ്ങായിട്ടുള്ള ബീമുകളും മദ്ബഹാ മേൽക്കൂരയും ഹൈക്കലാ മേൽക്കൂരയും മണിഗോപുരവും ചേർന്നതാണ് പള്ളിയുടെ പ്രധാന സ്ട്രക്ചർ. ഇവയെല്ലാം ആർസിസിയിലാണ് നിർമ്മിച്ചിരിക്കുന്നത്.

115 അടി നീളവും 42 അടി വീതിയുമുള്ള പള്ളിയുടെ ഉയരം തറനിരപ്പിൽ നിന്നു പ്രധാന മദ്ബഹയുടേതു കുരിശുൾപ്പെടെ 74 അടിയും മുഖവാരത്തിന്റേതു കുരിശുൾപ്പടെ 80 അടിയും ഹൈക്കലാ മേൽക്കൂരയുടേതു 33 അടിയുമാണ്.

ദേവാലയത്തിന്റെ നിർമ്മാണ വസ്തുക്കൾ എല്ലാം തന്നെ ഉന്നത ഗുണനിലവാരമുള്ളതാണ്. 43/53 ഗ്രേഡിലുള്ള ഏറ്റവും മികച്ച ഓർഡിനറി പോർട്ട്ലാൻഡ് സിമന്റും ടോർ 50 ഗ്രേഡിലുള്ള ടാറ്റ നിർമ്മിതമായ തുരുമ്പിനെ ചെറുക്കുന്ന പ്രത്യേക കമ്പികളും (Corrosion Resistant Steel) മറ്റും ഉപയോഗിച്ചാണ് നിർമ്മാണം പൂർത്തീകരിച്ചത്.

ഭിത്തികൾ കെട്ടുന്നതിന് വയർ കട്ട് ഇഷ്ടിക (കമ്പനികട്ട) ഉപയോഗിച്ചു. നിർമ്മാണ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടം വരെ കൺവീനറെന്ന നിലയിൽ സ്തുത്യർഹമായ സേവനം കാഴ്ച വച്ച ശ്രീ ടി.സി. പൊന്നച്ചൻ വിരമിച്ചതിനെത്തുടർന്ന് 27.04.1997ൽ കൂടിയ പൊതുയോഗം പുതിയ കൺവീനറായി ശ്രീ ഉമ്മൻ വർഗീസിനെയും ജോയിന്റ് കൺവീനറായി ശ്രീ ജോസ് കെ. തോമസിനെയും ചുമതലകൾ ഏല്പിച്ചു. കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി എക്സിക്യൂട്ടീവ് കമ്മിറ്റി വിപുലപ്പെടുത്തുകയും ചെയ്തു.

ദേവാലയ പുനർനിർമ്മാണ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

1. റവ. ഫാ. മാത്യു തോമസ് (പ്രസിഡന്റ്)
2. ശ്രീ ടി.സി. പൊന്നച്ചൻ, പുത്തൻപീടികയിൽ (കൺവീനർ 1995-1997)
3. ശ്രീ വി.ഡി. സ്കറിയ മണയ്ക്കൽകരോട്ട് (സെക്രട്ടറി)
4. ശ്രീ ഉമ്മൻ വർഗീസ് പീസ് കോട്ടേജ് (കൺവീനർ 1997-1999)
5. ശ്രീ ജോസ് കെ. തോമസ്, തറയിൽ (ജോയിന്റ് കൺവീനർ)
6. ശ്രീ എം.വി. ജേക്കബ്, മൂശാരിയേത്ത്
7. ശ്രീ പി.എം. ജോയി, ഷാരോൺ
8. ശ്രീ പി.കെ. കോശി, കരോട്ട്
9. ശ്രീ കെ.എം. ചാക്കോ, പതാരത്തിൽ
10. ശ്രീ എൻ.സി. ഉമ്മൻ, ഷൈനിഭവൻ
11. ശ്രീ സി.കെ. ബേബി, ചാമക്കണ്ടത്തിൽ
12. ശ്രീ ഇ.ജെ. മാമ്മൻ, ഇലഞ്ഞിലേത്ത്
13. ശ്രീ കെ.ടി. വർഗീസ്, കൊട്ടയ്ക്കാട്ട്
14. ശ്രീ ജോൺസൺ മാത്യു, ചിറവരമ്പിൽ
15. ശ്രീ എൻ.സി. ജോൺ, അനിൽ ലാൻഡ്
16. ശ്രീ വി.കെ. തങ്കച്ചൻ, ബിജു ഭവൻ
17. ശ്രീ വർഗീസ് തോമസ്, തച്ചക്കുന്നിൽ
18. ശ്രീ മത്തായി വർഗീസ്, ചേരാംപള്ളിൽ
19. ശ്രീ ടി.ജെ. ജോർജ്, തച്ചക്കുന്നിൽ ഗാർഡൻസ്
20. ശ്രീ ബേബി, മറ്റത്ത്
21. ശ്രീ ഷാജി പി. ബേബി, പാലമൂട്ടിൽ
22. ശ്രീ ജോയി ഡാനിയേൽ, മുകടിയിൽ

വിദേശത്തുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

23. ശ്രീ പി.എം. ജോസ്, പ്ലാമൂട്ടിൽ
24. ശ്രീ പി.കെ. തോമസ്, തോംസൺ വില്ല
25. ശ്രീ ബാബു ജോർജ്, തെങ്ങേതിൽ കിഴക്കേതിൽ
26. ശ്രീ ജോർജ് തോമസ്, തച്ചക്കുന്നിൽ
27. ശ്രീ രാജു വർഗീസ്, സ്നേഹഭവൻ
28. ശ്രീ മാത്യു സി. ഉമ്മൻ, ചിറയിൽ തെക്കേക്കര

പള്ളിയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ തുടക്കം 1997 ജൂൺ ഒന്നിന് ഞായറാഴ്ച വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം ഇടവക മെത്രാപ്പൊലീത്ത

നിവദിശ്രീ തോമസ് മാർ അത്തനാസിയോസ് ദേവാലയത്തിന്റെ പ്രധാന വാതിൽ സ്ഥാപിച്ചുകൊണ്ട് നിർവ്വഹിച്ചു.

തുടർന്നു നിർമ്മാണം ദ്രുതഗതിയിൽ തന്നെ മുന്നോട്ടു നീങ്ങി. മേൽക്കൂര വാർക്കുകയും ഭിത്തികളുടെ പണികൾ പൂർത്തിയാക്കുകയും ചെയ്തു. ദേവാലയത്തിന്റെ ആറ് കുരിശുകളും സ്ഥാപിച്ചു.

പള്ളിക്ക് പ്രധാനമായും ഏഴു വാതിലുകളാണുള്ളത്. ഇവയുടെ നിർമ്മാണത്തിന് ആവശ്യമായ തേക്ക് തടി പത്തനാപുരം സർക്കാർ ഡിപ്പോയിൽ നിന്ന് മാത്യു തോമസച്ചന്റെ നേതൃത്വത്തിൽ കമ്മിറ്റി അംഗങ്ങൾ ലേലംചെയ്ത് കൊണ്ടുവരികയാണുണ്ടായത്. പള്ളിയുടെ പ്രധാനപ്പെട്ട മൂന്നു വാതിലുകളും ശിൽപാലംകൃതമായി അതിമനോഹരമായാണ് നിർമ്മിച്ചിട്ടുള്ളത്. ദേവാലയത്തിന് അകവും പുറവും ഗ്രാനൈറ്റും മാർബിളും കൊണ്ട് മോടി പിടിപ്പിച്ചിരിക്കുന്നു. വിദേശത്തും ഇവിടെ വൻ നഗരങ്ങളിലും മാത്രം ലഭ്യമായ റിഫ്ളക്ടീവ് ഗ്ലാസ് ഘടിപ്പിച്ചിരിക്കുന്നതു കൊണ്ട് പള്ളിയുടെ മുഖവാരത്തിന് പ്രത്യേക ശോഭ കൈവന്നിരിക്കുന്നു. പള്ളിക്കുള്ളിലെ മനോഹാരിതയുടെ മാറ്റ് വർദ്ധിപ്പിക്കുന്ന മിക്ക ഉപകരണങ്ങളും ഇടവകാംഗങ്ങൾ സംഭാവന ചെയ്തവയാണ്.

എംസി റോഡരികിൽ സ്ഥിതിചെയ്യുന്ന ദേവാലയം ദർശിക്കുന്നതു തന്നെ അനുഗ്രഹകരവും നയനാനന്ദകരവുമായ കാഴ്ചയാണ്. ഇത്രയും ഭംഗിയാർന്നൊരു കാഴ്ച വേറെ കാണണമെങ്കിൽ യരുശലേമിൽത്തന്നെ പോകേണ്ടി വരുമെന്നാണ് അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലിമ്മിസ് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടത്. റോഡിൽ നിന്ന് വൃക്ഷലതാദികൾക്കിടയിലൂടെ കുന്നും നീലാകാശവും പശ്ചാത്തലം ഒരുക്കിയിരിക്കുന്ന ദേവാലയം ദർശിക്കുന്ന ആരും അഭിവന്ദ്യ പിതാവിന്റെ പ്രസ്താവനയിൽ അതിശയോക്തി ഉണ്ടെന്ന് പറയുകയില്ല.

ദേവാലയ കൂദാശയ്ക്ക് എത്തിച്ചേർന്ന പരിശുദ്ധ കാതോലിക്ക ബാവയും ദേവാലയത്തിന്റെ മനോഹാരിതയെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. വിശുദ്ധ മൂന്ന് മദ്ബഹായിലും സ്ഥാപിച്ചിരിക്കുന്ന കുസ്കുദിശോ ഈ ഇടവകയുടെ പുനരുദ്ധാരകനായ മാർ പീലക്സിനോസ് പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന കബറിനോട് ചേർന്നുള്ള പുത്തൻകാവ് വലിയപള്ളി മദ്ബഹയിലെ കുസ്കുദിശോയുടെ അതേ മാതൃകയിൽ തന്നെ അതിമനോഹരമായി നിർമ്മിച്ചതാണ്.

ഇരുന്നൂറോളം ഭവനങ്ങൾ മാത്രമുണ്ടായിരുന്ന ഈ ഇടവകയിൽ, നിർബ്ബന്ധിത പിരിവു കൂടാതെ ഇത്രയും വലുതും മനോഹരവുമായ ഒരു ദേവാലയം 40 ലക്ഷത്തോളം രൂപ മുടക്കി പണികഴിപ്പിക്കാൻ കഴിഞ്ഞത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സുതാര്യമായ പ്രവർത്തനശൈലി കൊണ്ടു മാത്രമായിരുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റി രൂപംകൊണ്ടതു മുതൽ പണികൾ പൂർത്തിയാവുന്നതു വരെ എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം പ്രസിഡന്റ് മാത്യു തോമസച്ചന്റെ അദ്ധ്യക്ഷതയിൽ ഇവിടെയുള്ള കമ്മിറ്റി അംഗങ്ങൾ യോഗം ചേർന്ന് പണി സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിൽ ജാഗരൂകരായിരുന്നു.

ഒരിക്കൽപ്പോലും സാമ്പത്തിക ബുദ്ധിമുട്ടു മൂലം നിർമ്മാണ പ്രവർത്തനങ്ങൾ നിലയ്ക്കുകയോ നൂറു കണക്കിന് ആളുകൾ രാപ്പകൽ ജോലിചെയ്യുന്നതിനിടെ അപകടം മൂലം പണി നിർത്തിവയ്ക്കേണ്ടിവരികയോ ചെയ്തിട്ടില്ല. ഇതു പരിശുദ്ധ പരുമല തിരുമേനിയുടെ പാദസ്പർശംകൊണ്ട് ഈ ഭൂമി പവിത്രമായതു കൊണ്ടു തന്നെയാണെന്ന് വിശ്വസിക്കാം.

ദേവാലയ പുനർനിർമ്മാണത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചതിനു ശേഷം പരിശുദ്ധ കാതോലിക്ക ബാവ ചെയ്ത പ്രസംഗത്തിൽ പള്ളിയുടെ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കാൻ സ്നേഹത്തോടെ ഇടവകാംഗങ്ങളോട് ആവശ്യപ്പെട്ടിരുന്നു. റെക്കോർഡ് സമയത്തിനുള്ളിൽ അക്ഷരാർത്ഥത്തിൽത്തന്നെ ഒരു വലിയ പള്ളിയുടെ നിർമ്മാണം പൂർത്തിയാക്കാനും കൂദാശ ചെയ്യുന്നതിനും ഇടയായത് പൂർവ്വ പിതാക്കന്മാരുടെ അനുഗ്രഹവും ബഹുമാനപ്പെട്ട മാത്യു തോമസച്ചന്റെ നേതൃത്വവും കൊണ്ടാണെന്നതിൽ സംശയമില്ല. നിർണായക ഘട്ടങ്ങളിൽ അച്ചന്റെ അനുഭവജ്ഞാനവും താത്പര്യവും നിർമ്മാണ പ്രവർത്തനങ്ങളെ കുറച്ചൊന്നുമല്ല സഹായിച്ചിട്ടുള്ളത്. കമ്മിറ്റി അംഗങ്ങളോടൊപ്പം വിവിധ ആവശ്യങ്ങൾക്കായി അനേകം പള്ളികളും സർക്കാർ ഓഫിസുകളും സന്ദർശിക്കുന്നതിൽ അച്ചൻ ഒരിക്കൽപ്പോലും വൈമനസ്യം കാണിച്ചിട്ടില്ല.

ജീവിതത്തിൽ കടുത്ത ദുരന്തം ഏൽപിച്ച ആഘാതത്തിന്റെ മുറിവുകൾ മായുന്നതിനു മുമ്പു തന്നെ കൺവീനർ എന്ന നിലയിലുള്ള ഉത്തരവാദിത്തം ഏറ്റെടുത്ത് സത്യസന്ധമായ രീതിയിൽ ശാരീരിക അവശതകൾ വകവയ്ക്കാതെയുള്ള പ്രവർത്തനം കാഴ്ചവയ്ക്കാൻ ശ്രീ ഉമ്മൻ വർഗീസിന് കഴിഞ്ഞു.

നിർമ്മാണ പ്രവർത്തനങ്ങളിൽ പിഴവുണ്ടാവാതിരിക്കാനും ഏറ്റവും മികച്ച നിർമ്മാണവസ്തുക്കൾ കൊണ്ട് പണികൾ പൂർത്തീകരിക്കുന്നതിനും മികവ് പരിപാലിച്ചു കൊണ്ടു തന്നെ പദ്ധതിച്ചെലവു ചുരുക്കുന്നതിനും ജോയിന്റ് കൺവീനർ ശ്രീ ജോസ് കെ. തോമസ് ശ്രദ്ധിച്ചിട്ടുണ്ട്.

പള്ളിയുടെ ട്രസ്റ്റി എന്ന നിലയിലുള്ള ഉത്തരവാദിത്തം വഹിക്കുന്നതോടൊപ്പം തന്നെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ശ്രീ എൻ.സി. ഉമ്മൻ ശ്രദ്ധാലുവായിരുന്നു. ഇവരുടെ പ്രവർത്തനങ്ങളെ ഇടവകയുടെ മാനേജിങ് കമ്മിറ്റിയുടെ

ശുപാർശ പ്രകാരം വികാരി റവ. ഫാ. മാത്യു തോമസ് ശ്ലാഘിക്കുകയുണ്ടായി.

പൊതുയോഗം ഏല്പിച്ച ചുമതല ഏറ്റവും ഭംഗിയായി നിർവ്വഹിക്കുന്നതിന് മിക്ക എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും പിഴവു കൂടാതെ ഇത്രയും ബൃഹത്തായ ഒരു പദ്ധതിയുടെ കണക്കുകൾ കൈകാര്യം ചെയ്ത ശ്രീ വി.ഡി. സ്കറിയയും പലപ്പോഴും ശാരീരികമായി തന്നെ അധ്വാനിച്ച് പുനർനിർമ്മാണത്തിൽ സഹകരിച്ച മറ്റത്ത് ശ്രീ ബേബിയും എടുത്തു പറയത്തക്ക പ്രവർത്തനം കാഴ്ചവച്ചവരാണ്.

ഇടവകയിലെ യുവജനപ്രസ്ഥാനം, മർത്തമറിയ സമാജം, ബാലികാ-ബാലസമാജങ്ങൾ, പ്രാർത്ഥനായോഗങ്ങൾ എന്നീ ആദ്ധ്യാത്മിക സംഘടനകളും എല്ലാ ഇടവകാംഗങ്ങളും ഏറ്റവും ആത്മാർത്ഥമായിത്തന്നെ ദൈവത്തിന്റെ ആലയം നിർമ്മിക്കുക എന്ന മഹനീയ സംരംഭത്തോട് സഹകരിച്ചു.

ശതാബ്ദിയും കൂദാശയും

പുനർനിർമ്മിച്ച പള്ളിയുടെ ശതാബ്ദിയും പെരുന്നാളും കൂദാശയും വളരെ ആർഭാടപൂർവ്വം 1999 ജനുവരി 17 മുതൽ 31 വരെ (1174 മകരം 3-17) വിപുലമായ പരിപാടികളോടെ നടത്തി. ആഘോഷങ്ങൾ സമുചിതമായി നടത്തുന്നതിന് 21.06.1998ൽ കൂടിയ പൊതുയോഗം തീരുമാനിക്കുകയും ജനറൽ കൺവീനറായി ശ്രീ ഉമ്മൻ വർഗീസിനെയും വിവിധ കമ്മിറ്റികളുടെ കൺവീനർമാരായി സർവ്വശ്രീ ജോസ് കെ. തോമസ് (റിസപ്ഷൻ/സുവനീർ) വി.ഡി. സ്കറിയ (പ്രോഗ്രാം), സന്തോഷ് മാത്യു (പബ്ലിസിറ്റി), സി.കെ. ബേബി (ഫുഡ്), ടി.എസ്. ഷാജി (സ്റ്റേജ് & സൗണ്ട്) എന്നിവരെയും തിരഞ്ഞെടുത്തു.

1999 ജനുവരി 17നു ഞായറാഴ്ച വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം ബഹുമാനപ്പെട്ട വികാരി മാത്യു തോമസച്ചൻ ദേവാലയത്തിനഭിമുഖമായി ഓഫിസിനോടു ചേർന്നു മാറ്റി സ്ഥാപിച്ച കൊടിമരത്തിലും തുടർന്ന് എല്ലാ കുരിശിൻ സൗധങ്ങളിലും കൊടിയേറ്റിയതോടെ ചടങ്ങുകൾക്ക് തുടക്കം കുറിച്ചു. അന്നുതന്നെ ഇടവകയിലെ എല്ലാ ഭവനങ്ങളിലും ശതാബ്ദി ചിഹ്നം ആലേഖനം ചെയ്ത കൊടികൾ സുവിശേഷസംഘത്തിന്റെ സാന്നിദ്ധ്യത്തിൽ പ്രാർത്ഥനാപൂർവ്വം സ്ഥാപിച്ചു. പിന്നീടുള്ള ദിവസങ്ങളിൽ ഗാനശുശ്രൂഷ, ധ്യാനയോഗം, സമർപ്പണ പ്രാർത്ഥന, മദ്ധ്യസ്ഥ പ്രാർത്ഥന, സുവിശേഷ പ്രസംഗം തുടങ്ങിയ വിവിധ പരിപാടികൾ നടന്നു.

24-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം സെമിത്തേരിയിൽ പ്രത്യേക പ്രാർത്ഥന നടത്തി. ഉച്ചയ്ക്ക് ഒരു മണിക്ക് ഈ ദേവാലയം സ്ഥാപിച്ച പരിശുദ്ധ പരുമല തിരുമേനിയുടെ പുണ്യകബറിങ്കൽ നിന്ന് ഇടവക മെത്രാപ്പൊലീത്ത നിവദിശ്രീ തോമസ് മാർ അത്തനാസിയോസ് കൊളുത്തിയ ദീപശിഖ അനേകം വാഹനങ്ങളുടെ അകമ്പടിയോടെ ഘോഷയാത്രയായി റവ. ഫാ. മാത്യൂ തോമസ്, റവ. ഫാ. സി.ഒ. ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ പള്ളിയിൽ എത്തിച്ചേർന്നു.

ദീപശിഖ ഘോഷയാത്ര ചെങ്ങന്നൂർ പഴയപള്ളി, പേരിശേരി വലിയപള്ളി, ബഥേൽ അരമനപ്പള്ളി, പുത്തൻകാവ് കത്തീഡ്രൽ, മുളക്കുഴ പള്ളി, മാന്തുക സെന്റ് ഗ്രിഗോറിയോസ് കുരിശിൻസൗധം, സെന്റ് തോമസ് കുരിശിൻ സൗധം, കുളനട സെന്റ് ജോർജ് ചാപ്പൽ, ടിബി ജംക്ഷൻ, വലിയ മാർ ബസേലിയോസ് കുരിശിൻസൗധം, വട്ടയം സെന്റ് ജോർജ് പള്ളി എന്നിവിടങ്ങളിൽ നിന്നുള്ള സ്വീകരണം ഏറ്റുവാങ്ങി പുന്നക്കുളഞ്ഞി സെയ്ന്റ് ഗ്രിഗോറിയോസ് കുരിശിൻസൗധത്തിൽ എത്തിയതിനെത്തുടർന്ന് പള്ളിയിലേക്ക് ഭക്തിനിർഭരമായ പ്രദക്ഷിണവും ഉണ്ടായിരുന്നു.

ഇടവകയുടെ അതിർത്തിയിൽ പ്രവേശിച്ച ദീപശിഖ, യൂണിഫോം ധരിച്ച യുവജനങ്ങൾ കൈമാറി ഓടിയാണ് ദേവാലയത്തിൽ എത്തിച്ചത്. പിന്നീട് കൂദാശയോടനുബന്ധിച്ചു പള്ളിയിലെ കെടാവിളക്കിലേക്ക് പരിശുദ്ധ കാതോലിക്ക ബാവ ഇതിൽനിന്ന് ദീപനാളം പകർന്നു.

തുടർന്നുള്ള മൂന്നു ദിവസം വചനശുശ്രൂഷ നടന്നു. ജനുവരി 28-ാം തീയതി വ്യാഴാഴ്ച രാവിലെ വിശുദ്ധ കുർബ്ബാനയും ഉച്ചയ്ക്ക് മൂന്നു മണിയോടു കൂടി ശ്രേഷ്ഠ നിയുക്ത കതോലിക്ക നിവദിശ്രീ തോമസ് മാർ തിമോത്തിയോസ്, തിരുവനന്തപുരം ആർച്ച് ബിഷപ് അഭിവന്ദ്യ ഡോ. സിറിൾ മാർ ബസേലിയോസ്, അഭിവന്ദ്യ മെത്രാപ്പൊലീത്തമാരായ മാത്യൂസ് മാർ എപ്പിഫാനിയോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ്, ഇടവക മെത്രാപ്പൊലീത്ത തോമസ് മാർ അത്തനാസിയോസ്, വന്ദ്യ തെയോഫറസ് റമ്പാൻ എന്നിവരെ ഭക്ത്യാദരപൂർവ്വം പള്ളിയിലേക്ക് ആനയിച്ചു കൊണ്ടുള്ള സ്വീകരണ ഘോഷയാത്രയും നടന്നു. പൊൻകുരിശ്, വെള്ളിക്കുരിശ്, മുത്തുക്കുട, ശതാബ്ദി ചിഹ്നം ആലേഖനം ചെയ്ത പതാകകൾ, വിവിധ ട്രൂപ്പുകളുടെ ബാൻഡ്-ചെണ്ടമേളങ്ങൾ എന്നിവ അകമ്പടി സേവിച്ചു. ഘോഷയാത്ര പള്ളിയിലെത്തിയതോടെ പൊതുസമ്മേളനം ആരംഭിച്ചു.

പൊതുസമ്മേളനം

ശ്രേഷ്ഠ നിയുക്ത കാതോലിക്ക അഭിവന്ദ്യ തോമസ് മാർ തിമോത്തിയോസ് മെത്രാപ്പൊലീത്തയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളം അഭിവന്ദ്യ ആർച്ച് ബിഷപ് ഡോ. സിറിൾ മാർ ബസേലിയോസ് ഉദ്ഘാടനം ചെയ്തു. ശതാബ്ദി-കൂദാശയോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണികയുടെ പ്രകാശനകർമ്മം ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പൊലീത്ത, അഡീഷണൽ ചീഫ്

സെക്രട്ടറി ഡോ. ഡി. ബാബുപോളിന് ആദ്യ കോപ്പി നൽകി നിർവ്വഹിച്ചു. അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ് മെത്രാപ്പൊലീത്ത രക്തദാന സേന രൂപീകരണവും അഭിവന്ദ്യ ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പൊലീത്ത സ്കോളർഷിപ് വിതരണവും നിർവ്വഹിച്ചു. അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പൊലീത്ത ആശംസകൾ നേർന്നു. ഡോ. കെ.എം. തരകൻ മുഖ്യ പ്രഭാഷകനായിരുന്നു. പ്രഫ. പി.ജെ. കുര്യൻ എംപി ഇടവക പണികഴിപ്പിച്ചു നൽകുന്ന ഭവനത്തിന്റെ താക്കോൽദാനം നിർവഹിച്ചു.

സഭാസംബന്ധമായ പ്രധാനപ്പെട്ട കാര്യങ്ങൾക്കു വേണ്ടി ന്യൂഡൽഹിയിലായിരുന്ന പരിശുദ്ധ കാതോലിക്ക ബാവ ചടങ്ങുകളിൽ സംബന്ധിക്കുന്നതിനായി എത്തിച്ചേർന്നത് വലിയ അനുഗ്രഹമായി അനുഭവപ്പെട്ടു.

കുദാശ ഒന്നാം ഭാഗവും രണ്ടാം ഭാഗവും

ദേവാലയ കൂദാശയുടെ ഒന്നാം ഭാഗം 1999 ജനുവരി 28 വ്യാഴാഴ്ച വൈകിട്ട് 6.30ന് സന്ധ്യാനമസ്കാരത്തെ തുടർന്ന് പരിശുദ്ധ ബാവയുടെ മുഖ്യ കാർമ്മികത്വത്തിലും ശ്രേഷ്ഠ നിയുക്ത കാതോലിക്ക അഭിവന്ദ്യ തോമസ് മാർ തിമോത്തിയോസ്, അഭിവന്ദ്യ മെത്രാപ്പൊലീത്തമാരായ മാത്യൂസ് മാർ എപ്പിഫാനിയോസ്, തോമസ് മാർ അത്തനാസിയോസ് എന്നിവരുടെ സഹകാർമ്മികത്വത്തിലുമായി നടത്തി. രണ്ടാം ഭാഗം 29 വെള്ളിയാഴ്ച (1174 മകരം 15) രാവിലെ ഏഴു മണിക്ക് പ്രഭാത നമസ്കാരത്തിനു ശേഷം നടന്നു. പിന്നീട് പരിശുദ്ധ ബാവയുടെ തന്നെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയും നടത്തി.

ഉള്ളന്നൂർ വലിയപള്ളി

ദേവാലയ കൂദാശയുടെ പൂർത്തീകരണത്തിനും വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയ്ക്കും ശേഷം നടന്ന ചടങ്ങിൽ നൂറിന്റെ നിറവിലെത്തിയ പള്ളിയെ 'വലിയ പള്ളി'യായി പ്രഖ്യാപിക്കണമെന്ന ഇടവക മെത്രാപ്പൊലീത്ത അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ് പരിശുദ്ധ ബാവയോട് അപേക്ഷിച്ചു. **ഒരു നിമിഷം കണ്ണുകളടച്ച് ധ്യാനനിരതനായിരുന്ന ശേഷം പരിശുദ്ധ ബാവ, ഇതേക്കുറിച്ച് കർത്തൃസന്നിധിയിൽ ആലോചിച്ചിട്ട് ശരിയെന്നു തോന്നുന്നതിനാൽ ഈ പള്ളി ഇനി മുതൽ ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയ പള്ളി എന്നറിയപ്പെടുമെന്ന് ഉറച്ച ശബ്ദത്തിൽ പ്രഖ്യാപിച്ചു.** പ്രഖ്യാപനം വിളംബരം ചെയ്തു കൊണ്ട് 101 ആചാരവെടികൾ മുഴങ്ങി. തുടർന്ന് ആശീർവാദവും നടന്നു.

പിറ്റേന്ന് ശതാഭിഷിക്തനാകുന്ന പരിശുദ്ധ ബാവ ജന്മദിന കേക്ക് മുറിക്കുകയും എല്ലാവരോടുമൊപ്പം സന്തോഷം പങ്കിടുകയും ചെയ്തു. ദേവാലയ കവാടത്തിനരികിൽ സ്ഥാപിച്ച ശിലാഫലകവും പരിശുദ്ധ ബാവ അനാച്ഛാദനം ചെയ്തു. പിന്നീട് നേർച്ചവിളമ്പും നടന്നു. 30നു ശനിയാഴ്ച സന്ധ്യാനമസ്കാരവും 31 ഞായറാഴ്ച വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയും വൈകിട്ട് ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികവും നടന്നതോടു കൂടി ശതാബ്ദി ആഘോഷങ്ങൾക്കും കൂദാശാകർമ്മത്തിനും പെരുന്നാൾ മഹാമഹത്തിനും തിരശീല വീണു.

ശതോത്തര രജതജൂബിലി

16.10.2022ൽ കൂടിയ പൊതുയോഗം ഇടവകയുടെ സ്ഥാപനത്തിന്റെ ശതോത്തര രജതജൂബിലി സമുചിതമായി ആഘോഷിക്കുന്നതിന് തീരുമാനിച്ചു. ഇടവകയിലെ 231 കുടുംബങ്ങളേയും ഉൾപ്പെടുത്തി സ്വാഗത സംഘം രൂപീകരിച്ചു. ഇടവക വികാരി വന്ദ്യ ജോൺ ചാക്കോ അച്ചനെ ചെയർമാനായും ട്രസ്റ്റി ശ്രീ പി.എം. അലക്സാണ്ടറെ ജനറൽ കൺവീനറായും ശ്രീ ഉമ്മൻ വർഗീസ്, ശ്രീ വി.ഡി. സ്കറിയ, ശ്രീ ബിജു മാത്യു എന്നിവരെ ജോയിന്റ് ജനറൽ കൺവീനേഴ്സ് ആയും ഫിനാൻസ്, റിസപ്ഷൻ, പ്രോഗ്രാം, പബ്ലിസിറ്റി, ഫുഡ്, ലൈറ്റ് & സൗണ്ട്, ഡിസ്ട്രിബ്യൂഷൻ & ട്രാൻസ്പോർട്ടേഷൻ, കാർഷികം, പരിസ്ഥിതി, സുവനീർ എന്നിങ്ങനെ വിവിധ സബ് കമ്മിറ്റികളേയും തിരഞ്ഞെടുത്തു.

22.01.2023ൽ വിശുദ്ധ കുർബാനയ്ക്കും സെമിത്തേരിയിലെ ധൂപാർപ്പണത്തിനും ശേഷം പള്ളിയുടെ സുവർണക്കൊടിമരത്തിലും പുത്തൻപറമ്പിൽ ശ്രീ പി.വി. മാത്യുവിന്റെ ഭവനത്തിൽ നിന്നു ഘോഷയാത്രയായി കൊണ്ടു വന്നു പള്ളിയുടെ ഗ്രൗണ്ടിൽ സ്ഥാപിച്ച കൊടിമരത്തിലും എല്ലാ കുരിശിൻ സൗധങ്ങളിലും കൊടിയേറ്റ് നടത്തി. വിശുദ്ധ ദൈവമാതാവിന്റെ ഛായാചിത്രം വഹിച്ചു കൊണ്ടുള്ള വിളംബര വാഹന റാലി മാതൃദേവാലയമായ തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രലിൽ നിന്ന് ആരംഭിച്ച് മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിലെ സ്വീകരണത്തിനു ശേഷം ഘോഷയാത്രയായി ദേവാലയത്തിൽ എത്തിച്ചേർന്നു.

ശതോത്തര രജതജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം 28.01.2023ൽ ഇടവക മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ കേന്ദ്ര ന്യൂനപക്ഷ ക്ഷേമകാര്യ വകുപ്പ് സഹ മന്ത്രി ശ്രീ ജോൺ ബർല നിർവ്വഹിച്ചു. തുമ്പമൺ ഭദ്രാസന മെത്രാപ്പൊലീത്ത അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലിമ്മീസ് അനുഗ്രഹപ്രഭാഷണം നടത്തി. ജീവകാരുണ്യ പദ്ധതികളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ നിർവ്വഹിച്ചു.

04.03.2023ൽ വിദ്യാർത്ഥികൾക്കായുള്ള മോട്ടിവേഷൻ & കരിയർ ഗൈഡൻസ് ക്ലാസ് അഡ്വ. ബെനി കുര്യൻ

നയിച്ചു. 18.03.2023ൽ സെയ്ന്റ് മേരീസ് കമ്മ്യൂണിറ്റി സെന്ററിൽ പന്തളം സി.എം. ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ മെഗാ മെഡിക്കൽ ക്യാംപ് നടത്തി. തുടർന്നുള്ള ദിവസങ്ങളിൽ ഭദ്രാസനതല മർത്തമറിയം സമാജ വാർഷിക സമ്മേളനവും സൺഡേ സ്കൂൾ ഡിസ്ട്രിക്ട് അർധവാർഷിക സമ്മേളവും പള്ളിയിൽ നടന്നു.

ശതോത്തര രജതജൂബിലിയോടനുബന്ധിച്ച് അതിമനോഹരമായി നവീകരിച്ച ഉള്ളന്നൂർ വലിയപള്ളിയുടെ സമർപ്പണ പ്രാർത്ഥന 10.06.2023ൽ ഇടവക മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ഇതോടനുബന്ധിച്ച് വിശുദ്ധ മദ്ബഹായിൽ വികാരി വന്ദ്യ ജോൺ ചാക്കോ അച്ചന്റെയും മറ്റ് വൈദികരുടെയും സഹകാർമ്മികത്വത്തിൽ ഐക്കൺ ചിത്രങ്ങൾ സ്ഥാപിച്ചു.

15.08.2023ന് രാവിലെ പള്ളിയിൽ ദേശീയ പതാക ഉയർത്തുകയും കുളനട ഗ്രാമപഞ്ചായത്തിലെ 62 വിമുക്ത ഭടന്മാരെയും ഇടവകാംഗമായ മേജർ വിവേക് ജെ.കെ. തോമസിനെയും പൊന്നാടയണിയിച്ച് ആദരിക്കുകയും ചെയ്തു. 28.01.2024ൽ നടന്ന പ്രവാസി സമ്മേളനം പ്രശസ്ത നോവലിസ്റ്റും കുളനട സ്വദേശിയുമായ ശ്രീ ബെന്യാമിൻ ഉദ്ഘാടനം ചെയ്തു. ഇടവക സീനിയേഴ്സ് ഫോറത്തിന്റെ നേതൃത്വത്തിൽ ഇടവക മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, ഇടവക വികാരി വന്ദ്യ ജോൺ ചാക്കോ അച്ചൻ, ഇടവകയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള മുൻ വികാരിമാർ, ഇടവകപ്പട്ടക്കാർ, സിസ്റ്റർ ലുദിയ, പ്രധാന ശുശ്രൂഷകൻ ശ്രീ ഡാനിയേൽ വർഗീസ് എന്നിവരെ ആദരിക്കുകയും ഉപഹാരം നൽകുകയും ചെയ്തു. ഇടവക മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സീനിയേഴ്സ് ഫോറം മുതിർന്ന അംഗം ശ്രീ ഉമ്മൻ വർഗീസ് അദ്ധ്യക്ഷത വഹിച്ചു. പത്തനാപുരം മൗണ്ട് താബോർ ദയറ ട്രഷറർ വെരി റവ. ഡോ. ഡേവിഡ് കോശി റമ്പാൻ, വെരി റവ. മാത്യു തോമസ് കോറെപ്പിസ്കോപ്പ (ചെങ്ങന്നൂർ), വികാരി റവ. ഫാ. ജോൺ ചാക്കോ, ഇടവക ട്രസ്റ്റി ശ്രീ പി.എം. അലക്സാണ്ടർ, സീനിയേഴ്സ് ഫോറം സെക്രട്ടറി ശ്രീ ബാബു ജോൺ മാത്യു എന്നിവർ പ്രസംഗിച്ചു. സീനിയേഴ്സ് ഫോറത്തിന്റെ ലോഗോ ഇടവക മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് പ്രകാശനം ചെയ്തു.

ശതോത്തര രജതജൂബിലി ആഘോഷ സമാപന സമ്മേളനം 2024 ജനുവരി 29ന് ആദരണീയനായ ഗോവ ഗവർണർ ശ്രീ പി.എസ്. ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്തു. സമൂഹത്തിൽ മനുഷ്യനെ മാറ്റിയെടുക്കുന്നതിനായി ഏത് നവോത്ഥാനവും മാറ്റങ്ങളും നടപ്പാക്കിയാലും അത് വിപ്ലവത്തിൽക്കൂടി മാത്രം സാധ്യമാകില്ലെന്നും ആത്മീയതയിലൂടെ മാത്രമേ അതിനു കഴിയൂവെന്നും ഏത് മതത്തിൽപ്പെട്ടവരായാലും ആത്മീയതയ്ക്കു മാത്രമേ മാറ്റമുണ്ടാക്കാനാകൂ എന്നും ഇതിനു കേരളത്തിലെ ക്രൈസ്തവ സഭയുടെ പങ്ക് വളരെ വലുതാണെന്നും ഗവർണർ പറഞ്ഞു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ അനുഗ്രഹ പ്രഭാഷണം നടത്തി. മറ്റുള്ളവരുടെ കഷ്ടപ്പാടുകൾ കണ്ടറിഞ്ഞ് അവരെ വളർത്തണമെന്നും അവർക്കു വേണ്ട സഹായങ്ങൾ ചെയ്യാനും നമ്മൾ ശ്രമിക്കണമെന്നും പാവപ്പെട്ടവർ ദുഃഖിച്ചിരിക്കുമ്പോൾ നമ്മൾക്ക് സന്തോഷിക്കാൻ കഴിയില്ലെന്നും പണമില്ലാതെ ആരുടെയും വിദ്യാഭ്യാസവും ചികിത്സയും മുടങ്ങാതിരിക്കാൻ ശ്രദ്ധിക്കണമെന്നും പരിശുദ്ധ ബാവ പറഞ്ഞു.

ഭദ്രാസന സെക്രട്ടറി റവ. ഫാ. പി.കെ. കോശി അദ്ധ്യക്ഷത വഹിച്ചു. മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, വന്ദ്യ ഡോ. ഡേവിഡ് കോശി റമ്പാൻ, വികാരി റവ. ഫാ. ജോൺ ചാക്കോ, ശ്രീ ഉമ്മൻ വർഗീസ്, ശ്രീ പി.എം. അലക്സാണ്ടർ, ശ്രീ വി.ഡി. സ്കറിയ, പഞ്ചായത്ത് അംഗം ശ്രീ ബിജു പരമേശ്വരൻ, ശ്രീ ബിജു മാത്യു, ശ്രീ ജോർജ് തോമസ്, ശ്രീ ജോസി ജയിംസ് എന്നിവർ പ്രസംഗിച്ചു. ശതോത്തര രജതജൂബിലി സുവനീറിന്റെ പ്രകാശനം ശ്രീ ഉമ്മൻ വർഗീസിനു നൽകിക്കൊണ്ട് പരിശുദ്ധ ബാവ നിർവ്വഹിച്ചു. സമാപന പ്രാർത്ഥന, സ്നേഹവിരുന്ന്, കൊടിയിറക്ക് എന്നിവയ്ക്കു ശേഷം കൊച്ചിൻ നവദർശൻ ആർട്സിന്റെ ഗാനമേളയും ഉണ്ടായിരുന്നു. പരിസ്ഥിതി സംരക്ഷണണത്തിനും കൃഷിക്കും മുൻതൂക്കം നൽകി സംഘടിപ്പിച്ച വിവിധ പരിപാടികളും നടത്തി.

ഉള്ളന്നൂർ വലിയപള്ളിയിലെത്തുന്ന എല്ലാവരും അവാച്യമായ ഒരു ആത്മീയനിർവൃതി ലഭിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു. എല്ലായ്പ്പോഴും ദേവാലയത്തെക്കുറിച്ചു മാത്രം ചിന്തിച്ച്, അർപ്പണബുദ്ധിയോടെ അക്ഷീണം പ്രയത്നിച്ചവരുടെ പ്രവർത്തനങ്ങൾ അസ്ഥാനത്തായില്ലെന്നുള്ളതിന് മകുടോദാഹരണമായി, നാടിന്റെ മൂല്യസ്രോതസ്സായി, വെളിച്ചമാളികയായി വലിയപള്ളി നിലകൊള്ളുന്നു.

ഈ ദേവാലയം ഇന്ന് ഈ നാടിന്റെ സർവൈശ്വര്യങ്ങളുടെയും നിദാനമായി മാറിയിരിക്കുകയാണ്. ഇവിടെ നിന്നുയരുന്ന പ്രാർത്ഥനകളും മണിനാദങ്ങളും ഈ നാടിനെ അഭൗമമായൊരു അന്തരീക്ഷത്തിലേക്ക് ഉയർത്തുന്നു. ഈ നാടിനു രക്ഷയുടെ ശബ്ദവും പ്രത്യാശയുടെ ചിഹ്നവുമായി ഈ പുണ്യസങ്കേതം പരിണമിച്ചിരിക്കുന്നു.

പുനരുദ്ധാരണ ഘട്ടം മുതൽ ഇടവകയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ഭരണസമിതി അംഗങ്ങൾ

വർഷം	ട്രസ്റ്റി	കണക്കൻ	സെക്രട്ടറി
1934 - 36	വർഗീസ് മത്തായി	തോമസ് മാത്തുണ്ണി (1934) എം.സി. ഇടിക്കുള	എം.സി. ഇടിക്കുള
1937	വി.സി. ജേക്കബ്	ടി	ടി
1938	ടി	ടി	വി.സി. ജേക്കബ്
1939 - 43	എം. ഉമ്മൻ	വി.സി. ഡേവിഡ്	ടി
1944 - 50	വി.സി. ജേക്കബ്	കെ.ഇ. ഉമ്മൻ	ടി
1951	വർഗീസ് മത്തായി	ടി	ടി
1952 - 54	മാത്തുണ്ണി മത്തായി	കെ.ഇ. വർഗീസ്	കെ.ഇ. ഉമ്മൻ
1955	കെ.ഒ. യോഹന്നാൻ	ടി.കെ. ജോർജ്	വി.സി. ജേക്കബ്
1956	കെ.കെ. ജോർജ്	ടി	ടി
1957	ടി	ടി	ടി
1958	മാത്തുണ്ണി തോമസ്	പി.സി. ജോർജ്	ടി
1959	ടി	വി.സി. ഡേവിഡ്	ടി
1960	പി.ഐ. ജോസഫ്	പി.ടി. സാമുവേൽ	ടി
1961	വി.സി. ജേക്കബ്	കെ.ഇ. ഉമ്മൻ	ടി
1962	പി.ടി. സാമുവേൽ	പി.സി. ജോർജ്	എൻ.സി. ജോയി
1963	കെ.ഒ. യോഹന്നാൻ	വി.സി. ഡേവിഡ്	പി.ടി. സാമുവേൽ
1964	പി.ടി. സാമുവേൽ	ടി.കെ. ജോർജ്	എൻ.സി. ജോയി
1965	വി.സി. ഡേവിഡ്	കെ.ഇ. ഉമ്മൻ	ഡീ. എൻ.സി. ഇടിക്കുള
1966	പി.സി. ജോർജ്	പി.ടി. സാമുവേൽ	സി.എം. ജോയി
1967	പി.ടി. സാമുവേൽ	പി.സി. ജോർജ്	ഡീ. എൻ.സി. ഇടിക്കുള
1968	വി.എം. ഡാനിയേൽ	സി.എം. അലക്സാണ്ടർ	പി.സി. ജോർജ്
1969	പി.ടി. സാമുവേൽ	വി.എം. ഡാനിയേൽ	ടി
1970	എം.എം. സാമുവേൽ	പി.കെ. ജോർജ്	ടി
1971	എൻ. ജോർജ്	പി.എം. സാമുവേൽ	പി.കെ. ജോർജ്
1972	ടി	ടി	ടി
1973	ടി.ജെ. ഡാനിയേൽ	പി.എം. അലക്സാണ്ടർ	പി.സി. ജോർജ്
1974	പി.ടി. സാമുവേൽ	പി.എം. സാമുവേൽ	ടി
1975	പി.സി. ജോർജ്	വി.എം. തോമസ്	പി.ടി. സാമുവേൽ
1976	ഉമ്മൻ ഈശോ		വി.എം. തോമസ്
1977	ടി		പി.ടി. സാമുവേൽ
1978	ടി		ടി
1979	എൻ.സി. ഉമ്മൻ		സി.ഒ. മാത്യൂസ്
1980	ടി		ടി
1981	തോമസ് വർഗീസ്		വി.സി. ഡേവിഡ്
1982	പി.എം. വർഗീസ്		വി.എം. ഡാനിയേൽ
1983	തോമസ് വർഗീസ്		പി.ടി. സാമുവേൽ
1984	എൻ.സി. ഉമ്മൻ		പി.എം. വർഗീസ്
1985	ടി		ടി
1986	ടി		ടി

വർഷം	ട്രസ്റ്റി	സെക്രട്ടറി
1987	ഇ.ജെ. മാമ്മൻ	കെ.എം. ചാക്കോ
1988-89	പി.എം. വർഗീസ്	വിൽസൺ ജോർജ്
1989-90	ടി	ടി
1990-91	ജോൺസൺ മാത്യു	പി.ജെ. ഫിലിപ്പ്
1991-92	പി.ടി. വർഗീസ്	ടി
1992-93	പി.ടി. തോമസ്	പി.കെ. സാമുവേൽ
1993-94	ജോൺകുട്ടി വി.ഡി. ജോൺ	ടി.സി. പൊന്നച്ചൻ ടി
1994-95 ജൂലൈ	എൻ.സി. ജോൺ	പി.ജെ. ഫിലിപ്പ്
1995 ഓഗ.- 96 മാർച്ച്	ടി.സി. പൊന്നച്ചൻ	വി.ഡി. സ്കറിയ
1996-97	എൻ.സി. ഉമ്മൻ	കെ.ജി. ജയിംസ്
1997-98	ടി	ടി
1998-99	ടി	ടി
1999-2000	ടി	ടി
2000-01	ഉമ്മൻ വർഗീസ്	വി.ഡി. സ്കറിയ
2001-02	ടി.ജെ. ഡാനിയേൽ	ടി
2002-03	ടി	കെ.ജി. ജയിംസ്
2003-04	ടി	ടി
2004-05	ടി	ടി
2005-06	എൻ.സി. ജോൺ	വി.ഡി. സ്കറിയ
2006-07	ഉമ്മൻ വർഗീസ്	ടി
2007-08	ടി.ജെ. ഡാനിയേൽ	കെ.ജി. ജയിംസ്
2008-09	വി.ഡി. സ്കറിയ	ടി
2009-10	ടി	സി.എം. ജയിംസ്
2010-11	ടി	കെ.ജി. ജയിംസ്
2011-12	ടി	ടി
2012-13	സി.വി. സാമുവേൽ	പി.എം. സാമുവേൽ
2013-14	സി.എം. ജയിംസ്	ടി.ഒ. ബേബി
2014-15	ജോർജ് തോമസ്	വി.ഡി. സ്കറിയ
2015-16	സി.എം. ജയിംസ്	ടി
2016-17	ടി	ടി
2017-18	ഉമ്മൻ വർഗീസ്	ടി
2018-19	ബാബു ജോൺ മാത്യു	പി.എം. അലക്സാണ്ടർ
2019-20	ഡാനിയേൽ ഉമ്മൻ	വി.ഡി. സ്കറിയ
2020-21	ടി	ടി
2021-22	സി.എം. ജയിംസ്	പി.എം. അലക്സാണ്ടർ
2022-23	പി.എം. അലക്സാണ്ടർ	ജോസി ജയിംസ്
2023-24	ടി	ടി

വന്ദ്യ ദിവ്യശ്രീ കോമട്ട് യാക്കോബ് കത്തനാർക്കു ശേഷം വാങ്ങിപ്പോയ ആചാര്യന്മാർ

വന്ദ്യ ദിവ്യശ്രീ സി.ഒ. യോഹന്നാൻ റമ്പാൻ

ഉള്ളന്നൂർ ചിറയിൽ തെക്കേക്കര വീട്ടിൽ ശ്രീ കൊച്ചുമ്മച്ചന്റെയും ശ്രീമതി ശോശാമ്മയുടെയും മൂന്നാമത്തെ മകനായി 06.08.1920ൽ ജനിച്ചു. ശൈശവകാലാരിഷ്ടമൂലം മാതാവ് പരുമല തിരുമേനിയുടെ മധ്യസ്ഥതയിൽ സമർപ്പിച്ചതിനാൽ ബാല്യകാലത്തു തന്നെ സന്ന്യാസ ജീവിതത്തിലും വൈദികവൃത്തിയിലും താത്പര്യം പ്രകടിപ്പിച്ചു. സഹപാഠികളോടും തന്റെ ആഗ്രഹം പറയുമായിരുന്നു. തോന്നല്ലൂർ സ്കൂളിൽ നിന്ന് ഏഴാം ക്ലാസ്സിൽ ജയിച്ചതിനു ശേഷം ഉപരി പഠനത്തിന് സംസ്കൃതം നിർബ്ബന്ധമായതു മൂലം പന്തളത്ത് കൊച്ചുകോയിക്കലെ രാഘവ വർമ തമ്പുരാന്റെ ശിഷ്യത്വം സ്വീകരിച്ച് തർക്കം, വ്യാകരണം, അലങ്കാരം, കാവ്യം, നാടകം എന്നീ വിഷയങ്ങൾ നിഷ്പ്രയാസം പഠിച്ചു. ആ വർഷം തന്നെ ഓമല്ലൂർ ആര്യഭാരതി വിദ്യാമന്ദിരത്തിൽ നിന്നു ശാസ്ത്രിപരീക്ഷ ജയിക്കുകയും ചെയ്തു. കോമട്ട് യാക്കോബ് കത്തനാരുടെ ശ്രമഫലമായി 20.12.1940ൽ പത്തനാപുരം മൗണ്ട് താബോർ ദയറാംഗമായി നിവദിശ്രീ തോമ്മാ മാർ ദിവന്നാസിയോസ് തിരുമേനി ആശ്രമത്തിൽ സ്വീകരിച്ചു. ഇതിനോടകം സാഹിത്യവിശാരദ് പരീക്ഷ പ്രൈവറ്റായി ജയിച്ചു. 1944ൽ സെന്റ് സ്റ്റീഫൻസ് ഇംഗ്ലിഷ് സ്കൂളിൽ അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ചു. 'ഉണ്ണി അച്ചൻ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. 1948ൽ പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവ കോറൂയോ പട്ടം നൽകി. 1950ൽ കശീശയായി.

സെന്റ് സ്റ്റീഫൻസ് ബോർഡിങ് ഹോമിന്റെ വാർഡനായും ബോർഡിങ് മാസ്റ്ററായും ചുമതല വഹിച്ചു. മുപ്പതു വർഷക്കാലത്തോളം വിവിധ ഇടവകകളുടെ ചുമതലയും വീഴ്ചകൂടാതെ ഏറ്റെടുത്തു നടത്തി. ദീർഘ കാലം മൗണ്ട് താബോർ ദയറയുടെ അസിസ്റ്റന്റ് സുപ്പീരിയർ കൂടിയായിരുന്ന റമ്പാച്ചൻ 14.08.2000ൽ പത്തനാപുരം മൗണ്ട് താബോർ ദയറയിൽ ദിവംഗതനായി.

റവ. ഫാ. പി.ഒ. ജേക്കബ്

ഉള്ളന്നൂർ പടിഞ്ഞാറ്റിടത്ത് ശ്രീ ഉമ്മന്റെയും ശ്രീമതി ആച്ചിയമ്മയുടെയും പുത്രനായി 06.02.1934ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കൊൽക്കത്ത യൂണിവേഴ്സിറ്റിയിൽ നിന്നു ബി.എ. ബി.ടി. ബിരുദങ്ങൾ നേടി. 1953ൽ ശെമ്മാശപട്ടവും 1958ൽ കശീശാപട്ടവും സ്വീകരിച്ചു. ബാഹ്യ കേരള ഭദ്രാസനത്തിലായിരുന്നു സേവനമനുഷ്ഠിച്ചത്. കൊൽക്കത്ത, മുംബൈ, ബെംഗളൂരു, റാഞ്ചി, ഭിലായ്, പുണെ, ആൻഡമാൻസ് എന്നീ ഇടവകകൾക്കു പുറമേ മലേഷ്യ, സലാല, സിംഗപ്പൂർ എന്നീ വിദേശ ഇടവകകളിലും മൈലപ്ര ആശ്രമത്തിലും ദീർഘകാലം സേവനമനുഷ്ഠിച്ചു. 02.10.2018ൽ ദിവംഗതനായി.

റവ. ഫാ. എൻ.സി. ഇടിക്കുള (ജോയി അച്ചൻ)

ഉള്ളന്നൂർ വലിയകാലായിൽ ശ്രീ ഇടിക്കുള ചാക്കോയുടെയും ശ്രീമതി ശോശാമ്മയുടെയും മകനായി 01.05.1939ൽ ജനിച്ചു. കോളജ് വിദ്യാഭ്യാസം കഴിഞ്ഞ്

അദ്ധ്യാപക ജോലി സ്വീകരിച്ചു. 12.04.1964ൽ ശെമ്മാശപട്ടവും 18.12.1966ൽ കശീശാപട്ടവും സ്വീകരിച്ചു. 15.01.1967ൽ ആദ്യമായി ഉള്ളന്നൂർ പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ബിഎഡ് പാസായ ശേഷം 1958 മുതൽ 1994 വരെ അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചു.

അവിഭക്ത തുമ്പമൺ ഭദ്രാസനത്തിൽ ഇടവക വികാരി ആയിരുന്ന ജോയി അച്ചൻ കുരീലയ്യം സെന്റ് ജോൺസ്, അരുവാപ്പുലം സെന്റ് ജോർജ്, പൊന്നമ്പി സെന്റ് ജോർജ്, കിഴക്കുപുറം സെന്റ് ജോർജ്, പനയ്ക്കൽ മാർ ബർസൗമ, പമ്പുമല ബഥനി എന്നീ ഇടവകകളിലും ചെങ്ങന്നൂർ ഭദ്രാസനത്തിലെ മാരാമൺ, പുല്ലാട്, തോനയ്ക്കാട്, പെരിങ്ങലിപ്പുറം, കുട്ടംപേരൂർ, പേരിശേരി ഈസ്റ്റ്, കാരയ്ക്കാട് സീനായ്ക്കുന്ന്, കടമാംകുളം, പടനിലം, പഴകുളം എന്നീ ഇടവകകളിലും സേവനമനുഷ്ഠിച്ചു.

ഉളനാട് സെന്റ് ജോൺസ് യു.പി. സ്കൂൾ ഹെഡ്മാസ്റ്റർ കൂടിയായിരുന്ന അച്ചൻ, തുമ്പമൺ താഴം സെന്റ് മേരീസ് ധ്യാന കേന്ദ്ര സ്ഥാപകൻ കൂടിയാണ്. 11.06.2017ൽ ദിവംഗതനായി. പ്രക്കാനം പാലക്കുന്നിൽ ശ്രീമതി അന്നമ്മയാണ് സഹധർമ്മിണി.

മക്കൾ: റവ. ഫാ. പ്രഫ. എൻ.ജെ. ജേക്കബ് റോയി, വെരി റവ. ഡോ. എൻ.ജെ. ഡേവിഡ് കോശി റമ്പാൻ പത്തനാപുരം.

വെരി റവ. സി.ഒ. ജോസഫ് റമ്പാൻ

ഉള്ളന്നൂർ ചിറയിൽ തെക്കേക്കര വീട്ടിൽ ശ്രീ ഉമ്മൻ മത്തായിയുടെയും ശ്രീമതി ഏലിയാമ്മ മത്തായിയുടെയും രണ്ടാമത്തെ മകനായി 24.09.1939ൽ ജനിച്ചു. സ്കൂൾ ഫൈനൽ പൂർത്തിയായതിനു ശേഷം 08.07.1961ൽ പത്തനാപുരം താബോർ ദയറയിൽ അംഗമായി ചേർന്നു. നിവദിശ്രീ തോമാ മാർ ദിവന്നാസിയോസിൽ നിന്നു 30.05.1967ൽ പൂർണ ശെമ്മാശപട്ടം സ്വീകരിച്ചു. തുടർന്ന് നാലു വർഷം തിരുമേനിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു. 15.09.1973ൽ കശീശാപട്ടം സ്വീകരിച്ചു. 1964 മുതൽ 1969 വരെ സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിലും സെന്റ് സ്റ്റീഫൻസ് കോളജിലും ജോലി ചെയ്തു. 1970 മുതൽ 1994 വരെ മൗണ്ട് താബോർ ട്രെയിനിങ് കോളജ് ലൈബ്രേറിയനായിരുന്നു. ഈ കാലയളവിൽ വിവിധ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. 02.12.2003ൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ റമ്പാൻ സ്ഥാനം നൽകി. 2013–2018 കാലയളവിൽ പത്തനാപുരം മൗണ്ട് താബോർ ദയറയുടെ സുപ്പീരിയർ ആയിരുന്നു. 12.11.2022ൽ മൗണ്ട് താബോർ ദയറയിൽ ദിവംഗതനായി.



ശ്രീ സി.കെ. വറുഗീസ്

(മുൻ പ്രധാന ശുശ്രൂഷകൻ)

ഈ ഇടവകയിൽ 61ൽ പരം വർഷം തുടർച്ചയായി ശുശ്രൂഷകനായിരുന്നത് ചേരാമ്പള്ളിൽ ശ്രീ സി.കെ. വറുഗീസ് ആയിരുന്നു. ശ്രീ കൊച്ചുകുഞ്ഞിന്റെയും ശ്രീമതി മറിയാമ്മയുടെയും മകനായി 11.12.1915നു ജനിച്ചു. പതിന്നാലാമത്തെ വയസ്സിൽ കോമട്ടു ദിവ്യശ്രീ യാക്കോബ് കത്തനാർ ഈ ജോലി ഭരമേല്പിച്ചു. തുടക്കത്തിൽ മലയിൽ ബഥനി പള്ളിയിലും 1932 മുതൽ 1993 വരെ ഇടവകയിലും സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. വല്യച്ചന്റെ കാലശേഷം അനേകം പട്ടക്കാരോടു കൂടി ഒത്തിണങ്ങി വേലചെയ്തു.

ഇടവകയിലെ ആദ്യകാലത്തെ പരിമിതമായ സൗകര്യങ്ങളിൽ പലവിധ ക്ലേശങ്ങളും സഹിച്ചുകൊണ്ട് ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും ആത്മാർത്തയോടു കൂടി പ്രവർത്തിച്ച ശ്രീ സി.കെ. വറുഗീസിന്റെ സുദീർഘമായ സേവനം ഇടവകയ്ക്ക് മുതൽക്കൂട്ടായിരുന്നു. 03.06.1999ൽ ദിവംഗതനായി.

ഇടവകയിലെ വൈദികർ

ഈ ദേവാലയത്തിൽ നിന്ന് ദൈവവേലയ്ക്കായി സമർപ്പിക്കപ്പെട്ടവരുടെ ഒരു നീണ്ട നിര തന്നെയുണ്ട്. നമ്മുടെ ആത്മീയ ജീവിതത്തെ സമ്പന്നമാക്കിയ ഈ സമർപ്പിതരുടെ ജീവിതത്തിലൂടെ ഒരു എത്തിനോട്ടം ഇവിടെ...

വെരി റവ. ജോൺ പോൾ കൊറെപ്പിസ്കോപ്പ



കോട്ടയം മെത്രാസനത്തിലെ മുണ്ടക്കയം പൈങ്ങണ സെന്റ് തോമസ് ഇടവകാംഗം വലിയ പീടികയിലായ പുൽപ്രക്കുഴിയിൽ ശ്രീ മത്തായി പൗലൂസിന്റെയും ശ്രീമതി അന്നമ്മയുടെയും അഞ്ചു മക്കളിൽ ഇളയവനായി 1954 ഓഗസ്റ്റ് 15ന് ജനിച്ചു. വിദ്യാഭ്യാസാനന്തരം 1975 മുതൽ 1987 വരെ ഗുജറാത്തിലെ സൂറത്തിൽ ഉദ്യോഗസ്ഥനായി. 1978 ഡിസംബർ 25ന് വിവാഹിതനായി. തിരുവല്ല സിംഹാസന പള്ളി ഇടവകയിൽ പുത്തൻപറമ്പിൽ യോഹന്നാന്റെയും അന്നമ്മയുടെയും മകൾ ശ്രീമതി വൽസമ്മയാണ് സഹധർമിണി.

മൂന്ന് മക്കൾ: അനു ജോൺ, അൻസു ജോൺ, ഫാ. പോൾസൺ ജോൺ.

1988 മേയ് 29ന് ചെങ്ങന്നൂർ മെത്രാസനത്തിനു വേണ്ടി കശീശയായി. സഭ മാനേജിങ് കമ്മിറ്റിയംഗം, ചെങ്ങന്നൂർ മെത്രാസന സെക്രട്ടറി, വൈദിക സംഘം സെക്രട്ടറി, ബസ്ക്യാമോ അസോസിയേഷൻ വൈസ് പ്രസിഡന്റ്, മർത്തമറിയം സമാജം വൈസ് പ്രസിഡന്റ് തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിച്ചതോടൊപ്പം 17 ഇടവകകളിൽ വികാരിയായി. 26.12.2023ൽ ഇടവക മെത്രാപ്പൊലീത്തയിൽ നിന്ന് കോറെപ്പിസ്കോപ്പ പദവി ലഭിച്ചു. കൺവൻഷൻ പ്രസംഗകൻ, ധ്യാന ഗുരു എന്നീ നിലകളിലും പ്രവർത്തിച്ചു.

2010–13 കാലയളവിൽ ഉള്ളന്നൂർ വലിയ പള്ളി വികാരിയായിരുന്നപ്പോൾ ദേവാലയത്തിനടുത്ത് സ്ഥിരതാമസമാക്കി. തുടർന്ന് ഉള്ളന്നൂർ വലിയ പള്ളി ഇടവകാംഗമായി വിശ്രമ ജീവിതം നയിക്കുന്നു.

വെരി റവ. ഡോ. എൻ.ജെ. ഡേവിഡ് കോശി റമ്പാൻ



ഉള്ളന്നൂർ നെടിയകാലായിൽ (തുമ്പമൺ താഴം താനുവേലിൽ പുത്തൻപുരയിൽ) റവ. ഫാ. എൻ. സി. ഇടിക്കുളയുടെയും ശ്രീമതി അന്നമ്മയുടെയും മകനായി 16.06.1966ൽ ജനിച്ചു. 03.11.1985ൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ ബാവയിൽ നിന്നു കോറൂയോ പട്ടവും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ ദിദിമോസ് ബാവയിൽ നിന്ന് 08.10.1992ൽ ശെമ്മാശ പട്ടവും 14.09.2000ൽ കാശീശാപട്ടവും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ ബാവയിൽ നിന്ന് 08.01.2022 റമ്പാൻ സ്ഥാനവും സ്വീകരിച്ചു.

കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് എംഎസ്സി, ബിഎഡ്, ഗണിത ശാസ്ത്രത്തിൽ പിഎച്ച്ഡി, മീററ്റ് സർവകലാശാലയിൽ നിന്ന് എംഫിൽ, സിസിഎസ് സർവകലാശാലയിൽ നിന്ന് എംഎഡ്, ബിസിഎസ് (സെറാംപൂർ), ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് സയൻസിൽ നിന്ന് ബിരുദാനന്തര ബിരുദം എന്നിവ കരസ്ഥമാക്കി. പോത്തുകൽ കാതോലിക്കേറ്റ് ഹൈസ്കൂൾ, പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹയർ സെക്കൻഡറി സ്കൂൾ, മാലൂർ സെന്റ് സ്റ്റീഫൻസ് കോളജ് ഗണിതശാസ്ത്ര വിഭാഗം മേധാവി, കോളജ് ലോക്കൽ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചു. 2022ൽ വിരമിച്ചു.

മധുര, തൂത്തുക്കുടി, അടുതല, നെല്ലിക്കുന്നം, ഇടമൺ, കറവൂർ, ചെമ്പനരുവി, ചാലിയക്കര, കരവാളൂർ, പൂവറ്റൂർ ഈസ്റ്റ് എന്നിവിടങ്ങളിൽ വികാരി ആയിരുന്നു.

ഇപ്പോൾ മൗണ്ട് താബോർ ദയറ ബർസാർ, കൊട്ടാരക്കര-പുനലൂർ ഭദ്രാസന സൺഡേ സ്കൂൾ വൈസ് പ്രസിഡന്റ്, ചിത്രപുരി സെന്റ് ഗ്രിഗോറിയോസ് വികാരി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

റവ. ഫാ. പി.സി. തോമസ്



പതാരത്തിൽ ശ്രീ കെ.എം. ചാക്കോയുടെയും ശ്രീമതി അന്നമ്മ ചാക്കോയുടെയും മകനായി 04.05.1959ൽ ജനിച്ചു. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എ., ജബൽപ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എ., സെറാംപൂരിൽ നിന്ന് ബി.ഡി. എന്നിവ കരസ്ഥമാക്കി. 19.07.1986ൽ ഉള്ളന്നൂർ പള്ളിയിൽ വച്ചു വൈദികനായി ചെങ്ങന്നൂർ ഭദ്രാസനത്തിൽ ശുശ്രൂഷ ആരംഭിച്ചു. 1995 മുതൽ 2015 വരെ മുംബൈ ഭദ്രാസനത്തിൽ സേവനമനുഷ്ഠിച്ചു. 2015 മുതൽ വീണ്ടും ചെങ്ങന്നൂർ ഭദ്രാസനത്തിൽ സേവനമനുഷ്ഠിക്കുന്നു.

റവ. ഫാ. പ്രഫ. എൻ.ജെ. ജേക്കബ് റോയി

ഉള്ളന്നൂർ നെടിയകാലായിൽ (തുമ്പമൺ താഴം താനുവേലിൽ പുത്തൻപുരയിൽ) റവ. ഫാ. എൻ. സി. ഇടിക്കുളയുടെയും ശ്രീമതി അന്നമ്മയുടെയും മകനായി 31.05.1965ൽ ജനിച്ചു. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് എംഎസ്സിയും എംഫില്ലും കരസ്ഥമാക്കി. 03.11.1985ൽ കോറൂയോ പട്ടവും 1992 ഒക്ടോബർ 12ന് വൈദികസ്ഥാനവും സ്വീകരിച്ചു.

കൊല്ലം ഭദ്രസനത്തിൽ സേവനം അനുഷ്ഠിച്ചിരുന്ന അച്ചൻ പത്തനാപുരം മാർ ലാസറസ്, കൈതപ്പറമ്പ്, ഇഞ്ചപ്പാറ, പന്തപ്ലാവ്, ആവണീശ്വരം എന്നീ ഇടവകകളിലും അടൂർ ഭദ്രാസനം രൂപീകൃതമായ ശേഷം ഇളമണ്ണൂർ, കടമ്പനാട് നെല്ലിമുകൾ ചാപ്പൽ, മാക്കുളം എന്നീ ദേവാലയങ്ങളിലും സേവന മനുഷ്ഠിച്ചു. ഇപ്പോൾ ഏഴംകുളം വടക്ക് സെന്റ് മേരീസ് പള്ളി വികാരിയാണ്. പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജ് ഗണിതശാസ്ത്ര വിഭാഗം മുൻ മേധാവിയാണ്. പത്തിച്ചിറ സെന്റ് ജോൺസ് ഓർത്തഡോക്സ് ഇടവകാംഗമായ ശ്രീമതി സുമ ജേക്കബാണ് സഹധർമ്മിണി. മക്കൾ: ഫാ. ബേസിൽ റോയ് ഇടിക്കുള, ഹന്ന എൽസ റോയ്.

റവ. ഫാ. തോമസ് വർഗീസ് (ബിജു അച്ചൻ)

ഉള്ളന്നൂർ പോച്ചാപ്പള്ളിൽ കിഴക്കേതിൽ ശ്രീ കെ.ജി. തോമസിന്റെയും ശ്രീമതി മറിയാമ്മ തോമസിന്റെയും മകനായി 05.05.1971ൽ ജനിച്ചു. ഹൈസ്കൂൾ പഠനത്തിനു ശേഷം സഭാരത്നം അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പൊലീത്തയുടെ മിഷൻ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിൽ അംഗമായി. ബിരുദം നേടിയ ശേഷം ഇറ്റാർസി ബാലഗ്രാമിൽ സേവനമനുഷ്ഠിച്ചു. 16.11.2004ൽ പുതുപ്പാടി സെന്റ് പോൾസ് ആശ്രമ ചാപ്പലിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് സഭയുടെ മിഷൻ ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളായ യാച്ചാരം സെന്റ് ഗ്രിഗോറിയോസ് ബാലഗ്രാം, ഇറ്റാർസി സെന്റ് പോൾസ് ബാലഗ്രാം തുടങ്ങിയ സ്ഥാപനങ്ങളിൽ മാനേജരായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ ഒഡീഷയിലുള്ള കലഹണ്ടി മിഷൻ മാനേജരായി പ്രവർത്തിക്കുന്നു.

റവ. ഫാ. ബിനു മാത്യൂസ്

ഉള്ളന്നൂർ ചിറയിൽ തെക്കേക്കരയിൽ ശ്രീ മാത്യൂസ് സി. ഉമ്മന്റെയും ശ്രീമതി മേരി മാത്യൂസിന്റെയും മകനായ ഫാ. ബിനു മാത്യൂസ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ അംഗമായി ഹൂസ്റ്റണിലാണ് വളർന്നത്. വളരെ ചെറുപ്പത്തിൽ തന്നെ ഡീക്കനായി സേവനം ആരംഭിച്ചു. അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് മെത്രാപ്പൊലീത്ത 1999ൽ റീഡറായി നിയമിച്ചു. തുടർന്ന് ഹൂസ്റ്റൺ ഏരിയ യൂത്ത് മിനിസ്റ്ററായി നിയമിതനായി. 2002 വരെ ആ പദവിയിൽ സേവനമനുഷ്ഠിച്ചു.

ഹൂസ്റ്റൺ സർവകലാശാലയിൽ നിന്ന് സൈക്കോളജിയിൽ ബിരുദം പൂർത്തിയാക്കിയ ശേഷം, സെന്റ് വ്ളാഡിമിർ ഓർത്തഡോക്സ് തിയളോജിക്കൽ സെമിനാരിയിലിയും സെന്റ് ടിഹോൺസ് ഓർത്തഡോക്സ് തിയളോജിക്കൽ സെമിനാരിയിലിയും ചേർന്നു മാസ്റ്റർ ഓഫ് ഡിവിനിറ്റി പൂർത്തിയാക്കി. സാൻ അന്റോണിയോയിലെ സെന്റ് മേരീസ് യൂണിവേഴ്സിറ്റിയിൽ നിന്ന് കൗൺസലിങ്ങിൽ എം.എ. ബിരുദം നേടി. 16.10.2010ൽ വൈദികനായി. 2011ൽ സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയുടെയും 2018ൽ സെന്റ് ജയിംസ് ഓർത്തഡോക്സ് മിഷൻ പള്ളിയുടെയും വികാരിയായി.

റവ. ഫാ. ജാക്സ് ജേക്കബ്

ചേരാംപള്ളിൽ കൃപ കോട്ടേജിൽ ശ്രീ ജേക്കബ് വർഗീസിന്റെയും ശ്രീമതി അന്നമ്മ ജേക്കബിന്റെയും മൂത്ത മകനായി 11.11.1986ൽ ജനിച്ചു. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നിന്നു ബോട്ടണി ബിരുദമെടുത്ത ശേഷം നാഗ്പുർ സെമിനാരിയിൽ നിന്ന് ബി.ഡി. പൂർത്തിയാക്കി. 14.05.2014ൽ പരുമല പള്ളിയിൽ വച്ച് ശെമ്മാശ പട്ടവും 27.06.2015ൽ ഉള്ളന്നൂർ വലിയ പള്ളിയിൽ വച്ച് ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് മെത്രപ്പൊലീത്തയിൽ നിന്നു വൈദിക പട്ടവും സ്വീകരിച്ചു. ആൻഡമാനിൽ ശുശ്രൂഷ ചെയ്തു. ഓസ്ട്രേലിയയിലെ ബ്രിസ്ബെയ്ൻ സെന്റ് ജോർജ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയിൽ വികാരിയായിരുന്നു. ഇപ്പോൾ ഡാർവിൻ സെന്റ് ജോർജ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളി വികാരിയായും ഏഷ്യ-പസിഫിക് ഭദ്രാസനത്തിലെ കൗൺസിൽ അംഗമായും എൻടി ഹെൽത്തിൽ ചാപ്ലിൻ ആയും സേവനമനുഷ്ഠിക്കുന്നു. ശ്രീമതി നിജിൻ സാമുവലാണു സഹധർമ്മിണി. മക്കൾ: നഥാന്യ ആൻ ജാക്സ്, ജെഹസിയേൽ സാറാ ജാക്സ്.

റവ. ഫാ. ബേസിൽ റോയ് ഇടിക്കുള

തുമ്പമൺ താഴം താനുവേലിൽ പുത്തൻപുരയിൽ റവ. ഫാ. പ്രഫ. എൻ.ജെ. ജേക്കബ് റോയിയുടെയും ശ്രീമതി സുമ ജേക്കബിന്റെയും മകനായി 13.09.1990ൽ ജനിച്ചു. അടൂർ-കടമ്പനാട് ഭദ്രാസനത്തിൽ സേവനമനുഷ്ഠിക്കുന്ന ഫാ. ബേസിൽ, പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂൾ ഗണിതശാസ്ത്ര അധ്യാപകനാണ്. മുൻപ് സുൽത്താൻ ബത്തേരി ഭദ്രാസനത്തിൽ കോറോം സെന്റ് മേരീസ്, ചെട്ടിയാംറമ്പ് സെന്റ് മേരീസ്,

കേളകം സെന്റ് തോമസ് എന്നീ ദേവാലയങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സഹധർമ്മിണി: ശ്രീമതി ബ്ലെസി വർഗീസ്.

റവ. ഫാ. പോൾസൺ ജോൺ പുൽപ്രക്കുഴിയിൽ

വെരി റവ. ജോൺ പോൾ കോറെപ്പിസ്കോപ്പയുടെയും ശ്രീമതി വത്സമ്മയുടെയും മകനായി 21.01.1992ൽ ജനിച്ചു. പുത്തൻകാവ് മെത്രാപ്പൊലീത്തൻ ഹൈസ്കൂൾ, തുമ്പമൺ എംജിഎം ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നിന്ന് എംഎ (ഇംഗ്ലിഷ്) ബിരുദത്തിനു ശേഷം പഴയ സെമിനാരിയിൽ വൈദിക പഠനം നിർവഹിച്ചു. തുടർന്ന് ചെങ്ങന്നൂർ മെത്രാസനത്തിനു വേണ്ടി 03.05.2021ൽ കശീശയായി. ഇപ്പോൾ കൂർത്തമല സെന്റ് മേരീസ് ഇടവകയിൽ സേവനമനുഷ്ഠിക്കുന്നു. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ മീഡിയ കോ-ഓർഡിനേറ്ററാണ്. കല്ലൂപ്പാറ സെന്റ മേരീസ് ഇടവകാംഗമായ റവ. ഫാ. പി.കെ ഗീവർഗീസിന്റെയും ശ്രീമതി ഗ്രേസിയുടെയും മകൾ അധ്യാപികയായ മെർലിൻ മറിയം വർഗീസാണ് സഹധർമ്മിണി.

റവ. ഫാ. തോമസ് വി. തോമസ് (അനു അച്ചൻ)

ഉള്ളന്നൂർ വലക്കടവിൽ പുത്തൻവീട്ടിൽ ശ്രീ തോമസ് മാത്യുവിന്റെയും ശ്രീമതി അന്നമ്മ തോമസിന്റെയും ഇളയ മകനായി 1993 മേയ് 24ന് ജനിച്ചു.

കോഴഞ്ചേരി സെന്റ് തോമസ് കോളജിൽ നിന്ന് മലയാള ഭാഷാ പഠനത്തിൽ ബിരുദം നേടി. കോട്ടയം പഴയ സെമിനാരിയിലായിരുന്നു വൈദിക പഠനം. 2018 സെപ്റ്റംബർ ഒന്നിന് ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയ പള്ളിയിൽ അഭിവന്ദ്യ മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പൊലീത്തയിൽ (പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ) നിന്ന് യൗവ്ഫദ്യ്ക്നോ പട്ടവും 2020 ജൂൺ 5ന് പൂർണ ശെമ്മാശ പട്ടവും ജൂൺ 9ന് കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ തെക്കൻ പിറമാടം മാർ ഔഗേൻ ആശ്രമത്തിൽ വച്ച് വൈദിക പട്ടവും സ്വീകരിച്ചു.

പെരുവ സെന്റ് മേരീസ് കാതോലിക്കേറ്റ് സെന്റർ സഹവികാരിയായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ കുന്നയ്ക്കാൽ (വെസ്റ്റ്) സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ വികാരിയായും പെരുവ പ്രശാന്തം പാലിയേറ്റിവ് കെയർ സെന്റർ മാനേജരായും പ്രവർത്തിക്കുന്നു.

ശ്രീമതി മനീഷ കുര്യാക്കോസാണ് സഹധർമ്മിണി.

മകൾ: അബീഗെയിൽ അന്ന തോമസ്.

റവ. സിസ്റ്റർ ലുദിയ

ഉള്ളന്നൂർ ചിറയിൽ തെക്കേക്കര ശ്രീ ഉമ്മൻ ഡാനിയേലിന്റെയും ശ്രീമതി ഏലിയാമ്മ ഡാനിയേലിന്റെയും മകളായി 17.07.1962ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 02.06.1977ൽ പത്തനാപുരം മൗണ്ട് താബോർ കോൺവന്റിൽ അംഗമായി ചേർന്നു. 02.06.1979ൽ സന്ന്യസ്ത ജീവിതത്തിന്റെ ആദ്യ പടി

തിമോത്തിയോസ് മെത്രാപ്പൊലിത്തയിൽ നിന്നു (പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ കാതോലിക്ക ബാവ) സന്ന്യാസജീവിതത്തിന്റെ അവസാന പടിയായ പ്രഫഷൻ സ്ഥാനം നൽകി. 2011 മുതൽ ബിഎഡ് കോളജ് ഹോസ്റ്റൽ വാർഡനായി പ്രവർത്തിക്കുന്നു.

യായ പോസ്റ്റലന്റ് സ്ഥാനവും (ശിരോവസ്ത്രം) സെന്റ് സ്റ്റീഫൻസ് കോളജിലെ വിദ്യാഭ്യാസത്തിനു ശേഷം 11.12.1981ൽ നോവീസ് സ്ഥാനവും (ക്ലോതിങ്) അഭിവന്ദ്യ സഖറിയ മാർ ദിവന്നാസ്യോസ് മെത്രാപ്പൊലീത്തയിൽ നിന്നു സ്വീകരിച്ചു. തിരുവനന്തപുരം വിബിഎസ്ടിയിൽ നിന്നു നഴ്സറി ട്രെയിനിങ്ങിനു ശേഷം 04.06.1984 മുതൽ നഴ്സറി സ്കൂളിന്റെ ചുമതല വഹിച്ചു. 26.08.1999ൽ അഭിവന്ദ്യ തോമസ് മാർ



ശ്രീ ഡാനിയേൽ വർഗീസ്
പ്രധാന ശുശ്രൂഷകൻ

പാവനസ്മരണയ്ക്ക്

"ആചാര്യേ-ശാ മശിഹാ-
കൂ-ദാശകളർപ്പിച്ചോ-
ഈ ആചാര്യന് ഏകുക
പുണ്യം നാഥാ സ്തോത്രം..."

REV. FR. N.C. IDICULLA
(JOY ACHEN)
(01.05.1939 - 11.06.2017)

INSERTED BY FAMILY MEMBERS

വചനത്തെ ഉള്ളിൽ വഹിച്ച അമ്മയ്ക്കു വചനപ്രണാമം

ഫാ. ജോൺ ചാക്കോ
(വികാരി 2022-25)

പരിശുദ്ധ കന്യാമറിയം, മാനവരാശിക്കു പകരുന്ന ആശ്വാസം ചെറുതല്ല. സർവ്വശക്തൻ ഒരു മനുഷ്യസ്ത്രീയുടെ കൈകളിൽ ഉറങ്ങുന്ന ചിത്രം നമുക്ക് പ്രചോദനമാണ്. അപ്പമായും വചനമായും നമ്മുടെ ജീവിതത്തിലേക്കു വന്ന ദൈവത്തിനു സ്നേഹമെന്നാണ് സുവിശേഷം നൽകിയ നാമം. പരിശുദ്ധ കന്യാമറിയത്തിന്റെ നാമത്തിലെ നമ്മുടെ ദേവലായം, മലങ്കരയുടെ മഹാപരിശുദ്ധനായ പരുമല തിരുമേനിയുടെ പ്രാർത്ഥനാശീർവാദത്താൽ തുടങ്ങിയ ഈ ദൈവാലയം, 125 സംവത്സരം പൂർത്തീകരിച്ചു.

ദൈവപരിപാലനത്തിൽ നടന്നുവന്ന വഴികളും നടന്നുതീർത്ത വഴികളും കോർത്തുവച്ച് എന്നും ഗരിമയോടെ ഉയർത്തിപ്പിടിക്കാവുന്ന ഒരു സുവർണ പുസ്തകം-'ശതോത്തര രജത ജൂബിലി സ്മരണിക' പ്രസിദ്ധീകൃതമാകുന്നു.

പൂർവപിതാവായ യാക്കോബ് കണ്ട ദർശനത്തിലെ സ്വർഗത്തിലേക്കുള്ള ഗോവണി കന്യാമറിയാമിന്റെ ദൃഷ്ടാന്തമായി പരിശുദ്ധ പിതാക്കന്മാർ അടയാളപ്പെടുത്തുന്നു. ഭൂമിയിലെ ബലഹീനരായ നമ്മെ ദൈവസവിധത്തിൽ എത്തിക്കാൻ പരിശുദ്ധ അമ്മയുടെ നാമത്തിൽ ഇവിടെ ഒരു അഭയകേന്ദ്രം. സങ്കടനിമിഷങ്ങളിൽ പെറ്റമ്മ പകരുന്ന വാത്സല്യ സ്നേഹം അതിന്റെ ദിവ്യഭാവത്തിൽ ഈ ബലിപീഠത്തിൽ നിന്ന് ഒഴുകുന്നു. ജീവിതങ്ങളിലെ സങ്കടത്തിന്റെ ശബ്ദത്തെ ദൈവസന്നിധിയിൽ പരിചയപ്പെടുത്തുന്ന ഈ ആലയം ഒന്നേകാൽ നൂറ്റാണ്ട് പൂർത്തീകരിക്കുമ്പോൾ ദാരിദ്ര്യത്തിന്റെ നടുവിലും ഒരു ആലയം പടുത്തുയർത്താൻ പാടുപെട്ട പൂർവികരായ നമ്മുടെ മാതാപിതാക്കളെ സ്മരിക്കുന്നു.

അവർ സ്വകുടുംബത്തെ പോറ്റി വളർത്തിയതിനൊപ്പം ഈ പള്ളിക്ക് കല്ല് ചുമന്നതിന്റെ സഹനത്തണലിലാണ് നമ്മൾ ഇന്ന് ആരാധനയർപ്പിക്കുന്നത്. സഹായിക്കാൻ കഴിയാത്തവണ്ണം ദൈവത്തിന്റെ കരം കുറുകിയിട്ടില്ലെന്നുള്ള സാക്ഷ്യങ്ങൾ ഉണ്ടിവിടെ. ദൈവവചനം പ്രസംഗിച്ച് വഴിനടത്തിയ കൂദാശാനുഷ്ഠാനകരായ പുരോഹിതന്മാർക്കും ആവുംവിധം ഇതിനുവേണ്ടി യത്നിച്ച, ആഗ്രഹിച്ച, സ്വപ്നം കണ്ടുപോയ തലമുറയ്ക്കും പുതുതലമുറയുടെ പ്രണാമം. കഴിഞ്ഞകാലങ്ങളുടെ സജീവ സ്മരണ നമുക്ക് ബലം പകരട്ടെ, കൃതജ്ഞതാഭരിതമായ മനസ്സാണല്ലോ ആദ്യത്തെ പ്രാർത്ഥന.

ഓരോ താളുകളും ഒരുപിടി മായാത്ത ഓർമ്മകളായി മാറുന്നതാണ് ഈ പുസ്തകം. ഇതിന്റെ അകത്താളുകൾക്ക് അക്ഷരം കൊണ്ടും ആശയം കൊണ്ടും സമ്പൂർണത നൽകാൻ പരിശ്രമിച്ച ഓരോ എഴുത്തിനും സ്നേഹാദരവർപ്പിക്കുന്നു...

ഇനിയും ഒരു 125 ആഘോഷിക്കാൻ ഈ തലമുറയിൽ ആരും ഉണ്ടായെന്നു വരില്ല. എങ്കിലും ഈ ആലയം നിലനിൽക്കും, സംശയമില്ല. അന്നൊരു പക്ഷേ, സൂക്ഷിക്കപ്പെട്ട കൂട്ടത്തിൽ ഈ സ്മരണികയും ഉണ്ടാവും. എഴുത്തുകളിൽ നിന്നും ചിത്രങ്ങളിൽ നിന്നും ആരെങ്കിലും നമ്മെ തിരിച്ചറിയുന്നുണ്ടാവും. അല്ലെങ്കിലും അക്ഷരങ്ങൾ പോലെ തലമുറകൾക്ക് കൈമാറാൻ മറ്റെന്ത് ദാനമാണ് നമുക്കുള്ളത്. കടന്നുവന്ന വഴികളും സുവിശേഷ ചിന്തകളും മധുരസ്മരണകളും ഇതിൽ നുരഞ്ഞു പതയുന്നുണ്ട്. കാലങ്ങൾക്കപ്പുറം ഏതോ തലമുറകളിൽ ഇത് വീഞ്ഞ് കണക്കെ സൂക്ഷിക്കപ്പെടട്ടെ.

ഉള്ളന്നൂരിന്റെ ഉള്ളറിയുന്ന പരിശുദ്ധ അമ്മയുടെ ദേവാലയം ശ്രേഷ്ഠമായി നിലകൊള്ളുന്ന ഇവിടെ, എന്നും പ്രാർത്ഥനയുടെ സുഗന്ധമുണ്ട്, പരിശുദ്ധ പരുമല തിരുമേനിയുടെ മാധ്യസ്ഥം ഉണ്ട്, അപേക്ഷിക്കുന്നവരുടെ യാചനകൾക്ക് മറുപടിയുമുണ്ട്. ഇനിയും അത് അങ്ങനെ തന്നെ തുടരും. ഉള്ളന്നൂർ ഗ്രാമത്തിനും സകല മനുഷ്യർക്കും സൃഷ്ടിജാലങ്ങൾക്കും ലോകത്തിനും പരിശുദ്ധ അമ്മയുടെ ഇടതടവില്ലാത്ത സ്നേഹമാസ്വദിക്കാൻ ഇടയാവട്ടെ...

ശതോത്തര രജതജൂബിലി ആഘോഷിക്കാൻ ഈ തലമുറയിൽ ബലഹീനനായ എനിക്കും ഈ ഇടവകയിലെ ജനങ്ങൾക്കും ദൈവം അനുവാദം തന്നു. അത് നമ്മുടെ ഭാഗ്യമായി കാണാം.

ദൈവസ്നേഹത്തിന്റെ തണലിൽ തുടർന്നും കഴിയുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. വചനത്തെ ഉള്ളിൽ വഹിച്ചവൾ ഇതിലെ അക്ഷരവചനങ്ങൾക്ക് ജീവൻ പകരട്ടെ...!

ദേശത്തിന്റെ പുണ്യ സ്രോതസ്സായ ദേവാലയം

ഫാ. ഡോ. എബ്രഹാം കോശി കുന്നുംപുറത്ത്
(ഇടവക വികാരി)

ഉള്ളന്നൂർ ദേശത്തിന്റെ ആത്മീയവും സാമൂഹികവുമായ ഘടനയിൽ, അനുഗ്രഹ നിറസാന്നിധ്യമെന്നോണം കഴിഞ്ഞ ഒന്നേകാൽ നൂറ്റാണ്ടായി നിലകൊള്ളുന്ന ദേവാലയമാണ് ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയപള്ളി. വിശുദ്ധ കന്യകമറിയാം അമ്മയുടെയും വിശുദ്ധ മാർത്തോമ്മ ശ്ലീഹയുടെയും വിശേഷാൽ തിരുശേഷിപ്പിന്റെ സാന്നിധ്യത്താൽ അനുഗൃഹീതമായ ഈ ദേവാലയത്തെ, പരിശുദ്ധ പരുമല കൊച്ചുതിരുമേനിയുടെ മദ്ധ്യസ്ഥതയും പ്രാർത്ഥനകളും കൂടുതൽ വിശുദ്ധമാക്കിത്തീർക്കുന്നു. മൺമറഞ്ഞുപോയ പൂർവസൂരികളായ പുണ്യപിതാക്കന്മരുടെ സാന്നിധ്യവും എന്നും ഈ ദേവാലത്തിന്റെ അനുഗ്രഹസ്രോതസ്സാണ്.

ദേവാലയം എന്നതു മതപരമായ ഘടനയേക്കാൾ ഏറെ അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന ആത്മിയ കേന്ദ്രമാണ്. അത് സമൂഹികജീവിതത്തിന്റെ സജീവവും ചലനാത്മകവുമായ ശക്തി സ്രോതസ്സാണ്. ഗ്രാമീണ പശ്ചാത്തലത്തിൽ സവിശേഷവും പരിവർത്തനാത്മകവുമായ പങ്ക് ദേവാലയങ്ങൾ വഹിക്കുന്നുണ്ട്. കേരളത്തിലും ദക്ഷിണേന്ത്യയിലും മാത്രമല്ല ഭാരതീയ ഗ്രാമങ്ങളിൽ, പ്രത്യേകിച്ച് ലോകത്തിൽ മലയാളികൾ അധിവസിക്കുന്ന എല്ലാ ഭൂഖണ്ഡങ്ങളിലും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായി നിലകൊള്ളുന്നുണ്ട്.

ദേവാലയങ്ങൾ വിശ്വാസികളുടെ ദൈനംദിനവും ആഴ്ചതോറുമുള്ള ആരാധന ജീവിതത്തെ ദൈവവുമായുള്ള ആഴമേറിയ ബന്ധത്തിൽ നയിക്കുവാൻ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നു. വിശ്വാസിയുടെ ജീവിതത്തിലെ എല്ലാ പ്രധാന സംഭവങ്ങളെയും ആത്മീയകൃപയാൽ അടയാളപ്പെടുത്തുന്നു. വിശുദ്ധ മാമ്മോദീസ, വിശുദ്ധ കുമ്പസാരം, വിശുദ്ധ വിവാഹം തുടങ്ങിയ വിശുദ്ധ കൂദാശകളിലൂടെ ഇത് വിശ്വാസികൾക്ക് വാഗ്ദാനം ചെയ്യപ്പെടുന്നു.

ആശയക്കുഴപ്പങ്ങൾ ഏറെ നേരിടുന്ന ആധുനിക ലോകത്തിൽ ക്രിസ്തീയ മൂല്യങ്ങൾ, സദ്ഗുണങ്ങൾ, അച്ചടക്കം എന്നിവ പരിശീലിപ്പിക്കുന്നു. പ്രബോധനങ്ങളിലൂടെയും മതപഠനങ്ങളിലൂടെയും സൺഡേ സ്കൂൾ പോലെയുള്ള ആത്മിയ പ്രസ്ഥാനങ്ങളിലൂടെയും സത്യം, ക്ഷമ, കാരുണ്യം, വിനയം, മറ്റുള്ളവരോടുള്ള സഹാനുഭൂതി എന്നിവയെക്കുറിച്ച് ആഴമായി മനസ്സിലാക്കാൻ വിശ്വാസികളെ പ്രാപ്തരാക്കുന്നു. പുരോഹിതന്മാർ ആത്മീയ പിതാവായും ഉപദേശകനായും വർത്തിക്കുന്നു. വിശ്വാസികളുടെ വ്യക്തിപരവും സാമൂഹികവുമായ വെല്ലുവിളികളിൽ നേർദിശയിൽ നയിക്കാൻ അവരെ സഹായിക്കുന്നു. സാമൂഹിക ജീവിതത്തിൽ ജാതി, പദവി, പ്രായം എന്നിവയ്ക്കപ്പുറം വിശ്വാസികളെ ഒരുമിച്ച് കൊണ്ടു വരുകയും അതിലൂടെ ശക്തമായ സ്വത്വബോധവും പരസ്പര സഹവർത്തിത്വവും വളർത്തുകയും ചെയ്യുന്നു.

പെരുന്നാളുകൾ പോലെയുള്ള വിശേഷ അവസരങ്ങളിൽ ഒരു പ്രദേശം മുഴുവൻ പങ്കുകൊള്ളുന്നതിനാൽ ബന്ധങ്ങളും പരസ്പര ബഹുമാനവും ശക്തിപ്പെടുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങൾ, അടിയന്തര ഘട്ടങ്ങളിലുള്ള സഹായം എന്നിവയിലൂടെ എല്ലാവരെയും ചേർത്തു പിടിക്കാൻ ശ്രമിക്കുന്നു. ദേശത്ത് സമാധാനത്തിന്റെയും നീതിയുടെയും കേന്ദ്രങ്ങളായാണ് ദേവാലയങ്ങൾ എന്നും നിലകൊള്ളുന്നത്. ബഹുമതങ്ങളുള്ള പ്രദേശങ്ങളിൽ സമാധാനപരമായ സഹവർത്തിത്വം, പരസ്പര ബഹുമാനം, സംവാദം എന്നിവയും എന്നും പ്രോത്സാഹിപ്പിക്കുന്നു. ദേവാലയം വെറുമൊരു കെട്ടിടം മാത്രമല്ല - അത് സമൂഹത്തിന്റെ ഹൃദയമാണ്, ആത്മാക്കളെ പരിപോഷിപ്പിക്കുകയും ജീവിത മൂല്യങ്ങളെ ഉയർത്തുകയും ഐക്യവും സ്നേഹവും സഹവർത്തിത്വവും വളർത്തുകയും ചെയ്യുന്ന ഇടമാണ്. ആരാധനയിലൂടെയോ വിദ്യാഭ്യാസത്തിലൂടെയോ സാമൂഹിക സേവനത്തിലൂടെയോ ആഘോഷങ്ങളിലൂടെയോ ആകട്ടെ, ജനങ്ങൾക്കിടയിൽ ദൈവത്തിന്റെ സാന്നിധ്യത്തിന്റെ ദൃശ്യമായ അടയാളമായി ദേവാലയങ്ങൾ മാറുന്നു.

ഭാരതത്തിലെ ഗ്രാമങ്ങൾ ആധുനികതയ്ക്കൊപ്പം മാറിക്കൊണ്ടിരിക്കുമ്പോൾ, വരുംതലമുറയ്ക്ക് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയപള്ളി, സ്ഥിരതയുടെയും പാരമ്പര്യത്തിന്റെയും പ്രതീക്ഷയുടെയും നന്മയുടെയും വെളിച്ചം വിതറി നിലകൊള്ളുന്നു.

ചിന്തയുടെ
സ്പന്ദനങ്ങൾ

റോമിൽ മൂന്നു ദിനങ്ങൾ



ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

എന്റെ റോം സന്ദർശനം വളരെ ഹൃദയസ്പൃക്കായിരുന്നു. ശ്രേഷ്ഠമായ അനുഭവമായിരുന്നു. 1979 മുതൽ 1984 വരെ അഞ്ചു വർഷങ്ങൾ റോമിൽ താമസിച്ച് വേദശാസ്ത്രപഠനം ഞാൻ പൂർത്തിയാക്കിയിരുന്നു. എന്റെ പഠനകാലത്തെ ഓർമ്മകൾ പുതുക്കുന്ന ഒരു സന്ദർശനമായിരുന്നു. പഠിച്ചിരുന്ന കാലത്ത് ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ എനിക്കു സന്ദർശിക്കുവാൻ അവസരം ലഭിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവ തിരുമേനി, നിയുക്ത കാതോലിക്ക മാത്യൂസ് മാർ കൂറിലോസ് തിരുമേനി, ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് തിരുമേനി മുതലായവർ നേതൃത്വം നൽകിയ സഭാ ഡെലിഗേഷന്റെ കൂടെയായിരുന്നു സന്ദർശനം. ഞാനന്ന് വിദ്യാർത്ഥിയായിരുന്നു. പഠനം കഴിഞ്ഞ് തിരികെയെത്തിയതിനുശേഷം 2016ൽ ആണ് വീണ്ടും റോം സന്ദർശിക്കുന്നത്. അന്നും ഇപ്പോഴത്തെ മാർപാപ്പയെ സന്ദർശിച്ചത് ഞാനിപ്പോൾ ഓർക്കുന്നു.

ഇത്തവണത്തെ സന്ദർശനം പ്രത്യേക അനുഭവം തന്നെയായിരുന്നു എന്നു പറയുന്നതിൽ അതിശയോക്തി ഇല്ല. റോമിലെ സഭ ഒന്നാം നൂറ്റാ

ണ്ടു മുതലുള്ള സഭയാണ്. ഇന്നും ലോകത്തിലെ ഏറ്റവും സ്വാധീനമുള്ള അതിബൃഹത്തായ സഭയാണ്. ഏകദേശം 240 കർദ്ദിനാൾന്മാരും 5000ൽ അധികം ബിഷപ്പുമാരും 130 കോടി ജനസംഖ്യയുമുള്ള മഹത്തായ സഭയാണ്. പാരമ്പര്യംകൊണ്ടും ജനസംഖ്യകൊണ്ടും ബൃഹത്തായ കത്തോലിക്ക സഭയുടെ അദ്ധ്യക്ഷനായ ഫ്രാൻസിസ് മാർപാപ്പ എഴുന്നേറ്റുവന്ന് മലങ്കരസഭയുടെ മേലദ്ധ്യക്ഷനെ സ്വീകരിക്കുകയും ആശ്ലേഷിക്കുകയും ചെയ്തു എന്നത് മലങ്കരസഭയ്ക്ക് ലഭിച്ച മഹത്തായ അംഗീകാരമായിട്ടാണ് കാണുന്നത്. അതിനുശേഷം പല തലങ്ങളിൽ മീറ്റിങ്ങുകൾ നടന്നു. ഇറ്റാലിയൻ ഭാഷയിലാണ് ഞങ്ങൾ സംസാരിച്ചത്. അഞ്ചു വർഷം അവിടെ താമസിച്ചിരുന്നതിനാൽ ഇറ്റാലിയൻ ഭാഷ ഏറക്കുറെ അറിയാമായിരുന്നു. മാർപാപ്പയുമായി നല്ല സൗഹൃദത്തിൽ കാര്യങ്ങൾ സംവേദനം ചെയ്യണമെന്ന് വളരെയധികം ആഗ്രഹിച്ചിരുന്നു. അതിനാലാണ് ഇറ്റാലിയൻ ഭാഷയിൽ സംഭാഷണം നടത്തിയത്. അത് മാർപാപ്പായ്ക്കും കൂടെയുള്ളവർക്കും വലിയ സന്തോഷമായി. മുപ്പത്തിനാലു വർഷങ്ങൾക്കു മുൻപ് പഠിച്ചിരുന്ന വ്യക്തി അവരുമായി അവരുടെ ഭാഷയിൽ സംസാരിക്കുവാനുള്ള

ഫ്രാൻസിസ് മാർപാപ്പ എഴുന്നേറ്റുവന്ന് മലങ്കരസഭയുടെ മേലദ്ധ്യക്ഷനെ സ്വീകരിക്കുകയും ആശ്ലേഷിക്കുകയും ചെയ്തു എന്നത് മലങ്കരസഭയ്ക്ക് ലഭിച്ച മഹത്തായ അംഗീകാരമായിട്ടാണ് കാണുന്നത്.

സാഹസത്തിന് മുതിരുമെന്ന് അവർ തീരെ പ്രതീക്ഷിച്ചിരുന്നില്ല.

ഞങ്ങൾ പിന്നീട് പ്രാർത്ഥനയ്ക്കായി ഒരുമിച്ചു കൂടി. ഞങ്ങൾ ഒരു പ്ലാറ്റ്ഫോമിലാണ് നിന്നത്. മാത്രമല്ല പ്രാർത്ഥന ആരംഭിക്കുവാൻ എന്നെയാണ് നിയോഗിച്ചത്. അതിനായി മാർപാപ്പ എന്നെത്തന്നെ സർവ്വാത്മനാ നിർബന്ധിക്കുകയായിരുന്നു. ആശീർവാദ സമയത്തും ആദ്യം ആശീർവദിക്കുവാൻ എന്നെ നിയോഗിക്കുകയായിരുന്നു. ഇത് മലങ്കരസഭയ്ക്ക് നൽകുന്ന ബഹുമതിയായിട്ടു വേണം കാണുവാൻ.

ഞങ്ങൾ സെന്റ് പീറ്റേഴ്സ് ബസിലിക്കയും അനുബന്ധ സ്ഥലങ്ങളും കാണുവാനായി യാത്രയായി. റോമിലെ ഇത്തവണത്തെ സന്ദർശനവേളയിൽ അത്യപൂർവ്വമായ ഒരു അവസരം ലഭിച്ചത് ഓർക്കുന്നു. അന്നൊരു ഞായറാഴ്ചയായിരുന്നു. ക്രൈസ്തവസഭയുടെ രണ്ടാം ശില്പിയെന്ന് വിശേഷിപ്പിക്കാവുന്ന വിശുദ്ധനായ പൗലൊസ് ശ്ലീഹായുടെ കബറിടത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതിനുള്ള അവസരം ലഭിച്ചു എന്നതാണത്. അതൊരു മഹാഭാഗ്യമായാണ് ഇന്നും കരുതുന്നത്. അടുത്തതവണ സന്ദർശിക്കുമ്പോൾ പത്രോസ് ശ്ലീഹായുടെ

കബർ സ്ഥിതി ചെയ്യുന്നിടത്ത് വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതിനുള്ള അവസരം തയ്യാറാക്കാമെന്നും ചുമതലപ്പെട്ടവർ പറഞ്ഞു.

റോമിൽ ഞങ്ങൾ മൂന്നു ദിവസം മാത്രമാണുണ്ടായിരുന്നത്. എന്നാൽ, റഷ്യയിൽ ആറു ദിവസങ്ങൾ ചെലവഴിക്കുവാൻ ഞങ്ങൾക്ക് സമയം ഉണ്ടായിരുന്നു. ആയതിനാൽ റോമിലെ സന്ദർശനം വളരെ തിരക്കിട്ടുള്ളതായിരുന്നു. കെ.എം. ജോർജച്ചൻ എക്യുമെനിക്കൽ രംഗത്ത് സജീവമായിരുന്ന കാലം മുതൽ നമ്മുടെ വിദ്യാർത്ഥികൾ ധാരാളമായി സ്കോളർഷിപ്പോടുകൂടി പഠിക്കുന്നുണ്ട്. കെ.എം. ജോർജച്ചൻ റോമിലാണ് പഠിച്ചത്. ബേബി വർഗീസച്ചൻ ഫ്രാൻസിലാണ് പഠിച്ചത്. ആദ്യമായി റോമിൽ പഠിക്കുവാനുള്ള അവസരം നമ്മുടെ സഭയിൽനിന്ന് എനിക്കാണ് ലഭിച്ചതെന്നതിൽ എനിക്ക് പ്രത്യേകമായ സന്തോഷമുണ്ട്. വിജയപ്രദമായി എന്റെ അഞ്ചു വർഷത്തെ പഠനം പൂർത്തീകരിക്കുവാൻ കഴിഞ്ഞു.

മാർപാപ്പ എല്ലാ പ്രോട്ടോക്കോളും മാറ്റിവച്ച് ഞങ്ങളോടൊപ്പം ഉച്ചഭക്ഷണം കഴിക്കുവാനായി വന്നിരുന്നു. മാർപാപ്പ താമസിക്കുന്ന കോൺവന്റ് ഹൗസിൽ തന്നെയാണ് ഞങ്ങൾക്കും താമസമൊരുക്കിയിരുന്നത്. ഒരു തവണ ഞങ്ങളോടൊപ്പം വന്നിരുന്നു ഭക്ഷണം കഴിക്കുകയും മറ്റൊരവസരത്തിൽ മറ്റൊരു മേശയിൽ വന്നിരുന്നു ഭക്ഷണം കഴിച്ചുമടങ്ങുന്നത് കാണുന്നതിനും ഇടയായി. കർദ്ദിനാളന്മാരുടെ വകയായും സെക്രട്ടേറിയറ്റിന്റെ ചുമതലയിലും എക്യുമെനിക്കൽ ഡിപ്പാർട്ട്മെന്റിന്റെ വകയായും സ്വീകരണങ്ങൾ ഒരുക്കിയിരുന്നു. അവിടെയും പരസ്പരം സമ്മാനങ്ങൾ കൈമാറി. മാർപാപ്പ എനിക്കു സമ്മാനമായി നൽകിയത് അതിമനോഹരമായി കൊത്തുപണികൾ നിർവ്വഹിച്ച ഒരു കാസായാണ്. ആ മനോഹരമായ കാസ നൽകിക്കൊണ്ട് മാർപാപ്പ പറഞ്ഞു: ''ഇതു ഇരുസഭകളുടെയും പൂർണമായ കമ്മ്യൂണിയനു സാധ്യതയുണ്ടാക്കട്ടെ.'' ഭാവിയിൽ വിശുദ്ധ കുർബ്ബാന സംസർഗത്തിന് കാരണമാകട്ടെ എന്നു പറഞ്ഞപ്പോൾ മാർപാപ്പ എത്ര ദീർഘവീക്ഷണത്തോടു കൂടിയാണ് കാര്യങ്ങൾ നോക്കിക്കാണുന്നതെന്നതിൽ എനിക്ക് വലിയ പ്രതീക്ഷ തോന്നി.

പതിനഞ്ചാം നൂറ്റാണ്ടിൽ സഭാപരമായി നടന്ന അധിനിവേശത്തിൽ കത്തോലിക്ക സഭ ഇന്നു ദുഃഖിക്കുന്നു എന്ന് എനിക്കു തോന്നി. സംഭാഷണങ്ങൾക്ക് നേതൃത്വം നൽകിയ കർദ്ദിനാളിന്റെ വാക്കുകളിൽ അതിന്റെ സൂചനയുണ്ടായിരുന്നു. കത്തോലിക്ക സഭ അന്ന് ഇടപെട്ടില്ലായിരുന്നുവെങ്കിൽ കേരളത്തിലെ സഭ ഇന്നും ഒന്നായി നിൽക്കുമായിരുന്നു എന്ന് മാർപാപ്പ സൂചിപ്പിച്ചു.

റോമിലെ സന്ദർശനം കഴിഞ്ഞിട്ട് ഞങ്ങൾ ഞാൻ പഠിച്ചിരുന്ന വിദ്യാലയ സന്ദർശനത്തിനായി പോയി. ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടെന്നാണത് അറിയപ്പെടു

ന്നത്. പൗരസ്ത്യസഭകളുടെ വിശ്വാസവും പാരമ്പര്യവും പഠിപ്പിക്കുന്ന സ്ഥാപനമാണത്. അവിടെയാണ് ഞാൻ അഞ്ചു വർഷങ്ങൾ താമസിച്ചു പഠിച്ചത്. എന്റെ ഡോക്ടറൽ തീസിസ് ഡിഫൻസ് നടക്കുന്ന സ്ഥലത്തെല്ലാം അവർ എന്നെയും സംഘത്തെയും കൂട്ടിക്കൊണ്ടുപോയി. നാൽപത്തിനാലു വർഷങ്ങൾക്കു മുൻപ് ഞാൻ സമർപ്പിച്ച തീസിസ് അവർ കൊണ്ടു വന്നു! ഫാ. മത്തായി എന്നു പേരെഴുതിയ എന്റെ തീസിസിന്റെ ആദ്യപേജിൽ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയനെന്നെഴുതി ഒപ്പിട്ടു നൽകി. എന്റെ മനസ്സ് സന്തോഷംകൊണ്ട് നിറഞ്ഞു പോയ ഒരു നിമിഷമായിരുന്നത്. എന്റെ തീസിസിന് ഒരു കേടും സംഭവിക്കാതെ അവിടെ സൂക്ഷിച്ചിരിക്കുന്നതെന്നെ വല്ലാതെ വിസ്മയിപ്പിച്ചു. അന്നു താമസിച്ചതായ സ്ഥലങ്ങൾ, കെട്ടിടങ്ങൾ, വിശുദ്ധ കുർബ്ബാനയർപ്പിച്ചിരുന്നതായ സ്ഥലങ്ങൾ എല്ലാം കാണുവാൻ സാധിച്ചത് എനിക്ക് വ്യക്തിപരമായി സന്തോഷം ലഭിച്ച സന്ദർഭങ്ങൾ ആയിരുന്നു.

എന്റെ ഡോക്ടറൽ തീസിസ് ഡിഫൻസ് നടക്കുന്ന സ്ഥലത്തെല്ലാം അവർ എന്നെയും സംഘത്തെയും കൂട്ടിക്കൊണ്ടുപോയി. നാൽപത്തിനാലു വർഷങ്ങൾക്കു മുൻപ് ഞാൻ സമർപ്പിച്ച തീസിസ് അവർ കൊണ്ടു വന്നു! ഫാ. മത്തായി എന്നു പേരെഴുതിയ എന്റെ തീസിസിന്റെ ആദ്യപേജിൽ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയനെന്നെഴുതി ഒപ്പിട്ടു നൽകി. എന്റെ മനസ്സ് സന്തോഷംകൊണ്ട് നിറഞ്ഞു പോയ ഒരു നിമിഷമായിരുന്നത്.

അന്ന് എന്നെ പഠിപ്പിച്ച അധ്യാപകർ എല്ലാവരും കാലയവനികയ്ക്ക് പിന്നിലേക്ക് മറഞ്ഞു. എന്റെ അന്വേഷണത്തിൽ എന്റെ അദ്ധ്യാപകർ എല്ലാവരും വിടപറഞ്ഞു എന്നത് എന്നിൽ ദുഃഖമുളവാക്കി. അന്നു പോരുമ്പോൾ നിയമിതനായ ഒരദ്ധ്യാപകൻ ജീവിച്ചിരിക്കുന്നു എന്നറിഞ്ഞു. കൂടുതൽ വിദ്യാർത്ഥികളെ മലങ്കരയിൽ നിന്നും അയയ്ക്കണം എന്നവർ എന്നോടാവശ്യപ്പെട്ടു. ഒന്നാം നൂറ്റാണ്ട് മുതലുള്ളതായ കപ്പദോക്യൻ പിതാക്കന്മാർ തുടങ്ങിയ പൗരസ്ത്യ പിതാക്കന്മാരുടെയും മറ്റു പിതാക്കന്മാരുടെയും എഴുത്തുകളുടെ ഒറിജിനൽ അവിടെയുണ്ട്. ഗവേഷണത്തിനുള്ള വലിയ അവസരമാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുക. മഹാനിധിയാണവിടെ സൂക്ഷിച്ചിരിക്കുന്നത്.

1971 മുതൽ 1977 വരെ നമ്മുടെ സഭയും കത്തോലിക്കസഭയും തമ്മിൽ അനൗദ്യോഗികമായ അനേകം ചർച്ചകൾ നടന്നു. ക്രിസ്തുശാസ്ത്രത്തിലായിരുന്നു ചർച്ചകൾ ഏറെയും. ബൈസന്റൈൻ സഭയുമായുണ്ടായ ചർച്ചകളുടെ ഏകദേശ സ്വഭാവമാണിവിടെയും കാണുന്നത്. ടേർമിനലോളജിക്കൽ വ്യത്യാസമാണ് അനൈക്യത്തിന് പ്രധാന കാരണമെന്നതായിരുന്നു നിലപാട്. അതിനുശേഷം ഔദ്യോഗിക ചർച്ചകൾ ആരംഭിച്ചു. അനൗദ്യോഗിക ചർച്ചകളിൽ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി, ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി, കെ.എം. ജോർജച്ചൻ, വി.സി. സാമുവലച്ചൻ മുതലായവരാണ് നേതൃത്വം നൽകിയത്. പിന്നീട് പ്രോ-ഓറിയന്റേ എന്ന സംഘടന വിയന്ന, കേന്ദ്രമായി സ്ഥാപിക്കപ്പെട്ടു. 1984ൽ പഠനം കഴിഞ്ഞുവരുമ്പോൾ ഞാനും അതിന്റെ ഭാഗമായി. 2014 വരെ ഡയലോഗ് കമ്മിഷൻ മെംബറായിരുന്നു. ഏതാണ്ട് നാല്പതു വർഷങ്ങൾകൊണ്ട് നമുക്ക് വളരെയേറെ മുന്നേറുവാൻ കഴിഞ്ഞു. ബൈസന്റൈൻ സഭയുമായുള്ളതിനേക്കാൾ ചില വിഷയങ്ങളിൽ കൂടുതൽ അകൽച്ച കത്തോലിക്ക സഭയുമായിട്ടുണ്ട്. അതു നമ്മൾ മാറ്റിയെടുക്കേണ്ടതാണ്.

ക്രിസ്തുശാസ്ത്രപരമായി റോമ സഭയുമായും ബൈസന്റൈൻ സഭകളുമായിട്ടും നമ്മൾ ചില ധാരണയിലെത്തിയിട്ടുണ്ട്. എന്നാൽ, മരിയോളജിയിൽ വേണ്ടത്ര ധാരണയിലെത്തുവാൻ കഴിഞ്ഞിട്ടില്ല. അതുപോലെ രക്ഷയെ സംബന്ധിച്ചും-ബസ്ബുർക്കാന സങ്കല്പം ഉൾപ്പെടെയുള്ള വിഷയങ്ങളിലും കൂടുതൽ ചർച്ചകൾ ആവശ്യമാണ്. അടിസ്ഥാനപരമായി കൂദാശകൾ പരസ്പരം അംഗീകരിക്കുന്നുണ്ട്. ഒരാൾ കത്തോലിക്ക സഭയിൽനിന്ന് നമ്മുടെ സഭയിലേക്ക് ചേരുമ്പോൾ കൂദാശാപരമായ വ്യത്യാസമൊന്നും നമ്മൾ കാട്ടുന്നില്ല. എന്നാൽ, വിശ്വാസപ്രമാണം ഏറ്റുചൊല്ലണം. വിശ്വാസപ്രമാണത്തിൽ അവർ ചെറിയ മാറ്റം വരുത്തിയിട്ടുണ്ട്. വിശ്വാസപ്രമാണത്തിൽ പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന എന്നൊരു വാചകം അവർ കൂട്ടിച്ചേർത്തു. നമ്മൾ അതു കൂട്ടിച്ചേർക്കാതെ പിതാവിൽനിന്നും പുറപ്പെട്ടു പിതാവിനോടും പുത്രനോടും സമനായിരിക്കുന്ന...എന്നാണ് ചൊല്ലുന്നത്. ആ വ്യത്യാസമുണ്ട്. അതു മാറ്റണം. എന്നാൽ, ഇപ്പോൾ ഇവിടെയുള്ള കത്തോലിക്കസഭകൾ മാറ്റിച്ചൊല്ലുന്നുണ്ടെന്നാണറിയുന്നത്. ചർച്ചകളുടെ ഭാഗമായിട്ടുണ്ടായ മാറ്റങ്ങളാകാം. അത്തരം മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. ചില കൂദാശകളിൽ ചെറിയ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്. അവയും ചർച്ചകളിലൂടെ മാറ്റണം.

നമ്മൾ ചില തീരുമാനങ്ങൾ കൂദാശാ സ്വീകരണത്തെ സംബന്ധിച്ചുണ്ടാക്കിയിട്ടുണ്ട്. നമ്മുടെ വിശ്വാസികൾ മരിക്കാറാകുന്ന സമയത്ത് ഓർത്തഡോക്സ് വൈദികരെ ലഭിക്കുന്നില്ലെങ്കിൽ സമീപത്തുള്ള കത്തോലിക്ക വൈദികരിൽ നിന്നും തൈലാഭിഷേക ശുശ്രൂഷ സ്വീകരിക്കാം. നമുക്കു സെമിത്തേരിയില്ലെങ്കിൽ കത്തോലിക്ക സഭയുടെ സെമിത്തേരികളിൽ സംസ്കാരം നടത്തുവാനും തീരുമാനമുണ്ട്.

തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം



ഡോ. തോമസ് മാർ അത്തനാസിയോസ്

പഴയ നിയമവും പുതിയ നിയമവും ചേർന്ന ഗ്രന്ഥ സംയുക്തത്തെയാണ് ക്രൈസ്തവസഭ തിരുവെഴുത്തായി അംഗീകരിച്ചിരിക്കുന്നത്. അവ രണ്ടും ദൈവിക വെളിപാടായതുകൊണ്ട് അവയുടെ ആധികാരികത തർക്കവിഷയമാക്കാൻ സഭ അനുവദിക്കുന്നില്ല. അതുകൊണ്ട് ഇവയോട് പൊരുത്തപ്പെടാത്ത പാരമ്പര്യങ്ങൾ സഭ തിരസ്കരിക്കുന്നു. ഇതു സഭയുടെ അടിസ്ഥാന നിലപാടാണ്. എങ്കിലും പുതിയ നിയമത്തിനും അതിലെ പ്രമേയമായ ക്രിസ്തുവിലൂടെയുള്ള ദൈവിക വെളിപാടിനും സഭ പ്രത്യേക പ്രാമാണ്യവും ആധികാരികതയും നൽകുന്നു എന്നത് വിസ്മരിക്കുന്നില്ല. എന്നാൽ, ഈയിടെയായി തിരുവെഴുത്തുകളുടെ ഭാഗമായ പഴയ നിയമത്തെയും അതു വെളിപ്പെടുത്തുന്ന ദൈവസങ്കല്പത്തെയും അതിൽ അവതരിപ്പിക്കുന്ന ദൈവിക ഇടപെടലിനെയും അവമതിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്ന പ്രവണത സാമൂഹ്യ മാധ്യമങ്ങളിൽ വ്യാപിക്കുന്നുണ്ട്. ഇത് വിശ്വാസികളെ ആശയക്കുഴപ്പത്തിലാക്കുകയോ വഴിതെറ്റിക്കുകയോ ചെയ്യുന്നതായി അറിയുന്നു. ഇതു സംബന്ധിച്ച് സഭയുടെ നിലപാട് എന്ത് എന്ന് അറിയുവാൻ പലരും ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. ഈ ആവശ്യം പരിഗണിച്ച് ഈ വിഷയത്തെക്കുറിച്ചുള്ള പ്രതികരണം ഇവിടെ കുറിക്കുന്നു.

പ്രസ്തുത കാര്യത്തെക്കുറിച്ച് യുക്തിചിന്തയുടെ അടിസ്ഥാനത്തിലോ ഈ രംഗത്തുണ്ടായ ഗവേഷണങ്ങളുടെയും പഠനങ്ങളുടെയും പശ്ചാത്തലത്തിലോ ഉണ്ടാകുന്ന സ്വതന്ത്ര നിഗമനങ്ങൾ അതേപടി സഭയ്ക്ക് സ്വീകാര്യമാകണം എന്നില്ല. വിശുദ്ധ ലിഖിതങ്ങളായി സഭ അംഗീകരിച്ചു പോരുന്ന രചനകളുടെ ആധികാരികത സംബന്ധിച്ചുള്ള ചർച്ചകൾ കേവല യുക്തിയുടെയും സ്വതന്ത്ര പഠനങ്ങളുടെയും മേഖല മാത്രമായി പരിമിതപ്പെടുത്തിയാൽ ദൈവിക വെളിപാടിന്റെ പ്രസക്തിയും പ്രാമാണ്യവും ചോദ്യം ചെയ്യപ്പെടുകയായിരിക്കും. സഭയുടെ അടിസ്ഥാന കാഴ്ചപ്പാടുകൾക്ക് വിരുദ്ധമായുള്ള തിരുവെഴുത്തുകളുടെ വ്യാഖ്യാനങ്ങളും തിരുത്തലുകളും സഭ നിഷേധിക്കുകയും ചെയ്യുന്നു. സഭയുടെ തിരുവെഴുത്തുകളെപറ്റിയുള്ള വീക്ഷണങ്ങളുടെയും നിലപാടുകളുടെയും ഉള്ളിൽ നിന്നു മാത്രമേ മാറിയ സാഹചര്യത്തിലും അവ

സംബന്ധിച്ച അഭിപ്രായങ്ങളും വ്യാഖ്യാനങ്ങളും രൂപപ്പെടുത്താനാകൂ.

പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും ലിഖിതങ്ങൾ മുഴുവനും തിരുവെഴുത്തുകളായും അതിലെ വെളിപാടുകൾ ആധികാരികമായും സഭ പരിഗണിക്കുന്നു. അതുകൊണ്ടാണ് അവ സംബന്ധിച്ച സഭയുടെ കാഴ്ചപ്പാടിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടായിരിക്കണം അവയുടെ വിശദീകരണങ്ങൾ എന്ന് സഭ നിഷ്കർഷിക്കുന്നത്. വ്യക്തിയുടെ സ്വതന്ത്ര ചിന്തയുടെയോ വെളിപാടുകളിൽ നിന്ന് തിരഞ്ഞെടുത്ത വാക്യങ്ങളുടെയോ അടിസ്ഥാനത്തിൽ ഇവയുടെ ആധികാരികത അളക്കുവാനായി സ്വതന്ത്ര മാനദണ്ഡങ്ങൾ (norms) സൃഷ്ടിച്ച് അവയെ വിലയിരുത്തുന്ന നടപടി സഭ എന്നും നിഷേധിച്ചിട്ടുണ്ട്. എന്നാൽ, അടുത്തകാലങ്ങളിൽ വേദപുസ്തക പഠനമേഖലകളിൽ ഉണ്ടായ ഗവേഷണങ്ങൾ തിരുവെഴുത്തുകൾ കൂടുതൽ മനസ്സിലാക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും സഹായകമാകുന്ന വിധം

പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും ലിഖിതങ്ങൾ മുഴുവനും തിരുവെഴുത്തുകളായും അതിലെ വെളിപാടുകൾ ആധികാരികമായും സഭ പരിഗണിക്കുന്നു. അതുകൊണ്ടാണ് അവ സംബന്ധിച്ച സഭയുടെ കാഴ്ചപ്പാടിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടായിരിക്കണം അവയുടെ വിശദീകരണങ്ങൾ എന്ന് സഭ നിഷ്കർഷിക്കുന്നത്.

ഉപയോഗപ്പെടുത്തുന്നതിനെ സഭ സ്വാഗതം ചെയ്യുന്നുണ്ട്. അതേസമയം അവയുടെ അടിസ്ഥാനത്തിൽ തിരുവെഴുത്തുകൾ പൂർണമായോ ഭാഗികമായോ തിരസ്കരിക്കുന്നതിനും അവയുടെ സാധുത ചോദ്യം ചെയ്യുന്നതിനും തിരുവെഴുത്തിന്റെ ആധികാരികത അവഗണിച്ച് അതിനെ വ്യാഖ്യാനിക്കുന്നതിനും ഉള്ള ശ്രമങ്ങളെ സഭയ്ക്ക് അംഗീകരിക്കാനാവില്ല. അതായത് യുക്തിയുടെയും ശാസ്ത്രീയപഠനത്തിന്റെയും അടിസ്ഥാനത്തിൽ മാത്രം വ്യക്തിഗതമായി സഭാപാരമ്പര്യത്തിന് വിരുദ്ധമായി സ്വതന്ത്ര നിലപാട് എടുക്കുന്നതിനോട് സഭ യോജിക്കുന്നില്ല.

തിരുവെഴുത്തിന്റെ പ്രാമാണ്യവും ആധികാരികതയും മൂല്യനിർണയം ചെയ്യുവാനും അവ വ്യാഖ്യാനിക്കുവാനും ഉപയോഗപ്പെടുത്തുന്ന ഉപകരണങ്ങളും (tools) രീതിശാസ്ത്രവും (methodology) വിശ്വാസിസമൂഹത്തിന്റെ വീക്ഷണവുമായി വിരുദ്ധമാകരുത് എന്ന് സഭ ചിന്തിക്കുന്നു. തെറ്റായ രീതിശാസ്ത്രം പിശകായ നിഗമനങ്ങളിൽ എത്തിക്കുന്നു എന്നത് സ്വാഭാവികമാണ്. സഭ തിരുവെഴുത്തായി അംഗീകരിച്ചിരിക്കുന്ന ലിഖിതങ്ങൾ സംബന്ധിച്ചുള്ള നിരീക്ഷണങ്ങളും ശാസ്ത്രീയ പഠനങ്ങളും സഭാജീവിതത്തെയും വിശ്വാസത്തെയും പരിപുഷ്ട (enrich) മാക്കുന്നതിനാകണം സഹായകമാകേണ്ടത്. അതിൽ കണ്ടെത്തുന്ന വൈരുദ്ധ്യങ്ങളുടെയും വ്യാഖ്യാതാക്കളുടെ കാഴ്ചപ്പാടുകളുടെയും അടിസ്ഥാനത്തിൽ അവയുടെ ആധികാരികത സംബന്ധിച്ച് സ്വതന്ത്ര നിഗമനങ്ങളിൽ എത്തിച്ചേരുന്ന രീതിക്ക് സഭ എന്ന നിലയിൽ അംഗീകാരം നൽകുവാനാവില്ല.

ഇതുപോലുള്ള തിരുത്തൽ ശ്രമങ്ങൾ സഭയുടെ ചരിത്രത്തിൽ പലപ്പോഴും നടന്നിട്ടുണ്ട്. ക്രിസ്തുവിനു ശേഷം രണ്ടാം നൂറ്റാണ്ടിൽ സിനോപെയിലെ മാർക്കിയോൻ എന്ന വ്യക്തി പഴയ നിയമത്തെ നിരാകരിക്കുന്നതായി നാം വായിക്കുന്നു. പഴയ നിയമത്തിലെ ദൈവസങ്കല്പം ക്രിസ്തു വെളിപ്പെടുത്തിയ ദൈവരൂപത്തിന് വിരുദ്ധമാണ് എന്ന നിഗമനമാണ് അദ്ദേഹത്തിന്റെ ഈ നിലപാടിന് പ്രേരകം. പുതിയ നിയമം പ്രതിനിധീകരിക്കുന്ന സുവിശേഷവും (Gospel) പഴയ നിയമം പ്രതിനിധാനം ചെയ്യുന്ന നിയമവും (Torah) തമ്മിലുള്ള പൗലൊസിന്റെ ലേഖനങ്ങളിൽ കാണുന്ന സംഘർഷം (tension) മുതലെടുത്ത് അവ രണ്ടും പൊരുത്തപ്പെടാത്ത രണ്ട് സംവിധാനങ്ങൾ (orders) ആയി അദ്ദേഹം അവതരിപ്പിക്കുന്നു. അതുകൊണ്ട് അവയിൽ വെളിപ്പെടുന്നതും പ്രവർത്തിക്കുന്നതും രണ്ട് വ്യത്യസ്ത ദൈവങ്ങൾ ആണെന്നും അയാൾ സിദ്ധാന്തിക്കുന്നു. അങ്ങനെ പഴയ-പുതിയ നിയമ വെളിപ്പെടുത്തലുകളുടെയും അവയിൽ വെളിപ്പെടുന്ന ദൈവസങ്കല്പങ്ങളുടെയും ഐക്യവും (integrity) പാരസ്പര്യവും (mutuality) അയാൾ ചോദ്യം ചെയ്യുന്നു. തന്റെ നിലപാട് സ്ഥാപിക്കുവാനായി പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും പരസ്പര വിരുദ്ധമെന്ന് തോന്നിപ്പിക്കുന്ന വാക്യങ്ങൾ യഥേഷ്ടം അദ്ദേഹം തിരഞ്ഞുപിടിച്ച് Antithesis എന്ന രചനയിൽ അവതരിപ്പിക്കുന്നു. അതോടൊപ്പം കർത്താവിന്റെ ചില വചനങ്ങളും തന്റെ സിദ്ധാന്തം സാധൂകരിക്കുവാൻ അവതരിപ്പിക്കുന്നു. ലൂക്കൊസിന്റെ സുവിശേഷത്തിലെ നല്ല വൃക്ഷത്തിന്റെയും ചീത്ത വൃക്ഷത്തിന്റെയും അവതരണവും (6:43) പഴയ വീഞ്ഞിന്റെയും പുതിയ വീഞ്ഞിന്റെയും ഉപമയുമെല്ലാം (ലൂക്കൊസ് 5:36-39) അതിൽപ്പെടുന്നു. ഇവിടെ സൃഷ്ടിയും രക്ഷയും നിയമവും സുവിശേഷവും പഴയ നിയമ ദൈവവും പുതിയ നിയമ ദൈവവും വിരുദ്ധ സങ്കല്പങ്ങളായി മാറുന്നു. ഇതിന്റെയടിസ്ഥാനത്തിൽ പുതിയ നിയമ രചനകളെയും അയാൾ തരംതിരിക്കുന്നു. അതിൻപ്രകാരം ലൂക്കൊസിന്റെ സുവിശേഷവും പൗലൊസിന്റെ 10 ലേഖനങ്ങളും മാത്രമാണ് ആധികാരികം. മാർക്കിയോന്റെ ഈ സിദ്ധാന്തങ്ങൾ എല്ലാം ആദിമസഭ നിഷേധിച്ചു. വിശുദ്ധ ഐറേനി

സിനോപെയിലെ മാർക്കിയോൻ

മാർട്ടിൻ ലൂഥർ

യസിന്റെ 'അഡ് വേർസുസ് ഹെറെസസ്' എന്ന ഗ്രന്ഥം (Adversus Haereses) സഭയുടെ നിലപാട് വിശദീകരിക്കുന്ന രചനയാണ്. പഴയ നിയമവും അതു വെളിപ്പെടുത്തുന്ന ദൈവവും പുതിയ നിയമത്തിനു വിരുദ്ധം എന്ന നിലപാട് സഭ തള്ളി.

അതുപോലെ നവീകരണ (Reformation) കാലത്ത് ആ നീക്കത്തിന് നേതൃത്വം നൽകിയ മാർട്ടിൻ ലൂഥർ സഭയ്ക്ക് ആധികാരികമായ പൗലൊസിന്റെ വേദശാസ്ത്രത്തിനു വിരുദ്ധമാണ് യാക്കോബിന്റെ ലേഖനം എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. അതിന്റെ യടിസ്ഥാനത്തിൽ ആ ലേഖനത്തെ വൈക്കോൽ ലിഖിതം എന്നു വിലയിരുത്തി അതിന്റെ ആധികാരികത നിഷേധിക്കുന്നു. മാർട്ടിൽ ലൂഥറിന്റെ ഈ നിലപാടിനെയും സഭ അംഗീകരിക്കുന്നില്ല. സഭയുടെ തിരുവെഴുത്തുകൾ സംബന്ധിച്ച അടിസ്ഥാന നിലപാടുകളെ നിഷേധിക്കുവാനായി ഉപയോഗപ്പെടുത്തുന്ന ഒരു രീതിശാസ്ത്രത്തിനും അംഗീകാരം നൽകുവാൻ സഭയ്ക്കാവില്ല. അതായത് സഭ അംഗീകരിച്ച കാനോനികമായ തിരുവെഴുത്തിനുള്ളിൽ മറ്റൊരു സാധുതാ മാനദണ്ഡം (canon with in the Canon) സൃഷ്ടിച്ച് ദൈവിക വെളിപാടിനെ തരം തിരിക്കുവാൻ സഭ അനുവദിക്കുന്നില്ല എന്ന് സാരം.

ആധുനികകാലത്തെ ശാസ്ത്രീയ പഠനങ്ങൾ പുതിയ ഉൾക്കാഴ്ചകൾ സൃഷ്ടിക്കുന്നതിനും തിരുവെഴുത്തുകളുടെ പഠനം കൂടുതൽ അർത്ഥവത്താക്കുന്നതിനും സഹായകമാകുന്നുണ്ട്. അതിനുള്ള ശ്രമം നടത്താതെ, ദൈവഹിതം അറിയാത്ത മനുഷ്യർ തങ്ങളുടെ സംസ്കാരവും ചിന്തയും പ്രകാരം സൃഷ്ടിച്ചതാണ് പഴയ നിയമ ദൈവ സങ്കല്പവും വേദലിഖിതങ്ങളും എന്നു ചിലർ പ്രഖ്യാപിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിന് സഭയ്ക്ക് കൂട്ടുനിൽക്കാനാവില്ല. തിരുവെഴുത്തിൽ ചില കാര്യങ്ങൾ എന്തുകൊണ്ട് അപ്രകാരം വന്നിരിക്കുന്നു എന്ന കാര്യം വിശദീകരിക്കുന്നതിനും തിരുവചനം വേണ്ടവിധം മനസ്സിലാക്കുന്നതിനുമാണ് ഗവേഷണ പഠനങ്ങൾ ലക്ഷ്യമിടേണ്ടത്. ഉദാഹരണത്തിന് ഫെമിനിസ്റ്റ് വേദപഠനങ്ങൾ, വിമോചന ദൈവശാസ്ത്രം തുടങ്ങിയ ആധുനിക അന്വേഷണങ്ങൾ തിരുവചനത്തെ അർത്ഥവത്തായി മനസ്സിലാക്കുന്നതിനാണ് കൂടുതൽ സഹായിച്ചിട്ടുള്ളത്; അല്ലാതെ അതിന്റെയടിസ്ഥാനത്തിൽ തിരുവചനത്തിന്റെ ആധികാരികത നിഷേധിക്കുന്നതിനായിരുന്നില്ല. സഭയുടെ ചരിത്രത്തിലും ലിഖിതങ്ങളുടെ രചനയിലും വിസ്മരിക്കപ്പെട്ട വിഷയങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി തിരുവചനപഠനം കൂടുതൽ അർത്ഥവത്താക്കുന്നതാണ് ആരോഗ്യകരമായ വചനപഠനം എന്നത്.

വെളിപാടുകൾ ലിഖിതരൂപത്തിൽ എത്തുമ്പോൾ അവിടെ സംഭവിക്കാവുന്ന ആപേക്ഷികതയും നാം തിരിച്ചറിയണം. വ്യക്തിയുടെയും സമൂഹത്തിന്റെയും ആശയലോകം, ഭാഷയുടെ പരിമിതികൾ, തിരിച്ചറിവിന്റെ അതിർത്തികൾ, കാലത്തിന്റെയും സംസ്കാരത്തിന്റെയും അകലങ്ങൾ എന്നിവയെല്ലാം ഇവിടെ പരിഗണിക്കേണ്ടതുണ്ട്. അല്ലാതെ ദൈവത്തെ വിലയിരുത്താനും എഴുതിയവരുടെ മേൽ വിധി പ്രസ്താവിക്കുവാനും നടക്കുന്ന ശ്രമങ്ങൾക്ക് സഭാവീക്ഷണ പ്രകാരം സാധൂകരണം കണ്ടെത്താൻ ആവില്ല. ■

ശിക്ഷണം കുട്ടികൾക്ക് മാത്രമല്ല മാതാപിതാക്കൾക്കും

"വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകയ്ക്കുന്നു.
അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലെ അവനെ ശിക്ഷിക്കുന്നു."
(സദൃശവാക്യങ്ങൾ 13:24)



ഡോ. യാക്കോബ് മാർ
ഐറേനിയോസ്

കുഞ്ഞുങ്ങൾ നടക്കേണ്ട വഴിയിൽ അവരെ നടത്തിയാൽ, ആ പരിശീലനവും പരിചയവും അവരുടെ ജീവിതകാലം മുഴുവനും അവരോടൊപ്പമുണ്ടാകും എന്നത് കുട്ടികളെ 'വളർത്തുന്ന'തിന്റെ വേദപുസ്തകാടിസ്ഥാനമാണ്. ഇക്കാലത്ത് കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം കുറവായിരിക്കുകയും അവർ വളർന്നു കഴിഞ്ഞാൽ ഉപജീവനാർത്ഥവും മെച്ചപ്പെട്ട ജീവിതം തേടിയും അവർ, മാതാപിതാക്കളെ വിട്ട് മറുനാടുകളിലേക്ക് ചേക്കേറുന്ന രീതിയാണുള്ളത്. അപരിചിതവും വിഭിന്നവുമായ സാഹചര്യങ്ങളിൽ, അവർ പല പല സ്വാധീനങ്ങൾക്കും വിധേയരായേക്കാം. കുറെ രക്ഷിതാക്കളെങ്കിലും ഈ വിഷയത്തിൽ ദുഃഖിതരായി അവശേഷിക്കുന്നുണ്ട്. പ്രത്യേകിച്ച് മയക്കുമരുന്നുകളും ലഹരി സാധനങ്ങളും സർവ്വവ്യാപിയായിരിക്കുന്ന അപകടകരമായ കാലവുമാണിത്.

ഇക്കാര്യത്തിൽ ഒരു നല്ല അളവ് വരെ കുടുംബത്തിനും കുടുംബാന്തരീക്ഷത്തിനും കുടുംബബന്ധങ്ങൾക്കും നിർണ്ണായകമായ പങ്കു വഹിക്കാനുണ്ട്. മേൽപ്പറഞ്ഞ വേദഭാഗം 'വടി'യെപ്പറ്റിയും 'ശിക്ഷ'യെപ്പറ്റിയും പറയുന്നത് മർദ്ദനമുറകളെപ്പറ്റിയല്ല. 'ശിക്ഷ' എന്നാൽ, വിദ്യാഭ്യാസവുമാണല്ലോ. 'ശിക്ഷണം' എന്നത് അച്ചടക്കത്തെ സൂചിപ്പിക്കുന്നു. വളർന്നുവരുന്ന തലമുറയ്ക്ക് കുടുംബങ്ങളിൽ നിന്ന് സ്ഥായിയും അവിസ്മരണീയവുമായ ജീവിതാനുഭവങ്ങൾ ലഭിച്ചില്ലെങ്കിൽ, അത് വലിയ നഷ്ടമാണെന്ന് മാത്രമല്ല, കുട്ടികൾ 'വഴി തെറ്റുന്ന'തിനും ഇടയാക്കും. ക്രിസ്തീയ കുടുംബങ്ങളിൽ, ആരോഗ്യപരവും മാതൃകാപരവുമായ

ബന്ധങ്ങൾ കുടുംബ പ്രാർത്ഥനയുടെ സ്വാധീനം, ത്യാഗബുദ്ധി, പരസ്പര ആദരവ്, തുറന്ന മനസ്സോടെയുള്ള ഇടപെടലുകൾ തുടങ്ങിയവ ഭാവിയിലേക്കുള്ള വലിയ നിക്ഷേപങ്ങൾ തന്നെയാണ്. കുട്ടികൾ കുരിശു വരയ്ക്കാനും വേദപുസ്തകം വായിക്കാനും പ്രാർത്ഥിക്കാനും പഠിക്കുന്നത് വീട്ടിൽ വച്ച് തന്നെയാണ്. അച്ഛന്റെയും അമ്മയുടെയും മാതൃകാ സ്വാധീനം ഇവിടെ വിലപ്പെട്ടതാണ്. കതിരിൽ വളം വയ്ക്കാൻ ശ്രമിക്കാതെയും 'ഇനി എന്തു ചെയ്യും' എന്നു പരിതപിക്കാതെയിരിക്കാനും ഇത് വളരെ പ്രാധാന്യമർഹിക്കുന്നതാണ്.

മക്കളെ 'അറിയുകയും' കരുതുകയും സ്നേഹിക്കുകയും പ്രാർത്ഥനയോടെ കാത്തിരിക്കുകയും ചെയ്യുന്നത് രക്ഷിതാക്കൾക്ക് ശീലമാകട്ടെ. തെറ്റു കണ്ടാൽ സ്നേഹപൂർവ്വം ചൂണ്ടിക്കാണിച്ചു കൊടുത്ത് ബോദ്ധ്യം വരുന്നത് ഒരു നല്ല 'ശിക്ഷണ'രീതിയാണ്. വീട് വിട്ട് വിദേശത്തു പോകുന്ന മക്കളെ കുടുംബവുമായും മാതാപിതാക്കളുമായും ബന്ധിപ്പിക്കുന്ന അറ്റുപോകാത്ത 'സ്നേഹപാശ'ങ്ങൾ വളരെയേറെ ഗുണം ചെയ്യും. 'എന്റെ അമ്മ', 'എന്റെ അച്ഛൻ' എന്നീ ചിന്തകൾ പീയൂഷംപോലെയാകട്ടെ.

ഇതിന്റെ ആത്മാവ് ഉൾക്കൊണ്ടുകൊണ്ട്, രക്ഷിതാക്കളോട് പ്രതികരിക്കാൻ മക്കൾക്കും ചുമതലയുണ്ട്. വാർദ്ധക്യ കാലത്ത് മക്കളുടെ സാന്നിദ്ധ്യവും സ്നേഹവുമാണ്, രക്ഷിതാക്കളുടെ വലിയ താത്പര്യം. അത് ലഭിക്കാതിരുന്നാൽ...!

ദൈവം തന്ന ആയുസ്സ് വിലപ്പെട്ടതാണ്. മാതാപിതാക്കൾക്ക് തലമുറകളായി കൈമറിഞ്ഞു ലഭിച്ച സത്യവിശ്വാസം, ആത്മാർത്ഥത, വിശ്വാസ്യത ഇവയെല്ലാം അടുത്ത തലമുറയ്ക്ക് കൈമാറണമെന്ന്, 'വിവാഹ കൂദാശ'യിൽ ഓർപ്പിക്കുന്നുണ്ടല്ലോ.

ദൈവവിശ്വാസം, ശരണം, ഇവ കുഞ്ഞുങ്ങൾ കണ്ടും കേട്ടും പഠിക്കേണ്ടത് മാതാപിതാക്കളിൽ നിന്നാണ്. ചുമതലാബോധമില്ലാത്ത രക്ഷിതാക്കൾ കുടുംബത്തിന്റെ അന്തകരായിരിക്കും!

തിരുക്കുടുംബത്തിൽ, മൂന്നുപേരും നല്ലവണ്ണം ജോലി ചെയ്യുന്നവരായിരുന്നു. 'ദൈവം' അവരുടെ കുടുംബത്തിലുണ്ടെന്ന് യൗസേപ്പിനും മറിയാമിനും ഉത്തമ ബോദ്ധ്യമുണ്ടായിരുന്നു. അവിടെ അന്യമായിരുന്നു-അലസത. സാമൂഹ്യമാധ്യമങ്ങൾ മനുഷ്യരെ അനാവശ്യമായി ഉത്തേജിപ്പിക്കുകയും അലസരാക്കുകയും ചെയ്യുന്ന ദുർദശയുടെ കാലമാണിത്.

ശിക്ഷണം മാതാപിതാക്കൾക്കും കുട്ടികൾക്കും ഒരുപോലെ ആവശ്യമായിരിക്കുന്നു എന്നത് മറക്കാതിരിക്കുക!

IN LOVING MEMORY OF

N.C. OOMMEN
Died on 30.07.2001

ASHWIN JOHN
Died on 21.08.2018

SHINY BHAVAN, KULANADA

Inserted by Sorrowing family

പരുമല പുണ്യവാളൻ
ഭൗതികതയ്ക്കുമപ്പുറം

കാലത്തിനും അതീതൻ എന്ന അർത്ഥത്തിൽ ദൈവത്തെ നാം 'കാലാതീതൻ' എന്നു പറയാറുണ്ട്. കാലം എന്നത് ഒരു പരികല്പനയാണ്. ചേതനവും അചേതനവുമായ സകലത്തിന്റെയും പരിപൂർണ്ണതയെ ഉൾക്കൊള്ളുന്നു എന്നതാണ് കാലത്തിന്റെ സവിശേഷത. പുണ്യാത്മാക്കളുടെ ഇഹലോകത്തിലെ ജീവിതം പൂർത്തിയാകുമ്പോൾ 'കാലംചെയ്തു' എന്നാണ് പറയാറ്. പിന്നീടുള്ള അദ്ദേഹത്തിന്റെ ഓർമ്മ 'കാലാതീത'മാകുന്നു. തലമുറകളിലൂടെ ആ സ്മരണ പൂർവ്വോത്തരം വളർച്ച പ്രാപിക്കുന്നു. പുണ്യാത്മാക്കളുടെ പാദസ്പർശമേറ്റിട്ടുള്ള ഇടങ്ങൾ വിശുദ്ധമാകുന്നു. അവിടേക്ക് വിശ്വാസികളുടെ സമൂഹം യാത്ര തുടരുന്നു. അതി വിശുദ്ധന്മാരുടെ ജീവിതത്തെ വിശുദ്ധിയുടെ കാലഘട്ടം എന്നും വിശേഷിപ്പിക്കാറുണ്ട്.

ശരീരമേ ഭൗതികമായി ഇല്ലാതെയാകുന്നുള്ളൂ. ആത്മാവ് അനശ്വരമാണ്. അതിനെ മനസ്സിലാക്കുവാൻ സാങ്കേതികവിദ്യയുടെ അളവുകോലുകൾക്ക് കഴിയാറില്ല. അനുഭവവും വിശ്വാസവുമാണ് അതിന്റെ മാനദണ്ഡങ്ങൾ.

പ്രകാശത്തെക്കാൾ വേഗതയിൽ സഞ്ചരിക്കുന്ന 'കണങ്ങൾ' ഉണ്ടെന്നുള്ള കണ്ടെത്തൽ നടത്തിയ ശാസ്ത്രജ്ഞനാണ് ഡോ. ജോർജ് സുദർശനൻ. 'ടാക്കിയോണുകൾ' എന്നാണ് അതിന് അദ്ദേഹം നൽകിയ നാമം. മനുഷ്യ നേത്രങ്ങൾക്ക് കണ്ടെത്താൻ കഴിയാത്ത എത്രയോ കണങ്ങളും കാര്യങ്ങളും ഭൗതിക പ്രപഞ്ചത്തിൽ ഉണ്ടെന്നുള്ള യാഥാർത്ഥ്യത്തിലേക്കാണ് ഈ കണ്ടെത്തൽ വഴിതുറന്നത്. സ്പെയ്സ് ടെക്നോളജി എത്രയധികം വികാസം പ്രാപിച്ചിരിക്കുന്നു. വിക്ഷേപണ കേന്ദ്രത്തിൽ ഇരുന്നുകൊണ്ട് ഉപഗ്രഹത്തിന്റെ ഗതിവിഗതികളെ നിയന്ത്രിക്കാൻ കഴിയുന്നു. വിക്ഷേപണ കേന്ദ്രത്തിൽ നിന്നുള്ള ചില ചുരു

വിഖ്യാത ചിത്രകാരൻ രാജാ രവിവർമ്മ വരച്ച ചിത്രം (കുമരകം പള്ളി)



ഡോ. മാത്യൂസ്
മാർ തിമോത്തിയോസ്

ക്കെഴുത്തിലൂടെ അണുവിട തെറ്റാതെ ഉപഗ്രഹത്തെ ചലനാത്മകമാക്കുവാൻ അതുമായി ബന്ധപ്പെട്ടവർക്കു കഴിയുന്നു. ശൂന്യതയും കടന്നാണ് ഈ സന്ദേശങ്ങൾ അടങ്ങിയ കോഡുകളുടെ സഞ്ചാരം.

ശാസ്ത്ര സങ്കേതങ്ങളിൽ നിന്നു നൽകുന്ന കോഡും അതു സ്വീകരിക്കുന്നിടത്തെ മാധ്യമത്തിന്റെ സ്വീകാര്യതയും ഏകീഭവിക്കുമ്പോൾ കോഡുകൾ നിർദ്ദേശങ്ങളായും ആജ്ഞയായും മാറുന്നതോടെ എന്തു മാറ്റമാണ് ഉണ്ടാകേണ്ടത് അതുപോലെ തന്നെ സംഭവിക്കുന്നു. ഭൗതിക പ്രപഞ്ചത്തിൽ ഇത്തരത്തിലുള്ള അനവധി സാധ്യത ഉണ്ടെന്നതാണ് ശാസ്ത്രലോകത്തിന്റെ വളർച്ചക്ക് നിദാനം.

ഭൗതിക ലോകത്തു സംഭവിക്കുന്നതിനു സമാനമായ മാറ്റങ്ങൾ ആധ്യാത്മിക ലോകത്തിലും സംഭവിക്കുന്നുണ്ട്. പാകമായ ഒരു മാനസ്സികതലത്തിൽ നിന്നുകൊണ്ട് വിചിന്തനം നടത്തുമ്പോൾ മാത്രമേ ഇതിന്റെ സാധ്യത ബോധ്യമാകുകയുള്ളൂ.

വിശുദ്ധിയുടെ പ്രഭാവലയത്തെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. റഷ്യൻ ശാസ്ത്രജ്ഞനായ കിർലിയനാണ് മനുഷ്യനിലെ പ്രഭാവലയത്തെക്കുറിച്ച് നമ്മെ ബോദ്ധ്യപ്പെടുത്തിയത്.

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ അദ്ദേഹം ഒരു ഫൊട്ടോഗ്രഫി മെഷീൻ കണ്ടുപിടിച്ചു. ഒരാളുടെ പ്രകൃതത്തിന് അനുസൃതമായി ആ വ്യക്തിയുടെ ശരീരത്തിൽനിന്നും ലെയറുകളുള്ള പ്രകാശവലയം രൂപപ്പെടുന്നു. വ്യക്തിയുടെ സവിശേഷത അനുസരിച്ച് പ്രകാശവലയത്തിന് വിവിധ അടരുകൾ ഉണ്ടാകുന്നു. കൂടുതൽ അടരുകൾ വിശുദ്ധിയുടെ പ്രതീകമായി മാറുകയും ചെയ്യുന്നു.

സാധാരണ കെമിക്കൽ ഫിലിമിൽ ഈ വലയം (പ്രകാശവലയം) തെളിയുകയില്ല. അതിന്റെ അർത്ഥം അങ്ങനെയൊരു പ്രകാശവലയമില്ല എന്നല്ലല്ലോ. എല്ലാ ജീവികളുടെയും വസ്തുവിന്റെയും പ്രതലത്തിൽ പ്രകാശം പതിക്കുമ്പോൾ അതിനു സമാനമായ ഒരു പ്രതിപ്രകാശം സംഭവിക്കുന്നുവെന്ന ശാസ്ത്രസത്യം തന്നെയാണ് ഇവിടെയും സംഭവിക്കുന്നതെങ്കിലും അതിനനുസൃതമായ മാധ്യമത്തിലൂടെ അതു വെളിപ്പെടുകയുള്ളൂവെന്നതാണ് ആ ആശയം നൽകുന്ന സത്ത.

ഭൗതികശാസ്ത്രത്തിനു മാത്രമല്ല, ആദ്ധ്യാത്മികതയ്ക്കും അതിനിണങ്ങുന്ന ഒരു ശാസ്ത്രീയതയുണ്ട്. ഇതിനെ നാം 'ദൈവിക പദ്ധതി' എന്നാണ് വിശേഷിപ്പിക്കുന്നത്.

പർവ്വതം ഏറ്റവും ഉയർന്നു നിൽക്കുന്നു എന്നതിനാൽ അതിനപ്പുറത്ത് വഴിയും പുഴയും ജീവജാലങ്ങളുമില്ല എന്നു പറയാൻ കഴിയില്ലല്ലോ. ഭൗതികതയുടെ വികാസ പരിണാമ ഘട്ടത്തോടെ എല്ലാം അവസാനിക്കുന്നുവെന്നു പറയാനും കഴിയില്ല.

ഈ നശ്വരതയ്ക്ക് അപ്പുറത്ത് ഒരനശ്വരതയുണ്ട്. അവിടെ മറ്റൊരു തരത്തിലുള്ള ജീവനും ജീവിതവും ഉണ്ട്. 'ഇല്ലായെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു' എന്ന് ക്രിസ്തു, സത്യവേദപുസ്തകത്തിലൂടെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ക്രൈസ്തവികത നൽകുന്ന വിശ്വാസമാണിത്.

വിശുദ്ധന്മാർ ജീവിക്കുന്നത് ഈ ആധ്യാത്മികതലത്തിലാണ്. യേശു മറുരൂപ മലയിൽ നിന്നപ്പോൾ ഏലിയാവും മോശെയും അവർക്ക് പ്രത്യക്ഷനായി. യേശുവിനോട് സംഭാഷിച്ചു കൊണ്ടിരുന്നു (മർക്കൊസ് 9:4). 'ഇവൻ എന്റെ പ്രിയപുത്രൻ, ഇവനു ചെവി കൊടുപ്പീൻ' എന്ന മേഘനാദം കൂടി അവിടെ ഉണ്ടാകുന്നു. മൂന്നു കാലങ്ങളും ക്രിസ്തുവിൽ സംയോജിതമാകുന്നത് നാം ഇവിടെ കാണുന്നു. അനേകം വാസസ്ഥലത്തെക്കുറിച്ചും ക്രിസ്തുനാഥൻ തന്റെ പ്രബോധനത്തിൽ പറയുന്നു. മരണാനന്തര ജീവിതം എന്നത് ഒരു പ്രഹേളികയായി ഭൗതികതയിൽ കഴിയുന്നവർ വിചാരപ്പെട്ടേക്കാം. എന്നാൽ, അങ്ങനെ വിശ്വസിക്കാൻ ഒരു ഭക്തനു കഴിയില്ല.

ജഡികമായതെല്ലാം ഇല്ലാതാകുമ്പോഴും ജഡത്തിൽ വസിച്ച ആത്മാവ് ഇമ്പങ്ങളുടെ പറുദീസയിൽ വസിക്കുന്നു.

പരിശുദ്ധ പരുമല തിരുമേനി ഭൗതികതയിൽ മാത്രം ജീവിച്ച പുണ്യാത്മാവല്ല എന്നു കാലം സമൂഹത്തെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ആ വിശുദ്ധിയെ അനുധാവനം ചെയ്യുന്നവരുടെ എണ്ണം പ്രതിവർഷം വർധിച്ചു കൊണ്ടിരിക്കുന്നു. ആ പുണ്യാത്മാവിന്റെ കബറിടം ഭക്തിസാന്ദ്രമാണ്. അവിടെയുള്ള പ്രാർത്ഥന ദൈവസന്നിധിയിൽ ധൂപാർപ്പണമായി എത്തുന്നു. ഭൗതിക ജീവിതത്തിൽ കഴിയുന്നതിലും അപ്പുറമുള്ള കാരുണ്യമാണ് ആ കബറിടത്തിലെ പ്രാർത്ഥനയിൽ നിന്നു ഭക്തർക്ക് ലഭിക്കുന്നത്. എവിടെയെല്ലാം പരിശുദ്ധന്റെ തിരുശേഷിപ്പ് ഉണ്ടോ അവിടെയെല്ലാം ആത്മസമർപ്പണത്തിന്റെ തിരി തെളിയുന്നു. ഈ മധ്യസ്ഥന്റെ പ്രാർത്ഥന സഭയുടെ ആത്മനിറവാണ്. കാലംചെയ്ത പരുമല ബാവ കാലാതീതനായി പ്രശോഭിക്കുന്നു. ■

പരിസ്ഥിതി ആദ്ധ്യാത്മികത

സഭയുടെ പ്രതികരണവും ദൗത്യവും



ഡോ. ജോസഫ് മാർ ദിവന്നാസിയോസ്

സൃഷ്ടിയുടെ മകുടമായ മനുഷ്യന്റെ പാപവീഴ്ച മൂലം ദൈവതേജസ് നഷ്ടപ്പെട്ട സൃഷ്ടിക്രമത്തിന് വീണ്ടെടുപ്പു നൽകി ദൈവസന്നിധിയിലേക്ക് ആനയിക്കുവാനും ശരീരാത്മ മനസ്സുകൾക്ക് മുറിവേറ്റവരുടെ മുറിവു വച്ചുകെട്ടി ആശ്വസിപ്പിക്കാനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുവാനും ദൈവപുത്രൻ മനുഷ്യനായി അവതരിച്ചു. തന്റെ പിതാവിന്റെ സന്നിധിയിലേക്ക് താൻ ആരോഹണം ചെയ്തപ്പോൾ ഈ ദൗത്യം പരിശുദ്ധാത്മാവിലൂടെ നിർവ്വഹിക്കുവാൻ തന്റെ യോഗാത്മക ശരീരമായ സഭയെ ഭരമേൽപിച്ചു. ആകയാൽ നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന തികച്ചും സങ്കീർണമായ പരിസ്ഥിതി പ്രശ്നങ്ങളെ തിരിച്ചറിഞ്ഞ് ഉൾക്കൊണ്ട് അവയ്ക്ക് പരിഹാരം ആദ്ധ്യാത്മികമായ മാർഗങ്ങളിലൂടെ നിർദ്ദേശിക്കുവാനും സ്വയം പരിശീലിക്കുവാനുമുള്ള വലിയ കടപ്പാടും ഉത്തരവാദിത്തവും സഭയ്ക്കുണ്ട്. ഈ ദൃശ്യമായ പ്രവർത്തനങ്ങൾക്ക് സഭ നേതൃത്വം കൊടുക്കേണ്ടിയിരിക്കുന്നു.

സങ്കീർണമായ പരിസ്ഥിതി പ്രശ്നങ്ങളെ നേരിടുവാനും നോക്കിക്കാണുവാനും ആദ്ധ്യാത്മികമായ വീക്ഷണകോണിലൂടെ അവയെ ലഘൂകരിക്കുവാൻ വേണ്ടതായ പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പാക്കാനും വേണ്ടത് ചെയ്യുന്നത് സഭയുടെ കാലികമായ ഒരു വെല്ലുവിളിയും ദൗത്യവുമാണ്. ദൈവം സൃഷ്ടിച്ച മനോഹരമായ പ്രപഞ്ചവും അതിലെ സൃഷ്ടിക്രമങ്ങളെയും പരിരക്ഷിക്കുന്നതിന് വേണ്ടതായ ഒരു ആദ്ധ്യാത്മിക ദർശനം, അതായത് പരിസ്ഥിതി ആദ്ധ്യാത്മികത പ്രോ

ത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. പൗരസ്ത്യ സഭയുടെ വേദശാസ്ത്രത്തിലും ആരാധനാക്രമത്തിലും അന്തർലീനമായിരിക്കുന്ന പരിസ്ഥിതി ആദ്ധ്യാത്മികതയുടെ അംശങ്ങൾ കൂടുതൽ ബോധവത്കരിക്കപ്പെടണം. അപ്പോൾ പ്രകൃതിയോടുള്ള നമ്മുടെ ആത്മ പ്രതിബദ്ധത കൂടുതൽ ഗൗരവമായിത്തീരും. പരിസ്ഥിതി ആദ്ധ്യാത്മികതയിൽ മുഖമുദ്രയായിരിക്കുന്നത്, പ്രകൃതി ദൈവത്തിന്റെ ദാനമാണെന്നും അതിൽ ദൈവത്തിന്റെ അനവരതമായ സാന്നിദ്ധ്യമുണ്ടെന്നും ആയതിനാൽ അവ പരിരക്ഷിക്കപ്പെടേണ്ടതാണെന്നുമുള്ള ആഴമായ ബോധമാണ്. അപ്പോഴാണ് ദൈവദത്തമായ പരിസ്ഥിതിയെ ആദരപൂർവ്വം നോക്കിക്കാണാനും പങ്കാളിത്ത മനോഭാവത്തോടെ അതിനോട് വർത്തിപ്പാനും കഴിയുന്നത്. ശരിയായ പൗരസ്ത്യ ആദ്ധ്യാത്മികത വർജ്ജനത്തിലും പങ്കിടുന്ന അനുഭവത്തിലും പകവും താളാത്മകവുമായ സൃഷ്ടി ബന്ധങ്ങളിലും (സൃഷ്ടി - സൃഷ്ടി ബന്ധങ്ങളിലും) സൃഷ്ടി -സൃഷ്ടികർത്താവ് ബന്ധങ്ങളിലും നിലനിൽക്കുന്നതാണ്. പരിസ്ഥിതി ആദ്ധ്യാത്മികതയും ഊന്നൽ കൊടുക്കുന്ന കാര്യങ്ങൾ ഇതൊക്കെതന്നെയാണ്. അതുകൊണ്ടാണ് പൗരസ്ത്യ ആദ്ധ്യാത്മികതയുടെ കാതലായ വശം പരിസ്ഥിതി ആദ്ധ്യാത്മികതയിൽ അടിസ്ഥാനപ്പെട്ടതാണ് എന്നു പറയുന്നത്.

സങ്കീർണമായ പരിസ്ഥിതി പ്രശ്നങ്ങളെ നേരിടുവാനും നോക്കിക്കാണുവാനും ആദ്ധ്യാത്മികമായ വീക്ഷണകോണിലൂടെ അവയെ ലഘൂകരിക്കുവാൻ വേണ്ടതായ പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പാക്കാനും വേണ്ടത് ചെയ്യുന്നത് സഭയുടെ കാലികമായ ഒരു വെല്ലുവിളിയും ദൗത്യവുമാണ്.

പൗരസ്ത്യ ആദ്ധ്യാത്മിക ദർശനവും ചര്യകളും ദൈവശാസ്ത്രവും ആരാധനാക്രമങ്ങളുമൊക്കെ പ്രകൃതിയുമായി യോജിച്ച് അതിനെ ആദരപൂർവ്വം പരിരക്ഷിക്കുന്ന പരിസ്ഥിതി ആദ്ധ്യാത്മികത പേറുന്നതാണെങ്കിലും ഇതൊന്നും സിംഹഭാഗം ആളുകളുടെ ചിന്തയിലോ ചര്യകളിലേക്കോ ഇറങ്ങിച്ചെന്നിട്ടില്ലെന്നുള്ളതാണ് വാസ്തവം. ഇത്തരുണത്തിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളോട് സഭയുടെ പ്രതികരണം വ്യക്തമാക്കുന്ന വളരെ ശ്രദ്ധേയമായ ഒരു കാൽവയ്പ് ഉണ്ടായത് പ്രത്യേകം പ്രസ്താവ്യമാണ്. ഇത് 'സൃഷ്ടിയുടെ നീതി, സമാധാനം, അഖണ്ഡത' എന്നതിനെ സംബന്ധിച്ച് കൊറിയയുടെ തലസ്ഥാനമായ സോളിൽ 1990ൽ നടന്ന ആഗോളതലത്തിലുള്ള കൂടിയാലോചനയായിരുന്നു. ഇതിൽ പ്രോട്ടസ്റ്റന്റ്, ഓർത്തഡോക്സ് സഭാ പ്രതിനിധികൾ സംബന്ധിക്കുകയും അതിൽ സൃഷ്ടിയുടെ പരിരക്ഷയെ സംബന്ധിച്ചുള്ള അവരുടെ ഉത്തരവാദിത്തത്തെക്കുറിച്ച് ദൃഢ പ്രതിജ്ഞ എടുക്കുകയും ചെയ്തു. പരിസ്ഥിതി പ്രശ്നങ്ങളെ നേരിടുന്നതിൽ സഭയ്ക്കുള്ള ആത്മീയ ഉത്തരവാദിത്തം ബോധവത്കരിക്കപ്പെടുവാൻ ഈ സമ്മേളനം വളരെ പ്രയോജനീഭവിച്ചു.

പ്രതികരണ മാതൃകകൾ ക്രിസ്തീയ സഭകളിൽ

പരിസ്ഥിതിയോടും പരിസ്ഥിതി പ്രശ്നങ്ങളോടുമുള്ള സഭകളുടെ പ്രതികരണത്തിൽ പൊതുവേ പറയുമ്പോൾ മൂന്നു പ്രധാന മാതൃകകൾ സഭയുടെ ജീവിതത്തിലും ചര്യകളിലും ദർശിക്കാനാവും. വളരെ സംക്ഷിപ്തമായി ഓരോന്നിനേയും വിവരിക്കുവാൻ ശ്രമിക്കുകയാണ്.

1) ലളിതനിഷ്ഠയുള്ള സന്യാസ മാതൃക

ഏറ്റവും പുരാതനമായ മാതൃകയാണിത്. പരിസ്ഥിതിയുടെ കാര്യത്തിൽ ബഹുമാനവും താത്പര്യവുമുള്ള പൗരസ്ത്യ പാരമ്പര്യത്തോട് സമാനമാണിത്. ഒരുപക്ഷേ, ഭാരതം ഉൾപ്പെടെ ഏഷ്യയിലുള്ള രാജ്യങ്ങളുടെയും മറ്റ് പൗരസ്ത്യമായ സംസ്കാര സ്വാധീനവും ഇതിനെ ബാധിച്ചിരുന്നിരിക്കണം. നമ്മുടെ ഭാരതത്തിലെ ഋഷീശ്വരന്മാരും സന്യാസികളും പർണശാലകൾ കെട്ടി വളരെ ലളിതമായ ആശ്രമജീവിതം നയിച്ചിരുന്നു. അവർ പ്രകൃതിയോട് ചേർന്ന് താദാത്മ്യപ്പെട്ട് ജീവിച്ചിരുന്നു. ഈ ലളിതമായ നിഷ്ഠയുള്ള സന്യാസജീവിതശൈലി പൗരസ്ത്യ സംസ്കാരത്തിന്റെ പ്രത്യേകതയാണ്. പ്രകൃതിയോട് ചേർന്നുള്ള പകമായ താളാത്മക ജീവിതം വളരെ ബോധപൂർവ്വം പ്രോത്സാഹിപ്പിച്ചിരുന്നു. പൗരസ്ത്യ സഭയുടെ ആദ്ധ്യാത്മികശൈലിയിൽ അടിസ്ഥാനമായി സ്വാധീനിച്ചിട്ടുള്ളത് ഈ സന്യാസ മാതൃകയാണ്. മാത്രമല്ല സഭയുടെ വേദശാസ്ത്ര ചിന്തയേയും കാഴ്ചപ്പാടുകളേയും ആരാധനാജീവിതത്തേയും ആരാധനാമാതൃകയേയും കൂടി അങ്ങേയറ്റം ഇത് സ്വാധീനിച്ചിട്ടുണ്ട്. പരിചിന്തനം ചെയ്യുന്ന ആർക്കും ഇത് ബോധ്യമാകുന്നതാണ്. പൗരസ്ത്യ സഭയുടെ ആദ്ധ്യാത്മിക ശൈലിയിൽ തന്നെ പ്രകൃതിയുമായി വളരെ അടുപ്പമുള്ള ഒരു പ്രാപഞ്ചിക വീക്ഷണമാണുള്ളത്. അതായത് പ്രകൃതിയുമായി സമന്വയിച്ചുകൊണ്ടുള്ള ഈ ആദ്ധ്യാത്മിക ശൈലി പ്രകൃതിയുടെ ചൂഷണത്തിനെതിരാണ്. നീതിബോധമില്ലാതെ, വിവേചന ചിന്തയില്ലാതെ പ്രകൃതിയേയും പ്രകൃതി സ്രോതസ്സുകളേയും ചൂഷണം ചെയ്തതു മൂലമാണ് നാം ഇന്ന് അനുഭവിക്കുന്ന എല്ലാ പരിസ്ഥിതി

സ്മരണാഞ്ജലി



കുഞ്ഞുമ്മൻ തോമസ് (74)
09.09.1977

മറിയാമ്മ തോമസ് (79)
30.10.1986



തോമസ് കുഞ്ഞുകുഞ്ഞ് (95)
19.06.2025

ഉമ്മൻ പി. തോമസ് (56)
21.10.1998

തോമസ് ജോർജ് (56)
24.08.2001

ചിന്നമ്മ കുഞ്ഞുകുഞ്ഞ് (83)
02.01.2017

അന്നമ്മ ഉമ്മൻ (81)
27.09.2024

സ്നേഹസ്മരണകളോടെ കുടുംബാംഗങ്ങൾ

ദൈവം സൃഷ്ടിച്ച മനോഹരമായ പ്രപഞ്ചവും അതിലെ സൃഷ്ടിക്രമങ്ങളെയും പരിരക്ഷിക്കുന്നതിന് വേണ്ടതായ ഒരു ആദ്ധ്യാത്മിക ദർശനം അതായത്, പരിസ്ഥിതി ആദ്ധ്യാത്മികത പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു...!

പ്രശ്നങ്ങളും സംഭവിച്ചിരിക്കുന്നത്. അതിനാൽ സഭയുടെ ലളിതനിഷ്ഠയുള്ള സന്യാസമാതൃകയിൽ സ്വീകരിച്ചിരിക്കുന്നത് വർജ്ജനത്തിൽ അടിസ്ഥാനപ്പെട്ടുകൊണ്ടു പ്രകൃതിയുമായി സമന്വയിക്കപ്പെട്ട ഒരു ലളിത ജീവിതമാണ്. ജീവിതാവശ്യങ്ങൾ തന്നെ തുച്ഛമാണ്. ഈ ജീവിത മാതൃക വിളംബരം ചെയ്യുന്ന സന്ദേശം, ഈ ഭൂമിയും അതിലെ സർവ്വവും ദൈവത്തിന്റെ വകയാണെന്നതാണ്. അതിനാൽ അത് മനുഷ്യന്റെ ദുരാഗ്രഹവും അത്യാഗ്രഹവും പൂർത്തിയാക്കാനുള്ള ഒരു ഉപാധിയാക്കപ്പെടരുത്. ദുരാഗ്രഹവും അത്യാഗ്രഹവും ആർജ്ജന സ്വഭാവത്തിലേക്കും സ്വാർത്ഥതയിലേക്കും നയിക്കുകയും സമാധാനവും സന്തോഷവും ജീവിത താളാത്മകതയും ആദ്ധ്യാത്മിക മനോഭാവവും തകർക്കുകയും ചെയ്യും. പൗരസ്ത്യ സഭയുടെ ആദ്ധ്യാത്മിക ദർശനത്തിൽ ആഴമായി വേരുന്നിയിരിക്കുന്ന ഈ സന്യാസ മാതൃക പരിസ്ഥിതി പ്രശ്നങ്ങളെ അതിജീവിക്കുന്നതിൽ ഉപകരണമാക്കപ്പെടേണ്ടതാണ്. ദൈവത്തിന്റെ ദാനമായ പ്രകൃതിയേയും സൃഷ്ടിക്രമങ്ങളേയും സ്നേഹിച്ചും ആദരിച്ചും പരിരക്ഷിച്ചും സ്രഷ്ടാവായ ദൈവത്തെ ആരാധിച്ച് ആദ്ധ്യാത്മികതയിൽ ഉയരുവാൻ മനുഷ്യനെ പ്രോത്സാഹിപ്പിക്കുകയാണ് സഭ ചെയ്യേണ്ടത്. അങ്ങനെ പരിസ്ഥിതി ആദ്ധ്യാത്മികതയിൽ നിറഞ്ഞ ഒരു ജീവിതശൈലി സംജാതമാകുവാൻ ഇടയാകും. ■

ഐക്കൺ എന്ന കല

സഖറിയ മാർ സേവേറിയോസ്

ഒരു പ്രതീകത്തിന്റെ അർത്ഥം നിയതമായി നിർവ്വഹിക്കുന്നതിന് പരിമിതികളുണ്ട്. എന്നാൽ, അദൃശ്യമായ ഒരു യാഥാർത്ഥ്യത്തെക്കുറിക്കുന്ന ദൃശ്യവും ഭൗതികവുമായ ഒന്നാണ് പ്രതീകമെന്ന് പറയാം. Symbol എന്ന ആംഗലേയപദം symballien എന്ന യവനപദത്തിൽ നിന്നാണ് നിഷ്പദിച്ചിരിക്കുന്നത്. 'ഒരുമിപ്പിക്കുന്നത്' (throw together) എന്നർത്ഥം അതിനുണ്ട്. ചിതറപ്പെട്ടതിനെ കൂട്ടിച്ചേർക്കുന്നതാണത്രേ! ഛിന്നവിചാരങ്ങളെ ഏകാഗ്രമാക്കുന്നത്. ബോധമുണർത്തുന്ന ഔന്നത്യം എന്നും പറയാറുണ്ട്. പ്രതീകങ്ങൾ ഒരു നാണയംപോലെയെന്ന് പറയുന്നവരുണ്ട്. നാണയത്തിന് രണ്ട് മുഖങ്ങളുണ്ട്. അകവും പുറവും പ്രകടമായി കാണാവുന്നതും മറഞ്ഞിരിക്കുന്നതും. പ്രതീകങ്ങൾക്കും പ്രത്യക്ഷമായി കാണാവുന്ന ഒരു തലമുണ്ട്. ഒപ്പം നിഗൂഢമായ മറ്റൊന്നും. അതുപോലെ നാണയത്തിന് ഒരു പ്രത്യേക വ്യവസ്ഥിതിയിൽ മാത്രമായിരിക്കും മൂല്യമുണ്ടാവുക. അതിന് വെളിയിൽ വിനിമയ സാധ്യതയുമുണ്ടാവില്ല. ഓരോ പ്രതീകങ്ങളുടെയും ഭാഷ അതതിന്റെ ആവാസ വ്യവസ്ഥയിലേക്ക് ഉപനയനം ചെയ്യപ്പെടാത്തവർക്ക് സുഗ്രാഹ്യമാവാൻ സാധ്യതയില്ല. ചിലപ്പോൾ അർത്ഥശൂന്യമായും തോന്നിയേക്കാം. സദാ ബോധ്യത്തിൽ ഒരു പ്രതീകം ദൈവികരഹസ്യങ്ങളുടെ കാണപ്പെടുന്ന രൂപമെന്ന് വിളിക്കപ്പെടും. അത് ഒരു വസ്തുവോ കർമ്മമോ ആകാം. ചുരുക്കത്തിൽ പങ്കാളിത്തപരമായ സഹവർത്തിത്വത്തിലൂടെ മാത്രമേ ഒരു പ്രതീകം സമ്മാനിക്കുന്ന കാഴ്ചകളിലേക്ക് നമുക്ക് സഞ്ചരിക്കാനാവൂ. പൗരസ്ത്യ ഓർത്തഡോക്സ് ആരാധനാ പാരമ്പര്യങ്ങളിൽ സജീവമായി നിലകൊള്ളുന്ന ഐക്കൺ ചിത്രങ്ങളുടെ സാംഗത്യവും പ്രസക്തിയുമാണ് ഈ കുറിപ്പ് അന്വേഷിക്കുന്നത്.

സത്യാന്വേഷിയായ ഒരാൾക്ക് ദൈവത്തെക്കുറിച്ച് അറിവ് ലഭിക്കുന്നതിനുള്ള ഒരു പ്രധാന മാർഗമാണ് വിശുദ്ധലിഖിതങ്ങൾ. ദൈവത്തെക്കുറിച്ചുള്ള അറിവ് മനുഷ്യൻ രേഖപ്പെടുത്തിയിട്ടുള്ളത് തിരുവെഴുത്തുകളിലും ചിഹ്നങ്ങളിലും പ്രതീകങ്ങളിലുമാണ്. അതായത്, ദൈവത്തെക്കുറിച്ചുള്ള അറിവ് പകർന്നുതരുന്ന തിരുവെഴുത്തുകൾപോലേ ദൈവത്തെക്കുറി

ച്ച് അറിവു നൽകുന്ന ചിത്രങ്ങളാണ് ഐക്കണുകൾ. അപരിമേയനായ ദൈവത്തെ വെളിപ്പെടുത്തുവാനുള്ള പരിമിതനായ മനുഷ്യന്റെ പലതരം പ്രയത്നങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു കലാദർശനമാണ് ഇത്. ദൈവത്തെക്കുറിച്ച് സംവദിക്കുന്ന തിരുവെഴുത്തുകളെപ്പോലെ ആദരണീയമായ സ്ഥാനമാണ് ഐക്കണുകൾക്ക് പൗരസ്ത്യ സഭാപിതാക്കന്മാർ നൽകുന്നത്. കർത്താവിന്റെ മനുഷ്യാവതാരത്തിലെ സംഭവങ്ങളാണ് ഐക്കണുകളുടെ ചിത്രീകരണത്തിലെ പ്രധാന പരാമർശ വിഷയം. മനുഷ്യാവതാര സംഭവങ്ങളെ അനുസ്മരിപ്പിക്കുന്ന പെരുന്നാളുകൾ ആചരിക്കുന്നതുപോലെ (യൽദോ, ദനഹാ...) വിശുദ്ധമായ ആ സ്മൃതികളെ ചിത്രരൂപത്തിലാക്കി ദേവാലയത്തെ അലങ്കരിക്കുന്ന പതിവും പൗരസ്ത്യ ആരാധനയുടെയും കലാദർശനത്തിന്റെയും ഭാഗമാണ്.

സത്യാന്വേഷിയായ ഒരാൾക്ക് ദൈവത്തെക്കുറിച്ച് അറിവ് ലഭിക്കുന്നതിനുള്ള ഒരു പ്രധാന മാർഗമാണ് വിശുദ്ധലിഖിതങ്ങൾ. ദൈവത്തെക്കുറിച്ചുള്ള അറിവ് മനുഷ്യൻ രേഖപ്പെടുത്തിയിട്ടുള്ളത് തിരുവെഴുത്തുകളിലും ചിഹ്നങ്ങളിലും പ്രതീകങ്ങളിലുമാണ്. അതായത്, ദൈവത്തെക്കുറിച്ചുള്ള അറിവ് പകർന്നുതരുന്ന തിരുവെഴുത്തുകൾപോലെ ദൈവത്തെക്കുറിച്ച് അറിവു നൽകുന്ന ചിത്രങ്ങളാണ് ഐക്കണുകൾ.

'ചർച്ച്' എന്ന ആംഗലേയ പദത്തിന് 'കൂട്ടി വരുത്തുന്നത്' പുനരാക്കുന്നത് എന്നൊക്കെ അർത്ഥം നൽകുന്നുണ്ട്. 'എക്ലീസിയ' എന്ന യവനപദത്തിന് വിളിച്ചുചേർത്തത് എന്നർത്ഥം കാണുന്നുണ്ട്. അപ്പൊസ്തല സമൂഹം വിളിച്ച് ചേർക്കപ്പെട്ട പുതിയ ഇസ്രായേലാകുന്ന സഭയാണ്. ക്രിസ്തുവിന്റെ ശരീരമെന്ന് സഭ ഘോഷിക്കപ്പെടുന്നു (എഫേ. 1:23, കൊല. 1:18) ഇത്തരത്തിൽ അനവധി പ്രതീകാത്മക വിചാരങ്ങളുണ്ട് സഭയെപ്രതി. ബാഹ്യപ്രളയത്തിൽനിന്ന് രക്ഷ സമ്മാനിക്കുന്നതിനുള്ള സങ്കേതം എന്നർത്ഥത്തിൽ നോഹയുടെ പെട്ടകത്തോട് സഭയെ ഉപമിക്കുന്നതുപോലെ എത്രയെത്ര ദൃഷ്ടാന്തങ്ങൾ! വിശുദ്ധ വേദപുസ്തകത്തിലും ആദിമ സഭാപാരമ്പര്യത്തിലും ഈ ശൈലി തുടർന്നു പോരുന്നുണ്ട്. പീഡകളുടെ കാലത്ത് ക്രിസ്ത്യാനികൾ തമ്മിൽ തിരിച്ചറിഞ്ഞിരുന്നത് ഒരു മത്സ്യത്തിന്റെ രൂപം വരച്ചുകാട്ടിയാണ്. ഗ്രീക്കിൽ മത്സ്യത്തിനുള്ള പദം 'ഇക്ത്തൂസ്' (Ichtus) എന്നാണ്. യേശുക്രിസ്തു, ദൈവപുത്രൻ, രക്ഷകൻ (Jesus Christ, son of God, Saviour) എന്നർത്ഥമുള്ള യവനപദങ്ങളുടെ ലോപിതരൂപമാണ് 'ഇക്തൂസ്.' സഭയുടെ അടിസ്ഥാന വിശ്വാസമാണ് ഈ ചിത്രത്തിലൂടെ സംവേദിക്കപ്പെട്ടിരുന്നത്. ആദ്യ നൂറ്റാണ്ടുകളിലെ കാറ്റകോംബുകളിൽ (ഭൂമിക്കടിയിലുള്ള പുരാതന ദേവാലയങ്ങൾ) അനവധി ചിത്രങ്ങൾ ആലേഖനം ചെയ്യപ്പെട്ടിരുന്നു. അലക്സാന്ത്രിയയിലെ വിശുദ്ധ ക്ലമന്റിന്റെ ലേഖനത്തിൽ പൊതുവായി കാണുന്ന ചില ക്രിസ്തീയ പ്രതീകങ്ങളെ പരാമർശിക്കുന്നുണ്ട്. പ്രാവ് (പരിശുദ്ധാത്മാവിന്റെ പ്രതീകം), മത്സ്യം (ഇക്തൂസ്), കുരുത്തോലകൾ (പാപത്തിന്മേലുള്ള വിജയം) (വെളിപ്പാട് 7:9) നങ്കൂരം (പ്രത്യാശ), പെട്ടകം (മാമോദീസ, സഭ) (1 പത്രോസ് 3:19-21), കടൽത്തീരത്തെ മുക്കുവർ, കുഞ്ഞാട് ഇങ്ങനെ ചിലതിനെ സൂചിപ്പിക്കുന്നു. എന്നാൽ, യവന ദൈവങ്ങളും വാളുകളും അമ്പുകളുമൊക്കെ ഉപയോഗിച്ചിരുന്നതിനെ അദ്ദേഹം വിമർശിക്കുന്നുമുണ്ട്.

എന്നാൽ, നാലാം നൂറ്റാണ്ടോടെ കുസ്തന്തീനോസിന്റെ കാലത്ത് ക്രിസ്തുമതം രാജ്യത്തിന്റെ ഔദ്യോഗിക മതമായതോടെ പ്രൗഢിയും ഗാംഭീര്യവുമുള്ള വലിയ ദേവാലയങ്ങൾ പണികഴിപ്പിക്കപ്പെട്ടു. വലിയ അലങ്കാരങ്ങളാൽ ദേവാലയങ്ങൾ നിറഞ്ഞു. ദേവാലയങ്ങളിൽ വ്യക്തമായ ഉൾക്കാഴ്ചയോടെ പ്രതീകങ്ങൾ ഉപയോഗിച്ചുതുടങ്ങി. പ്രതീകങ്ങളുടെ ആന്തരികാർത്ഥം സഭാപാരമ്പര്യത്തിൽ ഇപ്രകാരം വിശദീകരിക്കപ്പെടുന്നു. ക്രിസ്തീയ ജീവിതം രണ്ട് അടിസ്ഥാന യാഥാർത്ഥ്യങ്ങളിൽ അധിഷ്ഠിതമാണ്. ഒന്ന്, ക്രിസ്തുവിന്റെ രക്ഷാകരബലിയും അതിലെ പങ്കാളിത്തത്തിലൂടെയുള്ള വിമോചനവും. രണ്ടാമത് ഇതിന്റെ പരിണതഫലമായി മനുഷ്യന്റെ ശുദ്ധീകരണവും അവനിലൂടെ സകല ലോകത്തിന്റെയും വിമലീകരണവും. ഈ ശുദ്ധീകരണം ദൈവരാജ്യത്തിന്റെ വരവിനെക്കുറിക്കുന്ന സത്യമാണ്, ഭാവിലോകത്തിന്റെ അടയാളമാണ്. വരുവാനുള്ളതിന്റെ പ്രാരംഭം കുറിക്കലാണ്.

ദേവാലയം ശുദ്ധീകരണ സ്ഥലമാണ്. ആരാധന ശുദ്ധീകരണമാർഗവും. ദേവാലയത്തിന്റെ ഉൾവശം തേജസ്കരിക്കപ്പെട്ട സൃഷ്ടിയുടെ പ്രതീകമാണ്. പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും സൂചനയാണ്. ബൈസന്റയിൻ പാരമ്പര്യത്തിൽ താഴികക്കുടത്തിൽ സകലാധിപതിയായ ക്രിസ്തുവിന്റെ ഐക്കൺ നൽകുന്നു. ചുറ്റും ശിഷ്യന്മാരുടേത്. കോണുകളിൽ സുവിശേഷകന്മാരുടേത്. സ്തൂപങ്ങളിൽ രക്തസാക്ഷികളും സന്യാസപിതാക്കന്മാരും; പടിഞ്ഞാറേ ചുവരിൽ അന്തിമന്യായവിധിയുടെ ഐക്കൺ പുതുയുഗത്തിന്റെ നാന്ദിയെക്കുറിക്കുന്നു. സ്വർഗീയ ആരാധനയുടെ മുന്നനുഭവമാണ് സഭ സമ്മാനിക്കുന്നത്.

ആദാമിന്റെ വീഴ്ചയ്ക്കുശേഷം പഴയ നിയമകാലമാണ്. അത് പുതിയ നിയമത്തിന്റെ ഒരുക്കക്കാലമാണ്. പുതുയുഗത്തിന്റെ തയ്യാറെടുപ്പാണ്. പുതിയനിയമകാലത്തെ ആരാധനകളുടെ പ്രതിരൂപമാണ് പഴയ നിയമകാല ആരാധനാരീതികൾ. നാം പിതാക്കന്മാ

രിൽനിന്ന് പ്രാപിച്ചിട്ടുള്ളതും ഇപ്പോൾ അനുവർത്തിക്കുന്നതുമായ വർത്തമാനകാല ആരാധനാരീതികളാകട്ടെ വരുവാനുള്ള ലോകത്തെ സംഗതികളുടെ പ്രതിരൂപമാണ്. അതിനാൽ ഒരു ദേവാലയം വരുവാനിരിക്കുന്ന ശാശ്വത സമാധാനത്തിന്റെ പ്രതിരൂപമാണ്. സ്രഷ്ടാവിന്റെ സമീപം സകല സൃഷ്ടികളും വന്നുചേരുന്ന പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും പ്രതീകം. ഇവിടെ ഉപയോഗിക്കപ്പെടുന്ന കീർത്തനങ്ങളും ചിത്രങ്ങളും തേജസ്കരിക്കപ്പെട്ട പ്രാപഞ്ചികാനുഭവങ്ങളുടെ മുൻരൂപങ്ങളാണ്. അതുകൊണ്ടാണ് ഈ ലോകത്തിന്റെ സൗന്ദര്യശാസ്ത്രമല്ല സഭയുടേത് എന്നു പറയുന്നത്. ഐഹികമായ ദൃശ്യങ്ങളുടെ ഛായാപടങ്ങളല്ല; വരുവാനുള്ള യുഗത്തിന്റെ അടയാളങ്ങളാണ് സഭയിൽ പ്രതിഫലിക്കേണ്ടത്. ജനപ്രിയ താളങ്ങളും വരകളും ഓർത്തഡോക്സ് ആരാധനാ പാരമ്പര്യം അനുവദിക്കുന്നില്ല. അതിനാലാണ് ഗായകസംഘങ്ങൾ ഗാനമേളകൾ നടത്തരുതെന്ന് ചില പിതാക്കന്മാർ ശഠിക്കുന്നത്. സന്നിഹിതരാകുന്ന ഓരോ വ്യക്തികൾക്കും തങ്ങളുടേതായ അഭിരുചികൾ ഉണ്ടായിരിക്കും. എന്നാൽ, താന്താങ്ങളുടെ താത്പര്യങ്ങളെ മറികടക്കാനും ബലികൊടുക്കാനും സഭയിൽ നാം പരിശീലിക്കണം. വൈയക്തികാനുഭൂതികളെ തൃപ്തിപ്പെടുത്തുകയല്ല സഭയുടെ ദൗത്യം; മറിച്ച് വ്യക്തിയെ ക്രിസ്തുവിന്റെ വിമോചന മാർഗ്ഗത്തിൽ നയിക്കുക എന്നതാണ്.

പലപ്പോഴും നമ്മുടെ വീക്ഷണങ്ങൾ ഒരു കോണിൽ നിന്നുള്ളവയാണ്. അത് ഭാഗികമായിരിക്കും. പൂർണമായ ഒരു കാഴ്ചപ്പാടാണ് മനുഷ്യനെ തികവുള്ളവനാക്കുന്നത്. മാക്സിമസിന്റെ ഭാഷയിൽ ദൈവത്തിന്റെ കണ്ണുകൊണ്ട് നോക്കാനാവണം. മറ്റു പിതാക്കന്മാരും ഇതിന് വ്യത്യസ്ത വിശേഷണങ്ങൾ നൽകുന്നുണ്ട്. ഉദാഹരണമായി, തേജോനേത്രാ (അപ്രേം), പ്രാവിൻ കണ്ണ് (ഗ്രിഗറി നിസ്സ), ദിവ്യതേജസ്സ് ചൂഴുന്ന ഏകനയനം (വിശുദ്ധ മക്കാറിയോസ്) എന്നിങ്ങനെ. എല്ലാം നല്ലത് എന്ന് കാണുന്ന ദൈവത്തിന്റെ കണ്ണാണ് ക്രൈസ്തവ സൗന്ദര്യശാസ്ത്രത്തിന്റെ ഉറവിടം.

കണ്ണുകൾ വസ്തുക്കളെയല്ലല്ലോ, അവയിൽ പ്രതിഫലിക്കുന്ന വെളിച്ചത്തെയാണല്ലോ കാണുന്നത്. വെളിച്ചം വസ്തുവിന് രൂപവും ഭാവവും നൽകുന്നു. വെളിച്ചം കടക്കുന്നതിനനുസരിച്ച് അത് ശോഭയുള്ളതാകുന്നു. മറുവശത്ത് നരകത്തെയാണ് അന്ധകാരസ്ഥലമെന്ന് പറയുക. ഇരുട്ടിൽ പരസ്പരം കാണാനാവില്ല. സ്വയം കാണാനുമാവില്ല. ഇതാണ് നരകം. പുറത്തെ അന്ധകാരത്തിൽ കരച്ചിലും പല്ലുകടിയുമാണുള്ളത്. തിരുവെഴുത്തിന്റെ ഒന്നാം പുസ്തകത്തിലും അവസാനപുസ്തകത്തിലും രാത്രിയില്ല. ഏദൻ തോട്ടത്തിൽ സന്ധ്യയും ഉഷസ്സും മാത്രമാണ് (ഉല്പത്തി 1). സ്വർഗീയ യെരുശലേമിൽ ഇനി രാത്രി ഉണ്ടാവുകയില്ല (വെളിപ്പാട് 22:5) എന്നാണ് പറയുക. ഈ ഇരുൾ അസ്തിത്വമില്ലായ്മയെ (Non-existence) സൂചിപ്പിക്കുന്നതാണ്. നാലാം ദിവസം സൂര്യനും ചന്ദ്രനും അടങ്ങുന്ന പ്രാപഞ്ചിക വെളിച്ചങ്ങൾ (Primal light) സാമാന്യനേത്രങ്ങൾക്ക് അഗോചരമാണ്. ആദിവെളിച്ചം ദൈവമുഖപ്രകാശനമാണ്. മുൾപ്പടർപ്പിൽ അവാച്യമായ ദിവ്യതേജസ്സ് ഒളിഞ്ഞിരുന്നതുപോലെ ദൈവികലാവണ്യത്തിന്റെ

മഹിമയും ചൈതന്യവും സകലത്തിലും നിഹിതമാണ്. ധ്യാനമാണ് തീ കത്തിക്കുക. ധ്യാനത്തിലൂടെയാണ് കണ്ണുകൾ പ്രകാശിക്കുന്നത്. ധ്യാനം ചൈതന്യമുണർത്തുന്നു. Iconosphy വെളിപ്പെടുത്തുന്നത്, എല്ലാ വസ്തുക്കൾക്കും ലോഗോസ് (Logos) ഉണ്ടെന്നാണ്. അതായത്, ഒരു ആന്തരികലോകമുണ്ട് (Entelechy). ഓരോന്നിന്റെയും സംഘടനയുടെ ചൈതന്യം അതാണ്.

നയനാനന്ദകരമായതിനെയാണ് ലോകം സൗന്ദര്യം എന്നു വിളിക്കുക. തിരുവെഴുത്തിൽ അങ്ങനെയല്ല. ഉള്ളിലുള്ള വെളിച്ചം അണഞ്ഞുപോയാലുള്ള ഇരുളിനെക്കുറിച്ചും നിങ്ങളുടെ വെളിച്ചം മറ്റുള്ളവരുടെ പ്രകാശമായിത്തീരുന്നതിനെക്കുറിച്ചുമാണ് തിരുവചനം ഭാരപ്പെടുന്നത്. വിശുദ്ധ പത്രോസിന്റെ വാക്കുകളിൽ, നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല. സൗമ്യതയും സാവധനതയുമുള്ള മനസ്സ് (1 പത്രോസ് 3:3). ഈ ആന്തരിക സൗന്ദര്യമാണ് ധ്യാനവിഷയം. ഒരു ദാസവേഷം കൊണ്ടാണ് ക്രിസ്തുവിന്റെ ലാവണ്യം മറയ്ക്കപ്പെട്ടിരുന്നത്. അവന് രൂപഗുണം ഇല്ല, കോമളത്വം ഇല്ല; കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല (യെശ. 53:2). പുറമെയുള്ളതിനെ മറന്ന് ഉള്ളിലേക്ക് കാതങ്ങൾ പിന്നിട്ട വിശുദ്ധ വിഡ്ഢികളുടെ (Holy fools) സന്യാസചര്യകളെ ഓർമ്മിക്കുക. ഉള്ളടരുകളിലെ നിധി തേടിയുള്ള പ്രയാണങ്ങളാണ് ഇവ ആവശ്യപ്പെടുന്നത്. ഉൾവെളിച്ചത്തിന്റെ ഉത്സവം താബോറിലാണ് നാം കണ്ടുമുട്ടുക. ക്രിസ്തുവിന്റെ രൂപാന്തരം വാസ്തവത്തിൽ ശിഷ്യന്മാരുടെ രൂപാന്തരമായിരുന്നു. ദാസവേഷം പൂണ്ടവനിൽ ഗുപ്തമായിരുന്ന ആന്തരിക തേജസ്സ് ദർശിക്കുവാൻ ശിഷ്യന്മാരുടെ കണ്ണുകൾ തുറക്കപ്പെട്ടു. ഈ തുറവി നിരന്തരമായ ദൈവസംസർഗത്തിലൂടെയാണ് സാധ്യമാകുന്നത്. അവന്റെ കൂടെ നടക്കുന്നവർക്കാണ് അനുഭവമാകുന്നത്. ആരാധന ദൈവത്തോടൊപ്പമുള്ള സഞ്ചാരമാണ്. ആരാധനയാണ് നമ്മെ വിമലീകരിക്കുക. എബ്രായർ 5:14ൽ, ആരാധനയിലുള്ള തഴക്കം ഇന്ദ്രിയങ്ങൾക്ക് സമ്മാനിക്കുന്നത് ദൈവിക പരിജ്ഞാനമാണെന്ന് പറയുന്നു. നന്മയും തിന്മയും തിരിച്ചറിയുന്ന വിവേചനത്തിന്റെ ആത്മാവ്. കൂടെ നടക്കുന്നതിൽ നിന്നും തെറ്റിപ്പോയ ആദാമിന് നഷ്ടമായ ആത്മീയ പരിപാകതയാണ് ആരാധന/ദൈവസംസർഗത്തിലൂടെ വീണ്ടെടുക്കുന്നത്.

ഓർത്തഡോക്സ് ആരാധന പാരമ്പര്യത്തിലെ ഐക്കൺ ചിത്രങ്ങളുടെ സാംഗത്യം ഈ പശ്ചാത്തലത്തിൽ വിശദീകരിക്കുന്നത് കരണീയമെന്ന് കരുതുന്നു. പൗരസ്ത്യ ക്രൈസ്തവ സൗന്ദര്യശാസ്ത്രം നൽകുന്ന വേറിട്ട സൗന്ദര്യാന്വേഷണ മാർഗത്തോട് അങ്ങേയറ്റത്തെ നീതിപുലർത്തുന്നവയാണ് 'ഐക്കൺ ചിത്രങ്ങൾ.' വിശുദ്ധ ബസേലിയോസിന്റെ വാക്കുകളിൽ, വാക്കുകൾ ശബ്ദങ്ങൾകൊണ്ട് പ്രഘോഷിക്കുന്നത് ചിത്രങ്ങൾ അവയുടെ അവതരണങ്ങൾ കൊണ്ട് സാധിക്കുന്നു എന്നാണ് നിരക്ഷരരുടെ പുസ്തകം എന്ന് ഡമാസ്കസിലെ വിശുദ്ധ യോഹന്നാൻ ഐക്കൺ ചിത്രങ്ങളെ വിശേഷിപ്പിക്കുന്നു. 'ഐക്കൺ' എന്ന വാക്കിന്റെ അർത്ഥം 'പ്രതിരൂപം'

(Image) എന്നാണ്. ഐക്കൺ ഒരു വാതിൽ എന്ന് വിളിക്കപ്പെടുന്നു. അനുഭവത്തിന്റെ ഒരു പുതിയ വൻകരയിലേക്ക് കരേറ്റുന്ന വാതിൽ. ഗ്രീക്ക്, റഷ്യൻ ഓർത്തഡോക്സ് പാരമ്പര്യങ്ങളിൽ ഇവ നിറസാന്നിധ്യമാണ്. ക്രിസ്തുവിൽ ആരംഭിച്ച് ദൈവമാതാവ്, പരിശുദ്ധന്മാർ, രക്ഷാകരചരിത്രത്തിലെ സംഭവങ്ങൾ എന്നിങ്ങനെ തുടരുന്ന അനവധി ഐക്കൺ ചിത്രങ്ങളുണ്ട്. മനുഷ്യനിർമ്മിതിയല്ലാത്ത വിശുദ്ധമുഖം (Acheiropoietes) എന്ന ചിത്രത്തിലാണ് കിഴക്കൻ പാരമ്പര്യത്തിലെ ഐക്കൺ ചരിത്രം ആരംഭിക്കുന്നത്. കുഷ്ഠരോഗിയായിരുന്ന അബ്ഗാർ രാജാവ് യേശുക്രിസ്തുവിനെ കാണാൻ ആഗ്രഹിക്കുന്നു. സ്വരാജ്യത്തേക്ക് ക്രിസ്തുവിനെ ക്ഷണിക്കുന്നതിന് പ്രതിനിധികളെ അയച്ചു. എന്നാൽ, ക്രിസ്തുവിന്റെ അന്ത്യനാളുകൾ സമീപിച്ചിരുന്നു. തന്നെ സമീപിച്ച വർക്ക് ഒരു തൂവാലയിൽ താൻ സ്വമുഖം ഒപ്പി നൽകി. ഈ ചിത്രമാണ് Acheiropoietes. പാശ്ചാത്യപാരമ്പര്യത്തിലെ വെറോനിക്കായുടെ കൈലേസുമായി സാമ്യം ഉണ്ട്. കന്യക മറിയമിന്റെയും യേശുവിന്റെയും ചിത്രമെഴുതിയ (Hodigitria) വിശുദ്ധ ലൂക്കൊസാണ് ആദ്യ 'ഐക്കണോഗ്രാഫർ' എന്ന് മറ്റൊരിടത്ത് അവകാശപ്പെടുന്നുണ്ട്. കിഴക്കൻ സഭകളിൽ ഐക്കണോഗ്രഫി വളരെയേറെ പ്രാധാന്യം നേടി. ദേവാലയങ്ങളിൽ ഐക്കൺ ചിത്രങ്ങൾ നിറഞ്ഞു. എണ്ണത്തിരികൾ ഐക്കണുകളുടെ മുമ്പിൽ വയ്ക്കുന്നതാണ് പതിവ്. ധൂപാർപ്പണം നടത്തുന്നുണ്ട്. കാലപുരോഗതിയിൽ ആരാധനയിലെ ഐക്കൺ സാന്നിദ്ധ്യം വിവാദവിഷയമായി. വിഗ്രഹാരാധനയ്ക്കെതിരായ ദൈവകൽപ്പനയുടെ നഗ്നമായ ലംഘനമാണ് ഓർത്തഡോക്സ് ആരാധനയിൽ നടമാടുന്നതെന്ന ആരോപണമുണ്ടായി. എഡി 726ൽ റോമ സാമ്രാജ്യത്തിൽ ലിയോ മൂന്നാമൻ ചക്രവർത്തിയുടെ കാലത്ത് ഇത് സംബന്ധിച്ച് ഒരു ലഹള നടന്നു (Iconoclasm). എന്നാൽ, ഡമാസ്കസിലെ വിശുദ്ധ ജോൺ, തിയഡോർ, പാത്രിയർക്കീസ് നിസിഫോറസ് എന്നിവർ സത്യവിശ്വാസ സംരക്ഷകരായി എഴുന്നേറ്റു. ഐക്കണുകളുടെ ദൈവശാസ്ത്രത്തെ ആധികാരികമായി ഇവർ വിശദീകരിച്ചു.

മലങ്കര ഓർത്തഡോക്സ് സഭ പാരമ്പര്യത്തിൽ ഐക്കൺ ചിത്രങ്ങൾ പ്രചുരപ്രചാരം നേടിയിട്ടില്ല. ആയതിനെക്കുറിച്ചുള്ള സമഗ്രമായ ഒരു അന്വേഷണം പുരോഗമിച്ചിട്ടുമില്ല. പൊതുമാനദണ്ഡങ്ങളിൽനിന്ന് വ്യതിചലിക്കാതെ തദ്ദേശീയമായ ഒരു സഭാചിത്രകല സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള സാധ്യത നമുക്കേറെയുണ്ട്. പ്രത്യേകിച്ചും ക്ഷേത്രകലകൾക്ക്/വിശുദ്ധ കലകൾക്ക് പ്രസക്തിയുള്ള ഒരു ദേശത്ത് തനതും പൊതുവുമായ ഒരു ചിത്രകലാ പാരമ്പര്യത്തെ ചിട്ടപ്പെടുത്താവുന്നതാണ്.

വിശുദ്ധ ഐക്കണുകളുടെ സത്യവും സാംഗത്യവും വെളിപ്പെടുത്തുന്ന ആധികാരിക ഗ്രന്ഥമാണ് "Three Treatises in the Defence of Holy Icons" by "John of Damascus" ഐക്കൺ വിവാദത്തിലെ പ്രധാന എതിർവാദങ്ങൾ തിരുവെഴുത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടുള്ളതായിരുന്നു. ഒരു വിഗ്രഹവും നിനക്കായി ഉണ്ടാക്കരുത്. മുകളിൽ സ്വർഗത്തിലുള്ളതോ താഴെ ഭൂമിയിലുള്ളതോ ഭൂമിക്കടിയിൽ വെള്ളത്തിലുള്ളതോ ആയ യാതൊന്നിന്റെയും ബിംബം ഉണ്ടാക്കരുത് (പുറപ്പാട് 20:4), (ആവർത്തനം 4:16-19) പ്രതിബിംബങ്ങളെ നിരോധിച്ചുകൊണ്ടുള്ള ഈ കൽപനയാണ് ഐക്കൺ വിരുദ്ധ കലാപത്തിന്റെ ആധാരം. നവീകരണസഭകളും സമാനനിലയിൽ ഇക്കാലത്ത് ദേവാലയത്തിലെ ചിത്രങ്ങളെച്ചൊല്ലി തർക്ക വാദങ്ങൾ ഉന്നയിക്കുന്നുണ്ട്. ഡമാസ്കസിലെ യോഹന്നാന്റെ വാദങ്ങളുടെ സംക്ഷിപ്തം ശ്രദ്ധിക്കുക. അദ്ദേഹം പറയുന്നു; ''പഴയനിയമകാലത്ത് ദൈവം ജനത്തിന് പ്രത്യക്ഷനായത് ശബ്ദത്തിലും വചനത്തിലുമാണ്. അവൻ അശരീരിയായിരുന്നു. യിസ്രയേൽ ജനം യാതൊരുവിധ രൂപവും കണ്ടില്ല.

കർത്താവ് അഗ്നിമധ്യത്തിൽ നിന്നുകൊണ്ട് നിങ്ങളോട് അരുൾ ചെയ്തു, നിങ്ങൾ വാക്കുകളുടെ ധ്വനി കേട്ടു. രൂപമൊന്നും കണ്ടില്ല. സ്വരം മാത്രം!'' (ആവർത്തനം 4:12). ഈ വാക്യത്തെ തുടർന്നാണ് നിരോധന കൽപന പുറപ്പെടുന്നത് (ആവർത്തനം 4:16-19). കാണപ്പെടുന്ന എന്തിന്റെയെങ്കിലും പ്രതിബിംബം നിർമ്മിക്കുന്നതിനെ വിലക്കുന്നു. തന്റെ രൂപം നിർമ്മിക്കുന്നതും ദൈവം തടയുന്നു. ഇവിടെയാണ് സൂക്ഷ്മവിചാരം നടത്തേണ്ടത്. മോശയോ ജനമോ ഇതുവരെയും കണ്ടിട്ടില്ലാത്തവന്റെ എന്ത് രൂപമാണ് ചമയ്ക്കുക? കേവലം ശബ്ദം മാത്രമാണ് അവരുടെ ദൈവാനുഭവം. കണ്ണുകൾ കണ്ടിട്ടില്ലാത്തതിന്റെ പ്രതിരൂപം എപ്രകാരമാണ് ഉണ്ടാക്കുക? ലഭ്യമായത് വചനം മാത്രമാണ്. അതാകട്ടെ മോശ കൽപ്പലകകളിൽ ആലേഖനവും ചെയ്തു. അവാച്യവും അശരീരിയുമായ ഒന്നിനെ, ആകൃതിയോ പരിമിതിയോ ഇല്ലാത്ത ഒന്നിനെ എങ്ങനെ രൂപപ്പെടുത്തും? കാരണം ഇസ്രായേൽ ജനത കേൾക്കുക മാത്രമാണ് ചെയ്തത്; കാണുകയായിരുന്നില്ല. വിശുദ്ധ യോഹന്നാൻ തുടരുന്നു. ഇത് അരൂപിയായ ദൈവത്തിന്റെ പ്രതിരൂപം നിർമ്മിക്കുന്നതിനുള്ള സ്പഷ്ടമായ നിരോധനമായിരുന്നു. അശരീരിയായവൻ ശരീരിയായിത്തീർന്ന് നമുക്ക് ദൃശ്യനായപ്പോൾ തന്റെ മാനുഷികതയുടെ അവതരണങ്ങൾ നമുക്ക് സാധ്യമാണ്. അദൃശ്യനായവൻ ജഡം ധരിച്ചപ്പോൾ ദൃശ്യനായി ദാസവേഷം സ്വീകരിച്ച് മനുഷ്യനായിത്തീർന്നു (ഫിലി. 2:6-7). തന്റെ മനുഷ്യാവതാര സംഭവങ്ങളെ വാക്കുകൾ കൊണ്ട് ഗ്രന്ഥങ്ങളിലും നിറങ്ങൾകൊണ്ട് ചിത്രങ്ങളിലുമെഴുതുക. അരൂപിയായവന്റെ പ്രതിരൂപമുണ്ടാക്കുന്നത് കളവാണ്. കാരണം, അത് കേവലം ഭാവനയിൽ നിന്നുളവാകുന്നത് മാത്രമാണ്. അതിനാൽ അത് അസത്യവും വ്യാജവുമായിരിക്കും.

ഏതെങ്കിലും സൃഷ്ടിയുടെ സാദൃശ്യം നിർമ്മിക്കുന്നതിനെയും നിരോധിക്കുന്നുണ്ടല്ലോ. വിശുദ്ധന്മാരുടെ ഐക്കണുകൾ ഇവിടെ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. അതിനെക്കുറിച്ചുള്ള പരിശുദ്ധ പിതാവിന്റെ അഭിപ്രായം കേൾക്കുക, ആദിമനുഷ്യനായ ആദാമിന്റെ പതനത്തോടെ ഭൗമികലോകം ദ്രവത്വത്തിന് വിധേയമായി. അതിനാൽ സൃഷ്ടമായ യാതൊന്നിന്റെയും പ്രതിരൂപം അനശ്വരതയിലേക്ക് നയിക്കുന്നതിന് പര്യാപ്തമല്ല. മരണവും വിഘടനവും പ്രകൃതത്തിൽ വന്നു പിച്ചവച്ചവയെല്ലാം നശ്വരതയിലേക്കാണ് നടത്തുക. പാപപങ്കിലമായതിന്റെ പ്രതിരൂപങ്ങൾക്ക് അകളങ്കിത സത്യത്തിലേക്ക് നമ്മെ ഉയർത്താനാവില്ല. എന്നാൽ, ഒരു കാര്യം ഓർമ്മിക്കേണ്ടതുണ്ട്. യഹോവയുടെ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി സമാഗമനകൂടാരം ചമയ്ക്കുമ്പോൾ കെറൂബുകളുടെ രൂപം നിർമ്മിക്കുന്നതായി കാണുന്നുണ്ട് (പുറപ്പാട് 25:18-1). പ്രത്യക്ഷത്തിൽ ഇത് കൽപന ലംഘനമായിത്തന്നെ കരുതാവുന്നതാണല്ലോ! എന്നാൽ, നാം ഗ്രഹിക്കേണ്ട ആത്മീയ അർത്ഥതലങ്ങളുണ്ട്. കലയിലൂടെ ആത്മീയ യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നതിന്റെ സാധ്യതയാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. ശില്പിയായ ബസാലേലിനെക്കുറിച്ച് പരാമർശിക്കുന്നത് ശ്രദ്ധിക്കുക, എല്ലാ കൈത്തൊഴിലുകൾക്കും വേണ്ട അറിവും സാമർത്ഥ്യവും ബുദ്ധിയും കരവിരുതും നൽകി ദൈവചൈതന്യത്താൽ ഞാൻ അയാളെ നിറച്ചിരിക്കുന്നു (പുറ. 31:1-5). ദിവ്യകല സാമാന്യ കഴിവുകൊണ്ട് മാത്രം സാധ്യമല്ല. അത് ദൈവാത്മാവിന്റെ ജ്ഞാനത്തിൽ നിന്നുയരുന്നതാണ്. അതിമനോഹരമായ ചിത്രപ്പണികളാൽ ദേവാലയം രൂപപ്പെടുത്തിയ ശലോമോൻ ദൈവത്തോട് ചോദിച്ച് വാങ്ങിയതും ഇതേ ജ്ഞാനം തന്നെയാണ് (1 രാജാ. 6:23-25). ദൈവീക പ്രചോദനമാണ് ആരാധനകലയുടെ (Liturgical art) അടിസ്ഥാനതത്വം വ്രതശുദ്ധിയോടെ നോമ്പുകാലത്ത് ഐക്കണുകൾ രചിക്കണമെന്ന പരിശീലനത്തിന്റെയും പിന്നിൽ ഈ ബോധ്യമുണ്ട്. ദിവ്യകലയും വ്യവഹാരകലയും തമ്മിൽ വ്യത്യസ്തത പുലർത്തുന്നതിൽ ഇതും ഒരു കാരണമാണ്. മുന്നമേ സൂചിപ്പിച്ചിട്ടുള്ളത് പോലെ പഴയ നിയമം ഇസ്രായേൽ കേട്ട് അനുസരിക്കുകയായിരുന്നു. പഴയനിയമം പുതിയനിയമത്തിന്റെ നിഴലുകൾ സമ്മാനിക്കുന്നു (എബ്രായർ 10:1). പുതിയനിയമമാകട്ടെ പൊരുളറിഞ്ഞ കാലമാണ്. ശിഷ്യന്മാർ മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനെ കണ്ടു. തമ്പുരാന്റെ വാക്കുകളിൽ, എന്നാൽ നിങ്ങളുടെ കണ്ണുകൾ ഭാഗ്യമുള്ളവയാണ്; അവ കാണുന്നു. നിങ്ങളുടെ കാതുകൾ ഭാഗ്യമുള്ളവയത്രേ; അവ കേൾക്കുന്നു (വിശുദ്ധ മത്തായി 13:16). യോഹന്നാൻ ശ്ലീഹാ അത് വ്യക്തമാക്കുന്നുണ്ട്. ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിലിരിക്കുന്ന ദൈവം തന്നെയായ ഏകജാതനാണ് അവനെ വെളിപ്പെടുത്തിയിരിക്കുന്നത് (1:18), ശിഷ്യന്മാർ തന്റെ കഷ്ടതയും സഹനവും മഹിമയും അത്ഭുതങ്ങളും എന്നിങ്ങനെ സകലത്തിനും സാക്ഷികളായി. നമുക്കും ഇത് തന്നെയാണ് ആഗ്രഹം. ശ്ലീഹന്മാരിൽനിന്ന് പൂർവ്വപിതാക്കന്മാർ പ്രാപിച്ചിട്ടുള്ളതും പൂർവ്വപിതാക്കന്മാർ നമ്മെ ഭരമേൽപ്പിച്ചിട്ടുമുള്ളതും ഈ അനുഭവമാണ്. വാക്കുകളിലും പ്രതിരൂപങ്ങളിലും എഴുതപ്പെട്ടതും പറയപ്പെട്ടതുമായ നേരറിവുകളുടെ ധ്യാനത്തിലൂടെയാണ് അവരുടെ അനുഭവലോകത്തിലേക്ക് നമ്മളും ആനയിക്കപ്പെടുന്നത്. വിശുദ്ധഗ്രന്ഥം പോലെതന്നെ ഐക്കണുകളും തന്റെ വിസ്മയകരമായ രക്ഷണ്യപ്രവൃത്തികളിലേക്ക് നമ്മുടെ ബോധത്തെ ഉയർത്തുന്നു. ഉന്നതസംഗതികളെക്കുറിച്ചുള്ള ധ്യാനം വിചാരങ്ങളെ ശുദ്ധീകരിക്കുന്നു. കാഴ്ചയെ തെളിമയുള്ളതാക്കുന്നു. ആന്തരികലോകത്തെ ചൈതന്യവത്താക്കുന്നു. കണ്ണ് തെളിവുള്ളതെങ്കിൽ ശരീരം പ്രഭാപൂരിതമാകുന്നു.

അക്രമരാഹിത്യം ക്രൈസ്തവ ദർശനത്തിൽ



റവ. ഡോ. ഗീവർഗീസ് പണിക്കർ

ഭാരതത്തിന് സ്വാതന്ത്ര്യം നേടിത്തന്നത് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയാണല്ലോ. അദ്ദേഹം ഐതിഹാസികമായ വിധത്തിലാണത് സാധിച്ചത്. ഉപയോഗിച്ചത് അക്രമരഹിതമായ മാർഗവും. അഹിംസയുടെയും അക്രമരാഹിത്യത്തിന്റെയും ശക്തി ലോകത്തിന് മനസ്സിലായതും മഹാത്മാഗാന്ധി ആ മാർഗം ഉപയോഗിച്ച് ഭാരതസ്വാതന്ത്ര്യം നേടിയപ്പോഴാണ്.

മനുഷ്യർ വ്യക്തികളായും സമൂഹമായും പെരുമാറേണ്ടതും ബന്ധങ്ങൾ സ്ഥാപിക്കേണ്ടതും അക്രമരഹിതമായ വിധത്തിലായിരിക്കണമെന്ന് ആത്മീയമൂല്യങ്ങളിൽ വിശ്വസിക്കുന്ന മിക്കവാറും ആളുകൾ സമ്മതിക്കും. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അക്രമരാഹിത്യം എത്ര മാത്രം പ്രായോഗികമായി ഉപയോഗിച്ച് ലക്ഷ്യത്തിലെത്താമെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസം കണ്ടേക്കാം. ലക്ഷ്യം നല്ലതായിരിക്കണം. മാർഗവും നല്ലതായിരിക്കണം. നല്ല മാർഗം, ഉത്തമമായ മാർഗം അക്രമരഹിതമായിരിക്കുമെന്നു പറഞ്ഞാൽ അത് ഒരാദർശമായിട്ടെങ്കിലും സമ്മതിക്കണം.

അവരവരുടെ ആത്മീയദർശനം ആധാരമാക്കിയാണ് ഓരോരുത്തരും അക്രമരാഹിത്യത്തെ വീക്ഷിക്കുന്നത്. ഈശ്വരനിലും ആത്മീയമൂല്യങ്ങളിലും വിശ്വസിക്കുന്നവർക്കേ അക്രമരാഹിത്യം ഒരു നിർബ്ബന്ധമാർഗമായി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ക്രൈസ്തവദർശനമനുസരിച്ച് അക്രമരാഹിത്യത്തിന്റെ അടിസ്ഥാനവും പ്രായോഗികതയും പരിഗണിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. പ്രസ്തുത വിഷയത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് **അക്രമരാഹിത്യം** എന്ന വാക്കുകൊണ്ട് അർത്ഥമാക്കേണ്ടത് എന്തെന്നു നോക്കാം. അക്രമരാഹിത്യം എന്നതിന്റെ അർത്ഥം അക്രമം ഇല്ലായ്മ എന്നാണ്. Non-Violence എന്ന് ആംഗലഭാഷയിൽ. അക്രമം എന്ന വാക്കിന്റെ അർത്ഥം ക്രമക്കേട്, കുഴപ്പം, അന്യായം,

ബലപ്രയോഗം (Disorder, Injustice, Violence) എന്നി വയാണ്. മേൽപ്പറഞ്ഞ ക്രമക്കേടും അന്യായവും ബലപ്രയോഗവും ഇല്ലാത്തതാണ് അക്രമരാഹിത്യം. അക്രമരാഹിത്യം അഹിംസയുടെ ഒരു ഭാഗമാണ്. അഹിംസ കൊണ്ട് നാം മനസ്സിലാക്കുന്നത് ഉപദ്രവി ക്കാതിരിക്കൽ, കൊല്ലാതിരിക്കൽ, വിചാരംകൊണ്ടോ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഒന്നിനെയും പീഡിപ്പിക്കാതിരിക്കൽ എന്നാണല്ലോ. മേൽകാണിച്ച അർത്ഥങ്ങളെല്ലാം മനസ്സിൽ വച്ചുകൊണ്ടുവേണം നാം അക്രമരാഹിത്യത്തെപ്പറ്റി പരിഗണിക്കേണ്ടത്.

ക്രിസ്തീയ ദർശനമനുസരിച്ച് മനുഷ്യൻ പരിപൂർ ണനാകുന്നത് ദൈവസ്നേഹം വഴിയാണ്. സ്നേ ഹത്തിന്റെ പൂർണതയാണ് മനുഷ്യന്റെ പൂർണ്ണത. ഈ സ്നേഹം പ്രായോഗികമായി, പെരുമാറ്റരീതി യായി സ്വീകരിക്കുമ്പോൾ മനുഷ്യർ തമ്മിലുള്ള ബന്ധത്തിൽ അക്രമരാഹിത്യം അന്തർഭവിക്കുന്നു.

മനുഷ്യൻ ആരാണ്?

വിശേഷബുദ്ധിയുള്ള ഒരു ജീവിയാണ് മനുഷ്യൻ. വിവേകമുള്ള മൃഗമാണ് മനുഷ്യൻ എന്നും ചിലർ പറയും. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട് നിത്യമായ കൂട്ടായ്മയിൽ വസിക്കുവാൻ വിളിക്കപ്പെട്ട വിവേക മുള്ള ജീവിയാണ് മനുഷ്യൻ. ആത്മാവും ശരീരവും യോജിച്ചുള്ള ഒരസ്തിത്വമാണ് മനുഷ്യനുള്ളത്. ഈ അസ്തിത്വം നിലനിർത്തിക്കൊണ്ട് ആത്യന്തി കമായി ദൈവവുമായി കൂട്ടായ്മയിൽ എത്തിച്ചേരു മ്പോഴാണു മനുഷ്യൻ പരിപൂർണനാകുന്നത്. ഈ പൂർണതയ്ക്കുവേണ്ടിത്തന്നെ, അത് ആരംഭിക്കുവാ നും വളർത്തുവാനും മനുഷ്യൻ ഈ ലോകത്തിൽ വച്ചുതന്നെ ശ്രമിക്കണം. മനുഷ്യൻ ഒരു 'ആൾ' ആണ്. Man is a person എന്ന് ഇംഗ്ലീഷിൽ പറയും. ഒരു person എന്നു പറഞ്ഞാൽ സ്വയം നിശ്ചയിച്ച് ബോധപൂർവ്വം പ്രവർത്തിക്കുകയും സ്ഥിതിചെയ്യു കയും ചെയ്യുന്ന ജീവിയെന്നാണ് അർത്ഥം. A person is a being possessing itself in a unique way, and therefore self determining and holy, possessing inviolable rights and superior to everything natural.

മനുഷ്യനും ഒരു ആത്മാവുണ്ട്. ഒരു പരിഛേദമായ മൂല്യമുണ്ട്. മറ്റുള്ളവർക്ക് ഇഷ്ടംപോലെ ഇട്ടുതട്ടാവുന്ന, കൈകാര്യം ചെയ്യാവുന്ന, ഒരായുധമോ ഉപകരണ മോ ആയി മാത്രം കരുതാവുന്ന ഒരു വസ്തുവല്ല മനുഷ്യൻ. സ്വയം തീരുമാനമെടുക്കുവാൻ കഴി വുള്ളവൻ, വിവേചിക്കാൻ കഴിവുള്ളവൻ, സ്വയം ബോധമുള്ളവൻ, മനനം ചെയ്യുന്നവൻ, അലംഘ നീയങ്ങളായ അവകാശങ്ങളുള്ളവൻ, ഇവയെല്ലാം മനുഷ്യന്റെ വിശേഷതകളാണ്. സർവ്വോപരി, ദൈ വത്താൽ വിളിക്കപ്പെട്ടവൻ, ദൈവിക ജീവനുമായി അനന്യമായ വിധത്തിൽ ബന്ധപ്പെട്ടവൻ, എന്നാൽ ആ ബന്ധത്തിൽ നിന്നു സ്വയം വഴുതിപ്പോയവൻ, പിന്നീട് യേശുക്രിസ്തു വഴിയായുള്ള രക്ഷയു ടെ ഫലമായി വീണ്ടെടുക്കപ്പെട്ടവൻ, മറ്റുള്ള ജീവ ജാലങ്ങളിൽ നിന്നു വിഭിന്നമായ ജീവനുള്ളവൻ, ആത്മാവുള്ളവൻ - ഇവയൊക്കെ മനുഷ്യനുള്ള പ്രത്യേകതകളാണ്.

മനുഷ്യന്റെ പരിപൂർണത എന്താണ്?

പ്രകൃതിനിയമമനുസരിച്ച് ഒരു ജീവിയുടെ വളർച്ച പൂർത്തിയാകുമ്പോൾ അതായത് അതിന്റെ അന്ത്യം അഥവാ നിർദ്ദിഷ്ടമായ ഉദ്ദേശ്യം സിദ്ധിച്ചുകഴിയു മ്പോൾ അത് പൂർണതയുള്ളതായിത്തീരുന്നു. 'ഓരോന്നും അതതിന്റെ നിർദ്ദിഷ്ടമായ അന്ത്യം പ്രാപിക്കുന്നുവോ അത്രത്തോളം അത് പൂർണമാ യി എന്നു വിചാരിക്കുന്നു'' (തോമസ് അക്വിനാ സ്) ഇതാണ് പരിച്ഛേദമായ പൂർണത. എന്നാൽ ഇതുകൂടാതെ ആപേക്ഷികമായ ഒരു പൂർണതയു ണ്ട്. അത്, ഒരുവൻ ശരിയായ യുക്തി അവനു വെ ളിപ്പെടുത്തുന്ന സ്വാഭാവിക നിയമത്തിന്റെ നിർദ്ദേ ശങ്ങളനുസരിച്ചു കൊണ്ടും അവന്റെ കഴിവുകളെ വികസിപ്പിച്ചുകൊണ്ടും ചുമതലകളെ യഥാവിധി നിർവ്വഹിച്ചുകൊണ്ടും മേൽപ്പറഞ്ഞ അന്ത്യത്തോട് സമീപിക്കുന്നതിൽ അടങ്ങിയിരിക്കുന്നു. തോമസ് അക്വിനാസ് പറയുന്നത് കേൾക്കുക: ''മനുഷ്യന്റെ പരമാന്ത്യം സൃഷ്ടമല്ലാത്ത നന്മയാണ്, അതായത് ദൈവമാണ്. അവിടത്തേക്ക് മാത്രമേ തന്റെ അനന്ത നന്മകൊണ്ട് മനുഷ്യഹൃദയത്തെ പരിപൂർണ്ണമാ യി തൃപ്തിപ്പെടുത്തുവാൻ സാധിക്കുകയുള്ളു.'' ആകയാൽ ദൈവത്തെ അറിയുക (സത്യം അറിയുക) സ്നേഹിക്കുക, സേവിക്കുക, തദ്വാരാ അവിടത്തെ മഹത്വപ്പെടുത്തുക - ഇതാണ് എല്ലാ പരിപൂർണത യുടെയും ആരംഭം. മനുഷ്യജീവിതത്തിന്റെ പരി പൂർണതയെപ്പറ്റി തോമസ് അക്വിനാസ് ഇപ്രകാരം പ്രതിപാദിക്കുന്നു: ''ക്രൈസ്തവ ജീവിതത്തിന്റെ പരിപൂർണത സാരാംശത്തിൽ സ്നേഹത്തിലാണ് അടങ്ങിയിരിക്കുന്നത്. പ്രഥമവും പ്രധാനവുമായി ദൈവസ്നേഹത്തിലും പിന്നെ പരസ്നേഹത്തിലും അത് അടങ്ങിയിരിക്കുന്നു.''

മനുഷ്യന് പരസ്പരമുള്ള സ്നേഹം ദൈവത്തോ ടുള്ള സ്നേഹവുമായി ബന്ധപ്പെട്ടതാണ്. ദൈവസ് നേഹവും പരസ്നേഹവും ദൈവത്തിന്റെ നേരെയും കൂട്ടുകാരന്റെ നേരെയും തിരിഞ്ഞ് വ്യതിരിക്തമായി സ്ഥിതി ചെയ്യുന്നില്ല. സ്നേഹം ഒന്നുമാത്രമേ ഉള്ളു. അവിടുത്തെക്കുറിച്ചു തന്നെ ദൈവവും ദൈവത്തെ ക്കുറിച്ച് അയൽക്കാരനും സ്നേഹിക്കപ്പെടുന്നു. മനുഷ്യൻ പരിപൂർണനാകുവാൻ എന്താണ് ചെയ്യേ ണ്ടത്? ബൈബിളിൽ നാം ഇപ്രകാരം വായിക്കുന്നു:

''നിന്റെ ദൈവമായ കർത്താവിനെ നീ പൂർണഹൃദ യത്തോടും പൂർണ ആത്മാവോടും പൂർണ ശക്തി യോടും പൂർണമനസ്സോടും കൂടെ സ്നേഹിക്കണം'' എന്നും ''അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം'' എന്നു തന്നെ. അയൽക്കാരൻ

സ്വന്തം ജനത്തിലെ അംശം മാത്രമല്ല, വിദേശിയും ഞാൻ സ്നേഹത്തിൽ സേവിക്കേണ്ടതിനായി ദൈവ പരിപാലനയിൽ എന്റെ അടുത്തെത്തുന്ന ആളുമാണ്. 'നല്ല ശമരിയക്കാരൻ' എന്ന ഉപമയിൽ യേശുക്രിസ്തു ഇത് വിശദീകരിച്ചിട്ടുണ്ട്. ദൈവസ്നേഹം എല്ലാവരിലേക്കും വ്യാപിക്കുന്നതുപോലെ മനുഷ്യരുടെ സ്നേഹവും എല്ലാവരിലേക്കും എത്തണം. സഹോദരസ്നേഹത്തിന്റെ ഏറ്റവും അഗാധമായ അടിസ്ഥാനവും പ്രേരണയും ദൈവസ്നേഹമാണ്.

അക്രമരാഹിത്യവും സ്നേഹവും

സ്നേഹമാകുന്ന മഹാകല്പന ധാർമ്മികതയെ സംബന്ധിച്ചിടത്തോളം അത്യധികം പ്രധാനമാണ്. യഥാർത്ഥ മതം അതിൽ തന്നെ ഒതുങ്ങിനിൽക്കുന്ന അനുഷ്ഠാന വിധികളോ കാല്പനികമായ യോഗാത്മകതയോ ആയിരിക്കുകയില്ല. പരമപരിശുദ്ധനായ ദൈവത്തോടുള്ള സ്നേഹം സഹോദരസ്നേഹത്തിലൂടെ പ്രകടിപ്പിച്ചേ മതിയാവൂ. ദൈവസ്നേഹം മനുഷ്യസ്നേഹത്തെ നിസ്വാർത്ഥമാക്കിത്തീർക്കുന്നു. ഈ വിധത്തിലുള്ള മനുഷ്യസ്നേഹം പ്രായോഗിക ജീവിതത്തിൽ, ദൈനംദിനമുള്ള ഇടപാടുകളിൽ പെരുമാറ്റതത്വമായും മനോഭാവമായും സ്വീകരിക്കപ്പെടുമ്പോഴാണ് അക്രമരാഹിത്യം വേരൂന്നുന്നത്. ഇപ്രകാരമുള്ള പരസ്നേഹത്തിന്റെ പ്രായോഗിക പ്രതിഫലനമാണ് അക്രമരാഹിത്യം. ദൈവത്തെയും ദൈവത്തെ പ്രതി നമ്മുടെ അയൽക്കാരനെയും സ്നേഹിക്കണമെങ്കിൽ നമ്മുടെ സ്വാർത്ഥത, വിഷയാസക്തി, നിഗളം, ധനമോഹം എന്നിവ നിയന്ത്രിച്ചേ മതിയാവൂ. ധാർമ്മികതയുടെ ഏറ്റവും മൗലിക നിയമം സ്നേഹമാകുന്നു. അതിൽ നിന്നാണ് ഇതര ധാർമ്മിക മനോഭാവങ്ങളെല്ലാം രൂപംകൊള്ളുന്നത്. അങ്ങനെ സന്തോഷം, സമാധാനം, ക്ഷമ, ദയ, സന്മനസ്സ്, വിശ്വസ്തത, മൃദുലത, ആത്മനിയന്ത്രണം ആദിയായവയെല്ലാം സ്നേഹത്തിന്റെ ഫലങ്ങളാണ്. കൂടാതെ ത്യാഗവും സഹനവും ജീവിതത്തിൽ ആവശ്യമായി വരുന്നു. ബൈബിളിൽ ഇപ്രകാരം നാം വായിക്കുന്നു.

> ''സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല, സ്നേഹം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല, അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.''

കോപത്തെപ്പറ്റി പ്രതിപാദിച്ചപ്പോൾ യേശുക്രിസ്തു തന്റെ ഗിരി പ്രഭാഷണത്തിൽ ഇങ്ങനെ വിശദീകരിച്ചു:

> ''കൊല ചെയ്യരുതെന്നും ആരെങ്കിലും



> കൊലചെയ്താൽ ന്യായവിധിക്ക് അർഹനാകുമെന്നും പൂർവ്വന്മാരോടരുൾചെയ്തിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ, ഞാനോ നിങ്ങളോട് പറയുന്നു, സഹോദരനോട് കോപിക്കുന്നവനെല്ലാം ന്യായവിധിക്ക് അർഹനാകും. സഹോദരനെ നിസ്സാരൻ എന്നു വിളിച്ചാൽ ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടിവരും. മൂഢാ എന്നു വിളിച്ചാൽ നീ നരകത്തിനിരയാകും.''

പിന്നീട് പ്രതികാരത്തെപ്പറ്റി പ്രസ്താവിച്ചപ്പോൾ സ്നേഹത്തിന്റെ നിയമം പ്രായോഗികമാക്കേണ്ടത് എങ്ങനെയെന്ന് യേശുക്രിസ്തു ഇപ്രകാരം വ്യക്തമാക്കി:

> ''കണ്ണിനുപകരം കണ്ണ്, പല്ലിനു പകരം പല്ല് എന്ന ചൊല്ല് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു, ദുഷ്ടനെ എതിർക്കരുത്, നിന്റെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ചുകാണിക്ക... കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ വെറുക്കുകയെന്നും പറയപ്പെട്ടിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ വെറുക്കുന്നവർക്കു നന്മചെയ്യുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നർവക്കും അധിക്ഷേപിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുവിൻ.''

അക്രമരാഹിത്യം സംബന്ധിച്ചുള്ള ക്രിസ്തീയ ദർശനം മേലുദ്ധരിച്ച വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നു. അതും നിഷ്ക്രിയമായ സഹനം മാത്രമല്ല. പിന്നെയോ, ശത്രുതയുടെ ഭിത്തി ഭേദിക്കുവാനും തെറ്റുചെയ്യുന്ന വ്യക്തിയെ മനസ്സ് തിരിപ്പിക്കുവാനും ശ്രമിക്കുന്ന ക്രിയാത്മകശക്തി കൂടിയാണ്. നിന്ദിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവാനുള്ള ആഹ്വാനം ശത്രുവിന്റെ ഹൃദയപരിവർത്തനം സാധിക്കുവാൻ ഉദ്ദേശിച്ചുള്ളതാണ്.

സ്നേഹത്തിന്റെ ഫലമായി ഉപദ്രവകാരിയോട് നമുക്കുള്ള മനോഭാവമാണ് അഹിംസയുടെ അല്ലെങ്കിൽ അക്രമരാഹിത്യത്തിന്റെ അന്തസത്ത. ബലപ്രയോഗത്തിന്റെയും വിരോധത്തിന്റെയും ശക്തിയെക്കാൾ സ്നേഹത്തിന്റെ – അതിന്റെ ഫലമായി സത്യത്തിന്റെയും നീതിയുടെയും – ശക്തിയിലുള്ള ആശ്രയമാണ് അക്രമരാഹിത്യത്തിന്റെ അടിസ്ഥാനം. യേശുക്രിസ്തു തന്റെ ഉപദേശം വഴിയായും കുരിശുമരണം വരെയുള്ള ജീവിതം വഴിയായും അഹിംസാദർശനമാണ് ലോകത്തിനു പ്രദാനം ചെയ്തത് എന്നുള്ളതിനു സംശയമില്ല. ഒരു പ്രവചനസാക്ഷ്യം (A prophetic witness) ആയിരുന്നു യേശുക്രിസ്തുവിന്റെ ജീവിതവും മരണവും. എന്നാൽ, സ്വയരക്ഷയ്ക്കുള്ള സ്വാഭാവികമായ അവകാശം പരിപൂർണമായും എല്ലായ്പ്പോഴും സകലരും വെടിയണമെന്ന് യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്ന് അർത്ഥമാക്കേണ്ടതില്ല. യേശുക്രിസ്തു തീർച്ചയായും അക്രമരാഹിത്യമാണ് പഠിപ്പിച്ചത്. പക്ഷേ, ആ ആദർശം കാണേണ്ടത് യേശുക്രിസ്തുവിന്റെ ഉപദേശം മുഴുവന്റെയും ജീവിതത്തിന്റെയും വെളിച്ചത്തിലാണ്. ഒരു പാതകൻ എന്നെ ആക്രമിക്കുമ്പോൾ സഹോദരസ്നേഹം കാരണത്താൽ സ്വയം രക്ഷിക്കാൻ എനിക്ക് വിസമ്മതിക്കാം. പക്ഷേ, സ്ത്രീകളും കുഞ്ഞുങ്ങളും വൃദ്ധരും അവശരും അഗതികളും അക്രമത്തിനു വിധേയരാകുമ്പോൾ സഹോദരസ്നേഹത്തിന്റെ പേരിൽത്തന്നെ ഹിംസയുടെ മാർഗം സ്വീകരിക്കാൻ ഞാൻ നിബ്ബന്ധിതനാകും. അപ്പോൾ അങ്ങനെ ചെയ്യാതിരിക്കുന്നത് ശരിയായ അക്രമരാഹിത്യമാകയില്ല. മറിച്ച് അക്രമവേഴ്ചയ്ക്ക് ശക്തിനൽകുകയായിരിക്കും. സംരക്ഷണവും സമാധാനവും പാലിക്കാൻ സമാധാനപാലകരായവർക്കുതന്നെ ഹിംസാമാർഗം ഉപയോഗിക്കേണ്ടിവരും. അങ്ങനെ ചെയ്യാതിരിക്കുന്നവർ ഭീരുക്കളാണ്. അവരുടെ 'അക്രമരാഹിത്യം' ഭീരുക്കളുടെ അക്രമരാഹിത്യമാണ്. ശാരീരികമായ അക്രമം ഉപയോഗിച്ചാൽ വിജയം സാദ്ധ്യല്ലാത്തതു കൊണ്ടു മാത്രം അക്രമമഹിതമായ മാർഗം തേടുന്നവരും ഉത്തമവും ശക്തവുമായ സ്നേഹമനോഭാവത്തിന്റെ ഫലമായുള്ള അക്രമരാഹിത്യമല്ല, ശക്തനായ ആളിന്റെ അക്രമരാഹിത്യം ജീവിതത്തിന്റെ നിയമം ആക്കിയവൻ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും അക്രമരഹിതനായിരിക്കും. അയാളുടെ അക്രമരാഹിത്യം ആത്മശക്തിയുടെയും ധീരതയുടെയും പ്രകടനമായിരിക്കും.

സ്നേഹമാകുന്ന മഹാകല്പന ധാർമ്മികതയെ സംബന്ധിച്ചിടത്തോളം അത്യധികം പ്രധാനമാണ്. യഥാർത്ഥമതം അതിൽത്തന്നെ ഒതുങ്ങിനിൽക്കുന്ന അനുഷ്ഠാനവിധികളോ കാല്പനികമായ യോഗാത്മകതയോ ആയിരിക്കുകയില്ല. പരമപരിശുദ്ധനായ ദൈവത്തോടുള്ള സ്നേഹം സഹോദരസ്നേഹത്തിലൂടെ പ്രകടിപ്പിച്ചേ മതിയാവൂ. ദൈവസ്നേഹം മനുഷ്യസ്നേഹത്തെ നിസ്വാർത്ഥമാക്കിത്തീർക്കുന്നു.

എല്ലാ ജീവികളുടെയും ജീവൻ ഒന്നാണെന്ന് ക്രിസ്തുമതം വിശ്വസിക്കുന്നില്ല. എല്ലാവരും ഒന്നായതുകൊണ്ട് ഒരു ജീവനും നശിപ്പിക്കുവാൻ പാടില്ലെന്നുള്ളതല്ല ക്രിസ്തീയ ദർശനം. മനുഷ്യൻ ഒരു 'ആൾ' (a person), ആയതുകൊണ്ടും ദൈവത്തിന്റെ പുത്രാവകാശം കിട്ടിയിട്ടുള്ളതുകൊണ്ടും ജീവൻ നിലനിർത്തുവാൻ അവകാശമുണ്ട്. മനുഷ്യജീവൻ ഹനിക്കുവാൻ സ്വയമായി അവകാശം ആർക്കുമില്ല. പരസ്പരം ജീവനെ നിലനിർത്തുവാനും പൂർണമാക്കുവാനും സഹായിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. അത് ഒരു കടമയാണ്. അതാണ് ക്രിസ്തീയ സ്നേഹം. അതിന്റെ ഫലമാണ് അക്രമരാഹിത്യം. മറ്റ് മനുഷ്യരുടെ ജീവൻ സംരക്ഷിക്കുവാൻ ഓരോ മനുഷ്യനും കടമയുണ്ട്. മൃഗങ്ങളുടെ, മനുഷ്യേതരജീവികളുടെ, ജീവൻ സംരക്ഷിക്കുവാനുള്ള കടമ മനുഷ്യനില്ല. അവയുടെ ജീവൻ സംരക്ഷിക്കപ്പെടുവാനുള്ള അവകാശം ആ ജീവികൾക്കുമില്ല. അതുകൊണ്ട് മൃഗഹത്യയും യഥാർത്ഥ അക്രമരാഹിത്യത്തിന് എതിരായി ക്രിസ്തീയ ദർശനം കരുതുന്നില്ല. മനുഷ്യൻ വിവേകശൂന്യമായും ആവശ്യമില്ലാതെയും ക്രൂര മനോഭാവപൂരണത്തിനായും മൃഗഹത്യ നടത്തുന്നത് അവന്റെ സ്വന്തം മനുഷ്യത്വത്തോടുള്ള അവഹേളനമായതുകൊണ്ട് തെറ്റാണെന്ന് ക്രിസ്തീയദർശനം പരിഗണിക്കുന്നു.

തികഞ്ഞ അക്രമരാഹിത്യം ഒരു പ്രവചനസാക്ഷ്യമാണ്. ഒരാദർശമാണ്. എന്നാൽ, മനുഷ്യസ്വഭാവത്തിൽ നിലവിലുള്ള ബലഹീനതയും സമൂഹത്തിന്റെ വ്യവസ്ഥിതികളും പരിഗണിക്കുമ്പോൾ തികഞ്ഞ അക്രമരാഹിത്യം പ്രായോഗികമല്ല, എല്ലാവർക്കും പൊതുവേ സ്വീകാര്യമായത് ആപേക്ഷികമായ അക്രമരാഹിത്യമാണ്. ഈ വിധത്തിലുള്ള അക്രമരാഹിത്യം സംസ്കാരത്തിന്റെ ഭാഗമായി കാത്തുസൂക്ഷിക്കുന്നതിനും ആ വിധത്തിൽ സമൂഹത്തിലും വ്യക്തികളിലും പരിവർത്തനമുണ്ടാക്കുന്നതിലും സമ്പൂർണ അക്രമരാഹിത്യം (total non-violence) ആദർശമായി സ്വീകരിച്ച് പ്രവചനസാക്ഷ്യം വഹിക്കുന്ന നേതാക്കന്മാരെ ലോകത്തിന് എപ്പോഴും ആവശ്യമാണ്. ത്യാഗസമ്പന്നരായ ഇപ്രകാരമുള്ള നേതാക്കന്മാരുടെ മാതൃകയാണ് യേശുക്രിസ്തു. അക്രമരാഹിത്യദർശനത്തിന്റെ, അനന്തമായ സ്നേഹത്തിന്റെ മൂർത്തിഭാവമാണ് യേശുക്രിസ്തുവിൽ മനുഷ്യൻ ദർശിക്കുന്നത്.

വീട് ദേവാലയം ശരീരം

Artist: Fr. Rijo Geevarghese, Sopanam Orthodox Academy, Kottayam



ഫാ. ഡോ. കെ. എം. ജോർജ്

ക്രിസ്തീയ ചിന്തയനുസരിച്ച്, നാം പാർക്കുന്ന നമ്മുടെ ഭവനം, ദൈവത്തിന്റെ ഭവനം, നമ്മുടെ ശരീരമാകുന്ന ഭവനം എന്നീ മൂന്നു ഭവനങ്ങൾ തമ്മിൽ ആഴമായൊരു ബന്ധമുണ്ട്.

മനുഷ്യരുടെ സാന്നിദ്ധ്യം സ്ഥിരമായുള്ള സ്ഥലമാണ് നമ്മുടെ ഭവനം അഥവാ വീട്. ആലയമെന്നും ഇതിനെ നാം പറയുന്നു. ദൈവത്തിന്റെ സവിശേഷമായ സാന്നിദ്ധ്യമുള്ളതാണ് ദൈവഭവനം അഥവാ ദേവാലയം. ആത്മാവിന്റെ സാന്നിദ്ധ്യമുള്ള ഭവനമാണ് ശരീരം.

ശരീരത്തിന്റെ കാര്യത്തിൽ ഭവനം എന്നത് ഒരു ആലങ്കാരികമായ പ്രയോഗമാണ്. നാം താമസിക്കാൻ വേണ്ടി പണിയുന്ന വീടിനെ നമ്മുടെ സാന്നിദ്ധ്യം, പരസ്പരബന്ധം, സ്നേഹം എന്നിവ മൂലം സജീവമാക്കുന്നതുപോലെ, ആത്മാവ് അതിന്റെ ചൈതന്യം മൂലം ശരീരത്തിൽ പാർത്ത് അതിനെ സജീവമാക്കുന്നു.

ദേവാലയത്തിന്റെ കാര്യത്തിലും ഒരളവു വരെ 'ദൈവത്തിന്റെ ഭവനം' എന്നത് ആലങ്കാരികമാണ്. കാരണം 'ദൈവം കൈപ്പണിയായതിൽ വസിക്കുന്നില്ല' എന്നുണ്ടല്ലോ (അപ്പൊ. പ്ര. 7:49). എങ്കിലും മനുഷ്യൻ പണിത്, വേർതിരിച്ച് ശുദ്ധീകരിക്കുന്ന ആലയത്തിൽ ദൈവം വസിക്കുവാൻ തിരുമനസ്സാകുന്നു എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. ശരീര

ത്തിന്റെ കാര്യമായാലും ദേവാലയത്തിന്റെ കാര്യമായാലും അടിസ്ഥാന മാതൃക നമ്മുടെ വീടാണ്.

മനുഷ്യസംസ്കാരത്തിന്റെ ആരംഭയുഗത്തിൽ മനുഷ്യർ നടത്തിയ ആദ്യത്തെ നിർമ്മാണ പ്രവർത്തനങ്ങളിലൊന്നായിരുന്നു വീടുപണി. മഴയും മഞ്ഞും ഏൽക്കാതെ, വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണം ഭയപ്പെടാതെ സുരക്ഷിതമായി ഒരുമിച്ച് പാർക്കുന്നതിനുള്ള സജ്ജീകരണമായിരുന്നു പാർപ്പിടം.

മരക്കമ്പുകളും ഉണങ്ങിയ ഇലകളും ചേർത്തുണ്ടാക്കിയ ഒരു കുടിലോ, വലിയ മരത്തിന്റെ ശാഖകളിൽ പിടിപ്പിച്ച ഒരു ഏറുമാടമോ പാറപ്പൊത്തുകളിൽ ഒരുക്കിയ ഒരു സങ്കേതസ്ഥലമോ ഒക്കെ ആയിരുന്നിരിക്കാം ആദ്യത്തെ വീടുകൾ. ആവശ്യാനുസരണം അഴിച്ചുമാറ്റി സ്ഥാപിക്കാവുന്ന കൂടാരങ്ങളും അനേക വർഷങ്ങൾ നിൽക്കുന്ന, തടിയും കല്ലും ഉപയോഗിച്ചുള്ള കെട്ടിടങ്ങളും പിൽക്കാലത്ത് നിർമ്മിക്കപ്പെട്ടു. ഭവനനിർമ്മാണ കലയിലുള്ള പ്രാവീണ്യം സാംസ്കാരികോന്നതിയുടെ അളവുകോലായിത്തീർന്നു. മെസപ്പൊത്തേമിയയിലും ഈജിപ്തിലും ഇന്ത്യയിലും ഗ്രീസിലുമെല്ലാം ഉണ്ടായ പുരാതന സംസ്കാരങ്ങളുടെ കഥ നാം മനസ്സിലാക്കുന്നത് മുഖ്യമായും അവരുടെ ഭവനങ്ങളും ദേവാലയങ്ങളും നഗരങ്ങളും മറ്റും പണിതതിന്റെ ബാക്കിപത്രങ്ങളിൽ നിന്നാണ്.

ഭവന നിർമ്മാണ കലയിൽ മനുഷ്യൻ അദ്ഭുതകരമായ നേട്ടങ്ങളാണ് ഇപ്പോൾ നേടിയിരിക്കുന്നത്. എങ്കിലും നമ്മുടെ നഗരങ്ങളിലെ ചേരിപ്രദേശങ്ങളിലും തീരെ പാവങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിലും നോക്കിയാൽ പതിനായിരമോ അതിലേറെയോ വർഷങ്ങൾക്കു മുൻപ് മനുഷ്യർ ഉണ്ടാക്കിയ ആദ്യകാല കുടിലുകൾ പോലെയുള്ള പാർപ്പിടങ്ങൾ ഇന്നും കാണാൻ കഴിയും. നമ്മുടെ സാമ്പത്തികാസമത്വത്തിന്റെ അടയാളം കൂടിയാണിത്.

പാർപ്പിടം ഏതു തരത്തിൽ നിർമ്മിച്ചവയായിരുന്നാലും മനുഷ്യരുടെ സാമൂഹിക സംസ്കാരവും ആദ്ധ്യാത്മിക മൂല്യങ്ങളും രൂപപ്പെടുന്നത് വീട്ടിൽ നിന്നാണ്. യഥാർത്ഥത്തിൽ ഭവനമാണ് നമ്മുടെ ആദ്യത്തെ ദേവാലയം. ദൈവത്തെ അറിയാനും ആരാധിക്കുവാനും തുടങ്ങുന്നത് സ്വന്തം വീട്ടിൽ വച്ചാണ്. ഇപ്പോഴും പലരും തങ്ങളുടെ വീട്ടിൽ പൂജാമുറികളും പ്രാർത്ഥനാമുറികളും ഒരുക്കുന്നത് ഈ പുരാതനമായ ദേവാലയ സങ്കല്പം കൊണ്ടാണ്.

യഹൂദക്രൈസ്തവ പാരമ്പര്യങ്ങളിൽ സമൂഹാരാധന നിർബന്ധമാണ്. അതുകൊണ്ട്, ദാവീദ് രാജാവ് യഹോവയ്ക്ക് ആലയം പണിയാൻ ആഗ്രഹിച്ചു. പുത്രനായ ശലോമോൻ അത് നിർവഹിച്ചു. സ്വന്തം ഭവനങ്ങളിൽ നിന്ന് ആളുകൾ വന്ന്, ദൈവത്തിന്റെ ഭവനത്തിൽ ഒരുമിച്ച് ആരാധിക്കുന്നു. കർത്താവ് ദേവാലയത്തെ 'എന്റെ പിതാവിന്റെ ഭവനം' എന്നു വിളിക്കുന്നു. സ്വന്തം ഭവനത്തേക്കാൾ പ്രാധാന്യം ഈ പൊതുഭവനമായ ദേവാലയത്തിന് താൻ കൽപിക്കുന്നു.

ഒരു വീട്ടിൽ ഉള്ളവരെല്ലാം സാധാരണഗതിയിൽ പരസ്പരം രക്തബന്ധമുള്ളവരായിരിക്കും. ഏറ്റവും ആഴമേറിയ ബന്ധമാണിത്. ദേവാലയത്തെ പൊതുവീടായി കരുതുമ്പോൾ അവിടെ വന്ന് ആരാധിക്കുന്നവരെല്ലാം പരസ്പരം ഒരു വീട് പോലെയാണ് എന്നാണർത്ഥം. 'ദൈവത്തിന്റെ ഭവനക്കാർ' (household of God) എന്ന് പൗലൊസ് ശ്ലീഹാ ക്രിസ്തുവിൽ വിശ്വസിച്ചവരെക്കുറിച്ച് പറയുന്നു (എഫെ. 2:19). വീട്ടിൽ എങ്ങനെ നാം പരസ്പരം സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നുവോ, അങ്ങനെ ദൈവഭവനത്തിൽ എല്ലാവരും ദൈവത്തിന്റെ മക്കളും പരസ്പരം സഹോദരങ്ങളുമായിത്തീരുന്നു.

മനുഷ്യരുടെ വീടും ദേവാലയവും ഇടിഞ്ഞുപോയാലും ഇല്ലാതായാലും അവയുടെ രൂപം മാറിയാലും മനുഷ്യൻ നിലനിൽക്കും. എന്നാൽ, ശരീരം ഇല്ലാതായാൽ, ജീവൻ ഇവിടെ നിലനിൽക്കുകയില്ല.

അപ്പോൾ ദേവാലയം എന്നത് നമ്മുടെ വീടിന്റെ തുടർച്ച (extension) യാണ്.

ചില മതപാരമ്പര്യങ്ങളിൽ ദേവാലയത്തിൽ ദൈവത്തെ 'കുടിയിരുത്തുക' എന്ന ആശയം കാണുന്നുണ്ട്. ദൈവസാന്നിദ്ധ്യം ഒരു സ്ഥലത്ത് ഉറപ്പാക്കുക എന്ന അനുഷ്ഠാനമാണിത്. ക്രിസ്തീയ പാരമ്പര്യത്തിൽ ഇത് ആ രീതിയിൽ സ്വീകാര്യമല്ല. എന്തെല്ലാം അനുഷ്ഠാനങ്ങളും കർമ്മങ്ങളും നടത്തിയാലും സ്നേഹമില്ലാത്തിടത്ത് ദൈവമില്ല. ദൈവത്തിന്റെ സാന്നിദ്ധ്യത്തെ നാം തിരിച്ചറിയുന്ന ഇടമായ ദേവാലയത്തിൽ, നാം രക്തബന്ധവും സ്നേഹവും ഉള്ള ഏകകുടുംബം പോലെ പരസ്പരം ആഴമായ സ്നേഹത്താൽ പ്രേരിതമായി ഒരു വീടായിത്തീരണം എന്നാണ് സഭ പഠിപ്പിക്കുന്നത്. സ്വന്തം ഭവനത്തെ ദൈവത്തിന്റെ ഭവനവും ദൈവഭവനത്തെ സ്വന്തഭവനവുമാക്കിത്തീർക്കുന്ന ഒരു പാരസ്പര്യം ഇവിടെ ആവശ്യമാണ്.

ക്രിസ്തീയ സഭയെക്കുറിച്ച് മുഴുവൻ 'ദൈവഭവനം' എന്ന ആശയമാണ് ഉള്ളത്. വീടുപണിയുന്ന നിർമ്മാണരീതിയാണ് ദേവാലയത്തിനും സഭയ്ക്കും ആലങ്കാരികമായി ഉപയോഗിക്കുന്നത്. ''ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊ

സ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവൻ യുക്തമായി ചേർന്ന് കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു'' (എഫെ. 2:20-22).

റോമ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികൾക്ക് ആദ്യ നൂറ്റാണ്ടുകളിൽ പള്ളികൾ ഇല്ലായിരുന്നു. മിക്കവാറും വീടുകളിലായിരുന്നു അവർ ആരാധിച്ചിരുന്നത്. ക്രിസ്തുവിശ്വാസം സാമ്രാജ്യത്തിൽ നിരോധിക്കപ്പെട്ട മതമായിരുന്നു. എഡി 313ൽ കുസ്തന്തീനോസ് ചക്രവർത്തി Edict of Milan എന്ന വിളംബരത്തിലൂടെ ക്രിസ്ത്യാനികൾക്കും മറ്റുള്ള എല്ലാവർക്കും മതസ്വാതന്ത്ര്യം നൽകി. 67 വർഷങ്ങൾക്കു ശേഷം എഡി 380ൽ തിയഡോഷ്യസ് ഒന്നാമൻ ചക്രവർത്തിയാണ് ക്രിസ്തുമതത്തെ സാമ്രാജ്യത്തിലെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചത്.

സ്വന്തമായി ദേവാലയ കെട്ടിടങ്ങൾ ഇല്ലാതിരുന്ന ആദ്യത്തെ രണ്ടു നൂറ്റാണ്ടുകളിൽ, വിശ്വാസികളുടെ ശരീരമാണ് ദൈവാലയം എന്ന ആശയം അപ്പൊസ്തലന്മാരും മറ്റു നേതാക്കളും ശക്തമായി പഠിപ്പിച്ചിരുന്നു. ''നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ'' എന്ന് പൗലൊസ് ശ്ലീഹ ചോദിക്കുന്നു (1 കൊരി. 3:16). നാം ഓരോരുത്തരും ജീവനുള്ള കല്ലായിത്തീർന്ന് ആത്മിക ഭവനം പണിയുന്നു എന്ന് പത്രൊസ് ശ്ലീഹയും പഠിപ്പിക്കുന്നു. ''...നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാൻ തക്ക വിശുദ്ധ പുരോഹിതവർഗമാകേണ്ടതിന് പണിയപ്പെടുന്നു (1 പത്രൊ. 2:5). വിശ്വാസികളായ നാം തന്നെ ദേവാലയവും ബലിയും പുരോഹിതനുമായിത്തീരുന്ന ആത്മിക ദർശനമാണിത്.

മനുഷ്യശരീരത്തെക്കുറിച്ച് മറ്റൊരു മതത്തിലും അതുവരെ ഇല്ലാതിരുന്ന ഒരു മൗലികചിന്തയാണ് ക്രിസ്തീയ വിശ്വാസം ഇവിടെ അവതരിപ്പിക്കുന്നത്. ശരീരം ഹീനമായ ഒന്നാണെന്നും അത് ആത്മാവിന്റെ തടവറയാണെന്നും അതുകൊണ്ട് അതിനെ ഏതെങ്കിലും തരത്തിൽ പീഡിപ്പിച്ച്, ആത്മാവിനെ മോചിപ്പിക്കുകയാണ് നമ്മുടെ ആത്മീയ ദൗത്യം എന്നും മറ്റും പഠിപ്പിച്ചിരുന്ന അക്രൈസ്തവ ഗുരുക്കാർ ഉണ്ടായിരുന്നു. അതുപോലെ തന്നെ, ശരീരം ആത്യന്തികമായി ആത്മാവിന് പ്രയോജനമില്ലാത്തതായതുകൊണ്ട്, ശരീരത്തെ എങ്ങനെ വേണമെങ്കിലും ഉപയോഗിക്കാമെന്നും അതുപയോഗിച്ച് എന്ത് അധർമ്മം ചെയ്താലും കുഴപ്പമില്ലെന്നും ചിന്തിച്ചിരുന്ന ആളുകളും ഉണ്ടായിരുന്നു. ഇന്ത്യയിൽ ഈ രണ്ടു ചിന്താധാരകളും നിലനിന്നിരുന്നു.

എന്നാൽ, ശരീരം വിശുദ്ധമാണെന്നും അത് പരിശുദ്ധാത്മാവിന്റെ മന്ദിരമാണെന്നും സഭ പഠിപ്പിച്ചു. ''നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി, നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ'' (റോമ. 12:1). ആത്മാവും ശരീരവും തമ്മിൽ അഭേദ്യമായ ബന്ധമാണ്. അവ തമ്മിൽ ഒരുമിച്ചാണ് രക്ഷയും രൂപാന്തരവും പുനരുത്ഥാനവും പ്രാപിക്കുന്നത്. അല്ലാതെ ആത്മാവ് ശരീരത്തെ ത്യജിച്ചുകളയുന്നില്ല, ആത്മാവിനു മാത്രമായി രക്ഷയുമില്ല എന്ന് ക്രിസ്തീയ വിശ്വാസം ഉദ്ബോധിപ്പിച്ചു.

നമ്മുടെ ഭവനം, ദേവാലയം എന്നിവ കല്ലും മരവും ലോഹവും ഉപയോഗിച്ചു നാം പണിതുയർത്തുന്ന കെട്ടിടങ്ങളാണ്. എന്നാൽ, മനുഷ്യശരീരം അങ്ങനെയല്ല. അത് ദൈവേഷ്ടത്താൽ, ജനിച്ച്, വളർന്ന്, വികസിക്കുന്ന, ജീവൻ തുടിക്കുന്ന ശരീരമാണ്. മനുഷ്യന്റെ വീടിനും ദേവാലയത്തിനും കെട്ടിടമെന്ന നിലയിൽ അതിൽത്തന്നെ ജീവനില്ല. എന്നാൽ, മനുഷ്യ ശരീരത്തിന് അതിൽതന്നെ ദൈവം ജീവൻ നൽകിയിരിക്കുന്നു. സ്വയം സംഘടിപ്പിക്കാനുള്ള അതിന്റെ കഴിവ് (Self organisation) നാം പണിയുന്ന ഭവനങ്ങൾക്കില്ല. ശരീരത്തിലെ അവയവങ്ങൾ പലതാണെങ്കിലും പല ധർമ്മങ്ങൾ അനുഷ്ഠിക്കുന്നവയാണെങ്കിലും അവയെല്ലാം സമുചിതമായി ചേർന്ന് ഏകശരീരത്തെയും അതിന്റെ ജീവനെയും പോഷിപ്പിക്കുന്നു.

മനുഷ്യരുടെ വീടും ദേവാലയവും ഇടിഞ്ഞുപോയാലും ഇല്ലാതായാലും അവയുടെ രൂപം മാറിയാലും മനുഷ്യൻ നിലനിൽക്കും. എന്നാൽ, ശരീരം ഇല്ലാതായാൽ, ജീവൻ ഇവിടെ നിലനിൽക്കുകയില്ല.

ആത്യന്തികമായി നമ്മുടെ ചൈതന്യമുള്ള ശരീരത്തെയാണ് വീടിന്റെയും ദേവാലയത്തിന്റെയും ഉത്തമ മാതൃകയായി ക്രിസ്തീയസഭ കാണുന്നത്. ശരീരത്തിലുള്ള അവയവങ്ങളുടെ സമഞ്ജസമായ കൂട്ടായ്മയും സഹകരണവും അതിനെ ചലിപ്പിക്കുന്ന ആന്തരിക ജീവനും ശരീരംകൊണ്ട് നിർവഹിക്കാവുന്ന നന്മകളും അതിന്റെ സ്വാതന്ത്ര്യവും ചലനാത്മകതയും ദൈവാരാധനയ്ക്കുള്ള അതിന്റെ സാധ്യതയും എല്ലാം വച്ചു നോക്കുമ്പോൾ നമ്മുടെ ശരീരമാണ് ഉത്തമഭവനവും ഉത്തമദേവാലയവും എന്നു കാണാം. ഇത് ക്രിസ്തീയവിശ്വാസത്തിന്റെ മൗലിക സംഭാവനയാണ്. നമ്മുടെ ലോകത്തെ രൂപാന്തരപ്പെടുത്താൻ കഴിവുള്ള ചിന്തയാണിത്. എല്ലാ ഒറ്റപ്പെട്ട ശരീരങ്ങളും മനുഷ്യവർഗമെന്ന ഏക ശരീരമായി പ്രവർത്തിക്കാനുള്ള സാദ്ധ്യതയും ദൈവം നമുക്കു നല്കിയിരിക്കുന്നു. ആത്യന്തികമായി, ദൈവത്തിന്റെ സർവ്വസൃഷ്ടിയും ഏകശരീരവും ഏക കുടുംബവും ഏക ദേവാലയവുമാണ്.

മലങ്കരയുടെ മാർത്തോമ്മൻ പൈതൃകത്തിന് ഒരാമുഖം



ഫാ. ഡോ. ജേക്കബ് കുര്യൻ

പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ഒരുവനായ മാർത്തോമ്മശ്ലീഹയുടെ പൈതൃകം പേറുന്നവരാണ്, മലങ്കരയിലെ എല്ലാ പുരാതന സഭാസമൂഹങ്ങളും. മലങ്കര എന്ന പദം, കേരളം രൂപം പ്രാപിക്കുന്നതിന് മുമ്പുള്ള 'മലബാർ' പ്രദേശത്തിന് പണ്ടേ ഉപയോഗിക്കപ്പെട്ടതാണ്. ഇന്ത്യയെയും മാർത്തോമ്മ ശ്ലീഹയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ധാരാളം പുരാതന രേഖകളുണ്ടെന്നുള്ളതും അവയ്ക്ക് ചരിത്ര സാക്ഷിയായി ഇരുപത്തൊന്നു നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഒരു ക്രൈസ്തവ സമൂഹം പ്രധാനമായും ദക്ഷിണ ഭാരതത്തിൽ ഉണ്ടെന്നുള്ളതും ആർക്കും നിഷേധിക്കാനാവുന്നതല്ല. ഈ വസ്തുതകളെപ്പറ്റി അനേകം ചരിത്രകാരന്മാരോടൊപ്പം ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതിയായ ഡോ. രാജേന്ദ്രപ്രസാദും ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായ പണ്ഡിറ്റ് ജവാഹർലാൽ നെഹ്റുവും ഇന്ത്യയുടെ ദാർശനിക പ്രതിഭയും രാഷ്ട്രപതിയുമായിരുന്ന ഡോ. രാധാകൃഷ്ണനും സമീപകാല രാഷ്ട്രപതിയാ

യിരുന്ന പ്രണബ് കുമാർ മുഖർജിയും വ്യക്തമായി പറഞ്ഞിട്ടുണ്ട്.

മാർത്തോമ്മ ശ്ലീഹ: പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ഒരുവൻ: സ്ഥാനത്തിൽ തുല്യൻ

പുതിയ നിയമത്തിൽ അപ്പൊസ്തലന്മാരുടെ ലിസ്റ്റ് കൊടുക്കുന്ന എല്ലായിടത്തും (മത്തായി 10:2), മർക്കൊസ് 3:16-19; ലൂക്കൊസ് 8:14-16; അപ്പൊ.പ്ര. 1:13) മാർത്തോമ്മ ശ്ലീഹയുടെ പേരുണ്ട്. അവർക്കുള്ള ആത്മീയാധികാരത്തെ സൂചിപ്പിച്ചുകൊണ്ട് 'പന്ത്രണ്ടു സിംഹാസനങ്ങൾ' അവർക്ക് വാഗ്ദാനം ചെയ്തിട്ടുമുണ്ട് (മത്തായി 19:28; ലൂക്കൊ. 22:30). പന്ത്രണ്ടു പേർക്ക് ശിഷ്യഗണത്തിൽ പ്രത്യേക സ്ഥാനം ആദിമസഭ നൽകിയതിനെക്കുറിച്ചും അപ്പൊസ്തല പ്രവൃത്തിയിൽ സൂചനകളുണ്ട്. ഉദാഹരണത്തിന്, യൂദ ഇസ്കര്യോത്തായ്ക്കുപകരം ഒരാളെ തിരഞ്ഞെടുത്ത് (മത്തിയാസ്) ആ ഒഴിവു നികത്തുന്ന നടപടി ശ്രദ്ധേയമാണ് (അപ്പൊ. പ്ര. 1:25). അവർക്ക് ചില ശുശ്രൂഷകൾക്കായി പ്രത്യേക 'അധികാരം' നൽകിയെന്നും വ്യക്തം (മത്തായി 10:1; 18:18) അധികാരത്തോടെ, അവരെ ലോകത്തിലേക്ക് അയക്കുന്നുവെന്നും (യോഹ. 17:18), ആയതുകൊണ്ട് അവരെ പ്രത്യേകമായി വിശുദ്ധീകരിക്കണമെന്നും (യോഹ. 17:19), യേശുവിന്റെ മഹാപുരോഹിത പ്രാർത്ഥനയിൽ (യോഹ. 17) സ്വർഗീയ പിതാവിനോട് അപേക്ഷിച്ച് അറിയിക്കുന്നു. അവരുടെ മധ്യസ്ഥത യാചനയ്ക്ക് പ്രത്യേക പ്രാധാന്യമുണ്ടെന്നും യേശുക്രിസ്തു സൂചിപ്പിച്ചു (യോഹ. 16:23, 24).

തോമ്മശ്ലീഹ: പേരിലെ കാര്യം

തോമ്മശ്ലീഹയ്ക്ക് ഒരു ഔദ്യോഗിക നാമവും ഒരേ അർത്ഥം വരുന്ന രണ്ട് വിളിപ്പേരുകളും ഉണ്ടായിരുന്നു. ഔദ്യോഗിക നാമം യൂദ (യഹൂദ) എന്നായിരുന്നു. വിളിപ്പേര്, അന്നത്തെ ഒരു പൊതുരീതി അനുസരിച്ച് ഒന്ന് അരാമായയിലും മറ്റേത് ഗ്രീക്കിലും ആയിരുന്നു. അരാമായയിലെ വിളിപ്പേര് 'തോമസ്' എന്നും, ആ പദത്തിന്റെ അർത്ഥം, 'ഇരട്ട' എന്നും അതിന്റെ ഗ്രീക്ക് രൂപം 'ദിദിമോസ്' എന്നും ആയിരുന്നു.

മാർത്തോമ്മശ്ലീഹ, പഴയ പാർത്തിയൻ സാമ്രാജ്യത്തിലെ ഇന്ത്യ, പേർഷ്യ പ്രദേശങ്ങളിലേക്കും അതിനും വെളിയിലുള്ള മലബാർ, ദ്രാവിഡ ദേശങ്ങളിലേക്കും ആണ് അയയ്ക്കപ്പെട്ടത്. യേശുക്രിസ്തു നൽകിയ പ്രധാന നിയോഗമാർഗരേഖ പ്രകാരം (മത്തായി 10:6) ആദ്യം ചിതറിക്കിടക്കുന്ന യഹൂദ ജാതിയിലേക്കും അവരിലൂടെയും അല്ലാതെയും മറ്റുള്ളവരിലേക്കും സുവിശേഷവേല വ്യാപിച്ചു.

മാർത്തോമ്മശ്ലീഹ പാർത്തിയയിൽ സുവിശേഷം അറിയിച്ചുവെന്ന്, ഓറിജനെ (23 നൂറ്റാണ്ട്) ഉദ്ധരിച്ചും നേരിട്ടും സഭാചരിത്രകാരനായ യൂസേബിയോസ് (4-ാം നൂറ്റാണ്ട്) രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യ-പാർത്തിയൻ സാമ്രാജ്യത്തിലെ ഇന്ത്യയിലേക്ക്, പ്രത്യേകിച്ച്, ഗോണ്ടഫോറസിന്റെ രാജ്യത്തിലേക്ക്, മാർത്തോമ്മശ്ലീഹയെ അയച്ചകഥയാണ്, **തോമായുടെ പ്രവൃത്തികൾ** എന്ന സുറിയാനി കൃതി (3-ാം നൂറ്റാണ്ട്). നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സുറിയാനി സഭാപിതാവും കവിയുമായ അഫ്രേം തന്റെ നിസിബിയൻ ഗീതങ്ങളിലും, മദറോശൊകളിലും മാർത്തോമ്മശ്ലീഹ ഇന്ത്യയിൽ സുവിശേഷം അറിയിച്ച്, രക്തസാക്ഷിയായി, തിരുശേഷിപ്പ് എഡേസായിലേക്ക് കൊണ്ടുപോകപ്പെട്ട കാര്യം പരാമർശിച്ച് ദീർഘമായി. കാവ്യാത്മകമായി, പ്രതിപാദിച്ചിട്ടുണ്ട്. മൂന്നാം നൂറ്റാണ്ടിൽ തന്നെ എഴുതപ്പെട്ട, അപ്പൊസ്തലന്മാരുടെ ഉപദേശം (Doctrine of the Apostles) എന്ന കൃതിയിൽ ഇപ്രകാരം ഒരു പരാമർശം ഉള്ളതായി ഡോ. വി. സി. സാമുവൽ എഴുതിയിട്ടുണ്ട്: 'ഇന്ത്യയും അതിലുൾപ്പെട്ടതും അതിനുചുറ്റിലും കിടക്കുന്നതുമായ രാജ്യങ്ങളും പൗരോഹിത്യപരമായ അപ്പൊസ്തലിക കൈവയ്പ് യൂദാസ് തോമാസിൽ നിന്നും പ്രാപിച്ചു. അവിടെ അദ്ദേഹം സ്ഥാപിച്ച സഭയെ സ്വയം നയിക്കുകയും ചെയ്തു കപ്പദോക്യൻ പിതാവായ നാസിയാൻസിലെ മാർ ഗ്രീഗോറിയോസ് (നാലാം നൂറ്റാണ്ട്) അറിയുസുകാർക്കെതിരെ എഴുതിയ പ്രബന്ധത്തിൽ മാർത്തോമ്മ ശ്ലീഹ ഇന്ത്യയിൽ സുവിശേഷം അറിയിക്കുവാൻ അയയ്ക്കപ്പെട്ടുവെന്നു പറയുന്നു. പാശ്ചാത്യ സഭയുടെ പിതാവായ അംബ്രോസ് (നാലാം നൂറ്റാണ്ട്) 'ബ്രാഹ്മണർ' വസിക്കുന്ന ഇന്ത്യയെക്കുറിച്ചും ഇന്ത്യയിൽ പോയ തോമ്മശ്ലീഹയെക്കുറിച്ചും ഇന്ത്യയിലെ തുറമുഖപട്ടണമായ മുസിറീസിനെക്കുറിച്ചും വിവിധ പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. പാശ്ചാത്യ സഭയുടെ തന്നെ പിതാവായ ജെറോം, അദ്ദേഹത്തിന്റെ ഒരു കത്തിൽ (Epistola ad Marcellam), യേശുക്രിസ്തു ആത്മാവിൽ ഓരോ അപ്പൊസ്തലന്മാരോടൊപ്പം ഓരോസ്ഥലത്ത് സന്നിഹിതനായിരുന്നു എന്നുപറയുന്ന കൂട്ടത്തിൽ, മാർത്തോമ്മ ശ്ലീഹയോടൊപ്പം ഇന്ത്യയിലും ആയിരുന്നു എന്നു പറഞ്ഞിരിക്കുന്നു. ജെറോമിന്റെ തന്നെ 'വിശുദ്ധന്മാരുടെ ജീവിതകഥ'കളിൽ, മാർത്തോമ്മശ്ലീഹ ഇന്ത്യയിൽ സുവിശേഷം അറിയിച്ച്, ഇന്ത്യയിലെ **കലാമിന**യിൽ മരിച്ചുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്). 'കലാമിന' പണ്ടത്തെ 'ചോളമണ്ണ്' അഥവാ അതിലെ 'ചിന്നമല' ആണെന്നും പിൽക്കാലത്ത് മൈലാപ്പൂരും ആയി അറിയപ്പെട്ടുവെന്നും പറയപ്പെടുന്നു. അഞ്ചാം നൂറ്റാണ്ടിൽ പാശ്ചാത്യസഭയിലെ ബിഷപ്പായിരുന്ന നോലായിലെ പോളീനസ്, അപ്പൊസ്തലന്മാരുടെ പലരുടെയും സുവിശേഷവയലുകൾ പരാമർശിച്ച കൂട്ടത്തിൽ ഇന്ത്യയിൽ തോമ്മശ്ലീഹ സുവിശേഷം അറിയിച്ചു എന്ന് എഴുതി. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റ്റൂർസിലെ വിശുദ്ധ ഗ്രഗറി, ഇന്ത്യയിലെ മാർത്തോമ്മായുടെ കബറിങ്കലെ അത്ഭുതങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. കൂടാതെ



ലത്തീൻ ഭാഷയിൽ പുരാതനകാലത്ത് എഴുതപ്പെട്ട മാർത്തോമ്മായുടെ രക്തസാക്ഷിത്വ വർണനയിലും മാർത്തോമ്മാ ഇന്ത്യയിൽ സുവിശേഷം അറിയിച്ചിട്ട് അവിടെ കൊല്ലപ്പെട്ടതായി പറയുന്നു. പാശ്ചാത്യ സഭയുടെ പിതാവായ ഇസിദോറിന്റെ ഇന്ത്യയെക്കുറിച്ചുള്ള വർണനയിലും മാർത്തോമ്മ ശ്ലീഹ ഇന്ത്യയിൽ സുവിശേഷം അറിയിച്ച്, ഇന്ത്യയിൽ വച്ച് കുന്തം ഏറ്റുമരിച്ച്, കലാമിനയിൽ അടക്കപ്പെട്ടുവെന്നു പറയുന്നു. ഈ പാശ്ചാത്യ സഭയുടെ പോപ്പായിരുന്ന ഗ്രിഗറിയും (590-604) വിശുദ്ധനായ ബീഡും (613- 735), ബൊസ്രായിലെ ശലോമോന്റെ 'തേനീച്ചയുടെ പുസ്തകവും', തോമ്മശ്ലീഹയെ ഇന്ത്യയുമായി ബന്ധിക്കുകയും ഇന്ത്യയിലെ മൈലാപ്പൂരിൽ കബറടക്കപ്പെട്ട മാർത്തോമ്മ ശ്ലീഹയുടെ തിരുശേഷിപ്പ് ഹബ്ബാൻ എന്ന കച്ചവടക്കാരൻ എഡേസായിൽ കൊണ്ടുപോയെന്നും പറയുന്നു. സുറിയാനി പിതാക്കന്മാരായ മീഖായേൽ റാബോയും ബാർ എബ്രായും മാർത്തോമ്മശ്ലീഹ ഇന്ത്യയിൽ സുവിശേഷം അറിയിച്ച്, ഇന്ത്യയിലെ കലാമിനയിൽ രക്തസാക്ഷിത്വം വരിച്ചുവെന്ന് എഴുതിയിട്ടുണ്ട്.

മാർത്തോമ്മയും ദക്ഷിണേന്ത്യൻ സുവിശേഷീകരണവും

ഇന്ത്യ-പാർത്തിയൻ സാമ്രാജ്യത്തിന്റെ ഭാഗമായ ഇന്ത്യയുടെ ഭാഗത്ത് മാർത്തോമ്മശ്ലീഹ ചെന്ന് സുവിശേഷം അറിയിച്ച കാര്യമാണ് തോമ്മയുടെ പ്രവൃത്തികളിലും മുകളിൽ പരാമർശിച്ച പല എഴുത്തുകളിലും പ്രധാനമായും സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ, മാർത്തോമ്മ ശ്ലീഹ ദക്ഷിണഭാഗത്തെ ഇന്ത്യയിൽ സുവിശേഷം അറിയിച്ചുവെന്നും പള്ളികൾ സ്ഥാപിച്ചുവെന്നും പട്ടക്കാരെ ചുമതലപ്പെടുത്തിയെന്നും ഉള്ളത് സത്യമാണ്. ദക്ഷിണ ഭാരതത്തിലെ തീരപ്രദേശങ്ങൾ യഹൂദകുടിയേറ്റം ഉണ്ടായിരുന്നവയാണ്. ഈ തീരങ്ങളിൽ, മലബാർ, കൊങ്കൺ, ചോളമണ്ഡല തീരം (കൊറോമാണ്ടൽ) എന്നിവയിൽ മാർത്തോമ്മായുടെ സാന്നിദ്ധ്യം ഉണ്ടാവുകയും അവിടെയെല്ലാം ക്രിസ്തീയ സമൂഹങ്ങൾ രൂപപ്പെടുകയും ചെയ്തു. ഇവയിൽ ഏറ്റവും പ്രധാനം മലബാർ തീരമായിരുന്നു. മലബാർ തീരത്തെ മുസിറീസ് പുരാതനകാലത്തെ പ്രസിദ്ധമായ വാണിജ്യ തുറമുഖമായിരുന്നു. പക്ഷേ, ഒന്നാം നൂറ്റാണ്ടു മുതലുള്ള ഒരു മാർത്തോമ്മൻ പൈതൃകം തലമുറ തലമുറ കൈമാറി ഇന്നും സജീവമായി നിലകൊള്ളുന്ന ഒരു ക്രൈസ്തവ സമൂഹം ഉണ്ടായിരുന്നു വെന്ന് രേഖകളെക്കാൾ ഉച്ചത്തിൽ സംസാരിക്കുന്ന സാക്ഷ്യമാണ്. ലോകത്തിൽ മറ്റൊരിടത്തും മാർത്തോമ്മ ശ്ലീഹയിലേക്ക് തങ്ങളുടെ സുവിശേഷ പൗരോഹിത്യ സ്രോതസ്സ് ചൂണ്ടിക്കാണിച്ച് മാർത്തോമ്മ ശ്ലീഹയാണ് തങ്ങളെ ക്രിസ്തുവിൽ ജനിപ്പിച്ചതെന്നവകാശപ്പെടുന്ന മലങ്കരയിലേതുപോലെ വേറൊരു സമൂഹം ഇല്ല എന്നതും ഒരു സത്യമാണ്. ഈ സമൂഹത്തിലുൾപ്പെട്ട സഭാവിഭാഗങ്ങളാണ്, മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ, സീറോ മലബാർ കത്തോലിക്കാസഭ, സീറോ മലങ്കര കത്തോലിക്കസഭ, മാർത്തോമ്മ സുറിയാനിസഭ, സിഎസ്ഐയിലും മറ്റ് നവീകരണ സഭകളിലുമുള്ള നല്ലൊരു പങ്ക് മലയാള ക്രൈസ്തവർ, കൽദായ സഭ, തൊഴിയൂർ സഭ മുതലായവ. ഇവർ ആരാധന നടത്തുന്ന ചില പുരാതന

പള്ളികൾ മാർത്തോമ്മ ശ്ലീഹ സ്ഥാപിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു (ഉദാഹരണത്തിന് മലങ്കര ഓർത്തഡോക്സ് സഭയുടെ, നിരണം ദേവാലയവും തിരുവിതാംകോട് ദേവാലയവും). മാർത്തോമ്മശ്ലീഹയുടെ പൗരോഹിത്യ കൈവയ്പ് തലമുറകളായി പരിപാലിച്ചുകൊണ്ടിരുന്ന പകലോമറ്റം കുടുംബം ഇന്നും ഉണ്ട്. മാർത്തോമ്മൻ പൈതൃകത്തിൽ നൂറ്റാണ്ടുകളായി ആചരിക്കപ്പെടുന്ന ആചരണങ്ങൾ, കലാരൂപങ്ങൾ, പള്ളി ഭരണരീതികൾ മുതലായവ പ്രസിദ്ധമാണ്. മാർത്തോമ്മ ക്രിസ്ത്യാനികൾക്ക് ഭരണാധികാരികൾ അനുവദിച്ച അവകാശങ്ങളും അധികാരങ്ങളും സാക്ഷിക്കുന്ന പുരാതന ചെപ്പേടു ശാസനകൾ ഇന്നും കാത്തുസൂക്ഷിക്കപ്പെടുന്നു. മാർത്തോമ്മ ക്രിസ്ത്യാനികൾ 'നസ്രാണികൾ' എന്നും വിളിക്കപ്പെട്ടിരുന്നു. അവരുടെ ചരിത്രം, വിശ്വാസം, ആചാരങ്ങൾ മുതലായവ പാട്ടുകളായി പാടി (വീരടിയാൻ പാട്ട്) ഉപജീവനം കഴിച്ചിരുന്ന 'പാണർ' മുതലായവരെപ്പറ്റി കേരളചരിത്ര രേഖകളിൽ പറയുന്നുണ്ട്. നസ്രാണികളുടെ മാർത്തോമ്മൻ പൈതൃകത്തെപ്പറ്റി പ്രതിപാദിക്കുന്ന 'റമ്പാൻ പാട്ട്' (തോമ്മാർവ്വം) 'മാർഗംകളിപ്പാട്ട്', അതതുപള്ളികളുടെ 'പള്ളിപ്പാട്ട്' മുതലായവ ഇന്നും പ്രചാരത്തിലുണ്ട്.

മലബാർ തീരത്തെ പുരാതന തുറമുഖമായിരുന്നു 'മുസിറീസ്' അഥവാ കൊടുങ്ങല്ലൂർ. ഇതിനടുത്ത് പാലയൂർ, കുന്നംകുളം പ്രദേശങ്ങൾ പുരാതന യഹൂദ കോളനിയായിരുന്നതിനും അവിടെയൊക്കെ നസ്രാണികൾ തലമുറകളായി വസിക്കുന്നുവെന്നതിനും ഈ നസ്രാണികൾക്ക് മാർത്തോമ്മ ശ്ലീഹയുമായി ബന്ധപ്പെട്ട ധാരാളം ഐതിഹ്യങ്ങൾ ഉണ്ടെന്നതിനും തെളിവുകൾക്ക് ഒരു പഞ്ഞവുമില്ല.

മലബാർ പ്രദേശത്ത് അഥവാ 'മലങ്കര'യിൽ മാർത്തോമ്മ സ്ഥാപിച്ചതെന്ന് വിശ്വസിക്കപ്പെടുന്ന ഏഴു പള്ളികളും ഒരു 'അര'പ്പള്ളിയും ചരിത്രപ്രസിദ്ധങ്ങളാണ്. അവയിൽ മിക്കതിന്റെയും സ്ഥാനത്തോ സമീപത്തോ ഇന്നും തുടർപള്ളികൾ ഉണ്ട്. അവ താഴെപ്പറയുന്നവയാണ്: 1. മാലിയങ്കര (കൊടുങ്ങല്ലൂർ) പാലൂർ (ചാവക്കാട്, പാലയൂർ), പറവൂർ (ആലുവ വടക്കൻ പറവൂർ, കോട്ടക്കാവ്), കോക്കമംഗലവം (ചേർത്തല, പള്ളിപ്പുറം, ആലപ്പുഴ), കൊല്ലം, നിരണം, ചായൽ (നിലയ്ക്കൽ), മാർത്തോമ്മ ശ്ലീഹ സ്ഥാപിച്ച തിരുവിതാംകോട് പള്ളി (കന്യാകുമാരി) പൗരാണികത്വമുള്ള 'അരപ്പള്ളി' (അരചപ്പള്ളി?) യായി അറിയപ്പെടുന്നു. മലങ്കരയിൽ മാർത്തോമ്മ ശ്ലീഹ നാലു തദ്ദേശീയ കുടുംബങ്ങളിൽ നിന്ന് പുരോഹിത സ്ഥാനികളെ നിയമിച്ചു. ഈ കുടുംബങ്ങൾ, പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നിവയായിരുന്നു. ഈ കുടുംബങ്ങളുടെ പിൻതലമുറക്കാർ ഇന്നും വിവിധ സ്ഥലങ്ങളിൽ അതേ പേരുകളിൽ വസിച്ചു വരുന്നു.

മാർത്തോമ്മ ശ്ലീഹ: പേർഷ്യൻ സഭയ്ക്കും ഇന്ത്യൻ സഭയ്ക്കും സ്വന്തം

പേർഷ്യൻ രാജാവായിരുന്ന അബ്ഗാറിന്റെ ചരിത്രവും വിശുദ്ധ യോഹന്നാന്റെ സുവിശേഷം പരാമർശിക്കുന്ന യവനന്മാരുടെ യേശുവിന്റെ അടുത്തേക്കുള്ള സന്ദർശനവും (12:20-36) തമ്മിൽ ബന്ധമുണ്ടെന്ന് സൂചിപ്പിക്കുന്ന ചില രേഖകളുണ്ട്. പേർഷ്യയിലെ എഡേസ (ഉറഹ)യുടെ രാജാവായിരുന്ന അബ്ഗാർ തന്റെ രോഗം സൗഖ്യമാക്കുവാനും യേശുവിന് സുരക്ഷവാഗ്ദാനം ചെയ്യുവാനും ദൂതന്മാരെ എഴുത്തുകൊടുത്തുവിട്ട് ക്ഷണിച്ചതാണ് മേൽപരാമർശിച്ച സന്ദർശനം. പ്രസ്തുത കത്തിന് യേശു ഒരു മറുപടിക്കത്തു നൽകിയെന്നും അതിൽ തന്റെ ഒരു ശിഷ്യൻ, അബ്ഗാറിനെ സന്ദർശിച്ചുകൊള്ളുമെന്നും എഴുതിയെന്നുമാണ് ചില രേഖകൾ സാക്ഷിക്കുന്നത് (21). അതനുസരിച്ച് തോമ്മശ്ലീഹയും തദ്ദായിശ്ലീഹയും ആ നിയോഗം ഏറ്റെടുത്ത് തദ്ദായി എത്തി അബ്ഗാറിനെ സൗഖ്യമാക്കി അവന്റെ രാജ്യം മുഴുവനെയും ക്രിസ്തുശിഷ്യത്വത്തിലേക്ക് കൊണ്ടുവന്നു. അങ്ങനെയാണ് പേർഷ്യൻ സഭയുടെ ആരംഭം. അതുകൊണ്ട് പേർഷ്യൻ സഭ പുരാതന കാലം മുതൽ മാർത്തോമ്മശ്ലീഹയേയും തദ്ദായി ശ്ലീഹയേയും സഭാപൈതൃകത്തിന്റെ ചരിത്ര സ്രോതസ്സായി കാണുന്നു. പേർഷ്യയിലെ സഭയുമായി ദക്ഷിണേന്ത്യൻ തീരങ്ങളിൽ രൂപപ്പെട്ട സഭാസമൂഹങ്ങൾക്ക് ബന്ധമുണ്ടായി. കടൽമാർഗമുള്ള യാത്രാസൗകര്യങ്ങളും വാണിജ്യബന്ധങ്ങളും ഇതിന് അനുകൂല ഘടകങ്ങളായിരുന്നു. ദക്ഷിണേന്ത്യൻ തീരങ്ങളിലെ, പ്രത്യേകിച്ച മലബാർ തീരത്തെ, സഭാസമൂഹങ്ങൾക്ക് പല ആത്മീയ സേവനങ്ങളും പേർഷ്യൻ സഭയിൽ നിന്നുണ്ടായി. പൊതുവായ മാർത്തോമ്മൻ പൈതൃകം അവരെ അടുപ്പിച്ചുനിർത്തിക്കൊണ്ടിരുന്നു. തൽഫലമായി പേർഷ്യയിൽ നിന്ന് ചില പ്രത്യേക ചരിത്രസാഹചര്യങ്ങളിൽ കുടിയേറ്റങ്ങൾ തന്നെ മലങ്കരയിലേക്കുണ്ടായി. പേർഷ്യയിൽ ഉണ്ടായിരുന്ന സ്വതന്ത്രസഭാ സംവിധാനത്തിന്റെ പ്രതീകമായി രൂപപ്പെട്ട 'കാതോലിക്ക' സ്ഥാപനവും ഈ മലങ്കര-പേർഷ്യൻ ബന്ധത്തിന്റെ ആഴവും പരപ്പും വർദ്ധിപ്പിച്ചു. പേർഷ്യയിലും ഇന്ത്യയിലും പൊതുവായ സുറിയാനി ആരാധനപാരമ്പര്യവും സമാനമായ 'അർക്കദയാക്കോൻ' ഭരണരീതിയും ഉണ്ടായതോടെ, പേർഷ്യയിലെയും ഇന്ത്യയിലെയും സഭകൾ 'പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭ' പൈതൃകത്തിന്റെ ഭാഗങ്ങളായിത്തീർന്നുവെന്നും പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയ്ക്കാകമാനം മാർത്തോമ്മയുടെ ശ്ലൈഹിക-പൗരോഹിത്യ പിന്തുടർച്ചയായിരുന്നുവെന്നും മനസ്സിലാക്കാം. ■



സുഖത്തിന്റെ പിന്നാലെ...

എം.കെ. സാനു

ധൃതരാഷ്ടർ വിലപിച്ചു: 'പുത്രന്മാരും അമാത്യരും സർവബന്ധുക്കളും മരിച്ചുപോയ സ്ഥിതിക്ക് എനിക്ക് ഇനി ജീവിതംകൊണ്ടെന്തു പ്രയോജനം? ചിറകറ്റ് വൃദ്ധനായി ക്ഷീണിച്ച പക്ഷിക്കു തുല്യനായി ഞാൻ...'

സഞ്ജയന്റെ വാക്കുകൾക്കു പോലും അദ്ദേഹത്തിന് ആശ്വാസം നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ വിദുരർ തന്നെ അവിടെ വന്നു ചേർന്നു. തത്ത്വങ്ങൾ പലതും ഉപദേശിച്ചതിനു ശേഷം ചെറിയൊരു കഥ കൂടി വിദുരർ വിവരിച്ചു.

ആ കഥ ഇതാണ്:

മഹാസംസാര മധ്യത്തിൽ ജീവിക്കുന്ന ഒരു ബ്രാഹ്മണൻ ഒരിക്കൽ ഹിംസ്രജന്തുക്കൾ നിറഞ്ഞ ഒരു ഘോരവനത്തിൽ എത്തിച്ചേർന്നു. സിംഹവ്യാഘ്ര ഗജാദികളുടെ ശബ്ദം കേട്ട് അവൻ ഭയചകിതനായി. എവിടെയാണു രക്ഷയെന്ന് തെരയുന്നതിനിടയിൽ പുല്ലുകൊണ്ടു മൂടിയതും അരികിൽ മരമുള്ളതുമായ ഒരു കിണർ അവന്റെ ദൃഷ്ടിയിൽപ്പെട്ടു. മരത്തിലെ വള്ളികൾ കിണറിലേക്ക് ചാഞ്ഞുകിടന്നിരുന്നു. അവൻ ആ വള്ളിയിൽ അഭയം കണ്ടെത്തി. കീഴോട്ടു നോക്കിയപ്പോൾ കിണറിലെ നിർമ്മല ജലത്തിൽ ഒരു വലിയ സർപ്പം കിടക്കുന്നതായി കണ്ടു. മുകളിലാകട്ടെ, ആറു മുഖവും പന്ത്രണ്ടു കാലുമുള്ള ഒരു വന്യമൃഗം അതിനകം എത്തിച്ചേർന്നു കഴിഞ്ഞു. താഴോട്ടും മുകളിലോട്ടും പോകാൻ സാധിക്കാത്ത അവസ്ഥയിൽ ആ ബ്രാഹ്മണൻ വള്ളികളെ ശയ്യയാക്കിക്കൊണ്ട് വിഭ്രാന്തനായി ശയിക്കുമ്പോൾ മറ്റൊരു കാഴ്ച കൂടി കണ്ടു. കറുത്തതും വെളുത്തതുമായ രണ്ടു എലികൾ ചേർന്ന് തനിക്കാശ്രയമായ വള്ളികൾ കരണ്ടു കൊണ്ടിരിക്കുന്നു! സാവധാനത്തിൽ വള്ളി മുറിയുകയും താൻ കീഴിലുള്ള സർപ്പത്തിന്റെ വായിൽ പതിക്കുകയും ചെയ്യുമെന്ന് അവന് തീർച്ചയായി.

അപ്പോഴാണ് വള്ളിപ്പടർപ്പുകളിലെ പൂക്കളും അവയിൽ പാറിപറക്കുന്ന ശലഭങ്ങളും പെട്ടെന്ന് അവന്റെ ദൃഷ്ടിയിൽ പെടുന്നത്. അവയുടെ

ഭംഗിയിൽ അവന്റെ കണ്ണുകൾ മുഴുകി. തേൻ നുകരുന്ന ശലഭങ്ങളുടെ ചുണ്ടുകളിൽ നിന്നു മാത്രമല്ല പൂക്കളിൽ നിന്നുകൂടി തേൻ, തുള്ളികൾ കീഴോട്ടു പതിച്ചുകൊണ്ടിരുന്നു. അപ്പോൾ ആ ബ്രാഹ്മണൻ അത്യന്തം സന്തോഷത്തോടു കൂടി തന്റെ നാവ് നീട്ടി ആ തേൻ തുള്ളികളുടെ മാധുര്യം ആസ്വദിക്കാൻ തുടങ്ങി, ഹായ്, ഈ അവസ്ഥ എത്ര സുഖകരം! അവൻ വിചാരിച്ചു.

മനുഷ്യജന്മത്തിന്റെ സ്വഭാവമെന്തെന്ന് ഈ കഥ വിശദമാക്കുന്നു. ഇതിലെ ഘോരകാന്താരം സംസാര ജീവിതമല്ലാതെ മറ്റൊന്നുമല്ല. ഹിംസ്ര ജന്തുക്കൾ വ്യാധികളാണ്. കിണറിലെ സർപ്പം സർവഭൂതാന്തകനായ കാലനാണ്. വള്ളിയോ? അത് ജീവിതാശയാണ്. ഇത്രയുമറിഞ്ഞു കഴിയുമ്പോൾ കറുത്തതും വെളുത്തതുമായി എലികൾ രാപകലുകളാണെന്നും മനസ്സിലാക്കാൻ പ്രയാസമുണ്ടാകയില്ല (തേൻ തുള്ളികൾ കാമരസമാണെന്ന് വിദുരർ വിശദീകരിക്കുന്നു)

സുനിശ്ചിതമായ മരണത്തിൽ നിപതിക്കുമെന്നറിയാമെങ്കിലും ആ സത്യം വിസ്മരിച്ചുകൊണ്ട് താത്കാലിക സന്തോഷങ്ങളിൽ രമിക്കുന്ന മനുഷ്യന്റെ അവസ്ഥയാണ് ഈ കഥയിലൂടെ വിദുരർ വെളിപ്പെടുത്തുന്നത്. ടോൾസ്റ്റോയ് തന്റെ ആത്മകഥാപരമായ ഒരു പ്രബന്ധത്തിൽ ഈ കഥ വികാരസ്പർശിയായി വിവരിച്ചിട്ടുണ്ട് (Confessions And What I believe) ഈ അവസ്ഥ ദർശിച്ചു കഴിഞ്ഞതോടെ തന്റെ അസ്വാസ്ഥ്യം പരകോടിയിലെത്തിയെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. മനുഷ്യ ജീവിതത്തിൽ നിന്ന് അതിന്റെ അർത്ഥം ചോർന്നു പോയതായും നൈമിഷിക സുഖഭോഗങ്ങളുടെ പൊള്ളത്തരം തെളിഞ്ഞതായും തനിക്കനുഭവപ്പെട്ടെന്ന് അദ്ദേഹം എഴുതിയിരിക്കുന്നു. ഒന്നുകിൽ ജീവിതത്തിന് ഒരർത്ഥം കണ്ടെത്തുക, അല്ലെങ്കിൽ ആത്മഹത്യചെയ്യുക. ഇങ്ങനെയൊരു പ്രതിസന്ധിയിൽ അദ്ദേഹം അകപ്പെട്ടു. ആത്മീയമായ തീവ്രവേദനയുടെ ആ ഘട്ടത്തിൽ അദ്ദേഹം ആത്മഹത്യയുടെ വക്കോളമെത്താതിരുന്നില്ല. ലോകത്തിന്റെ ഭാഗ്യത്തിന് അദ്ദേഹം ബൈബിളിൽ നിന്ന് ജീവിതത്തിന്റെ അർത്ഥം കണ്ടെത്തുകയാണുണ്ടായത്. (മരണത്തിന്റെ സാന്നിധ്യവും ജീവിതത്തിന്റെ വ്യർത്ഥയും അനുഭവിക്കുന്ന അസ്തിത്വബോധത്തിന്റെ ആവിഷ്കരണം 'ഐവാൻ ഇല്യച്ചിന്റെ മരണം' എന്ന കഥയിൽ അദ്ദേഹം തീവ്രതയോടെ നിർവഹിച്ചിട്ടുണ്ട്. ആ കഥ തികച്ചും 'എക്സിസ്റ്റെൻഷ്യൽ' സ്വഭാവമാർന്നതാണെന്ന് ഫ്രെഡറിക് ആർ. കാൾ, ലിയോ ഹമലിയൻ എന്നിവർ അഭിപ്രായപ്പെടുന്നു. (The Existential Imagination- Edited by Frederick R. Karl and Leo Hamalian - Introduction) അതിനോടു വിയോജിക്കാൻ പ്രയാസം.

ജീവിതം തുടരുന്നതിന് ഒരു നീതീകരണം ആത്മീയതയിൽ കണ്ടത്തിയതോടെ ടോൾസ്റ്റോയ് സുഖത്തിന്റെ രഹസ്യവും മനസ്സിലാക്കി. അനശ്വരമായ ആദർശങ്ങൾക്കു വേണ്ടി നശ്വരമായ ജീവിതത്തെ സമർപ്പിക്കുക എന്നതാണ് ആ രഹസ്യം. വിമോചനത്തിന്റെ സുഖമാണത്. നൈമിഷികങ്ങളും ക്ഷുദ്രങ്ങളുമായ സന്തോഷങ്ങളിൽ നിന്നു പിന്തിരിയുന്ന മനസ്സ് അവിടെ സനാതന മൂല്യങ്ങളുടെ അനന്തതയിൽ വിഹരിക്കുന്നു. അതാണ് യഥാർത്ഥമായ സുഖം (ഒരു സ്വാതന്ത്ര മനുഷ്യന്റെ ആരാധന'- A Free man's worship- എന്ന പ്രൗഢമായ പ്രബന്ധത്തിൽ ബർട്രൻഡ് റസ്സൽ ഈ ആശയം ഹൃദയാവർജകമായി അവതരിപ്പിച്ചിട്ടുണ്ട്)

നിത്യജീവിതത്തിൽ നാമെല്ലാവരും നിരന്തരം പരിശ്രമിക്കുന്നത് സുഖം നേടുന്നതിനു വേണ്ടിയാണ്. പണം, അധികാരം, പദവി, പ്രശസ്തി മുതലായ പലതിന്റേയും പിന്നാലെ നാം പരക്കം പായുന്നത് അവയിൽ നിന്ന് സുഖം ലഭിക്കുമെന്ന വ്യാമോഹത്താലാണ്. എന്നാൽ, അവ നേടിക്കഴിയുമ്പോഴാണറിയുന്നത്. അവയിൽ സുഖമില്ലെന്ന്! മദ്യത്തിലും മറ്റു ലഹരി പദാർത്ഥങ്ങളിലും നിന്നുളവാക്കുന്ന താത്കാലിക സന്തോഷം മാത്രമേ അവ നമുക്കു നല്കുന്നുള്ളു. മനുഷ്യരേവരും ഇത്തരം സന്തോഷത്തിനു വേണ്ടി പരക്കം പായുന്നത് കണ്ടിട്ടാണ് ഉള്ളൂർ ഇപ്രകാരം കുറിച്ചത്.

സുഖം, സുഖം, ക്ഷോണിയെ നാകമാക്കാൻ
വേധസ്സു നിർമ്മിച്ച വിശിഷ്ടവസ്തു
അതെങ്ങതെങ്ങെന്നു തിരഞ്ഞു തന്നെ-
യായുസ്സുപോക്കുന്നു ഹതാശർ നമ്മൾ.

അതറിഞ്ഞിട്ടു തന്നെയാണ് ഷെല്ലി ഹൃദയസ്പൃക്കായ ഈ ചിത്രം അവതരിപ്പിച്ചത്.

''ശവക്കോട്ടയ്ക്കകത്തെ ശവങ്ങളെപ്പോലെ നാം അഴുകി ദ്രവിക്കുന്നു. നമ്മുടെ സ്പന്ദിക്കുന്ന മണ്ണിൽ തണുത്ത തൃഷ്ണകൾ പുഴുക്കളെപ്പോലെ നുരയ്ക്കുന്നു.'

ആനന്ദവാദികൾ (Hedonists) ഈ അവസ്ഥയുടെ നേർക്കു പുലർത്തുന്ന മനോഭാവം ഇവിടെ പരിശോധനയർഹിക്കുന്നു. ഒമർ ഖയ്യാം തന്റെ 'റുബായിയത്തി'ലൊരിടത്ത് പറയുന്നു:

ഈ മൺകോലുമുടഞ്ഞു മൺതരികളായ്
മാറുന്നതിൻമുന്നമേ
നാമാനന്ദസുധാരസം നുകരണം
ശേഷിച്ച നാളെങ്കിലും;
പാഴ്മൺ മേനി മറഞ്ഞുമണ്ണിനടിയിൽ
മണ്ണാകവേ, മദ്യമി-
ല്ലോമൽഗ്ഗാനവുമില്ല, ഗായകനുമി-
ല്ലന്ത്യത്തിലില്ലൊന്നുമേ
(പരിഭാഷ - മഹാകവി എം. പി. അപ്പൻ)

ഇപ്രകാരം 'ആനന്ദസുധാരസം' നുകരുന്നതിനു തകുന്നതിനായി രണ്ടു കാര്യങ്ങളേ അദ്ദേഹം കാണുന്നുള്ളൂ- മദ്യവും മദിരാക്ഷിയും. അവ രണ്ടും ചേരുന്നിടത്ത് സ്വർഗം വിടരുമെന്നതിൽ ഒമർ ഖയ്യാമിന് സംശയമേയില്ല.

ആനന്ദ വാദത്തിന്റെ ഇതേ സ്വരം നമ്മുടെ ചങ്ങമ്പുഴ ചില ശ്ലോകങ്ങളിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഉദാഹരണമായി ഈ ശ്ലോകം നോക്കൂ:

ഏഴാം സ്വർഗം വിടർന്നു തവകടമിഴിയിൽ
ക്കൂടിയെന്നല്ല, ഞാനാം
പാഴാം പുൽത്തണ്ടിൽ നിന്നും പലപല മധുര സ
പ്നഗാനം വിടർന്നു
കേഴാം ഞാൻ, നാളെ വീഴാമടിയിലഖിലവും
തേളുചൂളും തമസ്സിൽ;
കേഴട്ടേ, താഴട്ടരികിൽ വരികയേ
ഹൃദ്യമേ, മദ്യമേ നീ!

ഇതിലെ 'ഏഴാം സ്വർഗം' എന്ന പ്രയോഗം എത്ര തെളിമയോടെ നമ്മുടെ കൺമുമ്പിൽ പ്രത്യക്ഷമാകുന്നു. ജീവിതത്തിന്റെ അർത്ഥം, ലക്ഷ്യം മുതലായവയെക്കുറിച്ചാലോചിച്ച് ക്ലേശിക്കുന്നതു പാഴ്വേലയാണെന്ന് ഈ വാദം കരുതുന്നു. ലൗകിക സുഖഭോഗങ്ങളുടെ മുന്തിരിച്ചാറിൽ ആവോളം മുഴുകുക - അതേ മനുഷ്യൻ ചെയ്യേണ്ടതുള്ളൂ. വള്ളത്തോളിന്റെ 'കൊച്ചുസീത' യിലെ മുത്തശ്ശിയുടെ 'ജീവിതമെന്നാൽ യഥേഷ്ടം സുഖിക്കലാണ്' എന്ന വാക്കുകളിൽ ആ വീക്ഷണം നിറഞ്ഞു നിൽക്കുന്നു.

എന്നാൽ, ആ വീക്ഷണത്തിന് താത്കാലികമായ പ്രസക്തിയേയുള്ളൂ. കാരണം ലളിതമാണ്. മനുഷ്യൻ സാമൂഹികജീവിയാണ്. സമൂഹത്തോട് പിണങ്ങുമ്പോൾപോലും അവൻ ജീവിക്കുന്നതു സമൂഹമധ്യത്തിലാണ്. എത്രമേൽ ഏകാകിയായാലും അവന്റെ ജീവിതം ഇതര മനുഷ്യരുടെ ജീവിതവുമായി അഭേദ്യമാം വിധം ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഏതു വ്യക്തിയുടേയും സുഖം നല്ലൊരളവോളം അന്യരുടെ സുഖത്തെ ആശ്രയിച്ചിരിക്കുന്നു. ആ ആശ്രയീഭാവത്തിൽ നിന്നാണ് മൂല്യങ്ങളെയും ആദർശങ്ങളെയും കുറിച്ചുള്ള സങ്കല്പങ്ങളും ചിന്തകളും ഉയിർകൊള്ളുന്നത്. മനുഷ്യന്റേതാണ് ഏറ്റവും വിശിഷ്ടമായ ജന്മമെന്ന് നാം കരുതുന്നതിന്റെ കാരണവും അതു തന്നെ. അപ്പോൾ, മദ്യത്തിലും കാമരസാസ്വാദനത്തിലും മുഴുകി ജീവിക്കാനോ താത്കാലികമായി ജീവിച്ചാൽ തന്നെയും അതിൽ നിന്ന് സുഖമാസ്വദിക്കാനോ മനുഷ്യനു കഴിയുകയില്ല.

ആ യാഥാർത്ഥ്യമാണ് യഥാർത്ഥ സുഖമെന്തെന്നു തെരയാൻ മനുഷ്യമനസ്സിനെ പ്രേരിപ്പിക്കുന്നത്. നശ്വരമായ ജീവിതത്തെ അനശ്വരമായ ഒന്നിനു വേണ്ടി സമർപ്പിക്കുന്നതിൽ നിന്നു ലഭിക്കുന്ന കൃതാർത്ഥതയാണു സുഖം എന്ന നിഗമനത്തിൽ ചിന്തകൻമാർ എത്തിച്ചേരുകയും ചെയ്യുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, സ്വാർത്ഥ പരിത്യാഗത്തിലൂടെ മാത്രമേ യഥാർത്ഥ സുഖം ലഭ്യമാകയുള്ളൂ. ഏറെ ത്യജിക്കാൻ കഴിയുന്നവർ ഏറെ ഭാഗ്യശാലികൾ.

തത്ത്വങ്ങൾ ഇപ്രകാരമെല്ലാം പറയാമെങ്കിലും നിത്യജീവിതത്തിൽ ഇന്ദ്രിയാമോദകരമായ സുഖങ്ങൾ കൂടാതെ കഴിയാനൊക്കുമോ? ഈ ചോദ്യം പലരും ചോദിച്ചേക്കും. സാധാരണക്കാരായ മനുഷ്യർക്ക് അത്തരം സന്തോഷങ്ങൾ (സുഖങ്ങൾ എന്നു പറയാതിരിക്കുക) ആഹാരംപോലെ അനുപേക്ഷണീയമാണെന്നുള്ളതാണ് വാസ്തവം. അതറിഞ്ഞിട്ടാണ് ബർട്രൻഡ് റസ്സൽ തന്നെ സന്തോഷം നേടുന്നതിനുള്ള വഴികളെപ്പറ്റി ഒരു ഗ്രന്ഥം രചിച്ചിട്ടുള്ളത്. (The Conquest of Happiness) നിർദോഷമായ സന്തോഷങ്ങൾ ലൗകിക ജീവിതത്തിന്റെ ആരോഗ്യകരമായ സമനിലയ്ക്ക് ആവശ്യമാണെന്ന കാര്യത്തിൽ തർക്കമില്ല. നാനാവിധമായ വിനോദങ്ങൾ സമൂഹത്തിൽ ആവിർഭവിച്ചത് അതിന്റെ ഫലമായിട്ടാണ്. വ്യക്തിജീവിതത്തിൽ സ്നേഹം, സൗഹൃദം മുതലായ ഭാവങ്ങൾ നല്കുന്ന സന്തോഷത്തിന് അളവില്ല. അവയ്ക്കു വിഘാതമാകുന്നിടത്ത് സദാചാര നിയമങ്ങൾ മാത്രമല്ല, മതത്തോടു ബന്ധപ്പെട്ട വിലക്കുകൾ പോലും പരിത്യജിക്കേണ്ടതാണ്.

ഈ ഭൂമിയിൽ കുറച്ചുകാലം മാത്രമേ നാം കഴിയുന്നുള്ളൂ. ക്ലേശങ്ങളും ദുഃഖങ്ങളും ധാരാളം. അതിനിടയിൽ സന്തോഷം ആസ്വദിക്കാൻ നമുക്കവകാശമുണ്ട്. അത് അവികലമായിരിക്കണമെന്നേ ശ്രദ്ധിക്കേണ്ടതുള്ളൂ. റസ്സലും ഇതേ നിലയിലാണ് പ്രമേയത്തെ സമീപിച്ചിരിക്കുന്നത്. സ്വാർത്ഥചിന്ത എത്രത്തോളം കുറയുന്നു, സന്തോഷത്തിന്റെ അളവ് അത്രത്തോളം കൂടുന്നു എന്ന അഭിപ്രായം അദ്ദേഹത്തിനുണ്ട്. ആത്മരതി, അധികാരഭ്രമം എന്നീ വിലക്ഷണ വാസനകളാണ് സന്തോഷം ആസ്വദിക്കുന്നതിന് വിഘാതമായി നിൽക്കുന്നതെന്ന് അദ്ദേഹം സ്പഷ്ടമായി പറയുന്നു. അന്യർക്ക് ആ വാസനകളിൽ നിന്ന് ദുരിതമുണ്ടാവുകയും ചെയ്യുന്നു.

സന്തോഷത്തിൽ മുഴുകുക എന്നത് മാനസികാരോഗ്യത്തിന് ആവശ്യമാണെങ്കിലും കുറച്ചു കഴിയുമ്പോൾ സന്തോഷം മടുപ്പായി മാറും. ജീവിക്കുന്നതിലുള്ള താത്പര്യം കുറയുന്നതിന് അതു കാരണമാകും. യഥാർത്ഥമായ സുഖമെന്തെന്ന് നാം തെരയുന്നത് അപ്പോഴാണ്. അവിടെയാണ്, പ്രാരംഭത്തിൽ സൂചിപ്പിച്ചതുപോലെ, ആത്മസമർപ്പണത്തിന്റെ ഫലമാണ് സുഖം എന്ന സത്യം വെളിപ്പെടുക. തുച്ഛമായ ജീവിതത്തെ മഹനീയമായ ഒന്നിനു വേണ്ടി സമർപ്പിക്കുന്നിടത്ത് ശോകാശങ്കയെഴാത്ത ശുദ്ധസുഖം ഏതൊരാൾക്കും അനുഭൂതമാകാതിരിക്കയില്ല. സ്വീകരിക്കുന്നതിലല്ല, നൽകുന്നതിലാണു ധന്യതയെന്ന് അപ്പോൾ നാം തിരിച്ചറിയുന്നു.



ആർട്ടിസ്റ്റ് വി.എസ്. വത്സരാജിന്റെ (പന്തളം) പ്രശസ്തമായ പെയിന്റിങ്

ക്രിസ്തു
മലയാള ഭാവനയിൽ

റവ. ഡോ. മാത്യു ഡാനിയൽ

ക്രിസ്തുവിന്റെ ഐതിഹാസിക മാനമുള്ള ജീവിതവും വചനങ്ങളും സർഗാത്മക പ്രതിഭകളെ എക്കാലവും പ്രചോദിപ്പിച്ചിട്ടുണ്ട്. ക്രിസ്തുചരിതം എഴുത്തുകാരന്റെ ഭാവനയെ ഉണർത്തുകയും കാലാനുസൃതമായ ഭാഷ്യം ചമയ്ക്കുന്നതിന് ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. മർത്യജീവിതത്തിന്റെ പൊരുൾ തേടുന്ന എഴുത്തുകാരൻ ക്രിസ്തു വചനങ്ങളിൽ പുതിയൊരു ആകാശവും പുതിയൊരു ഭൂമിയും ദർശിക്കുന്നുണ്ട്. ഒരുപക്ഷേ, ക്രൈസ്തവസഭയുടെ പാരമ്പര്യനിഷ്ഠമായ ക്രിസ്തു സങ്കല്പത്തോട് അവ കലഹിച്ചുവെന്നിരിക്കും. ക്രിസ്തുവിന്റെ അനന്യമായ വ്യക്തിപ്രഭാവം അക്കാലത്തു തന്നെ ഒരു പ്രഹേളികയായിരുന്നുവെന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. സവിശേഷമായ ഒരു ഘട്ടത്തിൽ ക്രിസ്തു, ശിഷ്യന്മാരോട് ആരായുന്നു: 'ജനങ്ങൾ എന്നെക്കുറിച്ച് എന്തു പറയുന്നു?' ജനങ്ങളുടെയിടയിൽ നിലനിന്നിരുന്ന വ്യത്യസ്താഭിപ്രായങ്ങളിൽ പ്രീതനാവാതെ, അവരോട് വീണ്ടും അന്വേഷിക്കുന്നു. 'ആകട്ടെ, നിങ്ങൾ എന്നെക്കുറിച്ച് എന്തു പറയുന്നു?' 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു'- ശിഷ്യന്മാരിൽ മുമ്പനായ പത്രോസിന്റേതായിരുന്നു, ആ ഉത്തരം. ഈ പ്രഖ്യാപനത്തിൽ പ്രീതനായിത്തീർന്ന ക്രിസ്തു, വിശ്വാസത്തിന്റെ ബലിഷ്ഠമായ അടിത്തറ ഉറപ്പിക്കുകയും ചെയ്തുവെന്നാണ് സുവിശേഷഭാഷ്യം. ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള ദൈവശാസ്ത്രചിന്തകൾ - ക്രിസ്തു വിജ്ഞാനീയം - ഏറെ സമ്പന്നമാണ്. വിശ്വാസത്തിന്റെ സൂക്ഷ്മതലങ്ങളെ വിശകലനം ചെയ്ത്, ദൈവശാസ്ത്ര ചിന്താധാരകളുടെയും ദർശനങ്ങളുടെയും പിൻബലത്തോടെ രൂപപ്പെടുത്തിയ ക്രിസ്തു വിജ്ഞാനീയം അതിരുകളെ അതിലംഘിക്കുന്നവയാണ്, സർഗാത്മക രചനകളിലൂടെ വെളിപ്പെട്ടിട്ടുള്ള ക്രിസ്തുദർശനം. വിശ്വവിഖ്യാതരായ ലിയോ ടോൾസ്റ്റോയിയും ഖലീൽ ജിബ്രാനും നിക്കോസ്

കസാൻദ് സാക്കിസും രചിച്ച ക്രിസ്തു ചരിതകങ്ങൾ തന്നെ പാരമ്പര്യനിഷ്ഠമായ സമീപനങ്ങളോട് കലഹിക്കുന്നവയാണ്. മലയാളഭാവന അത്രത്തോളം സ്വാതന്ത്ര്യം കാട്ടിയില്ലെങ്കിലും സ്വതന്ത്രചിന്തയുടെ കാറ്റും വെളിച്ചവും ക്രിസ്തുദർശനത്തെ ചൈതന്യവത്താക്കുന്നു. ക്രിസ്തുദർശനത്തിന്റെ പ്രാഥമിക ഉപാദാനങ്ങൾ ബൈബിൾ പുതിയനിയമത്തിലെ സുവിശേഷകന്മാരുടെ ആഖ്യാനങ്ങളാണ്. കാലിത്തൊഴുത്തു മുതൽ കാൽവരി വരെയും തുടർന്ന് ഉത്ഥാനത്തിന്റെ പുലരി വരെ എത്തിനിൽക്കുന്ന ക്രിസ്തുചരിതം സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സുവിശേഷങ്ങൾ നൽകുന്ന ക്രിസ്തുചരിതത്തിന് രണ്ട് തലങ്ങളുണ്ട്. ഒന്ന്, ചരിത്രാതീതനായ ദൈവപുത്രന്റെ മുഖം, രണ്ട് ചരിത്രത്തിൽ അവതീർണനായ മനുഷ്യപുത്രന്റെ മുഖം. ക്രിസ്തു വിജ്ഞാനീയത്തിന്റെ ശൈലി കടമെടുത്താൽ, കാലാതീതനായ സർവ്വേശ്വരൻ കാലത്തിന്റെ തികവിൽ മനുഷ്യപുത്രനായി അവതരിച്ചു - വചനം ശരീരം ധരിച്ചു കൃപയും സത്യവും നിറഞ്ഞവനായി ഞങ്ങളുടെയിടയിൽ കൂടാരമടിച്ചു.

സുവിശേഷങ്ങൾ രേഖപ്പെടുത്തിയ ക്രിസ്തുവിന്റെ ജീവിതം ഇങ്ങനെ: കാലിത്തൊഴുത്തിലായിരുന്നു ജനനം. യഹൂദ്യമലനാട്ടിലും ഗലീലത്തടാകത്തിന്റെ തീരങ്ങളിലും യെരുശലേമിന്റെ തെരുവീഥികളിലും നന്മയുടെ സുവിശേഷം പ്രഘോഷിച്ച് സഞ്ചരിച്ചു. അത് ദരിദ്രർക്ക് സുവിശേഷമായിരുന്നു. പീഡിതന്മാർക്ക് വിടുതലായിരുന്നു. ബന്ധിതർക്ക് മോചനവുമായിരുന്നു. ജനസാമാന്യവുമായി നിരന്തരം സംവദിച്ചിരുന്ന യേശു അവരുടെ രോഗികൾക്ക് സൗഖ്യമേകി, വിശന്നിരിക്കുന്നവർക്ക് ആഹാരമേകി, നിരാശിതർക്ക് പ്രത്യാശയേകി. പരീശന്മാരും ശാസ്ത്രിമാരും പുരോഹിതരും വ്യാഖ്യാനിച്ച് അർത്ഥം കെടുത്തിയ പഴകിയുറച്ച മതാനുഷ്ഠാനങ്ങളുടെ സ്ഥാനത്ത് ദൈവരാജ്യത്തിന്റെ ഉദാത്ത ഭാവങ്ങൾ പ്രതിഷ്ഠിച്ചു. സ്വന്തമെന്നു പറയാൻ സമ്പാദ്യമൊന്നുമുണ്ടായിരുന്നില്ല; കുറുനരികൾക്ക് കുഴികളും ആകാശത്തിലെ പറവകൾക്ക് കൂടുകളുമുണ്ടായിരുന്നുവെങ്കിലും മനുഷ്യപുത്രന് തലചായ്ക്കാൻ സ്വന്തമായി ഇടമുണ്ടായിരുന്നില്ല. ക്രിസ്തുവിന്റെ അനുയായികളും സാധാരണരായിരുന്നു. ആത്മനൊമ്പരങ്ങളുടെ കുരിശുപേറി അനുഗമിക്കാനായിരുന്നു, അവർക്കു നൽകിയ നിമന്ത്രണം. സാധാരണത്വത്തിൽ കുടികൊണ്ടിരുന്ന ഒരസാധാരണത്വം ആ ജീവിതത്തിലും മൊഴികളിലും നിറഞ്ഞുനിന്നിരുന്നു. സ്നേഹമാണ് ജീവിതത്തിന്റെ കാതൽ എന്നും കാരുണ്യമാണ് നിയമങ്ങളുടെ ഹൃദയഭാവമെന്നും പ്രബോധിപ്പിച്ചു. ദൈവം സ്നേഹപിതാവാണ്, മനുഷ്യർ ദൈവസുതരും. ഈശ്വരനെ സ്നേഹിക്കുക, മനുഷ്യനെ സ്നേഹിക്കുക - ഇവയിൽ എല്ലാ തത്വദർശനങ്ങളും ഉള്ളടങ്ങുന്നു.

മിത്തും ചരിത്രവും കെട്ടുപിണയുന്നുണ്ട് ക്രിസ്തുചരിതത്തിൽ. ആ ജീവിതകഥയെ ചൂഴ്ന്നു നിൽക്കുന്ന മിത്തുകളിൽ നിന്ന് അടർത്തി മാറ്റാനുള്ള ശ്രമമാണ്, സർഗാത്മക രചനകളിൽ ഏർപ്പെട്ടവർ നിർവഹിക്കുന്നത്. ഖലീൽ ജിബ്രാൻ വെളിവാക്കുന്നു: 'അവനിൽ വിശ്വസിക്കുന്നവരെക്കൊണ്ട് എനിക്കു മടുത്തിരിക്കുന്നു; അവനിൽ അവിശ്വസിക്കുന്നവരെക്കൊണ്ടും എനിക്കു മതിയായി.' പൗരോഹിത്യം വ്യാഖ്യാനിച്ചു വികലമാക്കിയ ക്രിസ്തുവിന്റെ രൂപം സമകാലിനരുടെ സ്മൃതിഭാവനകളിലൂടെ പുനർജീവിപ്പിക്കുവാനുള്ള ശ്രമമാണ് Jesus, The Son of Man എന്ന പ്രസിദ്ധ കൃതിയുടെ ലക്ഷ്യം. വ്യത്യസ്ത വീക്ഷണകോണിലൂടെ ക്രിസ്തുവിന്റെ ചിത്രം ജിബ്രാൻ കോറിയിടുന്നു. കസാൻദ് സാക്കിസിന്റെ ഏറെ വിവാദമായ രചനയുടെ പിന്നിലും ഈ ഉദ്ദേശ്യമുണ്ട്: 'മനുഷ്യരാശിയുടെ മഹത്തായ പ്രതീക്ഷയുടെയും വ്യഥയുടെയും ഈ കുറ്റസമ്മതം തയ്യാറാക്കുമ്പോൾ ഞാൻ വികാരാധീനനാകുന്നു. എന്റെ കണ്ണ് നിറയുന്നു. ഇത്ര മധുരമായി, ഇത്രമാത്രം വേദനയോടെ ക്രിസ്തുവിന്റെ രക്തം ഹൃദയത്തിലേക്ക് ഇറ്റിറ്റു വീഴുന്ന ഒരനുഭവം മുമ്പൊരിക്കലും എനിക്ക് ഉണ്ടായിട്ടില്ല. ക്രിസ്തുവിന്റെ അഗാധ മനുഷ്യത്വമുള്ള പ്രകൃതമാണ് അവനെ മനസ്സിലാക്കാനും സ്വന്തം വഴിയെന്നപോലെ അവന്റെ പീഡനപാതകളെ പിൻതുടരാനും നമ്മെ സഹായിക്കുന്നത്... പൊരുതുന്ന മനുഷ്യന് ഒരുന്നത മാതൃക കാണിച്ചു കൊടുക്കണം എന്ന മോഹംകൊണ്ടാണ് ഞാൻ ഈ പുസ്തകം എഴുതിയത്; വേദനയെ പ്രലോഭനത്തെ ഭയപ്പെടേണ്ടതില്ല എന്ന് അവന് കാണിച്ചുകൊടുക്കാൻ... ഇത് പ്രസിദ്ധീകരിക്കുക വഴി ഞാൻ എന്റെ ദൗത്യം നിറവേറ്റുകയാണ്. സ്നേഹം നിറഞ്ഞ ഈ കൃതി വായിക്കുന്ന സ്വതന്ത്രനായ ഓരോ മനുഷ്യനും എന്നത്തേക്കാളുമേറെ, എന്നത്തേക്കാളും നന്നായി ക്രിസ്തുവിനെ സ്നേഹിക്കാൻ തുടങ്ങുമെന്ന് എനിക്ക് ഉറപ്പുണ്ട്.' (The Last Temptation of Christ)

ഒരു വസ്തുത വ്യക്തമാണ്, എഴുത്തുകാരെ ആകർഷിച്ചിട്ടുള്ളത് ക്രിസ്തുവിന്റെ ദൈവിക മുഖത്തെക്കാളുപരി മാനുഷിക മുഖമാണ്, ഭാവമാണ്. ആഴിയുടെ മേൽ അനായാസമായി നടന്നുവരുന്ന ക്രിസ്തുദേവനെക്കാൾ, മീൻവള്ളത്തിന്റെ അമരത്ത് തലവച്ചുറങ്ങുന്ന യേശുവിനെയാണ്, അവർക്ക് കാമ്യം. അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച ക്രിസ്തുവിനെക്കാൾ, യാത്രാവഴിയിൽ വിശന്നു വലഞ്ഞ് അത്തിമരച്ചോട്ടിലെത്തി ഭക്ഷണം തെരയുന്ന യേശുവിനെയാണ്. കാനായിൽ പച്ചവെള്ളത്തെ മുന്തിരിച്ചാറായി പരിവർത്തിപ്പിച്ച ക്രിസ്തുവിനെക്കാൾ കിണറ്റിൻകരയിലെത്തി 'എനിക്ക് ഇത്തിരി കുടിപ്പാൻ തരുമോ?' എന്ന് ചോദിക്കുന്ന യേശുവിനെയാണ്. അതായത് പരിമിതികളില്ലാത്ത ദൈവപുത്ര

നെക്കാൾ, പരിമിതികളുള്ള മനുഷ്യപുത്രനോടാണ്, എഴുത്തുകാർക്ക് ആഭിമുഖ്യം. കാരണം എന്താണെന്നോ? മനുഷ്യപുത്രനിലാണ് മർത്യജീവിതത്തിന്റെ നൊമ്പരങ്ങളും ആഹ്ലാദങ്ങളും സ്വപ്നങ്ങളും സ്വപ്നഭംഗങ്ങളും ആശങ്കകളും ഉത്കണ്ഠകളും ഉടൽപൂണ്ടത്. മനുഷ്യാസ്തിത്വത്തിന്റെ ദുരൂഹ സമസ്യകൾ തേടുന്നവർക്ക് ആ ജീവിതം വെളിച്ചമാണ്, വഴിയാണ്. അതുകൊണ്ടു തന്നെ ക്രിസ്തുവിന്റെ ജീവിതവും വചനങ്ങളും പുതിയ അർത്ഥവിതാനങ്ങളോടെ ഉയിർത്തെഴുന്നേൽക്കുന്നു, വിശേഷിച്ച് നവീന സാഹിത്യത്തിൽ.

ക്രിസ്തുവിനെ ഭൂമിയിൽ വേരുകളുള്ള ചരിത്രപുരുഷനായി ആഖ്യാനം ചെയ്യാം; വിശ്വാസിയുടെ കണ്ണുകളിലൂടെ ദൈവപുത്രനായി ആഖ്യാനം ചെയ്യാം. ഇവ സമന്വയിപ്പിക്കുക എഴുത്തുകാരന്റെ മുമ്പിൽ ഒരു വെല്ലുവിളിയാണ്. ആ വെല്ലുവിളി സമർത്ഥമായി ഏറ്റെടുക്കുന്നവർക്കു മാത്രമേ ക്രിസ്തുചരിതത്തെ പൂർണതയോടെ ആഖ്യാനം ചെയ്യാനാവൂ. മലയാളത്തിൽ ക്രിസ്തുകഥ വിവിധ തലങ്ങളിൽ ആഖ്യാനം ചെയ്തിട്ടുണ്ട്. പാരമ്പര്യനിഷ്ഠമായ ശൈലിയിൽ ആഖ്യാനം ചെയ്തവയുണ്ട്; സ്വതന്ത്ര പുനരാഖ്യാനങ്ങളുമുണ്ട്; കഥകളിലും നോവലുകളിലും വിമർശനാത്മകമായി സമീപിച്ചവരുമുണ്ട്. കവിതകളിൽ ക്രിസ്തുവും കുരിശും ഉയിർത്തെഴുന്നേല്പും ശക്തമായ ബിംബങ്ങളായി പുനരവതരിക്കുന്നുണ്ട്. പള്ളിച്ചുവരുകൾക്കു പുറത്ത് ക്രിസ്തുകഥ അർത്ഥസാന്ദ്രമായി പുനരാവിഷ്കരിക്കപ്പെടുന്നുണ്ട് എന്ന് വ്യക്തം.

ക്രിസ്തുവിന്റെ ചരിത്രവും ദർശനവും മലയാളത്തിലെ ക്രൈസ്തവേതര ഗ്രന്ഥകാരന്മാർ എങ്ങനെ കാണുന്നുവെന്ന് പ്രാതിനിധ്യസ്വഭാവമുള്ള ചില രചനകളിലൂടെ അന്വേഷിക്കുവാനുള്ള ശ്രമമാണ് ഇവിടെ. കെ.പി. കേശവമേനോൻ മുതൽ ഗീത ഹിരണ്യൻ വരെയുള്ളവരുടെ രചനകൾ ഇവിടെ നിരീക്ഷിക്കുന്നു. ക്രിസ്തുചൈതന്യം മലയാളഭാവനയെ എങ്ങനെ തൊട്ടുണർത്തിയെന്ന് അന്വേഷിക്കുന്നവർക്ക് ഈ നിരീക്ഷണം സഹായകമാകും.

ക്രിസ്ത്വനുഭവങ്ങളും ക്രിസ്തുദർശനങ്ങളുമാണ്, ഈ രചനകൾ പൊതുവെ. ക്രിസ്തു എനിക്ക് ആരാണ് എന്ന അന്വേഷണം ഈ രചനകൾക്കു പിന്നിലുണ്ട്. അത് ഒരു സംസ്കാരത്തിന്റെ ഭാഗമായി, അന്വേഷണത്തിന്റെ ഭാഗമായി, ദർശനത്തിന്റെ ഭാഗമായി അവർ തിരിച്ചറിയുന്നു. ശ്രീ കെ.പി. കേശവമേനോന്റെ യേശുദേവനാണ് മലയാളത്തിലെ ഏറ്റവും പ്രഖ്യാതമായ ക്രിസ്തുചരിതം. വയോവൃദ്ധനും ജ്ഞാനവൃദ്ധനുമായ കെ.പി. കേശവമേനോൻ ജീവിതസായാഹ്നത്തിൽ ജന്മസാഫല്യം പോലെ രചിച്ച ഗ്രന്ഥമാണ് യേശുദേവൻ. ക്രിസ്തുകഥയിലെ ദിവ്യതയുടെയും മാനവികതയുടെയും അംശങ്ങൾ എത്ര യുക്തിഭദ്രമായി സമന്വയിച്ചിരിക്കുന്നുവെന്നോ, വിഖ്യാതമായ ഗ്രന്ഥത്തിൽ. അമ്പത്തിയൊന്ന് അദ്ധ്യായങ്ങളിലൂടെ ക്രിസ്തുവിന്റെ ജീവിതവും സന്ദേശവും ആവിഷ്കരിക്കുന്നു. സ്നേഹത്തിന്റെ പൂർണസ്വരൂപമായ യേശുദേവൻ, അപാരമായ കാരുണ്യത്തിന്റെയും അനന്തമായ ക്ഷമയുടെയും സ്വർഗീയമായ ശാന്തിയുടെയും പ്രതീകമാണ്. യേശുദേവൻ മനുഷ്യവർഗത്തിന്റെ അനശ്വരഗുരുവായി പുനരവതരിക്കുന്നു. കേശവമേനോന്റെ കൃതിയിൽ. ഗുരു നിത്യചൈതന്യ യതിയുടെ ദർശന ചക്രവാളങ്ങളിൽ ജ്വലിച്ചു നിൽക്കുന്നു, ക്രിസ്തുവും ക്രിസ്തുവചനങ്ങളും. 'യേശു എനിക്ക് ആരാണ്?' എന്ന ചോദ്യത്തെ അഭിമുഖീകരിച്ചപ്പോൾ, യതിക്ക് ഒരു ഉത്തരമേ ഉണ്ടായിരുന്നുള്ളൂ: 'എല്ലാം' എപ്പോഴാണ് യേശു തന്റെ ജീവിതത്തിലേക്ക് വന്നത് എന്നന്വേഷിക്കുമ്പോൾ, ബാല്യകാലാനുഭവങ്ങളിൽ ഉത്തരം കണ്ടെത്തുന്നു. യതി കുറിക്കുന്നു: 'യേശുവിനെ തേടി പള്ളിയിൽ പോകാറില്ല; എന്നാൽ, മലമുകളിലും കടലോരങ്ങളിലും അവൻ ഏകാന്തനായി ചരിക്കുമ്പോൾ പിന്നാലെ കൂടും.' ക്രിസ്ത്വനുഭവങ്ങളെ ഇങ്ങനെ വാക്കുകളിൽ കോറിയിടുന്ന യതിയുടെ പ്രാർത്ഥനയിതാണ്: 'നീ തന്ന കണ്ണു തുറന്നു നോക്കുവാൻ ഭാഗ്യമുണ്ടാകണമേ! നിന്റെ വാക്കുകൾ ഉൾക്കൊള്ളുവാൻ എന്റെ ഹൃദയത്തിന്റെ കാതുകൾ തുറന്നു കിട്ടണമേ! നിന്റെ ധന്യതയിൽ പങ്കാളിയാകുവാൻ എന്റെ ഹൃദയത്തെ നിന്റെ തിരുഹൃദയത്തോടു ചേർത്തു നിർത്തണമേ!' ഖലീൽ ജിബ്രാന്റെ മനുഷ്യപുത്രനായ യേശു എന്ന കൃതി കുറച്ചൊന്നുമല്ല യതിയെ സ്വാധീനിച്ചത്. ഏതാനും ഖണ്ഡങ്ങളുടെ പുനരാഖ്യാനത്തിലൂടെ, ക്രിസ്തുവിന്റെ ആകാശങ്ങളെ സ്പർശിക്കുകയാണ്, ഗുരു നിത്യചൈതന്യ യതി. പ്രശസ്ത കഥാകാരൻ ടി. പത്മനാഭൻ ഒരനുഭവചിത്രത്തിലൂടെയാണ് ക്രിസ്ത്വനുഭവം അനുസ്മരിക്കുന്നത്.

സി. രാധാകൃഷ്ണനാവട്ടെ, ക്രിസ്തു മുമ്പേ പറക്കുന്ന പക്ഷിയാണ്– 'മനുഷ്യദുരിതങ്ങൾക്ക് അറുതിയുണ്ടാക്കുന്ന നേർവഴി കാണിച്ചു മുമ്പേ ചരിച്ച പക്ഷിയാണ്.' ആയിരത്താണ്ടുകൾക്കിപ്പുറത്ത് ഇന്നത്തെ ദിശാസന്ധിയിൽ മുമ്പേ പറക്കുന്ന ആ പക്ഷിയുടെ സഹതാപാർഹമായ വിളി എന്നത്തേക്കാളേറെ പ്രസക്തമാണെന്ന ബോധ്യവും അദ്ദേഹത്തിനുണ്ട്. അദ്ദേഹം കുറിക്കുന്നു: 'നമുക്കു നഷ്ടപ്പെടാൻ വിഫലസ്വാർത്ഥങ്ങളുടെ കൈവിലങ്ങുകൾ മാത്രമേയുള്ളൂ; കിട്ടാനോ, സ്വർഗരാജ്യവും.' ഉരുകിയുറച്ച മെഴുകുതിരി പോലെ എം. മുകുന്ദന്റെ മനസ്സിൽ ഉറഞ്ഞു കിടക്കുന്ന ചിത്രമാണ് കുരിശിതനായ യേശുവിന്റേത്. മുകുന്ദന്, യേശുദേവൻ വേദനയുടെ അടയാളം മാത്രമല്ല, കാരുണ്യത്തിന്റെയും ത്യാഗത്തിന്റെയും ആത്മബലിയുടെയും പ്രതീകം കൂടിയാണ്. മർദ്ദിതനായ മനുഷ്യന്റെ

രൂപഭാവങ്ങളാണ്, ക്രിസ്തുവിനുള്ളതെന്ന് എം. മുകുന്ദൻ കരുതുന്നു. ബൈബിളും ക്രിസ്തുവും സാംസ്കാരിക ജീവിതത്തിന്റെ ഹൃദയഭാവമായി സ്വീകരിച്ച വിമർശകനാണ്, പ്രഫ. കെ.പി. അപ്പൻ. ബൈബിൾ വെളിച്ചത്തിന്റെ കവചം എന്ന ഹൃദ്യവും ദീപ്തവുമായ കൃതി അപൂർവ ചാരുതയുള്ള രചനയാണ്. ക്രിസ്തുവിനെ ഇത്ര ആഴത്തിൽ അറിഞ്ഞ ഒരു വിമർശകൻ വേറെ ഉണ്ടാവുമോ? സംശയമാണ്. 'ഭൂമിയുടെ അതിരുകൾ സ്വന്തമാക്കിയവൻ' എന്ന പഠനം ക്രിസ്തുവിനെക്കുറിച്ച് സമഗ്രാവബോധം അനുവാചകർക്ക് നൽകുന്നു. ചരിത്രത്തിന്റെ കേന്ദ്രസ്ഥാനത്ത് പ്രഫ. അപ്പൻ ക്രിസ്തുവിനെ പ്രതിഷ്ഠിക്കുന്നു. മൂല്യങ്ങളെ ഉയർത്തിപ്പിടിക്കാൻ വേണ്ടി മനുഷ്യർ അനുഭവിക്കുന്ന എല്ലാ പീഡനങ്ങളിലും ക്രിസ്തുവിന്റെ സന്ദേശം അന്തർഭവിച്ചിരിക്കുന്നുവെന്ന് പ്രഫ. അപ്പൻ കണ്ടെത്തുന്നു. ഒരാൾ പീഡ സഹിക്കുമ്പോൾ, കുരിശിലെ സഹനം ചെറിയ തോതിലെങ്കിലും ചരിത്രത്തിൽ പുനരാവിഷ്കരിക്കുകയാണ്. അതിരുകളില്ലാത്ത സ്നേഹ ദർശനത്തിലൂടെ ക്രിസ്തു ഭൂമിയുടെ അതിരുകളെ സ്വന്തമാക്കുകയായിരുന്നുവെന്ന് കെ.പി. അപ്പൻ സമർത്ഥിക്കുന്നു. പ്രഫ. അപ്പന്റെ വാക്കുകൾ: 'രക്ഷകന്റെ അത്ഭുതങ്ങൾ മറക്കാം; താബോർ മലകളിൽ ക്രിസ്തു പ്രകാശരൂപമായി മാറിയതും വിസ്മരിക്കാം; ഉയിർത്തെഴുന്നേല്പും വിസ്മരിക്കാൻ ശ്രമിക്കാം; ഇതെല്ലാം മറന്നാലും മറ്റൊരു വിശ്വാസം നമ്മെ കീഴടക്കുക തന്നെ ചെയ്യുന്നു - ദൈവം നമ്മുടെ ഭൂമിയിൽ പ്രത്യക്ഷപ്പെടുകയാണെങ്കിൽ, അദ്ദേഹം ക്രിസ്തുവിനെപ്പോലെയായിരിക്കും.

ക്രിസ്തുവിൽ ചാരി നിൽക്കുന്നു എന്ന ബോധ്യമാണ്, പെരുമ്പടവം ശ്രീധരന്റെ ദർശനങ്ങളുടെ കരുത്ത്. കുരിശ് പൂക്കുന്ന കാലമാണ്, അദ്ദേഹത്തിന്റെ സ്വപ്നം. ബൈബിളിലെ ക്രിസ്തുവും ഡോസ്റ്റോവ്സ്കിയും മെനഞ്ഞെടുത്ത പെരുമ്പടവത്തിന്റെ മനസ്സിൽ ക്രിസ്തു സജീവസാന്നിധ്യമാണ്. ഏകാകിയും നിരാലംബനുമായ പെരുമ്പടവത്തിന്റെ ജീവിതത്തിന് എന്നപോലെ രചനകൾക്കും ചൈതന്യം പകരുന്നത് ക്രിസ്തുവാണ്. ബൈബിൾഗതമായ ഒരാഖ്യാനശൈലിയിലൂടെ അതീതഭാവങ്ങൾ ധ്വനിപ്പിക്കുന്ന സി.വി. ബാലകൃഷ്ണൻ മരണത്തെപ്പോലും അതിജീവിക്കുന്ന ദീപ്തിയാണ് ക്രിസ്തുവിൽ ദർശിക്കുന്നത്. എന്നും സാധാരണക്കാർക്കൊപ്പം നിൽക്കുന്ന ക്രിസ്തു വിമോചനത്തിന്റെ പ്രതീകമാണ്. നീതിക്കു വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുമ്പോൾ ചരിത്രത്തിലെ യേശുവിന്റെ സാന്നിധ്യം സി.വി. ബാലകൃഷ്ണൻ തിരിച്ചറിയുന്നുണ്ട്. ക്രിസ്തുവിലൂടെ സഹനത്തിന്റെ ദാർശനിക മാനം തേടുകയാണ്, ഡോ. കെ.എസ്. രാധാകൃഷ്ണൻ. ബൈബിളും വേദാന്തദർശനവും ഡോ. രാധാകൃഷ്ണന്റെ ക്രിസ്തുദർശനത്തിന് ബലിഷ്ഠമായ അടിത്തറയുറപ്പിക്കുന്നു. സമകാല ജീവിതാവസ്ഥകളുമായി ബന്ധപ്പെട്ട് ക്രിസ്തുവിനും ക്രിസ്തു വചനങ്ങൾക്കും പുതിയ അർത്ഥതലങ്ങൾ കണ്ടെത്തുന്നതിലാണ്, ഡോ. ബി. ഇക്ബാലിന് താത്പര്യം. (ക്രിസ്തു എന്നും പുതിയ അർത്ഥമുള്ള വാക്ക്) ക്രിസ്തു സ്നേഹപ്രഘോഷകൻ മാത്രമല്ല, സൗഖ്യദായകനുമായിരുന്നുവെന്ന വസ്തുതയ്ക്ക് ഡോ. ഇക്ബാൽ അടിവരയിടുന്നു. ഒരു മനുഷ്യസ്നേഹിക്കു മാത്രമേ ഉത്തമ ചികിത്സകനാവാൻ കഴിയൂ എന്നതാണ് ഒരു ഡോക്ടർ എന്ന നിലയിൽ അദ്ദേഹം ക്രിസ്തുവചനങ്ങളിൽ നിന്ന് ഉൾക്കൊണ്ട പാഠം.

ചരിത്രത്തിന്റെ രക്തനിലങ്ങളിലൂടെ നടത്തുന്ന ഒരു ഇന്ത്യൻ തീർത്ഥാനടമാണ്, ആനന്ദിന്റെ കൃതികൾ പൊതുവെ. പീഡിതനായ മനുഷ്യൻ ആനന്ദിന്റെ പ്രതിഭയെ അസ്വസ്ഥമാക്കുന്നു. കുരിശിതനായ ക്രിസ്തുവിൽ ആനന്ദ് കണ്ടെത്തുന്നത് പീഡിതന്റെ ചിത്രമാണ്: 'കുരിശിൽ കിടക്കുവോളം എനിക്കു മരണമില്ല; ഞാൻ ഇതിൽ തൂങ്ങിക്കിടക്കുവോളം ഈ കുരിശിനും നാശമില്ല' (ഒടിയുന്ന കുരിശ് - കൊടുമുടി). ക്രിസ്തുചരിതത്തിലെ മിത്തും ചരിത്രവും വേറിട്ടു കാണുന്നതിനും ദർശനചൈതന്യത്തെ ആത്മാവിൽ ആളിപ്പടരുന്ന അഗ്നിയായി സ്വീകരിക്കുന്നതിനുമാണ് ആനന്ദിന് ആഭിമുഖ്യം. വൈയക്തികാനുഭവത്തിന്റെ തലത്തിലാണ് കഥാകാരിയായ ഗീത ഹിരണ്യൻ ക്രിസ്തുവിനെ പ്രതിഷ്ഠിച്ചിരിക്കുന്നത് (എന്റെ വെളിച്ചം). ഇരുൾ മൂടിയ ജീവിതത്തിലെ വെളിച്ചമാണ്, ക്രിസ്തു. വായനാനുഭവങ്ങളിലൂടെയാണ്, യേശു ഗീതയുടെ ഉള്ളിൽ പ്രവേശിച്ചതെന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആവർത്തിച്ചുള്ള വായനയാൽ, മനനത്താൽ, ഓർമ്മപ്പെടുത്തലാൽ, ആ ദീപം തെളിക്കാനുള്ള എണ്ണ കരുതിയിരുന്നു എന്ന ബോധ്യത്തോടെയാണ് അർത്ഥസാന്ദ്രമായ കുറിപ്പ് സമാപനം കൊള്ളുന്നത്.

ക്രിസ്തുവിനെക്കുറിച്ചുള്ള സൈദ്ധാന്തിക വിചിന്തനങ്ങളിൽ അഭിരമിക്കുന്നില്ല, നമ്മുടെ സാഹിത്യകാരന്മാരും ചിന്തകരും. ക്രിസ്ത്വാനുഭവങ്ങളോടാണ് അവർക്ക് ആഭിമുഖ്യം. ഡോസ്റ്റോവ്സ്കിയുടെ ക്രിസ്തുസങ്കല്പത്തോട് അഭിനിവേശമുണ്ട് മിക്ക രചനകൾക്കും. ക്രിസ്തു സ്നേഹസ്വരൂപനാണ്; കാരുണ്യത്തിന്റെയും സഹനത്തിന്റെയും അവതാരമാണ്. ക്രിസ്തുദർശനത്തിന്റെ ലാളിത്യവും സൗന്ദര്യവും കാലാതിവർത്തിയാണെന്ന് അവർ തിരിച്ചറിയുന്നു. അതുകൊണ്ടു തന്നെ വ്യഥ പേറുന്ന മനുഷ്യന് ക്രിസ്തു, വഴിയും വെളിച്ചവുമാണ്. ഒടുങ്ങാത്ത പ്രചോദനമായി നിലകൊള്ളുന്ന ക്രിസ്തു സർഗാത്മകരചനകളിൽ സ്വകീയവും സ്വതന്ത്രവുമായ അർത്ഥവിതാനങ്ങളോടെ മലയാളഭാവനയിൽ പുനരവതരിക്കുകയും ചെയ്യുന്നു. ■

നിരുപാധിക സ്നേഹം തന്നെ യോഗക്ഷേമാധാരം



സി. രാധാകൃഷ്ണൻ

കുട്ടിക്കാലത്ത് വീട്ടിൽ ദൂരെനിന്ന് ഒരു അമ്മായിയുടെ ആങ്ങള വല്ലപ്പോഴും വിരുന്നു വരുമായിരുന്നു. എന്നെക്കാൾ നാല ഞ്ചു വയസ്സേ മൂപ്പ് ഉള്ളൂ. അയാൾ വന്നുപോയാൽ വീട്ടിൽ എന്തെ ങ്കിലുമൊന്ന് കാണാതാവും! പേന, വാച്ച് എന്നുതുടങ്ങി ചെറിയ ഉരുപ്പടി എന്തെങ്കിലുമാവും നഷ്ടപ്പെടുന്നത്. വിറ്റ് കാശുണ്ടാക്കി ധൂർ ത്തടിക്കാനൊന്നും അല്ല, ഒരു രസത്തിനാണ് മോഷണം. ഒരിടത്തു നിന്ന് എടുക്കുന്നത് അടുത്ത താവളത്തിൽ ഇട്ടിട്ടുപോവും! പാവം, അയാൾക്ക് മോഷ്ടിക്കാൻ വാസനയുള്ളതിനാലാണ് ഇതെന്ന് മുത്തശ്ശി പറഞ്ഞുതന്നു.

എന്നെ അത്ഭുതപ്പെടുത്തിയത് ഒരു ദിവസം അയാൾ നടത്തിയ ഒരു പ്രസ്താവമാണ്. വീട്ടിൽ അത്താഴത്തിനിരിക്കെ എല്ലാരും കേൾക്കെ അയാൾ പറഞ്ഞു: ''ഞാൻ കാണെ വിലപിടിപ്പുള്ള ഒന്നും എവിടെ യും വയ്ക്കരുത്. എനിക്കത് എടുക്കണമെന്നു തോന്നും!'' അത്ര യും പറഞ്ഞപ്പോഴേക്ക് അയാളുടെ തൊണ്ട ഇടറി, കണ്ണു നിറഞ്ഞു. അരുതാത്തതാണ് ചെയ്യുന്നതെന്ന് അയാൾക്ക് അറിയാമായിരുന്നു. അതേസമയം അതു ചെയ്യാതിരിക്കാൻ കഴിയുന്നുമില്ല!

അത്താഴം കഴിഞ്ഞാൽ ഉറക്കം വരുവോളം മുത്തച്ഛൻ കുട്ടികളായ ഞങ്ങൾക്ക് കഥകൾ പറഞ്ഞുതരാറുണ്ട്. അന്ന് മുത്തച്ഛൻ കഥയല്ല കാര്യമാണ് പറഞ്ഞത്. നല്ലതല്ലെന്ന് തോന്നുന്ന ഒരു കാര്യം ചെയ്യാതി രിക്കാൻ ശേഷി ഇല്ലാതായാൽ എന്തു പോംവഴി എന്ന ചോദ്യത്തിൽനി ന്നു തുടങ്ങി. ആ വിരുന്നുകാരനും സന്നിഹിതനായിരുന്നു കേൾക്കാൻ.

രാവിലെ ഉണർന്നെണീക്കുമ്പോഴും രാത്രി ഉറങ്ങാൻ കിടക്കുമ്പോഴും കണ്ണടച്ച് കുറച്ചിട ഇരുന്ന് മനസ്സിനെ ഇഷ്ടപ്പടി അലയാൻ വിടുക. ഒരു നിമിഷവും അടങ്ങിയിരിക്കാൻ കഴിയാത്തതിനാൽ മനസ്സ് മാറി മാറി പല കുസൃതികളും കാണിക്കും. കൂട്ടത്തിൽ പ്രാമുഖ്യം ആ നല്ലതല്ലാത്ത കാര്യത്തിനാവും. തടയരുത്, നോക്കി ഇരിക്കുക. ആ ഇരിപ്പ് അനുഭാവപൂർവവും ആകരുത്. ഇത് കുറച്ചിട ശീലമാക്കിയാൽ, ആ ചീത്തക്കാര്യം ചെയ്യാനാഗ്രഹിക്കുന്ന മനസ്സിനകത്ത് അത് ശരിയ ല്ലെന്നു നിശ്ചയമുള്ളൊരു മനസ്സ് വളർന്നുവരും. നിൽപ്പ് മെല്ലെമെല്ലെ അതിന്റെ കൂടെ ആക്കണം. ആ നിൽപ്പുറച്ചാൽ പിന്നെ ശാസനയും നിരോധവും തുടങ്ങാം. നന്നായി മനസ്സുവച്ചാൽ, പഴുത്ത ഇല കൊ ഴിയുന്നപോലെ ആ വേണ്ടാതീനവാസന പൊഴിഞ്ഞുപോവും!

എന്റെ ആ കൂട്ടുകാരൻ പിന്നീട് തന്റെ ഗതികേടിൽ നിന്ന് പൂർണമായും രക്ഷപ്പെട്ടു എന്നു മാത്രമല്ല എല്ലാരും ആദരിക്കുന്ന ഒരു അധ്യാപകനായി പ്രശസ്ത സേവനം അനുഷ്ഠിച്ച് വിരമിക്കുകയും ചെയ്തു. തനിക്ക് എങ്ങനെ കിട്ടി മോഷണവാസന എന്ന് പിൽക്കാലത്ത് അദ്ദേഹം തന്നെ എന്നോടു പറഞ്ഞു. അക്ഷരാഭ്യാസവും വകതിരിവും ഒന്നും ഇല്ലാത്ത ഒരാളായിരുന്നു അദ്ദേഹത്തിന്റെ അമ്മ. തൊട്ടപ്പുറത്തെ തൊടിയിൽ ധാരാളം കൃഷി ഉണ്ടായിരുന്നു. ഇടയിൽ ഒരു മുള്ളുവേലിയേ ഉള്ളൂ. വേലിക്കൊരു വൃത്ത-ചെറിയ ദ്വാരം-വകഞ്ഞുണ്ടാക്കി അമ്മ അതിലൂടെ നാലഞ്ചു വയസ്സുകാരനായ കുട്ടിയെ കടത്തിവിടും, വെള്ളരിക്കയും കുമ്പളങ്ങയും മറ്റും അറുത്തുകൊണ്ടുവരുവിക്കും. അഥവാ ആരെങ്കിലും കണ്ടാലും ഒരു ചെറിയ കുട്ടിയല്ലേ എന്ന അനുഭാവം കിട്ടുമല്ലോ.

മനസ്സിനെ അലയാൻ വിട്ട് അതിന്റെ ചെയ്തികൾ നിരീക്ഷിക്കുന്ന മറ്റൊരു മനസ്സിന്റെ ഉല്പത്തിക്കും വളർച്ചയ്ക്കും വഴിവയ്ക്കുന്നതിന് നിരീക്ഷണധ്യാനമെന്നും ആ രണ്ടാം മനസ്സിന്റെ ആധിപത്യംകൊണ്ട് വേണ്ടാവാസനയെ പിഴുതുകളയുന്നതിന് നിരോധനധ്യാനമെന്നുമാണ് പേരെന്ന് വളരെ കാലശേഷമാണ് ഞാൻ അറിയുന്നത്. അതിനിടെ, ഒരിക്കൽ ഈ വിദ്യ മറ്റൊരു സുഹൃത്തിനുകൂടി ഉപകാരപ്പെടുത്താൻ സാധിക്കുകയും ചെയ്തു.

ഞാൻ ബിരുദത്തിനു പഠിക്കുന്ന കാലത്തായിരുന്നു ഇത്. അച്ഛന്റെ ഒരു സുഹൃത്ത് സിംഗപ്പൂരിൽനിന്നു വന്നപ്പോൾ ഒരു പാർക്കർ-51 പേന എനിക്കു സമ്മാനമായി കൊണ്ടുവന്നു. ഞാനത് പൊന്നുപോലെ സൂക്ഷിച്ചുകൊണ്ടു നടക്കുംകാലം ക്ലാസ്സിൽ വച്ച് അതു കാണാതായി. പുറത്തു നിന്ന് ആരും വരാനിടയില്ലാത്ത സാഹചര്യത്തിലാണ് പേന നഷ്ടപ്പെട്ടത്. ഡിഗ്രി ക്ലാസ്സിൽ ആകെ എട്ടു പേരേ ഉള്ളൂ. അതിൽ രണ്ടുപേർ പെൺകുട്ടികളാണ്, മാറിയാണിരിപ്പ്.

ഒരാഴ്ച കഴിഞ്ഞ് ഒരു സഹപാഠിയുടെ നോട്ടുപുസ്തകത്തിൽ എന്റെ പേന കൊണ്ടുള്ള എഴുത്ത് അയാളറിയാതെ ഞാൻ കാണാനിടയായി. കറുത്ത പാർക്കർ ക്വിങ്കാണ് ഞാൻ ആ പേനയിൽ നിറച്ചിരുന്നത്. നന്നെ കൂർത്ത മുനയുമായിരുന്നു ആ പേനയ്ക്ക്. അതേ നോട്ടുപുസ്തകത്തിൽ അതേവരെ എഴുതിയത് ഈ മഷികൊണ്ടോ ആ പേന കൊണ്ടോ ആയിരുന്നുമില്ല എന്നുറപ്പായപ്പോൾ എനിക്കൊരു കുസൃതി തോന്നി. ആ നോട്ടു പുസ്തകത്തിൽ തന്നെ ഞാൻ എഴുതിവച്ചു-'കുട്ടികൾ കോണകം കക്കാറുണ്ട്, കണ്ടാൽ കൊടുക്കാറുമുണ്ട് എന്നല്ലേ പഴമൊഴി? കുഴപ്പമില്ല, എന്റെ പേന ഇങ്ങു തന്നേക്കൂ.' പിറ്റേന്ന് ആ ചങ്ങാതി പേന എനിക്കു തിരികെ തന്നത് അതിന്റെ ക്ലിപ്പിനടിയിൽ മടക്കിത്തിരുകിയ ഒരു കുറിപ്പോടെയാണ്-'ക്ഷമിക്കണം, മോഹം തോന്നി, എടുത്തുപോയി!'

അപ്പോഴാണ് മുത്തച്ഛന്റെ ചികിത്സാവിധി ഞാനയാൾക്ക് കുറിച്ചുകൊടുത്തത്. മോഹം തോന്നിയാൽ എടുക്കാനുള്ള വാസന പേനയുടെ കാര്യത്തിൽ ഒതുങ്ങണമെന്നില്ലല്ലോ. ഇയാളാകട്ടെ, ഞാൻ ഉദ്ദേശിച്ചതിനും അപ്പുറത്തേക്ക് വളർന്ന് സന്ന്യസിച്ച് ആത്മാനന്ദം എന്ന അമൂല്യ വസ്തു തേടിയാണ് പിന്നെ ജീവിതയാത്ര തുടർന്നത്.

നല്ലതല്ലാത്തൊരു വാസനയുടെ മുള നമ്മിൽ കാണുമ്പോൾ ഒട്ടും അമ്പരക്കുകയോ അപകർഷതതോന്നുകയോ വേണ്ടാ. കാരണം, എല്ലാ ജന്തുക്കൾക്കും ഉടൽ വീഴുവോളം വാസനാബന്ധം തുടരുന്നു. അനാദി കാലം മുതൽ ജീവൻ കടന്നുപോന്ന വഴികളിലെ എല്ലാ വാസനകളും പ്രാഗ്രൂപത്തിൽ നമ്മിൽ ഉണ്ട്. ആത്മസംസ്കരണം എന്ന പരിണാമത്തിലൂടെ ഈ വാസനകൾക്ക് നിയതമായ മുൻഗണനാക്രമം ഉണ്ടായിരിക്കുന്നു എന്നേ ഉള്ളൂ. ഈ സംസ്കരണത്തിന് ഇനിയും മാറ്റു കൂട്ടാൻ നാം ശ്രമിക്കുകയും ചെയ്യുന്നു.

ഇതിനിടെ ചെറിയ വ്യതിയാനങ്ങൾ വന്നാൽ പഴയ ചിലത് ഊക്കാവും. അത് ചീത്തയാണ് എന്ന് അറിയാമെങ്കിലും സ്വയം നിയന്ത്രിക്കാൻ ശക്തിയില്ലാതെയും വരാം. കുറ്റകൃത്യങ്ങളുടെ ഉറവിടം ഇതാണ്. പുറത്തുനിന്നുള്ള നിർബന്ധമോ ദണ്ഡനമോ ദുർവാസനകളെ അതിജീവിക്കാൻ അവയുടെ ദൃഷ്യ ഫലങ്ങൾ അനുഭവിക്കുന്നവരെ പ്രാപ്തരാക്കില്ല. അവരുടെ മനസ്സിനകത്ത് കൂടുതൽ ശക്തമായ മറ്റൊരു മനസ്സ് വളരുന്നതിലൂടെയേ ഇത് സാധിക്കൂ.

മുളയിൽ നുള്ളുകയാണ് കൂടുതൽ എളുപ്പവും ഫലപ്രദവും. വിദ്യാഭ്യാസകാലം ഇതിനു പ്രയോജനപ്പെടണം. ഒരു വേണ്ടാതീനം ചെയ്യുമ്പോൾ പ്രാകൃതമായ ആറാമിന്ദ്രിയമെന്ന മനസ്സിന് ഒരല്പം ആനന്ദം തോന്നാം. ഈ ആനന്ദമല്ല ശരിയായ ആനന്ദമെന്ന് അനുഭവംകൊണ്ട് തിരിച്ചറിയാൻ ചെറുപ്പത്തിലേ പഠിക്കണം. മറ്റൊരാളുടെ പോക്കറ്റിലെ മിഠായി മോഷ്ടിച്ച് തിന്നുമ്പോൾ ഉള്ളതിനെക്കാൾ എത്രയോ വലുതും സ്ഥിരവുമായ ആനന്ദമാണ് തന്റെ പോക്കറ്റിലെ മിഠായി മറ്റൊരാളുമായി പങ്കുവച്ച് അനുഭവിക്കുമ്പോൾ കിട്ടുന്നതെന്ന പാഠം പഠിപ്പിക്കാനോ പഠിക്കാനോ എന്തു പ്രയാസം? പക്ഷേ, ടിഫിൻ ബോക്സിലെ വിശിഷ്ട വിഭവം ആരും കാണാതെയും ഒരു തരിമ്പും ആർക്കും കൊടുക്കാതെയും മുഴുവനായി കഴിച്ചുകൊള്ളണമെന്നല്ലേ നമ്മിൽ പലരും കുട്ടികളെ സ്കൂൾ ബസ്സിൽ കയറ്റാൻ പടിയിറക്കുമ്പോൾ ചെവിയിൽ ആവർത്തിച്ച് മന്ത്രിക്കുന്നത്?

അടുത്ത തൊടിയിലെ കുമ്പളങ്ങ നൂത്ത നൂണ്ട് അറുത്തുകൊണ്ടുവന്നാലേ അമ്മയുടെ സ്നേഹം കിട്ടൂ എന്നും വന്നുകൂടാ. നിരുപാധിക സ്നേഹമാണ് മനോബലത്തിന് മികച്ച വളം. അതുതന്നെയാണല്ലോ യോഗക്ഷേമത്തിനാധാരമായ യജ്ഞസങ്കല്പത്തിനും പോഷകം.

അഹിംസ
ഗാന്ധിയൻ ദർശനം

ലോകത്തെല്ലായിടത്തും ഹിംസയുടെ തേരോട്ടം നടക്കുന്ന കാലത്താണ്, മഹാത്മാഗാന്ധി ഹിംസയല്ല, അഹിംസയാണ് പ്രപഞ്ചത്തിന്റെ നിയമം എന്ന് ലോകത്തെ പഠിപ്പിക്കുവാൻ ശ്രമിച്ചത്.



ഡോ. ജോസ് പാറക്കടവിൽ

സത്യത്തെ ജീവിതത്തിന്റെ പ്രഥമ പ്രമാണമായി ഗാന്ധിജി അംഗീകരിച്ചുവെങ്കിലും അദ്ദേഹം തന്നെ പ്രധാനമായി കരുതി പ്രചരിപ്പിച്ച അഹിംസയുടെ പ്രവാചകനായാണ് പില്ക്കാല സമൂഹം അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ഹിംസയുടെ ശക്തികൾ ലോകത്തെ ഭരിച്ചിരുന്നൊരു കാലത്താണ്, പ്രായോഗികമല്ലെന്ന് ലോകം കരുതിയിരുന്ന അഹിംസയുടെ വിസ്മയാവഹമായ സാധ്യതകൾ ഗാന്ധിജി ലോകത്തിന് വെളിവാക്കിത്തന്നത്. ഗാന്ധിജിയുടെ വിയോഗത്തിനു ശേഷം അൻപത് വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞ് ഐക്യരാഷ്ട്ര സംഘടന ഗാന്ധിജിയുടെ രക്തസാക്ഷിത്വദിനം അഹിംസാദിനമായി പ്രഖ്യാപിച്ചപ്പോൾ ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തത്തിന്റെ കാന്തിയും മൂല്യവും കാലത്തിന് മായിക്കാൻ കഴിയാത്തതാണ് എന്നു തെളിയിക്കപ്പെടുകയായിരുന്നു.

ലോകത്തെല്ലായിടത്തും ഹിംസയുടെ തേരോട്ടം നടക്കുന്ന കാലത്താണ്, മഹാത്മാഗാന്ധി ഹിംസയല്ല, അഹിംസയാണ് പ്രപഞ്ചത്തിന്റെ നിയമം എന്ന് ലോകത്തെ പഠിപ്പിക്കുവാൻ ശ്രമിച്ചത്. വ്യവസായ വിപ്ലവത്തെ തുടർന്ന് വളർന്നുവന്ന സാമ്രാജ്യത്വമോഹങ്ങൾ പുതിയൊരു ലോകക്രമം സൃഷ്ടിക്കുകയും രാജ്യങ്ങൾ സാമ്രാജ്യത്വത്തിന്റെ വളർച്ചയ്ക്കായി പോരടിക്കുകയും ചെയ്തിരുന്ന കാലം. ഡാർവിനിസംപോലെയുള്ള ശാസ്ത്രസിദ്ധാന്തങ്ങൾ മത്സരമാണ് പ്രകൃതിനിയമം എന്നും മത്സരത്തിൽ കരുത്തുറ്റവ അതിജീവിക്കുമെന്നും മറ്റുമുള്ള പ്രമാണങ്ങൾ പഠിപ്പിച്ചു തുടങ്ങിയ കാലം. പുതിയ സിദ്ധാന്തങ്ങൾ മാനവരാശിയുടെ ബോധമണ്ഡലത്തെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്ന കാലത്ത് ഗാന്ധിജി പറഞ്ഞത് അത്തരം ചിന്തകൾ ആത്മവഞ്ചനയാണ് എന്നത്രേ.

മനുഷ്യവംശം പ്രകൃത്യാ ഹിംസാത്മകമായിരുന്നുവെങ്കിൽ അത് എന്നേ ഭൂമുഖത്തു നിന്ന് അപ്രത്യക്ഷമാകുമായിരുന്നു എന്നതാണ് ഗാന്ധിജിയുടെ പക്ഷം. കണ്ണിനു പകരം കണ്ണ് എന്നത് മനുഷ്യസമുദായത്തിന്റെ നിയമമായിരുന്നെങ്കിൽ, കണ്ണുള്ളവരാരും ഭൂമുഖത്ത് ഉണ്ടാകുമായിരുന്നില്ല എന്നദ്ദേഹം പറഞ്ഞതോർക്കാം.

ജീവിതത്തിന്റെ മത്സരവേദിയിൽ കരുത്തുറ്റവ അതിജീവിക്കുകയും ശക്തി കുറഞ്ഞവ ഇല്ലാതാകുകയും ചെയ്യും എന്ന ശാസ്ത്രസിദ്ധാന്തത്തെയും ഗാന്ധിജി നേരിടുന്നുണ്ട്. മനുഷ്യേതര ജന്തുക്കളിൽ ഏറ്റവും കരുത്തുറ്റവയെന്നു കരുതപ്പെടുന്നവയാണ്, ഭൂമുഖത്തുനിന്ന് ആദ്യം അന്തർധാനം ചെയ്തത്. കരുത്തു കുറഞ്ഞവരും ശാന്തശീലരുമായ മാനും മുയലും അണ്ണാനും അതുപോലെ അസംഖ്യം ജന്തുക്കളും ഭൂമിയിൽ സൈരമായി ഇപ്പോഴും പുലരുന്നുണ്ട്.

മനുഷ്യചരിത്രം പഠിക്കുമ്പോൾ, അവിടെ യുദ്ധങ്ങളുടെയും കലഹങ്ങളുടെയും കലാപങ്ങളുടെയും കഥകൾ നിറഞ്ഞിരിക്കുന്നതു കാണാം. എന്നാൽ, അതല്ല യഥാർത്ഥ മനുഷ്യചരിത്രം. ജീവിതത്തിൽ അസ്വാഭാവികമായവ മനുഷ്യർ ശ്രദ്ധിക്കുകയും ഓർത്തിരിക്കുകയും രേഖപ്പെടുത്തി വയ്ക്കുകയും ചെയ്യുന്നു. സ്വാഭാവികമായതൊന്നും ശ്രദ്ധിക്കപ്പെടുന്നില്ല, രേഖപ്പെടുത്തുന്നുമില്ല. ജനകോടികളുടെ ജീവിതത്തെ നിലനിർത്തിയ സ്നേഹവും സഹകരണവും ത്യാഗവും പങ്കുവയ്ക്കലും ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ചരിത്രപുസ്തകങ്ങളുടെ താളുകളിൽ യുദ്ധങ്ങളും രക്തച്ചൊരിച്ചിലും മാത്രം നിറഞ്ഞു നില്ക്കുന്നു. അതായിരുന്നു ഭൂതകാല ജീവിതം എന്ന് പുതിയ തലമുറകൾ തെറ്റായി ധരിക്കുകയും ഹിംസ ഭൂതകാലജീവിതത്തിന്റെ പ്രമാണമായിരുന്നു എന്നു ധരിച്ചുവയ്ക്കുകയും ചെയ്യുന്നു.

ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നത് ഇതുതന്നെയാണ്. ആസുരമായ ഹിംസയുടെ കാലമാണ് നമ്മുടേത് എന്ന് നമ്മൾ ധരിച്ചുപോകും വിധം മാധ്യമങ്ങൾ ഹിംസയുടെ ഭീകരചിത്രങ്ങൾ ഓരോ ദിവസവും നമുക്ക് കാട്ടിത്തരുന്നു. പണ്ടത്തേതിൽ നിന്നു വ്യത്യസ്തമായി നമ്മുടെ പരിസരങ്ങൾ മാത്രമല്ല, ലോകത്തെവിടെയും നടക്കുന്ന നടുക്കുന്ന സംഭവങ്ങളുടെ നേർക്കാഴ്ചകൾ മാധ്യമങ്ങൾ എത്തിച്ചുതരുന്നുണ്ട്. ഹിംസയുടെ രാക്ഷസീയഭാവങ്ങൾ നിമിഷംതോറും സമ്മാനിച്ച് മാധ്യമങ്ങൾ വാർത്തകൾ ആഘോഷമാക്കുമ്പോൾ അഹിംസയ്ക്ക് ഇനി എന്തു പ്രസക്തി എന്നു നമ്മൾ ചിന്തിച്ചുപോകുക സ്വാഭാവികം.

തന്റെ മറ്റ് സിദ്ധാന്തങ്ങളെപ്പോലെ തന്നെ ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തവും ആദ്ധ്യാത്മികതയിൽ അധിഷ്ഠിതമാണ്. എല്ലാ ജീവിതവും മൗലികമായി ഒരേ ശക്തിയാൽ ബന്ധിതമായിരിക്കുന്നു എന്നതിനാൽ സ്നേഹം അഥവാ അഹിംസ ജീവിതത്തിന്റെ അടിസ്ഥാനശക്തിയാണെന്നദ്ദേഹം വിശ്വസിച്ചു.

ഗാന്ധിജി അനവധി സന്ദർഭങ്ങളിൽ ഉദ്ധരിച്ചിട്ടുള്ളതാണ്, ഈശാവാസ്യോപനിഷത്തിലെ പ്രഥമശ്ലോകം

ഈശാവാസ്യമിദം സർവം
യത്കിഞ്ച ജഗത്യാം ജഗത്
തേനത്യക്തേന ഭുഞ്ജീഥാഃ
മാ ഗൃധഃ കസ്യസ്വിദ്ധനഃ

(പ്രപഞ്ചത്തിലെ ചരവും അചരവുമായ സകലവും ഈശ്വരനാൽ ആവസിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ത്യാഗബുദ്ധിയോടുകൂടി വേണം എന്തിനെയും സ്വീകരിക്കുവാൻ. അന്യന് അവകാശപ്പെട്ടത് മോഹിക്കരുത്). ഗാന്ധിജിക്ക് ഏറെ പ്രിയങ്കരമായ ഈ ഉപനിഷത് തത്വം വിവിധ സന്ദർഭങ്ങളിൽ ജീവിതത്തിന്റെ നിയാമക തത്വമായി അദ്ദേഹം ഉപയോഗപ്പെടുത്തി. ഈശ്വരനെ മുൻനിർത്തിയുള്ള ഒരു ജീവിതക്രമമാണ് ഗാന്ധിജി അനുശാസിക്കുന്നത്. എല്ലാ ജീവിതവ്യാപാരങ്ങളെയും നിയന്ത്രിക്കുവാനും ചിട്ടപ്പെടുത്തുവാനും ആവശ്യപ്പെടുന്ന ഈ ഉപദേശം അഹിംസാത്മകമായ ജീവിതശൈലിയിലേക്ക് നയിക്കുന്നതാണ് എന്ന കാര്യത്തിൽ സംശയമില്ല.

അഹിംസയുടെ ശക്തിയെ വ്യക്തമാക്കുവാൻ ഒരിക്കൽ ഗാന്ധിജി എഴുതി:

''നാമെല്ലാവരും സ്നേഹത്തിന്റെ ബന്ധനത്താൽ കെട്ടപ്പെട്ടവരാണ്. എല്ലാ വസ്തുക്കളിലും ഒരു കേന്ദ്രശക്തി വ്യാപരിക്കുന്നുണ്ട്. ഇതില്ലായിരുന്നുവെങ്കിൽ ഒന്നും നിലനില്ക്കുമായിരുന്നില്ല. അചേതന വസ്തുക്കളിൽ ഒരു സംയോജകശക്തി ഉള്ളതുപോലെ ജീവനുള്ള എല്ലാത്തിലും അതുണ്ട്. ജീവനുള്ള വസ്തുക്കളിലുള്ള ഈ സംയോജകശക്തിയാണ് സ്നേഹം... എവിടെ സ്നേഹമുണ്ടോ അവിടെ ജീവനുണ്ട്, വിദ്വേഷം നാശത്തിലേക്ക് നയിക്കും.'' (യങ് ഇന്ത്യ)

അഹിംസ എന്ന പദം എല്ലാവർക്കും സുപരിചിതമായിരുന്നെങ്കിലും അതിന്റെ അർത്ഥതലങ്ങൾ എത്രയോ വിശാലമാണ് എന്നു വിശദീകരിച്ചു തരുന്നത് ഗാന്ധിജിയാണ്. ക്രിസ്തുവിന്റെ സ്നേഹസിദ്ധാന്തത്തിന്റെ വിശാലതയും ഉദാരതയും ഗാന്ധിജി അഹിംസയിലേക്ക് സന്നിവേശിപ്പിച്ചു. മേല്പറഞ്ഞ ഉപനിഷത് തത്വത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജീവജാലങ്ങളോടുമുള്ള സന്മനോഭാവം എന്ന വിവക്ഷ ഗാന്ധിജി അഹിംസയിൽ കണ്ടെത്തുന്നു. (ക്രിസ്തുവിന്റെ സ്നേഹസിദ്ധാന്തം മനുഷ്യേതര ജീവികളെയും അചേതന വസ്തുക്കളെയും ഉൾക്കൊള്ളുന്നില്ല എന്ന തോന്നലിൽ ആണ് ഗാന്ധിജി

ഈശാവാസ്യോപനിഷത്തിനെ ഉപയോഗിക്കുന്നതും അഹിംസ എന്ന പദം കൂടുതൽ പ്രയോഗിക്കുന്നതും).

അഹിംസ എന്ന പദത്തിന്റെ നിഷ്പത്തിയും ഗാന്ധിജിയുടെ വിചിന്തനത്തിന് വിധേയമായിട്ടുണ്ട്. കൊല്ലുക എന്ന് അർത്ഥം നല്കുന്ന ഹിംസ എന്ന നിഷേധാത്മകമായ ഒരു നാമപദത്തിനു മുമ്പിൽ 'അ' എന്ന നിഷേധ പ്രത്യയം (ഉപസർഗം) ചേർത്താണ് അഹിംസ എന്ന പ്രയോഗം രൂപപ്പെടുത്തുന്നത്. ഉപദ്രവിക്കാനോ ദ്രോഹിക്കാനോ ഇല്ലാതാക്കാനോ ഉള്ള തൃഷ്ണ വെടിയുക എന്നതാണ് 'അഹിംസ'യുടെ വാച്യാർത്ഥം. ഇംഗ്ലിഷ് ഭാഷയിലും വയലൻസ് എന്ന നിഷേധാത്മക ശബ്ദത്തിനു മുമ്പിൽ നോൺ എന്ന നിഷേധശബ്ദം ചേർത്താണ് നോൺ വയലൻസ് എന്ന പദം രൂപപ്പെടുത്തേണ്ടിവരുന്നത്. അതുകൊണ്ട് അഹിംസ പ്രത്യക്ഷത്തിൽ നിഷേധാത്മക മനോഭാവത്തെ സൂചിപ്പിക്കുന്നതായി തോന്നാം എന്ന് ഗാന്ധിജി അഹിംസയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ വ്യക്തമാക്കുന്നുണ്ട്. ഹിംസയെ തഴയുകയാണ് അഹിംസയുടെ ധർമ്മം എന്നതിനാൽ, ഹിംസയുടെ പട്ടികയിൽ എന്തെല്ലാം ഉൾപ്പെടും എന്നു വിശദീകരിക്കുവാൻ ഗാന്ധിജി ശ്രമിച്ചു. പ്രവൃത്തികളിലൂടെ ഉള്ള ഹിംസ (കൊല്ലുക, ശാരീരികമായി മുറിവേല്പിക്കുക, ക്ഷതമേല്പിക്കുക തുടങ്ങിയവ) മാത്രമല്ല, പരുഷമായ വാക്കുകൾ, നിർഭയമായ പരിഹാസം, കോപം, വിദ്വേഷം, ആക്ഷേപം, അടിച്ചമർത്തൽ, പലവിധ ചൂഷണങ്ങൾ ഇവയെല്ലാം ഹിംസയുടെ വിവിധ രൂപങ്ങളായി ഗാന്ധിജി കണക്കാക്കുന്നു.

ഇതുപോലെ അഹിംസയും ഒരു ഭാവാത്മകതലത്തിൽ വിപുലീകരണം നല്കുകയാണ് ഗാന്ധിജി ചെയ്തത്. ''ഉദാരമായ സ്നേഹം എന്ന് അഹിംസയ്ക്ക് അർത്ഥം കല്പിക്കാം. അഹിംസയുടെ ഉപാസകനാണ് ഞാനെങ്കിൽ ഞാൻ എന്റെ ശത്രുവിനെയും സ്നേഹിക്കണം.'' അഹിംസയ്ക്ക് സെന്റ് പോൾ വിശദമാക്കുന്ന സ്നേഹത്തിന്റെ സ്വഭാവമാണുള്ളതെന്ന് (1 കൊരിന്ത്യർ 13) ഗാന്ധിജി വ്യക്തമാക്കുന്നു (ഹരിജൻ, മാർച്ച് 14, 1936).

അഹിംസ ഏറ്റവും സജീവമായ ശക്തിയാണ്. അത് ഒരു ആത്മശക്തിയാണ്. നമ്മുടെ ഉള്ളിലെ ഈശ്വരാംശത്തിന്റെ ശക്തിയാണ്. അപൂർണ്ണനായ മനുഷ്യന് അതിനെ പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിയില്ലെങ്കിലും അതിന്റെ നിസ്സാരമായ ഒരംശം ഉള്ളിൽ പ്രവർത്തിച്ചുതുടങ്ങിയാൽ മതി, അത്ഭുതങ്ങൾ സംഭവിക്കുകയായി.'' (ഹരിജൻ, നവം. 12, 1938).

അഹിംസയുടെ പ്രസക്തിയും വ്യാപ്തിയും എത്രത്തോളം എന്നു വ്യക്തമാക്കിയതോടൊപ്പം തന്റെ ജീവിതത്തെ സമഗ്രമായി അഹിംസാധിഷ്ഠിതമാക്കുവാനും ഗാന്ധിജിക്ക് കഴിഞ്ഞു. വ്യക്തിജീവിതത്തിൽ അതൊരു നിയാമകശക്തിയായി വ്യാപരിച്ചതോടൊപ്പം സാമൂഹിക ജീവിതത്തിലേക്ക് അതിനെ എങ്ങനെ വ്യാവർത്തിപ്പിക്കാം എന്നും അദ്ദേഹം കാട്ടിത്തരികയുണ്ടായി. സാമൂഹിക തിന്മകളെ എതിർത്തു തോല്പിക്കുവാനും സമൂഹത്തിൽ പരിവർത്തനങ്ങൾ സൃഷ്ടിക്കുവാനും സഹായകമായ ഒരു സമരായുധമായും ഗാന്ധിജി അഹിംസയെ രൂപാന്തരപ്പെടുത്തി. അഹിംസാ സിദ്ധാന്തത്തിലധിഷ്ഠിതമായ സമരതന്ത്രമാണ്, സത്യഗ്രഹം.

അഹിംസ ഒരു ധാർമ്മികതത്വം എന്ന നിലയിൽ ജീവികളോടുമുള്ള സ്നേഹവും തന്മയീഭാവവുമാണ്. ഒരു ജീവിയെയും ഉപദ്രവിക്കാൻ പാടില്ല എന്ന ചിന്തയും അഹിംസയുടെ ഭാഗമാണ്. എന്നാൽ, അത് അഹിംസയുടെ താഴ്ന്ന തലത്തിലുമുള്ളതാണ് എന്നദ്ദേഹം പറയുന്നുണ്ട്. പാമ്പ് മുതലായ വിഷജന്തുക്കളെയോ മനുഷ്യജീവന് അപകടം വരുത്തുന്ന പേനായ്ക്കളെയോ കൊല്ലുന്നത് അഹിംസാ സിദ്ധാന്തത്തിന്റെ ലംഘനമാകില്ല എന്നദ്ദേഹം പറഞ്ഞപ്പോൾ പലർക്കും അംഗീകരിക്കാൻ കഴിഞ്ഞില്ല. ആശ്രമത്തിലെ മൃതപ്രായയായ പശുക്കിടാവിനെ അസഹനീയമായ വേദനയിൽ നിന്ന് രക്ഷിക്കുന്നതിന് വിഷംകൊടുത്ത് കൊല്ലുവാൻ അനുവദിച്ചത് വലിയ ഒച്ചപ്പാടുണ്ടാക്കിയ സംഭവമാണ്. ഇതുമായി ബന്ധപ്പെട്ടുണ്ടായ ആരോപണങ്ങൾക്ക് മറുപടിയായി ഗാന്ധിജി എഴുതിയതിങ്ങനെയാണ്: 'നമ്മുടെ അഹിംസാവാദികൾ അഹിംസയെ ഒരു അന്ധവിശ്വാസമാക്കിയിരിക്കുന്നു. പരുഷമായ വാക്കുകൾ, പരുഷമായ വിധിയെഴുത്ത്, വിദ്വേഷം, പക, ക്രോധം, അക്രമാസക്തി തുടങ്ങി ഹിംസയുടെ വിവിധ രൂപങ്ങളെപ്പറ്റി നാം അജ്ഞരായിരിക്കുന്നു. മനുഷ്യരെയും മൃഗങ്ങളെയും സ്വാർത്ഥതാല്പര്യത്തിനായി മർദ്ദിക്കുക, പട്ടിണിക്കിടുക, അമിതമായി പണിയെടുപ്പിക്കുക, ആത്മാഭിമാനത്തിന് മുറിവേല്പിക്കുക എന്നിവയെല്ലാം നാം നിത്യവും ചെയ്യുന്നു. ഇത്തരം ഹിംസകൾ ജീവിസ്നേഹത്തിന്റെ പേരിൽ ചെയ്യുന്ന ഹിംസകളേക്കാൾ എത്രയോ ക്രൂരമാണ്.'

ഹിന്ദുമതത്തിലെയും ബുദ്ധമതത്തിലെയും ജൈനമതത്തിലെയും അഹിംസയുടെ ആശയങ്ങൾ ഗാന്ധിജി സ്വായത്തമാക്കിയിരുന്നെങ്കിലും അത് ചടുലമായ ഒരു കർമപദ്ധതിയായി ഗാന്ധിജിയിൽ രൂപപ്പെടുന്നത് ബൈബിളിലെ ആശയങ്ങളുമായി ബന്ധപ്പെടുമ്പോഴാണ്. ടോൾസ്റ്റോയിയുടെ *'ദൈവരാജ്യം നിങ്ങളുടെ ഇടയിൽത്തന്നെ'* എന്ന ഗ്രന്ഥവും ജോൺ റസ്കിന്റെ *'അൺടു ദിസ് ലാസ്റ്റ്'* എന്ന ഗ്രന്ഥവും ഗാന്ധിജിയിൽ വലിയ പ്രഭാവം ചെലുത്തിയിട്ടുണ്ട്.

പുതിയനിയമത്തിലൂടെ പ്രകാശിതമാകുന്ന ക്രിസ്തുസന്ദേശത്തിന്റെ അകപ്പൊരുൾ തേടുവാൻ ഈ ഗ്രന്ഥങ്ങൾ ഗാന്ധിജിയെ സഹായിച്ചു. ഗിരിപ്രഭാഷണത്തിലെ ക്രിസ്തുവചനങ്ങളിൽ മുഴങ്ങുന്ന

അഹിംസയുടെ വിസ്മയാവഹമായ സന്ദേശങ്ങൾ അദ്ദേഹത്തിന്റെ ഹൃദയാന്തർഭാഗങ്ങളിൽ മുഴങ്ങിക്കൊണ്ടേയിരുന്നു.

'കൊല ചെയ്യരുത് എന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്ക് യോഗ്യനാകും എന്നും പൂർവ്വന്മാരോട് അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത് സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും; സഹോദരനോടു നിസ്സാര എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നില്ക്കേണ്ടിവരും; മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിനു യോഗ്യനാകും. ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരനു നിന്റെ നേരേ വല്ലതും ഉണ്ടെന്ന് അവിടെ വച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വച്ചേച്ചു ഒന്നാമതു ചെന്നു സഹോദരനോടു നിരന്നുകൊൾക. പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക. നിന്റെ പ്രതിയോഗിയോടുകൂടെ വഴിയിൽ ഉള്ളപ്പോൾത്തന്നെ വേഗത്തിൽ അവനോട് ഇണങ്ങിക്കൊൾക; അല്ലാഞ്ഞാൽ പ്രതിയോഗി നിന്നെ ന്യായാധിപനും ന്യായാധിപൻ ചേവകനും ഏല്പിച്ചിട്ടു നീ തടവിൽ ആയിപ്പോകും' (മത്തായി 5:21-25).

'കണ്ണിനു പകരം കണ്ണും പല്ലിനു പകരം പല്ലും എന്ന് അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത്: ദുഷ്ടനോട് എതിർക്കരുത്; നിന്നെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവനു മറ്റതും തിരിച്ചു കാണിക്ക. നിന്നോടു വ്യവഹരിച്ചു നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവനു നിന്റെ പുതപ്പും വിട്ടുകൊടുക്ക. ഒരുത്തൻ നിന്നെ ഒരു നാഴിക വഴിപോകുവാൻ നിർബന്ധിച്ചാൽ രണ്ട് അവനോടുകൂടെ പോക.'

'കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകയ്ക്ക എന്നും അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ' (മത്തായി 5:38-45).

ഗിരിപ്രഭാഷണത്തിലൂടെ ഗാന്ധിജിക്ക് അഹിംസയെക്കുറിച്ച് ലഭിച്ച ഉൾക്കാഴ്ച അഹിംസയെ ഒരു സിദ്ധാന്തത്തിനപ്പുറം പ്രയോഗമാക്കുവാൻ എങ്ങനെ സഹായിച്ചു എന്ന് ചരിത്രം വ്യക്തമാക്കുന്നു. ജാലിയൻ വാലാബാഗ് കൂട്ടക്കൊലയെ തുടർന്ന് അസ്തവ്യസ്തരായ ജനങ്ങളെ സമരോത്സുകരാക്കിയത് ഏറെ പണിപ്പെട്ടായിരുന്നു. പിന്നീട് നിസ്സഹകരണ സമരം പ്രഖ്യാപിച്ചത് ഏറെ നാളത്തെ ബോധവത്കരണത്തിനു ശേഷമാണ്. എന്നാൽ, തുടക്കത്തിൽതന്നെ ചൗരിചൗരാ പൊലീസ് സ്റ്റേഷൻ ആക്രമിച്ച് ഗ്രാമീണരായ ആളുകൾ തങ്ങളെ ഉപദ്രവിച്ച പൊലീസുകാരോട് പകരം വീട്ടി. രാജ്യം മുഴുവൻ സമരസജ്ജമായ സന്ദർഭമായിരുന്നു എങ്കിലും ഗാന്ധിജി ഈ സംഭവത്തെപ്പറ്റി അറിഞ്ഞയുടൻ സമരം പിൻവലിച്ചു. ഗാന്ധിജിയുടെ തീരുമാനവുമായി യോജിക്കുവാൻ മിക്ക നേതാക്കൾക്കും കഴിയുമായിരുന്നില്ല. എങ്കിലും ഗാന്ധിജി തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. അക്രമരഹിതമായി സമരം ചെയ്യാൻ ഇന്ത്യയിലെ ജനങ്ങൾ സജ്ജരായിട്ടില്ല എന്നതായിരുന്നു അതിന്റെ കാരണമായി ഗാന്ധിജി ചൂണ്ടിക്കാട്ടിയത്.

അഹിംസാധിഷ്ഠിതമായ ഒരു സമരത്തിൽ അക്രമത്തിന്റെ കറ പുരളാൻ പാടില്ല എന്നത് ഗാന്ധിജിയുടെ ദൃഢനിശ്ചയമായിരുന്നു. ആ നിലപാടിൽ അദ്ദേഹം ഉറച്ചുനിന്നു. ഗിരിപ്രഭാഷണത്തിൽ യേശു പഠിപ്പിച്ച അഹിംസാ സിദ്ധാന്തം മായം കലരാത്തവിധത്തിൽ പ്രായോഗികമാക്കുക എന്നതായിരുന്നു ഒരു വെല്ലുവിളിയായി ഗാന്ധിജി ഏറ്റെടുത്തത്.

അഹിംസാധിഷ്ഠിതമായ ഒരു സമരത്തിൽ അക്രമത്തിന്റെ കറ പുരളാൻ പാടില്ല എന്നത് ഗാന്ധിജിയുടെ ദൃഢനിശ്ചയമായിരുന്നു. ആ നിലപാടിൽ അദ്ദേഹം ഉറച്ചുനിന്നു. ഗിരിപ്രഭാഷണത്തിൽ യേശു പഠിപ്പിച്ച അഹിംസാ സിദ്ധാന്തം മായം കലരാത്തവിധത്തിൽ പ്രായോഗികമാക്കുക എന്നതായിരുന്നു ഒരു വെല്ലുവിളിയായി ഗാന്ധിജി ഏറ്റെടുത്തത്.

വസ്ത്രം കവർന്നെടുക്കുന്നവന് പുതപ്പുകൂടി കൊടുക്കുക തുടങ്ങിയ ഉപദേശങ്ങൾ തിന്മയെ പ്രോത്സാഹിപ്പിക്കുകയല്ലേ ചെയ്യുക എന്നൊരു ചോദ്യത്തിന് ഗാന്ധിജി മറുപടിയായി പറഞ്ഞത്, 'അത്തരം നന്മ പ്രവൃത്തി എതിരാളികളിൽ മനഃപരിവർത്തനം വരുത്തിയതിന് ധാരാളം ഉദാഹരണങ്ങൾ ഭൂതകാലത്തിലുണ്ട്' എന്നാണ്.

അഹിംസ ഒരു ആത്മീയമൂല്യമായതിനാൽ നമ്മുടെ പ്രവചനങ്ങൾക്കതീതമായ അത്ഭുതങ്ങൾ അഹിംസയുടെ പ്രയോക്താക്കൾക്ക് ജീവിതത്തിൽ ലഭ്യമാകും എന്നു വിശ്വസിച്ചിരുന്ന വ്യക്തിയാണ് ഗാന്ധിജി. അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇത് സാധൂകരിക്കുന്ന അനുഭവങ്ങൾ ധാരാളം ഉണ്ടുതാനും. കായികശക്തി ഒരിക്കലും ആത്മീയശക്തിയെക്കാൾ മികച്ചതല്ല. ശരീരമല്ല, ആത്മാവാണ് പ്രധാനം എന്ന് പഠിപ്പിച്ച ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരാൾക്കും

ആത്മീയശക്തിയേക്കാൾ പ്രാധാന്യം കായികശക്തിക്ക് നല്കാനാവില്ല. ഹിംസയോട് ആഭിമുഖ്യം ഉണ്ടാകുന്നതും അഹിംസ പ്രായോഗികമല്ല എന്നു തോന്നുന്നതും കായികശക്തിയെ പ്രധാനമായി കരുതുകയും ആത്മീയശക്തിയെ അവഗണിക്കുകയും ചെയ്യുന്നതുകൊണ്ടാണ്.

തിന്മയെ നന്മയാൽ ജയിക്കുക എന്ന ഗിരിപ്രഭാഷണത്തിലെ ഉപദേശം മിക്കവർക്കും സ്വീകാര്യമാകാത്തത് പ്രതികാരചിന്ത മനസ്സിൽ ശക്തമായതിനാലാണ്. പക്ഷേ, പ്രതികാരം ഒരിക്കലും നന്മ വരുത്തുകയില്ല. ക്ഷമിക്കേണ്ടത് എങ്ങനെയെന്നും എത്രത്തോളമെന്നും ശിഷ്യരെ പഠിപ്പിച്ച യേശുവിന്റെ പില്ക്കാല ശിഷ്യർക്ക് യേശുവിന്റെ ഉപദേശം പ്രാവർത്തികമാക്കുവാൻ കഴിയുന്നില്ല എന്ന് ഗാന്ധിജി പല വേദികളിൽ കുറ്റപ്പെടുത്തിയിട്ടുണ്ട്.

കുരിശിൽ കിടന്ന്, തന്നെ പീഡിപ്പിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ച യേശുവാണ്, ഗാന്ധിജിയുടെ അഹിംസാമാർഗത്തിലെ ഗുരുനാഥൻ. താൻ ഗിരിമുകളിൽ പ്രസംഗിച്ചത് മറ്റൊരു ഗിരിമുകളിൽ പ്രാവർത്തികമാക്കി എന്നാണ് ഗാന്ധിജി ഇതേക്കുറിച്ച് പറയുന്നത്. യേശുവിന്റെ കുരിശിലെ പ്രാർത്ഥന ഒരു അഹിംസാവാദിയുടെ ധീരതയുടെ ലക്ഷണംകൂടിയാണ് എന്ന് ഗാന്ധിജി വ്യാഖ്യാനിക്കുന്നു.

അഹിംസ ഭീരുത്വത്തിന്റെ അടയാളമല്ല, അത് ധീരന്റെ ആയുധമാണ് എന്ന് ഗാന്ധിജി പറഞ്ഞിരുന്നു. തന്റെ പ്രതിയോഗികൾ അറിവില്ലായ്മയിൽ ചെയ്തു പോകുന്നത് ക്ഷമിക്കണം എന്ന് പിതാവിനോട് പ്രാർത്ഥിച്ച യേശു കുരിശിൽ പ്രകടിപ്പിച്ച ഈ ധീരത പ്രതികാരത്തിലൂടെ ഹിംസയെ തോല്പിക്കാം എന്നു കരുതുന്നവർക്കുള്ള മറുപടിയാണ്. യേശുവിന്റെ ഈ പ്രതികരണം അപ്പോൾത്തന്നെ അത്ഭുതങ്ങൾക്ക് നിദാനമായി. യേശുവിനോടുകൂടി ക്രൂശിക്കപ്പെട്ട വലതുവശത്തെ വ്യക്തിയും കുരിശിന്റെ ചുവട്ടിൽ നിലകൊണ്ടിരുന്ന ശതാധിപനും യേശുവിന്റെ പ്രതികരണം നിരീക്ഷിച്ച് യേശുവിൽ വിശ്വാസമർപ്പിച്ച് അഹിംസയുടെ ആരാധകരായി.

അഹിംസ ഭീരുത്വത്തിന്റെ ലക്ഷണമല്ല, ധീരതയുടെ അടയാളമാണ് എന്ന ഗാന്ധിയുടെ പ്രഖ്യാപനത്തെ ശരിവയ്ക്കുന്നതാണ് ഇന്ത്യയുടെ സ്വാതന്ത്ര്യസമരം. നൂറ്റാണ്ടുകൾ നീണ്ട അടിമത്തത്തിൽ ആത്മവിശ്വാസവും സ്വത്വബോധവും സ്വാതന്ത്ര്യവാഞ്ഛയും എല്ലാം നഷ്ടപ്പെട്ടുപോയ ഒരു ജനസമൂഹം ഗാന്ധിജിയുടെ നേതൃത്വത്തിൽ നിരായുധസമരങ്ങളിൽ പങ്കെടുത്തപ്പോൾ പ്രകടമായ ധീരത ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. ലാത്തിയുടെയും നിറതോക്കുകളുടെയും മുമ്പിൽ നിരായുധരായ സമരഭടർ നെഞ്ചുവിരിച്ചുനിന്ന് അഹിംസയുടെ മാഹാത്മ്യം വെളിപ്പെടുത്തി.

'വാലാട്ടുമീശാനനെ
വീരകേസരിയാക്കുക' എന്ന് മലയാളത്തിൽ പി. കുഞ്ഞിരാമൻ നായർ പാടിയപ്പോൾ ഈ രൂപാന്തരീകരണത്തിന്റെ പ്രതിഫലനമാണ് പ്രകടമായത്.

വർണവിവേചനത്തിന്റെ പേരിൽ തീവണ്ടിയിലെ ഒന്നാംക്ലാസ് കംപാർട്ട്മെന്റിൽ നിന്ന് വലിച്ചെറിയപ്പെട്ട് പീറ്റർമാരിക്സ്ബർഗ് റെയിൽവേ സ്റ്റേഷനിൽ തണുത്തുവിറച്ച് കഴിഞ്ഞുകൂടിയ രാത്രിയിൽ, വർണവിവേചനത്തിനെതിരെ ജീവിതകാലം മുഴുവൻ പോരാടുമെന്ന് പ്രതിജ്ഞയെടുത്ത മോഹൻദാസ് കരംചന്ദ് ഗാന്ധി അഹിംസയിലുള്ള തന്റെ ഉറച്ച വിശ്വാസത്തിലൂടെയാണ് ആ ധീരത കൈവരിച്ചതെന്ന് വർഷങ്ങൾക്കു ശേഷം ജോൺ ആർ മോട്ട് എന്ന ക്രൈസ്തവ മിഷനറിയോട് തുറന്നുപറഞ്ഞു.

അഹിംസാത്മകമായ ഒരു സമരത്തിൽ ഏർപ്പെടുമ്പോൾ സമരം വ്യക്തികൾക്കെതിരെയല്ല, അവർ വച്ചുപുലർത്തുന്ന ആശയങ്ങൾക്കെതിരെയാണ് എന്ന ബോധ്യം സമരപോരാളികൾക്ക് ഉണ്ടായിരിക്കണം എന്ന കാര്യത്തിൽ ഗാന്ധിജിക്ക് നിർബന്ധമുണ്ട്. അഹിംസാധിഷ്ഠിത സമരങ്ങളിൽ വ്യക്തികൾ തമ്മിൽ വിദ്വേഷം ഉണ്ടായിക്കൂടാ. പ്രതിയോഗിയുടെ മനഃപരിവർത്തനത്തിനായി ശ്രമിക്കുകയല്ലാതെ അവരെ ഇകഴ്ത്തുവാനോ നിന്ദിക്കുവാനോ ശ്രമിക്കുന്നത് ഒരു സത്യഗ്രഹിക്ക് ചേർന്നതല്ല.

ഭാരതീയർ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പതിറ്റാണ്ടുകൾ നീണ്ട സമരം നടത്തിയെങ്കിലും ബ്രിട്ടീഷ് ജനതയോട് ഒരിക്കലും ശത്രുത ഉണ്ടായിരുന്നില്ല. സമരം സാമ്രാജ്യത്വത്തിനും അതിൽ അന്തർഭവിച്ചിരുന്ന ചൂഷണങ്ങൾക്കും എതിരെ ആയിരുന്നു. ആ വ്യവസ്ഥിതികളോട് മാത്രമാണ് നമുക്ക് വിദ്വേഷം ഉണ്ടായത്. അതുകൊണ്ടു തന്നെ സ്വാതന്ത്ര്യസമരം അവസാനിക്കുന്നത് ബ്രിട്ടീഷുകാരും ഇന്ത്യാക്കാരും സൗഹൃദം പങ്കിട്ടുകൊണ്ടായിരുന്നു. ശത്രുക്കളായല്ല, സുഹൃത്തുക്കളായിത്തന്നെ അധികാരക്കൈമാറ്റം നടത്തി ചരിത്രത്തിൽ മാനവമഹത്വത്തിന്റെ ശാശ്വതമുദ്രകൾ പതിപ്പിക്കുവാൻ ഈ ജനതയ്ക്ക് സാധ്യമായി.

ഭൂതകാല ചരിത്രത്തെ മുൻവിധികളില്ലാതെ പഠിക്കുകയും അപഗ്രഥിക്കുകയും ചെയ്ത ഗാന്ധിജിക്ക് ലഭിച്ച പാഠം അഹിംസയുടേതായിരുന്നു എന്ന് മുമ്പ് സൂചിതമായിട്ടുണ്ട്. സമീപകാല ചരിത്രവും ഗാന്ധിജിയുടെ അനുമാനങ്ങളെ സാധൂകരിക്കുന്നതായിരുന്നു. 1857ൽ നടന്ന ശിപായിലഹളയെ അദ്ദേഹം നിരന്തരം അനുസ്മരിച്ചിരുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും ആ ലഹളയിലൂടെ സംഭവിച്ച നഷ്ടങ്ങളെക്കുറിച്ചുള്ള ഓർമ്മകൾ മായാതെ മനസ്സുകളിൽ അവശേഷിച്ചിരുന്നു. ഗാന്ധിജിയുടെ അക്രമരഹിത സമരങ്ങളുടെ വിജയത്തിൽ സംശയാലുക്കളായവരും

അക്രമമാർഗങ്ങൾ അവലംബിക്കുവാൻ തയ്യാറായ വരും ഉണ്ടായിരുന്നു. ബ്രിട്ടീഷ് സർക്കാരിനെതിരെ സായുധ സമരത്തിലേർപ്പെടുന്നവർക്ക് ഉണ്ടാകാൻ പോകുന്ന നഷ്ടങ്ങൾ ഗാന്ധിജി വിശദമാക്കിക്കൊണ്ടിരുന്നു.

1938ൽ തന്നെ ഹിറ്റ്ലർ, സ്റ്റാലിൻ, മുസ്സോളിനി തുടങ്ങിയ വമ്പന്മാർക്ക് ഉണ്ടാകാൻ പോകുന്ന വീഴ്ചകൾ ഗാന്ധിജി ചൂണ്ടിക്കാട്ടി. യുദ്ധങ്ങൾ ഇല്ലാതാക്കാൻ വേണ്ടി നടത്തിയ യുദ്ധം എന്നു വിശേഷിപ്പിക്കപ്പെട്ട ഒന്നാം ലോകമഹായുദ്ധത്തിന്റെ പര്യവസാനത്തിൽ, അടുത്ത യുദ്ധത്തിനുള്ള വിഷവിത്തുകൾ വീണുകിടപ്പുണ്ട് എന്ന് ഗാന്ധിജി പ്രവചിച്ചു. താമസിയാതെ രണ്ടാം ലോകമഹായുദ്ധവും ആരംഭിച്ചു. വിഷവൃക്ഷത്തിന്റെ വിത്തിൽ നിന്നു വിഷവൃക്ഷമല്ലാതെ ഉണ്ടാകുകയില്ല എന്ന ഗാന്ധിജിയുടെ നിരീക്ഷണത്തിൽ തെറ്റില്ലെന്ന് ലോകത്തിനു ബോധ്യമായി. ലക്ഷ്യംപോലെ തന്നെ മാർഗവും ശുദ്ധമായിരിക്കണം എന്നത് ഗാന്ധിജിയുടെ അലംഘനീയ പ്രമാണമാണ്. മാർഗത്തിൽ ഹിംസ കലർന്നാൽ അത് ലക്ഷ്യത്തെയും മലീമസമാക്കും എന്ന കാര്യത്തിൽ ഗാന്ധിജിക്ക് സംശയമില്ല.

വ്യവസായ വിപ്ലവത്തെ തുടർന്നുണ്ടായ സാമൂഹിക മാറ്റങ്ങൾ പലതും മനുഷ്യജീവിതത്തിൽ സ്വാഭാവികമായുണ്ടായിരുന്ന അഹിംസാത്മക മനോഭാവങ്ങളെ ദുർബലപ്പെടുത്തുന്നതായി ഗാന്ധിജി നിരീക്ഷിച്ചിരുന്നു. അന്നത്തെ സ്ഥിതിഗതികളെ വിലയിരുത്തിക്കൊണ്ട് അദ്ദേഹം നടത്തിയ ദീർഘദർശനങ്ങൾ ഇന്ന് ജീവിതത്തിൽ പ്രകടമായിക്കഴിഞ്ഞു. ഗാന്ധിജി ആധുനികതയുടെ വിമർശകനായി അറിയപ്പെടാനിടയായത് ഇത്തരം പ്രവചനങ്ങളുടെ ഫലമായാണ്. ഇന്ത്യയിൽ പൊതുപ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പുതന്നെ *'ഹിന്ദ്സ്വരാജ്'* എന്ന ഗ്രന്ഥത്തിൽ പാശ്ചാത്യ സംസ്കാരത്തിന്റെ വിമർശകനായി ഗാന്ധിജി പ്രത്യക്ഷപ്പെട്ടു. തുടർന്നിങ്ങോട്ട് എല്ലാ കാലത്തും അദ്ദേഹത്തിന്റെ നിലപാട് അതുതന്നെയായിരുന്നു. പാശ്ചാത്യരുടെ ജീവിതത്തിൽനിന്ന് മെച്ചപ്പെട്ട പലതും മാതൃകയായി സ്വീകരിക്കുവാനും സ്വായത്തമാക്കുവാനും ഗാന്ധിജി മടിച്ചിരുന്നില്ല. പാശ്ചാത്യരുടെ ശുചിത്വബോധം, സമയനിഷ്ഠ, അധ്വാനശീലം, തൊഴിലിന് നല്കുന്ന മാന്യത, പൗരബോധം എന്നിവയെല്ലാം അനുകരണീയമായി അദ്ദേഹം കരുതുകയും സ്വാംശീകരിക്കുകയും ചെയ്തു.

എന്നാൽ, വ്യവസായ വിപ്ലവത്തിനു ശേഷം പാശ്ചാത്യ രാജ്യങ്ങളിൽ വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾക്കുണ്ടായ സ്വാധീനവും അതിലൂടെ മനുഷ്യമനസ്സുകളിലുണ്ടായ മാറ്റങ്ങളും അപമാനവീകരണത്തിലേക്ക് നയിക്കുന്നതായി അദ്ദേഹം നിരീക്ഷിച്ചു. മനുഷ്യന്റെ ഭൗതികാവശ്യങ്ങളെ അനന്തമായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുക എന്ന വ്യവസായലോകത്തിന്റെ തന്ത്രം മനുഷ്യനെ ആവശ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും ആസക്തികളുടെയും അടിമകളാക്കുകയും നൂറ്റാണ്ടുകളായി സമൂഹത്തിൽ ഉറച്ചുനിന്ന മൂല്യങ്ങൾ നിരസിക്കപ്പെടുകയും ചെയ്യും എന്ന് ഗാന്ധിജി ദീർഘദർശനം ചെയ്തു.

ഈ വ്യവസ്ഥിതി ശക്തി പ്രാപിക്കുമ്പോൾ പ്രകൃതി വിഭവങ്ങൾ അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നതുമൂലം പ്രകൃതിക്കുണ്ടാകുന്ന അപരിഹാര്യങ്ങളായ നഷ്ടങ്ങൾ, വമ്പിച്ച ഉത്പാദന പ്രക്രിയമൂലം സംജാതമാകുന്ന ഊർജപ്രതിസന്ധി, ഉപഭോഗതല്പരത വർദ്ധിതമാകുമ്പോൾ ഉണ്ടാകുന്ന മാലിന്യപ്രശ്നങ്ങൾ ഇവയെല്ലാം മുൻകൂട്ടി കാണുവാൻ ഗാന്ധിജിക്ക് കഴിഞ്ഞിട്ടുണ്ട്.

ഭൗതികാവശ്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുവാൻ സഹായിക്കുന്ന വിപണനതന്ത്രങ്ങളിലൂടെ മനുഷ്യനിൽ സൃഷ്ടിക്കുന്ന ഭോഗലോലുപതയും സുഖാസക്തികളും ആത്മീയമായ മരണത്തിലേക്ക് മനുഷ്യരെ എത്തിക്കുന്നതുകൊണ്ട് പുതിയ ലോകത്തിന്റെ ജീവിതക്രമത്തെ സാത്താന്യം (Satanic) എന്ന് വിശേഷിപ്പിക്കുവാൻ ഗാന്ധിജി മടിച്ചില്ല.

ഭൗതികാവശ്യങ്ങളുടെയും സുഖലോലുപതയുടെയും പിന്നാലെ പായുന്ന മനുഷ്യൻ ആർത്തിയോടെ അടിമയാകുകയും എല്ലാ ധാർമ്മികമൂല്യങ്ങളെയും ഹിംസിക്കുകയും ചെയ്യുന്ന ഭീഷണമായ അവസ്ഥ അക്കാലത്തു തന്നെ ഗാന്ധിജി വ്യക്തമായി വരച്ചുകാട്ടിയിരുന്നു. 'മനുഷ്യൻ സർവലോകവും നേടിയാലും ആത്മാവിനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം?' എന്ന ക്രിസ്തുവചനം ഗാന്ധിജി ഉദ്ധരിച്ചിട്ടുണ്ട്.

ആർത്തിയുടെ സംസ്കാരത്താൽ നയിക്കപ്പെടുന്ന മനുഷ്യന് മറ്റെല്ലാ മനുഷ്യരും ശത്രുക്കളായി മാറുന്നു. ഈ ശത്രുത സമൂഹങ്ങളിലേക്കും രാജ്യങ്ങളിലേക്കും ക്രമേണ വ്യാപിക്കുകയും ലോകമാകെ പരസ്പരം മത്സരിക്കുന്ന അവസ്ഥയിൽ എത്തുകയും ചെയ്യും. അങ്ങനെ ഹിംസയുടെ ശക്തികൾ ലോകാധിപതികളായി മാറുന്ന നമ്മുടെ കാലഘട്ടത്തെ ഗാന്ധിജി ദീർഘദർശനം ചെയ്തു.

രണ്ടു മഹായുദ്ധങ്ങളുടെ പശ്ചാത്തലത്തിൽ ഹിംസയ്ക്കെതിരായി സംസാരിക്കുകയും അഹിംസയിലേക്ക് ലോകത്തെ നയിക്കുകയും ചെയ്ത ഗാന്ധിജിയുടെ ദർശനം ഇന്നു ലോകത്തിനാവശ്യമായിരിക്കുകയാണ്. ഗാന്ധിയുടെ മറ്റെല്ലാ സമരങ്ങളും മനഃപരിവർത്തനങ്ങളിലൂടെ വിജയിച്ചതുപോലെ ഹിംസാത്മകമായിത്തീർന്നിരിക്കുന്ന ലോകക്രമത്തെ അഹിംസാത്മകമാക്കി മാറ്റുവാനുള്ള നമ്മുടെ സമരവും മനുഷ്യമനസ്സുകളിൽ പരിവർത്തനം വരുത്തുവാനുള്ള ശ്രമങ്ങളിൽ ആരംഭിക്കാം. ■

കാഴ്ചയുടെ പൂർണത

ഡോ. ജോർജ് ഓണക്കൂർ

എന്റെ കുട്ടിക്കാലത്തുതന്നെ ഞങ്ങളുടെ വീടുകളിൽ പരുമല കൊച്ചുതിരുമേനിയുടെ ഛായാചിത്രം ആദരപൂർവ്വം സൂക്ഷിച്ചിരുന്നു. ആ പുണ്യാത്മാവിനോടു പ്രാർത്ഥിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്തുപോന്നു. പ്രസ്തുത പാരമ്പര്യം ഇപ്പോഴും സൂക്ഷിക്കുന്നതുകൊണ്ട് പരുമല തിരുമേനിയെക്കുറിച്ച് ഓർക്കുന്നതും എഴുതുന്നതും എനിക്ക് അതിധന്യമായ അനുഭവമാണ്. അവിടുന്ന് പത്തൊമ്പതാം നൂറ്റാണ്ടിന്റെ നേർപകുതിയിൽ ജനിക്കുകയും ഇരുപതാം നൂറ്റാണ്ടിന്റെ പ്രഭാതത്തിൽ യശഃശ്ശരീരനാവുകയും ചെയ്തു. അൻപത്തിനാല് സംവത്സരം മാത്രം ദീർഘിച്ച ഭൗതിക ജീവിതം ആദ്ധ്യാത്മികതയുടെ അഭൗമതേജസ്സാണ് സൃഷ്ടിച്ചത്. വിശുദ്ധിയുടെ വഴിയിലേക്ക് ആ പാവന നക്ഷത്രം മനുഷ്യസമൂഹത്തെ നയിച്ചു. ജാതി-മത ചിന്തകൾക്ക് അതീതമായി ആ നിത്യപ്രകാശത്തിൽ സർവ്വരും ഒന്നുചേർന്നു.

പരുമല തിരുമേനിയുടെ 'ഊർശ്ലേം യാത്രാവിവരണ'ത്തിന്റെ പതിപ്പ് എന്റെ മുന്നിലുണ്ട്. 1895ൽ ആണ് ഈ ഗ്രന്ഥം ആദ്യമായി മുദ്രണം ചെയ്തത്. പോൾ മണലിൽ ശ്രദ്ധാപൂർവ്വം പരിശോധിച്ച് പുനഃപ്രകാശനം നിർവഹിച്ചിരിക്കുന്നു. മലയാളത്തിൽ ആദ്യം അച്ചടിച്ച യാത്രാവിവരണ ഗ്രന്ഥമെന്ന അപൂർവ ബഹുമതി 'ഊർശ്ലേം യാത്രാവിവരണ'ത്തിന് അർഹതപ്പെട്ടതാണ്. അതുകൊണ്ടു തന്നെ സാഹിത്യ ചരിത്രത്തിൽ അതിന് പ്രഥമസ്ഥാനം നൽകേണ്ടിയിരിക്കുന്നുവെന്ന് ആമുഖപഠനത്തിൽ പോൾ മണലിൽ സമർത്ഥിക്കുന്നു.

മലയാളത്തിലെ ആദ്യത്തെ സഞ്ചാര സാഹിത്യകൃതിയെന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്ന പുസ്തകം പാറേമ്മാക്കൽ തോമ്മാ കത്തനാരും യൗസേപ്പ് കരിയാറ്റിയും ചേർന്നു നടത്തിയ റോമായാത്രയുടെ വിവരണമായ 'വർത്തമാനപ്പുസ്തക'മാണ്. 1785ൽ എഴുതിയെങ്കിലും 1935ൽ ആണ് 'വർത്തമാനപ്പുസ്തകം' മുദ്രണം ചെയ്യപ്പെട്ടത്. എന്നാൽ, പരുമല തിരുമേനിയുടെ 'ഊർശ്ലേം യാത്രാവിവരണം' 1895ൽ തന്നെ മുദ്രിതമായിക്കഴിഞ്ഞു. എഴുതിയ ഘട്ടമോ മുദ്രണവർഷമോ ഒരു ഗ്രന്ഥത്തിന്റെ കാലഗണനയിൽ അവലംബമാക്കേണ്ടത്? പോൾ മണലിൽ ഉന്നയിക്കുന്ന ഈ ചോദ്യം തികച്ചും പ്രസക്തമാണ്. 'ഇന്ദുലേഖ'യ്ക്കു ശേഷം 'മാർത്താണ്ഡവർമ്മ'യെ പ്രതിഷ്ഠിക്കുന്ന സാഹിത്യ സമീപനമാണ്

സ്വീകരിക്കുന്നതെങ്കിൽ രചനാകാലമല്ല, മുദ്രണവർഷമാണ് പരിഗണിക്കേണ്ടിവരിക. 'ഊർശ്ലേം യാത്രാവിവരണ'ത്തെ അദിതീയമാക്കുന്നതാണ് ഈ മാനദണ്ഡം.

ആ ചരിത്ര സംവാദത്തിലേക്ക് കടക്കുകയല്ല. 'ഊർശ്ലേം യാത്രാവിവരണ'ത്തിനുള്ളിൽ നിന്നുകൊണ്ട് അതിന്റെ പ്രാധാന്യവും പ്രത്യേകതകളും പരിശോധിക്കുകയാണ് ലേഖനോദ്ദേശ്യം. പരുമല തിരുമേനിയുടെ ഗ്രന്ഥത്തിൽ വിവരിക്കുന്ന പുണ്യസ്ഥാനങ്ങൾ, അവിടുന്ന് സന്ദർശിച്ച് ഏകദേശം ഒരു നൂറ്റാണ്ടു കഴിഞ്ഞ് നേരിൽ കാണാനും ഗ്രന്ഥരചന നടത്താനും ഇടവന്ന എനിക്ക് ഈ പൂർവ്വഗ്രന്ഥം ഏറെ കൗതുകകരമായിത്തീർന്നിരിക്കുന്നു.



ഊർശ്ലേം യാത്രയുടെ പ്രചോദനമായി ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നത് ഇങ്ങനെയാണ്:

''വിശുദ്ധ വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന ചരിത്ര സംഭവങ്ങൾ നടന്ന സ്ഥലവും ദാവീദ് മുതലായ മഹാരാജാക്കന്മാരുടെ രാജധാനിയും ലോകരക്ഷകനായ യേശുമിശിഹായുടെ കാല്പാദങ്ങളാലും ലോകത്തിൻ പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യകുഞ്ഞാടിൻ ജീവബലിയാലും ശുദ്ധീകരിക്കപ്പെട്ടതുമായ ഊർശ്ലേം പട്ടണവും അതിൽ സ്ഥാപിച്ചിട്ടുള്ള വിലയേറിയ മാണിക്യങ്ങളാകുന്ന കർത്താവിൻ കബർ മുതലായ പരിശുദ്ധ സ്ഥലങ്ങളും സന്ദർശിച്ച് അനുഗ്രഹങ്ങളെ പ്രാപിക്കണമെന്ന് വളരെക്കാലമായി നമ്മിൽ ആഗ്രഹം ജനിച്ചിരുന്നു.'' (പു. 51).

ഇതേ മനോഭാവത്തോടെയാണ് ഇന്നും വിശുദ്ധനാട്ടിലേക്കുള്ള യാത്രകൾ. വിനോദസഞ്ചാരികളുടെ മനോഭാവമല്ല, തീർത്ഥാടകരുടെ ഹൃദയാർപ്പണമാണ് ഈ യാത്രകളിൽ പ്രകടമാകുന്നത്.

വിശുദ്ധ വേദപുസ്തകത്തിൽ നിർണയിച്ചിരിക്കുന്ന സ്ഥാനങ്ങൾ ഓരോന്നും പാലസ്തീനാദേശത്ത് (ഇപ്പോൾ ഇസ്രായേൽ) നാം ദർശിക്കുന്നു. അവ ചരിത്രത്തിന്റെ അവശിഷ്ടങ്ങളോ പുനഃസൃഷ്ടികളോ ആകാം. ഇരുപതു നൂറ്റാണ്ടുകൾ കടന്നുപോയിരിക്കുന്നു. പാലസ്തീനാദേശം പലതവണ യുദ്ധക്കളമായി. ഊർശ്ലേം പട്ടണം നശിപ്പിക്കപ്പെട്ടു. പുനർനിർമ്മാണങ്ങൾക്കിടയിൽ പൂർവ്വരൂപങ്ങൾ അപ്രത്യക്ഷമായത് സ്വാഭാവികം. ഈ പരിണാമത്തിനിടയിലും നഷ്ടമാകാത്ത ചില ചിഹ്നങ്ങൾ ബാക്കിയുണ്ട്. ഗദ്സീമോൻ തോട്ടവും ഗലീലക്കടലും കപ്പർന്നഹോമിന്റെ ഇളകിവീണ സ്തൂപങ്ങളും തിരുപ്പിറവിയുടെ ദേവാലയാന്തർഭാഗത്തെ ഗുഹാതടങ്ങളും കാലപ്പഴമയോടെ സഞ്ചാരികളെ ആകർഷിക്കുന്നു. ഒരു വിശുദ്ധസാന്നിദ്ധ്യത്തിന്റെ നഷ്ടമാകാത്ത സ്മരണ ഉണർത്തുന്നു.

ഊർശ്ലേം പട്ടണത്തിനുള്ളിൽ ഒതുങ്ങുന്നതാണ് പരുമല തിരുമേനിയുടെ യാത്രാപഥം. അവസാനത്തെ അത്താഴത്തിനു വേദിയായിത്തീർന്ന മർക്കൊസിന്റെ മാളിക, ഊർശ്ലേം കോട്ട, അതിനുള്ളിലെ കെട്ടിടങ്ങൾ, ഗോഗുൽത്ത, യേശുവിന്റെ കബറിടം, വിവിധ ദേവാലയങ്ങൾ, ഗദ്സീമോൻ തോട്ടം, ശീലോഹാം കുളം, ബേഥാന്യ, ലാസറിന്റെ കല്ലറ, ബേത്‌ലഹേം പട്ടണം, തിരുപ്പിറവിയുടെ സ്ഥാനം, ഏലാം താഴ്‌വര തുടങ്ങി താൻ നേരിൽക്കണ്ട ഓരോ സ്ഥാനത്തിന്റെയും സൂക്ഷ്മവും പൂർണവുമായ വിവരണം വളവുതിരിവുകളില്ലാതെ ലളിതമായ ശൈലിയിൽ തിരുമേനി നിർവഹിച്ചിരിക്കുന്നു. അന്ധമായ ഭക്തിയുടെ പ്രകാശനമല്ല, ഒരു സത്യാന്വേഷകന്റെ കാഴ്ചയുടെ സമഗ്രതയും ചൈതന്യവുമാണ് ഓരോ വിവരണവും പ്രത്യക്ഷമാക്കുന്നത്.

ഗ്രന്ഥകാരൻ കവിയോ കഥാകൃത്തോ ഒന്നുമല്ല; പുണ്യാത്മാവായ ഒരു മഹാപുരോഹിതൻ. അതുകൊണ്ടുതന്നെ സഭാത്മകമായ ചില ഊന്നലുകളും പരാമർശങ്ങളും ഭാഷാപ്രയോഗങ്ങളും 'ഊർശ്ലേം യാത്രാവിവരണ'ത്തിൽ കടന്നുകൂടിയിട്ടുണ്ട്. ഇങ്ങനെ പൗരാണികമുദ്രകൾ അവിടവിടെ പതിഞ്ഞുകിടപ്പുണ്ടെങ്കിലും ഒരു നൂറ്റാണ്ടിനു മുമ്പാണ് ഈ യാത്രാവിവരണം എഴുതപ്പെട്ടതെന്ന് ഞാൻ ഓർക്കുന്നതേയില്ല.

ഏതു മഹത്തായ ഗ്രന്ഥവും നൂതന ചിന്തകളിലേക്ക് വായനക്കാരെ നയിക്കാൻ പ്രാപ്തമായിരിക്കണം. അത്തരം ചില ഉപദർശനങ്ങൾ ഈ ഗ്രന്ഥത്തിന്റെയും സവിശേഷതയായിത്തീർന്നിട്ടുണ്ട്. ഊർശ്ലേം യാത്രാവഴി തനിക്കുണ്ടായ ആത്മീയോന്നമനം ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് ശ്രദ്ധേയമാണ്.

''കണ്ണിനു ചെവിയെക്കാൾ അധികം ഗ്രഹണശക്തിയുണ്ടെന്നുള്ളതു സർവ്വസമ്മതമാകുന്നു. കേട്ടു വിശ്വസിക്കുന്നതിനേക്കാൾ കണ്ടു വിശ്വസിക്കുന്നതിൽ അധികം ഉറപ്പുണ്ടല്ലൊ. നമ്മുടെ രക്ഷകാരന്റെ കഷ്ടാനുഭവങ്ങളെയും ഉപദെശങ്ങളെയും മരണത്തെയും

IN EVER LOVING MEMORY OF OUR PARENTS

C.E. MATHAI
Died on: 27.05.2012

MARIAMMA MATHAI
Died on: 28.08.2007

CHIRAKKAROTTU HOUSE, ULLANNOOR

Inserted by C.M.James & Family

Best Compliments from...



Hony Capt. (Retd.) C.M. James & Lilly James
(Former Parish Secretary & Trustee)

CHIRAKKAROTTU GRACE, ULLANNOOR

ഗത്സമേൻ തോട്ടം

മറ്റും കുറിച്ചു വേദപുസ്തകത്തിൽ നിന്നു നമുക്കു കിട്ടിയിരിക്കുന്ന അറിവുകൾ ആ സംഭവങ്ങൾ നടന്ന സ്ഥലങ്ങളെയും അവിടെ ഇപ്പൊഴും നിലനിൽക്കുന്ന അടയാളങ്ങളെയും കാണുമ്പൊൾ എത്ര മനസ്സിൽ ഉറയ്ക്കുമെന്നും എത്ര തീഷ്ണതയുണ്ടാകുമെന്നും അനുഭവിച്ചെങ്കിലെ അറിയൂ. പിതാവിനെ വന്ദിക്കുന്നതു ംരം മലയിലുമല്ല യെറുശ്ലേമിലുമല്ല ആത്മാവിലും സത്യത്തിലും വന്ദിക്കണമെന്നു നമ്മുടെ കർത്താവു ശമ്മറിയാക്കാരത്തി സ്ത്രീയോടു കല്പിച്ചതുപോലെ ക്രിസ്ത്യാനികൾക്കു ദൈവത്തെ എവിടെയും സേവിക്കാവുന്നതാണ്. എന്നാലും നാം അല്പവിശ്വാസികളും പാപികളും ആകുന്നതിനാൽ ചെവികൊണ്ടു ഗ്രഹിക്കാവുന്നതിൽ അധികം കണ്ണുകൊണ്ടു ഗ്രഹിക്കുമ്പൊൾ ഉണ്ടാകുന്ന വിശ്വാസസ്ഥിരതയും മനസ്സിന്റെ ഭക്തിയും യെറുശ്ലേം യാത്രയിൽനിന്നു ഉത്ഭവിക്കുന്നുണ്ടന്നു നാം രുചിച്ചറിഞ്ഞിരിക്കുന്നു.''

ഒരു യാത്രയുടെ സാമാന്യാനുഭവമാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. അതൊരു തീർത്ഥാടന സ്വഭാവമുൾക്കൊള്ളുമ്പോൾ സ്വാഭാവികമായി സംഭവിക്കുന്ന ആത്മനവീകരണത്തിന്റെ ഹൃദ്യതയും ആവിഷ്കരിക്കപ്പെടുന്നുണ്ട്. അനാഡംബരമായ ശൈലിയിൽ ഒരു സത്യാന്വേഷിയുടെ നിർമ്മമത്വത്തോടെയാണ് രചന. ഒരു നൂറ്റാണ്ടിനുശേഷം നടത്തുന്ന പുനർവായനയിലും പുത്തൻ അനുഭവമായി അതു നിലനില്ക്കുന്നു. ഗ്രന്ഥകാരന്റെ കാഴ്ചയുടെ പൂർണതയാണ് പ്രശംസനീയമായിരിക്കുന്നത്.

ഒരു നൂറ്റാണ്ടിനപ്പുറം പൗരസ്ത്യസഭയിൽ നിന്ന് ഒരു മഹാപുരോഹിതൻ ചരക്കുകപ്പലിലും തീവണ്ടിയിലുമൊക്കെ സാഹസികമായി യാത്ര ചെയ്യുക; അതിന്റെ ലക്ഷ്യം പുണ്യസ്ഥാനങ്ങൾ സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കുന്നത് മാത്രമാവുക; യാത്രാച്ചെലവുകൾ സ്വന്തം നാട്ടിൽനിന്നു തന്നെ വിശ്വാസികൾ 'കൈമുത്താ'യി നൽകുക-ഇതൊക്കെ ഇക്കാലത്തെ ചില വിദേശ സഞ്ചാരങ്ങളോടു താരതമ്യം ചെയ്യുമ്പോൾ എത്ര അത്ഭുതകരവും ആദരണീയവുമാണ്! സാത്വികനായ ഒരു വേദജ്ഞന്റെ സത്യസന്ധതയും ഹൃദയവിശുദ്ധിയും 'ഊർശ്ലേം യാത്രാവിവരണ'ത്തിൽ അനുഭവവേദ്യമായിരിക്കുന്നു.

ഉയിർപ്പുനാളിൽ വിശുദ്ധ കബറിടത്തിൽ താനേ ഉണ്ടാകുന്നതായി വിശ്വസിക്കപ്പെടുന്ന 'പുത്തൻ തീ'യെക്കുറിച്ച് പരിശുദ്ധ പരുമല തിരുമേനി പരാമർശിക്കുന്നുണ്ട്. ആസ്വാദക മനസ്സിൽ 'പുത്തൻ തീ'യുടെ പ്രകാശം നിറയ്ക്കാൻ പര്യാപ്തമാണ് 'ഊർശ്ലേം യാത്രാവിവരണം.' സാഹിത്യ ചരിത്രത്തിൽ അതിന്റെ സ്ഥാനം ആദ്യമല്ലെന്നു തന്നെ ഇരിക്കട്ടെ. രണ്ടാമതോ മൂന്നാമതോ ആയിക്കൊള്ളട്ടെ. അത് എങ്ങനെയായാലും ഈ ഗ്രന്ഥം പകർന്നു നൽകുന്ന ആത്മീയാനുഭവം അദ്വിതീയം തന്നെയാണ്.

In Loving Memory of

SKARIAH DANIEL (94)
Died on: 19.03.2021

ALEYAMMA DANIEL (70)
Died on: 28.07.1999



M.D. BABU
Date of Birth: 28.11.1957
Died on: 17.06.1994

M.D. THANKACHAN
Date of Birth: 20.07.1962
Died on: 14.01.2000

MANAKKAL KAROTTU, ULLANNOOR

Inserted by sorrowing family

സമയമാം രഥത്തിൽ...



എം.എൻ. കാരശ്ശേരി

എങ്ങനെയെന്നറിഞ്ഞുകൂടാ, അകാലത്തിൽ മരിച്ചു പോവുകയാണ് എന്റെ വിധി എന്ന് എനിക്ക് അക്കാലത്ത് തീർച്ചവന്നു. അതിനുള്ള ഒരു നിമിത്തം മാത്രമായിരിക്കും ഈ നശിച്ച പള്ളവേദന.

ഓർമവച്ച കാലം മുതലേ ഞാനൊരു പള്ളവേദനക്കാരനാണ്. എന്റെ ഉമ്മയും ഇതേ സുഖക്കേടുകാരിയായിരുന്നു. എന്റെ ബാല്യകാലസ്മരണകളിൽ മഴക്കാലത്ത്, കൊടൂരമായ പള്ളവേദനയിൽ സഹികിട്ടാതെ, കട്ടിലിനു ചുവട്ടിൽ ചകിരിത്തീ കൂട്ടിയിട്ട് മേത്ത് കുത്തിക്കയറുന്ന കരിമ്പടവും പുതച്ച്, ഉമ്മ ഞെരിപിരി കൊള്ളുന്ന ചിത്രം തെളിഞ്ഞു കിടപ്പുണ്ട്; അന്നത്തെ അവരുടെ നേർത്ത നിലവിളിയുടെ അലകളുണ്ട്; ഞാനും ഉമ്മയും കലക്കിക്കുടിച്ചിരുന്ന പാൽക്കായത്തിന്റെ രൂക്ഷമായ മണവും ചവർപ്പുമുണ്ട്; ആവണക്കെണ്ണയുടെ മനംപിരട്ടുന്ന കൊഴുപ്പുണ്ട്. പള്ളിയിലെ മുസ്‌ലിയാർ പിഞ്ഞാണത്തിൽ എഴുതിത്തന്ന ഖുർആൻ വചനങ്ങൾ എത്ര ഞാൻ കലക്കിക്കുടിച്ചിരിക്കുന്നു!

കോളജ് ജീവിതത്തിന്റെ ഹരത്തിൽ ഞാൻ ആ ദീനം പോലും അവഗണിച്ച മട്ടായിരുന്നു. ഒരു കുഗ്രാമയുവാവിന് കമ്പം പിടിക്കുവാനും സ്വയം മറക്കുവാനും നഗരത്തിലും കോളജിലും എന്തൊക്കെ! ആയിടെയ്ക്കെപ്പോഴോ ആണ് ആ സിനിമ കണ്ടത് - അരനാഴിക നേരം. അതിൽ കേട്ട ഒരു പാട്ട് എന്നെ ആഴത്തിൽ സ്പർശിച്ചു.

'സമയമാം രഥത്തിൽ ഞാൻ സ്വർഗയാത്ര ചെയ്യുന്നു...
എൻസ്വദേശം കാണ്മതിന്നായ്
ഞാൻ തനിയെ പോകുന്നു...'

അതിന്റെ ഈണവും ശോകവും പണ്ടെങ്ങും ഒരു പാട്ടിനും സാധിക്കാത്ത മട്ടിൽ എന്നെ തൊട്ടു വിളിച്ചു. കണ്ണ് നനച്ചു. ഒറ്റയ്ക്കാവുമ്പോഴൊക്കെ ആ വരികൾ ഉള്ളിലെവിടെയോ ഉണർന്നെണീറ്റു. അത് ആരോ എനിക്കുവേണ്ടി എഴുതുകയും പാടുകയും ചെയ്ത ഗീതിയാണ് എന്ന് എപ്പോഴും തോന്നിയിരുന്നു. അകത്തളങ്ങളിലെവിടെയോ കുടിപാർക്കുന്ന

പള്ളവേദനയും ആ ശോകസാന്ദ്രമായ ഈണവും ഇഴചേർന്നു.

അന്ന് സന്ധ്യക്ക് പക്ഷേ, എനിക്ക് പൊറുക്കാവുന്നതിലധികമായി. വിവരം അറിഞ്ഞ ഉടനെ മൂത്താപ്പ എന്നെ കാറിൽ കയറ്റി നഗരത്തിലേക്ക് കുതിച്ചു. കനത്ത മുഖവുമായി, മനസ്സുകൊണ്ട് അല്ലാഹുവിന്റെ വിശുദ്ധനാമങ്ങൾ ഉരുവിട്ടും വലംകൈയിലെ തസ്ബീഹ് മാലയുടെ മണികൾ സാവധാനം മറിച്ചും മൂത്താപ്പ മുൻസീറ്റിൽ ഇരിക്കുന്നു. കാറിന്റെ പിൻസീറ്റിൽ വയറും പൊത്തിപ്പിടിച്ച് ഞെരിപിരികൊള്ളുമ്പോൾ, എന്തിനെന്നറിഞ്ഞുകൂടാ, ഞാൻ മനസ്സുറപ്പിച്ചു: ഇതാണ് അവസാനം!

ചില്ലിനു പുറത്ത് നേർത്ത മഴയിൽ കുതിർന്ന കോഴിക്കോട് നഗരം. ബൾബുകളുടെ കണ്ണിൽ കുത്തുന്ന വെളിച്ചം. വാഹനങ്ങളുടെ ഇരമ്പം. കാറു ചെന്നുനിന്നത് മാവൂർ റോഡിലുള്ള മൊയ്തു ഡോക്ടറുടെ വെസ്റ്റേൺ ഹോസ്പിറ്റലിന്റെ മുറ്റത്താണ്. 'ഹാജിയാരെ' കണ്ട ഉടൻ ഡോക്ടർ ഇറങ്ങിവന്നു.

''എന്താണ് ഹാജിയാരേ?''

കാറിൽനിന്ന് പുറത്തുകടന്നുകൊണ്ട് എന്നെ ചൂണ്ടി മൂത്താപ്പ പറഞ്ഞു:

''കൊറച്ചധികണ്ട്. പള്ളവേദനയാ''

''ആരാ? വേലക്കാരനാണോ?''

എന്റെ കള്ളിമുണ്ടും പഴയഷർട്ടും സൃഷ്ടിച്ച 'നിലവാരം' ഓർത്ത് എനിക്കൽപ്പം തമാശ തോന്നി.

മൂത്താപ്പ പെട്ടെന്ന് പറഞ്ഞു:

''അല്ലല്ല. എന്റെ സ്വന്തം അനുജന്റെ മകനാ.''

ഡ്രൈവറുടെയും നഴ്സിന്റെയും ഡോക്ടറുടെയും കൈത്താങ്ങോടെ പരിശോധനാമുറിയിലെ മേശപ്പുറത്തെത്തി. വേദന കൊടൂരമായി. ഞാൻ നിലവിളിക്കുകയും കാലിട്ടു തല്ലുകയും ചെയ്യുന്നതിനിടയിൽ ഡോക്ടർ, സമാധാനിപ്പിക്കാനാവാം കുശലം ചോദിച്ചു:

''മൊയ്തീൻ എന്തു ചെയ്യുന്നു''

''പഠിക്കുകയാണ്. ബി.എ. സെക്കൻഡ് ഇയർ.''

''ങ്ആഹാ. എന്നിട്ടാണോ, ഒരു ചെറിയ പള്ളവേദന വന്നതിന് കെടന്ന് നിലവിളിക്കുന്നത്?''

-ചെറിയ പള്ളവേദന! എനിക്ക് പള്ളയില്ല, വേദന മാത്രമേയുള്ളൂ. വേദനയുടെ ഭാരിച്ച കരിങ്കല്ലുകൾ പള്ളയ്ക്ക് മുകളിൽ അട്ടി വച്ചതു പോലെ. ഉഴിഞ്ഞിട്ടും തടവിയിട്ടും ഛർദ്ദിച്ചിട്ടും മരുന്നു കുത്തിവച്ചിട്ടും ഒന്നും പോകുന്നില്ല, കുറയുന്നില്ല; കൂടുകയാണ്.

മൊയ്തു ഡോക്ടർ ചന്ദ്രിക എന്നു പേരായ നഴ്സിനെ എന്നെ നോക്കാനേൽപ്പിച്ച് പുറത്തേക്കു പോയി. മെലിഞ്ഞുനീണ്ട ചന്ദ്രിക സുന്ദരിയാണ്. സൗഹാർദം നിറഞ്ഞ ചിരിയും വർത്തമാനവും. ഞാൻ കാലിട്ടു തല്ലുന്നതിനാൽ ഡ്രൈവർ മമ്മദ് കാലുകൾ അമർത്തിപ്പിടിച്ചിരിക്കുന്നു. ഒരു സമാധാനം കിട്ടുന്നതിനു വേണ്ടി വയറ്റിൽ വേദനയുള്ള സ്ഥലത്ത് ചന്ദ്രിക കൈവച്ചിരിക്കുന്നു.

വേദന കത്തിപ്പടരുകയാണ്. ഞാൻ വല്ലാതെ വിയർത്തിരിക്കുന്നു. കാറിനു ചാരി, ട്യൂബ് ലൈറ്റിന്റെ പ്രകാശത്തിൽ കുളിച്ച്, ആകാംക്ഷാഭരിതനായി നിൽക്കുന്ന മൂത്താപ്പയുടെ കനത്തമുഖം ജനലിലൂടെ കാണാം.

ഡോക്ടർ വീണ്ടും വന്നു. വീണ്ടും നാഡിയും നാവും പരിശോധിച്ചു. ശരീരത്തിന്റെ പല ഭാഗത്തും കുഴലുവച്ചുനോക്കി, വിരലു മടക്കി കൊട്ടി നോക്കി. മൂത്താപ്പ മുറിയിലേക്ക് കടന്നു വന്നു. ഡോക്ടറുടെ മുഖത്തും ആകാംക്ഷയുടെ കനവും പിടികിട്ടായ്മയും. ഞാൻ ഉറപ്പിച്ചു: എന്തോ കാര്യമായ കുഴപ്പമുണ്ട്. ഇതാണ് അവസാനം! വീട്ടിൽ നിന്ന് ഉമ്മയോ മറ്റാരെങ്കിലുമോ ഇനിയും വന്നെത്തിയിട്ടില്ല. അവരാരെങ്കിലും വിവരമറിഞ്ഞുകാണുമോ?

ഡോക്ടർ പറഞ്ഞു:

''ഹാജിയാരേ, നമുക്ക് മോഹൻദാസിനെ വരുത്താം.''

ഞാൻ കണ്ണടച്ചു കിടന്നു. മോഹൻദാസ്. നാലപ്പാട്ട് ബാലാമണിയമ്മയുടെ മകൻ. എനിക്ക് ശകലം അന്തസ്സു തോന്നി. മാധവിക്കുട്ടിയുടെ ആങ്ങള എന്നെ പരിശോധിക്കാൻ വരുന്നു!

നേർത്ത മഴ വീണ്ടും തുടങ്ങി. പിൻഭാഗത്തെ ജനലിനു പുറത്ത് മുറ്റിക്കറുത്ത രാത്രി. അതിനും പുറകിലെവിടെയോ നഗരജീവിതത്തിന്റെ തിരക്കുകളുടെ പിടച്ചിൽ.

വേദന കൊടൂരമായ അവസരത്തിൽ, ഞാൻ പിടയുന്നതിനിടയിലാണ്, ഡോക്ടർ മോഹൻദാസിനെയും കൂട്ടി മൊയ്തു ഡോക്ടർ വന്നത്.

ഇരുവരും ചേർന്ന് വിശദമായി പരിശോധിച്ചു. എല്ലാം കഴിഞ്ഞ് മോഹൻദാസ് സുഹൃത്തിനോട് പറഞ്ഞു:

''ഇറ്റ് ഈസ് എ ഗോൺ കെയ്സ്. വെരി സീരിയസ്. ഐ ഹാവ് നോ ഹോപ്.''

ഞാൻ നടുങ്ങി: റബ്ബേ!

മൊയ്തു ഡോക്ടർ പെട്ടെന്നെന്തോ ഓർത്തിട്ടെന്നപോലെ വിളിച്ചു:

''ഡോക്ടർ!''

മോഹൻദാസ് തുടർന്നു: ''ഹോപ്ലസ്ലി സീരിയസ്. എനി വേ, ലറ്റ് അസ് ഹാവ് എ സർജറി ഇമ്മീഡിയറ്റ്ലി.''

മൊയ്തു ഡോക്ടറുടെ മുഖം അടികിട്ടിയ പോലെ

ചുളുങ്ങി. വളരെ സൗമ്യസ്വരത്തിൽ മോഹൻദാസ് എന്നോട് പറഞ്ഞു:

''സാരമില്ല. നമുക്ക് ഒരു ഓപ്പറേഷൻ വേണ്ടിവരും.''

ഞാൻ അദ്ദേഹത്തോട് തിരിച്ചുചോദിച്ചു: ''ടുഡെ ഇറ്റ്സൽഫ്?''

മോഹൻദാസ് ഞെട്ടി. അദ്ദേഹം മറുപടി പറയുന്നതിനു പകരം തലവെട്ടിച്ച് മൊയ്തുഡോക്ടറെ നോക്കി. അപ്പോൾ മൊയ്തുഡോക്ടർ, ഏതാണ്ട് ക്ഷമാപണം പോലെ, പറഞ്ഞു:

''ഹി ഈസ് റീഡിങ് ഫോർ സെക്കൻഡ് ബി.എ.''

ഒരു നിമിഷം കഴിഞ്ഞ് മനസ്സാന്നിധ്യം വീണ്ടെടുത്ത് മോഹൻദാസ് എന്നോട് പറഞ്ഞു: ''ഐയാം സോറി, വെരി സോറി. കുറച്ചു സീരിയസാണ്. നമുക്ക് നോക്കാം. ഉടനെ ഓപ്പറേഷൻ വേണ്ടിവരും.'' എന്റെ കവിളിൽ തട്ടിക്കൊണ്ടു തുടർന്നു: ''നവർമൈൻഡ്. ബി കറേജിയസ്. ഓകെ.''

മൊയ്തു ഡോക്ടർ എന്റെ മുഖത്തേക്ക് നോക്കാതെ പുറത്തേക്ക് നടന്നു. പുറകെ മോഹൻദാസും. ചന്ദ്രിക വശ്യമായ ശബ്ദത്തിൽ എന്നോട് എന്തൊക്കെയോ സാന്ത്വനം പറയുന്നുണ്ട്..

ഞാൻ പെട്ടെന്ന് ഈ ലോകത്തിലെ ഒരേയൊരു മനുഷ്യജീവിയായിത്തീർന്നിരിക്കുന്നു!

മുമ്പിൽ പകച്ച മുഖവുമായി മമ്മദ്. വയറ്റിൽ വേദനയുടെ ഇരുമ്പുകൂടം...ഒരു പക്ഷേ, ഒരു പക്ഷേ... കാൻസറാവാം.

കുറച്ചു സമയത്തിനകം ഓപ്പറേഷൻ. ആ അബോധത്തിന്റെ രാവ് പിന്നെ ഒരിക്കലും ഒടുങ്ങുകയില്ല. അളന്നറിയാനാവാത്ത ആഴമുള്ള ഏതോ ഇരുൾക്കയത്തിലേക്കു പതുക്കെപ്പതുക്കെ താണുതാണ്...

ഉള്ളിലെവിടെയോ നുരയിട്ട നടുക്കവും നിലവിളിയും എവിടെ നിന്നോ കടന്നു വന്ന മരവിപ്പിൽ ലയിച്ചു. മനസ്സിലും ശരീരത്തിലും ആ മരവിപ്പ് കയറുകയാണ്. എനിക്ക് ഒന്നുമില്ല. പള്ളവേദനയോ, മരണഭയമോ ഒന്നും.

പെട്ടെന്ന് ഞാൻ എല്ലാറ്റിൽ നിന്നും മുക്തനായി. അതിനുമുമ്പ് ഒരിക്കലും അറിഞ്ഞിട്ടും അനുഭവിച്ചിട്ടും ഇല്ലാത്ത ഏതോ നിസ്സംഗതയുടെ ശാന്തതയ്ക്ക് മുകളിൽ ഞാൻ പൊങ്ങിക്കിടക്കുകയാണ്.

അത്തരം ഒരു ശാന്തി ഏതാനും നിമിഷം മുമ്പ് എന്റെ സങ്കൽപ്പങ്ങൾക്കു പോലും പിടിതരാത്ത ഏതോ അനുഭവമായിരുന്നു: എനിക്ക് ഒന്നുമില്ല. എനിക്ക് ആരുമായും ഒരു ബന്ധവുമില്ല. ഒന്നും സംഭവിച്ചിട്ടില്ല; ഒന്നും സംഭവിക്കാനുമില്ല.

കാലം നിന്നുപോയിരിക്കുന്നു. സ്വന്തം ശരീരത്തിന്റെ സാന്നിധ്യം പോലും അനുഭവപ്പെടുന്നില്ല. ഏതോ ശൂന്യതയിലേക്ക് ഞാൻ വീണു പോയിരിക്കുന്നു. അല്ല, ഞാനാണ് ആ ശൂന്യത. നിശ്ശബ്ദവും നിശ്ശൂന്യവുമായ ഇല്ലായ്മ!

''പേടിക്കേണ്ടട്ടോ, ഓപ്പറേഷൻ കഴിഞ്ഞാൽ എല്ലാം ശരിയാകും.''

ഞാൻ മന്ദഹസിച്ചു. സ്നേഹശീലയായ ഈ നഴ്സ് ഇങ്ങനെ നുണ പറയുന്നതെന്തിനാണ്? പത്തൊമ്പതാമത്തെ വയസ്സിൽ, എതാനും മണിക്കൂർ കഴിഞ്ഞാൽ ഞാൻ പള്ളിക്കാട്ടിൽ കബറടക്കപ്പെടും. ഉമ്മയും മറ്റുള്ളവരും അപ്പോഴും ഉണ്ടാവും. ഞാൻ മാത്രം ഇല്ല! ആ ഇല്ലായ്മ അറിയാൻകൂടി മാർഗമില്ലാത്ത തരത്തിൽ ഞാൻ ഇല്ലായ്മയായിത്തീരും.

കാലം നിന്നുപോയിരിക്കുന്നു. സ്വന്തം ശരീരത്തിന്റെ സാന്നിധ്യം പോലും അനുഭവപ്പെടുന്നില്ല. ഏതോ ശൂന്യതയിലേക്ക് ഞാൻ വീണു പോയിരിക്കുന്നു. അല്ല, ഞാനാണ് ആ ശൂന്യത. നിശ്ശബ്ദവും നിശ്ശൂന്യവുമായ ഇല്ലായ്മ!

ഞാൻ ആരെയും അന്വേഷിച്ചില്ല. ഒന്നും ചോദിച്ചില്ല. ഉമ്മയടക്കം ആരെയും കാണണമെന്നും തോന്നിയില്ല. മറ്റൊരാൾക്ക് എന്നല്ല, എനിക്ക് തന്നെയും മനസ്സിലാക്കാൻ പ്രയാസമായ തരത്തിൽ സങ്കീർണമായ ഏതോ ലാളിത്യമായി ഞാൻ തീർന്നിരിക്കുന്നു.

നേർത്ത സ്ഫടികനാളിയിലൂടെ തുള്ളിതുള്ളിയായി ഇറ്റിറ്റുവീഴുന്ന ഗ്ലൂക്കോസിന്റെ കണങ്ങളും നോക്കി ഞാൻ കിടന്നു. ഒന്ന്, രണ്ട്, മൂന്ന്, നാല്...ഇറുന്നുവീഴുന്ന ആയുസ്സിന്റെ കണികകൾ. എണ്ണപ്പെട്ട നിമിഷങ്ങൾ. രക്തധമനികളിലേക്ക് പതുക്കെ അരിച്ചുകയറുന്ന ഗ്ലൂക്കോസിന്റെറ തണുപ്പ്.

മൊയ്തു ഡോക്ടറും മൂത്താപ്പയും വീണ്ടും മുറിയിലേക്ക് കടന്നു വന്നു. വിങ്ങുന്ന മുഖങ്ങൾ. സാധാരണയായി കനത്തെ ഒച്ചയിൽ ചിരിക്കുകയും വർത്തമാനം പറയുകയും ചെയ്യുന്ന മൂത്താപ്പയുടെ മൗനം.

ഡോക്ടർ വീണ്ടും നാഡി പരിശോധിച്ചു. പിന്നെയും പള്ളയിൽ കൈയമർത്തി.

''എന്താണ് ഡോക്ടർ, എനിക്ക് സുഖക്കേട്?''

ഡോക്ടർ ഒന്നാലോചിച്ചിട്ടു പറഞ്ഞു: ''വയറ്റിൽ എന്തോ കാര്യമായ കുഴപ്പമുണ്ട്. ഓപ്പറേഷൻ ചെയ്താലേ കൃത്യമായി പറയാൻ പറ്റൂ. ഞങ്ങൾ സംശയിക്കുന്നത് കുടലിന്റെറ ഒരു ഭാഗം പഴുത്തുപോയി എന്നാണ്. ചിലപ്പോൾ അവിടെ പൊട്ടിപ്പോയിരിക്കാം. എന്നാലും ശരിയാക്കാം. പെപ്റ്റിക് അൾസർ ആയിരിക്കാം. വളരെ അഡ്വാൻസ് ചെയ്തു പോയി.

നീ എത്രയോ ദിവസം വേദനയുമായി, ആരോടും പറയാതെ നടന്നു. അതാണ് കോംപ്ലിക്കേറ്റഡ് ആയത്. സാരമില്ല. ശരിയാവും.''

ഗ്ലൂക്കോസിന്റെ കണിക ബൾബിന്റെ പ്രകാശം തട്ടി കണ്ണീർക്കണം പോലെ തിളങ്ങുന്നതും നോക്കി ഞാൻ കിടന്നു.

അപ്പോൾ എനിക്ക് വൈക്കം മുഹമ്മദ് ബഷീറിനെ ഓർമ്മ വന്നു.

ഞാൻ സിസ്റ്ററോട് പറഞ്ഞു:

''ഇന്ന് ചന്ദ്രിക വീക്കിലി ഇറങ്ങിയിട്ടുണ്ടാവും.''

''അതിനെന്താ?''

''എനിക്ക് ചന്ദ്രിക വീക്കിലി വേണം. മമ്മദേ, നീ വാങ്ങി വാ.''

സിസ്റ്റർക്ക് ലേശം അവിശ്വാസം തോന്നിയിരിക്കണം. ''എന്താ മൊയ്തീൻ, ഈ കിടപ്പിൽ കിടന്ന് വായിക്കുമോ?''

''നോക്കാം.''

ഞാൻ വീക്കിലിയുടെ പുറങ്ങൾ മറിച്ചു. എന്റെ ഉഴലുന്ന കാലുകൾ മമ്മദ് പിടിച്ചു വച്ചിരിക്കുന്നു. ഉയർന്നു പോകുന്ന പള്ള സിസ്റ്റർ അമർത്തിപ്പിടിച്ചു. അവർ രണ്ടാളും ഒരെതിരും പറഞ്ഞില്ല. ഒരാളുടെ അവസാനത്തെ ആഗ്രഹമല്ലേ എന്ന് കരുതിക്കാണും. 'ഓർമയുടെ അറകൾ' എന്ന പരമ്പരയുടെ പുറങ്ങൾ കൈയിൽ തടഞ്ഞു. അധ്യായത്തിന്റെ പേര്: 'അച്ഛൻ വീഴുമ്പോൾ.' നീലനിറമുള്ള തല ക്കെട്ട്. അതിന് താഴെ ബഷീറും ഭാര്യയും മകളും പുഴക്കരയിൽ മരയട്ടികൾക്കിടയിൽ നിന്ന് ദൂരേക്ക് നോക്കി നിൽക്കുന്ന ചിത്രം.

ഞാൻ അത് വായിച്ചെത്തിച്ചു. ഞാൻ കാണുന്ന അവസാനത്തെ മലയാള അക്ഷരങ്ങൾ.

പിന്നീടെപ്പോഴോ, മയക്കത്തിലേക്ക് വഴുതിയിറങ്ങിയ ഞാൻ പറഞ്ഞറിയിക്കാനാവാത്ത ഏതോ ചലനം അനുഭവപ്പെട്ടപ്പോഴാണ് പ്രയാസപ്പെട്ട് കണ്ണ് തുറന്നത്. ആ കിടപ്പിൽ, എന്നെ ആരോ തള്ളിക്കൊണ്ടു പോവുന്നു. മയ്യത്തു കട്ടിലിലാണോ? മൃതദേഹത്തിന് ചലനം അനുഭവപ്പെടുമോ? മരുന്നുകളുടെ ഗന്ധം. ഡെറ്റോളിന്റെ മണം. സ്ട്രെച്ചറിലാണ്. ഓപ്പറേഷൻ തിയറ്ററിലേക്ക് കൊണ്ടുപോവുകയാവാം. കോലായയുടെ രണ്ടു ഭാഗത്തുനിന്നും സ്ട്രെച്ചറിലേക്ക് എത്തിനോക്കുന്ന അപരിചിതമുഖങ്ങളിൽ മരവിപ്പും പകപ്പും. അതിനിടയിലെവിടെയോ മാധവൻ നായരുടെ മുഖം കാണുകയുണ്ടായോ?

അപ്പോൾ ഞാൻ ആ പാട്ട് വ്യക്തമായി കേട്ടു:

'സമയമാം രഥത്തിൽ ഞാൻ...'

എന്റെ ഉള്ളിലെ മരവിപ്പിൽ എവിടെയോ ദുഃഖത്തിന്റെ മുള പൊടിച്ചു. അങ്ങനെ ദുഃഖം തോന്നുന്നതിൽ വലിയ ആശ്വാസം തോന്നി. ഞാൻ ക്രിസ്തുവിനെ ഓർമിച്ചു. പാട്ട് പുറമെ നിന്ന് കേട്ടിരുന്നുവോ, അതോ ഉള്ളിൽ തോന്നിയതോ?

ഞാൻ സമയത്തിന്റെ സ്ട്രെച്ചറിൽ കിടന്ന് മുന്നോട്ടു നീന്തുകയാണ്. ഏതാണ് മുന്ന്? ഏതാണ് പിന്ന്?

ഓപ്പറേഷൻ തിയറ്ററിൽ മുഖവും തലയും മൂടിക്കെട്ടിയ ആണുങ്ങളും പെണ്ണുങ്ങളും. മരണത്തിന്റെ ജോലിക്കാർ. മോഹൻദാസിന്റെ കണ്ണുകളിലെ പരിചയഭാവം ഞാൻ തിരിച്ചറിഞ്ഞു.

മൊയ്തു ഡോക്ടറുടെ അലിവുള്ള ശബ്ദം:

''മൊയ്തീൻ, ഇപ്പോൾ നിനക്ക് ഊരക്ക് ഒരു ഇൻജക്ഷൻ തരും. ശകലം വേദന കാണും. സാരമില്ല, കേട്ടോ.''

ഇൻജക്ഷൻ വന്നു. കാൽമുട്ടിലെവിടെയോ എന്തോ പൊട്ടി. പെട്ടെന്ന് മുട്ടിന്റെ താഴെ മരവിച്ചു. പിന്നെ പതുക്കെ മരവിപ്പ് മുകളിലേക്ക്. കഴുത്തറ്റം വന്ന് മരവിപ്പുനിന്നു. ശരീരത്തിന്റെ മുക്കാൽഭാഗം മരിച്ചുകഴിഞ്ഞു. ഇപ്പോഴും ഡോക്ടർമാരെക്കാണാം. വർത്തമാനം കേൾക്കാം.

മോഹൻദാസിന്റെ നിരാശയിൽ കുതിർന്ന ചോദ്യം: ''വൈ ഷുഡ് വി ഓപ്പൺ ദിസ് സ്റ്റൊമക്ക്? ഇറ്റ് ഈസ് എ ഗോൺ കെയ്സ്.''

–ഞാൻ കേൾക്കും എന്ന കൂട്ടം കൂടിയില്ല.

മൊയ്തു ഡോക്ടറുടെ അപേക്ഷാസ്വരം:

''എനിവേ, ലറ്റ് അസ് ട്രൈ ഡോക്ടർ.''

കണ്ണുകളിൽ മയക്കത്തിന്റെ ചിലന്തി നൂലുകൾ. അവ കെട്ടുപിണയുന്നു; കറുത്ത് കട്ടികൂടുന്നു. ഇരുൾ മുടി വരുന്നു. ഇരുളിന്റെ കയത്തിലേക്ക് ഞാൻ താഴ്ന്നു താഴ്ന്നു പോവുകയാണ്... ഏതോ ഗുഹയിലൂടെ താഴോട്ട്, താഴോട്ട്, പിന്നെയും അടിയിലേക്ക്...

അനവധിയനവധി മണിക്കൂറുകൾക്കു ശേഷം ആയാസപ്പെട്ടു കണ്ണു തുറക്കാൻ ശ്രമിക്കുമ്പോൾ ക്ഷീണിച്ച കൺപോളകളിൽ കുത്തിത്തറയ്ക്കുന്ന വെളിച്ചത്തിന്റെ ഭാരം. കൺപോളകൾക്ക് മുകളിൽ കരിങ്കല്ലുകൾ കയറ്റി വച്ചിരിക്കുന്നതാരാണ്?

അകലാൻ മടിക്കുന്ന കൺപോളകൾക്കിടയിലൂടെ ഏതോ പുതിയ വിദ്യ പഠിക്കുംപോലെ, ഞാൻ എത്തിച്ചു നോക്കി – പരലോകം ഇത്ര പ്രകാശപൂർണമാണോ? ആ മൂലയിൽ നിന്ന് കരയുന്നതാരാണ്? ഉമ്മയെങ്ങനെ ഇവിടെയെത്തി?

ഏതോ കുന്നിൻമുകളിൽ നിന്നെന്നപോലെ, മൊയ്തു ഡോക്ടറുടെ ആഹ്ളാദപൂർണമായ ശബ്ദം:

''മൊയ്തീൻ, മൊയ്തീൻ. ശരിക്ക് കണ്ണുതുറക്ക്. നീ ഞങ്ങളെ പേടിപ്പിച്ചു കളഞ്ഞല്ലോ.''

'വെളിവുനിറഞ്ഞോരീശോ'യും കൊട്ടാരത്തിൽ ശങ്കുണ്ണിയും

ഡോ. പോൾ മണലിൽ

'ഐതിഹ്യമാല'യുടെയും അനേകം മണിപ്രവാള കൃതികളുടെയും ആട്ടകഥകളുടെയും തുള്ളൽപ്പാട്ടുകളുടെയും കൈകൊട്ടിക്കളിപ്പാട്ടുകളുടെയും ഭാഷാ നാടകങ്ങളുടെയും കർത്താവായ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ (1855-1937) നൂറ്റിയെഴുപതാം ജന്മദിനാഘോഷം 2025 ഏപ്രിൽ ഒമ്പതിനു കോട്ടയത്തു കേരള ഗവർണറുടെ സാന്നിധ്യത്തിൽ നടത്തിയപ്പോൾ, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവയായിരുന്നു ചടങ്ങിൽ അധ്യക്ഷപദവി അലങ്കരിച്ചത്. പ്രസ്തുത ചടങ്ങിന്റെ പ്രാരംഭമായി നമ്മുടെ വിശുദ്ധ കുർബ്ബാനയുടെ ആരംഭത്തിൽ ആലപിക്കുന്ന ''വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു'' എന്ന ഗാനം പാടുകയുണ്ടായി. ഈ ആലാപനത്തിന്റെ മാധുര്യം അവിടെ കൂടിയിരുന്നവർ ആസ്വദിച്ചതു രണ്ടു കാരണങ്ങൾ കൊണ്ടായിരുന്നു. മലങ്കര സഭയിലെ ആരാധന ക്രമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു ഗാനം രചിച്ചതു കൊട്ടാരത്തിൽ ശങ്കുണ്ണിയാണ് എന്നുള്ളതാണ് ഒന്നാമത്തെ കാര്യം. മറ്റൊന്ന്, ഈ ഗാനത്തിന്റെ സാഹിത്യഭംഗിയാണ്. ഭാഷയുടെ സൗന്ദര്യം പത്തൊമ്പതാം നൂറ്റാണ്ടിൽ രചിക്കട്ടെ ഈ ഗാനത്തിൽ ഉൾച്ചേർത്തിരിക്കുന്നു.

'വെളിവുനിറഞ്ഞോരീശോ' എന്ന ഗാനം മാത്രമല്ല നമ്മുടെ കുർബ്ബാനമദ്ധ്യേ ആലപിക്കുന്ന ''അൻപുടയോനേനിൻവാതിൽ'', 'ഭൂവിലശേഷം ദൈവത്താൽ പ്രേരിതരായ'', ''പൗലോസ് ശ്ലീഹാധന്യൻചൊൽകേട്ടേ നിതേവം'' എന്നീ ഗാനങ്ങളും കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ തൂലികത്തുമ്പിൽ നിന്നുതിർന്നവയാണെന്നു വിശ്വസിക്കപ്പെടുന്നു. ഇതിനൊന്നും രേഖാമൂലമായ തെളിവുകൾ നമ്മുടെ സഭയുടെ ഏതെങ്കിലും ഗ്രന്ഥത്തിൽ ഉൾപ്പെടുത്തി കണ്ടിട്ടില്ല. എന്നാൽ, സഭാകവി സി.പി. ചാണ്ടിയുടെ മാത്രമല്ല ആരാധനസംഗീതത്തിന്റെ വിവർത്തനങ്ങളിൽ പങ്കാളികളായിരുന്ന പരിശുദ്ധ പരുമല തിരുമേനി, പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി, കോനാട്ട് മാത്തൻ മല്പാൻ, കണ്ടത്തിൽ വറുഗീസ് മാപ്പിള എന്നിവരുടെ നാമങ്ങൾ പോലും നമ്മുടെ ഏതെങ്കിലും ചരിത്രപുസ്തകത്തിൽ രേഖപ്പെടുത്തിവച്ചിട്ടുണ്ടോയെന്ന് ഇത്തരുണത്തിൽ ചോദിക്കാതെ വയ്യ. ഒന്നിനും ഒരു രേഖയും പരിപാലിക്കാത്ത ഒരു രീതി നമ്മുടെ ഇടയിൽ ആദ്യകാലം മുതൽ ഉള്ളതിനാൽ ആരാധന

ഗീതങ്ങളുടെയും മറ്റു പല ഗദ്യപദ്യ രചനകളുടെയും വിവർത്തനങ്ങളുടെയും കർതൃത്വം ഇന്നും അജ്ഞാതമായി തുടരുന്നു.

എന്നാൽ, എങ്ങനെയാണ് കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ നാമം മലങ്കരസഭയുടെ ആരാധന ഗീതങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നു കേൾക്കുന്നത്? എന്തായാലും സാഹിത്യ ചരിത്രത്തിലുള്ള അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൊട്ടാരത്തിൽ ശങ്കുണ്ണി നമുക്ക് ഒരു പ്രാതഃസ്മരണീയൻ തന്നെയാണ്.

കൊട്ടാരത്തിൽ ശങ്കുണ്ണി

മലയാള ഭാഷയുടെ ഉല്പത്തിക്കു മുമ്പു തന്നെ കേരളത്തിൽ സുറിയാനി ക്രിസ്ത്യാനികൾ ഉണ്ടായിരുന്നുവെന്നതു ഒരു ചരിത്ര യാഥാർത്ഥ്യമാണല്ലോ. ആരാധനഭാഷ സുറിയാനി ആയിരുന്നതു കൊണ്ടായിരുന്നു മാർത്തോമ്മ ക്രിസ്ത്യാനികളെ സുറിയാനി ക്രിസ്ത്യാനികൾ എന്നു ചരിത്രകാരന്മാർ വിശേഷിപ്പിച്ചത്. എട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലോ ഒമ്പതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിലോ മലയാളഭാഷ രൂപം കൊണ്ടെങ്കിലും നമ്മുടെ ആരാധന ഭാഷ ഏതാണ്ട് പത്തൊമ്പതാം നൂറ്റാണ്ട് വരെ സുറിയാനി തന്നെയായിരുന്നു. സുറിയാനി ഭാഷയിൽ ആരാധന തുടർന്നതിനു മുഖ്യകാരണം, സംഗീതപരമായി സുറിയാനി ഏറ്റവും ഹൃദ്യവും മനോഹരവുമാണ് എന്നുള്ളതാണ്. പാടുംതോറും മാധുര്യം വർദ്ധിക്കുന്നതുപോലെ തോന്നും, സുറിയാനി പാട്ടുകൾ. മാർ അപ്രേം, മാർ ബാലായി, മാർ യാക്കോബ്, മാർ ഇസഹാക്, എഡേസയിലെ യാക്കോബ്, മാർ സേവേറിയോസ് തുടങ്ങിയ പിതാക്കന്മാർ സുറിയാനി സംഗീതത്തിൽ നമുക്കു പ്രാതഃസ്മരണീയരാണ്. ഈ പിതാക്കന്മാർ എഴുതിയ കവിതകളുടെ വേദശാസ്ത്രപരമായ ആഴവും പരപ്പും മെമ്രാകൾ, മദറോശോ, കോലോകൾ, ബോവൂസോ, സുഗീസോ, മാനീസാ, ത്കശെഫ്ത്ത, എനിയോനെ, കുക്കിലിയോൻ, എക്ബോ, സേബൽസോ, മാവൂർബോ തുടങ്ങി വ്യത്യസ്ത മാത്രകളിൽ രചിക്കപ്പെട്ട സാഹിത്യ രചനകളിൽ പടർന്നു കിടക്കുന്നു. സുറിയാനി പണ്ഡിതന്മാർക്കു മാത്രം കടന്നു ചെല്ലാൻ കഴിയുന്ന ഒന്നാണ് ഇന്നും സുറിയാനി സംഗീതവും സാഹിത്യവും. അവിടെ എങ്ങനെയാണ് കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ നാമം വരുന്നത് എന്നൊരു ചോദ്യം സ്വാഭാവികമാണ്.

കേരളത്തിൽ പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ ആഗമനത്തോടെയാണ് ആരാധന ഭാഷ മലയാളത്തിൽ വേണമെന്ന കാഴ്ചപ്പാട് വളർന്നുവന്നത്. പ്രൊട്ടസ്റ്റന്റ് മിഷനറിമാർ നവീകരണ ആശയങ്ങൾ പ്രചരിപ്പിച്ചതിന്റെ ഭാഗമായിട്ടാണല്ലോ സെമിനാരിയിൽ പ്രവർത്തിച്ച മാരാമൺ പാലക്കുന്നത്തു അബ്രഹാം മല്പാൻ, പുതുപ്പള്ളി കൈതയിൽ ഗീവറുഗീസ് മല്പാൻ എന്നിവർ 1836ൽ തക്സ പരിഷ്കരിച്ചു പ്രാർത്ഥനകൾ മലയാളത്തിലേക്കു വിവർത്തനം ചെയ്തു വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ചത്. അബ്രഹാം മല്പാൻ മാരാമൺ പള്ളിയിലും ഗീവറുഗീസ് മല്പാൻ കൊല്ലാട് പള്ളിയിലും 'നവീകരണ' കുർബ്ബാന അർപ്പിച്ചതോടെ മലങ്കരസഭയിൽ പുതിയൊരു പ്രതിസന്ധി രൂപംകൊണ്ടു. 1889ൽ മാർത്തോമ്മ സഭയുടെ പിറവിയിൽ അത് എത്തിച്ചേർന്നു. ഇതിനിടയിലും ഇതിനു ശേഷവും അന്ത്യോഖ്യൻ ഇടപെടലുകൾ മലങ്കരസഭയിലുണ്ടായതു മറ്റൊരു ചരിത്രം. ഇക്കാലങ്ങളിൽ തന്നെയായിരിക്കണം മലങ്കര സഭയിൽ ആരാധനാപരിഷ്കരണത്തിനുള്ള ഉദ്യമങ്ങൾ ആരംഭിച്ചതെന്നു തോന്നുന്നു. അതിനു ചുക്കാൻ പിടിച്ചതു മലങ്കര മെത്രാപ്പൊലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ആയിരുന്നു. കേരളത്തിലെ നവോത്ഥാന നായകന്മാരിൽ അഗ്രഗണ്യനെന്നു ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട പുലിക്കോട്ടിൽ തിരുമേനി തന്റെ വത്സല ശിഷ്യനായ പരുമല തിരുമേനിയെയാണ് ആരാധനാപരിഷ്ക്കരണത്തിനു ചുമതലപ്പെടുത്തിയത്.

സുറിയാനി ഭാഷയിൽ പാണ്ഡിത്യമുണ്ടായിരുന്ന പരുമല തിരുമേനി തീർച്ചയായും സുറിയാനി ക്രമങ്ങളുടെ അമരസംഗീതവും അതിന്റെ നിറങ്ങളും ആത്മാവിന്റെ അകതാരിൽ കാത്തുസൂക്ഷിച്ചിരുന്നു. പരുമലത്തിരുമേനിക്കു സുറിയാനിയിൽ മാത്രമല്ല മലയാളത്തിലും പ്രാവീണ്യമുണ്ടായിരുന്നുവെന്ന് തിരുമേനിയുടെ ഊർശ്ലേം യാത്രാവിവരണത്തിലെ ഗദ്യത്തിന്റെ സൗന്ദര്യം ആസ്വദിക്കുമ്പോൾ നമുക്കു

ബോധ്യപ്പെടുന്നുണ്ട്. അതിനാൽ മലങ്കരസഭയുടെ ആരാധനകൾ മലയാളത്തിലേക്കു വിവർത്തനം ചെയ്യാൻ പരുമലത്തിരുമേനിക്കു ഭാഷാപരമായ തടസ്സങ്ങൾക്കൊന്നും സാധ്യതയില്ല. സുറിയാനി ആരാധനയിലെ വേദശാസ്ത്രത്തിന്റെ ആഴവും അനുഭൂതിയും പരുമലത്തിരുമേനിക്ക് അന്യമായിരുന്നില്ല. എന്നാൽ, ഭാഷാപരമായ കാര്യങ്ങൾക്കു കണ്ടത്തിൽ വറുഗീസ് മാപ്പിളയെ പരുമലത്തിരുമേനി ആശയിച്ചിട്ടുണ്ടാവണം. കണ്ടത്തിൽ വറുഗീസ് മാപ്പിള എഴുതിയ 'കീർത്തനമാല' വായിച്ചതിനു ശേഷം തിരുമേനി അദ്ദേഹത്തെ അഭിനന്ദിച്ച കാര്യം ഇത്തരുണത്തിൽ ഓർക്കുന്നു. സുറിയാനി ഗാനങ്ങൾ അതേ രീതിയിൽ മലയാളത്തിലേക്കു വിവർത്തനം ചെയ്യാൻ തീർച്ചയായും മലയാള ഭാഷാ പ്രാവീണ്യവും കാവ്യപരിചയവും ആവശ്യമാണ്. കണ്ടത്തിൽ വറുഗീസ് മാപ്പിള ഇത്തരമൊരു സന്ദർഭത്തിൽ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ സാഹിത്യസേവനം സ്വീകരിച്ചിട്ടുണ്ടാവും. എന്നാൽ പരുമലത്തിരുമേനി ജീവിച്ചിരിക്കുമ്പോൾ ഗാനങ്ങളുടെ വിവർത്തനങ്ങളെല്ലാം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് കരുതുന്നത്.

കണ്ടത്തിൽ വറുഗീസ് മാപ്പിള 'മലയാള മനോരമ' സ്ഥാപിച്ച കാലം മുതൽ കൊട്ടാരത്തിൽ ശങ്കുണ്ണി മനോരമയിലും തുടർന്ന് ഭാഷാപോഷിണിയിലും സ്ഥിരമായി എഴുതിയിരുന്നുവെന്ന കാര്യം എല്ലാവർക്കും അറിവുള്ളതാണ്. മനോരമ ഓഫിസിലിരുന്നു പത്രസംബന്ധമായ കാര്യങ്ങൾ എഴുതുകയും വായിക്കുകയും തിരുത്തുകയും ചെയ്തു കഴിഞ്ഞാൽ ബാക്കി സമയം കണ്ടത്തിൽ വറുഗീസ് മാപ്പിളയുമായി സൗഹൃദ ചർച്ചകളിൽ ഏർപ്പെട്ടിരുന്ന കൊട്ടാരത്തിൽ ശങ്കുണ്ണിക്കു മലങ്കര സഭയുടെ ആരാധനയെപ്പറ്റിയും മലങ്കരസഭയിലെ ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയും നല്ല അറിവുണ്ടായിരിക്കുമെന്നു കരുതുന്നു. അതിനു വേറെയും സാഹചര്യത്തെളിവുകൾ ഉണ്ട്. അന്നത്തെ മലങ്കര മെത്രാപ്പൊലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസിന്റെ ആത്മമിത്രമായിരുന്നു കൊട്ടാരത്തിൽ ശങ്കുണ്ണി. പുലിക്കോട്ടിൽ തിരുമേനി 1893ൽ കോട്ടയത്തു മാർ ഡയനീഷ്യസ് ഹൈസ്കൂൾ (ഇന്നത്തെ എം.ഡി. സെമിനാരി ഹൈസ്കൂൾ) സ്ഥാപിച്ചപ്പോൾ അവിടത്തെ ആദ്യത്തെ മലയാളം മുൻഷിയായി കൊട്ടാരത്തിൽ ശങ്കുണ്ണിയെയാണ് നിയമിച്ചത്. സ്കൂളിൽപോലും പഠിച്ചില്ലെങ്കിലും ഭാഷയിലും സാഹിത്യത്തിലും കാവ്യകലയിലും കൊട്ടാരത്തിൽ ശങ്കുണ്ണിക്കുണ്ടായിരുന്ന പ്രാവീണ്യം കണ്ടത്തിൽ വറുഗീസ് മാപ്പിളയെപോലെ പുലിക്കോട്ടിൽ തിരുമേനിക്കും അറിയാമായിരുന്നു.

പരുമല തിരുമേനി 1902ലും കണ്ടത്തിൽ വറുഗീസ് മാപ്പിള 1904ലും ഈ ലോകത്തോടു വിടപറഞ്ഞു. പുലിക്കോട്ടിൽ തിരുമേനി കാലം ചെയ്തതു 1909ൽ ആണ്. അതിനിടയിൽ 1887 മുതൽ വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനും (വട്ടശ്ശേരിൽ തിരുമേനി), കോനാട്ട് മാത്തൻ മല്പാനും പഴയസെമിനാരിയിൽ സുറിയാനി മല്പാന്മാരായി പ്രവർത്തിക്കുന്നുണ്ടായിരുന്നു. ആരാധന സംഗീതങ്ങളുടെ വിവർത്തനങ്ങൾ പരുമലത്തിരുമേനി ചെയ്തുവച്ചതു അദ്ദേഹത്തിന്റെ ശിഷ്യനായ വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാന് പരിചിതമായിരുന്നുവെന്നു തീർച്ചയായും മനസ്സിലാക്കാം. അതുകൊണ്ടാണ് കുർബ്ബാനക്രമത്തിന്റെ വിവർത്തനത്തിനു പുലിക്കോട്ടിൽ തിരുമേനി സുറിയാനി മല്പാന്മാരെ ചുമതലടെുത്തിയത്. 'ഓർത്തഡോക്സ് സുറിയാനി സഭ കുർബ്ബാനക്രമം (ക്യംതാ ചേർത്തത്) ഒന്നാം പതിപ്പ് പ്രസിദ്ധപ്പെടുത്തിയപ്പോൾ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരും കോനാട്ട് മാത്തൻ മല്പാനും ചേർന്നെഴുതിയ വിജ്ഞാപനത്തിൽ പരുമലത്തിരുമേനിയുടെ ഉദ്യമത്തെപ്പറ്റിയും കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ സഹായത്തെപ്പറ്റിയും രേഖപ്പെടുത്തിയിട്ടുണ്ട്'. എന്നാൽ, കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ നാമം കുർബ്ബാനക്രമത്തിൽ ചേർക്കുന്നത് ഉചിതമായി തോന്നിക്കാണുകയില്ലായിരിക്കാം.

എന്തായാലും കുർബ്ബാനക്രമത്തിന്റെ ഒന്നാം പ്രതി പുറത്തിറങ്ങുന്നതിനു മുമ്പ് അതിന്റെ പണിപ്പുരയിൽ ഒരു 'ഗോൾഡൻ പീരിയഡ്' എന്ന് വിശേഷിപ്പിക്കാവുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. പരുമല തിരുമേനി ഈ ഉദ്യമം തുടങ്ങിവച്ചെങ്കിലും പൂർത്തിയാക്കാതെ തങ്ങളെ ഏല്പിച്ചെന്നാണ് വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരും കോനാട്ട് മാത്തൻ കത്തനാരും വിവർത്തനത്തിന്റെ ആദ്യപതിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതായതു പരുമലത്തിരുമേനിയുടെ വിവർത്തനത്തിന്റെ എഴുത്തുപ്രതി കോട്ടയം പഴയ സെമിനാരിയിൽ എത്തി. ഈ പ്രതി ഭാഷാസംബന്ധമായ പരിഷ്കാരത്തോടെ, വിട്ടുപോയ ആരാധനകളുടെ വിവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി പൂർത്തിയാക്കാൻ പുലിക്കോട്ടിൽ തിരുമേനി നിർദ്ദേശിച്ചു. സാഹിത്യത്തിലും പത്രപ്രവർത്തനത്തിലും തല്പരനായ പുലിക്കോട്ടിൽ തിരുമേനി ഇപ്രകാരമായിരിക്കണം കോട്ടയത്തു തന്നെയുള്ള കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെയും തന്റെ സ്ഥാപനത്തിലെ മലയാളം മുൻഷിയായ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെയും ഭാഷാ സഹായം തേടിയത്. സുറിയാനിയിൽ നിന്നും വിവർത്തനം ചെയ്തു ലഭിച്ച പാഠമാണ് ഇവർ ഗാനമാക്കിയത്. കണ്ടത്തിൽ വറുഗീസ് മാപ്പിളയെപോലെ കൊട്ടാരത്തിൽ ശങ്കുണ്ണിയും ഇതു സംബന്ധിച്ചു മനോരമയിൽ ഇരുന്നുകൊണ്ട് തങ്ങൾക്കു ലഭിച്ച വിവർത്തനത്തെപ്പറ്റി ചർച്ചചെയ്തിട്ടായിരിക്കണം രചന പൂർത്തിയാക്കിയത്.

കൊട്ടാരത്തിൽ ശങ്കുണ്ണി രചിച്ചെന്നു പറയുന്ന

ഗാനങ്ങളുടെ ഭാഷാശൈലിയും പദപ്രയോഗവും വളരെ ലളിതമാണ്. മലയാളഭാഷയുടെ തെളിച്ചം പേറുന്ന പദപ്രയോഗങ്ങൾ, സുറിയാനി ഗാനത്തിലെ ആശയം ചോർന്നു പോകാതെ നടത്തിയിട്ടുള്ള വേദശാസ്ത്രവ്യാഖ്യാന സൂചനകൾ, സുറിയാനി നിറങ്ങൾ തത്തുല്യമായ രാഗങ്ങളിലേക്കു പരിവർത്തിപ്പിച്ചുകൊണ്ട് നടത്തിയ കാവ്യരചനാശൈലി എന്നിങ്ങനെ പല കാര്യങ്ങൾ എടുത്തു പറയാനുണ്ട്. പരുമലത്തിരുമേനിയും വട്ടശ്ശേരിൽ മല്പാനും കോനാട്ട് മല്പാനും സുറിയാനിയുടെ വിവർത്തനം നടത്തിയെങ്കിൽ കണ്ടത്തിൽ വറുഗീസ് മാപ്പിളയും കൊട്ടാരത്തിൽ ശങ്കുണ്ണിയും അതു മലയാളികൾക്കു ഹൃദ്യമായ തരത്തിൽ കാവ്യരൂപങ്ങളിലേക്കു സംക്രമിപ്പിച്ചു. ഇന്നത്തെപോലെ അന്ന് പത്രപ്രവർത്തകർക്ക് അവരുടെ പേരുകൾ, എഴുതുന്ന രചനകളിൽ എല്ലാം രേഖപ്പെടുത്തിവയ്ക്കുന്ന ശീലം ഉണ്ടായിരുന്നില്ല. സാഹിത്യരസവും സാഹിത്യമഹിമയും സാഹിത്യസൗന്ദര്യവും എഴുത്തുകളിൽ ഉണ്ടായിരിക്കണമെന്ന ഒരു നിഷ്കർഷ മാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ. എന്നാൽ, കൊട്ടാരത്തിൽ ശങ്കുണ്ണി കൈവച്ച രചനകൾ അക്കാലം മുതൽ ഖ്യാതിനേടുകയുണ്ടായതായി കരുതാം.



കണ്ടത്തിൽ വറുഗീസ് മാപ്പിള

ബൈബിൾ ആദ്യമായി മലയാളത്തിലേക്കു വിവർത്തനം ചെയ്തതു കായംകുളം ഫിലിപ്പോസ് റമ്പാനാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കണ്ടനാട് നടന്ന വിവർത്തന ശില്പശാലയിൽ പങ്കെടുത്തവരുടെ ഒരു പട്ടികയുണ്ട്. അതിൽ ക്രൈസ്തവർ മാത്രമായിരുന്നല്ല ഉണ്ടായിരുന്നത്. അതുപോലെ തന്നെയാണ് ഗുണ്ടർട്ടിന്റെയും ബഞ്ചമിൻ ബെയ്ലിയുടെയും ബൈബിൾ വിവർത്തനങ്ങൾ. അക്രൈസ്തവർ അതിന്റെ വിവർത്തനസംഘത്തിലുണ്ടായിരുന്നു. ഇന്നു ബൈബിൾ വായിക്കുമ്പോൾ നമ്മൾ അതൊന്നും ഓർക്കാറില്ല.

'വെളിവുനിറഞ്ഞോരീശോ' എന്നു വായിക്കുമ്പോൾ സാധാരണ വായനക്കാർക്കു പ്രത്യക്ഷത്തിൽ എന്തു തോന്നും? 'വെളിവിനു' ബോധം എന്നൊരു സാധാരണ അർത്ഥമുണ്ട്. എന്നാൽ, കൊട്ടാരത്തിൽ ശങ്കുണ്ണി 'വെളിവുനിറഞ്ഞോരീശോ' എന്നെഴുതിയതു 'വെളിച്ചം നിറഞ്ഞ' എന്ന അർത്ഥത്തിലാണ്. കാവ്യകലയുടെ മർമ്മം തിരിച്ചറിയുന്നവർക്കേ ഇത്തരം പ്രയോഗങ്ങൾ നടത്താൻ കഴിയൂ. അതുകൊണ്ട് കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ആരാധന ഗാനരചനയ്ക്കുള്ള സാധ്യത ഏറെയാണ്. 'അൻപുടയോനേ' എന്ന പ്രയോഗം നോക്കുക. തമിഴിൽ നിന്നാണ് 'അൻപ്' എന്ന വാക്ക് മലയാളത്തിൽ പ്രചാരത്തിലായത്. കരുണയുള്ള ദൈവമേ എന്നു പ്രയോഗിക്കുന്നതിനെക്കാൾ ആകർഷകം 'അൻപുടയോനെ' എന്നു പ്രയോഗിക്കുന്നതാണല്ലോ. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ കരസ്പർശം ഇതുപോലെ പല പാട്ടുകളിലുമുണ്ട്. അതു തള്ളിക്കളയാൻ പറ്റില്ല.

വിശുദ്ധ കുർബ്ബാനക്രമത്തിൽ ഉൾപ്പെട്ടിരിക്കുന്ന പല പാട്ടുകളും കണ്ടത്തിൽ വറുഗീസ് മാപ്പിളയാണ് രചിച്ചിരിക്കുന്നതെന്നും അദ്ദേഹത്തിന്റെ മഹത്വം ലഘൂകരിച്ചുകാണാനാണ് അതിന്റെ കർതൃത്വം കൊട്ടാരത്തിൽ ശങ്കുണ്ണിക്കു ചാർത്തികൊടുക്കുന്നതെന്നും ഒരു ആരോപണം ഉയർന്നിട്ടുണ്ട്. കണ്ടത്തിൽ വറുഗീസ് മാപ്പിള മഹാപ്രതിഭാശാലിയായിരുന്നു. അദ്ദേഹത്തിനു വശമില്ലാതിരുന്ന ഒരു സാഹിത്യശാഖയും ഉണ്ടായിരുന്നില്ല. കേരളത്തിലെ നവോത്ഥാന നായകനായിരുന്നു അദ്ദേഹം. എന്നാൽ, മഹാനായ ഈ പത്രാധിപർ മറ്റുള്ളവരെ എഴുതാനും പ്രോത്സാഹിപ്പിക്കാനും നിരന്തരം ഉദ്യമിച്ചുകൊണ്ടിരുന്ന ഒരു സഹൃദയമാനസനായിരുന്നു. തീർച്ചയായും കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ സേവനം നമ്മുടെ ആരാധനസംഗീതത്തിനും കണ്ടത്തിൽ വറുഗീസ് മാപ്പിള ഉപയോഗപ്പെടുത്തിയിട്ടുണ്ട്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ നാമം എത്രയോ കാലമായി പറഞ്ഞുകേൾക്കുന്നത് അതിനാൽ യുക്തിരഹിതമല്ല. ഭാഷയും ശൈലിയുംകൊണ്ട് അദ്ദേഹത്തിന്റെ രചനകൾ തിരിച്ചറിയാൻ കഴിയും.

യുക്തിയും അനുമാനവുംകൊണ്ട് ചരിത്രത്തിൽ നിന്നു സത്യത്തിന്റെ അംശങ്ങൾ അരിച്ചെടുക്കാൻ കഴിയുമെന്ന് തെളിയിച്ച എഴുത്തുകാരനാണ് കൊട്ടാരത്തിൽ ശങ്കുണ്ണി. മലങ്കര ഓർത്തഡോക്സ് സഭയുടെ കടമറ്റം പള്ളിയെപ്പറ്റിയും അവിടെ ജീവിച്ചിരുന്ന പൗലൊസ് എന്ന കടമറ്റത്തു കത്തനാരെപ്പറ്റിയും മലയാളത്തിൽ ആദ്യമായി ഒരു ചരിത്രരേഖ ചമയ്ക്കുന്നതു കൊട്ടാരത്തിൽ ശങ്കുണ്ണിയാണ്. 'ഐതിഹ്യമാല'യിൽ ഉൾപ്പെടുത്തിയിരിക്കുന്ന 'കടമറ്റത്തു കത്തനാർ' എന്ന ഐതിഹ്യം മലങ്കര സഭയുടെ ഒരു കാലഘട്ടത്തിന്റെ ചരിത്രം കൂടിയാണ്. ഇറാഖിൽ നിന്നു വന്ന മാർ ആബോയെപ്പറ്റിയും ഈ ഐതിഹ്യത്തിൽ സൂചിപ്പിക്കുന്നുണ്ട്. കടമറ്റം പള്ളിയുടെ ചരിത്രം എഴുതുമ്പോൾ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ നാമം നമുക്കു സ്മരിക്കേണ്ടിവരും. അതിനാൽ യുക്തിയും അനുമാനവുംകൊണ്ട് കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ സംഭാവനകളെ നമുക്ക് തിരിച്ചറിയേണ്ടതുണ്ട്. ■

കത്തുന്ന പുരയിലെ കുഞ്ഞുങ്ങൾ



ഫാ. ബോബി ജോസ് കട്ടിക്കാട്

അവരുടെ നീട്ടിയ ഉള്ളംകൈയിൽ നമ്മൾ മുതിർന്നവർ എന്താണ് വച്ചുകൊടുത്തത്?

അയാൾ കൂട്ടുകാരിയോടൊപ്പമിരുന്ന് സ്വന്തം കുരുന്നുകാലം ഓർമ്മിച്ചെടുക്കുകയായിരുന്നു. തെളിഞ്ഞ ഒരു പുഴയോരത്തായിരുന്നു അച്ഛനും ഞാനും. പുഴയിലൂടെ ഒത്തിരി തിരഞ്ഞ് ഞാനൊരു വിശേഷപ്പെട്ട വെള്ളാരങ്കല്ല് കണ്ടെത്തി അച്ഛന്റെ കൈയിൽ വച്ചുകൊടുത്തു. മിനുമിനുത്ത മെഴുകുപോലൊരു കല്ല്. അത് ഞങ്ങളുടെ ദേശത്തിന്റെ ഒരു രീതിയായിരുന്നു. അത്തരമൊരു സമ്മാനത്തിൽ മനസ്സിന്റെ ഒരു കണ്ണാടിയുണ്ടെന്നുപോലും ഞങ്ങൾ സങ്കല്പിച്ചു. പകരം അച്ഛൻ പുഴയിലേക്ക് കുനിഞ്ഞ് അപ്പോൾ തടഞ്ഞ ഒരു കല്ലെടുത്ത് എന്റെ ഉള്ളംകൈയിൽ തന്നു. കൂർത്തൊരു കല്ല്. അതുകൊണ്ട സ്ഥലത്ത് ഇപ്പോഴും ചോര പൊടിയുന്നുണ്ട്. *ഡിപ്പാർച്ചേഴ്സ്* എന്നൊരു സിനിമയിൽ നിന്നാണിത്. ഏറ്റവും നല്ലത് നമുക്കു സമ്മാനിക്കാനുള്ള ശ്രമത്തിലാണ് കുഞ്ഞുങ്ങൾ. എന്നാൽ, നിങ്ങളെന്താണവർക്ക് അലക്ഷ്യമായി കൈമാറിയത്?

കുഞ്ഞുങ്ങളുടെ നാനാർത്ഥങ്ങളിലൊന്ന് നിസ്സഹായതയാണ്. ഇരയെത്രമേൽ നിസ്സഹായമാകുന്നോ അത്രമേൽ ഹിംസയുടെ പാപം കൊടിയതാകുന്നു. ശാരീരികവും മാനസികവുമായ എത്രയോ നിരാലംബരാണിവർ! പറക്കമുറ്റാൻ നെടുനാളത്തെ പരിചരണവും ശ്രദ്ധയും ആവശ്യമുള്ളവർ. എല്ലാ യുദ്ധങ്ങളിലും ചിതറിത്തെറിച്ച് വീഴുന്നത് അവരാണ്. അവരല്ല ഒരു യുദ്ധവും ആരംഭിച്ചത്. എന്നാൽ, മുതിർന്നവരുടെ മുഴുവൻ സ്പർദ്ധയ്ക്കും പോരാട്ടത്തിനും ജീവിതംകൊണ്ട് കപ്പം കൊടുക്കുന്നതും അവരാണ്. ഒരു ഗാർഹിക അങ്കത്തിൽപ്പോലും അതങ്ങനെയാണ്. ചുരുണ്ടുകൂടി ഉറങ്ങുമ്പോൾ അവരുടെ ബോധാബോധങ്ങളിലേക്ക് കുട്ടികളെ പച്ചയ്ക്ക് തിന്നുന്ന രാക്ഷസന്മാരും ശകടാസുരന്മാരും ഇറങ്ങിവരുന്നു.

ഒരു വൃക്ഷം പാകപ്പെട്ടു എന്നതിന്റെ അടയാളമാണ് അതിന്റെ പഴങ്ങൾ. നിർഭാഗ്യവശാൽ, ആന്തരികമായും മാനസികമായും അത്ര പാകപ്പെടാത്ത നമ്മുടെ യൗവനത്തിൽത്തന്നെ നമുക്ക് പൊടിപ്പുകളുണ്ടായി എന്നതാണ് കാതലായ പ്രശ്നം. നമ്മൾതന്നെ മുതിർന്ന ആൺകുട്ടികളും പെൺകുട്ടികളുമായി നിലനിൽക്കുമ്പോൾ, പുരുഷനോ സ്ത്രീയോ ആയി ഒരിക്കലും പരിണമിക്കാതെ കടന്നുപോകുമ്പോൾ നമ്മുടെ അപകതകളിലേക്കും ദുർവാശികളിലേക്കും അഭംഗികളിലേക്കും വിരുന്നുവന്ന ഭാഗ്യംകെട്ട ആ കുരുന്ന് അതിഥികളെ ദൈവങ്ങളെപ്പോലെ ധ്യാനിക്കാനും പരിചരിക്കാനും നമുക്കെവിടെ നേരം? അല്പനേരത്തെ കൗതുകത്തിനുശേഷം നാം അവഗണിച്ചുകളയുന്ന കളിപ്പാട്ടങ്ങൾതന്നെ അവർ.

കത്തുന്ന പുര എന്നൊരു രൂപകം ബുദ്ധനാണ് ആദ്യം ഉപയോഗിച്ചത്. സഹസ്രാബ്ദങ്ങൾക്കിപ്പുറം നമുക്കതിന്റെ പൊരുൾ വ്യക്തമാകുന്നുണ്ട്. അക്ഷരാർത്ഥത്തിൽ കത്തുന്ന വീട്ടിൽനിന്ന് മുതിർന്നവർ കഷ്ടിച്ച് രക്ഷപ്പെടുമ്പോൾ, കുഞ്ഞുങ്ങൾ ഏറ്റവും മോശപ്പെട്ടതിനായി സ്വയമൊരുങ്ങുന്നു. അച്ഛനും അമ്മയും കൊഞ്ചിച്ച് ചോദിച്ചിരുന്ന ഒരു ചോദ്യം ഇപ്പോൾ കറുത്ത കോട്ടിട്ട ഒരാൾ ചോദിക്കുമ്പോൾ അവർ വലിയ വായിൽ നിലവിളിക്കുന്നു. പറ, നിനക്ക് അച്ഛനെയാണോ അമ്മയെയാണോ ഇഷ്ടം?

കത്തുന്ന പുര എന്നൊരു രൂപകം ബുദ്ധനാണ് ആദ്യം ഉപയോഗിച്ചത്. സഹസ്രാബ്ദങ്ങൾക്കിപ്പുറം നമുക്കതിന്റെ പൊരുൾ വ്യക്തമാകുന്നുണ്ട്. അക്ഷരാർത്ഥത്തിൽ കത്തുന്ന വീട്ടിൽനിന്ന് മുതിർന്നവർ കഷ്ടിച്ച് രക്ഷപ്പെടുമ്പോൾ, കുഞ്ഞുങ്ങൾ ഏറ്റവും മോശപ്പെട്ടതിനായി സ്വയമൊരുങ്ങുന്നു.

സ്വന്തം കുഞ്ഞുങ്ങളെ തിന്നുന്ന ജീവജാലങ്ങളെക്കുറിച്ച് സുവോളജി ക്ലാസിൽ കേട്ടപ്പോൾ നവരസങ്ങൾ മുഖത്തിലൂടെ മിന്നിമറഞ്ഞത് ഓർമ്മയില്ലേ? ആശ്ചര്യം, നടുങ്ങൽ, ക്ഷോഭം, വിഷാദവുമൊക്കെ ഒരുപാട് ജീവികൾക്കിടയിലുണ്ട്. നായ, പൂച്ച, മുയൽ, പന്നി, ഹാംസ്റ്റർ, ഹിമക്കരടി, കോഴി–മിക്കവാറും ഉരഗങ്ങളെല്ലാംതന്നെ. കാരണങ്ങൾ പലതാണ്. കോഴി മുട്ട പൊട്ടിക്കുന്നത് കാത്സ്യത്തിനുവേണ്ടിയും നായ കുഞ്ഞിനെ ആഹരിക്കുന്നത് 'അയണി'നു വേണ്ടിയുമാണ്. അച്ഛൻ സിംഹം ആൺകുഞ്ഞിനെയാണ് തിന്നുന്നത്; ഒരു പ്രതിയോഗി വളർന്നുവരുന്നതിൽ താല്പര്യമില്ലാതെ. ഹിമക്കരടി വൈകല്യമുള്ള കുഞ്ഞിനെയാണ് ആഹാരമാക്കുന്നത്. ഒരുതരം കാരുണ്യവധം. പൊതുവേ പറയുന്ന കാരണം അമ്മമാരുടെ സ്ട്രെസ്സാണ്.

നമുക്കു കൂടി ബാധകമായ വിചാരങ്ങളാണിതെന്ന് ഇപ്പോൾ നിങ്ങൾക്ക് തോന്നിത്തുടങ്ങുന്നുണ്ടാവും. നമ്മുടെ നെട്ടോട്ടങ്ങൾക്കിടയിലും സമ്മർദ്ദങ്ങൾക്കിടയിലും അപകതകൾക്കിടയിലും നമ്മൾ കുഞ്ഞുങ്ങളെ കൊല്ലാതെ കൊല്ലുന്നു.

ചിലപ്പോൾ തോന്നുന്നു, നമുക്ക് ജീവിക്കാനാവാതെപോയ ജീവിതം അവരിലൂടെ സ്വന്തമാക്കാനുള്ള ശ്രമത്തിലാണ് നമ്മളെന്ന്. മുപ്പതു മാർക്കിന്റെ ഗ്രേഡിനുവേണ്ടി നമ്മളവരെ ചവിട്ടുനാടകവും ദഫ് മുട്ടും പൂരക്കളിയുമൊക്കെ ഒന്നിച്ച് പഠിപ്പിക്കും. എത്ര കായികാദ്ധ്വാനം ആവശ്യമുള്ള കളികളാണിതൊക്കെയെന്നറിയാനുള്ള വിവേകമില്ലാഞ്ഞിട്ടൊന്നുമല്ല. കുഞ്ഞുങ്ങളുടെ ഇളംതോളിൽ നാം വച്ചുകൊടുക്കുന്ന ഓരോ നുകങ്ങൾ. ദൈവം പൊറുക്കട്ടെ.

കുഞ്ഞുങ്ങളോട് കുറച്ച് കുറ്റബോധം അനുഭവപ്പെടുകയാണ് ഇനി മുതിർന്നവർക്ക് ബലപ്പെടുത്താവുന്ന ഒരു സുകൃതം. എവിടെയൊക്കെ അവർക്ക് വളരാനും വികസിക്കാനും പറ്റാത്ത സാഹചര്യങ്ങൾ നിലനിൽക്കുന്നോ അവിടെയൊക്കെ ഒരു അടിയന്തര ശ്രദ്ധ ആവശ്യമുണ്ട്; തിരുത്തും. ഒരു പ്രൈവറ്റ് ബസിൽ അവർ കയറുന്നതുപോലും തല കുനിച്ചാണെന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ?

കുഞ്ഞുങ്ങളോട് വല്ലാത്ത കുറ്റബോധം പുലർത്തിയ ഒരു ഗുരുവുണ്ടായിരുന്നു, യേശു. തന്റെ പിറവിയോളം പഴക്കമുള്ള ഒരോർമ്മയിൽനിന്നാണത്. കുഞ്ഞിപ്പൈതങ്ങളുടെ ചോരയിൽ വഴുക്കുന്ന വഴികളിലൂടെയായിരുന്നു അവന്റെ വരവ്. അവനെ തേടുന്നതിനിടയിലായിരുന്നു ഹെറോദസ് ആ കടുംകൈ ചെയ്തത്. മറ്റൊരു ദേശത്തെ കംസനെന്നേ ആ പേരിനർത്ഥമുള്ളൂ. ഒത്തിരി പൈതങ്ങളുടെ അപമൃത്യുവിന് താൻ നിമിത്തമായി എന്ന അറിവ് മുതിർന്നപ്പോൾ അവനെ എത്ര തകർത്തിട്ടുണ്ടാവും. കുഞ്ഞുങ്ങളുടെ രക്ഷകനാകാൻ കെല്പില്ലാത്തവർ ഇനി ആരെയാണ് രക്ഷിക്കാൻ പോകുന്നത്? കുറ്റബോധത്തിന്റെ പുള്ളുകൾ കുറുകി കുഞ്ഞുങ്ങൾക്ക് ഭൗതികവും ആത്മീയവുമായ സംരക്ഷണം ഉറപ്പിച്ചാണവൻ തന്റെ ഉള്ളിലെ പൊള്ളലിന് പ്രതിക്രിയ ചെയ്തത്. അങ്ങനെ ഒരു കയ്പിനെ ഗുരുവിനിണങ്ങുന്ന മട്ടിൽ അവൻ മധുരമാക്കി.

കുഞ്ഞുങ്ങൾക്കു വേണ്ടി ആ മരപ്പണിക്കാരൻ പറഞ്ഞ അഞ്ചു കല്പനകൾക്ക് കാലാതീതമായ ഒരു പൊരുൾ ഉണ്ടെന്നു തോന്നുന്നു. ഒന്ന്, അവരെ ഈശ്വരനാമത്തിൽ സ്വീകരിക്കുക. അവരുടെ കുറവുകളെയും കുറുമ്പുകളെയും ഗൗരവമായി എടുക്കരുതെന്ന് സാരം. ചിലപ്പോൾ ഡൗൺ സിൻ

ഡ്രോം ഉള്ള ഒരു കുഞ്ഞിനെ ദൈവം നിങ്ങളുടെ മടിയിലേക്ക് വച്ചുതന്നെന്നിരിക്കും. കണ്ണുനിറയരുത്, നിങ്ങൾക്കതിനെ സ്നേഹിക്കാനാവുമെന്നറിഞ്ഞിട്ട് ഒത്തിരി പരതിപ്പരതി നിങ്ങളെ കണ്ടെത്തിയതാണ്.

അവരെ തടയരുതെന്ന രണ്ടാം പാഠം. ഒരു കുഞ്ഞ് അതിന്റെ ആയുസ്സിൽ ഏറ്റവും കൂടുതൽ കേൾക്കുന്ന പാഠമാണ്, അരുത്. അതു സ്വന്തം പേരാണെന്നു കരുതി പേരു ചോദിച്ചപ്പോൾ ''ഡോൺട്....'' എന്നു പറഞ്ഞ ചില കുഞ്ഞുങ്ങളൊക്കെയുണ്ട്. ഓരോരോ കടമ്പ തീർത്ത് നമ്മളവരുടെ ഊർജ്ജപ്രവാഹങ്ങൾ തടസ്സപ്പെടുത്തുകയാണ്. ഒടുവിൽ അവർ അവനവൻ കടമ്പയാകുവോളം.

അവരെ നിന്ദിക്കരുതെന്ന് മൂന്നാമത്തെ കല്പന. നിസ്സാരമെന്നു കരുതുന്ന പരാമർശങ്ങൾപോലും പിഞ്ചുസ്മൃതികളിൽ പതിപ്പിക്കുന്ന ആഴമുള്ള പോറലുകളെക്കുറിച്ച് നമുക്ക് എന്നും ധാരണയുണ്ട്. വീട്ടുവഴക്കിലൊക്കെ ആത്യന്തികമായി നിന്ദിക്കപ്പെടുന്നത് കുഞ്ഞുങ്ങളാണെന്ന് ആർക്കാണറിയാത്തത്.

അനാഥരായ കുഞ്ഞുങ്ങൾക്കൊപ്പം ചെലവഴിച്ച ഏതാനും ദിവസങ്ങൾക്കിടയിൽ, അവർക്കിടയിലെ ചോര പൊടിയുവോളം എത്തുന്ന കലഹത്തിന്റെ കാരണം എന്നെ വല്ലാതെ അമ്പരപ്പിച്ചു. ജീവിതത്തിന്റെ കനലിൽ കുരുത്തതുകൊണ്ടാവണം ഭാരപ്പെടുത്തുന്ന ഒരുതരം പക്വതയാണ് ഇളംപ്രായത്തിലെ അവരുടെ പൊതുസ്വഭാവം. എന്നിട്ടും, സ്വന്തം അപ്പനേയോ അമ്മയേയോ പുലയാട്ടുമ്പോൾ ചാവേർ പടയാളികളെക്കണക്ക് അവർ പോരാടുന്നു. ഓർക്കണം, അവരെ ആവശ്യമില്ലാത്ത ആ മുതിർന്നവരെ അവരെത്ര വിലയിട്ടാണ് കൂടെക്കരുതുന്നതെന്ന്.

നാല്, അവർക്ക് ദുർമാതൃക കൊടുക്കരുത്. ഭേദപ്പെട്ട മാതൃക കാട്ടാതെ പോകുന്നവരുടെ ജീവിതം പുനർചിന്തയ്ക്ക് വിധേയപ്പെടണം. കുഞ്ഞുങ്ങൾ നമ്മുടെ ഓരോ ചലനവും ഒപ്പുകടലാസിലെന്നതുപോലെ സ്വീകരിക്കുന്നുണ്ട്. അങ്ങനെയാണവർ പാളുന്നത്.

അഞ്ച്, അവരെ എന്റെ അടുക്കലേക്ക് കൊണ്ടുവരിക. ക്രിസ്തു ഒരു മനോഭാവത്തിന്റെയും ജീവിതശൈലിയുടെയും പേരാണ്. ഒത്തിരി മൂല്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന ചുരുക്കെഴുത്താണ് ക്രൂശിതരൂപം. ഭിത്തിയിൽ തൂക്കിയ ഇടങ്ങളെല്ലാം ക്രിസ്തീയമായി തെറ്റിദ്ധരിക്കേണ്ട. അവർക്ക് അതിൽനിന്ന് എന്തു പിടിത്തം കിട്ടാനാണ്. പരമാവധി വല്ലാത്ത കുറുമ്പുകാട്ടിയ ഒരു കുട്ടിയെ പണ്ടെങ്ങോ ആരാണ്ട് മരത്തിൽ തറച്ച് ശിക്ഷിച്ചെന്നും അവിടെക്കിടന്ന് താടിയും മുടിയുമൊക്കെ വളർന്ന് മരിച്ചുപോയെന്നുമല്ലാതെ ക്രിസ്തുവിലുള്ള വിശ്വാസവും വേർതിരിച്ച് പറഞ്ഞുകൊടുക്കാനാവണം, അവരുടെ ഇളം പ്രായത്തിലേ.

ഒടുവിലായി നിങ്ങളെയും നിങ്ങളുടെ കുഞ്ഞുങ്ങളെ

യും ഓർത്ത് കരയുക. കുരിശുമരത്തിലേക്ക് പോകുമ്പോഴും അവിടുത്തെ ഒരാകുലത അമ്മമാരുടെ കൈവിട്ടുപോകുന്ന കുഞ്ഞുങ്ങളെക്കുറിച്ചായിരുന്നു. എത്ര ശ്രദ്ധിച്ചിട്ടും നഷ്ടമാകുന്ന കുഞ്ഞുങ്ങൾ. കരയുക എന്ന വാക്കിൽ വേദപുസ്തക സംസ്കാരത്തിൽ ചങ്കുപിളർന്നു പ്രാർത്ഥിക്കുക എന്നർത്ഥമുണ്ട്. ഇനി ചെയ്യാവുന്നത് അതു മാത്രമാണ്. നാടോടിസ്ത്രീകളുടെ ആചാരംപോലെ പള്ളിപ്പറമ്പിൽ കുഞ്ഞുങ്ങളെ വിട്ട് ആകാശത്തുനോക്കി ''നീ തന്നതാണ്, നിനക്കിഷ്ടമുള്ളതുപോലെ'' എന്ന് കണ്ണുനിറഞ്ഞും കരംകൂപ്പിയും മന്ത്രിക്കാനല്ലാതെ ഏറ്റവും നല്ലത് രൂപപ്പെടുത്താനായി നമ്മുടെ മടിത്തട്ടിലേക്ക് അവിടുന്ന് കുഞ്ഞുങ്ങളെ സമ്മാനിച്ചിട്ട് നമുക്കൊന്നിനും കഴിഞ്ഞില്ലല്ലോയെന്ന സങ്കടം മാത്രം ബാക്കി.

അച്ഛന്റെ കൈക്കു പിടിച്ച് നിരത്തിലൂടെ പോകുന്ന ഒരു കുട്ടി, അവനെല്ലാത്തിനെയും ഭയമാണ്. അച്ഛനതു മനസ്സിലാവുന്നതേയില്ല. അവനെ തിരുത്താനും ശകാരിക്കാനുമൊക്കെയുള്ള ശ്രമമാണ്. ഇടയ്ക്കെപ്പോഴോ കുഞ്ഞിപ്പാദരക്ഷകളുടെ ചരട് അഴിഞ്ഞു. അതു കെട്ടിക്കൊടുക്കുവാനായി അച്ഛൻ കുനിഞ്ഞുനിന്നു. ഇപ്പോൾ അച്ഛനും കുഞ്ഞിനും ഒരേ പൊക്കമാണ്. ചുറ്റുപാടും നോക്കിയപ്പോൾ അയാൾക്കും ഭയമായി. തലയില്ലാത്ത കുറെ മുട്ടാളന്മാരുടെ കാലുകൾ മാത്രം!

മുതിർന്നവർക്കിണങ്ങിയ മട്ടിലല്ല ഇനി ലോകത്തെ വ്യാഖ്യാനിക്കേണ്ടത്. മറിച്ച് കുഞ്ഞുങ്ങളുടെ ഉയരത്തിനും കാഴ്ചയ്ക്കും നിരക്കുംപോലെ.

പരിശുദ്ധ വട്ടശേരിൽ തിരുമേനി
മലങ്കരയുടെ ആധുനിക നെഹെമ്യാവ്



കെ.വി. മാമ്മൻ കോട്ടയ്ക്കൽ

മലങ്കരസഭ ഭാസുരനും പുണ്യചരിതനുമായ വട്ടശേരിൽ പരിശുദ്ധ ഗീവറുഗീസ് മാർ ദിവന്നാസിയോസിനെപ്പറ്റി ചിന്തിക്കുമ്പോൾ മതിൽ ഇടിഞ്ഞും വാതിലുകൾ അഗ്നിക്കിരയാക്കപ്പെട്ടും കിടക്കുന്ന യെരുശലേം എന്ന വിശുദ്ധ നഗരത്തെ ഓർത്തു കരയുകയും അവ വീണ്ടും പണിയാൻ ദൃഢനിശ്ചയം ചെയ്യുകയും ചെയ്ത നെഹെമ്യാവ് പ്രവാചകന്റെ ദുഃഖവും ഉപവാസവും പ്രാർത്ഥനയുമാണു മനസ്സിൽ ഓടിയെത്തുന്നത്.

മലങ്കരസഭയുടെ ഇടിഞ്ഞു കിടന്ന മതിലുകളെ പ്രതികൂല സാഹചര്യങ്ങളിൽ കോട്ടകളായി കെട്ടിപ്പൊക്കിയ വട്ടശേരിൽ തിരുമേനി മലങ്കര സഭയുടെ ആധുനിക നെഹെമ്യാവിനെപ്പോലെ തന്നെയാണ്.

സഭയ്ക്കെതിരായി അധികാരത്തിനും ദ്രവ്യത്തിനും വേണ്ടി കരുക്കൾ നീക്കിയ വൈദേശിക ശക്തിയെ തടയാനും ആധ്യാത്മിക പ്രസ്ഥാനങ്ങൾ കൊണ്ടും അവയുടെ ഭരണക്രമങ്ങൾ കൊണ്ടും സഭയെ ഉറപ്പിക്കുന്നതിനും പരിശുദ്ധ വട്ടശേരിൽ തിരുമേനി ചെയ്ത സേവനങ്ങൾ, മലങ്കരസഭ അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചിട്ടും മിക്കവരും വേണ്ടവിധത്തിൽ മനസ്സിലാക്കിയിട്ടില്ല.

മലങ്കരസഭ സംരക്ഷകൻ, മലങ്കരസഭ ഭാസുരൻ, ധീരനായ സഭ നേതാവ്, പരിശുദ്ധ പദവി ലഭിച്ച ദൈവമനുഷ്യൻ തുടങ്ങിയ നിലകളിൽ അറിയപ്പെടുന്ന പരിശുദ്ധ വട്ടശേരിൽ ഗീവറുഗീസ് ദിവന്നാസിയോസിന്റെ കപടമില്ലാത്ത ജീവിതവും ധന്യമായ പ്രവർത്തനങ്ങളും മലങ്കരസഭ നൗകയുടെ പത്തൊൻപതും ഇരുപതും ശതകങ്ങളിലെ ചരിത്രത്തിന്റെ ഗതിയെ തിരിച്ചു വിടുകയും സുരക്ഷിതമായ സ്ഥലത്തു നങ്കൂരമിട്ടുറപ്പിക്കുകയും ചെയ്തു എന്നത് ഒരു യാഥാർത്ഥ്യമാണ്. ദൈവാശ്രയത്തിലും പ്രാർത്ഥനയിലും ഊന്നി നിന്ന ആ യോഗിയുടെ ജീവിതത്തിന്റെ ആഴവും പരപ്പും അളക്കാനോ തിട്ടപ്പെടുത്താനോ വിലയിരുത്താനോ അത്ര എളുപ്പവുമല്ല. മല്ലപ്പള്ളിയിൽ മണിമലയാറിന്റെ തീരത്തു ജനിച്ചു വളരുകയും പമ്പയാറിനാൽ പരിസേവിതമായ പരുമലയിൽ ഏലിയാവിനോടൊപ്പം ഏലിശ കഴിഞ്ഞതു പോലെ ജീവിക്കുകയും ഒടുവിൽ മീനച്ചിലാറിന്റെ തീരത്തെ പഴയ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുകയും സഭയെ നയിക്കുകയും വാടക ഗുണ്ടകളുടെയും അവർക്കു പിൻബലം നൽകിയ ശക്തന്മാരുടെയും പടപ്പുറപ്പാടുകളെ തടയുകയും വധഭീഷണിയുടെ പശ്ചാത്തലത്തിൽ വേദനകളുടെ നദിക്കരയിൽ നിദ്രാരഹിതമായ നിശകൾ തള്ളി നീക്കുകയും ചെയ്ത പരിശുദ്ധ വട്ടശേരിൽ തിരുമേനി ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ ദൈവത്തിന്റെ മാലാഖമാരുടെ കാവലിൽ ആയിരുന്നു എന്നു കാലം തെളിയിച്ചു. അദ്ദേഹത്തെ എതിർത്തവരെല്ലാം തന്നെ-ദൈവത്തിന്റെ അഭിഷിക്തനെതിരെ വാളെടുത്തവരെല്ലാം തന്നെ-നിരാശയുടെയും

ധനനാശത്തിന്റെയും പടുകുഴിയിൽ സൽപ്പേരു കളഞ്ഞുകുളിച്ചു നിപതിച്ചു എന്നു സഭ ചരിത്രം വലിയ അക്ഷര ങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

വിദേശ സഭകൾ, വിശിഷ്യ അന്ത്യോ ക്യൻ സഭ മലങ്കര സഭയെ വിഴുങ്ങാൻ ശ്രമിച്ചു. ഇതെല്ലാമായിട്ടും മലങ്കരസഭ ഇന്നും തലയുയർത്തി സ്വതന്ത്രമായി നിലകൊള്ളുന്നു. ഇതിഹാസ തുല്യമായ ഈ ചരിത്രാവലോകനത്തിന്റെ പശ്ചാ ത്തലത്തിൽ വേണം പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിൽ പരോക്ഷ മായും പ്രത്യക്ഷമായും മലങ്കരസഭയെ നയിച്ച, അല്ല ഭരിച്ച പരിശുദ്ധ വട്ടശേ രിൽ ദിവന്നാസിയോസ് മെത്രാപ്പൊലീ ത്തയെ കാണാൻ. മലങ്കരസഭ പണ്ടു മുതലേ ഒരു പടക്കളമാണ്. ശത്രുക്കളും മിത്രങ്ങളും നേരിട്ടും കോടതി മുഖേന യും ഏറ്റുമുട്ടുന്ന ഒരു സമരാങ്കണം. ഒടുവിൽ കടമ്പകൾ കടന്ന് സത്യം ജയിക്കുന്നതും മലങ്കരസഭ ഒരിക്കൽ നഷ്ടപ്പെടുത്തിയ ആത്മീയ പരമാധി കാരം കാതോലിക്കേറ്റിലൂടെ വീണ്ടെടു ക്കുന്നതും ഭൗതികാധികാരങ്ങൾ നഷ്ട പ്പെടാതെ സംരക്ഷിക്കുന്നതും സഭയ്ക്ക് അന്യൂനമായ സ്വാതന്ത്ര്യം ലഭിക്കുന്ന തുമാണു സ്മര്യപുരുഷന്റെ കാലത്തെ വലിയ നേട്ടം. മുക്കാൽ നൂറ്റാണ്ടു നീണ്ട പരിശുദ്ധ തിരുമേനിയുടെ ധന്യജീവി തവും ധർമ്മ സമരങ്ങളും ആത്മാഭിമാ നത്തിന്റെ തിളയ്ക്കുന്ന ചോര ഒഴുകുന്ന സിരകളുള്ള മലങ്കര സഭാംഗങ്ങൾക്കു രോമഹർഷദായകമാണ്. കുശാഗ്രബു ദ്ധിയും മനീഷിയുമായ ആ വലിയ ഇട യന്റെ അനുഗ്രഹാശിസ്സുകൾ മനനം ചെയ്യണം. ഇന്നത്തെ തലമുറയ്ക്കു വേണ്ടി സാഗ രസമാനമായ ആ ജീവിതത്തെ ഏതാനും കുടങ്ങ ളിലൊതുക്കാനുള്ള ശ്രമം പലരും നടത്തിയിട്ടുണ്ട്. അതൊന്നും വേണ്ടത്ര വിജയിച്ചിട്ടില്ല.

ജീവിച്ചിരിക്കുമ്പോൾ തന്നെ പരിശുദ്ധനായി പരി ഗണിക്കപ്പെട്ട വട്ടശേരിൽ തിരുമേനിയുടെ വിശു ദ്ധീകരണ പ്രഖ്യാപന ശുശ്രൂഷ ദിവസമായ 2003 ഫെബ്രുവരി 24നു പഴയ സെമിനാരിയിൽ ഭാഷാപ ണ്ഡിതൻ കൂടിയായ ഡോ. യാക്കോബ് മാർ ഐറേ നിയോസ് മെത്രാപ്പൊലീത്ത ചെയ്ത സുദീർഘസു ന്ദരമായ - കാവ്യാത്മകമായ പ്രഭാഷണ പ്രവാഹ ത്തിലെ ഏതാനും കണികകൾ ഉദ്ധരിച്ചു കൊണ്ട് ഈ ലേഖനത്തിനു വിരാമമിടട്ടെ. ''പരിശുദ്ധ വട്ടശേ രിൽ തിരുമേനി മഹാഭാഗ്യവാനും ഏറ്റവും അധികം ദുർഗതികളെ നേരിട്ട ആളുമായിരുന്നു. ഏറ്റവും അധികം ധൈര്യം സംഭരിക്കുവാൻ സാധിക്കുന്നത് വിശുദ്ധിയിൽ വളരുന്നവർക്കു മാത്രമാണ്. ഇതു തന്നെയാണു വട്ടശേരിൽ പിതാവിലും കാണുന്ന ത്. നിങ്ങളുടെ ശരീരത്തെ നശിപ്പിക്കുവാൻ കഴി യുന്നവനെ നിങ്ങൾ ഒന്നും ഭയപ്പെടേണ്ട. നിങ്ങളുടെ ശരീരത്തെയും ആത്മാവിനെയും നിഹനിക്കുവാൻ കഴിയുന്നവനെ നിങ്ങൾ ഭയപ്പെട്ടുകൊള്ളണം എന്നു കർത്താവു പറയുന്നു.''

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെ നിറം എന്താ ണെന്നു ചോദിച്ചാൽ അതു മലങ്കരസഭാഭാസുരൻ പരിശുദ്ധ വട്ടശേരിൽ ഗീവറുഗീസ് മാർ ദിവന്നാ സിയോസ് തിരുമേനിയുടെ ഹൃദയരക്തത്തിന്റെ ചുവപ്പു നിറമാണ്.

നവോത്ഥാന നായകൻ

ഫാ. ബിജു പി. തോമസ്

നവോത്ഥാന നായകൻ – പത്രൊസ് മാർ ഒസ്താത്തിയോസിന്റെ ജീവിതം ഏകദേശം എൺപതു വർഷം പരന്നു കിടക്കുന്ന സുദീർഘവും വിപ്ലവാത്മകവും സംഭവബഹുലവുമായ ഒരനശ്വര ജീവിതചരിത്രമാണ്.

പത്രൊസ് മാർ ഒസ്താത്തിയോസിന്റെ ജീവിതത്തെ കാച്ചിക്കുറുക്കി പറയാൻ ആവശ്യപ്പെട്ടാൽ ഇങ്ങനെ പറയാം: 'അതീവ സ്വാദുള്ള കോഫി അവസാനത്തെ മട്ടും വലിച്ചു കുടിച്ചതു പോലെ ജീവിതത്തെ പരിപൂർണമായി ഉപയോഗിച്ച ധന്യജീവിതം' എന്ന്. ജീവിക്കുവാൻ ലഭ്യമായ ഒരു നിമിഷം പോലും പാഴാക്കാതെയും എല്ലാ അവസരങ്ങളും അപരന്റെ നന്മയ്ക്കു വേണ്ടി ഉപയോഗിക്കുകയും ചെയ്ത ശ്രേഷ്ഠ ജീവിതമായിരുന്നു തിരുമേനിയുടേത്.

പ്രധാനമായും അധഃസ്ഥിതോദ്ധാരണം, ആരാധനഭാഷാവിപ്ലവം, സ്ലീബാദാസസമൂഹ പ്രവർത്തനം, വായന, എഴുത്ത് എന്നീ കാര്യങ്ങൾക്കാണ് തിരുമേനി ജീവിതത്തിൽ പ്രാധാന്യം നൽകിയത്. അതിനപ്പുറം അദ്ദേഹം സഞ്ചാരം ഇഷ്ടപ്പെടുകയും സഞ്ചാരക്കുറിപ്പുകൾ ആനുകാലിക പുസ്തകങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. അതിസുന്ദരമായ ഭാഷയിൽ സാഹിത്യ രചന നിർവഹിക്കുവാനുള്ള സാമർത്ഥ്യം എടുത്തു പറയേണ്ട കാര്യമാണ്. ഒരധ്യാപകനായിട്ടായിരുന്നു തൊഴിൽ ജീവിതം ആരംഭിച്ചത്. ചരിത്രം പഠിപ്പിക്കുവാൻ പ്രാഗദ്ഭ്യം ഉണ്ടായിരുന്നു. ഇംഗ്ലിഷിലും മലയാളത്തിലും ഉജ്വല പ്രഭാഷകനായിരുന്നു. തന്ത്രജ്ഞനായ രാഷ്ട്രീയക്കാരനും ആയിരുന്നു. പാശ്ചാത്യ-പൗരസ്ത്യ

വേദശാസ്ത്രജ്ഞാനവും ആവശ്യത്തിനു സുറിയാനി പാണ്ഡിത്യവും ഉണ്ടായിരുന്നു.

അനതിവിദൂര കാലത്ത് ഇത്രയും അനുഗൃഹീതമായി ദാർശനികതയും ധിഷണാശക്തിയും സമഞ്ജസമായി സമ്മേളിച്ച മറ്റൊരു ജീവിതം മലയാളക്കരയിലുണ്ടായിട്ടുണ്ടാകുമോ...? സംശയമുണ്ട്!

അതിധന്യമായ ജീവിതമായിരുന്നു പത്രോസ് മാർ ഒസ്താത്തിയോസിന്റേത്.

എന്തായിരുന്നു പത്രോസ് മാർ ഒസ്താത്തിയോസിന്റെ ദാർശനികത? എങ്ങനെ മൂക്കഞ്ചേരിൽ കൊച്ചുപിള്ള മലയാളത്തിലെ സവർണ മേധാവിത്വത്തെ വിറപ്പിക്കുന്ന സാമൂഹിക പരിഷ്കർത്താവായി? അദ്ദേഹത്തിന്റെ ദാർശനികതയെ ഒരൊഴുക്കൻ ശൈലിയിൽ 'മാനവികത' എന്നു വിശേഷിപ്പിക്കുവാൻ സാധിക്കുമോ! അദ്ദേഹത്തിന്റെ ദാർശനികത മാനവികത ആയിരുന്നു. അതിൽ സംശയം ഒട്ടുമില്ല. എന്നാൽ, ജീവിതചുറ്റുപാടുകളെക്കുറിച്ചുള്ള മഹത്തായ തിരിച്ചറിവിൽ നിന്നുമാണ് പത്രോസ് മാർ ഒസ്താത്തിയോസിന്റെ ദാർശനികതയ്ക്ക് തീ പിടിക്കുന്നത്. ഡോ. കെ.എം. ജോർജച്ചന്റെ - 'ആധുനിക വിചാര ശില്പികൾ' എന്ന പുസ്തകത്തിൽ മാർട്ടിൻ ലൂഥർ കിങ് വെടിയേറ്റു മരിക്കുന്നതിനു മുൻപ് എഴുതിയ 'വേൾഡ് ഹൗസ്' എന്ന ലേഖനത്തിൽ ഒരു നോവലിസ്റ്റിന്റെ കുറിപ്പുകളെക്കുറിച്ച് പറയുന്നത് സൂചിപ്പിക്കുന്നുണ്ട്. അകാലത്തിൽ നിര്യാതനായ ആ നോവലിസ്റ്റ്, ഭാവി നോവലുകൾക്കുള്ള പ്ലോട്ടുകൾ ചിലത് കുറിച്ചു വച്ചിരുന്നു. അതിൽ ഒരെണ്ണം ഇങ്ങനെയായിരുന്നു: 'ഛിദ്രിച്ചിരിക്കുന്ന ഒരു കുടുംബത്തിന് പിന്തുടർച്ചാവകാശമായി ലഭിച്ച ഒരു വീട്. ആ വീടിന്റെ അവകാശം ലഭിക്കുന്നതിനുള്ള ഏക നിബന്ധന വീട്ടിൽ എല്ലാവരും ഒരുമിച്ചു പാർക്കണം' എന്നതാണ്. ഇതാണ് കഥാബീജം. മാർട്ടിൻ ലൂഥർ കിങ് എഴുതി: 'കറുത്തവരും വെളുത്തവരും പൗരസ്ത്യനും പാശ്ചാത്യനും യഹൂദനും ക്രിസ്ത്യാനിയും മുസ്ലിമും ഹിന്ദുവും, ചിന്തയും സംസ്കാരവും താല്പര്യങ്ങളും കൊണ്ട് അനാവശ്യമായി വേർപിരിഞ്ഞു നിൽക്കുന്ന ഈ ഏകകുടുംബത്തിന് 'വേറെ താമസിക്കുവാൻ സ്ഥലം ഇല്ലാത്തതിനാൽ' എല്ലാവരും പരസ്പരം സമാധാനത്തോടെ ഒരുമിച്ച് ഒരു വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു.'

എന്തായിരുന്നു പത്രോസ് മാർ ഒസ്താത്തിയോസിന്റെ ദാർശനികത? എങ്ങനെ മൂക്കഞ്ചേരിൽ കൊച്ചുപിള്ള മലയാളത്തിലെ സവർണ മേധാവിത്വത്തെ വിറപ്പിക്കുന്ന സാമൂഹിക പരിഷ്കർത്താവായി? അദ്ദേഹത്തിന്റെ ദാർശനികതയെ ഒരൊഴുക്കൻ ശൈലിയിൽ 'മാനവികത' എന്നു വിശേഷിപ്പിക്കുവാൻ സാധിക്കുമോ!

കേരളത്തിന്റെ സാമൂഹിക പരിസ്ഥിതി അത്യധികം ശിഥിലവും പാരസ്പരികത നഷ്ടമായതുമായ ഒരു കാലത്താണ് കഥാപുരുഷന്റെ ജനനം. ജാതിയും ഉപജാതിയും അയിത്തവും തീണ്ടലും തൊടീലും അടുത്തുകൂടായ്മയും എന്നു വേണ്ടാ, മനുഷ്യർ പരസ്പരം കാണുന്നതു തന്നെ വെറുപ്പോടെ ആയിരുന്ന ഒരു കാലം. അതിമനോഹരമായി സൃഷ്ടിതമായ ഭൂമി എന്ന 'ഗൃഹ'ത്തിൽ (വീട്ടിൽ) അംഗങ്ങളായവർ പല കാരണങ്ങളാൽ ഓരോരുത്തരും ഈ 'ഗൃഹം' ഞങ്ങൾക്കു മാത്രം എന്ന വാശിപിടിച്ച് ജീവിതം ദുരിതമയമാക്കുന്ന കാഴ്ചയാണ് പത്രോസ് മാർ ഒസ്താത്തിയോസ് തന്റെ ബാല്യകാലത്ത് കണ്ടു വളരുന്നത്. അദ്ദേഹം ഒരു കാര്യം തിരിച്ചറിയുകയാണ്, എല്ലാവർക്കും കൂടി ഒരു ഭവനമേ ഇവിടെയുള്ളൂ. ഇവിടെ ജാതി-മത-വർണ-ഭാഷാ കാരണങ്ങൾ നിരത്തി ആരെയും തുരത്തി ഓടിക്കുക സാധ്യമല്ല, കാരണം ആർക്കും മറ്റൊരു 'ഗൃഹം' ഇല്ല. എല്ലാവരും പരസ്പരം അംഗീകരിക്കുക, പരസ്പരം ബഹുമാനിക്കുക, പാരസ്പര്യതയോടെ മുന്നോട്ടു പോവുക. വേദപുസ്തകം അദ്ദേഹത്തെ ഒരു കാര്യം പഠിപ്പിച്ചു, താൻ ആരാധിക്കുന്ന യേശുക്രിസ്തുവിൽ എല്ലാവരും ഒരുപോലെയാണ്, ക്രിസ്തുവിൽ സവർണനും അവർണനും ഒരുപോലെയാണ്. എങ്കിലും സ്വസമുദായത്തിലെ പ്രമുഖരുടെ നിശ്ശബ്ദത കഥാപുരുഷനെ അദ്ഭുതപ്പെടുത്തി. ഈ മനോഹര ഭവനത്തിലെ ജീവിതം ചിലർക്ക് കൂടുതൽ സുഖകരമാക്കുവാൻ പല കാരണങ്ങൾ ചുമത്തി ചിലരെ താണ ജാതിയാക്കി പീഡിപ്പിക്കുന്നതു കണ്ട് പീറ്ററിന്റെ മനസ്സിൽ ആഴത്തിൽ മുറിവുണ്ടായി. സാധുക്കളായവരെ അവരുടെ കഷ്ടതയിൽ നിന്നും നിന്ദകളിൽ നിന്നും വിമോചിപ്പിക്കുക തന്റെ ജന്മലക്ഷ്യം ആയി പീറ്റർ തിരിച്ചറിഞ്ഞു. ബാലനായിരുന്ന കാലത്ത്, പീറ്റർ സ്കൂൾ വിട്ടു വന്നാൽ സന്ധ്യയ്ക്ക് അധഃസ്ഥിതരുടെ കുടിലുകൾ സന്ദർശിക്കുമായിരുന്നു. അവരോടൊപ്പം ഇരിക്കും, സംസാരിക്കും, പത്രങ്ങൾ വായിച്ചു കൊടുക്കും, ക്രിസ്തു നിങ്ങളെ സ്നേഹിക്കും എന്നു പറയും. ശുചീകരണത്തിന്റെ പ്രാധാന്യം പറയും, മദ്യപാനം തെറ്റാണെന്ന് പ്രബോധിപ്പിക്കും. വളർന്നു വരുന്തോറും പീറ്ററിന് സമൂഹം വെറുക്കുന്നവരോട് സ്നേഹം കൂടിക്കൂടി വന്നു. അവരുടെ വിമോചന സമരത്തിൽ മുന്നണിപ്പോരാളിയായി മാറുന്ന കാഴ്ചയാണ് പിന്നീടു കേരളം ദർശിക്കുന്നത്. പത്രോസ് മാർ ഒസ്താത്തിയോസ് എന്ന മലങ്കരയുടെ മേല്പട്ടക്കാരൻ കേരളത്തിന്റെ സാമൂഹിക ഭൂമികയിൽ ഇടം തേടിയ വിപ്ലവ വഴികൾ അദ്ഭുതാവഹം തന്നെ!

ഉറുമ്പിന്റെ വേദശാസ്ത്രം

ഡോ. മാത്യു കോശി
പുന്നയ്ക്കാട്

ആത്മിക പരിശീലനത്തിന്റെ കേന്ദ്ര ഘടകമെന്ന നിലയിൽ അനുകമ്പ, സഹാനുഭൂതി, പങ്കിടൽ, മറ്റുള്ളവരെ പരിപാലിക്കൽ എന്നിവയ്ക്ക് വലിയ പ്രാധാന്യമുണ്ട്. ഉറുമ്പുകളുടെ ആത്മികത അവരുടെ സമൂഹജീവിതത്തിലൂടെ മറ്റുള്ളവർക്കായി പങ്കുവെക്കുകയും പരിപാലിക്കുകയും ചെയ്തുകൊണ്ട് പ്രകടിപ്പിക്കുന്നു. ഉറുമ്പുകളുടെ ജീവിതശൈലിയിൽ നിന്ന്, വിവിധ സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ കഴിയുന്ന അനവധി നേതൃത്വ ഗുണങ്ങളും മാനേജ്മെന്റ് ടെക്നിക്കുകളും നമുക്ക് പഠിക്കാൻ കഴിയും.

ഉറുമ്പുകൾ കോളനികളിലോ കൂടുകളിലോ വസിക്കുന്ന ഉയർന്ന സാമൂഹിക പ്രാണികളാണ്. ഓരോ ഉറുമ്പിനും പ്രദേശത്ത് ഒരു തൊഴിലാളി, പട്ടാളക്കാരൻ അല്ലെങ്കിൽ രാജ്ഞി എന്നിങ്ങനെ ഒരു പ്രത്യേക പങ്ക് ഉണ്ട്. ഫെറോമോണുകൾ എന്ന രാസവസ്തുക്കൾ ഉപയോഗിച്ചാണ് ഉറുമ്പുകൾ ആശയവിനിമയം നടത്തുന്നത്. അവ അവയുടെ സെൻസിറ്റീവ് ആന്റിന ഉപയോഗിച്ച് കണ്ടെത്തുന്നു. ഫെറോമോണുകൾ ഉറുമ്പുകളെ ഭക്ഷണം കണ്ടെത്തുകയോ കൂടു സംരക്ഷിക്കുകയോ പോലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ അനുവദിക്കുന്നു. ഉറുമ്പുകൾക്ക് തൊഴിൽ വിഭജനമുണ്ട്. വ്യത്യസ്ത വ്യക്തികൾ വ്യത്യസ്ത ജോലികൾ ചെയ്യുന്നു. തൊഴിലാളി ഉറുമ്പുകൾ ഭക്ഷണം കണ്ടെത്തുന്നതിനും കൂടുകളുടെ പരിപാലനത്തിനും കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിനും ഉത്തരവാദികളാണ്. അതേസമയം സൈനിക ഉറുമ്പുകൾ കോളനിയെ സംരക്ഷിക്കുന്നു. ഉറുമ്പുകൾ ലളിതമായ ഭൂഗർഭ തുരങ്കങ്ങൾ മുതൽ ഇലകളോ മറ്റ് വസ്തുക്കളോ ഉപയോഗിച്ച് നിർമ്മിച്ച സങ്കീർണമായ

മണ്ണിന് മുകളിലുള്ള ഘടനകൾ വരെ വിപുലമായ കൂടുകൾ നിർമ്മിക്കുന്നു. ഇത് കോളനിയിലെമ്പാടും പോഷകങ്ങൾ വിതരണം ചെയ്യാനും എല്ലാ വ്യക്തികൾക്കും ഭക്ഷണ ലഭ്യത ഉറപ്പാക്കാനും സഹായിക്കുന്നു.

ലോകമെമ്പാടുമുള്ള വിവിധ ആവാസവ്യവസ്ഥകളിൽ ജൈവവൈവിധ്യം നിലനിർത്തുന്നതിൽ ഉറുമ്പുകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. പല ഉറുമ്പുകളും അനിവാര്യമായ വിത്ത് വിതരണക്കാരാണ്. മാതൃസസ്യത്തിൽ നിന്ന് വിത്തുകൾ കൊണ്ടുപോകുകയും അവയ്ക്ക് വളരാൻ കഴിയുന്ന പുതിയ സ്ഥലങ്ങളിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. ഇത് സസ്യ ഇനങ്ങളുടെ ജനിതക വൈവിധ്യം നിലനിർത്താൻ സഹായിക്കുകയും ആവാസവ്യവസ്ഥയുടെ മൊത്തത്തിലുള്ള ജൈവവൈവിധ്യത്തിന് സംഭാവന നൽകുകയും ചെയ്യുന്നു.

ഉറുമ്പുകൾ മണ്ണിൽ തുരങ്കം നിർമ്മിക്കുന്നതിനാൽ വായു സഞ്ചാരമുള്ളതാകുകയും വെള്ളവും പോഷകങ്ങളും കൂടുതൽ ആഴത്തിൽ തുളച്ചുകയറാൻ സഹായിക്കുകയും ചെയ്യുന്നു. മണ്ണിനെ സമ്പുഷ്ടമാക്കാനും ചെടികളുടെ വളർച്ചയെ പിന്തുണയ്ക്കാനും സഹായിക്കുന്ന ജൈവവസ്തുക്കൾ കഴിച്ച് പുറന്തള്ളുന്നതിലൂടെ പോഷകങ്ങൾ സൈക്കിൾ ചെയ്യാനും അവ സഹായിക്കുന്നു. ഉറുമ്പുകൾ മറ്റ് പല പ്രാണികളുടെ സ്വാഭാവിക വേട്ടക്കാരാണ്. മാത്രമല്ല അവയുടെ സംഖ്യ നിയന്ത്രിക്കാൻ സഹായിക്കുകയും ചെയ്യും. ആവാസവ്യവസ്ഥയ്ക്കുള്ളിൽ ഇരപിടിയന്റേയും ഇരകളുടേയും സന്തുലിതാവസ്ഥ നിലനിർത്താൻ ഇത് സഹായിക്കുന്നു. ഉറുമ്പുകൾ അവരുടെ പരിസ്ഥിതി പരിഷ്കരിക്കാനും സങ്കീർണമായ കൂടുകൾ നിർമ്മിക്കാനും കഴിവുള്ളവരാണ്. ഈ പരിഷ്കരണങ്ങൾ മറ്റു പലതരം സസ്യങ്ങളേയും മൃഗങ്ങളേയും പിന്തുണയ്ക്കുന്ന മൈക്രോഹാബിറ്റാറ്റുകൾ സൃഷ്ടിക്കാൻ സഹായിക്കും. എല്ലാ ഉറുമ്പുകളും പരാഗണകാരികളല്ലെങ്കിലും ചിലത് പൂക്കൾ സന്ദർശിക്കുന്നതായി അറിയപ്പെടുന്നു, കൂടാതെ സസ്യജാലങ്ങളുടെ പരാഗണത്തിന് സംഭാവന നൽകാനും കഴിയും. ഇത് സസ്യങ്ങളുടെ വൈവിധ്യം നിലനിർത്താൻ സഹായിക്കുന്നു. കൂടാതെ ആവാസവ്യവസ്ഥയുടെ മൊത്തത്തിലുള്ള ജൈവവൈവിധ്യത്തിനും സംഭാവന നൽകുന്നു.

ബൈബിളിൽ പല പ്രാവശ്യം ഉറുമ്പുകളെ പരാമർശിക്കുന്നു. ഓരോ സാഹചര്യത്തിലും ഉറുമ്പുകൾ അവയുടെ ജ്ഞാനം, ഉത്സാഹം, വ്യവസായം എന്നിവയെ എടുത്തുകാണിക്കുന്നു. ഉദാഹരണത്തിന്, സദൃശവാക്യങ്ങൾ പറയുന്നു: ''മടിയനായ മനുഷ്യാ, ഉറുമ്പിന്റെ പ്രവൃത്തി കണ്ട് വിവേകിയാവുക. മേലാളനോ കാര്യസ്ഥനോ രാജാവോ ഇല്ലാതെ അതു വേനൽക്കാലത്ത് കലവറയൊരുക്കി കൊയ്ത്തുകാലത്ത് ഭക്ഷണം ശേഖരിച്ചു വയ്ക്കുന്നു'' (സദൃശവാക്യങ്ങൾ 6:6-8). ഭാവിക്കായി തയ്യാറെടുക്കുന്നതിലും അവരുടെ ജോലിയിൽ ഉത്സാഹത്തോടെയിരിക്കുന്നതിലും ഉറുമ്പുകളുടെ ജ്ഞാനം ഈ ഭാഗം ഊന്നിപ്പറയുന്നു. ഉറുമ്പുകളുടെ മാതൃകയിൽ നിന്ന് പഠിക്കുക, ഭാവിക്കായി തയ്യാറെടുക്കുക, കഠിനാധ്വാനം ചെയ്യുക, നാം ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ഉത്സാഹത്തോടെ പ്രവർത്തിക്കുക. എളിമയുടെയും ചെറുപ്പത്തിന്റെയും ഉദാഹരണമാണ് ഉറുമ്പുകൾ. ''ഭൂമിയിലെ നാലു ജീവികൾ തീരെ ചെറുതാണ്, എങ്കിലും അസാമാന്യ ബുദ്ധി പ്രകടിപ്പിക്കുന്നു. ഉറുമ്പിൻകൂട്ടം എത്രയോ ദുർബലം! എങ്കിലും അവ വേനൽക്കാലത്ത് ആഹാരം കരുതിവയ്ക്കുന്നു.'' (സദൃശവാക്യങ്ങൾ 30:24-25). ഉറുമ്പുകളെപ്പോലുള്ള ചെറുതും നിസ്സാരമെന്ന് തോന്നുന്നതുമായ ജീവികൾക്കുപോലും വലിയ ജ്ഞാനവും വിലപ്പെട്ട പാഠങ്ങളും മനുഷ്യർക്ക് നൽകാൻ കഴിയുമെന്നതാണ് ഇവിടെയുള്ള സന്ദേശം.

> **സദൃശവാക്യങ്ങൾ പറയുന്നു: "മടിയനായ മനുഷ്യാ, ഉറുമ്പിന്റെ പ്രവൃത്തി കണ്ട് വിവേകിയാവുക. മേലാളനോ കാര്യസ്ഥനോ രാജാവോ ഇല്ലാതെ അതു വേനൽക്കാലത്ത് കലവറയൊരുക്കി കൊയ്ത്തുകാലത്ത് ഭക്ഷണം ശേഖരിച്ചു വയ്ക്കുന്നു"**

നാം ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ജ്ഞാനവും ഉത്സാഹവും താഴ്മയും ഉള്ളവരായിരിക്കാനും ദൈവത്തിന്റെ എല്ലാ സൃഷ്ടികളുടെയും ജ്ഞാനത്തെയും വ്യവസായത്തെയും, അവർ എത്ര ചെറുതായാലും വിലമതിക്കുന്നതിനുള്ള ഒരു ഓർമ്മപ്പെടുത്തലായി വർത്തിക്കുന്നതിനുമാണ് ബൈബിൾ ഉറുമ്പുകളെ ഉയർത്തിക്കാട്ടുന്നത്.

ഉറുമ്പുകൾക്ക് വിശാലമായ പരിസ്ഥിതികളോടും പരിസ്ഥിതി സ്ഥലങ്ങളോടും പൊരുത്തപ്പെടാൻ കഴിയും. മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ പൊരുത്തപ്പെടുത്തലിന്റെയും വഴക്കത്തിന്റെയും പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് മനുഷ്യർക്ക് ഇതിൽനിന്ന് പഠിക്കാനാകും. ഉറുമ്പുകൾ ഭക്ഷണം കണ്ടെത്തുകയോ കൂടുകൾ പണിയുകയോ പോലുള്ള പ്രവർത്തനങ്ങൾ ശ്രദ്ധാപൂർവ്വം ആസൂത്രണം ചെയ്യുകയും സംഘടിപ്പിക്കുകയും ചെയ്യുന്നു. സ്വന്തം ജീവിതത്തിൽ വിജയം കൈവരിക്കുന്നതിന് ആസൂത്രണത്തിന്റെയും സംഘടനയുടെയും പ്രാധാന്യം തിരിച്ചറിയുന്നതിലൂടെ മനുഷ്യർക്ക് ഇതിൽനിന്ന്

വിജയം നേടുന്നതിനും ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനും വ്യത്യസ്ത സന്ദർഭങ്ങളിൽ ഉപയോഗിക്കാവുന്ന അനവധി നേതൃത്വ ഗുണങ്ങൾ ഉറുമ്പുകൾ പ്രകടിപ്പിക്കുന്നു. വ്യക്തമായ കാഴ്ചപ്പാട്, ഫലപ്രദമായ ആശയവിനിമയം, സഹകരണം, പൊരുത്തപ്പെടുത്തൽ, സ്ഥിരോത്സാഹം എന്നിവയിൽ ഫലപ്രദമായ നേതൃത്വം ഉൾക്കൊള്ളുന്നു.

ഉറുമ്പുകളുടെ ജീവിതരീതി പഠിക്കുന്നത്, വിജയം നേടുന്നതിനും ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിവിധ സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ കഴിയുന്ന വിലപ്പെട്ട മാനേജ്മെന്റ് ടെക്നിക്കുകൾ നമ്മെ പഠിപ്പിക്കും. വന്യമൃഗങ്ങളോടു ചോദിക്കുവിൻ, അവ നിങ്ങളെ പഠിപ്പിക്കും, ആകാശപ്പറവകളോടു ചോദിക്കുവിൻ, അവ നിങ്ങൾക്കു പറഞ്ഞു തരും. ഭൂമിയിലെ സസ്യങ്ങളോടു ചോദിക്കുവിൻ, അവ നിങ്ങളെ ഉപദേശിക്കും. ആഴിയിലെ മത്സ്യങ്ങളും നിങ്ങളോടു പ്രഖ്യാപിക്കും. കർത്താവിന്റെ കരങ്ങളാണ് ഇവയെല്ലാം പ്രവർത്തിച്ചതെന്ന് അവയിൽ ഏതിനാണ് അറിഞ്ഞുകൂടാത്തത്? (ഇയ്യോബ് 12:7-9) 'മാനവരാശിയുടെ ജീവശ്വാസവും സകല ജീവജാലങ്ങളുടെയും പ്രാണനും അവിടുത്തെ കരങ്ങളിലാണ്. മടിയാ, ഉറുമ്പിന്റെ അടുക്കൽ ചെല്ലുക; അതിന്റെ വഴികളെ നോക്കി ബുദ്ധി പഠിക്ക.'

വന്യമൃഗങ്ങളോടു ചോദിക്കുവിൻ, അവ നിങ്ങളെ പഠിപ്പിക്കും, ആകാശപ്പറവകളോടു ചോദിക്കുവിൻ, അവ നിങ്ങൾക്കു പറഞ്ഞു തരും. ഭൂമിയിലെ സസ്യങ്ങളോടു ചോദിക്കുവിൻ, അവ നിങ്ങളെ ഉപദേശിക്കും. ആഴിയിലെ മത്സ്യങ്ങളും നിങ്ങളോടു പ്രഖ്യാപിക്കും. കർത്താവിന്റെ കരങ്ങളാണ് ഇവയെല്ലാം പ്രവർത്തിച്ചതെന്ന് അവയിൽ ഏതിനാണ് അറിഞ്ഞുകൂടാത്തത്? (ഇയ്യോബ് 12:7-9)

പഠിക്കാനാകും. ഉറുമ്പുകളുടെ ജീവിതം സഹകരണം, നിശ്ചയദാർഢ്യം, പൊരുത്തപ്പെടുത്തൽ, സംഘടന എന്നിവയെക്കുറിച്ച് മനുഷ്യർക്ക് വിലപ്പെട്ട പാഠങ്ങൾ നൽകുന്നു. ഉറുമ്പുകളുടെ സ്വഭാവവും പരിസ്ഥിതിശാസ്ത്രവും പഠിക്കുന്നതിലൂടെ വിജയകരവും സംതൃപ്തവുമായ ജീവിതം എങ്ങനെ നയിക്കാമെന്ന് നമുക്ക് ആഴത്തിൽ മനസ്സിലാക്കാൻ കഴിയും.

സാരാംശത്തിൽ, ഈ വാക്യം പ്രകൃതിയുടെ ജ്ഞാനത്തിൽ നിന്ന് പഠിക്കാനും സ്വയം മെച്ചപ്പെടുത്താനും അത് ഉപയോഗിക്കാനും ആളുകളെ പ്രേരിപ്പിക്കുന്നു. മറ്റുള്ളവരെ ആശ്രയിക്കുകയോ അലസതയ്ക്ക് ഒഴിവുകഴിവ് പറയുകയോ ചെയ്യുന്നതിനു പകരം വ്യക്തികൾ അവരുടെ ജീവിതത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കാനും അവരുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ കഠിനാധ്വാനം ചെയ്യാനുമുള്ള പ്രവർത്തനത്തിനുള്ള ആഹ്വാനമാണിത്.

കേരളം
ആത്മീയ കവാടം

ആർ. പ്രസന്നൻ

മുംബൈ നഗരത്തെ ഇന്ത്യയുടെ ഗേറ്റ് വേ അഥവാ പടിവാതിലെന്ന് വിശേഷിപ്പിക്കാറുണ്ട്. ഇരുപതാം നൂറ്റാണ്ടിലാണ് ആ പേര് വീണത്. ബ്രിട്ടീഷ് വൈസ്രോയ്മാർ ലണ്ടനിൽ നിന്നെത്തി അന്നു ബോംബെ എന്ന് വിളിച്ചിരുന്ന മുംബൈയിൽ കപ്പലിറങ്ങാൻ തുടങ്ങിയത് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകം മുതലാണ്. അതിനു മുമ്പ് മിക്കവരും അന്നത്തെ തലസ്ഥാനമായ കൊൽക്കത്തയിലാണ് വന്നിറങ്ങിക്കൊണ്ടിരുന്നത്. മുംബൈയിൽ കപ്പലിറങ്ങി തീവണ്ടിമാർഗം കൊൽക്കത്തയിലേക്ക് യാത്ര ചെയ്തിരുന്നവർ ഇല്ലെന്നല്ല. 1912ൽ തലസ്ഥാനം ഡൽഹിയിലേക്ക് മാറ്റിയതോടെ മിക്കവർക്കും മുംബൈയാണ് വരവേൽപ് നൽകിയത്.

1911ൽ ബ്രിട്ടീഷ് രാജാവ് ജോർജ് അഞ്ചാമനും പത്നിയും മുംബൈയിൽ കപ്പലിറങ്ങിയതിന്റെ ഓർമയ്ക്കായി ഇന്ന് ഗേറ്റ് വേ ഓഫ് ഇന്ത്യ എന്ന് വിളിക്കുന്ന സ്മാരകം നിർമ്മിച്ചതിനു ശേഷമാണ് ആ പേര് പ്രസിദ്ധമായത്. നിർമ്മാണം 1924ൽ ആണ് പൂർത്തിയായതെന്നത് വേറെ കാര്യം. പക്ഷേ, ഇന്ത്യയുടെ ആത്മീയകവാടം ഏതെന്ന് ചോദിച്ചാൽ ഒന്നേ പറയാനുള്ളൂ- പണ്ട് മലബാർ തീരമെന്ന് വിശേഷിപ്പിച്ചിരുന്ന കേരള തീരം.

പൗരാണിക കാലത്ത് ബുദ്ധമതവും, ജൈനമതവും കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്നുവെന്നതിന് ഏറെ തെളിവുകളുണ്ട്. കായംകുളം-മാവേലിക്കര പ്രദേശങ്ങളിൽ ഇന്നും ബുദ്ധ-ജൈനവിശ്വാസങ്ങളുടെ അവശിഷ്ടങ്ങൾ കാണാൻ കഴിയും. തകഴിക്കടുത്തുള്ള കരുമാടിക്കുട്ടൻ തന്നെ, ഇവയിൽ ഏറ്റവും അറിയപ്പെടുന്നത്. അതുപോലെ തന്നെ ഹൈന്ദവവിശ്വാസത്തിന്റെ ഏറ്റവും ഉത്കൃഷ്ടതത്വസംഹിതയായി കണക്കാക്കപ്പെടുന്ന അദ്വൈതവാദം ഉടലെടുത്തതും കേരളത്തിലെ കാലടിയിൽ.

ക്രിസ്തുവിന് ഒരു നൂറ്റാണ്ടു മുമ്പുതന്നെ ജൂതന്മാർ കേരളത്തിലെത്തിയിരുന്നതായി കരുതുന്നുണ്ട്. പതിനൊന്നാം നൂറ്റാണ്ടിൽ കേരളതീരത്ത് വലിയൊരു ജൂതസമൂഹമുണ്ടായിരുന്നതായും അവരുടെ അവകാശങ്ങൾ സംബന്ധിച്ചുമുള്ള രേഖകൾ ലഭ്യമായിട്ടുണ്ട്.

ക്രിസ്തുവിന്റെ ശിഷ്യൻ തോമ്മ ശ്ലീഹ എഡി 52ൽ കൊടുങ്ങല്ലൂരിൽ എത്തിയതായാണ് കരുതുന്നത്. നാലാം നൂറ്റാണ്ടിനും ഒൻപതാം നൂറ്റാണ്ടിനുമിടയിൽ കേരളത്തിൽ വലിയൊരു ക്രിസ്തീയസമൂഹം നിലനിന്നിരുന്നുവെന്നതിൽ സംശയമില്ല. ഏഴാം നൂറ്റാണ്ടിൽ തന്നെ, അതായത് പ്രവാചകന്റെ കാലത്തിനു തൊട്ടു പിന്നാലെ തന്നെ ഇസ്‌ലാം വിശ്വാസവും അറബിക്കച്ചവടക്കാരോടൊപ്പം കേരളത്തിലെത്തി. അതായത് ബുദ്ധ-ജൈന-ഹൈന്ദവ-ജൂത-ക്രൈസ്തവ-ഇസ്‌ലാമിക വിശ്വാസങ്ങളുടെയെല്ലാം വിളഭൂമിയാണ് കേരളം.

ഇത്രയധികം വിശ്വാസപ്രമാണങ്ങൾ പൊട്ടിമുളയ്ക്കുകയും പരസ്പര സൗഹാർദ്ദത്തോടെ വളർച്ച പ്രാപിക്കുകയും ചെയ്ത മറ്റൊരു ഭൂപ്രദേശം ഭാരതത്തിലോ ലോകത്തെവിടെയും തന്നെയോ ഉണ്ടാകുമോയെന്ന് സംശയമാണ്. നാട്ടിൽ മുളച്ചുവന്നതും പുറത്തുനിന്നു വന്നതുമായ എല്ലാ വിശ്വാസപ്രമാണങ്ങളെയും കേരളക്കര സന്തോഷപൂർവ്വം സ്വാഗതം ചെയ്യുകയായിരുന്നു. ഈ സഹിഷ്ണുതയുടെയും പരസ്പരബഹുമാനത്തിന്റെയും അന്തരീക്ഷം വരുംതലമുറകളും കാത്തുസൂക്ഷിക്കുമെന്ന് നമുക്കാശിക്കാം.

പാവന സ്മരണയ്ക്ക്

റേച്ചൽ വർഗീസ് & സി.കെ. വർഗീസ്
ചേരാംപള്ളിൽ, ഉള്ളന്നൂർ

മറിയാമ്മ ജോർജ് (തങ്കമ്മ) & എം.വി. ജോർജ്
ചേരാംപള്ളിൽ പുത്തൻവീട്, ഉള്ളന്നൂർ

സ്നേഹസ്മരണകളോടെ കുടുംബാംഗങ്ങൾ

സൈന്യങ്ങളുടെ ദൈവമായ യഹോവേ, തിരുനിവാസം എത്ര മനോഹരം

മാത്യു തോമസ്
കോറെപ്പിസ്കോപ്പ

വിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ പരിശുദ്ധ പരുമല തിരുമേനി സ്ഥാപിച്ച ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളി 125-ാം വാർഷികം ആഘോഷിക്കുന്ന അനുഗൃഹീത അവസരമാണല്ലോ! ഇത്തരുണത്തിൽ സങ്കീർത്തനക്കാരനോടു ഒരുമിച്ച് നമുക്കും ഏറ്റു ചൊല്ലാം ''സൈന്യങ്ങളുടെ ദൈവമായ യഹോവേ, തിരുനിവാസം എത്ര മനോഹരം.'' (84:1) ഈ വാക്യത്തിന്റെ ഇംഗ്ലിഷ് പരിഭാഷ ഇപ്രകാരമാണ്. "How amiable is thy tabernacle, O LORD of hosts!" amiable എന്ന വാക്കിന്റെ അർത്ഥം പ്രിയങ്കരമെന്നാണ്. ദൈവത്തെ സ്തോത്രം ചെയ്യാനും മഹത്വപ്പെടുത്താനും ആരാധിക്കാനും ഉതകുന്ന സ്ഥലമാണ് ദൈവാലയം. അതുകൊണ്ടാണ് സങ്കീർത്തനക്കാരനത് പ്രിയങ്കരമായിരിക്കുന്നത്. വീണ്ടും സങ്കീർത്തനം 26:8ൽ പറയുന്നു: ''യഹോവേ നിന്റെ ആലയമായ വാസസ്ഥലവും നിന്റെ മഹത്വത്തിന്റെ നിവാസവും എനിക്കു പ്രിയമാകുന്നു.'' ദൈവത്തിന്റെ അധിവാസ സ്ഥലമാണ് ദൈവാലയം.

യിസ്രായേലിന്റെ രാജാവായ ദാവീദ് തനിക്കു വേണ്ടി ഒരു അരമന നിർമ്മിച്ചപ്പോഴാണ് ദൈവത്തിനും ഒരു ആലയം ഉണ്ടാകേണ്ടതിന്റെ ചിന്ത വന്നത്. പക്ഷേ, ദൈവാലയം നിർമ്മിക്കാനുള്ള ദൈവികനിയോഗം തന്റെ മകനായ ശലോമോൻ രാജാവിനാണ് ലഭിച്ചത്. അന്നു ലഭിക്കാവുന്ന വിശിഷ്ട വസ്തുക്കൾ ശേഖരിച്ച് അതിമനോഹരമായ ദൈവാലയം ശലോമോൻ രാജാവ് ദൈവത്തിനായി നിർമ്മിച്ചു. ദൈവാലയം ദൈവത്തിന് സമർപ്പിച്ചു കൊണ്ട് അദ്ദേഹം ദീർഘമായ പ്രാർത്ഥന നടത്തി. ''ഈ സ്ഥലത്തു വച്ച് പ്രാർത്ഥിപ്പാനിരിക്കുന്ന അടിയന്റെയും നിന്റെ ജനമായ യിസ്രായേലിന്റെയും യാചന കേൾക്കേണമേ'' എന്നു തുടങ്ങി ഇപ്രകാരം അവസാനിപ്പിച്ചു: ''ഒരു അന്യജാതിക്കാരൻ ഈ ആലയത്തിലേക്ക് നോക്കി പ്രാർത്ഥിച്ചാൽ നിന്റെ വാസസ്ഥലമായ സ്വർഗത്തിൽ കേട്ട്

യാചിക്കുന്നതൊക്കെയും ചെയ്തു കൊടുക്കേണമേ'' (1 രാജാക്കന്മാർ 8:41). ദൈവാലയത്തിൽ പോകാൻ സാധിക്കാതെ വളരെ വിദൂരതയിലിരുന്നു ദൈവാലയത്തിന്റെ ദിശ നോക്കി പ്രാർത്ഥിക്കാനാഗ്രഹിക്കുന്ന ഒരു അന്യ ജാതിക്കാരനെ പോലും ഓർത്തു ശലോമോൻ പ്രാർത്ഥിച്ചു. ദൈവാലയം ഒരു പ്രത്യേക ജനത്തെ പ്രതിമാത്രമല്ല, എല്ലാ മനുഷ്യരേയും ഉദ്ദേശിച്ചാണെന്നു മനസ്സിലാക്കാം. ദൈവാലയത്തിൽ നാലു തരത്തിലുള്ള ദൈവ സാന്നിദ്ധ്യമുണ്ട്.

നാം ദൈവത്തിന്റെ ജീവനുള്ള മന്ദിരങ്ങളാണ്. ഈ സത്യം വളരെ ശ്രേഷ്ഠമാണ്. ദൈവത്തിന്റെ സ്വരൂപത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിന്റെ മന്ദിരങ്ങളുമാണ്. ആയതിനാൽ നാം വിശുദ്ധരാണ്.

1. സാർവത്രിക സാന്നിദ്ധ്യം (Universal presence)

ദൈവം സർവ്വവ്യാപിയാണ്, ദൈവ സാന്നിദ്ധ്യം എല്ലായിടത്തുമുണ്ട്, അതിനാൽ ദൈവാലയത്തിലുമുണ്ട്.

2. വാഗ്ദത്ത സാന്നിദ്ധ്യം (Promised presence)

വിശുദ്ധ മത്തായിയുടെ സുവേശേഷത്തിൽ നാം വായിക്കുന്നു: ''രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്'' (18:20) ആയതിനാൽ വിശ്വാസികൾ കൂടുന്ന ദൈവാലയത്തിൽ കർത്താവിന്റെ സാന്നിദ്ധ്യമുണ്ട്.

3. പ്രതിഷ്ഠിത സാന്നിദ്ധ്യം (Dedicatory presence)

വിശുദ്ധ മൂറോൻ അഭിഷേകത്താലാണ് ദൈവാലയകൂദാശ പൂർത്തീകരിക്കുന്നത്. മൂറോൻ പരിശുദ്ധാത്മ സാന്നിദ്ധ്യമാണ്. ആയതിനാൽ, ദൈവാലയം ദൈവ സാന്നിദ്ധ്യം കൊണ്ട് നിറയുന്നു.

4. ദിവ്യകാരുണ്യ സാന്നിദ്ധ്യം (Eucharistic presence)

വിശുദ്ധ കുർബാനയിൽ പട്ടക്കാരൻ അപ്പവീഞ്ഞുകൾ വാഴ്ത്തുമ്പോൾ അത് കർത്താവിന്റെ തിരുശരീരവും തിരുരക്തവുമായി മാറ്റപ്പെടുന്നു. പരിശുദ്ധ റൂഹായുടെ ആവാസമാണ് അവിടെ ഉണ്ടാകുന്നത്. ഇതാണ് ദിവ്യകാരുണ്യ സാന്നിദ്ധ്യം.

ദൈവാലയം ദൈവ ഭവനമാണ്

യോഹന്നാൻ 2:16ൽ യേശുതമ്പുരാൻ അരുളിച്ചെയ്യുന്നു: ''എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത്.'' ദൈവാലയം, ദൈവം ഭൂമിയിൽ എഴുന്നള്ളി വസിക്കുന്ന വിശുദ്ധ പർവ്വതമാണെന്നു സങ്കീർത്തനത്തിൽ വായിക്കുന്നു (15:1). ''യഹോവേ നിന്റെ കൂടാരത്തിൽ ആർ പാർക്കും. നിന്റെ വിശുദ്ധ പർവ്വതങ്ങളിൽ ആർ വസിക്കും.'' അത് സ്വർഗത്തിന്റെ പടിവാതിലാണ് (18:20). ''യഹോവയുടെ വാതിൽ ഇതു തന്നെ നീതിമാന്മാർ അതിൽകൂടി കടക്കും.'' വിശുദ്ധ മർക്കൊസ് സുവിശേഷകൻ പറയുന്നു (11:17) ''എന്റെ ആലയം സകല ജാതികൾക്കും പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും.'' ദൈവാലയത്തെ തന്റെ ശരീരമായി കർത്താവ് താരതമ്യപ്പെടുത്തി. യേശുക്രിസ്തു പറഞ്ഞു: ''ഈ മന്ദിരം പൊളിപ്പീൻ, ഞാൻ മൂന്നു ദിവസം കൊണ്ട് അതിനെ പണിയും'' (യോഹന്നാൻ 2:19). കർത്താവ് തന്റെ ശരീരമാകുന്ന മന്ദിരത്തെക്കുറിച്ചാണ് പറഞ്ഞതെന്ന് സുവിശേഷകൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

പരിശുദ്ധനായ പൗലൊസ് അപ്പൊസ്തലൻ വെളിപ്പെടുത്തുന്നു (1 കൊരി. 3:16) ''നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കും എന്നും നങ്ങൾ അറിയുന്നില്ലേ?'' നാം ദൈവത്തിന്റെ ജീവനുള്ള മന്ദിരങ്ങളാണ്. ഈ സത്യം വളരെ ശ്രേഷ്ഠമാണ്. ദൈവത്തിന്റെ സ്വരൂപത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിന്റെ മന്ദിരങ്ങളുമാണ്. ആയതിനാൽ നാം വിശുദ്ധരാണ്. (We are holy people). (1 കൊരി. 4:17) ''ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ, നിങ്ങളും അങ്ങനെ തന്നെ.'' ഒരു വിശുദ്ധമായ ജീവിതത്തിനു വേണ്ടി ദൈവം നമ്മെ വിളിച്ചിരിക്കുന്നു. മറ്റുള്ള ലോകമയന്മാരിൽ നിന്നു വേർതിരിക്കപ്പെട്ട വിശുദ്ധ ജീവിതം നയിക്കുന്നവനാണ് ഒരു ക്രിസ്ത്യാനി. ദൈവത്തിന്റെ ആത്മാവ് നമ്മിൽ വസിക്കുന്നു. നാം ദൈവത്തിൽ വസിക്കുന്നതു പോലെ ദൈവം നമ്മുടെ ഉള്ളിൽ വസിക്കുന്നു.

ഭാരതീയ ചിന്തയിൽ മനുഷ്യരെല്ലാം ദൈവത്തിന്റെ ഓരോ അംശങ്ങളാണ്. മഴത്തുള്ളികൾ അവസാനമായി സമുദ്രത്തിൽ ലയിച്ച് അപ്രത്യക്ഷമാകുന്നതു പോലെ മനുഷ്യനും അവസാനമായി ദൈവത്തിൽ വിലയം പ്രാപിക്കും. നാം ദൈവത്തിന്റെ വകയാണ് (We are the property of God). ജീവിതത്തിൽ പ്രതിസന്ധികളും പ്രയാസങ്ങളും നേരിടുന്ന അവസരത്തിൽ ഈ ചിന്ത നമ്മെ ശക്തീകരിക്കും.

പൗലൊസ് അപ്പൊസ്തലൻ പഠിപ്പിക്കുന്നു: ''ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും.'' ദൈവത്തിന്റെ ജീവനുള്ള ആലയമായി നമ്മുടെ ശരീരത്തെ കാത്തുകൊള്ളേണ്ടത് ആവശ്യമാണ്. യാതൊരുവിധ അനീതിക്കും അധർമ്മത്തിനും നമ്മുടെ ശരീരത്തെ ഏല്പിച്ചു കൊടുക്കരുത്. സകലവിധ അശുദ്ധിയിൽ നിന്നും ലഹരിയിൽ നിന്നും ആസക്തിയിൽ നിന്നും നമ്മുടെ ശരീരത്തെ കാത്തുകൊള്ളണം. ദൈവാലയത്തിന്റെ ശതോത്തര രജത ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ ഈ അനുഗൃഹീത ചിന്തകൾ നമ്മെ ഭരിക്കട്ടെ. ■

വെളിച്ചത്തിന്റെ സാക്ഷി



ഡോ. ഡേവിഡ് കോശി റമ്പാൻ

വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിലെ ദീപ്ത വ്യക്തിത്വങ്ങളിൽ ഒരാളാണ് സ്നാപകയോഹന്നാൻ. ആറു തവണ വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ സ്നാപകനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. (യോഹ. 1:67, 1:19-28; 1:29-34, 1:35; 3:22-30; 5:35) ''ദൈവം അയച്ചിട്ട് ഒരു മനുഷ്യൻ വന്നു. അവനു യോഹന്നാൻ എന്നു പേർ. അവൻ സാക്ഷ്യത്തിനായി, താൻ മുഖാന്തരം എല്ലാവരും വിശ്വസിക്കേണ്ടതിനു വെളിച്ചത്തെക്കുറിച്ചു സാക്ഷ്യം പറവാൻ തന്നെ വന്നു. അവൻ വെളിച്ചം ആയിരുന്നില്ല; വെളിച്ചത്തിനു സാക്ഷ്യം പറയേണ്ടുന്നവനത്രേ'' (1:6-8). വെളിച്ചത്തിന്റെ സാക്ഷിയാണ് സ്നാപക യോഹന്നാൻ. പ്രപഞ്ചത്തിന്റെ ആദികാരണമായ വചനം മാംസം ധരിച്ചവനാണ് നസ്രായനായ യേശു എന്ന് ലോകത്തോട് ആദ്യമായി ഉദ്ഘോഷിക്കുന്നതു സ്നാപക യോഹന്നാനാണ്. യേശു കടന്നു പോകുമ്പോൾ യോഹന്നാൻ സാക്ഷിച്ചു, ''ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്'' യേശുവിന്റെ ശിഷ്യരുടെ ആദി രൂപമായും (prototype) സ്നാപക യോഹന്നാനെ റുഡോൾഫ് ബുൾട്ട്മാൻ വിശേഷിപ്പിക്കുന്നു.

'മർത്തൂസ്' എന്ന വാക്കാണ് സാക്ഷി എന്നതിന് ഗ്രീക്കിലുള്ളത്. വ്യവഹാരഭാഷയായ ഇതിനെ കോടതികളിലും വ്യവഹാര വേദികളിലുമാണ് ഉപയോഗിച്ചിരുന്നത്. വസ്തുനിഷ്ഠമായ തെളിവ് എന്ന അർത്ഥത്തിൽ സെപ്റ്റുവജന്റിൽ ഇതിനെ ഉപയോഗിക്കുന്നുണ്ട്. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തെ ഒരു വിചാരണയുടെ വിവരണമായി പണ്ഡിതന്മാർ

പറയുന്നു. യേശുവിനെ വിചാരണ ചെയ്യുമ്പോൾ വസ്തുനിഷ്ഠമായ സാക്ഷികളെ നൽകാൻ ലോകത്തിനു കഴിയാതിരിക്കുമ്പോൾ സ്നാപകന്റെ സാക്ഷ്യം യേശുവിനെ കുറ്റം വിധിക്കാൻ നിൽക്കുന്ന ലോകത്തിന് എതിരെയുള്ള നീതി സാക്ഷ്യമായി മാറുന്നു. യഥാർത്ഥത്തിൽ രണ്ടു യോഹന്നാന്മാരുടെ സാക്ഷ്യത്തിനു നടുവിലാണ് യോഹന്നാൻ ശ്ലീഹ യേശുവിനെ സാക്ഷിക്കുന്നത്. സുവിശേഷ തുടക്കത്തിലുള്ള സാക്ഷി സ്നാപക യോഹന്നാൻ (1:6), അവസാന സാക്ഷി യോഹന്നാൻ ശ്ലീഹ (19:35; 21:24). രണ്ടു പേരുടെ സാക്ഷ്യം സത്യം ആണ് എന്നുള്ള യെഹൂദ നിയമം ഇവിടെ പൂർത്തീകരിക്കപ്പെടുന്നു (സംഖ്യ 35:30; നിയമ. 17:66).

ചോദ്യം ചെയ്യപ്പെടുന്ന സാക്ഷി

യോഹന്നാന്റെ സുവിശേഷം ആരംഭിക്കുന്നതു സാക്ഷി വിസ്താരണത്തിന്റെ വിവരണത്തോടുകൂടിയാണ്. ''നീ ആരാണെന്നു ചോദിക്കാൻ യഹൂദർ പുരോഹിതരെയും ലേവ്യരെയും അയച്ചു. ഒരു പക്ഷേ, പുരോഹിത കുടുംബത്തിൽപ്പെട്ട യോഹന്നാൻ പൗരോഹിത്യത്തിനെതിരെ സംസാരിച്ചതോ സുഖലോലുപതയിലോ അധികാരപ്രമത്തതയിലോ പൂണ്ട പൗരോഹിത്യത്തെ വിമർശിച്ചതോ ഈ വിസ്താരത്തിനു കാരണമായേക്കാം. പലസ്തീനിൽ അന്ന് നിലനിന്ന ജനപ്രതിനിധികളുടെയും പ്രധാന പുരോഹിതരുടെയും സമാന്തരഭരണകൂടവും അധികാര സംവിധാനവും ഈ അയയ്ക്കലിനെ സാധൂകരിക്കും. സുഖലോലുപതയിൽ പുരോഹിതനും മരുഭൂമിയിലെ പ്രവാചകനും തമ്മിലുള്ള സംഘർഷഭാവവും ഇവിടെ നിരീക്ഷണവിധേയമാക്കാം.

കൂടാതെ യെഹൂദ സമൂഹത്തിൽ നിലനിന്ന മിശിഹായുടെ വരവിനെക്കുറിച്ചുള്ള പ്രതീക്ഷയും ഈ അന്വേഷണത്തിന്റെ കാരണമായി ചിന്തിക്കാവുന്നതാണ്. ''കർത്താവിന്റെ മഹത്വപൂർണമായ ദിവസം വരുന്നതിനു മുമ്പേ ഏലിയ പ്രത്യക്ഷപ്പെടും'' (മലാഖി 4:5-6), എന്ന പഴയ നിയമത്തിലെ അവസാന പ്രവാചകനായ മലാഖിയുടെ പ്രവചനവും അഞ്ഞൂറ് വർഷത്തിലധികമായി നിന്നു പോയ പ്രവാചക ദൗത്യവും ഇസ്രായേല്യരുടെ വിമോചനമോഹവും നീ ആരാണ് എന്ന ചോദ്യാന്വേഷണത്തിനു നിദാനമായിരുന്നു. പുരോഹിതനും പ്രവാചകനുമായ മലാഖി അവസാനിപ്പിച്ചിടത്തു നിന്ന് അവസാന കണ്ണിയും പ്രവാചകനും പുരോഹിതനുമായ യോഹന്നാൻ പുരോഹിത ദൗത്യം പുനരാരംഭിച്ചു.

സ്വത്വം വെളിപ്പെടുത്തുന്ന സാക്ഷി

നീ ആരാണ് എന്ന ചോദ്യത്തിന്റെ മറുപടി ശ്രദ്ധേയമാണ്. ''കർത്താവിന്റെ വഴി നേരെയാക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു'' (യോഹ. 1:23; യശ. 40:3). ത്രിവിധ വ്യാഖ്യാനങ്ങളാൽ സമ്പുഷ്ടമാണ് യെശയ്യാ പ്രവാചകന്റെ ഈ പ്രവചനം. ഒന്നാമതായി ബാബിലോൺ അടിമത്തത്തിൽ (ബിസി 587-539) നിന്ന് മടങ്ങി യെരുശലേമിലേക്കു വരുന്ന ജനത്തെ എതിരേൽക്കുന്നു എന്നതാണ്. രണ്ടാമതായി വിജയശ്രീലാളിതരായി വരുന്ന റോമൻ ഭരണാധികാരികളെ എതിരേൽക്കുന്നതിനായുള്ള വഴി തെളിക്കൽ വിളംബരത്തെ അനുസ്മരിച്ചു യേശുക്രിസ്തുവിന്റെ വഴി തെളിക്കുന്ന യോഹന്നാനെ പ്രതീകാത്മകമായി സൂചിപ്പിക്കുന്നു. മൂന്നാമതായി, യുഗാന്ത്യപരമായി വരാനിരിക്കുന്ന മിശിഹായുടെ ഭരണത്തിലേക്ക് ദൃഷ്ടിയൂന്നുന്നു. കൂടാതെ, മരുഭൂമിയുടെ പശ്ചാത്തലം, യോഹന്നാന്റെ സാക്ഷ്യത്തിനു പിന്നിൽ നിൽക്കുന്നതിനും പ്രത്യേക അർത്ഥം ഇല്ലാതില്ല. യഹൂദർ മരുഭൂമികളെ പുതിയ പുറപ്പാടിന്റെയും ദൈവിക പ്രത്യക്ഷീകരണത്തിന്റെയും ദൈവാവിഷ്കാരത്തിന്റെയും വേദിയായി കരുതിയിരുന്നു.

യിസ്രായേലിന്റെ ചരിത്രത്തിൽ സീനായ് മരുഭൂമിക്കുള്ള പ്രാധാന്യം ദൈവാനുഭവത്തിന്റെയും ദൈവാവിഷ്കാരത്തിന്റെയും ഭൂമിക എന്നതു തന്നെയാണ്. ഉണ്ടാകുവാൻ പോകുന്ന സമ്പൂർണ ദൈവാവിഷ്കാരത്തിന്റെ സൂചനയാണ് യോഹന്നാന്റെ മരുഭൂമിയിലെ പ്രവർത്തനത്തിലൂടെ അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നത്. ദൈവജനവും യേശുവും തമ്മിലുള്ള ബന്ധത്തെ സ്നാപകൻ അനാവരണം ചെയ്യുന്നത് 'മണവാളന്റെ സ്വരത്തിൽ സന്തോഷിക്കുന്ന മണവാളൻ' എന്ന പദം കൊണ്ടാണെന്നതും ശ്രദ്ധേയമാണ്. മണവാളനായ യേശുവിനോടുള്ള ആത്മബന്ധമാണ് ഇത് കാണിക്കുന്നത്.

പൂർത്തിയാക്കുന്ന സാക്ഷ്യം

ദൗത്യം പൂർത്തീകരണത്തിലേക്കെത്തുമ്പോൾ യോഹന്നാൻ സ്നാപകൻ ''അവൻ വളരേണം ഞാനോ കുറയേണം'' എന്ന് പ്രഖ്യാപിച്ചു യവനികയ്ക്കു പിന്നിലേക്കു മാറുന്നു. സൂര്യോദയത്തിൽ നക്ഷത്രം അപ്രസക്തമാകുന്നതു പോലെ യേശുവിന്റെ വരവു മൂലം മഹത്തായ വളർച്ചയ്ക്ക് താൻ ഇനിയും പിന്നിലേക്കു മാറേണ്ടത് അനിവാര്യമാണെന്ന ബോധ്യം യോഹന്നാൻ ഉൾക്കൊള്ളുന്നു. സ്വയം ചെറുതാകാനും മാറിനിൽക്കാനും തയ്യാറുള്ള ആത്മധൈര്യം ഉള്ള മനുഷ്യരാണ് വളർച്ചയ്ക്കും അഭിവൃദ്ധിക്കും വഴിയൊരുക്കുന്നവർ. ക്രിസ്തുവിന്റെ യഥാർത്ഥ സാക്ഷിയാകാനുള്ള, വെളിച്ചമാകുന്ന ക്രിസ്തുവിലേക്കു നയിക്കാനുള്ള കൃപ വിശുദ്ധ യോഹന്നാൻ മാംദാനയെപ്പോലെ നമ്മൾക്കും ലഭിക്കണമേയെന്ന് പ്രാർത്ഥിക്കാം.

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ – വളർച്ച, ഭാവി

പ്രഫ. ഡോ. മേരി ജോർജ്

1863ൽ നടത്തിയ ഒരു സർവേ (Ward and Conner) കണ്ടെത്തിയ കണക്കനുസരിച്ച് അന്ന് തിരുവിതാംകൂറിൽ 1,12,158 ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. 1901 മുതൽ 1931 വരെ നടത്തിയ ദശവർഷ ജനസംഖ്യ പഠനങ്ങളിൽ ക്രിസ്ത്യൻ സമൂഹം എണ്ണത്തിൽ വേഗം വളരുന്നതായാണ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്.

ഏതാണ്ട് രണ്ട് നൂറ്റാണ്ടു കാലമായി കേരളത്തിൽ വേരൂന്നി വളരുന്ന സുറിയാനി ക്രിസ്ത്യാനികൾ കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ അവിസ്മരണീയ സംഭാവനകളാണ് നൽകിയിട്ടുള്ളത്. നഴ്സറി വിദ്യാഭ്യാസം തൊട്ട് വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളിലും സുറിയാനി ക്രിസ്ത്യാനികൾക്ക് മേൽക്കോയ്മയുണ്ട്. ആരോഗ്യരംഗത്തെ കാര്യവും മറിച്ചല്ല. മനുഷ്യ വികസന സൂചികയിൽ (Human Development Index) 196 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം 131ന് മുകളിലാണെന്നുള്ളത് നാണക്കേടാണ്. എന്നാൽ, കേരളം ഇന്ത്യയിൽ ഒന്നാം റാങ്ക് കയ്യടക്കിയിരിക്കുന്നു. തീർന്നില്ല, വികസിത രാജ്യങ്ങൾക്കൊപ്പമാണ് കേരളത്തിലെ ആരോഗ്യ-വിദ്യാഭ്യാസ നേട്ടങ്ങൾ. 1998ലെ സാമ്പത്തിക നൊബേൽ പ്രൈസ് ജേതാവും ബംഗാളിയുമായ അമർത്യസെൻ ഇതെപ്പോഴും ഉയർത്തിപ്പിടിക്കാറുണ്ട്. ലോകമൊട്ടാകെയുള്ള മറ്റനവധി വികസന ചിന്തകരും അങ്ങനെതന്നെ. കേരളത്തെ ഈ ഉയർന്ന ശ്രേണിയിൽ എത്തിക്കുന്നതിന് സുറിയാനി ക്രിസ്ത്യാനികളുടെ സംഭാവന വലുതാണ്.

പതിനൊന്ന് ലക്ഷത്തിലധികം ഭവനങ്ങൾ ഒഴിഞ്ഞുകിടക്കുന്നു. പന്ത്രണ്ടാം ക്ലാസ് കഴിയുന്നതോടെ കുട്ടികൾ നാടുവിടുന്നു. തിരിച്ചു വരണമെന്ന മോഹം പോലും അകന്നു പോകുന്നു, എന്തുകൊണ്ട്? കേരളം തൊഴിൽ സൃഷ്ടിക്കുന്നില്ല, വ്യവസായ സൗഹൃദ അന്തരീക്ഷമല്ലാത്തതു കൊണ്ട് വ്യവസായങ്ങൾ വരുന്നില്ല. ഉള്ള വ്യവസായങ്ങൾ കൂടുവിടുന്നു. ഇവിടെ വ്യവസായങ്ങൾ വളരണം. നാടിനെ വളർച്ചയിലേക്കു നയിക്കുന്നതിനു സഹായിക്കുന്ന നടപടി സർക്കാർ ഉൾപ്പെടെ

എല്ലാവരുടെയും ഭാഗത്തു നിന്ന് ഉണ്ടാവണം.

സംരംഭകത്വ വികസനം വഴി സാങ്കേതിക വിദ്യാകേന്ദ്രങ്ങൾ വിശ്വവിജ്ഞാന കേന്ദ്രങ്ങളായി മാറണം. കേരളത്തിന്റെ ആഭ്യന്തര മൊത്തവരുമാനത്തിന്റെ 30 മുതൽ 32 ശതമാനം വരെ പ്രവാസികൾ ഇവിടേക്കയയ്ക്കുന്ന നിക്ഷേപങ്ങൾ വഴിയായിരുന്നു. ഇപ്പോൾ അതിൽ കുറവു വന്നുകൊണ്ടിരിക്കുകയാണ്.

വിളവൈവിദ്ധ്യത്താൽ അനുഗൃഹീതമായ കേരളത്തിനു വിവിധ വിളകളുടെ മൂല്യവർദ്ധനയിലൂടെ ലോക വിപണി പിടിച്ചടക്കാൻ കഴിയണം. തെങ്ങിൽനിന്നു മാത്രം 41 തരം ഉത്പന്നങ്ങൾക്കു രൂപം നൽകുന്ന 7,000 കുടുംബശ്രീ യൂണിറ്റുകൾ ഒന്നിച്ചു ചേർന്നു പ്രവർത്തിക്കുന്ന പേരാമ്പ്രയിലെ 'സുഭിക്ഷ' എന്ന സംരംഭം ഇതിനു മികച്ച ഉദാഹരണമാണ്. കോഴിക്കോട് ഐഐഎമ്മിന്റെ സാങ്കേതിക ഉപദേശത്തോടെയാണു 'സുഭിക്ഷ' പ്രവർത്തിക്കുന്നത്. വെർജിൻ കോക്കനട്ട് ഓയിൽ മുതൽ ചൂലു വരെ ഇവിടെ ഉത്പാദിപ്പിക്കുന്നു. വെർജിൻ കോക്കനട്ട് ഓയിൽ ഒരു സ്പൂൺ പ്രഭാതത്തിൽ കഴിച്ചാൽ അൽസ്ഹൈമേഴ്സിനെ (മറവിരോഗം) അതിജീവിക്കുവാൻ കഴിയും. 'ചക്കവിപ്ലവത്തെ' കുറിച്ചും കേട്ടിട്ടുണ്ടാവുമല്ലോ. കോവിഡ് കാലത്ത് ഇന്ത്യയിൽ നിന്നു കയറ്റുമതി വളരെ കൂടിയിരുന്നു. അമേരിക്കൻ ഗവേഷണ സ്ഥാപനങ്ങളാണ് കേരളീയ ഉത്പന്നങ്ങളുടെ അനന്തസാധ്യത കണ്ടെത്തുന്നത്. ശ്രീ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് Hopkins University ക്യാംപസ് കേരളത്തിൽ കൊണ്ടുവരണമെന്ന് ആഗ്രഹിച്ചെങ്കിലും നടന്നില്ല. എന്നാൽ, ഇപ്പോൾ വിദേശ യൂണിവേഴ്സിറ്റികളുടെ ക്യാംപസുകളെ ആകർഷിക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ട്. നമ്മുടെ ക്യാംപസുകളെ കണ്ടുപിടിത്തങ്ങൾക്കുള്ള ഇന്നവേഷൻ സെന്ററുകളാക്കി മാറ്റാൻ കഴിയണം. വിവിധതരം സംരംഭങ്ങൾ, കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുപോലെ വികസിപ്പിക്കാം. ആ സംരംഭങ്ങൾ വിദ്യാർത്ഥികൾക്കുള്ള ഇന്റേൺഷിപ്പ് പദ്ധതികൾക്കുതകട്ടെ. പുതിയ ശാസ്ത്രജ്ഞർ ഉയർന്നുവരട്ടെ. ക്യാംപസിൽ സൗകര്യം ഒരുക്കിക്കൊടുക്കേണ്ടത് നമ്മളാണ്. ശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനങ്ങൾ കേരളത്തിലേക്ക് എത്തട്ടെ.

ഇന്ത്യയെ ഭക്ഷ്യസുരക്ഷയിലേക്ക് കൈപിടിച്ചുയർത്തിയ പ്രശസ്ത കൃഷിശാസ്ത്രജ്ഞനും മഗ്സസെ അവാർഡ് ജേതാവുമായ മങ്കൊമ്പുകാരൻ ഡോ. എം.എസ്. സ്വാമിനാഥനെ അനുസ്മരിച്ചു കൊണ്ട് നമുക്കു ക്യാംപസുകളെ സജ്ജമാക്കാം. എങ്ങനെ നമ്മുടെ യുവതയെ ലോകശ്രദ്ധയിൽ കൊണ്ടുവരാമെന്നു ഡോ. എം.എസ്. സ്വാമിനാഥൻ ചൂണ്ടിക്കാട്ടുന്നതു നോക്കുക; വികസിപ്പിച്ചെടുക്കാം, ഫാം ഹെൽത്ത് മോണിറ്ററിങ്, അതോടൊപ്പം ബയോളോജിക്കൽ സോഫ്റ്റ്വെയർ കൃഷിയെ പരിസ്ഥിതി സൗഹൃദമാക്കൽ, കാലാവസ്ഥ വ്യതിയാനത്തിനു തടയിടൽ, ക്യാംപസുകളിൽ ബയോ പാർക്കുകൾ, ഫുഡ് പാർക്കുകൾ, ബയോ ഗ്രാമങ്ങൾ, ബയോ ഇൻഡസ്ട്രിയൽ വാട്ടർ ഷെഡ് തുടങ്ങിയവയോടൊപ്പം വിളവെടുപ്പിനു ശേഷം വേണ്ടിവരുന്ന മൂല്യവർദ്ധന സാങ്കേതികവിദ്യയും വികസിപ്പിക്കുക. അങ്ങനെ ക്യാംപസുകളെ ഇന്നത്തെ നിലവാരത്തിലെ അശാന്തവും ജ്ഞാനം എരിഞ്ഞടങ്ങുന്നതുമായ സാഹചര്യത്തിൽ നിന്ന് അറിവിന്റെ ആകാശത്തേക്ക് പടർന്നു കയറുന്ന 'ഇന്നവേഷൻ സൂപ്പർ പവർ' ആക്കുക. അങ്ങനെ ക്രിസ്തുവിന്റെ അനുയായികൾ എവിടെയായിരുന്നാലും അപരാജിത ശക്തിയായിരിക്കുമെന്നും പൊള്ളവാദങ്ങൾ തിരസ്കരിക്കപ്പെടുമെന്നും വെളിപ്പെടുത്താം.

വിളവൈവിദ്ധ്യത്താൽ അനുഗൃഹീതമായ കേരളത്തിനു വിവിധ വിളകളുടെ മൂല്യവർദ്ധനയിലൂടെ ലോക വിപണി പിടിച്ചടക്കാൻ കഴിയണം. തെങ്ങിൽനിന്നു മാത്രം 41 തരം ഉത്പന്നങ്ങൾക്കു രൂപം നൽകുന്ന 7,000 കുടുംബശ്രീ യൂണിറ്റുകൾ ഒന്നിച്ചു ചേർന്നു പ്രവർത്തിക്കുന്ന പേരാമ്പ്രയിലെ 'സുഭിക്ഷ' എന്ന സംരംഭം ഇതിനു മികച്ച ഉദാഹരണമാണ്

പരിസ്ഥിതി ചിന്തകൾ



വർഗീസ് സി. തോമസ്

കേരളത്തിലെ മിക്ക സ്ഥലങ്ങളും മരുഭൂമി സമാനമായ ചൂടിന്റെ ഇടമാണെന്ന് ഈ കടുത്ത വേനൽക്കാലം നമ്മെ ഓർമിപ്പിക്കുന്നു. അവശേഷിക്കുന്ന പാടങ്ങളും വയലുകളും കുന്നുകളും നിലനിർത്തി ജലസമൃദ്ധി ഉറപ്പാക്കാം. മണ്ണും മരങ്ങളും വരും തലമുറയ്ക്കു വേണ്ടി സംരക്ഷിക്കാം. മാറുന്ന കാലാവസ്ഥക്ക് അനുസരിച്ച് നമ്മളും സ്വയം നിയന്ത്രണങ്ങളും മിതത്വവും പാലിക്കാൻ ബാധ്യസ്ഥരാണ്.

കടൽത്തീരത്തോടു ചേർന്നു കിടക്കുന്നതിനാൽ കേരളത്തിൽ പൊതുവേ ചൂട് കൂടുതലാണെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ തോതായ ആർദ്രത അഥവാ ഹ്യൂമിഡിറ്റി കൂടുതലായതിനാൽ നന്നായി ഉഷ്ണിക്കുകയും ചെയ്യും. പാലക്കാട്ടും പുനലൂരുമാണ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത് എന്നായിരുന്നു ഇതുവരെയുള്ള ധാരണ. എന്നാൽ, കേരളത്തിലെ കാലാവസ്ഥാ നിരീക്ഷണ മാപിനികളിൽ ഇതുവരെപ്പെടാത്ത പല സ്ഥലങ്ങളും ഈ രണ്ടു സ്ഥലത്തെക്കാൾ ചുട്ടുപൊള്ളുന്ന ഇടങ്ങളാണെന്നതാണ് പുറത്തു വരുന്ന പുതിയ സൂചനകൾ.

സംസ്ഥാനത്ത് ഉഷ്ണം കൂടിവരുന്ന സാഹചര്യത്തിൽ അതിന്റെ ആധികൃം കണ്ടുപിടിക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കേന്ദ്ര കാലാവസ്ഥാ വകുപ്പും ചേർന്നു പുതുതായി സ്ഥാപിച്ച നൂറോളം സ്വയം നിയന്ത്രിത ഉഷ്ണമാപിനികളിൽ നിന്നു ലഭിക്കുന്ന കണക്കനുസരിച്ച് പത്തനംതിട്ടപോലെ വനനിബിഡവും കോട്ടയം പോലെ കായലും തണ്ണീർത്തടങ്ങളും ഉള്ള സ്ഥലങ്ങളിൽ പോലും ചൂട് 39 ഡിഗ്രി വരെ അനുഭവപ്പെടുന്നു. കേരളം വടക്കു മുതൽ തെക്കു വരെ നീണ്ടു കിടക്കുന്ന 38,000 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വലിയൊരു നഗരമായി മാറിയെന്നതാണ് ചൂട് വർധിക്കാൻ പ്രധാന കാരണം. നഗരതാപ പ്രഭാവം അഥവാ 'അർബൻ ഹീറ്റ് ഐലൻഡ്'

എന്ന പ്രതിഭാസം അനുഭവപ്പെടാത്ത സ്ഥലങ്ങൾ കേരളത്തിൽ ഇന്നു കുറവാണ്.

പടിഞ്ഞാറു നിന്നു വീശുന്ന കാറ്റ് അകത്തേക്ക് കയറി പശ്ചിമഘട്ടത്തിന്റെ താഴെ വരെ എത്തുന്ന ഒരു തണുപ്പ് ഇടനാഴി ഒരുകാലത്ത് നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. കോട്ടയം പോലെയുള്ള നഗരങ്ങളിൽ ഇത് ഏറെ അനുഭവവേദ്യമായിരുന്നു എന്ന് മുതിർന്ന കാലാവസ്ഥ നിരീക്ഷകരെല്ലാം പറയുന്നു.

എന്നാൽ, ഇന്ന് പടിഞ്ഞാറൻ പ്രദേശങ്ങളിൽ ബഹുനില മന്ദിരങ്ങൾ ഉയർന്നു കഴിഞ്ഞതോടെ പലയിടത്തും ഈ കാറ്റ് തടസ്സപ്പെടുകയോ മുറിഞ്ഞു പോവുകയോ ചെയ്യുന്നു. തന്മൂലം രണ്ടു കെട്ടിടങ്ങൾക്കിടയിലുള്ള സ്ഥലത്ത് കാറ്റ് കടക്കാതെ ഉഷ്ണവും ചൂടും താപവികിരണവും അവിടെ തന്നെ കെട്ടിനിൽക്കുന്നു. കേരളത്തിലെ ഏതൊരു കോൺക്രീറ്റ് കെട്ടിടത്തിനുള്ളിലേക്കു കയറിയാലും നാടൻ ഭാഷയിൽ പറഞ്ഞാൽ കുളിർമയോ കുളിരോ കിട്ടുകയില്ല. പകരം ഒരു തരം പുഴുക്കലും അസ്വസ്ഥതയുമാണ് അനുഭവപ്പെടുക. പ്രകൃതിദത്തമായ വായുപ്രവാഹത്തെ വെട്ടിമുറിച്ച് മതിലും കെട്ടിടങ്ങളും കോൺക്രീറ്റും തീർത്ത് സ്വയം നിർമിത ചൂളയ്ക്കുള്ളിൽപ്പെട്ടു പോയ ഒരു ജനതയാണ് മലയാളി എന്നു പറഞ്ഞാൽ തെറ്റില്ല.

പണ്ട് നാലുകെട്ടും എട്ടുകെട്ടും ഓലപ്പുരയുമൊക്കെ കാറ്റിനും സൂര്യപ്രകാശത്തിനും അനുയോജ്യമായി നിർമിച്ചിരുന്നതിനാൽ അകത്തു കയറിയാൽ കുളിരുണ്ടായിരുന്നു. എന്നുവച്ച് വർധിച്ച ജനസംഖ്യയ്ക്ക് ആനുപാതികമായി വീടും കെട്ടിടവും വേണ്ടേ എന്നാണ് ചോദ്യമെങ്കിൽ സാരമില്ല, എസി പിടിപ്പിക്കുക, കൂടുതൽ വൈദ്യുതി ചാർജ് അടയ്ക്കുക എന്നാവും ഉത്തരം. ഇവിടെയും പ്രശ്നം കടന്നു വരുന്നു. കേരളത്തിലെ റോഡുകളിലൂടെ കടന്നു പോകുന്ന ഒന്നരക്കോടിയോളം വാഹനങ്ങളിൽ നിന്നു പുറന്തള്ളുന്ന കാർബൺ ഇന്ധന പുകയ്ക്കു പുറമെ എസിയിൽ നിന്നുള്ള പുറന്തള്ളലും നഗരാന്തരീക്ഷത്തെ ചൂടുപിടിപ്പിക്കുന്ന മറ്റൊരു ഘടകമാണ്. രാജ്യത്തു തന്നെ ഏറ്റവും കൂടുതൽ റോഡ് ശൃംഖലയുള്ള സ്ഥലവും കേരളമാണ്. ഇവയിൽ മിക്ക റോഡും ടാർ ചെയ്തിരിക്കുന്നവയാകയാൽ കറുത്ത പ്രതലത്തിൽ തട്ടുന്ന സൂര്യപ്രകാശം അന്തരീക്ഷത്തിലേക്കു തന്നെ തിരികെ പ്രതിഫലിക്കുന്നു. കോൺക്രീറ്റ്, മുറ്റത്തു പാകുന്ന ടൈലുകൾ, ഇരുമ്പു മേൽക്കൂരകൾ തുടങ്ങിയവയെല്ലാം സൂര്യനിൽ നിന്നു വരുന്ന താപവികിരണത്തെ തിരികെ അന്തരീക്ഷത്തിലേക്ക് വിടുന്നതിൽ മുഖ്യ പങ്കുവഹിക്കുന്നു.

ഏകദേശം 30–32 ഡിഗ്രി സെൽഷ്യസ് വരെയാണ് മനുഷ്യനു സഹിക്കാനാവുന്ന പരമാവധി അന്തരീക്ഷ താപനില. ഇപ്പോൾ കേരളത്തിൽ പലയിടത്തും ഇത് 38–40 ഡിഗ്രി വരെ എത്തിയെന്നതാണ് യാഥാർഥ്യം. പകലത്തെ കടുത്ത താപനില 18–20 ഡിഗ്രി വരെയായി താഴുന്നുണ്ടെങ്കിലും പുലർവേളകളിൽപോലും ഉഷ്ണം പിൻവാങ്ങാതെ നിൽക്കുന്നു എന്ന പ്രത്യേകതയുമുണ്ട്.

ഇവിടെ ചൂടിന്റെ കാരണം പസിഫിക്കിലെ ചൂട്

അന്തരീക്ഷത്തിലെ കാലാവസ്ഥ മാറ്റവും അതിന്റെ ഫലമായി ആഗോള തലത്തിൽ തന്നെ അനുഭവപ്പെടുന്ന ഉഷ്ണാവസ്ഥയുമാണ് ചൂടിന്റെ അടിസ്ഥാന കാരണം. എന്നാൽ, സമുദ്രജല താപനിലയ്ക്കും കരയിലെ ചൂടിനെ നിയന്ത്രിക്കുന്നതിൽ ഒരു പങ്കുണ്ട്. സൂര്യതാപമായാലും മനുഷ്യൻ സൃഷ്ടിക്കുന്ന മലിനീകരണം ഉൾപ്പെടെയുള്ള താപങ്ങളായാലും ഇതിനെ എല്ലാം എല്ലാക്കാലത്തും വലിച്ചെടുത്ത് ഉള്ളിൽ സൂക്ഷിക്കുന്നത് ഭൗമവിസ്തൃതിയുടെ മൂന്നിൽ രണ്ടും വ്യാപിച്ചു കിടക്കുന്ന അതിവിശാലമായ കടലാണ്.

തെക്കേ അമേരിക്കൻ തീരത്തോടു ചേർന്ന ഭൂമധ്യരേഖ പ്രദേശത്തെ പസിഫിക് സമുദ്ര താപനിലയും ഇന്ത്യയിലെ കാലാവസ്ഥയും തമ്മിൽ നമുക്ക് നേരിട്ടു കാണാനാവാത്ത ആന്തരിക ബന്ധങ്ങളുണ്ട്. സമുദ്രജല പ്രവാഹങ്ങളിലൂടെ ഈ ചൂടിനെ ലോകമെങ്ങും വ്യാപിപ്പിച്ചാണ് സമുദ്രം സന്തുലനാവസ്ഥ നിലനിർത്തുന്നത്.

കഴിഞ്ഞ ഒരു വർഷമായി പസിഫിക് സമുദ്ര താപനിലയിൽ കുറവ് ഉണ്ടാകുന്നതു മൂലമുള്ള 'ലാനിന' എന്ന പ്രതിഭാസത്തിന്റെ പിടിയിലായിരുന്നു ലോക കാലാവസ്ഥാ ചക്രം എന്ന് പറയാം. എന്നാൽ, പുതുവർഷം പിറന്നതോടെ ഇത് 'എൽനിനോ' ആയി മാറി. 'എൽനിനോ' വന്നാൽ ഇന്ത്യൻ സമുദ്രങ്ങളിൽ ചുടേറ്റം പ്രതീക്ഷിക്കാം. മഴയും കുറയും. എന്നാൽ 'ലാനിന' പ്രതിഭാസത്തിലേക്ക് ലോക കാലാവസ്ഥ ഏതാനും മാസങ്ങൾക്കുള്ളിൽ മാറുന്നതോടെ അത്യുഷ്ണത്തിനു കുറവുണ്ടാവുമെന്നു മാത്രമല്ല ജൂൺ മാസത്തിൽ ഇന്ത്യയിൽ മെച്ചപ്പെട്ട കാലവർഷം ലഭിക്കുന്നതിനും സഹായകമാകും.

ഇപ്പോൾ അനുഭവപ്പെടുന്ന സമുദ്രതാപനിലയുമായി ബന്ധപ്പെട്ട ചൂട് എല്ലാ വർഷവും ആവർത്തിക്കുന്ന ഒന്നല്ല. മൂന്നോ നാലോ വർഷത്തിനിടയിൽ ഒരിക്കൽ ശക്തമാകുന്ന എൽനിനോ പ്രഭാവത്തിന്റെ ഫലമാണ്. ഇനി 2027ലോ 2028ലോ ഇതുപോലെ റെക്കോർഡ് തകർക്കുന്ന ചൂട് അനുഭവപ്പെട്ടേക്കാം. 1995ലും 2016ലും മറ്റും 'എൽനിനോ' ശക്തമായപ്പോൾ ഇന്ത്യയിൽ കടുത്ത ചൂടും വരൾച്ചയും അനുഭവപ്പെട്ടിരുന്നു

ആഗോള താപനഫലമായി ചൂട് വർധിക്കുന്നതിനാൽ എൽനിനോയുടെയും എതിർ പ്രതിഭാസമായ 'ലാനിനോ' യുടെയും പോലും താളം തെറ്റി അവ പ്രവചനാതീതമാകുന്ന സ്ഥിതിയായാണെന്ന് ഗവേഷകർ പറയുന്നു.

കാട്ടിലും വേണം തടയണ ജലസംഭരണി

ചൂട്, നാടിനെയെന്നപോലെ കാടിനെയും ബാധിക്കും. നാട്ടിൽ പുഴകളും കുളങ്ങളും കിണറുകളും ജലവിതരണ പൈപ്പുകളുമെല്ലാം ഉള്ളതിനാൽ വെള്ളമില്ലാതെ ദാഹിച്ചു വലയേണ്ട സ്ഥിതിയില്ല. എന്നാൽ, കേരളത്തിലെ കാടുകളുടെ സ്വഭാവം തന്നെ മാറിയതോടെ പശ്ചിമഘട്ടത്തിലെ പല കാടുകളിലും വേനലിൽ വെള്ളം കിട്ടാക്കനിയാണ്. ഇതുമൂലം മൃഗങ്ങൾ വെള്ളം തേടി നാട്ടിലേക്ക് ഇറങ്ങേണ്ടി വരുന്നത് പലപ്പോഴും വന്യജീവി – മനുഷ്യ ഏറ്റുമുട്ടലിലേക്കു നയിക്കുന്നു. ഉൾക്കാട്ടിൽ തടയണകൾ നിർമിച്ച് മഴവെള്ളം സംഭരിച്ച് നിർത്തുന്നത് വന്യമൃഗങ്ങൾ കാടിറങ്ങാതെയിരിക്കുന്നതിന് ഏറെ സഹായകമാണ്.

കടുത്ത വേനലിൽ കരിയിലകളും മറ്റും കൊഴിഞ്ഞു വീണ് കാട് ഉണങ്ങി നിൽക്കുകയാവും. കൊങ്കിണി പോലെയുള്ള അധിനിവേശ സസ്യങ്ങളും മറ്റും വേനലിൽ ഉണങ്ങി വിറകുകൊള്ളി പോലെ നിൽക്കും. ചെറിയൊരു തീപ്പൊരി മതി കാടുമുഴുവൻ കത്തിത്തീരാൻ. കാട്ടുതീ വനത്തിലെ ജൈവസമ്പത്തിനു വരുത്തിവയ്ക്കുന്ന നാശം ചെറുതല്ല.

ചൂടും ചൂടൻ മാനസികാവസ്ഥയും

ചൂടാവുക എന്നതിന് പല അർഥങ്ങളുണ്ട്. ദേഷ്യപ്പെടുന്ന ആളുകളോട് നമ്മൾ പറയാറുണ്ട്, ''ചൂടാകല്ലേ സർ, പ്രശ്നം പരിഹരിക്കാം.'' ആശ്വാസവാക്കു കേൾക്കുമ്പോൾ അവർ തണുക്കുകയും ശാന്തത വീണ്ടെടുക്കയും ചെയ്യുന്നു.

അന്തരീക്ഷ താപനില ഉയരുമ്പോഴും ഇതേ പ്രശ്നം അനുഭവപ്പെടുന്നുണ്ടാകും. പുറംജോലി എടുക്കുന്ന സാധാരണ തൊഴിലാളികളും മറ്റ് ഉദ്യോഗങ്ങളിൽ ഏർപ്പെടുന്നവരും ചൂടുകാലത്ത് തളർന്നു പോകുന്നത് പതിവാണ്. പുറത്തെ ചൂട് അസഹ്യമാകുന്നതാണ് കാരണം. പലർക്കും അസ്വസ്ഥതയും ദേഷ്യവുമൊക്കെ സ്വാഭാവികം. ഉറക്കം കെടുന്നതോടെ വീട്ടിനുള്ളിലും അസ്വസ്ഥതകൾ പടർന്നു പിടിക്കുക സ്വാഭാവികം. ചൂടും മാനസികാവസ്ഥയും തമ്മിൽ ഏറെ ബന്ധമുള്ള സാഹചര്യത്തിൽ കൂളായി ഇരിക്കാൻ പറ്റിയ യോഗയോ ചെറിയ ധ്യാനങ്ങളോ ഒക്കെ പരീക്ഷിക്കാം.

ഉടുപ്പ് ഇടാനേ പറ്റില്ല എന്നതാണ് കടുത്ത വേനൽ ഉയർത്തുന്ന മറ്റൊരു വെല്ലുവിളി. പുരുഷന്മാർക്ക് പ്രശ്നമില്ലെങ്കിലും സ്ത്രീകളുടെ കാര്യത്തിലാണ് ഇവിടെയും പ്രശ്നം. ആവശ്യത്തിനു വെള്ളം കുടിച്ചില്ലെങ്കിൽ മൂത്രസംബന്ധമായ പ്രശ്നങ്ങൾക്കും സാധ്യത ഏറെയാണ്. ദിവസം രണ്ടും മൂന്നും നേരം കുളിക്കാമെന്നു വച്ചാൽ പലയിടത്തും വെള്ളമില്ലാത്ത സ്ഥിതി. ആളുകൾ ഇറങ്ങാതായതോടെ പുഴകളിലെ കുളിക്കടവുകളെല്ലാം നാശോന്മുഖമായി. അങ്ങനെ കേരളത്തെ ചുറ്റിവരിയുന്ന പരിസ്ഥിതി പ്രതിസന്ധി കൂടിയാണ് വേനൽക്കാലം.

വേനൽ ആയാൽ വലഞ്ഞ് സ്ത്രീകൾ

കിണറുകളിലെ വെള്ളം മാർച്ച് മാസത്തിലേ വറ്റും എന്നതാണ് വീട്ടുകാരുടെ ഉറക്കം കെടുത്തുന്ന കാര്യം. പ്രത്യേകിച്ചും പരീക്ഷാക്കാലമായതിനാൽ കുട്ടികളെപ്പോലും വെള്ളത്തിനു വിടാനാവില്ല. വെള്ളം ഇല്ലാതായാൽ ജോലി ഏറ്റവും കൂടുന്നത് പുരുഷന്മാരേക്കാൾ സ്ത്രീകൾക്കാണ്. ദൂരെപ്പോയി

വെള്ളം കൊണ്ടുവരുന്ന അവരുടെ അവസ്ഥയ്ക്കു പരിഹാരം കാണാൻ ഇത്രനാളായിട്ടും ഒരു നേതാവിനും കഴിഞ്ഞിട്ടില്ല.

മണൽ വാരാമോ? ഓര് കയറരുത്

കേരളത്തിലെ നദികളിൽ മണൽ വന്ന് നിറയുകയാണെന്നും ഇത് വാരിമാറ്റിയില്ലെങ്കിൽ ഭയങ്കര വെള്ളപ്പൊക്കം വരുമെന്നും പറഞ്ഞ് വലിയൊരു വിഭാഗം രംഗത്തുണ്ട്. അടിത്തട്ടിലെ അവശേഷിക്കുന്ന ഈ മണൽകൂടി വാരി മാറ്റുന്നതോടെ കേരളത്തിലെ നദികളുടെ ചങ്കും കരളും പിന്നെ ബാക്കിയുണ്ടാവില്ല. വേനലിൽ ഭൂഗർഭത്തിലേക്ക് വെള്ളത്തെ അരിച്ചിറക്കി വിടുന്ന അരിപ്പയാണ് ഈ മണൽത്തട്ടെന്ന് പറഞ്ഞാലൊന്നും മനസ്സിലാകാത്ത ആളുകളാണ് തലപ്പത്ത്. മധ്യതിരുവിതാംകൂറിലെ വരട്ടാർ നദി പുനർജീവിപ്പിച്ച് മണലെല്ലാം വാരി കരയ്ക്കിട്ട് റോയൽറ്റി ഇനത്തിൽ കിട്ടിയത് എത്രയെന്ന് കണക്കുണ്ടോ എന്നൊന്നും ചോദിക്കുന്നില്ല. ഉള്ള മണൽകൂടി വാരിമാറ്റി ഉപ്പുവെള്ളത്തെ ഇങ്ങോട്ടു വലിച്ചുകയറ്റരുതെന്ന് ഒരു അഭ്യർഥന മാത്രമാണ് ചിന്തിക്കുന്നവർക്ക് പറയാനുള്ളത്.

ക്ഷമത കെടുത്തും കടുത്ത വെയിൽ

ഉറക്കം ഉൾപ്പെടെ മനുഷ്യരുടെ ജീവിതതാളം തെറ്റുന്നതിനും അമിതമായ ചൂട് കാരണമായേക്കും. കാഴ്ച ഉൾപ്പെടെ ശാരീരിക പ്രവർത്തനങ്ങളുടെ പൂർണക്ഷമത കുറഞ്ഞു എന്നു വരാം. നട്ടുച്ചയ്ക്ക് ഡ്രൈവിങ്, പ്രത്യേകിച്ചും ഇരുചക്ര വാഹനങ്ങളിലുള്ളത് ജലാംശം ഏറെ നഷ്ടപ്പെട്ട് ശരീരത്തിനു ക്ഷീണം അനുഭവപ്പെടുന്നതിനു കാരണമാകും. ഫുൾകൈ വസ്ത്രങ്ങളും ഹെൽമെറ്റും മറ്റും ധരിച്ച്

കഴിവതും വെയിൽ ഏൽക്കാതെ സഞ്ചരിക്കുക എന്നതാണ് പ്രധാനം. ഇല്ലെങ്കിൽ യാത്ര കഴിയുമ്പോഴേക്കും ക്ഷീണം കലശലാകും. ഉപ്പിട്ട, തണുപ്പിക്കാത്ത നാരങ്ങാവെള്ളവും മറ്റും കുടിച്ച് നിർജലീകരണം ഒഴിവാക്കുകയാണ് വേണ്ടത്.

ചൂടത്ത് വന്നാലുടൻ കുളിക്കുന്നതും മറ്റും ഒഴിവാക്കണം. ഫ്രിഡ്ജിൽ നിന്ന് തണുത്ത വെള്ളം നേരിട്ടു കുടിക്കുന്നത് തൊണ്ടയിലെ അണുബാധയ്ക്കും പനിക്കും കാരണമായേക്കാം. തണുത്ത ജലം കുടിക്കണമെന്ന് നിർബന്ധമുണ്ടെങ്കിൽ സാധാരണ വെള്ളത്തിൽ കലർത്തി കുടിക്കുന്നത് ഏറെ നല്ലത്.

വാർത്ത് കളയേണ്ട ഊറ്റിക്കുടിക്കാം

ഉപയോഗിക്കാതെ ഊറ്റിക്കളയുന്ന ചൂടു കഞ്ഞിവെള്ളത്തിൽ ഉപ്പുനീര് ചേർത്ത് അൽപ്പം ഉള്ളിയും മല്ലിയിലയും ചേർത്ത് വേനലിൽ കഴിക്കുന്നത് ഉത്തമമാണ്. ക്ഷീണവും മാറും പോഷക ഗുണവും ലഭിക്കും. രാജസ്ഥാനിലും മറ്റും ചൂടുകാലത്ത് ഉള്ളി അരിഞ്ഞ് കഴിക്കുന്നത് കണ്ടിട്ടില്ലേ? സാലഡ് വെള്ളരി (കക്കരി) അരിഞ്ഞിട്ട് കഴിക്കുന്നത് ക്ഷീണം മാറാനും നിർജലീകരണം തടയാനും സഹായകമാണ്. മരുഭൂ സമാനമായ പ്രദേശങ്ങളിൽ താമസിക്കുന്നവർ തലപ്പാവ് കെട്ടി ശരീരം മൂടുന്ന തരത്തിലുള്ള വസ്ത്രം അണിഞ്ഞാണ് വേനൽക്കാലത്ത് സഞ്ചരിക്കുന്നത്. ചൂടിൽ നിന്നുള്ള അൾട്രാവയലറ്റ് കിരണങ്ങളെ ഇത് പ്രതിരോധിക്കും.

യു.വി. കിരണവും തിമിര രോഗികളും

രാജ്യത്തു തന്നെ കണ്ണിനു തിമിരം ബാധിച്ചവർ ഏറെയുള്ള പ്രദേശമാണ് കേരളം. ഭൂമധ്യരേഖയിൽ നിന്ന് ഏകദേശം 1,300–1,500 കിലോമീറ്റർ വടക്കു ഭാഗത്താണ് സംസ്ഥാനത്തിന്റെ കിടപ്പ്.

ആണ്ടുമുഴുവൻ സൂര്യപ്രകാശം കിട്ടുന്ന ഇവിടെ സൗരോർജം വലിയൊരു സാധ്യതയാണ് തുറന്നിരിക്കുന്നത്. പക്ഷേ, അതൊന്നും പ്രയോജനപ്പെടുത്താനുള്ള കാര്യങ്ങളൊന്നുമല്ല സംസ്ഥാനം ചർച്ച ചെയ്യുന്നതെന്നു മാത്രം. രാഷ്ട്രീയം ഇത്രയേറെ ചർച്ച ചെയ്ത് സമയം കളയുന്ന മറ്റൊരു ജനതയുണ്ടോ എന്നും സംശയം. അത് എന്തു തന്നെയായാലും സൂര്യനിൽ നിന്നു അൾട്ര വയലറ്റ് രശ്മികൾ നേരെ താഴേക്കു പതിക്കുന്ന മാസങ്ങളാണ് കേരളത്തിലെ വേനൽക്കാലം. ഏഴ്–എട്ട് യൂണിറ്റുകളിൽ കൂടിയാൽ യുവി കണ്ണിനും ശരീരത്തിനും ദോഷം ചെയ്യുമെന്നാണ് വിദഗ്ധരുടെ അഭിപ്രായം. മികച്ച സൺഗ്ലാസ് വയ്ക്കുകയാണ് ഇതിനുള്ള പോംവഴി. പുറത്തിറങ്ങുമ്പോൾ കറുത്ത കുട പിടിക്കുന്നതും സുരക്ഷിതമാണ്.

ജലം പുനരുപയോഗിച്ചാൽ കൃഷിക്ക് താങ്ങാകും

താങ്ങ് കൊടുത്താലും ഒടിഞ്ഞു വീഴുന്ന ഏത്തവാഴകളും കുടിവാഴകളുമാണ് വേനൽക്കാലത്തെ കർഷകരുടെ ദുഃഖം. പിണ്ടിയിലെ വെള്ളം വറ്റുന്നതോടെ ഒടിഞ്ഞു വീഴുന്ന വാഴയെ ഉണങ്ങിയ വാഴയില ചുറ്റി കിടത്തി ഒന്നു രണ്ട് ആഴ്ചകൾ കൂടി വിളയാൻ അനുവദിക്കാവുന്നതാണ് എന്നതാണ് ചെറിയൊരു ആശ്വാസം. അടുക്കളയിൽ നിന്നു പുറത്തേക്ക് വിടുന്ന വെള്ളവും സോപ്പുവെള്ളവും ശുദ്ധീകരിച്ച് പല സ്ഥലത്തും കൃഷിയിടത്തിലേക്ക് പുനരുപയോഗിച്ച് വിടുന്നതിനെപ്പറ്റി മലയാളികൾ ഇനിയും ആലോചിച്ചു തുടങ്ങിയിട്ടില്ല. ഡൽഹിയിലും മറ്റും ശൗചാലയങ്ങളിലെ ജലം പോലും ശുദ്ധീകരിച്ച് അണുവിമുക്തമാക്കി കൃഷിയിടത്തിൽ വ്യാപകമായി ഉപയോഗിക്കുന്ന കാഴ്ച ന്യൂഡൽഹിയിലെ പുസ കാർഷിക ഗവേഷണ കേന്ദ്രത്തിലും മറ്റും കാണാം. ഒരു തുള്ളി മഴ പോലും പെയ്യാത്ത ഇസ്രയേൽ തുള്ളിനനയിലൂടെ പൂക്കൾ ഉൾപ്പെടെ ഉത്പാദിപ്പിക്കുന്ന കാഴ്ച അവിടെ പോയിട്ടുള്ളവരെ വിസ്മയിപ്പിക്കാതിരിക്കില്ല.

കിളികൾക്കും നൽകാം ഒരു ചട്ടിയിൽ വെള്ളം

കിളികളും മറ്റു മൃഗങ്ങളുമെല്ലാം ദാഹിച്ചു വലഞ്ഞ് നടപ്പാണ്. വേനലിനു തുടക്കമിടുമ്പോഴേ മുറ്റത്ത് മനുഷ്യസാന്നിധ്യം കുറവുള്ള സ്ഥലത്ത് ദിവസം ഒന്നോ രണ്ടോ ചട്ടിയിൽ വെള്ളം വച്ചാൽ ഒട്ടേറെ

പറവകൾ വന്ന് ദാഹം അകറ്റുന്നതു കാണാം. ഇതു മനുഷ്യർക്കു മാനസികമായി ഉല്ലാസം പകരുകയും ചെയ്യും.

മാതൃകയാക്കാൻ വേനൽക്കാല ഹരിത ഇടങ്ങൾ

സ്ഥാപനങ്ങളുടെ മുന്നിൽ കുറെ സ്ഥലങ്ങൾ ഒഴിച്ചിടുന്നതും വലിയ ഫലമൊന്നും തരാത്ത പലതരം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതും ചൂടിനെ പ്രതിരോധിക്കാൻ സഹായിക്കും. ഇങ്ങനെ വളർന്നു നിൽക്കുന്ന തണൽമരങ്ങൾ വലിയ ആശ്വാസദായകമാവും. പുറത്ത് 39 ഡിഗ്രി ചൂട് അനുഭവപ്പെടുമ്പോൾ ഇങ്ങനെയുള്ളയിടങ്ങളിൽ താപമാപിനിയിൽ രേഖപ്പെടുത്തുന്ന ചൂട് 26–27 ഡിഗ്രി സെൽഷ്യസ് മാത്രമാവും.

RELEVANCE of NICENE FAITH



Fr. Dr. Bijesh Philip

The Nicene Creed is considered as one of the most significant expressions of the Apostolic faith in the ancient Church, developed in response to the Divine self-revelation in Christ. This summary statement of faith of the ancient Church, formulated even before the compilation of the Holy Bible in the form used today, is extremely noteworthy.

On the occasion of the 1700th Anniversary of the Ecumenical Council that met in Nicaea in 325 CE and the formulation of this creed, many seminars and discussions are being organized all over the world, to analyze and reflect on the significance of this small yet profound statement of faith.

'NICAEA', A NAME FOR THE FAITH OF THE ANCIENT CHURCH AND UNITY OF THE CHURCHES

Constantine, the emperor who gave freedom for the Church in the beginning of the fourth century after its persecution for three centuries, convened the first ecumenical meeting of the Church in Nicaea (Today Iznik in Turkey) to sort out the divisive tendencies prevailing in the Christian community, at that time. More than three hundred bishops from different parts of the world, primarily from the Roman Empire, along with many priests and deacons who accompanied them, attended this synod held at Nicaea near Constantinople. In addition to the finalization of a statement of faith, this Council also pronounced a few anathemas and

took a few important decisions which included that of the time of the celebration of Easter. 'We believe in the Holy Spirit also' was the only reference to the Holy Spirit in the creed formulated at Nicaea.

The Creed was completed at the second ecumenical synod held at Constantinople in 381. It was here that the description about the Holy Spirit was added in the third paragraph. So, the Nicene Creed is actually a Niceno-Constantinopolitan Creed and Nicaea is a short name of this creed as a whole and for the faith upheld through this. Since the Nicene creed is an ecumenical affirmation of the faith of the ancient Church accomplished through the first two ecumenical synods and since it is upheld by the majority of the Churches across the world even today, Nicaea stands for the unity of the Churches also.

TRINITARIAN FAITH PRIOR TO NICAEAN COUNCIL

The mystery of the Holy Trinity was unveiled in and through Jesus Christ and slowly, His followers realized the importance of this vision. Specifically, the baptism of Jesus Christ is the occasion when the Trinity manifested itself in a unique way and it is in this relation that the feast which celebrates this in the ancient Syrian Christian Tradition is called Denaha, which literally means 'rising up'. As the Sun rises in the morning clearing away darkness, the vision of the Trinity, unveiled in a unique way during the time of Jesus' baptism, dispels the darkness of ignorance about the transcendent source of life. Reference to baptism and benediction in the name of the 'Father, Son and Holy Spirit' can be seen in the New Testament (for example, Matthew 28:19 & II Corinthians 13:14) as well as in the liturgical texts of the ancient Church. Seeds of the Trinitarian theology can be seen in many other parts of the Holy Bible also. For example, in His farewell speech Jesus says, "when the Helper comes, whom I shall send to you from the Father, the Spirit of truth who proceeds from the Father, He will testify of Me" (John 15:26) and Peter in his Pentecostal speech says, "This Jesus God has raised up, and of that we all are witnesses. Being therefore exalted to the right hand of God, and having received from the Father the promise of the Holy Spirit, he has poured out this that you yourselves are seeing and hearing" (Acts 2: 32, 33).

Ancient Christian fathers like Ignatius of Antioch, Irenaeus of Lyons, Tertullian, Origen etc have written about the Holy Trinity which prepared a good ground for the Nicene faith. The teaching of Origen who lived in the third century had greatly influenced the discussions at the Nicaean Council and also the formulation of the Creed in the fourth century. Ilaria Ramelli by highlighting the coeternity and equality of the divine essence of the Father and the Son according to Origen, argues that one theologian who had tremendous impact on the theological discussions of Nicaea was none other than Origen. For Origen the unity between Father and the Son is a sharing of both essence and will. Coeternity of the Logos with the Father was an important thought in Origen's theology. He defended the dogmatic formula "there was no time when Christ did not exist." It must be noted that one of the anathemas of Nicaean Council was against those who profess "there was a time when he (the Son of God) was not."

Nicene creed was not an innovative introduction of a new faith but an amplified and more clear expression of a faith which was integral to the Holy tradition of the Church starting from the Apostles.

STRANGE TEACHINGS WHICH TRIED TO NULLIFY TRINITY

Two kinds of strange teachings by some Christian leaders aiming to simplify Trinity and to uphold monotheism emerged in the third and fourth centuries. One type tried to uphold the unity of Godhead by negating the distinction of three persons of the Holy Trinity and the second kind tried to make the Son or the Holy Spirit, or both, just created beings not being co-eternal or coessential with the Father. Modalism or Sabellianism is an example of the first type. Adoptionism and Arianism and also Macedonianism are examples of the second category, of which Arianism was the immediate cause of the Nicaean Council.

Arius was a priest of North Africa who had studied in Antioch under the influential theologian Lucian of Antioch, who used to glorify the humanity of Jesus Christ and tried to explain the incarnation of God in Christ without making Jesus himself equal to God. Arius and his colleague Eusebius of Nicomedia, were influenced very much by Lucian. It was this Eusebius who served as a spokesperson of Arianism at the Nicaean Council. The Greek thought, that God is beyond change, is a very powerful idea behind Arianism. If

the Son of God is divine like the Father, it was impossible for him to become man according to this view, because that process would cause tremendous change. So, for Arius, the Logos who became incarnate in Jesus Christ must not be fully divine. In his 'Profession of Faith' written in 320 Arius wrote:

The Creed was completed at the second ecumenical synod held at Constantinople in 381. It was here that the description about the Holy Spirit was added in the third paragraph. So, the Nicene Creed is actually a Nice-no-Constantinopolitan Creed and Nicaea is a short name of this creed as a whole and for the faith upheld through this.

"This one God, before all time, begot his only-begotten Son, through whom he made the ages and the universe. He begot him not just in appearance, but in fact; by his own will he made his son to subsist and he made him unchangeable and unalterable. God's perfect creature, he is unlike any other creature; begotten, yes, but unique in the manner of his begetting:... But we say that he was created by God's will, before all ages." So Arius places Son in an exalted position but still he is a creature only. Roger E. Olson rightly says "Arius and his colleagues- the Arians – affirmed a kind of Trinity made up of three 'divine' beings (Father, Son and Holy Spirit), only one of whom is truly God. He continued to affirm unequivocally in his 'profession of faith,' that only the Father is without beginning and that the Son, though a great creature who shares many of God's attributes, did not exist before he was begotten by the Father." He strongly believed that God is uncreated and since Logos became a human being, he cannot be God and there was a time when he was not. In other words, according to Arius, the Logos or Son was not coeternal and co essential with the Father. For Arius and his followers, salvation meant, to do the will of God freely by following Christ's example and teachings.

Arius' Bishop Alexander of Alexandria responded to this strange teaching in a gentle manner and he sent correcting letters and gave warnings to change Arius. But when Arius continued his teachings and even accused the Bishop of unacceptable teaching, this bishop informed his fellow bishops about this heretical teaching and tried to counter it through various ways. It was an attempt to safeguard the Gospel as we know and believe. Athanasius as a deacon under this bishop and later as bishop himself defended the traditional faith of the Church. The Emperor Constantine also became sensitive to this controversy brewing in his Empire. The Emperor longed to see Christianity as a strong glue to hold his shaky empire together. So he took initiative to convene a synod of all bishops of his empire to settle this doctrinal dispute and to decide what Christians must believe to be counted as true Christians. Thus, the Nicaean council occurred in 325.

THE HOLY TRINITY IN THE CREED

There are three distinctive persons – Father, Son and Holy Spirit – in the Trinity, who are of the same divine essence, according to the Creed. The expression "one God" at the beginning of the Creed indicates unity which avoids any notion of tritheism. Nicaean bishops deliberately inserted the Greek word homoousios (same substance or the same essence) to affirm that the Son is of the same substance with the father or the son is also equal to the Father in divinity. 'Lord' is used in the Creed twice -once to represent Christ and secondly to denote the Holy Spirit.

It must be noted that when the Hebrew Bible was translated to Greek (Septuagint) Kurios (Lord) was used to indicate Yahweh. So, by calling the Son and the Holy Spirit 'Lord', the Creed affirms that both the Son and the Holy Spirit are equal to the Father in divinity. The expression "true God of true God; begotten not made" used in the Creed to describe the Son, refutes the Arian teaching about the created nature of Son and indicates the equality of the Son with the Father concerning divinity. The expression "who with the Father and the Son is worshiped and glorified" included in the Creed, also clarifies the distinction of the three persons of the Trinity as well as the incredible unity of the Trinity.

മലങ്കരസഭയിൽ സ്ത്രീകളുടെ സ്ഥാനവും പങ്കാളിത്തവും



ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതിൽ സ്ത്രീകൾക്ക് അതുല്യമായ പ്രാധാന്യവും പങ്കാളിത്തവും ഉണ്ട്. ആരാധനകളിൽ സ്ത്രീപങ്കാളിത്തം സജീവമാണ്. എന്നാൽ, വിവിധങ്ങളായ സ്ത്രീസംഘങ്ങളിലെ പങ്കാളിത്തവും നേതൃത്വവും വേണ്ടത്ര അംഗീകരിക്കപ്പെട്ടിട്ടില്ല. സഭാ ശുശ്രൂഷയിൽ ആദിമസഭയിൽ സ്ത്രീകൾക്ക് ലഭ്യമായ സ്ഥാനവും പങ്കാളിത്തവും നേതൃത്വവും ഇന്ന് അന്യമായിട്ടുണ്ട്. സ്ത്രീകളുടെ സ്ഥാനവും പങ്കാളിത്തവും സഭയിൽ സജീവമാക്കുന്നതിനുള്ള പ്രവർത്തന പന്ഥാവുകൾ ഇന്നും ഫലപ്രദമായി ആവിഷ്കരിച്ചിട്ടില്ല.

സഭാതലങ്ങളിൽ സ്ത്രീകൾക്ക് ലഭ്യമാകേണ്ട നേതൃത്വവും പങ്കാളിത്തവും വിശദീകരിക്കുന്ന പ്രബോധനങ്ങളും പഠനക്ലാസുകളും ഇല്ല. സ്ത്രീയെ വിധേയപ്പെടുത്തുന്നതും തത്സ്ഥിതിയിൽ (Status quo) നില നിർത്തുന്നതുമായ പഠന പ്രബോധനങ്ങളാണ് നൽകുന്നത്. ഇതിന് വിരുദ്ധമായി സ്ത്രീവിമോചനം, പ്രാതിനിധ്യം, നേതൃത്വം, പങ്കാളിത്തം, ശക്തീകരണം തുടങ്ങിയ ദർശനങ്ങളിൽ പ്രബോധനങ്ങൾ നൽകിയാൽ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ കഴിയും. മലങ്കര സഭയിൽ സ്ത്രീകളുടെ തത്സ്ഥിതി വ്യത്യാസപ്പെടണമെന്ന് ആഗ്ര

ഹിക്കുന്ന വലിയ വിഭാഗം സ്ത്രീകളുണ്ടെങ്കിലും ചർച്ചകളുടെ അന്ത്യത്തിൽ അവരും നിരാശരാണ്. മലങ്കര ഓർത്തഡോക്സ് സഭയിൽ ഇതൊന്നും നടക്കുകയില്ലെന്ന് അവർ വിശ്വസിക്കുന്നു.

സ്ത്രീകളുടെ സാമൂഹിക-സഭാതലങ്ങളിലുള്ള അത്യുന്നതിക്കായി പ്രവർത്തിക്കേണ്ടത് സഭയിലെ സ്ത്രീ സമിതികളാണ്. മലങ്കര ഓർത്തഡോക്സ് സഭയിൽ 1978ൽ ആരംഭിച്ച മർത്തമറിയം സമാജം, 1977ൽ തുടങ്ങിയ വൈദിക സഹധർമ്മിണി സംഘമായ 'ബസ്കിയാമ്മ അസോസിയേഷൻ,' 1981ൽ ആരംഭിച്ച 'ബാലികസമാജം,' 1995ൽ പ്രാദേശികമായി തുടക്കം കുറിച്ച 'യുവതീസമാജം' എന്നിവയാണ് മലങ്കര ഓർത്തഡോക്സ് സഭയിലെ വനിത സമിതികൾ. ഇതിൽ മർത്തമറിയം സമാജവും ബാലിക സമാജവും മാത്രമെ ഭേദപ്പെട്ട പ്രവർത്തനങ്ങൾ കേന്ദ്രതലത്തിൽ നിർവ്വഹിക്കുന്നുള്ളൂ (2007 മുതൽ ബാലിക-ബാല സമാജങ്ങൾ ഏകോപിപ്പിച്ച് ബാലസമാജം എന്ന പേരിലാക്കി പുതിയ ഭരണഘടന പരിശുദ്ധ സുന്നഹദോസ് അംഗീകരിച്ചു. ഇനി ബാലിക സമാജം സഭയിലില്ല). ഈ സംഘടനകളുടെ വാർഷിക കോൺഫറൻസുകളുടെ മുഖ്യചിന്താവിഷയങ്ങൾ സമഗ്രമായി വിശകലനം ചെയ്താൽ സ്ത്രീകളുടെ തത്സ്ഥിതി തുടരുന്നതിനുള്ള ആഹ്വാനമാണ് പ്രത്യക്ഷമായി പ്രഖ്യാപിക്കുന്നത്.

അഖില മലങ്കര തലത്തിൽ മർത്തമറിയം സമാജം കഴിഞ്ഞ പത്തു വർഷം (1996-2005) തിരഞ്ഞെടുത്ത മുഖ്യ ചിന്താവിഷയങ്ങൾ ശ്രദ്ധിക്കുക. 1996: മനസ്സു പുതുക്കി രൂപാന്തരപ്പെടുക (റോമ 17:3), 1997: എല്ലാം മനസ്സോടെ ചെയ്‌വിൻ (കൊലൊ 2:23), 1996: ദൈവത്തിന്റെ സന്താനമല്ലോ (അപ്പൊ 17:28), 1992: നന്മയാൽ തിന്മ ജയിക്കുക (റോമ 12:21), 2000: കഷ്ടം അനുഭവിക്കുവാൻ വരം നൽകിയിരിക്കുന്നു (ഫിലി 273), 2002: ലോക കളങ്കം പറ്റരുത് (യാക്കോ 1:21), 2002: നാവിനേയും അധരത്തേയും കാക്കുക (സങ്കീ 34:18), 2002: പൂർണ വിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും നടക്കുക (എഫേ 4:2), 2004: ക്രിസ്തുവിന്റെ സൗരഭ്യ വാസന ആകുക (2 കൊരി 2:15), 2005: ദൈവത്തിൽ ആശ്രയിക്കുക. (സദൃശ 2:5).

ബാലികസമാജത്തിന്റെ വിഷയങ്ങളും സമാനത പുലർത്തുന്നവയാണ്. 1999: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ (മത്താ 12:14), 2000: ദൈവത്തെ ഭയപ്പെടണം (ലേവ്യ 19:32), 2001: നന്മയാൽ തിന്മയെ ജയിക്കുക (റോമ 12:21), 2002: മനസ്സു പുതുക്കി രൂപാന്തരപ്പെടുക (റോമ 12:2), 2003: യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നു വന്നു. (ലൂക്കൊ 2:52), 2004; തകർന്ന മനസ്സോ അസ്ഥികളെ ഉണക്കുന്നു (സദൃശ 17:22), 2005: ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ല (ലൂക്കൊ 1:37) എന്നിവയിലും പുനർവായനകൾ സാദ്ധ്യമായില്ല.

മർത്തമറിയം സമാജം, ബാലിക സമാജം എന്നിവയുടെ മുഖ്യ ചിന്താവിഷയങ്ങൾ എല്ലാം പരമ്പരാഗതമായ പുരുഷ വ്യാഖ്യാനങ്ങൾക്ക് അനുസൃതമായവയാണ്. സ്ത്രീകളുടെ വിമോചനം, തുല്യാവകാശം, സ്വാതന്ത്ര്യം, നീതി, സമത്വം തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളിക്കുവാനുള്ള ഇടംപോലും മുഖ്യ ചിന്താവിഷയങ്ങളിലില്ല. സ്ത്രീയെ കീഴ്പ്പെടുത്തുന്ന പ്രത്യയശാസ്ത്രങ്ങളും വ്യാഖ്യാനങ്ങളും അടിച്ചേൽപ്പിക്കുന്ന പ്രവണതയാണ് ഇത്തരം വിഷയ നിർണയങ്ങളിൽ പ്രകടമാകുന്നത്. ഇത് സഭയിൽ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളെയും സ്ത്രീപങ്കാളിത്ത മുന്നേറ്റങ്ങളെയും അടിച്ചമർത്തി. മലങ്കര ഓർത്തഡോക്സ് സഭയിൽ സ്ത്രീകളുടെ പങ്കാളിത്തം, സ്ഥാനം, അവകാശം, പ്രാതിനിധ്യം എന്നിവയിൽ നിഷേധ സമീപനം വളർന്നതിൽ മർത്തമറിയം സമാജവും ബാലികസമാജവുമാണ് ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടത്.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ തിരഞ്ഞെടുപ്പ് നടത്തുന്നതിന് സുപ്രീംകോടതിയുടെ 1995ലെ നിർദ്ദേശപ്രകാരം സ്ത്രീകളേയും ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിന് നിർദ്ദേശം ഉണ്ടായി. ഇതനുസരിച്ച് മെത്രാസനയോഗം, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, മാനേജിങ് കമ്മിറ്റി, വർക്കിങ് കമ്മിറ്റി എന്നിവയിലെല്ലാം സ്ത്രീകളെയും ഉൾപ്പെടുത്തുവാൻ അവസരം ഉണ്ടായി. എന്നാൽ, നിർഭാഗ്യകരം, സഭ ഔദ്യോഗികമായി ആവശ്യപ്പെട്ടപ്രകാരം സ്ത്രീകളുടെ പ്രാതിനിധ്യം ഒഴിവാക്കി 1934ലെ ഭരണഘടന പ്രകാരം സഭയുടെ വിവിധ സമിതികൾ രൂപീകരിക്കുവാൻ സുപ്രീംകോടതി വീണ്ടും നിർദ്ദേശം നൽകി. അതിൻപ്രകാരമാണ് ഇപ്പോഴുള്ള സമിതികൾ നിലവിൽ വന്നത്.

മലങ്കര ഓർത്തഡോക്സ് സഭയിൽ നിലവിലിരുന്ന ജനപ്രാതിനിധ്യ സമ്പ്രദായം പരിഷ്കരിക്കുന്നതിനുള്ള സുപ്രീംകോടതി നിർദ്ദേശം സഭ ഔദ്യോഗികമായി തള്ളിക്കളഞ്ഞത് സ്ത്രീകളോട് ചെയ്ത നിന്ദ്യമായ കടന്നാക്രമണമായിരുന്നു. ഇതിന് മുഖ്യനേതൃത്വം നൽകിയ പുരുഷ നേതൃത്വത്തെ പ്രതിരോധിക്കുവാനോ പ്രക്ഷോഭങ്ങളും നിയമനടപടികളും സ്വീകരിക്കുവാനോ മലങ്കരസഭയിലെ സ്ത്രീ സമിതികൾക്ക് കഴിഞ്ഞില്ല. അതിനുള്ള ദർശനവും കാഴ്ചപ്പാടും പ്രബോധനവും അന്നും ഇന്നും സ്ത്രീകൾക്ക് ലഭ്യമായിട്ടില്ല. സ്ത്രീകളെ കീഴ്പ്പെടുത്തുന്ന ചിന്താധാരകളും പഠനങ്ങളും പരമ്പരാഗതമായി പ്രബോധിപ്പിക്കണമെന്ന് നിഷ്കർഷിച്ചതിൽ നിന്നും പുരുഷനേതൃത്വം വെട്ടിയെടുത്ത വിജയഗാഥയാണ് സഭാസമിതികളിൽ നിന്നും സ്ത്രീകളുടെ തിരോധാനം. സ്ത്രീകളും പുരുഷന്മാരും അവിഭാജ്യ ഘടകമായി തീരുന്ന പുതിയ നേതൃത്വ സമൂഹത്തെക്കുറിച്ച് പഠിപ്പിക്കുന്ന

അഖിലലോക സഭാകൗൺസിൽ പോലും ഇത്തരം നടപടികളെ അപലപിച്ചിട്ടില്ല. അതിനാൽ സ്ത്രീകളുടെ പങ്കാളിത്തം നിഷേധിക്കപ്പെട്ട ചില മേഖലകൾ തിരിച്ചറിയേണ്ടതാണ്.

ആദ്ധ്യാത്മിക സംഘടനകളിൽ

കേന്ദ്ര - ഭദ്രാസന - ഇടവക തലങ്ങളിൽ നടത്തുന്ന എല്ലാ ആദ്ധ്യാത്മിക സംഘടനകളിലും സജീവ പങ്കാളിത്തം വളരെയാണ്. സ്ത്രീകളും പുരുഷന്മാരും ഉൾക്കൊള്ളുന്ന അനവധി ആദ്ധ്യാത്മിക സംഘടനകൾ സഭയിലുണ്ട്. സൺഡേസ്കൂൾ പ്രസ്ഥാനം, വിദ്യാർത്ഥി പ്രസ്ഥാനം, യുവജനപ്രസ്ഥാനം എന്നിവയിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും അംഗത്വമുണ്ട്.

സൺഡേസ്കൂൾ പ്രസ്ഥാനത്തിൽ ആയിരം യൂണിറ്റുകളിൽ 80 ശതമാനവും സ്ത്രീകളാണ്. എന്നാൽ, പ്രധാന അദ്ധ്യാപകൻ, ഇൻസ്പെക്ടർ, ഭദ്രാസന ഡയറക്ടർ, പ്രതിനിധികൾ, കേന്ദ്രസമിതി എന്നിവയിലെല്ലാം പുരുഷന്മാരുടെ ആധിപത്യമാണ്. ഈ സമിതികളിൽ സ്ത്രീപ്രാതിനിധ്യം തന്നെ ഇല്ല. 2005ലെ കണക്കിൻ പ്രകാരം 80 ശതമാനത്തിലധികം അദ്ധ്യാപികമാർ ഉള്ള സൺഡേസ്കൂളിൽ ഡിസ്ട്രിക്ട് ഇൻസ്പെക്ടർ, ഭദ്രാസന ഡയറക്ടർ, സൺഡേസ്കൂൾ കേന്ദ്രസമിതി എന്നിവയിൽ സ്ത്രീകളുടെ ഒരു പ്രതിനിധി പോലും ഇല്ല. അതായത് കേരളത്തിലെ 18 ഭദ്രാസന ഡയറക്ടർമാരും 37 ഡിസ്ട്രിക്ട് ഇൻസ്പെക്ടറന്മാരും പുരുഷന്മാർ മാത്രം! 370 സൺഡേസ്കൂൾ പ്രധാന അദ്ധ്യാപകരിൽ പത്തിൽ താഴെ മാത്രമാണ് പ്രധാന അദ്ധ്യാപികമാരുള്ളത്. കേന്ദ്രത്തിൽ സ്ഥിതിവിവരം 11,270ൽപ്പരം അദ്ധ്യാപകരുടെ കണക്കായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇതിൽ സ്ത്രീകൾ എത്ര എന്ന് കണ്ടെത്തുവാൻ സംവിധാനവും ഇല്ല. 'സ്ത്രീകളെ എണ്ണിയിരുന്നില്ല' എന്ന ചരിത്രം വീണ്ടും ആവർത്തിക്കുന്നു.

1908ൽ ആരംഭിച്ച വിദ്യാർത്ഥിപ്രസ്ഥാനത്തിൽ ആൺകുട്ടികളും പെൺകുട്ടികളും ഒരുപോലെ ഉണ്ട്. എന്നാൽ, പ്രാദേശിക തലങ്ങളിൽ പ്രമുഖസ്ഥാനങ്ങൾ എല്ലാം തന്നെ ആൺകുട്ടികളിൽ കേന്ദ്രീകൃതമാണ്. പെൺകുട്ടികൾക്ക് അംഗത്വം മാത്രം മതി എന്ന് സാരം.

1936ൽ ആരംഭിച്ച യുവജനപ്രസ്ഥാനത്തിൽ സ്ത്രീകൾക്ക് പങ്കാളിത്തം ഇല്ലായിരുന്നു. 2005 ജൂൺ 24ന് പരിശുദ്ധ സുന്നഹദോസിന്റെ നിശ്ചയപ്രകാരം പരിശുദ്ധ കാതോലിക്ക ബാവയുടെ 161/2005-ാം നമ്പർ കല്പനപ്രകാരം യുവജനപ്രസ്ഥാന യൂണിറ്റുകൾ പുനഃക്രമീകരിച്ച് സ്ത്രീകൾക്ക് പങ്കാളിത്തം നല്കി. യുവജനപ്രസ്ഥാനത്തിൽ 15 മുതൽ 40 വയസ്സുവരെയുള്ള യുവതീ യുവാക്കൾക്ക് അംഗമാകാം. സ്ത്രീകൾക്ക് യുവജനപ്രസ്ഥാനത്തിൽ അംഗത്വം നൽകിയാൽ മാത്രം പോരാ, എല്ലാ സമിതികളിലും അംഗീകാരവും പങ്കാളിത്തവും ഉണ്ടാകണം. യുവജനപ്രസ്ഥാനം കേന്ദ്ര അസംബ്ലിയിൽ സ്ത്രീകളും പങ്കെടുക്കത്തക്കവിധം വിവിധ സ്ഥാനങ്ങൾ വഹിക്കുവാൻ യുവജനപ്രസ്ഥാനം ഭരണഘടന സുതാര്യമായി വീണ്ടും ഭേദഗതി ചെയ്യണം. യുവജനപ്രസ്ഥാനം ഭദ്രാസന കേന്ദ്രസമിതികളിൽ സ്ത്രീകൾക്ക് ഉടനടി പ്രധാന സ്ഥാനങ്ങൾ നൽകണം. യുവജനപ്രസ്ഥാനത്തിന്റെ പ്രാഥമിക തലങ്ങളിൽ സ്ത്രീകൾക്ക് പങ്കാളിത്തം മാത്രം നൽകി ഉയർന്ന അധികാരഘടനകളിൽ നിന്ന് അധികാരസമിതികളിൽ സ്ത്രീകളുടെ സജീവപങ്കാളിത്തവും സ്ഥാനവും പുനർനിർണയിക്കണം.

സ്ത്രീപുരുഷ പങ്കാളിത്തമുള്ള മലങ്കര ഓർത്തഡോക്സ് സഭയിലെ എല്ലാ അധികാര സമിതികളിലും സ്ത്രീകളെ ബഹിഷ്കരിക്കുകയോ കീഴ്പ്പെടുത്തുകയോ ചെയ്യുന്നു. തീരുമാന നിർണയ സമിതികളിൽ നിന്നു സ്ത്രീയെ ബോധപൂർവ്വം ഒഴിവാക്കുന്നു. ഇതിനെതിരെയുള്ള പ്രതിരോദനങ്ങളോ ചോദ്യങ്ങളോ സഭയിൽ ഇതുവരെയും ഉണ്ടായിട്ടില്ല.

സാമൂഹിക-എക്യുമെനിക്കൽ തലങ്ങളിൽ

മലങ്കര ഓർത്തഡോക്സ് സഭയിലെ സ്ത്രീകൾക്ക് സാമൂഹിക എക്യുമെനിക്കൽ രംഗങ്ങളിലും വേണ്ടത്ര സ്ഥാനം ഉറപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. വൈഡബ്ല്യുസിഎ കേരള കൗൺസിൽ ഓഫ് ചർച്ചസ്, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ്, വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് തുടങ്ങിയ എക്യുമെനിക്കൽ സമിതികളിൽ ഒന്നിലും വേണ്ടത്ര പ്രാതിനിധ്യം മലങ്കര ഓർത്തഡോക്സ് വനിതകൾക്ക് ലഭ്യമാകാതെ പോയി. 1961ൽ അഖിലലോക സഭാകൗൺസിലിന്റെ ആദ്യവനിത പ്രസിഡന്റ് സാറ ചാക്കോ (1905-1954) മാത്രമാണ് ഏകപ്രകാശം. സാറ ചാക്കോയ്ക്ക് ലഭ്യമായ ഈ അംഗീകാരത്തിന്റെ നാൾവഴികൾ മെഥഡിസ്റ്റ് സഭയുമായുള്ള ബന്ധത്തിൽ ലഭ്യമായതാണ്.

മലങ്കരസഭയിൽ പ്രഭാഷണരംഗത്തും മതബോധനരംഗത്തും (Theological Thachas) സ്ത്രീകളുടെ സാന്നിദ്ധ്യം കുറവാണ്. മലങ്കര ഓർത്തഡോക്സ് സഭയിൽ 20ൽപ്പരം മഠങ്ങളിലായി 150ൽ അധികം കന്യാസ്ത്രികൾ ഉണ്ടെങ്കിലും വേദശാസ്ത്ര വിദ്യാഭ്യാസത്തിലോ സാമൂഹിക എക്യുമെനിക്കൽ രംഗങ്ങളിലോ നിർണായക സ്വാധീനം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടില്ല. വേദശാസ്ത്ര ബിരുദം നേടിയ ഒരു കന്യാസ്ത്രീ പോലും സഭയിലില്ല.

സ്ത്രീകളുടെ വേദശാസ്ത്ര വിദ്യാഭ്യാസത്തിലും മലങ്കര ഓർത്തഡോക്സ് സഭ വളരെ പിന്നിലാണ്. മർത്തമറിയം വനിതസമാജം ജനറൽ സെക്രട്ടറിയായ ആലീസ് മാണിയാണ് ബി. ഡി. ബിരുദം

നേടിയ ആദ്യ വനിത. ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ എലിസബത്ത് ജോയി, മേഴ്സി ജോൺ, അഡ്‌ലിൻ ഷിബു, റോസ് ഡയാന എന്നിവർ സിഎസ്ഐ സഭയിൽ നിന്നു മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദികരുടെ സഹധർമ്മിണിമാരായവരാണ്. മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദികരുടെ സഹധർമ്മിണിമാരായ ജിജി ജോൺസൺ, ലിജു സൂസൻ സജി എന്നിവരും നാഗ്പൂർ സെമിനാരിയിൽ പഠിപ്പിക്കുന്ന സിൻസി മറിയാമ്മ തോമസും വേദശാസ്ത്രത്തിൽ ബിരുദം നേടിയവരാണ്. സെറാംപൂർ സർവ്വകലാശാലയുടെ ബിസിഎസ് (ബാച്ചിലർ ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്) പഠനത്തിലും മലങ്കരസഭയിലെ ഡോ. സാറാമ്മ വർഗീസ്, ഫാൻസി മാത്യു, ശാന്തമ്മ വർഗീസ് എന്നിവർ പഠിച്ചിരുന്നു.

2005 മുതൽ നാഗ്പൂർ സെന്റ് തോമസ് സെമിനാരിയിൽ സ്ത്രീകൾക്കും വേദശാസ്ത്ര പഠനത്തിൽ പ്രവേശനം നൽകുവാൻ മലങ്കര ഓർത്തഡോക്സ് സഭയുടെ സുന്നഹദോസ് അംഗീകാരം നൽകിയിട്ടുണ്ട്.

സ്ത്രീകൾക്ക് ഭരണപരമായ രംഗത്ത് സജീവ സാന്നിദ്ധ്യം ഉണ്ടാകുന്നതിന്റെ സൂചനകൾ വർദ്ധിക്കുന്നതായി രേഖകൾ വെളിപ്പെടുത്തുന്നു. 2007 ഫെബ്രുവരി 19-23 വരെ കോട്ടയം പഴയസെമിനാരിയിൽ നടന്ന പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനത്തിൽ അമേരിക്കൻ ഭദ്രാസനത്തിലെ ഇടവക പൊതുയോഗങ്ങളിൽ വനിതകൾക്ക് നിരീക്ഷകരായി പങ്കെടുക്കുവാൻ അനുമതി നൽകി. ''മലങ്കര ഓർത്തഡോക്സ് സഭയിലെ ഇടവകകളിൽ കുടിശിക ഇല്ലാത്തവരും കുമ്പസാരിച്ചവരുമായ 21 വയസ്സ് പൂർത്തീകരിച്ചിട്ടുള്ള വനിതകൾക്ക് ഇടവക പൊതുയോഗത്തിൽ നിരീക്ഷകരായി സംബന്ധിക്കാവുന്നതാണ്. ഭരണഘടന ഭേദഗതി വരുന്നതു വരെ അവർക്ക് വോട്ടു ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല. മലങ്കരസഭയുടെ പ്രവർത്തന പന്ഥാവിൽ വനിതകൾക്കും പങ്കാളിത്തം അനുവദിക്കുന്നതിനുള്ള നീക്കത്തിന്റെ പ്രാരംഭ നടപടിയായി ഇതിനെ കാണേണ്ടതാകുന്നു'' (2007 മിനിട്സിൽ നിന്ന്). സ്ത്രീ പങ്കാളിത്തത്തിന് സജീവ സാന്നിധ്യം മറ്റു ഭദ്രാസനങ്ങളിലുമുണ്ടാവണം.

മലങ്കരസഭയിൽ സ്ത്രീ പ്രാതിനിധ്യത്തിനുള്ള പ്രകാശരേഖയാണ് 2004 ഡിസംബർ 7ന് കോട്ടയം പഴയ സെമിനാരിയിൽ നടന്ന മലങ്കര ഓർത്തഡോക്സ് സഭ മാനേജിങ് കമ്മിറ്റി ഉപസമിതിയുടെ പഠന റിപ്പോർട്ട്. 2005 ഫെബ്രുവരി 11ന് പ്രസിദ്ധീകരിച്ച ഈ പഠനത്തിൽ സഭയിൽ സ്ത്രീപങ്കാളിത്തവും പ്രാതിനിധ്യവും അനിവാര്യമാണെന്ന് പ്രഖ്യാപിക്കുന്നു.

'ആദ്ധ്യാത്മിക നവോത്ഥാനവും സഭയുടെ കെട്ടുപണിയും' എന്ന ഒന്നാം വിഭാഗത്തിൽ സ്ത്രീകൾക്ക് സഭാ മാനേജിങ് കമ്മിറ്റിയിൽ പ്രാതിനിധ്യം നൽകണമെന്ന് നിർദ്ദേശിക്കുന്നു. സഭയുടെ ആദ്ധ്യാത്മിക ജീവിതത്തിലും പരിശീലനത്തിലും സ്ത്രീകൾ വഹിക്കുന്ന നിർണായകമായ പങ്ക് കണക്കിലെടുത്ത് അവർക്ക് സഭയുടെ ഭരണ സമിതികളിൽ പ്രാതിനിധ്യം നൽകണം. സഭയുടെ ആദ്ധ്യാത്മിക സംഘടനകളുടെ കേന്ദ്ര ജനറൽ സെക്രട്ടറിമാരേയും മാനേജിങ് കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്യണമെന്ന് പറയുമ്പോൾ, വനിത സമാജം എന്ന് പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ റിപ്പോർട്ടിന്റെ നാലാം ഭാഗത്ത് ഭരണഘടനാ ഭേദഗതികൾ (Amendment to the Constitution), നടപടി ചട്ടങ്ങൾ (Codes of Procedure), പുതിയ കാനോൻ പുസ്തകം (Book of Canon Law) എന്ന ഭാഗത്ത് ഇടവകയോഗത്തിന്റെ പ്രായം 21ൽ നിന്നു 18 ആയി കുറയ്ക്കണമെന്നും എല്ലാ സ്ത്രീകൾക്കും ഇടവക യോഗത്തിൽ പങ്കാളികളാകാൻ അവസരമുണ്ടാകണമെന്നും നിർദ്ദേശിക്കുന്നു.

സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും പുനഃസൃഷ്ടിക്കുവാൻ കഴിയുന്നില്ലെങ്കിൽ ദേശീയ അന്തർദ്ദേശീയ സമിതികളിൽ മലങ്കരസഭയിലെ സ്ത്രീകൾക്ക് ലഭ്യമാകേണ്ട അംഗീകാരവും അധികാരവും അന്യമാകും. പങ്കാളിത്തം (Participation), പ്രാതിനിധ്യം (Representation), വിമോചനം (Liberation), ശാക്തീകരണം (Empowerment), പരിവർത്തനം (Transformation) തുടങ്ങിയ ചിന്താധാരകളിൽ അധിഷ്ഠിതമായ സ്ത്രീ കാഴ്ചപ്പാടുകളും പ്രവർത്തന പന്ഥാവുകളും രൂപപ്പെടുത്തുവാൻ മലങ്കര ഓർത്തഡോക്സ് സഭ വിവിധങ്ങളായ പദ്ധതികൾ ഉടനടി ആവിഷ്ക്കരിക്കേണ്ടതാണ്. ■

In Loving Memory of

SAMUEL MATHEW
CHIRACKAROTTU HOUSE
ULLANNOOR

Inserted by
FAMILY MEMBERS

With Best Compliments from

A WELL-WISHER

PUTHENCAVU, CHENGANNUR

വിശുദ്ധന്മാരുടെ സംഘം സഭയുടെ ഭാഗം

ഫാ. ഡോ. എം.ഒ. ജോൺ

വിശുദ്ധജനം: വിശുദ്ധി എന്നും പരിശുദ്ധൻ എന്നുമുള്ള പരാമർശനം വേദപുസ്തകത്തിൽ പ്രധാനമായും ദൈവവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. 'സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നാണ് സ്രാപ്പേ മാലാഖമാർ വാഴ്ത്തിപ്പാടുന്നത്. (യെശ.6:3) ദൈവം പൂർണനും വിശുദ്ധനുമാണെന്ന ചിന്ത വളരെ പ്രബലമായിരിക്കുമ്പോൾ തന്നെ പഴയനിയമസഭയായിരുന്ന (ഇസ്രായേൽ ജനം) 'സഭ ഒട്ടൊഴിയാതെ എല്ലാവരും വിശുദ്ധരാകുന്നു' എന്നും രേഖപ്പെടുത്തിയിരിക്കുന്നു (സംഖ്യ 16:3). തിരഞ്ഞെടുക്കപ്പെട്ട ജാതിയെ 'വിശുദ്ധജനമെന്നും യഹോവയുടെ വിമുക്തന്മാരെന്നും വിളിക്കും' എന്ന് യെശയ്യാവ് എഴുതുന്നു (യെശ.62:12). മിസ്രേമിൽനിന്നു കൂട്ടിക്കൊണ്ടുപോന്ന ജനത്തോട് നിങ്ങൾ എനിക്ക് വിശുദ്ധജനമാകുന്നു എന്നു പറയുവാൻ യഹോവയ്ക്ക് മടിയില്ലായിരുന്നു (പുറ.19:6). ഈ ദിശയിൽതന്നെ പരിശുദ്ധനായ പൗലൊസ് ശ്ലീഹ എഫേസൂസിലെ ക്രിസ്ത്യാനികളെ അഭിസംബോധന ചെയ്യുമ്പോൾ പറയുന്നു 'ദൈവൈഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൗലൊസ് എഫേസൊസിൽ ഉള്ള വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്ക് എഴുതുന്നത്' (എഫേ.1:1). കൊരിന്ത്യരെ അഭിസംബോധന ചെയ്തും അദ്ദേഹം പറയുന്നു 'ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും അവിടെയും ഇവിടെയും എവിടെയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാരുമായവർക്കുതന്നെ എഴുതുന്നത്' (1 കൊരി.1:2).

വിശുദ്ധസഭ: സഭ എങ്ങനെ വിശുദ്ധമാകുന്നു. സഭാംഗങ്ങളെ എന്തുകൊണ്ട് വിശുദ്ധർ എന്നു വിളിക്കുന്നു എന്നത് പലപ്പോഴും ഉയർന്നുവരാറുള്ള ഒരു ചോദ്യമാണ്. അതിന്റെ ആദ്യത്തെ ഉത്തരം സഭ എന്താകുന്നു എന്ന നിർവ്വചനത്തിൽ ഉൾക്കൊണ്ടിരിക്കുന്നു എന്നുപറയാം. ക്രിസ്തു വിശുദ്ധനാകുന്നു, സഭ ക്രിസ്തുവിന്റെ ശരീരമാകുന്നു, ക്രിസ്തുവിന്റെ വിശുദ്ധിയിൽ സഭ ഭാഗമാകുന്നു. അതിനാൽ സഭ വിശുദ്ധമാകുന്നു.

സഭ ക്രിസ്തുവിന്റെ ശരീരമാകുന്നു എന്ന ആശയം പരിശുദ്ധനായ പൗലൊസ് ശ്ലീഹ അദ്ദേഹത്തിന്റെ റോമർക്കെഴുതിയ ലേഖനത്തിലും (12:4-5), കൊരിന്ത്യ ലേഖനത്തിലും (1 കൊരി.12:27) കൊലോസ്യ (1:24) എഫേസ്യാ ലേഖനത്തിലുമായി (1:23, 5:23) പല തവണ പ്രസ്താവിച്ചു കാണുന്നുണ്ട്. യേശുക്രിസ്തുവിന്റെ വിശുദ്ധി അവന്റെ ശരീരമാകുന്ന സഭയിൽ നിലനിൽക്കുന്നു. ദൈവവിശുദ്ധിയിൽ നാമും പങ്കാളികളാകുന്നു. കാട്ടൊലിവായ നിന്നെ വെട്ടിയെടുത്തു നല്ല ഒലിവുമരത്തിൽ ഒട്ടിച്ചുചേർത്തു (റോമ 11:24) എന്ന് പൗലൊസ് ശ്ലീഹ പറയുമ്പോൾ മാമോദീസായിലൂടെ ക്രിസ്തുവിനോട് ചേർക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളിൽ പങ്കാളികളാകുമ്പോൾ വിശ്വാസികളും അവനെ ഉൾക്കൊണ്ട് വിശുദ്ധീകരിക്കപ്പെടുന്നു.

വിശുദ്ധന്മാർ: ജീവിതവിശുദ്ധികൊണ്ടും പ്രാർത്ഥനാജീവിതംകൊണ്ടും സൽക്കർമ്മങ്ങൾകൊണ്ടും പ്രത്യേകശ്രദ്ധനേടിയിട്ടുള്ള വ്യക്തികളെ വിശുദ്ധന്മാരായി ഗണിക്കുന്നു. ക്രിസ്തീയവിശ്വാസം സ്വീകരിച്ചതുമൂലം പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തിട്ടുള്ള അനേകരുണ്ട്. ആദിമനൂറ്റാണ്ടുകളിലെ രക്തസാക്ഷികളുടെ വലിയൊരു സംഘമുണ്ട്. അവരെയെല്ലാം സഭ വിശുദ്ധന്മാരായി ഗണിക്കുന്നു. പീഡകളേറ്റവരോ

ടൊപ്പം തന്നെ വിശ്വാസത്തിൽ അടിയുറച്ചുനിന്ന താപസശ്രേഷ്ഠന്മാരെയും വിശുദ്ധന്മാരായി സഭ ഗണിച്ചു. ദൈവമാതാവും വിശുദ്ധന്മാരും ശുദ്ധിമതികളും രക്തസാക്ഷികളും സന്യാസശ്രേഷ്ഠന്മാരുമായ വിശുദ്ധന്മാരുടെ വലിയൊരു സംഘം സഭയുടെ ഭാഗമാണ്. അതുകൊണ്ട് സഭ വിശുദ്ധമെന്നു പറയുന്നു. വിശുദ്ധന്മാരായി സാക്ഷികളുടെ വലിയൊരു സമൂഹമാണ് നമുക്കുചുറ്റും നിൽക്കുന്നത് (എബ്രാ.12:1).

തിരുശേഷിപ്പുകൾ: വിശുദ്ധന്മാരുടെ കൂട്ടായ്മ നിലനിർത്തുവാൻ അവരുടെ സാക്ഷ്യമുള്ള ജീവിതത്തെയും രക്തസാക്ഷിത്വത്തിന്റെ ഓർമ്മയേയും അനുസ്മരിക്കുന്ന പതിവും സഭയിലുണ്ടായി. അവരുടെ തിരുശേഷിപ്പും തിരുശേഷിപ്പിടവും അനുസ്മരണവും അനുഗൃഹീതമാണെന്നു സഭ പഠിപ്പിച്ചു. അവരുടെ ചരമദിനം പ്രാധാന്യമുള്ളതായി മാറിയെന്നു മാത്രമല്ല ഭക്ത്യാദരവോടും ഹൃദയസമർപ്പണത്തോടും അവരുടെ ഓർമ്മ ആചരിക്കുന്ന പതിവും സഭയിലുണ്ടായി.

യോഹന്നാൻ ശ്ലീഹ ഒഴികെയുള്ള അപ്പൊസ്തലന്മാർ എല്ലാവരും തന്നെ രക്തസാക്ഷികളായി മരിച്ചു. അവരുടെ തിരുശേഷിപ്പുകൾ ആരംഭകാലം മുതൽ വളരെ ആദരവോടുകൂടി പരിശുദ്ധസഭ സംരക്ഷിച്ചു. ഇപ്പോൾ പ്രധാനമായും യൂറോപ്യൻ രാജ്യങ്ങളിലുള്ള പല പള്ളികളിലും അവരുടെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിട്ടുണ്ട്. അവയെ വിശ്വാസികൾ ആദരപൂർവ്വം വണങ്ങുന്നു. അപ്പൊസ്തലന്മാരുടെ മാത്രമല്ല അവരോടൊപ്പവും അവർക്കുശേഷവും രക്തസാക്ഷികളായ അനേകരുടെയും തിരുശേഷിപ്പുകൾ പലയിടങ്ങളിലും സൂക്ഷിച്ചിട്ടുണ്ട്. അവയെ ഒക്കെ ആത്മീയശക്തികേന്ദ്രങ്ങളായും അനുഗ്രഹത്തിന്റെ സ്രോതസ്സുകളായും വിശ്വാസികൾ കണക്കാക്കുന്നു.

തിരുശേഷിപ്പുകൾ കാത്തുസൂക്ഷിക്കുന്നതു സംബന്ധിച്ചുള്ള ഏറ്റവും പുരാതനമായ പരാമർശനം എഡി 155നോടടുത്ത് രക്തസാക്ഷിയായി മരിച്ച സ്മിർന്നായിലെ ബിഷപ്പായിരുന്ന പോളീകാർപ്പസിനെക്കുറിച്ചുള്ളതാണ്. പോളീകാർപ്പസിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള ഒരു വിവരണം ആദിമസഭയിൽ പരക്കെ വായിച്ചിരുന്ന പ്രസിദ്ധമായ ഒരു രേഖയാണ്. സ്മിർന്നായിലെ സഭ ഫിലോമെലിയയിലെ സഭയ്ക്കെഴുതുന്ന ഈ ലേഖനം വളരെ വികാരഭരവും ഹൃദയസ്പർശിയുമാണ്. പോളീകാർപ്പസിനെ ബന്ധനസ്ഥനാക്കിക്കൊണ്ടുവന്ന് അഗ്നികുണ്ഡത്തിലേക്കെറിയുന്നതിനു മുമ്പ് ക്രിസ്തുവിനെ ഉപേക്ഷിക്കുവാൻ അദ്ദേഹത്തോട് അധികാരികൾ ആവശ്യപ്പെട്ടു. വന്ദ്യ വയോധികനായ പോളീകാർപ്പസ് ചരിത്രപ്രസിദ്ധമായ മറുപടി നൽകി. 'എൺപത്തിയാറു സംവത്സരം ഞാൻ അവനെ സേവിച്ചു. അവൻ ഇതുവരെ അന്യായമായി യാതൊന്നും എന്നോട് പ്രവർത്തിച്ചിട്ടില്ല. അപ്രകാരം എന്നെ വീണ്ടെടുത്ത എന്റെ രാജാവിനെ ഞാൻ എങ്ങനെ തള്ളിപ്പറയും.' കോപാന്ധരായ അധികാരികൾ അദ്ദേഹത്തെ ജ്വലിക്കുന്ന അഗ്നിയിലേക്ക് എറിഞ്ഞു. ആ വിശുദ്ധനെ ഗ്രസിക്കുവാൻ മനസ്സില്ലാതെ അഗ്നി ഒരു കുടംപോലെ ചുറ്റുംനിന്നു. അപ്പോൾ അവർ അദ്ദേഹത്തെ വെട്ടിക്കൊന്ന് മൃതശരീരം ചിതയിൽ ദഹിപ്പിച്ചു. വിശ്വാസികൾ വന്ന് ഭൗതിക അവശിഷ്ടങ്ങൾ എടുത്ത് ഭക്തിയോടെ പ്രത്യേക സ്ഥലത്തു സംസ്കരിച്ചു. അദ്ദേഹം നിര്യാതനായ ദിവസം ആണ്ടുതോറും ആ സ്ഥലത്ത് വിശ്വാസികൾ കൂടിവന്നു പ്രാർത്ഥിച്ചു. എല്ലാ രക്തസാക്ഷികളെയും അവർ അനുസ്മരിച്ചു. ഇങ്ങനെ രക്തസാക്ഷികളെ അനുസ്മരിക്കുന്ന പതിവും അവരുടെ തിരുശേഷിപ്പു വണങ്ങുന്ന പതിവും ഉണ്ടായി. കുസ്തന്തീനോസ് രാജാവിന്റെ കാലത്തും അതിനുശേഷവും പള്ളികൾ പണിതപ്പോൾ ത്രോണോസുകളിൽ പ്രത്യേകമായി തിരുശേഷിപ്പുകൾ പ്രതിഷ്ഠിച്ചു. ത്രോണോസിന്മേൽ തിരുശേഷിപ്പു പ്രതിഷ്ഠിക്കുന്ന പതിവ് ഇപ്പോൾ സുറിയാനി പാരമ്പര്യത്തിലില്ല. തെല്ലെയിലെ യൂഹാനോനെ ഉദ്ധരിച്ച് ബാർ എബ്രായ ഹൂദായകാനോനിൽ പറഞ്ഞിരിക്കുന്നത് 'പരിശുദ്ധന്മാരുടെ അസ്ഥികൾ വിശുദ്ധങ്ങളാണെങ്കിലും അവ മദ്ബഹാമേൽ (ത്രോണോസിന്മേൽ) വയ്ക്കപ്പെടരുത്' എന്നാണ്.

പന്ത്രണ്ടു സംവത്സരമായി രക്തസ്രാവം ബാധിച്ചവളും ആരാലും സൗഖ്യം വരുത്തുവാൻ കഴിയാത്തവളുമായ സ്ത്രീ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ട ഉടൻ സൗഖ്യം പ്രാപിച്ചു (ലൂക്കൊ.8:43). യിസ്രായേൽ മക്കൾ മിസ്രേമിൽനിന്നും പുറപ്പെട്ടുപോന്നപ്പോൾ മോശ യൗസേഫിന്റെ അസ്ഥികളും എടുത്തുകൊണ്ടുപോന്നു (പുറ.13:19). അവർ ഇരുവരും യോർദ്ദാന്നരികെ നിന്നു. അപ്പോൾ ഏലിയാവു തന്റെ പുതപ്പ് എടുത്തു മടക്കി വെള്ളത്തെ അടിച്ചു; അത് അങ്ങോട്ടും ഇങ്ങോട്ടും പിരിഞ്ഞു. അങ്ങനെ അവർ ഇരുവരും ഉണങ്ങിയ നിലത്തുകൂടി അക്കരെക്കു കടന്നു (2 രാജാ. 2:8). എലീശാ മരിച്ച് അവർ അവനെ അടക്കം ചെയ്തു. പിറ്റേ ആണ്ടിൽ മോവാബ്യരുടെ പടക്കൂട്ടങ്ങൾ ദേശത്തെ അക്രമിച്ചു. ചിലർ ഒരു മനുഷ്യനെ അടക്കം ചെയ്യുമ്പോൾ ഒരു പടക്കൂട്ടത്തെ കണ്ടിട്ട് ആയാളെ എലീശായുടെ കല്ലറയിൽ ഇട്ടു. അവൻ അതിൽ വീണ് എലീശായുടെ അസ്ഥികളെ തൊട്ടപ്പോൾ ജീവിച്ചു കാലൂന്നി എഴുന്നേറ്റു (2 രാജാ.13:21).

ഉപസംഹാരം: സഭയെക്കുറിച്ച് വിശുദ്ധന്മാരുടെ സമൂഹം എന്നു പറയുന്നതോടൊപ്പം ദൈവത്തിനുവേണ്ടി വിളിച്ചുവേർതിരിക്കപ്പെട്ട വിശുദ്ധന്മാരുടെ വലിയസംഘം സ്വർഗീയമായ ദൈവശുശ്രൂഷയിൽ നിരന്തരമായി വ്യാപൃതരായിരിക്കുന്നു. ഈ ഭൗമിക സഭയിൽ അവരുടെ ദിവ്യസാന്നിധ്യമായി അവരുടെ തിരുശേഷിപ്പുകൾ നിലനിൽക്കുന്നു. വിശുദ്ധന്മാരെ ആദരപൂർവ്വം അനുസ്മരിക്കുകയും അവരുടെ പെരുന്നാൾ ആചരിക്കുകയും ചെയ്യുമ്പോൾ അവരുടെ പുണ്യജീവിതം അനുകരിക്കുവാനും അവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുവാനും അവർ ആരാൽ വിശുദ്ധരാക്കപ്പെട്ടോ ആ അദൃശ്യനായ ദൈവത്തെ മഹത്വപ്പെടുത്തുവാനും നമ്മുക്ക് കഴിയണം. ■

ആധുനിക വിദ്യാഭ്യാസവും മിഷണറിമാരും

ഡോ. വള്ളിക്കാവ് മോഹൻദാസ്

അടിച്ചേല്പിക്കപ്പെട്ടതും അപരിഷ്കൃതവും ക്രൂരവുമായ സാമുദായിക ബന്ധനങ്ങളിൽനിന്നും ഉച്ചനീചത്വങ്ങളിൽനിന്നും രക്ഷനേടി മോചനമാർഗത്തിലേക്ക് കുതിക്കുവാൻ ഇവിടത്തെ അധഃസ്ഥിത ജനവിഭാഗങ്ങളെ പ്രാപ്തരാക്കുവാനായി അക്ഷരവിദ്യയുടെ വിശാലലോകം പകർന്നു നല്കുവാൻ തുടക്കം മുതലേ മിഷണറിമാർ ശ്രദ്ധിച്ചുപോന്നു. 19-ാം നൂറ്റാണ്ടിനുമുമ്പുള്ള കേരളീയ സമൂഹത്തിൽ അറിവ് പൊതുസമൂഹത്തിന് നല്കുന്നതിൽനിന്നും ഒഴിഞ്ഞുനിന്നിരുന്ന സവർണ അധികാരസ്ഥാനങ്ങളെയാണ് കാണാനാകുക, ചരിത്രത്തിൽ. ലണ്ടൻ മിഷണറി സൊസൈറ്റിയുടെ പ്രചാരകനായി കന്യാകുമാരി ജില്ലയിൽ 33 വർഷക്കാലം പ്രവർത്തിച്ച റവ. സാമുവൽ മെറ്റീർ, ചരിത്രകാരൻ, വിദ്യാഭ്യാസ വിചക്ഷണൻ എന്നീ നിലകളിലും പ്രശസ്തനാണ്. 'ലാൻഡ് ഓഫ് ചാരിറ്റി'യും 'നേറ്റീവ് ലൈഫ് ഇൻ ട്രാവൻകൂറും' അദ്ദേഹത്തിന്റെ പ്രശസ്ത ഗ്രന്ഥങ്ങളും ഭാരതത്തെ സംബന്ധിച്ച ഒട്ടനവധി ചരിത്രവസ്തുതകൾ പ്രദാനം ചെയ്യുന്ന ഈടുറ്റ രചനകളും ആണ്. ഇവിടത്തെ വിദ്യാഭ്യാസരംഗത്തെ സ്ഥിതിയെക്കുറിച്ച് സാമുവൽ മെറ്റീർ രേഖപ്പെടുത്തിയിട്ടുള്ളത് (1880) അക്കാലത്തെ ദുരവസ്ഥ ബോധ്യപ്പെടുത്തും- ''തിരുവിതാംകൂറിൽ ശൂദ്രസ്ത്രീകളിൽ ഒരു ശതമാനത്തിലും അല്പം കൂടുതൽ പേർക്കേ എഴുത്തും വായനയും അറിഞ്ഞുകൂടൂ. ബ്രാഹ്മണ സ്ത്രീകളുടെ നില അല്പംകൂടി മെച്ചമാണ്. അന്നുണ്ടായിരുന്ന ആകെ ഈഴവ സ്ത്രീകളിൽ 93 പേർക്കേ എഴുത്തും വായനയും അറിയുമായിരുന്നുള്ളൂ. പറയ, പുലയ സ്ത്രീകളിൽ ഒരാൾക്കുപോലും അക്ഷരവിദ്യ അറിഞ്ഞുകൂടാ. സ്റ്റേറ്റിലാകെയുണ്ടായിരുന്ന 12 വയസ്സിന് മുകളിലുള്ള എല്ലാ ജാതി ഹൈന്ദവ സ്ത്രീകൾക്കും കൂടി ആകെ 3452 പേർക്കേ എഴുതാനും വായിക്കാനും അറിയുമായിരുന്നുള്ളൂ. 86 മുഹമ്മദീയ സ്ത്രീകൾക്കും 1891ൽ 66 ക്രിസ്ത്യൻ സ്ത്രീകൾക്കും 42

നായർ സ്ത്രീകളുമടക്കം ആകെ 113 തിരുവിതാംകൂർ സ്ത്രീകൾക്കു മാത്രമേ ഇംഗ്ലീഷ് അറിയാമായിരുന്നുള്ളൂ. കൊച്ചിയിൽ 125 സ്ത്രീകൾക്ക് ഇംഗ്ലീഷ് അറിയാമായിരുന്നു.''

കേരളത്തിന്റെ പ്രാചീന ചരിത്രം പക്ഷേ, വ്യത്യസ്തമായ ഒരു ചിത്രമാണ് നൽകുന്നത്. സംഘകാല കൃതികളിൽ അവ്വയാർ എന്ന പ്രസിദ്ധ കവയിത്രിയെ അഭിമാനപൂർവം നാം പരിചയപ്പെടുന്നുണ്ടല്ലോ. കൂടാതെ 'പുറനാനൂർ' എന്ന സംഘകൃതിയിൽ പതിനഞ്ചു കവയിത്രികളെക്കുറിച്ച് വിവരിക്കുന്നുമുണ്ട്. ആര്യാധിനിവേശവും അതുവഴിയുണ്ടായ ചാതുർവർണ്യവുമാകാം വിദ്യാഭ്യാസ വീക്ഷണങ്ങളിൽ മാറ്റമുണ്ടാക്കിയത്. അതോടെ ജാതിവിഭാഗങ്ങളിൽ വേർതിരിവുണ്ടാകുകയും ജ്ഞാനം ഉന്നത ജാതിക്കുമാത്രമായ വരദാനമാക്കുകയും ചെയ്തു. അതോടെ സ്ത്രീകൾ ഉൾപ്പെടെ ഒരു വലിയ ജനവിഭാഗം അജ്ഞതയുടെ ഇരുട്ടിലേക്ക് നിപതിക്കുകയുണ്ടായി. എങ്കിലും പ്രാക്കാല ചരിത്രം വിജയകരമായ ഒരു ജ്ഞാനപരമ്പരയെക്കുറിച്ച് തെളിവുകൾ നല്കുന്നുമുണ്ട്. ഹൈന്ദവക്ഷേത്രങ്ങളുടെ ഭാഗമായി നടന്നുവന്ന വിദ്യാകേന്ദ്രങ്ങളുടെയും ബൗദ്ധ ജൈനപാഠശാലകളുടെയും സമൃദ്ധമായ ഒരു നിരതന്നെ ഇവിടെ നിലനിന്നിരുന്നു. ചോള-ചേര രാജാക്കന്മാർ തമ്മിൽ നടന്ന നൂറ്റാണ്ടുയുദ്ധത്തിന്റെ ഫലമായി തകർന്നുപോയ, എ.ഡി. 860ൽ ദക്ഷിണനളന്ദ എന്ന പേരിൽ പ്രസിദ്ധി നേടിയ 'കാന്തളൂർശാല', 'തിരുവല്ല', 'മൂഴിക്കുളം ശാലകൾ' തുടങ്ങിയവ പ്രശസ്തമായ വിദ്യാകേന്ദ്രങ്ങളായിരുന്നു.

ദ്രാവിഡ സംസ്കൃതിയുടെ ഇതിഹാസകാവ്യമെന്നു കരുതാവുന്ന 'ചിലപ്പതികാര'ത്തിന്റെ കർത്താവായ ഇളംകോ-അടികളും മറ്റു പണ്ഡിതന്മാരും പാർത്തിരുന്ന കൊടുങ്ങല്ലൂരിനു സമീപമുള്ള തൃക്കണാമതിലകം, മുകുന്ദമാലയുടെയും പെരുമാൾ തിരുമൊഴിയുടെയും കർത്താവായ കുലശേഖര ആഴ്വാർ, യമക കാവ്യങ്ങളുടെ കർത്താവായ വാസുദേവഭട്ടതിരി, ആട്ടപ്രകാരത്തിന്റെയും ക്രമദീപികയുടെയും കർത്താവായ തോലൻ, ലഘുഭാസ്കരീയ കർത്താവായ ശങ്കരനാരായണൻ തുടങ്ങിയ പണ്ഡിതന്മാരുടെ പ്രവർത്തനരംഗവും കുലശേഖരന്മാരുടെ (800-1002 എ.ഡി.) തലസ്ഥാനവുമായ മഹോദയപുരം, സംസ്കൃത നാടകമായ 'പ്രദ്യുമ്നാഭ്യുദയ'ത്തിന്റെ കർത്താവും 64 കലകളുടെയും അധിപനും 'ദക്ഷിണ ഭോജൻ' എന്ന് അറിയപ്പെട്ടിരുന്ന വേണാട്ടരചൻ രവിവർമ കുലശേഖരന്റെ (1299-1314) ആസ്ഥാനമായ കൊല്ലം, സാമൂതിരി കോവിലകങ്ങളുടെ ആസ്ഥാനവും ഭരണിതിരുനാൾ മാനവിക്രമന്റെ കാലത്തെ (1466-1471) പതിനെട്ടരക്കവികളുടെ സമ്മേളനരംഗമായിരുന്ന കോഴിക്കോട്, കോലത്തിരി രാജാക്കന്മാരുടെ അനുഗ്രഹാശിസ്സുകളോടെ കലാമത്സരങ്ങൾ നടത്തിവന്ന സാംസ്കാരിക കേന്ദ്രമായ തളിപ്പറമ്പ്, മീമാംസാപാഠശാലകളുടെ രക്ഷാധികാരിയായിരുന്ന കോട്ടയം രാജാക്കന്മാരുടെയും കഥകളിയുടെ പ്രണേതാവായിരുന്ന കോട്ടയത്തു തമ്പുരാന്റെയും കാലത്തെ വടക്കൻ കോട്ടയം, പ്രശസ്ത പണ്ഡിതനായ മേൽപ്പത്തൂർ നാരായണ ഭട്ടതിരി (1560-1646), കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ കർത്താവും ജയദേവന്റെ ഗീതഗോവിന്ദ പരിഭാഷയായ 'ഭാഷാ അഷ്ടപതി'യുടെ രചയിതാവുമായ രാമപുരത്തുവാര്യർ (1703-1753) എന്നിവർക്കു പ്രോത്സാഹനം നല്കിവന്ന വടക്കുംകൂർ രാജാക്കന്മാരുടെ കാലത്തെ തെക്കൻ കോട്ടയം, മേൽപ്പത്തൂരിന്റെ പ്രക്രിയാസർവ്വസ്വം എന്ന വിശിഷ്ടവ്യാകരണ ഗ്രന്ഥത്തിന് പ്രേരണ നല്കിയ പൂരാടം തിരുനാൾ ദേവനാരായണൻ എന്ന ചെമ്പകശ്ശേരി രാജാവിന്റെ ആസ്ഥാനമായ അമ്പലപ്പുഴ, കുഞ്ചൻനമ്പ്യാർ, രാമപുരത്തു വാര്യർ, ഉണ്ണായിവാര്യർ എന്നീ കവികളെ പ്രോത്സാഹിപ്പിച്ചുവന്ന മാർത്താണ്ഡവർമ, ധർമ്മരാജ (1758-1798) എന്നിവരുടെ കാലത്തെ അനന്തപുരി, കൊച്ചി രാജാക്കന്മാരുടെ രാജധാനിയായ കൊച്ചി, വെണ്മണി, ശീവൊള്ളി, നടുവം, ഒറവങ്കര എന്നീ നമ്പൂതിരിക്കവികളെ പ്രോത്സാഹിപ്പിക്കുകയും കുഞ്ഞിക്കുട്ടൻ തമ്പുരാനു ജന്മം നല്കുകയും ചെയ്ത കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരുടെ കാലത്തെ കൊടുങ്ങല്ലൂർ എന്നീ സ്ഥലങ്ങളെല്ലാം കേരളക്കരയിലെ മുൻകാല വിദ്യാകേന്ദ്രങ്ങളായിരുന്നു. ഇങ്ങനെയുള്ള പ്രകാശഗോപുരങ്ങൾ ക്രമേണ അപ്രത്യക്ഷമാകുകയും അവയുടെ സ്വാധീനത്താൽ ജ്ഞാനസദസ്സുകളിലേക്കുയർന്ന സമൂഹത്തിലെ ഏതാണ്ട് ഒന്നോ രണ്ടോ ശതമാനം വരുന്ന വിഭാഗങ്ങളിൽ മാത്രമായി അറിവ്, അക്ഷരം എന്നിവ പരിമിതപ്പെടുകയും ചെയ്തു. സ്വാഭാവികമായും ഭൂരിപക്ഷം ജനങ്ങളും അക്ഷരവെളിച്ചം ലഭിക്കാത്തവരായി പരിണമിച്ചു. നാടുകൾ തോറും ഭരണാധികാരികളുണ്ടാവുകയും ഭരണാധികാരികൾ തമ്മിൽ കുടിപ്പകയുണ്ടാവുന്നത് നിത്യസംഭവമാകുകയും ചെയ്ത 15, 16, 17 നൂറ്റാണ്ടുകളിൽ യുദ്ധത്തിന്റെയും പടയൊരുക്കത്തിന്റെയും നാളുകൾക്ക് പ്രാമുഖ്യം ലഭിക്കുകയും നാടിന്റെ സമസ്തശക്തിയും അതിലേക്ക് ആവാഹിക്കപ്പെടുകയുമുണ്ടായി. പിന്നെ 18-ാം നൂറ്റാണ്ടിൽ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ ബ്രാഹ്മണർക്കു മാത്രം മേൽക്കോയ്മ നിലനിന്നിരുന്ന ദേവഭാഷയായ സംസ്കൃതത്തിനു മേൽ അബ്രാഹ്മണാധിപത്യം സ്ഥാപിച്ചെടുത്തുകൊണ്ട് സൃഷ്ടിച്ച ഭാഷാവിപ്ലവമാണ് തിളക്കമാർന്ന ചരിത്രമായി രേഖപ്പെടുത്തപ്പെട്ടത്. പത്തൊമ്പതാം നൂറ്റാണ്ടായപ്പോഴേക്ക് അറിവുലഭിക്കാതെ അക്ഷരവിദ്യ നിഷേധിക്കപ്പെട്ടു കഴിഞ്ഞ പൊതുസമൂഹമധ്യത്തിലേക്ക് കടന്നുവന്ന പാശ്ചാത്യ ക്രൈസ്തവ മിഷണറിമാർ ആധുനിക വിദ്യാഭ്യാസത്തിന്റെ വാതിലുകളാണ് എല്ലാവർക്കുമായി തുറന്നിടുവാൻ തയ്യാറായത്.

സഭാകവി
സി.പി. ചാണ്ടി
കുന്തുരുക്കത്തിന്റെ മണമുള്ള ഓർമ്മകൾ

ഡോ. തോമസ് കുരുവിള

"പരമോന്നതമാം പദമതിലമരും പരനാം ദേവാ
കൃപനിറയും നിൻ തിരുനയനത്താൽ സൂക്ഷിക്കണമേ
ചേർത്തീടണമേ ഞങ്ങളെ ദിവ്യസ്നീബാത്തണലിൽ
താവക കൃപയീ പൂജക നിവഹേ വർഷിക്കണമേ..."

ഹൃദയസ്പർശിയായ ഈ ക്രിസ്തീയ കീർത്തനം ഓർത്തഡോക്സ് സഭയുടെ വിശുദ്ധ കുർബാനയിലെ സമാപന പ്രാർത്ഥന (ഹൂത്തോമോ)യിലേതാണ്. സുറിയാനി രാഗത്തിൽ ചിട്ടപ്പെടുത്തിയ ഈ ഗാനം മലയാളത്തിൽ രചിച്ചത് 'സഭാകവി' എന്ന വിശേഷണത്തിനുടമയായ വെണ്ണിക്കുളം സി.പി. ചാണ്ടിയാണ്. സുറിയാനി സംഗീതത്തിന്റെ മാധുര്യവും മലയാള സാഹിത്യത്തിന്റെ സൗന്ദര്യവുമാണ് ഈ ഗാനത്തിനെന്നപോലെ, ഓർത്തഡോക്സ് ആരാധന ഗീതങ്ങളുടെ മഹിമ. സഭാകവി സി.പി. ചാണ്ടി സ്വജീവിതം സമർപ്പിച്ചത് ഈ ഉദ്യമത്തിനു വേണ്ടിയായിരുന്നു.

1917ൽ (1092 കുംഭം 13) വെണ്ണിക്കുളം ചക്കാലക്കുന്നേൽ ഫീലിപ്പോസ് ഉപദേശിയുടെയും അക്കാമ്മയുടെയും (നിരണം മട്ടയ്ക്കൽ പത്രോസ് കത്തനാരുടെ പുത്രി) പുത്രനായി ജനിച്ചു. (രണ്ട് ജ്യേഷ്ഠന്മാരും നാല് സഹോദരിമാരുമുൾപ്പെടെ ഏഴു മക്കളിൽ മൂന്നാമനായിരുന്നു കഥാപുരുഷൻ). നാലാം തരം ജയിച്ചപ്പോൾ ചാണ്ടിയെ മലയാളം പഠിപ്പിക്കണമെന്ന് വിദ്വാൻ കെ.സി. വർഗീസ് നിർദ്ദേശിച്ചത് ജീവിതത്തിൽ വഴിത്തിരിവായി. സ്കൂൾ പഠനകാലത്തുതന്നെ കവിതയെഴുത്തിൽ താത്പര്യം ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം

ആലുവ അദ്വൈതാശ്രമത്തിൽ നിന്ന് ശാസ്ത്രിയും (1939), തിരുവിതാംകൂർ സർവ്വകലാശാലയിൽനിന്ന് സാഹിത്യവിശാരദും (1945) നേടി. തുടർന്ന് പഴയ സെമിനാരിയിൽ മലയാളം അധ്യാപകനായി രണ്ടു വർഷത്തോളം പഠിപ്പിച്ചു. മലയാളം സുറിയാനി, സംസ്കൃതം എന്നീ ഭാഷകളിൽ പാണ്ഡിത്യമുണ്ടായിരുന്നു. ഇംഗ്ലിഷും ഹിന്ദിയും മാത്രമല്ല, കന്നഡയും തെലുങ്കും പഠിക്കുവാൻ താത്പര്യം കാണിച്ചിരുന്നു.

പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവയുടെ കല്പനപ്രകാരം സെമിനാരി അധ്യാപകനായിരുന്ന വട്ടക്കുന്നേൽ വി.കെ. മാത്യൂസിന് (പിന്നീട് പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവ) ആരാധന ക്രമങ്ങളുടെയും വിശുദ്ധ കുർബാന ക്രമത്തിലെ സ്ലീബ നമസ്കാരത്തിന്റെയും പരിഭാഷ നിർവ്വഹിക്കാൻ അനുവാദം ലഭിച്ചപ്പോൾ സഹാദ്ധ്യാപകനായ സി.പി. ചാണ്ടിയുടെ ബഹുഭാഷ പാണ്ഡിത്യവും കവിത്വ സിദ്ധിയും തിരിച്ചറിഞ്ഞ അദ്ദേഹം പരിഭാഷായജ്ഞത്തിൽ ഈ സാമർത്ഥ്യം പ്രയോജനപ്പെടുത്തി. പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവയാണ് തന്നെ ഏറ്റവും കൂടുതൽ പ്രോത്സാഹിപ്പിച്ചതെന്ന് സഭാകവി അനുസ്മരിച്ചിട്ടുണ്ട്. വി.കെ. മാത്യൂസ് അച്ചൻ സുറിയാനി ആരാധന ഗീതങ്ങൾ ചൊല്ലി അത് മലയാളഗദ്യത്തിൽ വിവർത്തനം ചെയ്ത് സി.പി. ചാണ്ടിയെ കേൾപ്പിക്കും. അദ്ദേഹമത് സുറിയാനി രാഗത്തിൽ തന്നെ പദാനുപദം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തും; ഇതായിരുന്നു ഇവരുടെ പരിഭാഷാ ശൈലി.

വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാൻ, കോനാട്ട് മാത്തൻ മല്പാൻ എന്നിവർ ചേർന്ന് പരിഭാഷപ്പെടുത്തി, കണ്ടത്തിൽ വറുഗീസ് മാപ്പിള, കൊട്ടാരത്തിൽ ശങ്കുണ്ണി എന്നിവർ ഗാനരൂപം നൽകിയ ക്യംതാ നമസ്കാരത്തോടൊപ്പം വട്ടക്കുന്നേൽ മാത്യൂസ് കത്തനാരും സി.പി. ചാണ്ടിയും ചേർന്ന് പരിഭാഷപ്പെടുത്തിയ സ്ലീബനമസ്കാരവും ചേർത്ത് മാത്യൂസ് കത്തനാർ വിശുദ്ധ കുർബാനക്രമം പ്രസിദ്ധീകരിച്ചു.

'പരമോന്നതാം പദമതിലമരും
പരനാം ദേവാ...'
'സ്തോത്രം സർവം വായ്കളശേഷം
നൽകും ഞങ്ങൾ...'
'കഴുകീടണമേ കറകളെയെല്ലാം
തിരുസോപ്പായിൽ...'
'സഭയുടെ ഭിത്തിയെ ബലവത്താക്കുക
ശിലമേൽ നിർത്തി...'
'താങ്ങുക വൃദ്ധരെ നിർമ്മലരാക്കുക
പുരുഷന്മാരെ...'
'നിർമ്മലതാതാ കന്യക മറിയാം
നിന്നവതാരം...'
'രോഗാർത്തന്മാർക്കേകുക സൗഖ്യം
ക്ഷീണന്മാർക്കായ്...'

എന്നു തുടങ്ങുന്ന ഹൃത്തോമോ ഗീതങ്ങളാണ് ഇവർ ആദ്യം രചിച്ചത്. സുറിയാനിമൂലത്തിന്റെ ആശയം നഷ്ടപ്പെടാതെ സംഗീതാത്മകമായി ആലപിക്കാൻ രചിച്ച ഈ ഗീതങ്ങൾ കോനാട്ട് അബ്രഹാം മല്പാൻ വിശുദ്ധ കുർബാന തക്സ പ്രസിദ്ധീകരിച്ചപ്പോൾ അതിൽ ഉൾപ്പെടുത്തി.

പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് തിരുമേനിയുടെ ക്ഷണപ്രകാരം ചെങ്ങന്നൂർ ബഥേൽ അരമനയിൽ താമസിച്ച് പുത്തൻകാവ് ഹൈസ്കൂളിൽ മലയാളം അധ്യാപകനായി ജോലിയിൽ പ്രവേശിച്ചതോടെ സെമിനാരിയിൽനിന്ന് മാറിയെങ്കിലും തന്റെ പ്രധാന ദൗത്യമേഖലയിൽനിന്ന് അദ്ദേഹം ഒരിക്കലും പിന്മാറിയില്ല. മാസങ്ങൾക്കുശേഷം പത്തനംതിട്ട കാതോലിക്കേറ്റ് സ്കൂളിലേക്ക് മാറ്റംകിട്ടി.

അധ്യാപക ജീവിതത്തിൽനിന്ന് വിരമിക്കുന്നതുവരെയുള്ള (1976) മൂന്നു ദശാബ്ദക്കാലത്തെ കർമ്മ

പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവയാണ് തന്നെ ഏറ്റവും കൂടുതൽ പ്രോത്സാഹിപ്പിച്ചതെന്ന് സഭാകവി അനുസ്മരിച്ചിട്ടുണ്ട്. വി.കെ. മാത്യൂസ് അച്ചൻ സുറിയാനി ആരാധന ഗീതങ്ങൾ ചൊല്ലി അത് മലയാളഗദ്യത്തിൽ വിവർത്തനം ചെയ്ത് സി.പി. ചാണ്ടിയെ കേൾപ്പിക്കും. അദ്ദേഹമത് സുറിയാനി രാഗത്തിൽ തന്നെ പദാനുപദം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തും; ഇതായിരുന്നു ഇവരുടെ പരിഭാഷാ ശൈലി.

മണ്ഡലം ഈ വിദ്യാലയമായിരുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സ്നേഹവാത്സല്യങ്ങൾ അനുഭവിച്ചുകൊണ്ട് ബേസിൽ അരമനയിൽ സന്യാസിതുല്യമായ ജീവിതം തുടർന്നുകൊണ്ടുപോകുവാനും അദ്ദേഹത്തിന് കഴിഞ്ഞു.

നാലു ദശാബ്ദക്കാലത്തെ നിരന്തര പരിശ്രമത്താൽ ശ്ലീഹ നമസ്കാരം, പെരുന്നാൾ ശുശ്രൂഷാക്രമങ്ങൾ, കൂദാശാക്രമങ്ങൾ, കഹനൈത്ത, ദുഃഖവെള്ളിയാഴ്ച നമസ്കാരം എന്നിവ ഓർത്തഡോക്സ് കീർത്തന ശാഖയ്ക്ക് സമ്മാനിക്കുവാൻ സി.പി. ചാണ്ടിക്ക് കഴിഞ്ഞു. ഇന്ത്യയുടെ ദേശീയഗാനത്തിന്റെ മട്ടിൽ സഭാകവി രചിച്ച 'വരഗുണ ഗുണനിധി വാഴുക, നെടുനാൾ' എന്ന കാതോലിക്ക മംഗളഗാനവും വിസ്

In Loving Memory of

OUR BELOVED APPACHAN, AMMACHI, SAJIMON AND PERISSERIL AMMACHI...



K.E. VARGHESE

THANKAMMA VARGHESE

MARIAMMA THOMAS
Palackamannil, Puliyoor



GEORGE K. OOMMEN (SAJI)
PEACE COTTAGE, ULLANNOOR

Inserted by Family Members

മരിക്കാൻ പാടില്ല (ദേശീയഗാനത്തിന്റെ മട്ടിൽ മറ്റു ഗാനങ്ങൾ പാടില്ലെന്ന സർക്കാർ ഉത്തരവ് പുതിയ ഗാനത്തിന് വഴിയൊരുക്കി). ബ്രഹ്മചാരിയായിരുന്ന ഈ കവി, വിശുദ്ധ വിവാഹകൂദാശയിലെ 'പതിവ്രതയാം പരിപാവന സഭയേ...' 'ഉപമകളാൽ ശ്ലൈമൂൻ ചൊന്നാനേവം...' 'ഏദൻതോട്ടം നട്ടോനേകം...' എന്നിങ്ങനെ ശൃംഗാരരസ പ്രധാനങ്ങളായ ഗാനങ്ങൾ രചിച്ചത് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാരെപ്പോലും അത്ഭുതം കൊള്ളിക്കുന്നു.

കോനാട്ട് അബ്രഹാം മല്പാൻ, എം.സി. കുര്യാക്കോസ് റമ്പാൻ, യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പൊലീത്ത എന്നിവർ മലങ്കരയുടെ ഈ മഹാകവിയുടെ സർഗശേഷിയെ ഫലപ്രദമായി വിനിയോഗിച്ചവരാണ്. കോനാട്ട് അബ്രഹാം മല്പാനോടൊപ്പം പാമ്പാക്കുട മല്പാൻ ഭവനത്തിൽ താമസിച്ച് ശ്ലീഹാ നമസ്കാരം, കൂദാശ ക്രമങ്ങളും ആനീദായും നോമ്പിലെ നമസ്കാരം, ആണ്ടു തക്സ, പെരുന്നാൾ ശുശ്രൂഷ ക്രമങ്ങൾ, ശവസംസ്കാര ശുശ്രൂഷക്രമം, വൈദികരുടെ ശവസംസ്കാര ശുശ്രൂഷ ക്രമം എന്നിവ തർജമ ചെയ്യുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. കോനാട്ട് മാത്തൻ മല്പാന്റെ സുവിശേഷ പരിഭാഷ സംശോധനം ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനും അദ്ദേഹം സഹായിച്ചു.

1964ൽ പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവ, മാനേജിങ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം 'സഭാകവി' എന്ന സ്ഥാനം നൽകി ആദരിക്കുകയും 1969 ജനുവരി 7ന് 'സുവർണകീർത്തിമുദ്ര' നൽകുകയും ചെയ്തു. സ്വാർത്ഥത ലേശംപോലുമില്ലാതിരുന്ന അദ്ദേഹം ജീവിതത്തിന്റെ സുവർണ കാലം മുഴുവനും ദൈവനാമ മഹത്വത്തിനായി വിനിയോഗിച്ചു.

എം.സി. കുര്യാക്കോസ് റമ്പാനോടൊപ്പം പാത്താമുട്ടം ദയറയിൽ താമസിച്ചതിന്റെ സത്ഫലമാണ് 'പ്രാർത്ഥനായോഗമിത്രം' എന്ന ഗ്രന്ഥം. വന്ദ്യ കുര്യാക്കോസ് റമ്പാൻ നൽകിയ 'സമുദായകവി' എന്ന ഔദ്യോഗിക നാമകരണത്തിനും പ്രേരകമായത്. യൂഹാന്നോൻ മാർ സേവേറിയോസ് തിരുമേനിയും സി.പി. ചാണ്ടിയും പരുമല സെമിനാരിയിൽ താമസിച്ച് പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന്റെ നമസ്കാരക്രമം (1977), പരിശുദ്ധ ദൈവമാതാവിന്റെ പെരുന്നാളിന്റെ നമസ്കാരക്രമം (1983), ഹാശാഗീതങ്ങൾ എന്നിവ രചിച്ചു. സി.പി. ചാണ്ടി എന്ന സർഗധനന്റെ പ്രതിഭയുടെ ആഴമറിഞ്ഞ യൂഹാനോൻ മാർ സേവോറിയോസ് തിരുമേനി 1984 ഒക്ടോബറിലെ മലങ്കരസഭ മാസികയിൽ ഇങ്ങനെ എഴുതി: ''തത്വങ്ങൾക്ക് ലംഘനം വരാത്തവിധത്തിൽ ഗാനങ്ങൾ രചിക്കുന്നതിന് വേണ്ട സ്വാതന്ത്ര്യം സഭാകവി സി.പി. ചാണ്ടിക്ക് ലഭിക്കുമായിരുന്നെങ്കിൽ ബുദ്ധിമുട്ടു കൂടാതെ ചൊല്ലാവുന്ന പല ഗാനങ്ങളും സുലഭമായേനേം. അദ്ദേഹം രചിച്ച ആരാധനാ ഗാനങ്ങൾ ഓർത്തഡോക്സ് സഭയ്ക്കു പുറമേ മറ്റുള്ളവരും ഉപയോഗിക്കുന്നുവെന്നത് നമുക്ക് അഭിമാനകരമാണല്ലോ! സഭയ്ക്കുവേണ്ടി ചെയ്ത മഹനീയമായ ഗാനരചനായജ്ഞത്തിന് തക്കവണ്ണം ഒരു പരിഗണന അദ്ദേഹത്തോട് സഭ കാണിക്കുന്നുണ്ടോ എന്നു സന്ദേഹിക്കുന്നു. പ്രൗഢമായും ലളിതമായും പാട്ടെഴുതുവാനുള്ള അദ്ദേഹത്തിന്റെ കഴിവിനെ നമ്മുടെ സഭ പ്രയോജനപ്പെടുത്തുന്നില്ല. അമ്പലത്തിന്റെ കോണിൽ കടിച്ച മാതിരിയിൽ ചില ആരംഭങ്ങൾക്ക് അദ്ദേഹം ഉപയോഗപ്പെട്ടു എന്നല്ലാതെ സഭയുടെ ആരാധന സാഹിത്യത്തിന്റെ വിപുലമായ ചക്രവാള സീമയ്ക്കുള്ളിൽ വേണ്ടുവോളം അദ്ദേഹത്തെ ഉപയോഗപ്പെടുത്താൻ സാധിക്കുമെങ്കിൽ അത് സഭയ്ക്ക് ഉപകാരപ്രദമായിരിക്കും. അദ്ദേഹത്തിന്റെ ഗാനം ഉപയോഗിക്കുന്നവർക്കുപോലും അതിന്റെ രചയിതാവ് അദ്ദേഹമാണെന്നറിഞ്ഞു കൂടായിരിക്കും. സഭാകേന്ദ്രത്തിലും പാമ്പാക്കുടയിലും പാത്താമുട്ടത്തുമൊക്കെ ഇരുന്ന് സി.പി. ചാണ്ടി ഗാനരചന നടത്തിയിട്ടുള്ളതുപോലെ മേലിലും സാധിക്കുമെങ്കിൽ അത് സഭയ്ക്കൊരു നേട്ടമായിരിക്കും.'' കാലം ശരിവെക്കുന്ന വാക്കുകൾ!

'മലങ്കരയുടെ അപ്രേം' എന്നു പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവ സി.പി. ചാണ്ടിയെ വിശേഷിപ്പിച്ചു. 1964ൽ പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവ, മാനേജിങ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം 'സഭാകവി' എന്ന സ്ഥാനം നൽകി ആദരിക്കുകയും 1969 ജനുവരി 7ന് 'സുവർണകീർത്തിമുദ്ര' നൽകുകയും ചെയ്തു. സ്വാർത്ഥത ലേശംപോലുമില്ലാതിരുന്ന അദ്ദേഹം ജീവിതത്തിന്റെ സുവർണകാലം മുഴുവനും ദൈവനാമ മഹത്വത്തിനായി വിനിയോഗിച്ചു. നേട്ടത്തിനോ പ്രശസ്തിക്കോവേണ്ടി ആഗ്രഹിക്കാതെ ഋഷിതുല്യ ജീവിതം നയിച്ച സഭാകവി സി.പി. ചാണ്ടി മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിലെ അനശ്വര നാമമാണ്. അദ്ദേഹം രചിച്ച ഹൃത്തോമോ ഗീതം കുന്തുരുക്കത്തിന്റെ സുഗന്ധം പോലെ, ഓർമ്മയിലെത്തുന്നു.

'കഴുകീടണമേ കറകളെയെല്ലാം തിരുസോപ്പായാൽ-
ഓർത്തീടരുതേ കർത്താവേ! നീ ഞങ്ങളെ പിഴകൾ
ശോകം നിറയും ലോകനിവാസം വിട്ടുപിരിഞ്ഞോർ-
ക്കേകുക മോദം ശോഭനമാകും ശാശ്വഗേഹെ.''

പാവന സ്മരണയ്ക്ക്



റാഹേൽ & ഉമ്മൻ പാലമൂട്ടിൽ, ഉള്ളന്നൂർ

പി. ഒ. മത്തായി & ഏലിയാമ്മ മത്തായി, പാലമൂട്ടിൽ മേഴ്സി ഹോം, ഉള്ളന്നൂർ

ജോർജ് മാത്യു
മേഴ്സി ഹോം, പന്തളം

ജേക്കബ്ബ് മാത്യു
മേഴ്സി ഹോം, ഉള്ളന്നൂർ

ഡോ. തോമസ് മാത്യു
മേഴ്സി ഹോം,പന്തളം

Inserted by:
പാലമൂട്ടിൽ മേഴ്സി ഹോം ഉള്ളന്നൂർ & പന്തളം

പുതിയ കാലത്തിന്റെ ആസക്തികൾ

ഡോ. അരുൺ ബി. നായർ

ആധുനിക തലമുറയിൽപ്പെട്ട കൗമാരക്കാരും ചെറുപ്പക്കാരും രാസലഹരികൾ വ്യാപകമായി ഉപയോഗിക്കുന്നു എന്ന പരാതി സമൂഹത്തിന്റെ വിവിധ കോണിൽ നിന്നും ഉയരുന്നു. രാസലഹരികളുടെ സ്വാധീനത്തിൽപ്പെട്ട പരിധിവിട്ട അക്രമങ്ങൾക്ക് ചെറുപ്പക്കാർ തയ്യാറാകുന്നതും വാർത്തയാകുന്നുണ്ട്. എന്തുകൊണ്ട് മുൻകാലങ്ങളെ അപേക്ഷിച്ച് രാസലഹരികളുടെ ഉപയോഗം സമൂഹത്തിൽ വർദ്ധിച്ചു വരുന്നു?

സമൂഹത്തിൽ അക്രമങ്ങൾ വർധിച്ചു വരുന്നതിന്റെ പിന്നിൽ ഈ ലഹരിവസ്തുക്കളുടെ സ്വാധീനം എത്രത്തോളം ഉണ്ട്?

ലഹരിയും സ്വഭാവസംബന്ധമായ ആസക്തിയും

സ്വതന്ത്ര ഇന്ത്യയുടെ 77 വർഷത്തെ ചരിത്രത്തിൽ ആദ്യമായി ബജറ്റിനോടൊപ്പം പാർലമെന്റിൽ അവതരിപ്പിക്കപ്പെടുന്ന ഇക്കണോമിക് സർവേയിൽ മാനസികാരോഗ്യത്തിന്റെ പ്രസക്തി ഇത്തവണ ഊന്നിപ്പറഞ്ഞിരിക്കുന്നു. തിരിച്ചറിയപ്പെടാതെയും ചികിത്സിക്കപ്പെടാതെയും പോകുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ വ്യക്തിയുടെ കാര്യക്ഷമത കുറയ്ക്കാനും അദ്ദേഹം ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ ഉത്പാദനക്ഷമത കുറയാനും അതുവഴി രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥിതി തകരാനും കാരണമാകുന്നു എന്ന നിരീക്ഷണമാണ് സർവേയിൽ സ്ഥാനം പിടിച്ചിരിക്കുന്നത്. ഇന്ത്യയുടെ ജനസംഖ്യയിൽ 10.69 ശതമാനം പേർ ചികിത്സ ആവശ്യമുള്ള മാനസികാരോഗ്യ പ്രശ്നങ്ങൾ ഉള്ളവരാണ് എന്ന നിരീക്ഷണവും ഇതിൽ ഉണ്ട്. ഡിജിറ്റൽ ഉപകരണങ്ങളുടെ അമിത ഉപയോഗം കുട്ടികളുടെയും കൗമാരപ്രായക്കാരുടെയും സ്വഭാവത്തെ എങ്ങനെ ദോഷകരമായി ബാധിക്കുന്നു എന്ന വിശദമായ വിവരണവും സർവേയിൽ പരാമർശവിഷയമായിട്ടുണ്ട്. മൊബൈലിന്റെയും മറ്റ് ദൃശ്യ ഡിജിറ്റൽ മാധ്യമങ്ങളുടെയും അമിത ഉപയോഗം കുട്ടികളിൽ ശ്രദ്ധക്കുറവ്, അമിതവികൃതി, എടുത്തുചാട്ട സ്വഭാവം, അക്രമവാസന എന്നിവ വർദ്ധിപ്പിക്കുന്നു എന്ന് റിപ്പോർട്ടിൽ പരാമർശമുണ്ട്.

ലഹരി അടിമത്തം പോലെതന്നെ യുവതലമുറയെ ബാധിക്കുന്ന പ്രധാനപ്പെട്ട ഒരു അടിമത്തമാണ് 'സ്വഭാവ സംബന്ധമായ അടിമത്തം' (behavioural addiction). ഒരു പ്രവൃത്തി ചെയ്യുകയും അതിൽ നിന്ന് ലഭിക്കുന്ന ആനന്ദം അതേ അളവിൽ ലഭിക്കാനായി അത് ആവർത്തിച്ച് ചെയ്യുകയും ക്രമേണ ദിവസത്തിന്റെ കൂടുതൽ നേരം ഈ പ്രവൃത്തി അപഹരിക്കുകയും ഇത് ചെയ്യാതെ ഇരുന്നാൽ തീരെ സന്തോഷം കിട്ടാത്ത അവസ്ഥ സംജാതമാവുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തെയാണ് സ്വഭാവസംബന്ധമായ അടിമത്തം എന്ന് വിശേഷിപ്പിക്കുന്നത്. മൊബൈൽ ഫോൺ ഉപയോഗിച്ച് തന്നെ കാർട്ടൂൺ, ഓൺലൈൻ ഗെയിമുകൾ, ഡേറ്റിങ് ആപ്പുകൾ, സാമൂഹിക മാധ്യമങ്ങൾ, അശ്ലീല സൈറ്റുകൾ എന്നിവ കാണുകയും അത് ഒരു അടിമത്തമായി മാറുകയും ചെയ്യുന്ന സ്ഥിതിവിശേഷം നമ്മുടെ സമൂഹത്തിൽ വ്യാപകമായി ഉണ്ട്. ഇവയുടെ ഉപയോഗത്തിന്റെ സമയം നിയന്ത്രിക്കാൻ കഴിയാതെ വരുമ്പോൾ ഇതൊരു അടിമത്തമായി മാറുകയും അത് നിത്യജീവിതത്തിൽ പഠനത്തെയും പെരുമാറ്റത്തെയും ദോഷകരമായി ബാധിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംജാതമാകും. പിന്നീട് ഇവ കാണാനുള്ള അവസരം നിഷേധിക്കപ്പെടുമ്പോൾ എടുത്തുചാടിയുള്ള പ്രതികരണങ്ങളും അക്രമവാസനയും പ്രകടമാകാനുള്ള സാധ്യതയും ഏറെയാണ്. മൊബൈൽ കാണാൻ അവസരം നിഷേധിച്ചത് മൂലം ആത്മഹത്യ ചെയ്ത കൗമാരപ്രായക്കാരനും ഓൺലൈൻ ഗെയിം കാണാൻ തടസ്സം സൃഷ്ടിച്ച മാതാവിനെ തലയ്ക്കടിച്ചു കൊന്ന യുവാവുമൊക്കെ ആധുനിക കേരള സമൂഹത്തിന്റെ നേർക്കാഴ്ചകളാണ്.

ലഹരി ഉപയോഗിക്കുന്ന വ്യക്തികളിൽ ഉണ്ടാകുന്നതിന് സമാനമായ മസ്തിഷ്ക വ്യതിയാനങ്ങളാണ് സ്വഭാവസംബന്ധമായ അടിമത്തം ഉള്ളവരിലും കണ്ടുവരുന്നത്.

ഡോപ്പമിന്റെ വിളയാട്ടങ്ങൾ

മനുഷ്യനെയും മൃഗങ്ങളെയും തമ്മിൽ വ്യത്യസ്തരാക്കുന്നത് നമ്മുടെ തലച്ചോറിന്റെ മുൻഭാഗത്ത് നിലനിൽക്കുന്ന പ്രീ ഫ്രോണ്ടൽ കോടെക്സ് എന്ന ഭാഗമാണ്. മനുഷ്യന്റെ ആത്മനിയന്ത്രണത്തിന്റെയും ആസൂത്രണശേഷിയുടെയും ശ്രദ്ധയുടെയുമൊക്കെ കേന്ദ്രമാണ് ഈ ഭാഗം. ഈ ഭാഗത്ത് നിലനിൽക്കുന്ന ഡോപ്പമെൻ എന്ന രാസവസ്തുവാണ് നമുക്ക് ആനന്ദം ലഭിക്കുന്നതിന് അടിസ്ഥാനമാകുന്നത്. വ്യായാമം ചെയ്യുമ്പോഴും സംഗീതം കേൾക്കുമ്പോഴും സുഹൃത്തുക്കളോടൊപ്പം സമയം ചെലവിടുമ്പോഴുമൊക്കെ തലച്ചോറിലെ ഡോപ്പമിന്റെ അളവ് ക്രമമായി ഉയർന്ന് ഉച്ചസ്ഥായിയിലെത്തി കുറെ നേരം അങ്ങനെ നിന്ന ശേഷം പതിയെ കുറയും. മേൽ സൂചിപ്പിച്ച പ്രവൃത്തികൾ

യേശു അവളോട്: "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല; ഇതു നീ വിശ്വസിക്കുന്നുവോ" എന്നു പറഞ്ഞു (യോഹന്നാൻ 11:25-26).
In Loving Memory of
MOLLY JOHN (57)
VADAKKEKARA ANZON VILLA
KULANADA

ചെയ്യുമ്പോൾ നമുക്ക് ആനന്ദം ഉണ്ടാകാനുള്ള കാരണം ഇതാണ്. എന്നാൽ, ഓൺലൈൻ ഗെയിം കളിക്കുമ്പോഴും ലഹരിവസ്തുക്കൾ ഉപയോഗിക്കുമ്പോഴും തലച്ചോറിലെ ഡോപ്പമിന്റെ അളവ് പൊടുന്നനെ വർധിക്കുന്നു. അമിതമായ അളവിലേക്ക് ഇതു കൂടുമ്പോൾ പെട്ടെന്ന് ചില പെരുമാറ്റ പ്രശ്നങ്ങൾ പ്രകടമാകുന്നു. നമ്മുടെ ആത്മനിയന്ത്രണം നഷ്ടപ്പെടുന്നതോടെ നാം അക്രമാസക്തരാകുന്നു. മനസ്സിൽ തോന്നുന്ന എന്ത് മൃഗീയ വികാരവും ഉടനടി പ്രകടിപ്പിക്കുന്ന അവസ്ഥയിലേക്ക് നാം ഈ ഘട്ടത്തിൽ എത്തിച്ചേരുന്നു. ഡോപ്പമിന്റെ അളവ് ക്രമാതീതമായി വർദ്ധിച്ചാൽ ചെവിയിൽ അശരീരി ശബ്ദങ്ങൾ മുഴങ്ങുന്നത് പോലെയുള്ള മിഥ്യാനുഭവങ്ങളും ആരൊക്കെയോ തന്നെ കൊല്ലാൻ വരുന്നു എന്ന മട്ടിലുള്ള മിഥ്യാവിശ്വാസങ്ങളും പ്രകടമാകുന്നു. അങ്ങനെ ലഹരിവസ്തുക്കളുടെ ഉപയോഗം ഒരു വ്യക്തിയുടെ മാനസികാരോഗ്യത്തെ തകർത്ത് അയാളെ ചിത്തഭ്രമത്തിലേക്ക് നയിക്കുന്നു.

ലഹരി വസ്തുക്കൾ ഉപയോഗിക്കുമ്പോൾ തലച്ചോറിലെ ഡോപ്പമിന്റെ അളവ് കൂടുമ്പോൾ കിട്ടുന്ന അമിതമായ ആഹ്ലാദമാണ് വീണ്ടും വീണ്ടും അത് ഉപയോഗിക്കാൻ വ്യക്തികളെ പ്രേരിപ്പിക്കുന്നത്.

ലഹരി അടിമത്തത്തിന്റെ ലക്ഷണങ്ങൾ

താഴെപ്പറയുന്ന ലക്ഷണങ്ങളിൽ മൂന്നെണ്ണമെങ്കിലും ഒരു മാസക്കാലം തുടർച്ചയായി ഒരാൾ പ്രകടിപ്പിച്ചാൽ അയാൾ ലഹരി വസ്തുവിന് അടിമപ്പെട്ടു എന്ന് സംശയിക്കണം. മദ്യവും പുകയില ഉത്പന്നങ്ങളും കഞ്ചാവും രാസലഹരികളും അടക്കമുള്ള എല്ലാ ലഹരി വസ്തുക്കൾക്കും ഈ മാനദണ്ഡം ബാധകമാണ്.

1. ലഹരിവസ്തു ഉപയോഗിക്കാനുള്ള അദമ്യവും തീവ്രവുമായ ആസക്തി.
2. ലഹരിവസ്തുവിന്റെ അളവും അത് ഉപയോഗിക്കുന്ന സമയവും നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥ.
3. ആനന്ദ അനുഭൂതികൾ ലഭിക്കാൻ ക്രമേണ ഉപയോഗിക്കുന്ന ലഹരി വസ്തുവിന്റെ അളവ് കൂട്ടിക്കൂട്ടി കൊണ്ടുവരേണ്ട സ്ഥിതി.
4. സ്ഥിരമായി ഉപയോഗിക്കുന്ന ലഹരിവസ്തു പൊടുന്നനെ കിട്ടാതെ വരുമ്പോൾ പെട്ടെന്ന് പ്രകടമാകുന്ന പിൻവാങ്ങൽ ലക്ഷണങ്ങൾ. ഉറക്കക്കുറവും അമിത ഉത്കണ്ഠയും അമിത ദേഷ്യവും തൊട്ട് അങ്ങേയറ്റം ഭീകരമായ അക്രമസ്വഭാവവും അപസ്മാരവും സ്ഥലകാലബോധമില്ലായ്മയുമൊക്കെ പിൻവാങ്ങൽ ലക്ഷണങ്ങളാകാം.
5. ലഹരിവസ്തുവിന്റെ ഉപയോഗം അല്ലാതെ മറ്റൊന്നും ഈ വ്യക്തിക്ക് ആഹ്ലാദം പകരുന്നില്ല.
6. ലഹരിവസ്തുക്കളുടെ ഉപയോഗം തന്റെ ആരോഗ്യത്തിനും സാമ്പത്തിക സ്ഥിതിക്കും തകരാർ ഉണ്ടാക്കുന്നു എന്ന് തിരിച്ചറിഞ്ഞിട്ടും അത് ഉപേക്ഷിക്കാൻ കഴിയാത്ത അവസ്ഥ.

കഴിഞ്ഞ തലമുറയിൽപ്പെട്ട ചെറുപ്പക്കാർ മദ്യമോ സിഗരറ്റോ വ്യാപകമായി ഉപയോഗിച്ചിരുന്നപ്പോൾ ആ വസ്തുക്കളുടെ ഗന്ധം മൂലവും അത് ഉപയോഗിക്കുമ്പോൾ ശരീരചലനങ്ങളിൽ ഉണ്ടാകുന്ന സവിശേഷമായ മാറ്റങ്ങൾ മൂലവും ലഹരി ഉപയോഗിച്ചിരുന്നവരെ തിരിച്ചറിയാൻ മുതിർന്നവർക്ക് കഴിഞ്ഞിരുന്നു. എന്നാൽ, ആധുനിക യുവത്വം കൂടുതലായി ആശ്രയിക്കുന്ന രാസ ലഹരികൾ ഉപയോഗിച്ചവരെ പ്രത്യേക ഗന്ധം കൊണ്ടോ മറ്റ് ശാരീരിക ലക്ഷണങ്ങൾ കൊണ്ടോ തിരിച്ചറിയാൻ സാധ്യമല്ല തന്നെ. പലപ്പോഴും ലഹരി ഉപയോഗത്തെ കൂടുതൽ സങ്കീർണതകളിലേക്ക് തള്ളിവിടുന്നത് ഈ പ്രശ്നമാണ്. എങ്കിലും നിങ്ങളുടെ വീട്ടിലുള്ള ഒരു കൗമാരപ്രായക്കാരൻ ലഹരി ഉപയോഗിക്കുന്നു എങ്കിൽ ചില ലക്ഷണങ്ങൾ പ്രകടിപ്പിക്കാൻ സാധ്യതയുണ്ട്. അടിസ്ഥാന സ്വഭാവത്തിൽ പൊടുന്നനെ ഒരു മാറ്റം വരുകയാണെങ്കിൽ തീർച്ചയായും മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്. ശരീരം വല്ലാതെ മെലിഞ്ഞു വരിക, വിശപ്പില്ലായ്മയും ഉറക്കക്കുറവും അനുഭവപ്പെടുക, ശബ്ദങ്ങളോട് അസഹിഷ്ണുത തോന്നുക, പെട്ടെന്ന് പൊട്ടിത്തെറിക്കുക, മുതിർന്നവർക്ക് മുഖം തരാതെ ഇരിക്കുക, പകൽ സമയത്ത് കിടന്നുറങ്ങുക, കണ്ണുകൾ ചുമന്നിരിക്കുക, ശരീരത്തിൽ പലയിടത്തായി മുറിപ്പാടുകൾ പ്രത്യക്ഷപ്പെടുക എന്നിവയൊക്കെ ലഹരി ഉപയോഗത്തിന്റെ സൂചനകൾ ആകാം. പഴയ കൂട്ടുകാർ അപ്രത്യക്ഷരാവുകയും പുതിയ ചില കൂട്ടുകാർ പ്രത്യക്ഷപ്പെടുകയും ചെയ്യാം. പലപ്പോഴും പ്രായത്തിൽ വളരെ മുതിർന്ന ഈ കൂട്ടുകാരെക്കുറിച്ച് വീട്ടുകാരോട് തുറന്നുപറയാൻ കുട്ടികൾ മടിക്കും. പുതിയ കൂട്ടുകാരോടൊപ്പം എങ്ങോട്ട് പോകുന്നു തുടങ്ങിയ കാര്യങ്ങളും ഗോപ്യമായി വയ്ക്കും. വീട്ടിൽ നിന്ന് കൊടുക്കാതെ തന്നെ കുട്ടികളുടെ

കയ്യിൽ പണം കാണപ്പെടുന്നുവെങ്കിൽ അതും സംശയം വർധിപ്പിക്കേണ്ട ഒരു സൂചന തന്നെയാണ്.

എന്താണ് പരിഹാരം?

യുവതലമുറ ലഹരിയിലേക്ക് അടുക്കുന്നതിന് ഒട്ടേറെ സാമൂഹികമായ കാരണങ്ങളുണ്ട്. അമിതമായി ഡിജിറ്റൽ ഉപയോഗം മൂലം സംഭവിച്ച സാമൂഹിക വിച്ഛേദനം, ഡിജിറ്റൽ ഉപകരണങ്ങൾ നൽകുന്ന സൗകര്യം മൂലം ആഗ്രഹിക്കുന്ന കാര്യങ്ങളെല്ലാം ക്ഷണനേരം സാധിക്കുന്നതു കൊണ്ട് മനസ്സിൽ തോന്നുന്ന ആഗ്രഹങ്ങൾ സാധിക്കാതെ വരാം എന്ന സാധ്യതയുമായി തലച്ചോറിന് പൊരുത്തപ്പെടാൻ സമയം കിട്ടാതെ വരുന്നതുമൂലം സ്വഭാവത്തിൽ പൊതുവേ വർദ്ധിച്ചു വരുന്ന അക്ഷമയും എടുത്തുചാട്ടവും, കൗമാരപ്രായക്കാരോട് സംസാരിക്കാൻ മാതാപിതാക്കൾക്ക് സമയമില്ലാത്തതു മൂലം ഉണ്ടാകുന്ന വൈകാരിക നിരാസം എന്നിവയൊക്കെ കുട്ടികളെ ലഹരിയിലേക്ക് അടുപ്പിക്കാൻ സാധ്യതയുള്ള സാമൂഹിക ഘടകങ്ങളാണ്. സിനിമകളിലും സീരിയലുകളിലും സാമൂഹിക മാധ്യമങ്ങളിലുമൊക്കെ ലഹരി ഉപയോഗത്തെയും അക്രമത്തെയും ആഘോഷിക്കുകയും മഹത്വവൽക്കരിക്കുകയും ചെയ്യുന്നതും കുട്ടികളുടെ മനസ്സിനെ ആഴത്തിൽ സ്വാധീനിക്കും. മാധ്യമങ്ങളിൽ കാണുന്ന ഇത്തരം രംഗങ്ങൾ, അനാരോഗ്യകരമാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തിക്കൊടുക്കാൻ മുതിർന്നവർക്ക് കഴിയാതെ വരുമ്പോൾ ദുരന്തം പൂർണമാകുന്നു.

പലപ്പോഴും നാല് കാരണങ്ങൾ കൊണ്ടാണ് കൗമാരപ്രായക്കാർ ലഹരി ഉപയോഗം ആരംഭിക്കുന്നത്. എന്താണ് ഈ ലഹരിവസ്തു എന്നറിയാനുള്ള കൗതുകമാണ് അതിൽ ആദ്യത്തേത്. സാമൂഹിക മാധ്യമങ്ങളിൽ അടക്കം സെലിബ്രിറ്റികൾ ലഹരിവസ്തുക്കളെ അനുകൂലിക്കുമ്പോൾ അതും ഇളംമനസ്സുകളെ സ്വാധീനിക്കുന്നു. സമപ്രായക്കാരുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് മറ്റുചില ആളുകൾ ലഹരി ഉപയോഗം തുടങ്ങുന്നത്. സ്കൂളിലും കോളജുകളിലും സുഹൃത്തുക്കളുടെ ഒരു ഗ്യാങ്ങിന്റെ ഭാഗമായി നിൽക്കാനുള്ള സമ്മർദം പലരെയും ലഹരി ഉപയോഗത്തിലേക്ക് തള്ളിവിടുന്നു. ലഹരി ഉപയോഗിക്കുന്ന മുതിർന്ന വ്യക്തികളെ അനുകരിച്ചുകൊണ്ട് ലഹരിയുടെ പാതയിലേക്ക് വീഴുന്ന കുട്ടികളും വിരളമല്ല. വീട്ടിലോ അയൽവീടുകളിലോ സ്ഥിരമായി ലഹരി ഉപയോഗിക്കുന്ന മുതിർന്ന വ്യക്തികൾ ഉണ്ടെങ്കിൽ കുട്ടികൾ ആ വഴിക്ക് പോകാനുള്ള സാധ്യത കൂടുതലാണ്. മാനസിക സമ്മർദ്ദം കുറയ്ക്കാനുള്ള ഔഷധം എന്നുള്ള നിലയിൽ ലഹരിയെ കാണുന്ന കുട്ടികളുമുണ്ട്. പലപ്പോഴും പെരുമാറ്റ പ്രശ്നങ്ങളോ പഠനപ്രശ്നങ്ങളോ ഉള്ള കുട്ടികൾ ലഹരി ഉപയോഗത്തിന്റെ വഴിയിലേക്ക് വളരെ നേരത്തേ നീങ്ങാൻ സാധ്യത കൂടുതലാണ്. കുട്ടികളിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന പെരുമാറ്റ വ്യത്യാസമായ അമിതവികൃതിയും ശ്രദ്ധക്കുറവും എടുത്തുചാട്ടവും പ്രധാന ലക്ഷണങ്ങളായുള്ള എഡിഎച്ച്ഡി, പഠന വൈകല്യം, അമിത ഉത്കണ്ഠ, വൈകാരിക അസ്ഥിരത തുടങ്ങിയ മാനസിക പ്രശ്നങ്ങളുള്ള കുട്ടികൾ ലഹരി അടിമത്തത്തിലേക്ക് പോകാൻ സാധ്യത കൂടുതലാണ്. മേൽ സൂചിപ്പിച്ച മാനസിക പ്രശ്നങ്ങൾ കാണിക്കുന്ന കുട്ടികൾക്ക് തുടക്കത്തിൽ തന്നെ ഒരു മാനസികാരോഗ്യ വിദഗ്ധന്റെ കൃത്യമായ ചികിത്സ നൽകേണ്ടത് അത്യാവശ്യമാണ്.

വീടുകളിൽ കുട്ടികളോടൊപ്പം ഒരു മണിക്കൂർ നേരമെങ്കിലും ചെലവിടാൻ മാതാപിതാക്കൾ സമയം കണ്ടെത്തുക എന്നുള്ളതാണ് ഇതിന്റെ ആദ്യ പരിഹാരമാർഗം. ഈ സമയം കുട്ടികളെ ശാസിക്കാനോ ശിക്ഷിക്കാനോ മുതിരാതെ ക്ഷമാപൂർവ്വം അവരെ കേൾക്കാനാണ് മാതാപിതാക്കൾ ശ്രമിക്കേണ്ടത്. ഇതിലൂടെ കുട്ടികളുടെ ആശയവിനിമയശേഷി മെച്ചപ്പെടുന്നതിനോടൊപ്പം അവരുടെ ജീവിതത്തിൽ എന്തെങ്കിലും അനാരോഗ്യകരമായ സ്വാധീനം ഉണ്ടായാൽ അത് തുടക്കത്തിൽ തന്നെ തിരിച്ചറിഞ്ഞ് ഇടപെടാൻ രക്ഷിതാക്കൾക്ക് അവസരം ഒരുങ്ങുന്നു. സമപ്രായക്കാരായ കുട്ടികളോടൊപ്പം കളിക്കാൻ പരമാവധി മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. എന്നാൽ, സ്വന്തം കുട്ടിയുടെ കൂട്ടുകാർ ആരൊക്കെയാണ് എന്ന് മാതാപിതാക്കൾക്ക് വ്യക്തമായ ബോധ്യം വേണം. ആ കൂട്ടുകാരുടെ മാതാപിതാക്കളുമായി ഒരു പരിചയം നിലനിർത്താനും രക്ഷിതാക്കൾ ശ്രദ്ധിക്കണം. ഇതുവഴി ആ സുഹൃത് സംഘത്തിൽ ഏതെങ്കിലും ഒരു വ്യക്തി പ്രശ്നത്തിൽ ചെന്ന് ചാടിയാൽ അത് എല്ലാ രക്ഷിതാക്കൾക്കും അറിയാനും അവരവരുടെ കുട്ടികൾക്ക് ജാഗ്രത പാലിക്കാൻ ഉള്ള നിർദ്ദേശം നൽകാനും സാധിക്കും. കുട്ടികളെ പരിപൂർണമായി നിയന്ത്രിക്കാൻ ശ്രമിക്കുന്ന ഏകാധിപത്യ രക്ഷാകർതൃ മാതൃകയ്ക്ക് പകരം സ്വാതന്ത്ര്യവും ഉത്തരവാദിത്തബോധവും ഒരുപോലെ സമ്മേളിക്കുന്ന ആധികാരിക രക്ഷാകർതൃ രീതി വീടുകളിൽ പ്രാവർത്തികമാക്കണം. സ്നേഹവും അച്ചടക്കവും ഒരുപോലെ പ്രകടമാകുന്ന ഈ മാതൃക കുട്ടികളുടെ മാനസിക ആരോഗ്യത്തെ മെച്ചപ്പെടുത്താൻ ഏറെ സഹായകമാകുന്നു. ചെറുപ്രായത്തിൽ തന്നെ വീട്ടിലെ ചെറിയ ഉത്തരവാദിത്തങ്ങൾ കുട്ടികളെ ഏൽപ്പിക്കണം. അവർ അത് ഭംഗിയായി ചെയ്യുമ്പോൾ അഭിനന്ദിക്കുകയും വേണം. വീടിന്റെ പറമ്പിൽ ചെടികൾ നട്ടുവളർത്താനും വളർത്തുമൃഗങ്ങളെ വളർത്താനുമൊക്കെ കുട്ടികൾക്ക് പരിശീലനം നൽകാം. മാസത്തിൽ ഒരു ദിവസമെങ്കിലും ജീവിതത്തിൽ ദൗർഭാഗ്യകരമായ സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന വ്യക്തികൾ പാർക്കുന്ന ചില കേ

ന്ദ്രങ്ങൾ സന്ദർശിക്കാൻ കുട്ടികളെ കൊണ്ടുപോകാം. അനാഥമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ, പാലിയേറ്റീവ് കെയർ കേന്ദ്രങ്ങൾ, മറവിരോഗം വന്ന വ്യക്തികൾ കഴിയുന്ന കേന്ദ്രങ്ങൾ തുടങ്ങിയവയൊക്കെ സന്ദർശിക്കാൻ വല്ലപ്പോഴും കുട്ടികൾക്ക് അവസരം നൽകാം. ഇതിലൂടെ തങ്ങളുടെ ജീവിതത്തിൽ തങ്ങൾ എത്രത്തോളം അനുഗൃഹീതരാണ് എന്ന് തിരിച്ചറിയാനുള്ള അവസരം കുട്ടികൾക്ക് ലഭിക്കുന്നു. ലഭിക്കാതെ പോയ കാര്യങ്ങളെക്കുറിച്ച് പരാതിപ്പെടാനും ആവശ്യമില്ലാത്ത സുഖഭോഗ വസ്തുക്കൾ ആവശ്യപ്പെടാനും ഉള്ള പ്രവണത കുറയ്ക്കാൻ ഇത് സഹായകമാണ്. കുട്ടികൾ കൗമാരത്തിലേക്ക് കാലൂന്നുന്നതിനു മുൻപ് തന്നെ അച്ചടക്കത്തിന്റെ പ്രസക്തിയെക്കുറിച്ച് കുട്ടികളോട് സംസാരിക്കാം. അച്ചടക്കം സ്വാതന്ത്ര്യം നഷ്ടപ്പെടുത്താനുള്ള വാളല്ല, മറിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള മാർഗമാണ് എന്ന മട്ടിൽ കുട്ടികളെ ഈ ആശയം പരിചയപ്പെടുത്തണം. കുട്ടികളുടെ പരിമിതികൾ ചൂണ്ടിക്കാണിച്ച് അവരെ അവഹേളിക്കുന്നതിന് പകരം അവരുടെ അഭിരുചിയും കഴിവും തിരിച്ചറിഞ്ഞ് അത് ഉപയോഗപ്പെടുത്താൻ പറ്റുന്ന തൊഴിൽ മേഖലകളിലേക്കും ഉപരിപഠന മേഖലകളിലേക്കും അവരെ വഴിതിരിച്ചുവിടാം. അവരുടെ ജീവിതത്തിൽ ഉണ്ടാകുന്ന ഏത് പ്രതിസന്ധിയും ധൈര്യമായി സംസാരിക്കാൻ പറ്റുന്ന ഒരു സ്ഥലമാണ് വീട് എന്ന ആത്മവിശ്വാസം അവരുടെ മനസ്സിൽ വളർത്തിയെടുക്കാം.

വിദ്യാലയങ്ങളിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. തീവ്രമായ മത്സരബുദ്ധിയിൽ അധിഷ്ഠിതമായ താരതമ്യസ്വഭാവമുള്ള വിദ്യാഭ്യാസസമ്പ്രദായം മാറേണ്ടതുണ്ട്. മത്സരങ്ങളിൽ ഒന്നാം സ്ഥാനം കിട്ടുന്നവരെ മാത്രം അംഗീകരിക്കുന്ന വ്യവസ്ഥയ്ക്കു പകരം മനുഷ്യത്വപൂർണമായ നന്മ നിറഞ്ഞ, മറ്റുള്ളവർക്ക് സഹായകമായ പ്രവൃത്തികൾ ചെയ്യുന്ന കുട്ടികളെ കൂടി അംഗീകരിക്കുന്ന ഒരു സമ്പ്രദായം വിദ്യാലയങ്ങളിൽ വരണം. ഇത്തരം പ്രവൃത്തികൾക്ക് കൂടി സാമൂഹിക അംഗീകാരം കിട്ടുമെന്ന് ഒരു ധാരണ കുട്ടികളുടെ മനസ്സിൽ ചെറുപ്പത്തിൽ തന്നെ വരുന്നത് അവരെ കൂടുതൽ അനുതാപമുള്ളവരാക്കി മാറ്റും. ജീവിതത്തിലെ പുതുമയുള്ള സാഹചര്യങ്ങളും പ്രയാസമുള്ള ഘട്ടങ്ങളും തരണം ചെയ്യാൻ കുട്ടികളെ സഹായിക്കുന്ന ജീവിതനിപുണത വിദ്യാഭ്യാസം, പാഠ്യപദ്ധതിയുടെ ഭാഗമായി തന്നെ എല്ലാ വിദ്യാലയങ്ങളിലും നിർബന്ധമായും നടപ്പിലാക്കണം. പങ്കാളിത്തസ്വഭാവമുള്ള പ്രക്രിയാധിഷ്ഠിതവും അനുഭവവാത്മകവുമായ ഇത്തരം പരിശീലനങ്ങൾ വഴി കുട്ടികളുടെ സ്വഭാവരൂപീകരണം ഉറപ്പുവരുത്താൻ സാധിക്കും. ലഹരിവസ്തുക്കളുടെ ഉപയോഗം എങ്ങനെ മാനസികാരോഗ്യത്തെ തകർക്കുന്നുവെന്നതും അമിതമായ ഡിജിറ്റൽ ഉപയോഗം തലച്ചോറിന്റെ പ്രവർത്തനത്തെ എങ്ങനെ ദോഷകരമായി ബാധിക്കുന്നുവെന്നതും പാഠ്യപദ്ധതിയുടെ ഭാഗമായി പ്രൈമറി ക്ലാസുകളിൽ തന്നെ ഉൾപ്പെടുത്തേണ്ടതുണ്ട്. മാനസികാരോഗ്യ സാക്ഷരതയോടൊപ്പം സൈബർ സാക്ഷരതയും നിയമസാക്ഷരതയും പാഠ്യപദ്ധതിയുടെ ഭാഗമാകേണ്ടത് അനിവാര്യമാണ്.

കുട്ടികളുടെ മാനസികവും പഠനസംബന്ധവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ രക്ഷിതാക്കളെയും പ്രാപ്തരാക്കേണ്ടതുണ്ട്.കുട്ടികളെ കുറ്റപ്പെടുത്തുന്നതിന് പകരം അവരുടെ പ്രയാസങ്ങൾ തിരിച്ചറിഞ്ഞ് അവർക്ക് താങ്ങും തണലുമായി നിൽക്കാനുള്ള വ്യക്തമായ ബോധവത്കരണം രക്ഷിതാക്കൾക്ക് ലഭിക്കണം. കുട്ടികളിലെ പെരുമാറ്റ പ്രശ്നങ്ങൾ തുടക്കത്തിൽ തന്നെ തിരിച്ചറിഞ്ഞ് ആവശ്യമായ ചികിത്സ തേടാനുള്ള ബോധവത്കരണവും മുതിർന്നവർക്ക് ആവശ്യമാണ്. മാനസികാരോഗ്യ പ്രശ്നങ്ങളിൽ 50 ശതമാനം 14 വയസ്സിനു മുൻപും 75 ശതമാനം 24 വയസ്സിനു മുൻപും ആരംഭിക്കുന്നതായി ലോകാരോഗ്യ സംഘടന തന്നെ വ്യക്തമാക്കിയിട്ടുണ്ട്. മാനസികാരോഗ്യ പ്രശ്നങ്ങൾ തലച്ചോറിന്റെ പ്രവർത്തനവൈകല്യങ്ങൾ ആണെന്നതും മറ്റേത് രോഗത്തെയും പോലെ അവയെയും ചികിത്സിക്കാൻ സാധിക്കുമെന്നതും പൊതുജനങ്ങളെ ബോധവത്കരിക്കേണ്ടതുണ്ട്. തുടക്കത്തിൽ തന്നെ ഇത്തരം പെരുമാറ്റ സംബന്ധമായ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ചികിത്സിക്കുന്നത് അവ സങ്കീർണതകളിലേക്ക് പോകുന്നതും അക്രമസ്വഭാവത്തിലേക്കും ലഹരി അടിമത്തത്തിലേക്കും വഴുതിവീഴുന്നതും ഫലപ്രദമായി തടയും.

ലഹരി ഉപയോഗിക്കുന്ന കുട്ടികളെ ഒറ്റപ്പെടുത്തുന്നതിനു പകരം അവർ ഏത് സാഹചര്യത്തിലാണ് ലഹരി ഉപയോഗത്തിലേക്ക് പോയതെന്ന് സ്നേഹപൂർവ്വം അന്വേഷിക്കാനാണ് മാതാപിതാക്കൾ ആദ്യം ശ്രമിക്കേണ്ടത്. അവരുടെ പ്രയാസങ്ങൾ ശ്രദ്ധാപൂർവ്വം കേട്ട് അവയ്ക്കുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കാൻ ശ്രമിക്കാം. തീവ്രമായ ലഹരി അടിമത്തത്തിലേക്ക് പോയ കുട്ടികൾക്ക് വൈദ്യശാസ്ത്ര ചികിത്സ തന്നെ വേണ്ടിവരും. ഒരു സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ മരുന്നുകളും മനഃശാസ്ത്ര ചികിത്സകളും രക്ഷിതാക്കൾക്കുള്ള പരിശീലനവും സംയോജിപ്പിച്ചു കൊണ്ടുള്ള സമഗ്രമായ ഒരു ചികിത്സയാണ് ഇവർക്ക് വേണ്ടത്. ഏത് ലഹരി വസ്തുവാണ് ഉപയോഗിക്കുന്നത് എന്നതിനനുസരിച്ച് ചികിത്സയുടെ രീതിയും ദൈർഘ്യവും വ്യത്യാസപ്പെടും. എന്നാൽ, കൃത്യസമയത്ത് വേണ്ട തരത്തിലുള്ള ചികിത്സ നൽകുക വഴി ഒട്ടേറെ കൗമാരപ്രായക്കാരെയും യുവാക്കളെയും ലഹരി അടിമത്തത്തിൽ നിന്ന് മോചിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ■

കുട്ടികളിലെ അക്രമവാസന

ഡോ. വർഗീസ് പി. പുന്നൂസ്

ജന്തുവർഗത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളിൽ ഒന്നാണ് അക്രമം (aggression). സ്വയരക്ഷ, അതിജീവനം, വിശപ്പടക്കൽ, ഇണചേരൽ, സന്തതികളുടെ സംരക്ഷണം, അതിർത്തി കാക്കൽ ഇങ്ങനെ നിലനിൽപ്പിനായുള്ള പോരാട്ടത്തിൽ പിടിച്ചുനിൽക്കാനും വിജയിക്കാനും ഉള്ള ഉപാധി എന്ന നിലയിലാണ് അക്രമം ജീവിവർഗങ്ങളിൽ രൂപപ്പെട്ടത് എന്ന് പരിണാമ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കാവുന്നതാണ്.

അക്രമത്തിന്റെ ജീവശാസ്ത്രം (Biology of Aggression)

ജീവശാസ്ത്രപരമായി മനസ്സിലാക്കുമ്പോൾ ഒരു അടിസ്ഥാന ചോദന (basic instinct) എന്ന നിലയിൽ തലച്ചോറിൽ പ്രോഗ്രാം ചെയ്യപ്പെട്ടിരിക്കുന്ന പ്രതികരണമാണ് ആക്രമണോത്സുകത. തലച്ചോറിലെ ലിംബിക് സിസ്റ്റം (Limbic System) എന്ന പ്രാക്തന ശൃംഖലകൾ ആണ് അക്രമത്തിന്റെ ജീവശാസ്ത്രപരമായ പദാർത്ഥം എന്ന് ന്യൂറോസയൻസിലെ അറിവുകളുടെ അടിസ്ഥാനത്തിൽ അനുമാനിക്കാം. വിശപ്പിന്റെയും ലൈംഗികതയുടെയും നിയന്ത്രണ സംവിധാനങ്ങളും ഈ ലിംബിക് സിസ്റ്റത്തിന്റെ ഭാഗംതന്നെയാണ് എന്നതും കൗതുകകരമായ വസ്തുതയാണ്. ഈ വൈകാരിക മസ്തിഷ്കം ചുറ്റുപാടുകളോട് വളരെ വേഗം പ്രതികരിക്കുന്ന രീതിയിലാണ് സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്. നിലനിൽപ്പിന് അപകടകരമായ ഒരു സാഹചര്യത്തിൽ തലച്ചോർ പ്രതികരിക്കുന്നത് 'Fight or Flight' എന്ന രീതിയിലാണ്.

''ഒന്നുകിൽ പൊരുതി നേടുക, അല്ലെങ്കിൽ ഓടി രക്ഷപ്പെടുക'' എന്ന രീതിയിൽ ഉള്ള വൈകാരികവും ശാരീരികവുമായ പ്രതികരണങ്ങൾ നിമിഷങ്ങൾക്കുള്ളിൽത്തന്നെ ഉണ്ടാകുന്നു. അവിടെ യുക്തിപൂർവ്വമായ ആലോചനകൾക്കോ ധാർമ്മികമൂല്യങ്ങൾക്കോ വലിയ സ്വാധീനശക്തി ഒന്നുമില്ല.

കൗമാരപ്രായം പിന്നിട്ട് യൗവനത്തിലേക്ക് കടക്കുമ്പോൾ യുക്തിയു

ടെയും വിവേകത്തിന്റെയും മസ്തിഷ്കം (Thinking Brain-Pre frontal context) കരുത്താർജ്ജിക്കുകയും വൈകാരിക മസ്തിഷ്കത്തിന്റെ എടുത്തുചാട്ടങ്ങളെ ആലോചനയുടെയും ഭവിഷ്യത്തുകളെപ്പറ്റിയുള്ള ചിന്തയുടെയും ധാർമ്മിക നീതിയുടെയും ഒക്കെ കടിഞ്ഞാണുകൾ ഉപയോഗിച്ച് നിയന്ത്രിക്കുവാനുള്ള പ്രാപ്തി നേടുകയും ചെയ്യുന്നു.

താൻ ആഗ്രഹിക്കുന്നത് കിട്ടാതെ വരുമ്പോഴോ താൻ ആക്ഷേപിക്കപ്പെടുമ്പോഴോ ഒക്കെ ഉണ്ടാകുന്ന വൈകാരിക കൊടുങ്കാറ്റിനെ നേരിടാനുള്ള പക്വതയും പാകതയുമൊക്കെ കൈവരുന്നത് ഈ ഘട്ടത്തിലാണ്.

അക്രമത്തിന്റെ ആർജിത സ്വഭാവം (Aggression as a learned behaviour)

ഒരു പ്രതികരണം ഒരു വ്യക്തിയിൽനിന്ന് ഉണ്ടാകുമ്പോൾ ബാഹ്യലോകം അതിനോട് എങ്ങനെ പ്രതികരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ആ പ്രതികരണം തുടരുമോ അതോ അസ്തമിക്കുമോ എന്നത്. അക്രമാസക്തമായ പ്രതികരണം ഒരു സന്തോഷകരമായ ഇച്ഛാനിവൃത്തി ഉണ്ടാക്കുന്നുവെങ്കിൽ അത് ആവർത്തിക്കപ്പെടും. മറിച്ച് അത്തരത്തിലുള്ള ഒരു പ്രതികരണം സന്തോഷകരമല്ലാത്ത പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയോ അവഗണിക്കപ്പെടുകയോ ചെയ്താൽ അവ ക്രമേണ ഇല്ലാതാകും (Extinction) എന്ന ലളിതമായ സമവാക്യമാണ് ബിഹേവിയർ തിയറിമുന്നോട്ടുവയ്ക്കുന്നത്. Operant conditioning, Social (vicarious-observational) learning എന്നീ തത്വങ്ങൾ അനുസരിച്ച് അക്രമസ്വഭാവം വിലയിരുത്താനും 'അക്രമത്തിലേക്ക് നയിച്ച സാഹചര്യം (Antecedent)-അക്രമത്തിന്റെ രീതി (Behaviour), അക്രമശേഷം ഉണ്ടായ ഭവിഷ്യത്ത് (Consequence)' ഇവയെ വിശകലനം ചെയ്ത് (A-B-C Analysis) പെരുമാറ്റ ചികിത്സയുടെ തത്വങ്ങൾക്കനുസരിച്ച് അക്രമത്തെ കുറച്ചുകൊണ്ടുവരികയോ ഇല്ലാതാക്കുകയോ ചെയ്യാം എന്ന പ്രായോഗികതയാണ് ഈ സിദ്ധാന്തത്തിന്റെ ആകർഷണീയത.

നൈസർഗികമായ അക്രമസ്വഭാവം കുട്ടികൾ കാണിക്കുമ്പോൾ അതിന് പ്രോത്സാഹനകരമായ പ്രതികരണങ്ങൾ മാതാപിതാക്കളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് ഇത്തരം പ്രതികരണങ്ങൾക്ക് ഉത്തേജനമായി മാറും. പിന്നീട് അത് ഒരു ശീലമായും പരിണമിച്ചേക്കാം. കുട്ടിയുടെ ഭാഗത്തുനിന്നുണ്ടാകുന്ന അഗ്രഷനെ നിശിതമായി പരിഹസിക്കുന്നതും കർശന ശിക്ഷകളിൽക്കൂടി ഇല്ലാതാക്കാൻ ശ്രമിക്കുന്നതും വിപരീതഫലം ചെയ്യാം. മാതാപിതാക്കളുടെ ഈ അക്രമശൈലി കുട്ടിയുടെ സ്വഭാവത്തിന്റെ ഭാഗമായും മാറാം (imitation-social learning). എന്തും അംഗീകരിച്ച് കൊടുക്കുന്ന രക്ഷാകർതൃശൈലിയുടെ (permissive parenting style) എല്ലാത്തിനെയും കർശനമായ ശിക്ഷാനടപടികളിലൂടെ അടിച്ചമർത്തുന്ന ശൈലിയും (autocratic parenting style) കുട്ടികളുടെ അക്രമപ്രവണതയ്ക്ക് കാരണമായിത്തീരാം. ഒരു മധ്യമാർഗമായ ആധികാരികമായ രക്ഷാകർതൃത്വശൈലി (authentic parenting style) ആണ് അക്രമവാസനകൾ കുട്ടികളിൽ ഉണ്ടാകുന്നതിനെ തടയുന്നതിന് ഉത്തമം. Parent Training Programme (രക്ഷാകർതൃത്വ പരിശീലന പദ്ധതി) മാതാപിതാക്കളെ പഠിപ്പിക്കുക എന്നത് ഇന്നത്തെ കാലഘട്ടത്തിൽ ആവശ്യമായി വന്നിരിക്കുന്നു.

നന്നേ ചെറുപ്പത്തിൽത്തന്നെ അക്രമസ്വഭാവത്തെ പ്രോത്സാഹിപ്പിക്കുന്ന വിഡിയോ ഗെയിമുകളും സിനിമകളും തലച്ചോറിൽ ഉണ്ടാക്കുന്ന സ്വാധീനം ഏറെയാണ്. അക്രമത്തോട് desensitized ആകാനും അക്രമം സാധാരണവും അംഗീകൃതവും ആയ ഒരു പ്രതികരണമാണ് എന്ന ചിന്താഗതി (agression is normal) വളരാനും ഇത്തരം ഡിജിറ്റൽ ഗെയിമുകൾ കാരണമായി മാറുന്നു. വേഗം റിവാർഡ് പോയിന്റുകൾ കിട്ടുന്ന കളികൾ ഇല്ലാതാക്കുന്നത് ശ്രദ്ധ, ക്ഷമ എന്നീ രണ്ട് ഗുണങ്ങളാണ്. ക്ഷമയില്ലായ്മയും ശ്രദ്ധയില്ലായ്മയും അക്രമത്തിന് വഴിമരുന്നിടുന്ന രണ്ട് ഘടകങ്ങളാണ്.

നൈസർഗികമായ അക്രമസ്വഭാവം കുട്ടികൾ കാണിക്കുമ്പോൾ അതിന് പ്രോത്സാഹനകരമായ പ്രതികരണങ്ങൾ മാതാപിതാക്കളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത് ഇത്തരം പ്രതികരണങ്ങൾക്ക് ഉത്തേജനമായി മാറും. പിന്നീട് അത് ഒരു ശീലമായും പരിണമിച്ചേക്കാം.

മൂല്യങ്ങളും അക്രമങ്ങളും

കുട്ടികളിൽ മൂല്യങ്ങൾ ഉണ്ടായിവരുന്ന ഘട്ടങ്ങളെപ്പറ്റി ലോറൻസ് കോൾബെർഗ് (Lawrence Kohlberg) എന്ന ഗവേഷകൻ വിശദീകരിച്ചിട്ടുണ്ട്. തെറ്റേത്-ശരിയേത് എന്ന വ്യക്തമായ ബോധനം നന്നേ ചെറുപ്പത്തിൽത്തന്നെ ഉണ്ടാകേണ്ടതിന്റെ ആവശ്യകത കോൾബെർഗിന്റെ നിരീക്ഷണങ്ങൾ അടിവരയിടുന്നു. പ്രായമായിക്കഴിഞ്ഞ്, ചിന്താശേഷിയൊക്കെ ആയതിനു ശേഷം ഉയർന്ന നീതിബോധത്തിന്റെ അടിസ്ഥാനത്തിൽ അക്രമവും ശാന്തതയും തനിയെ രൂപപ്പെടട്ടെ എന്ന് ചിന്തിക്കുന്നത് അബദ്ധമാണ്. കാര്യകാരണ വിചാരശേഷി രൂപപ്പെടുന്നതിനു മുമ്പുതന്നെ ആർദ്രത, കാരുണ്യം, പരോപകാരം, ക്ഷമാശീലം (patience), കൃതജ്ഞതാഭാവം (gratitude), സഹിഷ്ണുത (tolerance) ഇവയൊക്കെ ശീലിപ്പി

ക്കുകതന്നെ വേണം.

സത്യം, കാരുണ്യം, ക്ഷമ, നീതി എന്നിവയുടെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന വിജയത്തിന് മാത്രമേ അർത്ഥവും വിലയും ഉണ്ടാകൂ എന്ന മൂല്യബോധനം ശക്തമായി തന്നെ ഉണ്ടാക്കണം.

കുട്ടികളിലെ അക്രമവാസന രോഗമോ?

കുട്ടികളിലെ അക്രമം ഭൂരിപക്ഷവും രോഗം മൂലമല്ല. കുട്ടിയുടെ പ്രകൃതം (Temperament), മാതാപിതാക്കളുടെ രക്ഷാകർതൃശൈലി (Parenting style), ചുറ്റുപാടുകളുടെ സ്വാധീനം (Environmental stress free/full factor) എന്നിവ കൂടിച്ചേരുമ്പോൾ ഉണ്ടാകുന്ന അനാരോഗ്യകരമായ പ്രതികരണമാണ് ഭൂരിപക്ഷം അക്രമങ്ങളും. എങ്കിലും ചിലപ്പോഴൊക്കെ ചില തകരാറുകൾമൂലവും അക്രമ പ്രതികരണങ്ങൾ ഉണ്ടാകാം.

1. ADHD-Attention Deflich Hyper activity Disorder

ഒരു കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള കഴിവ് കുറവ് (In attentiveness)

അമിതമായ ചലനങ്ങളും പ്രവൃത്തികളും (Hyper activity)

എടുത്തുചാടിയുള്ള പ്രതികരണങ്ങൾ (Impulsivity)

ഇത് മസ്തിഷ്ക വികസനത്തിൽ ഉണ്ടാകാവുന്ന ഒരു തകരാറാണ്. കുസൃതിയായും 'വളരുമ്പോൾ മാറുന്ന' കുട്ടിക്കുറുമ്പായും തെറ്റിദ്ധരിക്കപ്പെട്ട് ഈ തകരാർ തിരിച്ചറിയാതെയും ചികിത്സിക്കപ്പെടാതെയും പോകുന്നത് അക്രമസ്വഭാവത്തിൽ കലാശിക്കാം.

2. Autistic Spectrum Disorder (ASD)

ചുറ്റുപാടുകളോടും മറ്റ് വ്യക്തികളോടും ഊഷ്മളമായ രീതിയിൽ ഇടപെടാനും ആശയവിനിമയം നടത്താനുമുള്ള കഴിവില്ലായ്മയും ഒരു മസ്തിഷ്ക വികസന തകരാറാണ്. ചുറ്റുപാടുകളിൽ വരുന്ന ചെറിയ വ്യതിയാനങ്ങൾപോലും ചില സന്ദർഭങ്ങളിൽ ഈ കുട്ടികളിൽ അക്രമ പ്രതികരണങ്ങൾ ഉണ്ടാക്കാം.

3. വിഷാദം (Depressive Disorder)

കുട്ടികളിൽ ഉണ്ടാകുന്ന വിഷാദരോഗത്തിന്റെ ഒരു സവിശേഷ സ്വഭാവം പിടിച്ചാൽ കിട്ടാത്ത ദേഷ്യമാണ്. വൈകാരികാവസ്ഥ വിഷാദത്തിലേക്ക് താഴുമ്പോൾ അമിതദേഷ്യം അനുഭവപ്പെടുകയോ അത് സ്വയംഹത്യ പോലെയുള്ള പ്രതികരണങ്ങളിലേക്ക് എത്തുകയോ ചെയ്യാം.

4. ആസക്തി രോഗങ്ങൾ (Addictions)

ലഹരിവസ്തുക്കൾ (Chemical substances- alcohol, tobacco, cannabis, synthetic drugs-MDMA etc.) ഇന്റർനെറ്റ് ഗെയിമുകൾ (Behavior Addiction) എന്നിവയോടുള്ള ആസക്തി ഒരു രോഗമായി പരിണമിക്കാം. ഇത്തരം വസ്തുക്കളുടെ ഉപയോഗമോ, പെട്ടെന്നുള്ള അഭാവമോ മൂലം തലച്ചോറിൽ ഉണ്ടാകുന്ന പ്രതികരണങ്ങൾ അക്രമത്തിലേക്ക് നയിക്കാം.

5. സാമൂഹികവിരുദ്ധ പ്രവണത (Conduct Disorder)

കുറ്റബോധം ഇല്ലാതെ കുറ്റകൃത്യങ്ങളിൽ ബോധപൂർവ്വം ഏർപ്പെടുക, മറ്റുള്ളവരുടെ വേദനകളിൽ ഒട്ടും സഹാനുഭൂതി ഇല്ലാതിരിക്കുക എന്നിവയാണ് താരതമ്യേന ചുരുക്കമായ ഇത്തരം അവസ്ഥകൾ. നിയമത്തിന്റെ ഭാഷയിൽ പറഞ്ഞാൽ Juvenile Delinquency അഥവാ Children in Conflict with Law.

ഇത്തരം പ്രശ്നങ്ങളെ നിയമപരമായിത്തന്നെ നേരിടേണ്ടിവരും.

പരിഹാരം എന്ത്?

ഒന്ന്: ശാസ്ത്രീയമായ പേരന്റിങ് പരിശീലനം- വീടുകളിൽ ആധികാരികമായ രക്ഷാകർതൃത്വം നടപ്പിലാക്കണം.

രണ്ട്: സ്കൂളുകളിലും വീടുകളിലും ശക്തമായ മൂല്യബോധനം-Back to basics നടപ്പിലാക്കണം. അധ്യാപകരുടെ നഷ്ടപ്പെട്ടുപോയ 'ശിക്ഷണ അധികാരം' തിരികെപ്പിടിക്കുക.

മൂന്ന്: പെരുമാറ്റ ശാസ്ത്രത്തിൽ അധിഷ്ഠിതമായി അക്രമസ്വഭാവത്തെ കൈകാര്യം ചെയ്യാനുള്ള പരിശീലനം സ്കൂൾ കൗൺസിലർമാർക്കും അധ്യാപകർക്കും നൽകുക. ക്രിയാത്മകമായ ഒരു Alternative Menu വിദ്യാർത്ഥികൾക്ക് നൽകുന്ന ബോധന സമ്പ്രദായം നടപ്പിലാക്കുക.

അക്രമസ്വഭാവത്തെ ഉപദേശം കൊണ്ടോ ശിക്ഷകൊണ്ടോ മാത്രം ഇല്ലാതാക്കാൻ സാധിക്കില്ല. പെരുമാറ്റ ശാസ്ത്രത്തിന്റെ തത്വങ്ങൾക്കനുസരിച്ച് കുട്ടികളുടെ ഊർജത്തെ കലാപരവും സൃഷ്ടിപരവും കായികവും സാമൂഹികസേവനപരവുമായ രംഗത്തേക്ക് തിരിച്ചുവിടുക.

Inclusive Approach- SPC, Scouts & Guides, NCC തുടങ്ങിയ കാര്യങ്ങളിൽ കൂടുതൽ ഉൾപ്പെടുത്തുക.

നാല്: ആവർത്തിച്ചുള്ള അക്രമങ്ങളോ ഗൗരവമുള്ള ഒറ്റപ്പെട്ട അക്രമങ്ങളോ ഉണ്ടാകുമ്പോൾ പ്രഫഷണൽ സഹായം തേടുക-കുട്ടികൾക്കായി മാനസികാരോഗ്യ സഹായം എല്ലാ ആശുപത്രികളിലും ലഭ്യമാക്കുക.

അഞ്ച്: Overcome the stigma to take professional help.

അക്രമത്തിന്റെ കൂടെ സംഭവിക്കുന്ന നിയമലംഘനത്തെപ്പറ്റിയും അതിന്റെ ഭവിഷ്യത്തുകളെപ്പറ്റിയും ഹൈസ്കൂൾ ക്ലാസ് മുതൽതന്നെ ബോധവത്കരണം നടത്തുക. ■

കൊൽക്കത്തയിലെ ഓർത്തഡോക്സ് ആരാധന

ഒരു ചരിത്ര പശ്ചാത്തലം

ഡോ. കെ.കെ. കൊച്ചുകോശി

കൊൽക്കത്തയിൽ മലയാളികളുടെ സംഖ്യ പൊതുവേ ശുഷ്കിച്ചുവരുന്ന ഒരു കാലമാണ്. പ്രായമായവരിൽ പലരും നാട്ടിലേക്കും ചിലർ മക്കളുടെ ജോലി സ്ഥലത്തേക്കും ചേക്കേറി. പുതിയതായി ജോലിതേടി കേരളത്തിൽ നിന്ന് ആരും കൊൽക്കത്തയിലേക്കു വരാറില്ല. പണ്ടത്തെ ഗുമസ്ത/സ്റ്റെനോ പണി അവസാനിച്ചു. ആരെങ്കിലും വന്നാൽ അത് ജോലിയുടെ ഭാഗമായി ഏതാനും വർഷത്തേക്ക് മാത്രം. ചില നഴ്സുമാർ ട്രെയിനിങ് കിട്ടാൻ മാത്രം വന്നുപോകുന്നു. കുട്ടികൾ വിദ്യാഭ്യാസത്തിന് പുറത്തു പോയാൽ മടങ്ങി വരാറില്ല. പുതിയ കുഞ്ഞുങ്ങൾ ഇല്ലാതെ മലയാളികളുടെ പള്ളികളിലും അമ്പലങ്ങളിലും വിശ്വാസികളുടെ സംഖ്യ കുറഞ്ഞുവരുന്നു. ഒരുപക്ഷേ, കൊൽക്കത്തയേക്കാളും പരുങ്ങലിലാണ് ഒറീസയിലും അസമിലും ബിഹാറിലും നാഗാലാന്റിലും ജാർഖണ്ഡിലുമൊക്കെ മലയാളികളുടെ അവസ്ഥ.

എൺപതുകളിലും തൊണ്ണൂറുകളിലും വിശ്വാസികളെക്കൊണ്ടു നിറഞ്ഞുനിന്നിരുന്ന ഇവിടത്തെ നമ്മുടെ ദേവാലയങ്ങളിൽ ഇന്ന് വിശ്വാസികൾ വളരെയധികം കുറവാണ്. അടച്ചുപൂട്ടലിന്റെ വക്കത്താണ് പല പള്ളികളും. ശുശ്രൂഷക്കാർ ഇല്ലാതെ പലപ്പോഴും വിഷമിക്കേണ്ട അവസ്ഥയിലാണ് വൈദികർ. ഖേദപൂർവ്വം പറയട്ടെ, നമ്മുടെ സഭാ നേതൃത്വത്തിന് ഇത്തരം അവസ്ഥ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ഒരു ധാരണയും ഇല്ല. അല്ലെങ്കിൽ അവർ ആലസ്യത്തിൽ ആയിരിക്കാം. ഇത് ഇപ്പോൾ ഒരുപക്ഷേ, അവരെ ബാധിക്കുന്നില്ലായിരിക്കാം.

വളരെ തുച്ഛമായ ശമ്പളത്തിൽ കഴിഞ്ഞ ഒരു തലമുറ സ്വന്തം കുടുംബത്തെ പോലും മറന്ന് കെട്ടിപ്പൊക്കിയതാണ് ഈ ദേവാലയങ്ങൾ. സ്വന്തം രക്തത്തിലും വിയർപ്പിലും കെട്ടിപ്പൊക്കിയ ഈ ദേവാലയങ്ങളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഭാവിയെക്കുറിച്ച് ഉത്കണ്ഠയുള്ള പ്രായമായ കുറെ വിശ്വാസികൾ ഇപ്പോഴും ജീവിച്ചിരിക്കുന്നു.

ഇവയെല്ലാം തുടർന്നും നിലനിർത്താൻ വ്യക്തമായ ഒരു നയം നമ്മുടെ നേതൃത്വം കൊണ്ടുവരേണ്ടതുണ്ട്. അതിന് സഭയ്ക്ക് വടക്കൻ ഇന്ത്യൻ ജനതയിൽ സ്വീകാര്യത കൊണ്ടുവരേണ്ടതുണ്ട്, അവരുടെ സംസ്കാര

സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, കൊൽക്കത്ത

ത്തിനോട് ചേർന്നു വർത്തിക്കേണ്ടതുമുണ്ട്. അതിന് ആരാധനാരീതിയിൽ പല വിട്ടുവീഴ്ചകളും ചെയ്യേണ്ടി വരും. വടക്കേ ഇന്ത്യയിലെ ക്രിസ്ത്യൻ സമൂഹത്തിൽ നിന്നുള്ളവർക്ക് നമ്മുടെ നാഗ്പൂർ സെമിനാരിയിൽ വൈദിക വിദ്യാഭ്യാസത്തിന് അവസരം ഒരുക്കണം. വിശ്വാസവുമായി ചേർന്നു പോകാൻ താത്പര്യം ഉള്ളവരെ പട്ടം കൊടുത്ത് അവിടെയുള്ള പള്ളികളിൽ നിയമിക്കാൻ കഴിയണം. ഒരു കാലം കഴിയുമ്പോൾ മലയാളികൾ ആരുംതന്നെ അവിടെ ഉണ്ടാവില്ല. അന്നു സഭയുടെ തുടർച്ച ഇവർ ആയിരിക്കണം. ഇത്തരം കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാൻ ഇപ്പോൾതന്നെ വൈകി.

എന്നു മുതലാണ് മലയാളികൾ കൊൽക്കത്തയിൽ എത്തിത്തുടങ്ങിയതെന്നതിന് വ്യക്തമായ രേഖകൾ ഒന്നും ഇല്ല. കൊൽക്കത്തയുടെ ചരിത്രകാരൻ പി.ടി. നായർ പറയുന്ന പ്രകാരം 1793ൽ കൊൽക്കത്തയിൽ എത്തിയ കൊച്ചിക്കാരൻ പോർച്ചുഗീസ് വംശജനായ മലയാളി ആന്ദ്രേ ബർത്തലോമിയോസ് ഡിക്രൂസാണ് ആദ്യമെത്തുന്ന മലയാളി. കൊൽക്കത്തയിൽ നിന്ന് ഇന്നത്തെ ശ്രീലങ്കയായ സിലോണിലേക്ക് അരി കൊണ്ടുപോകുന്ന ഒരു ചരക്ക് കപ്പലിന്റെ ക്യാപ്റ്റനായിരുന്നു അദ്ദേഹം. കൊച്ചി മഹാരാജാവിന്റെ വ്യാപാര കപ്പലുകൾ ബ്രിട്ടീഷ് ഇന്ത്യൻ തലസ്ഥാനമായ കൊൽക്കത്തയിൽ എത്തിയിരുന്നു. മലബാറിലെ ഭരണാധികാരികളായ അലിരാജയും അറയ്ക്കൽ ബീവിയും ഈസ്റ്റ് ഇന്ത്യ കമ്പനിയുമായി നല്ല ബന്ധത്തിലായിരുന്നു. തലശ്ശേരിക്കും കൊൽക്കത്തയ്ക്കും ഇടയിലുള്ള കമ്പനി കപ്പലുകൾ പോലെ അവർക്കും കൊൽക്കത്തയുമായി വ്യാപാര കപ്പലുകൾ ഉണ്ടായിരുന്നു. അതിനാൽ കൊൽക്കത്തയിലേക്കുള്ള ആദ്യകാല മലയാളികൾ വടക്കേ മലബാറിലെ മുസ്ലിംകളാണെന്ന് കരുതാം. അന്നത്തെ കൊൽക്കത്ത യാത്ര കപ്പലിലായിരുന്നു.

ബ്രിട്ടീഷ് ഇന്ത്യയിൽ ആദ്യമായി ആംഗ്ലിക്കൻ സഭ പട്ടത്വം നൽകിയത് ഒരു തമിഴ് പാതിരിക്കാണ്. സിലോണിൽ സേവനം അനുഷ്ഠിച്ചിരുന്ന റവ. ക്രിസ്ത്യൻ ഡേവിഡ് പാതിരി തന്റെ ആത്മകഥയിൽ 'പ്രൊവിഡൻസ്' എന്ന കപ്പലിൽ ബംഗാളിലെ ഫാൽത എന്ന സ്ഥലത്ത് 1824 മേയ് ഒൻപതിനു വന്നിറങ്ങിയതും അതിനു ശേഷം ബിഷപ്സ് കോളജിന്റെ ബോട്ടിൽ കോളജിലെത്തിയതും വിവരിച്ചിട്ടുണ്ട്. അന്നു ബിഷപ്സ് കോളജ് ഹൂഗ്ലിയുടെ തീരത്ത് ഷിബ്പൂർ എന്ന സ്ഥലത്തായിരുന്നു. പിന്നീട് 1833ൽ ആണ് അത് ഇപ്പോഴത്തെ ബക്ബഗാൻ ലോവർ സർക്കുലർ (ആചാര്യ ജഗദീഷ് ചന്ദ്ര ബോസ്) റോഡിലേക്ക് മാറ്റിയത്. 1918 മുതൽ ഇത് തീർത്തും ഒരു ദൈവശാസ്ത്ര പഠന കോളജ് ആയി മാറി. അന്നു മുതലാണ് സൗത്ത് ഇന്ത്യയിൽ നിന്ന് മിക്കവരും തിയോളജി പഠിക്കാൻ ഇങ്ങോട്ട് വന്നു തുടങ്ങിയത്.

മദ്രാസ് ഹൗറ ട്രെയിൻ സർവ്വീസ് തുടങ്ങുന്നത് 1907ൽ ആണ്. റെയിൽവേ വരുന്നതിന് മുമ്പ് കൊൽക്കത്തയിലേക്കുള്ള മലയാളികളുടെ കുടിയേറ്റം വളരെ തുച്ഛമായിരുന്നു. 1912ൽ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പൊലീത്ത കൊൽക്കത്തയിൽ ഒരു സമ്മേളനത്തിൽ പങ്കെടുക്കാൻ വന്നപ്പോൾ ഫാ. പി.ടി. ഗീവർഗീസിനെ (പണിക്കർ അച്ചൻ, പിന്നീട് ഈവാനിയോസ് മെത്രാപ്പൊലീത്ത) കൂടെ കൂട്ടി. സമ്മേളനത്തിനിടെ സെറാംപൂർ കോളജ് പ്രിൻസിപ്പൽ ഡോ. ഹോവൽസിനെ സന്ദർശിച്ച അവസരത്തിൽ ഫാ. ഗീവർഗീസിനെ കോളജിൽ പ്രഫസറായി സേവിക്കാൻ അനുവദിക്കണമെന്ന്

മെത്രാപ്പൊലീത്തയോട് പ്രിൻസിപ്പൽ അഭ്യർത്ഥിച്ചു. മലങ്കര യുവജനങ്ങളുടെ വിദ്യാഭ്യാസത്തിന് സംഭാവന നൽകാനുള്ള അവസരം ഉപയോഗിച്ച് ഫാ. ഗീവർഗീസ് മെത്രാപ്പൊലീത്തയുടെ അനുമതിയോടെ ആ സ്ഥാനം സ്വീകരിച്ചു. ഈ ഉദ്യമത്തിന്റെ ഫലമായി കേരളത്തിൽ നിന്ന് ഏകദേശം ഇരുപത് ചെറുപ്പക്കാർ ഉന്നത വിദ്യാഭ്യാസത്തിനായി കൊൽക്കത്തയിലേക്ക് യാത്രതിരിച്ചു. ആദ്യമായി ഒരു കൂട്ടം മലയാളി സുറിയാനി ക്രിസ്ത്യാനികൾ അങ്ങനെ കൊൽക്കത്തയിലെത്തി. 1914ൽ സെറാംപൂർ തിയളോജിക്കൽ കോളജിലെ മലയാളി വിദ്യാർത്ഥികളാണ് കൊൽക്കത്ത മലയാളികളുടെ ആദ്യകാല സംഘടനയായ 'മലയാളി സമാജം' രൂപീകരിച്ചത്. അവരെല്ലാം വളരെ രാജഭക്തരും ആയിരുന്നു. തിരുവിതാംകൂർ മഹാരാജാവിന്റെ ഷഷ്ടിപൂർത്തിക്ക് കോളജിൽ ആഘോഷം നടത്തുകയും മഹാരാജാവിന്റെ ഛായാചിത്രം സ്ഥാപിക്കാൻ കോളജ് അധികൃതരോട് അഭ്യർത്ഥിക്കുകയും ചെയ്തുവെന്ന് പി.ടി. നായർ എഴുതിയിട്ടുണ്ട്. അവരാണ് ആദ്യമായി സുറിയാനി ക്രിസ്ത്യാനികളുടെ ആരാധന ബംഗാളിൽ തുടങ്ങിയതെന്നു പറയാം.

എന്നു മുതലാണ് മലയാളികൾ കൊൽക്കത്തയിൽ എത്തിത്തുടങ്ങിയതെന്നതിന് വ്യക്തമായ രേഖകൾ ഒന്നും ഇല്ല. കൊൽക്കത്തയുടെ ചരിത്രകാരൻ പി.ടി. നായർ പറയുന്ന പ്രകാരം 1793ൽ കൊൽക്കത്തയിൽ എത്തിയ കൊച്ചിക്കാരൻ പോർച്ചുഗീസ് വംശജനായ മലയാളി ആന്ദ്രേ ബർത്തലോമിയോസ് ഡിക്രൂസാണ് ആദ്യമെത്തുന്ന മലയാളി.

സെറാംപൂരിൽ ആയിരിക്കുമ്പോൾ ഫാ. ഗീവർഗീസ് പ്രാർത്ഥനയ്ക്കും ധ്യാനത്തിനും കൂടുതൽ സമയം കണ്ടെത്തി. ക്രമേണ സന്യാസ ജീവിതവും ഒരു മിഷനറി സമൂഹവും രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും അദ്ദേഹത്തിന്റെ വസതി അനുയായികളുമായി ചേർന്ന് ഒരു ആശ്രമമായി മാറ്റുകയും ചെയ്തു.

ഓക്സ്ഫഡ് മിഷൻ സിസ്റ്റേഴ്സിന്റെ സമർപ്പിത ജീവിതം അദ്ദേഹത്തെ വളരെയധികം ആകർഷിച്ചു. മദർ എഡിത്തിനോട് കേരളത്തിലെത്തി മലങ്കര സഭയിൽ സുറിയാനി പെൺകുട്ടികൾക്കായി ഒരു കോൺവന്റ് ആരംഭിക്കാൻ അദ്ദേഹം അഭ്യർത്ഥിച്ചു. മലങ്കര യാക്കോബായ ഓർത്തഡോക്സ് സുറിയാനി സഭയിൽ സ്ത്രീകൾക്ക് സമർപ്പിത ജീവിതം എന്ന ആശയം (സന്ന്യാസം) അന്നുവരെ അവർക്ക് അറിവില്ലായിരുന്നു. കൊൽക്കത്തയ്ക്കടുത്തു തന്നെ ഇന്നത്തെ ബംഗ്ലാദേശിലെ ബാരിസാളിലുള്ള മദർ ഹൗസിലേക്ക് അയച്ച് അവർക്ക് വേണ്ട മതപരിശീലനം നൽകാൻ അവർ തയ്യാറായി.

മലങ്കര സഭയുടെ മെത്രാപ്പൊലീത്ത വട്ടശേരിൽ മാർ ദിവന്നാസിയോസിന്റെ അനുവാദത്തോടും അനുഗ്രഹത്തോടും കൂടി ഗീവർഗീസ് പിതാവ്, ശ്രേഷ്ഠ സുറിയാനി യാക്കോബായ കുടുംബങ്ങളിൽപെട്ട തന്റെ സുഹൃത്തുക്കളുടെ പെൺമക്കളും ബന്ധുക്കളുമായ ഏതാനും പെൺകുട്ടികളെ ബാരിസോളിലേക്ക് കൊണ്ടുപോയി. ഫൗണ്ടേഷനിൽ 1915 മുതൽ 1925 വരെ പതിമ്മൂന്നിലധികം സിറിയൻ പെൺകുട്ടികളെ പരിപാലിച്ചുകൊണ്ട് ബാരിസാളിലെ എപ്പിഫാനിയിലെ ഓക്സ്ഫഡ് സിസ്റ്റേഴ്സ് ഫാ. ഗീവർഗീസിന് പിന്തുണ നൽകി. പോളച്ചിറയ്ക്കൽ കുടുംബത്തിലെ ആദ്യകാല ബഥനി മഠത്തിലെ സിസ്റ്റർ ആയിരുന്ന മദർ സൾഗ ആന്നിയിൽ പണിക്കർ അച്ചന്റെ കൂടെയുള്ള ബംഗാളിലെ പ്രവർത്തനത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്.

ഓക്സ്ഫഡ് മിഷൻ സിസ്റ്റേഴ്സ് ഓഫ് എപ്പിഫാനിയുടെ മദർ ഹൗസിലേക്ക് 1915, 1917, 1918 വർഷങ്ങളിൽ മൂന്നു ബാച്ചുകൾ കൊൽക്കത്തയിലും രണ്ട് രൂപത കോളജിൽ ഉപരിപഠനത്തിനും പതിനൊന്ന് വിദ്യാർത്ഥികൾ മതപരിശീലനത്തിനും ബാരിസാളിലെ മദർ ഹൗസിൽ എത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

കൊൽക്കത്ത മലയാളി ചർച്ച് രൂപീകരണമാണ് മലയാളികൾക്കിടയിൽ സഭാ വിഭാഗങ്ങൾ തമ്മിലുള്ള കൂട്ടായ്മ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ ഏജൻസി. ഞായറാഴ്ചകളിൽ ആരാധന നടത്തുന്നതിനും അജപാലന പരിപാലനത്തിനുമായി 1935ൽ കേരളത്തിലെ പ്രമുഖ സഭ ഗ്രൂപ്പുകൾ ഇത് നേടിയെടുത്തു. അവർ അക്കാലത്ത് ഞായറാഴ്ച ആരാധനയ്ക്കായി കൊൽക്കത്ത ബിഷപ്സ് കോളജിൽ ഒത്തുകൂടുകയും യാക്കോബായ, മാർത്തോമ്മ, ആംഗ്ലിക്കൻ പള്ളികളിലെ ആചാരങ്ങൾക്കനുസൃതമായി ആരാധനയ്ക്ക് സൗകര്യമൊരുക്കുകയും ചെയ്തു. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതുവരെ ഈ ക്രമീകരണം തുടർന്നു. ബിഷപ്സ് കോളജ് പരിസരം പ്രതിരോധ ആവശ്യങ്ങൾക്കായി നൽകണമെന്ന് സൈന്യം അഭ്യർത്ഥിച്ചു. ബിഷപ്സ് കോളജ് ആവശ്യപ്പെട്ടതിനെ തുടർന്ന്, മലയാളി സഭാ ആരാധനയുടെ വേദി കൊൽക്കത്ത ആമെർസ്റ്റ് സ്ട്രീറ്റിലുള്ള ഹോളി ട്രിനിറ്റി ചർച്ചിലേക്ക് മാറ്റി. ആദ്യകാലങ്ങളിൽ ഓണററി സേവനത്തിന് ലഭ്യമായ ഏക നിയുക്ത വൈദികൻ എന്ന നിലയിൽ, കൊൽക്കത്തയിലും

അതിന്റെ ആത്മീയ ശുശ്രൂഷയിലും കേരള ക്രിസ്ത്യാനികളെ സഹായിക്കാൻ പ്രിൻസിപ്പലും (1925-1959) റവ. ഡോ. സി.ഇ. ഏബ്രഹാം അച്ചൻ ആയിരുന്നു. പരേതരായ എസ്.കെ. ജോർജ്, റാവു സാഹിബ് പി.ഒ. മത്തായി, പി.സി. ഉമ്മൻ, ജി. മത്തായി എന്നിവർ ഈ രൂപീകരണ നാളുകളിൽ സമുദായത്തിന്റെ നേതാക്കളായിരുന്നു.

1941ൽ കേരളത്തിലെ എല്ലാ റോമൻ കത്തോലിക്ക ഇതര എപ്പിസ്കോപ്പൽ പള്ളികളും അടങ്ങുന്ന കൊൽക്കത്ത മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ നിലവിൽ വന്നു. യാക്കോബായ, മാർത്തോമ്മ, ആംഗ്ലിക്കൻ സഭകളുടെ ആചാരാനുഷ്ഠാനങ്ങൾക്കനുസൃതമായി ആരാധനയ്ക്ക് സൗകര്യമൊരുക്കിയ ക്രമീകരണമാണിത്. അക്കാലത്ത് കൊൽക്കത്തയിലെ മലയാളി ക്രിസ്ത്യാനികളുടെ എണ്ണം കുറവായിരുന്നു. മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ അല്ലെങ്കിൽ യുണൈറ്റഡ് ആരാധന കമ്മ്യൂണിറ്റി എന്ന പേരിൽ എക്യുമെനിക്കൽ സഹവർത്തിത്വമുണ്ടായിരുന്നു.

ഓർത്തഡോക്സ് സുറിയാനി സഭ കൊൽക്കത്ത ഇടവക രൂപീകരണം

കൊൽക്കത്തയിലെ ഓർത്തഡോക്സ് ക്രിസ്ത്യാനികളുടെ ആത്മീയ കേന്ദ്രമാണ് കൊൽക്കത്ത സെന്റ് തോമസ് കത്തീഡ്രൽ (മുൻപ് സെന്റ് തോമസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, 19 സ്മിത്ത് ലെയ്ൻ, കൊൽക്കത്ത-13.) ഈ ഇടവകയിൽ ഇന്ന് അറുപതോളം കുടുംബങ്ങൾ ഉണ്ടെങ്കിലും മിക്കവരും സജീവമല്ല. തുടക്കത്തിൽ ഇരുന്നൂറ്റി അൻപതിൽപ്പരം കുടുംബങ്ങൾ, ഉണ്ടായിരുന്നു. പിന്നീട് ആൾക്കാർ കുറഞ്ഞുതുടങ്ങി. 1975ൽ പാത്രിയർക്കീസ് പക്ഷം ഇവിടെ നിന്നു വേർപെട്ടു പോയി. കൂടെ കുറെ ക്നാനായക്കാരും. പിന്നീട് മലങ്കര റീത്തുകാരും. രണ്ടുകൂട്ടരും പ്രത്യേക പള്ളികൾ വച്ച് ആരാധന നടത്തിവരുന്നു. ഇന്ന് എല്ലാ വിഭാഗങ്ങളും വളരെ യോജിപ്പിലും സഹകരണത്തിലും കഴിയുന്നുവെന്നത് വളരെ സന്തോഷം നൽകുന്നു.

ആദ്യകാലത്ത് സ്വന്തമായി പള്ളി ഇല്ലാതിരുന്നപ്പോൾ ഇവിടെയുള്ള കത്തോലിക്ക, സി.എൻ.ഐ., മെഥഡിസ്റ്റ്, അർമീനിയൻ ചർച്ചുകളിൽ ആരാധന നടത്തിയെങ്കിലും ഒരു പാരിഷ് എന്ന നിലയിൽ 1947ൽ അഭിവന്ദ്യ അലക്സിയോസ് മാർ തിയഡോഷ്യസ് മെത്രാപ്പൊലീത്തയുടെയും വികാരി ഫാ. സി.എ. ഏബ്രഹാമിന്റെയും നേതൃത്വത്തിൽ അർമീനിയൻ ചർച്ചിലാണ് ഇതിന്റെ ആരംഭം. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവ 1951ൽ കൊൽക്കത്തയിൽ എത്തിയ അവസരത്തിൽ പാർക് സർക്കസിലെ അർമീനിയൻ ചാപ്പലിൽ കുർബാന അർപ്പിക്കുകയുണ്ടായി.

1952ൽ ഒരു ചർച്ച് ബിൽഡിങ് ഫണ്ട് ആരംഭിച്ചു. അന്നത്തെ വികാരിയായിരുന്ന ഫാ. എം.വി. ജോർജിന്റെ (മാർ ഒസ്താത്തിയോസ്) ഊർജസ്വലമായ നേതൃത്വത്തിൽ 1961ൽ സ്മിത്ത് ലെയ്നിലെ ഒരു സ്ഥലം പള്ളി പണിയുന്നതിനായി വാങ്ങി. 1962 ഈസ്റ്റർ ദിവസം അന്നത്തെ ബാഹ്യ കേരള ഭദ്രാസന മെത്രാപ്പൊലീത്ത അഭിവന്ദ്യ മാത്യൂസ് മാർ അത്തനാസിയോസ് ആണ് തറക്കല്ലിട്ടത്. താഴത്തെ നില 1963ൽ പൂർത്തിയായി. ഡിസംബർ 18ന് മാത്യൂസ് മാർ കൂറിലോസ് തിരുമേനിയുടെ (പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവ) കാർമ്മികത്വത്തിൽ ദേവാലയ കൂദാശ നടന്നു. 1966ൽ ചർച്ച് കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഒരു പാഴ്സണേജ് നിർമ്മിച്ചു. തുടർന്ന് 1971ൽ പാരിഷ് ഹാൾ പൂർത്തീകരിച്ചു. 1971 സെപ്റ്റംബർ 26ന് ഭദ്രാസന മെത്രാപ്പൊലീത്ത അഭിവന്ദ്യ മാത്യൂസ് മാർ അത്തനാസിയോസ് ഉദ്ഘാടനം ചെയ്തു.

കൊൽക്കത്തയിൽ ഇന്ന് മിക്കവാറും എല്ലാ ക്രിസ്തീയ വിഭാഗക്കാർക്കും അവരവരുടേതായ ആരാധനാലയങ്ങളുണ്ട്. മുൻപ് കത്തോലിക്ക വിശ്വാസികൾക്കും സിഎൻഐ/സിഎസ്ഐ വിഭാഗങ്ങൾക്കും ദേവാലയങ്ങൾ ഒരു പ്രശ്നം ആയിരുന്നില്ല. പിന്നീട് മലങ്കര റീത്തുകാരും സീറോ മലബാർ സഭയും സ്വന്തമായി ദേവാലയങ്ങൾ പടുത്തുയർത്തി, മറ്റ് ധാരാളം അനുബന്ധ സ്ഥാപനങ്ങളും. അതൊക്കെ വളരെ പുരോഗമിച്ചു. മാർത്തോമ്മ സഭയുടെ ഒരു ഇടവക 1947ൽ സ്ഥാപിതമായി. 1967ൽ നിർമ്മാണം പൂർത്തിയായ ദേവാലയത്തിന്റെ സമർപ്പണം അഭിവന്ദ്യ യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പൊലീത്ത നിർവ്വഹിച്ചു.

ഐപിസി, ദ് പെന്തകോസ്ത്, ചർച്ച് ഓഫ് ഗോഡ് എന്നിവർക്കെല്ലാം സ്വന്തമായ ആരാധനാലയങ്ങളുണ്ട്. മലയാളി വിശ്വാസികൾ ഇവിടെയൊക്കെയും വളരെയധികം കുറഞ്ഞെങ്കിലും മറ്റ് ഭാഷക്കാരും വിശ്വാസികളായുള്ളത് വലിയ ആശ്വാസമാണ്.

കൊൽക്കത്തയിലെ ഓർത്തഡോക്സ് വിശ്വാസികൾ അഞ്ച് ഏക്കർ സ്ഥലം സ്കൂൾ തുടങ്ങാൻ ഠാക്കൂർപുക്കൂർ സ്ഥലത്ത് ഭദ്രാസന മിഷനു വാങ്ങിക്കൊടുത്തു. പരുമല തിരുമേനിയുടെ പേരിലുള്ള സെന്റ് ഗ്രിഗോറിയോസ് സ്കൂൾ കാൽനൂറ്റാണ്ടിനു ശേഷവും ബാലാരിഷ്ടയിലാണെങ്കിലും ഒരുവിധം നടന്നുപോകുന്നു. ഒരു ചാപ്പലും ഒരു കുരിശും കൊടിമരവും വല്ലപ്പോഴും വരുന്ന വിശ്വാസികളെ പ്രതീക്ഷിച്ചു ആ മതിൽകെട്ടിനുള്ളിൽ തല ഉയർത്തി നിൽക്കുന്നു. കൊൽക്കത്തയിൽ ഓർത്തഡോക്സ് വിശ്വാസികൾ ശൂന്യമാകുമ്പോഴും ഈ സ്ഥാപനങ്ങൾ ചരിത്രസ്മാരകങ്ങളായി അവിടെ കാണുമെന്ന് ആശ്വസിക്കാം.

മലങ്കരസഭാ ഭരണഘടന:

നവതി ആഘോഷവേളയിൽ ചില ചിന്തകൾ

ജോയ്സ് തോട്ടയ്ക്കാട്

1934 ഡിസംബർ 26നു പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്ക ബാവ വിളിച്ചുകൂട്ടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം പാസാക്കിയ മലങ്കരസഭ ഭരണഘടന നവതി പിന്നിട്ടിരിക്കുകയാണ്. ഭരണഘടനയുടെ ചരിത്രവും രേഖകളും സഭാചരിത്രകാരനായ ഡെറിൻ രാജുവിനൊപ്പം കണ്ടെത്താനും പ്രസിദ്ധീകരിക്കാനും സാധിച്ചത് ഒരു ദൈവനിയോഗമായി കാണുന്നു. ഭരണഘടനയുടെ രൂപീകരണം സംബന്ധിച്ച് ഓർമ്മിക്കേണ്ട ചില വസ്തുതകൾ ചൂണ്ടിക്കാണിക്കട്ടെ.

അൽമായ നേതൃത്വത്തിന്റെ പങ്ക്

1934ൽ പാസാക്കിയ ഭരണഘടനയുടെ ശില്പികൾ അന്നത്തെ അൽമായ നേതൃത്വമായിരുന്നു. മലങ്കര മെത്രാപ്പൊലീത്തയുടെ ഏകപക്ഷീയമായ സഭാഭരണത്തിനും സാമ്പത്തികം കൈകാര്യം ചെയ്യാനുള്ള അവകാശം ദൈവദത്തമാണെന്ന അവകാശവാദത്തിനുമെതിരെ ഒന്നര പതിറ്റാണ്ട് പോരാട്ടവും വിപ്ലവവും നയിച്ച് സഭാഭരണഘടന രൂപീകരിച്ച് മലങ്കര മെത്രാപ്പൊലീത്തയെയും മെത്രാപ്പൊലീത്തന്മാരെയും വൈദികരെയും അൽമായരെയും വ്യവസ്ഥാപിത ഭരണഘടനയ്ക്കുള്ളിൽ മാത്രം പ്രവർത്തിക്കുന്നവരാക്കി മാറ്റുകയാണ് അന്നത്തെ അൽമായ നേതൃത്വം ചെയ്തത്.

അനുരഞ്ജനത്തിനായി വാതിൽ തുറന്നിട്ടു

1911 മുതൽ ഉണ്ടായ മലങ്കരസഭ ഭിന്നതയുടെ പ്രശ്നപരിഹാരത്തിനും ഇരുവിഭാഗവും ഒരു മലങ്കര മെത്രാപ്പൊലീത്തയുടെ കീഴിൽ ഒന്നായി യോജിച്ചു നിൽക്കുന്നതിനുമായി ഒട്ടേറെ പരിശ്രമങ്ങൾ നടന്നു. മലങ്കര മെത്രാപ്പൊലീത്തയായിരുന്ന പരിശുദ്ധ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് തന്നെ മുൻകൈ എടുത്ത് 1923ൽ മർദ്ദീനിലെത്തി പാത്രിയർക്കീസ് ബാവയെ കണ്ടു സംസാരിച്ചു പ്രശ്നപരിഹാരത്തിനു ശ്രമിച്ചു വിജയിച്ചുവെങ്കിലും പാത്രിയർക്കീസ് പക്ഷത്തെ തീവ്രവാദികൾ സ്ലീബ മാർ ഒസ്താത്തിയോസിന്റെ നേതൃത്വത്തിൽ ഏലിയാസ് മാർ യൂലിയോസിനെ മുൻനിർത്തി അത് പരാജയപ്പെടുത്തി.

1928ൽ വട്ടിപ്പണക്കേസിൽ വിജയിച്ച്, പരാജയത്തിന്റെ പടുകുഴിയിൽ നിന്ന് വട്ടശേരിൽ തിരുമേനി ഉയിർത്തെഴുന്നേറ്റു. ഏകപക്ഷീയമായ വിജയത്തിലും വട്ടശേരിൽ തിരുമേനിയോ അന്നത്തെ അൽമായ നേതൃത്വമോ

സംതൃപ്തരായില്ല. സഭയുടെ യോജിപ്പിനായുള്ള ശ്രമങ്ങൾ അവർ തുടർന്നും നടത്തിക്കൊണ്ടിരുന്നു. വ്യവസ്ഥാപിതമായ ഒരു ഭരണഘടനയ്ക്കു കീഴിൽ ഇരുവിഭാഗവും ഒന്നാകുക എന്ന ചിന്ത അൽമായ നേതൃത്വം ഉയർത്തി. വട്ടശ്ശേരിൽ തിരുമേനിക്ക് ഇക്കാര്യത്തിൽ വ്യത്യസ്ത അഭിപ്രായമുണ്ടായിരുന്നു. അദ്ദേഹം തയ്യാറാക്കിയ ഭരണഘടന ഡ്രാഫ്റ്റിന്റെ ആമുഖത്തിൽ അത് വ്യക്തമാക്കുന്നുണ്ട്.

കൊല്ലം പഞ്ചായത്ത് വിധി, റോയൽക്കോടതി വിധി, വട്ടിപ്പണക്കേസ് വിധി എന്നിവയുടെ ചുവടുപിടിച്ച് പാത്രിയർക്കീസിനു കൂടി സഭാഭരണഘടനയിൽ സ്ഥാനം കൊടുത്ത് മറുവിഭാഗത്തിനും കൂടി സ്വീകാര്യമായ ഒരു ഭരണഘടന തയ്യാറാക്കുവാൻ അൽമായ നേതൃത്വം പരിശ്രമിച്ചു.

സഭാഭരണഘടനയുടെ കീഴിൽ ഇരുവിഭാഗവും ഒന്നാകുക എന്ന ലക്ഷ്യത്തോടെ ഭരണഘടനയുടെ ആധികാരികത ഉറപ്പിച്ചുള്ള വിധികളാണ് ഇന്ത്യൻ സുപ്രീംകോടതി 1958, 1995, 2017 എന്നീ വർഷങ്ങളിൽ പുറപ്പെടുവിച്ചത്. 1995ലെ വിധിക്കുശേഷം യാക്കോബായ വിഭാഗത്തിലെ മെത്രോപ്പൊലീത്തൻ ട്രസ്റ്റിയും നിയുക്ത മഫ്രിയാനയുമായ ജോസഫ് മാർ ഗ്രിഗോറിയോസ് ഉൾപ്പെടെ ചില മെത്രാപ്പൊലീത്തന്മാർ സ്റ്റാറ്റസ്കോയുടെ ആനുകൂല്യം ലഭിക്കുവാൻ 1934 സഭാഭരണഘടന സ്വീകരിച്ച് കോടതിയിൽ സത്യവാങ്മൂലം കൊടുക്കുകയും ചെയ്തു. പക്ഷേ, പിന്നീട് 2002ൽ പുതിയ ഭരണഘടനയും പുതിയ അസോസിയേഷനും രൂപീകരിച്ച് അവർ സമാന്തര ഭരണത്തിലൂടെ മുന്നോട്ടു പോയി. 17 വർഷത്തെ അവരുടെ ചരിത്രം പഠിച്ച സുപ്രീംകോടതി 2002 ഭരണഘടനയും അസോസിയേഷനും മലങ്കരസഭ ഭരണത്തിന് സ്വീകാര്യമല്ല എന്നും 1934ലെ സഭാഭരണഘടനയുടെ കീഴിൽ ഇരുവിഭാഗവും യോജിക്കണമെന്നുമാണ് 2017 ജൂലൈ മൂന്നിലെ (മാർത്തോമ്മാ ശ്ലീഹയുടെ ദുക്റോനോ) വിധിയിലൂടെ ആഹ്വാനം ചെയ്തത്. ഇരുവിഭാഗങ്ങളുടെയും നേതൃത്വം ഈ ആഹ്വാനത്തിന് ഇപ്പോഴും ആത്മാർത്ഥമായി ചെവികൊടുത്തിട്ടില്ല. മലങ്കരസഭയിലെ അൽമായ നേതൃത്വം സഭായോജിപ്പിനായി തയ്യാറാക്കിയ സഭാഭരണഘടനയുടെ കീഴിൽ ഇരുവിഭാഗവും ഒന്നാകുന്ന നല്ല നാളെയ്ക്കായി പ്രാർത്ഥിക്കാം; കാത്തിരിക്കാം. 'കർത്താവിന്റെ പ്രവൃത്തികൾ വിസ്മയകരവും മനുഷ്യദൃഷ്ടിക്ക് അഗോചരവുമാണ്' എന്ന പ്രഭാഷകന്റെ (11:4) വാക്കുകൾ മലങ്കരസഭാ സമാധാനം ആഗ്രഹിക്കുന്നവർക്ക് പ്രത്യാശ പകരുന്നു.

പരിശുദ്ധന്റെ നാൾവഴികൾ



വർഗീസ് ജോൺ തോട്ടപ്പുഴ

'ഗീവർഗീസ് മാർ ഗ്രിഗോറിയോസ്' എന്ന നാമത്താൽ അറിയപ്പെടുന്ന പരിശുദ്ധ പരുമല തിരുമേനി മുളന്തുരുത്തി ചാത്തുരുത്തി ഭവനത്തിൽ കൊച്ചു മത്തായിയുടെയും മറിയത്തിന്റെയും പുത്രനായി 1848 ജൂൺ 15ന് ജനിച്ചു. ബാല്യകാല നാമം കൊച്ചയ്പോര. കരിങ്ങാശ്ര പള്ളിയിൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസിയോസ് മെത്രാപ്പൊലീത്തയിൽ നിന്ന് 1857 സെപ്റ്റംബർ 26ന് (ഈലുൽ 14 സ്ലീബാ പെരുന്നാൾ) കോറൂയോ പട്ടമേറ്റു.

യുയാക്കീം മാർ കൂറിലോസ് മെത്രാപ്പൊലീത്തയിൽ നിന്ന് ശംശോനോ പട്ടവും കശീശാപട്ടവും കോറെപ്പിസ്കോപ്പ സ്ഥാനവുമേറ്റു. മുളന്തുരുത്തി പള്ളിയിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പൊലീത്ത 1872 ഏപ്രിൽ 7 ഞായറാഴ്ച റമ്പാൻ സ്ഥാനം നൽകി.

മെത്രാപ്പൊലീത്ത

വടക്കൻ പറവൂർ മാർതോമ്മൻ പള്ളിയിൽ മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ പ്രധാന കാർമ്മികത്വത്തിൽ 'മാർ ഗ്രിഗോറിയോസ്' എന്ന പേരിൽ 'നിരണത്തു ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും' അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി 1876 ഡിസംബർ 10 (സുറിയാനി കണക്ക് വൃശ്ചികം 28 /1052 വൃശ്ചികം 27) ഞായറാഴ്ച മെത്രാപ്പൊലീത്തയായി വാഴിക്കപ്പെട്ടു. ഇതോടൊപ്പം അങ്കമാലി ഭദ്രാസനത്തിനു വേണ്ടി അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പൊലീത്തയും വാഴിക്കപ്പെട്ടു. നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പൊലീത്തയായി നിയമിച്ചുകൊണ്ടുള്ള സ്താത്തിക്കോൻ 1877 മേയ് 5ന് (നീസാൻ 23) ലഭിച്ചു.

മേൽപ്പട്ട വാഴ്ചകൾ

കോട്ടയം പഴയ സെമിനാരിയിൽ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പൊലീത്തയുടെയും (1889 ജൂലൈ 29) കൊളംബോയിലെ സന്മരണമാതാവിന്റെ പള്ളിയിൽ റിനിവിലാത്തി മാർ തീമോത്തിയോസ് മെത്രാപ്പൊലീത്തയുടെയും (1892 മെയ് 29) മേൽപ്പട്ട സ്ഥാനാഭിഷേക ശുശ്രൂഷയിൽ സഹകാർമ്മികത്വം വഹിച്ചു. 1895 ജനുവരി 27 (മകരം

15) ഞായറാഴ്ച പരുമല പള്ളി താൽക്കാലികമായി കൂദാശ ചെയ്തു. പിറ്റേന്ന് ഊർശ്ലേം യാത്ര ആരംഭിച്ചു. മടങ്ങിയെത്തി, മലയാളത്തിലെ അച്ചടിച്ച ലക്ഷണയുക്തമായ ആദ്യ സഞ്ചാരകൃതിയായ 'ഊർശ്ലേം യാത്രാവിവരണം' എഴുതി.

ദൈവാലയ സ്ഥാപനം

അനേകം ദൈവാലയങ്ങളുടെ ശിലാസ്ഥാപനവും കൂദാശയും നടത്തി. 1899 ജനുവരി 27 (കൊല്ല വർഷം 1074 മകരം 15) വെള്ളിയാഴ്ച നമ്മുടെ ഇടവകയായ ഉള്ളന്നൂർ സെയ്ന്റ് മേരീസ് പള്ളിയുടെ ശിലാസ്ഥാപന കർമ്മം നിർവഹിച്ചു. ഇതു 'വിത്തുകൾക്കു വേണ്ടിയുള്ള വിശുദ്ധ ദൈവമാതാവിന്റെ പെരുന്നാൾ' ദിവസം ആണെന്ന് കരുതുന്നു. നമ്മുടെ സഭ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിക്കുന്നതു (1953 മേയ് 14) വരെ ഈ പെരുന്നാൾ ആഘോഷിച്ചിരുന്നത് സുറിയാനി കണക്കിന് മകരം (കോനൂൻഹ്രോയ്) 15ന് ആയിരുന്നു. ഇതു മലയാള തീയതിയുമായി ചേർന്നുവരണമെന്നില്ല. 1901 മുതൽ സുറിയാനി കണക്കിന് മകരം (കോനൂൻഹ്രോയ്) 15, കൃത്യമായി ജനുവരി 28 ആകുന്നു.

പിശാചു പരീക്ഷിച്ച സംഭവം

പരിശുദ്ധ പരുമല കൊച്ചു തിരുമേനിയെ പിശാചു പരീക്ഷിച്ച സംഭവം വളരെ പ്രസിദ്ധമാണല്ലോ. ഈ സംഭവത്തിന്റെ ഒരു സൂക്ഷ്മവിവരണം തീയതി സഹിതം ഇന്നു ലഭ്യമാണ്. 1880 ഡിസംബർ 09 വ്യാഴാഴ്ചയാണ് ഈ സംഭവം നടന്നത്. ഈ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ഇടവഴീക്കൽ ഗീവറുഗീസ് കശീശായുടെ (1910 ഓഗസ്റ്റ് 28നു ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പൊലീത്തയായി വാഴിക്കപ്പെട്ട് 1927 ജൂൺ 11നു കാലം ചെയ്ത ഗീവർഗീസ് മാർ സേവേറിയോസ് തിരുമേനി) നാളാഗമത്തിൽ (ഡയറി) നിന്ന് കുടുബാംഗം ശ്രീ ഇ.എ. ഫിലിപ് എഴുതിയെടുത്തു തന്നതാണ് ഈ വിവരം.

''പാത്രിയർക്കീസു ബാവായാൽ പുത്തനായിട്ടു വാഴിച്ചു നിരണം മുതലായ പള്ളികൾക്കു അധികാരപ്പെടുത്തിയ മെത്രാനും പരുമലെ സിമ്മനാരിയിൽ പഠിത്വവെല നടത്തിച്ചുവരുന്ന ആളുമായ ചാത്തുരുത്തിൽ മാർ ഗ്രീഗൊറിയൊസ ഗീവറുഗീസ മെത്രാപൊലീത്താ വലിയ ദൈവഭക്തനും നൊമ്പുകാരനുമാകുന്നു. ഇദ്ദെഹത്തിന്റെ അടുക്കൽ ഒരു പിശാചു പരീക്ഷിപ്പാനായി ആൾ രൂപത്തിൽ കാണപ്പെട്ട പ്രകാരം സൂക്ഷ്മമായി അറിവു കിട്ടിയിരിക്കുന്നു. പിശാചു കാണപ്പെട്ടതു താഴെപ്പറയും പ്രകാരമായിരുന്നു.

1880-ാമാണ്ട് വൃശ്ചികമാസം 27-നു ക്കു മലയാം 26-നു സന്ധ്യ കഴിഞ്ഞു നമസ്ക്കാരശെഷം മൂന്നു നാലു നാഴിക ഇരുട്ടിയ സമയം അദ്ദെഹം സിമ്മനാരി മുറ്റത്തു ലാസുന്ന സമയം വെള്ള വസ്ത്രം ധരിച്ചതായ ഒരാൾ വെലിയ്ക്കു പുറത്തു നില്ക്കുന്നതു കണ്ടു. ആർ എന്നു ചൊദിച്ചാറെ മിണ്ടാഴികയാൽ അടുത്തു ചെന്നു ചൊദിച്ചപ്പോൾ 'ഞാൻ നിന്റെ പിതാവാണന്നും നീ വീണു എന്നെ വന്ദിച്ചാൽ നിനക്കു രക്ഷ കിട്ടുമെന്നും' അവൻ പറകയും 'ദൈവം മാത്രം എന്റെ പിതാവെന്നും നീ എന്റെ പിതാവല്ലെന്നും' മറ്റും അദ്ദെഹം കല്പിച്ചപ്പൊൾ 'നിന്നെ രക്ഷിപ്പാനും ശിക്ഷിപ്പാനും ഇനിക്കു അധികാരമുണ്ടെന്നും' മറ്റും അവൻ പറഞ്ഞാറെ ഈയൊബിന്റെ സംഗതി അദ്ദെഹം പറഞ്ഞും കൊണ്ട് ഈശൊമിശിഹായുടെ നാമത്തിൽ നീ പൊക എന്നു അവനൊടു പറഞ്ഞു അദ്ദെഹം ദൈവത്തൊടു അപെക്ഷിച്ചു കുരിശുവരച്ചു. ഉടൻ അവൻ മാഞ്ഞുപൊകയും ചെയ്തു. ഇപ്രകാരം ഉണ്ടായി എന്നു സൂക്ഷമായി കെട്ടു. അദ്ദെഹം ഒരിയ്ക്കലും വ്യാജം പറയുന്നതല്ലന്നു സർവ്വസമ്മതമാകയാൽ എല്ലാവരും ഇതു വിശ്വസിക്കുന്നു.''

ഈ സംഭവത്തെപ്പറ്റി ആദ്യമായി പരാമർശിക്കുന്നത് ഫാ. ഇ.ജെ. ഏബ്രഹാം എഴുതിയ ജീവചരിത്രഗ്രന്ഥത്തിലാണ്. പരിഷ്കരിച്ച പതിപ്പിന്റെ (1988) 40, 41 പേജുകളിൽ ഈ സംഭവം വവരിക്കുന്നു. ആദ്യപതിപ്പ് പ്രസിദ്ധപ്പെടുത്തിയത് 1938ൽ ആണ്. 'മാർ ഗ്രിഗോറിയോസ് വിയോഗം പൊൻ ജൂബിലി സൂവെനീർ' (1952) 39-ാം പേജിലും ഈ സംഭവം വിവരിക്കുന്നുണ്ട്. തലമുറകളായി എഴുതിവന്ന ഇടവഴീക്കൽ നാളാഗമത്തിൽ (ഡയറി) നിന്ന് 19-ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ നടന്ന സംഭവങ്ങളുടെ തൽസമയ വിവരണം ലഭ്യമാണ്. ആ നിലയ്ക്ക് ഇത് യഥാർത്ഥത്തിൽ നടന്ന ഒരു സംഭവമാണെന്ന് വെളിവാകുന്നു.

അന്ത്യം

പരുമല പള്ളിയിൽ 1902 നവംബർ 2 (സുറിയാനി കണക്ക് തുലാം 20 / 1078 തുലാം 17) ഞായറാഴ്ച രാത്രി (തിങ്കളാഴ്ച വെളുപ്പിന്) ഒരു മണിക്ക് കാലം ചെയ്തു. കാലം ചെയ്ത സമയം പരിഗണിച്ചാൽ തീയതി 1902 നവംബർ 3 ആണ് വരേണ്ടത്. മുറിമറ്റത്തു പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പൊലീത്തയുടെ പ്രധാന കാർമ്മികത്വത്തിൽ പരുമല പള്ളിയിൽ ചൊവ്വാഴ്ച കബറടക്കപ്പെട്ടു. മാർ ബസേലിയോസ് യൽദോ മഫ്രിയാനായോടൊപ്പം (കോതമംഗലം ബാവ) 1947 നവംബർ രണ്ടിന് വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടു.

ദേശചരിത്രം

ഉള്ളന്നൂരിന്റെ
ചരിത്ര വഴികളിലൂടെ
ഒരു യാത്ര...

ഉള്ളൂന്നൂർ എന്ന ഞങ്ങളുടെ ഗ്രാമം
മധ്യതിരുവിതാംകൂറിലെ ഏത്
ഗ്രാമത്തെയും പോലെ ഒരു സാധാരണ
പ്രദേശമാണ്.
കൃഷിയിൽ അധിഷ്ഠിതമായി രൂപപ്പെട്ട്
ക്രമേണ ഔപചാരിക വിദ്യാഭ്യാസ
പ്രക്രിയകളിലൂടെയും
പ്രവാസം പോലെയുള്ള ചലനാത്മക
പ്രതിഭാസങ്ങളിലൂടെയും
ആധുനികതയിലേക്ക് തിരനോട്ടം
നടത്തുന്ന ഒരു സാമൂഹിക ഘടനയാണ്
ഇന്ന് ഈ പ്രദേശത്തിനുള്ളത്.

ഉള്ളന്നൂർ ദേശചരിത്രം

എം.കെ. ഹരിക്കുട്ടൻ നായർ

പ്രാദേശികചരിത്രം മിക്കപ്പോഴും കൃത്യമായ ഉപാത്തങ്ങളുടെ അഭാവത്താൽ ഐതിഹ്യാസ്പദമോ സ്വന്തം ജനനസ്ഥലത്തോടുള്ള മമതാഭിമുഖ്യങ്ങളാൽ ആദരപ്രധാനമോ ആയിത്തീരാറുണ്ട്. ചരിത്രമുറങ്ങിക്കിടക്കുന്ന മണ്ണ്, സംസ്കാരസമ്പന്നതയുടെ പശ്ചാദ്ഭൂമി, മഹത്തുക്കളുടെ ജന്മസ്ഥലം എന്നൊക്കെയുള്ള വാഴ്ത്തുപാട്ടുകളുടെ അകമ്പടിയോടെയാണ് സ്ഥലചരിത്രങ്ങൾ മിക്കപ്പോഴും അവതരിപ്പിക്കപ്പെടാറുള്ളത്. വേണ്ടത്ര നിരീക്ഷണങ്ങളോ പര്യവേക്ഷണങ്ങളോ ഉത്ഖനനങ്ങളോ പോകട്ടെ, രേഖാപരിശോധനകൾ പോലും കൂടാതെയാണ് മിക്ക സ്ഥലചരിത്രകാരന്മാരും നിഗമനങ്ങളിൽ ചെന്നെത്തുന്നത്. ചെറിയ പ്രദേശങ്ങളെ സംബന്ധിച്ച് ആർക്കിയളോജിക്കൽ അന്വേഷണങ്ങൾക്ക് ഏറെ പരിമിതിയുണ്ടെന്നതും വസ്തുതയാണ്.

ഉള്ളന്നൂർ എന്ന ഞങ്ങളുടെ ഗ്രാമം മധ്യതിരുവിതാംകൂറിലെ ഏത് ഗ്രാമത്തേയും പോലെ ഒരു സാധാരണ പ്രദേശമാണ്. കൃഷിയിൽ അധിഷ്ഠിതമായി രൂപപ്പെട്ട് ക്രമേണ ഔപചാരിക വിദ്യാഭ്യാസ പ്രക്രിയകളിലൂടെയും പ്രവാസം പോലെയുള്ള ചലനാത്മക പ്രതിഭാസങ്ങളിലൂടെയും ആധുനികതയിലേക്ക് തിരനോട്ടം നടത്തുന്ന ഒരു സാമൂഹിക ഘടനയാണ് ഇന്ന് ഈ പ്രദേശത്തിനുള്ളത്. ഗ്രാമീണ സംസ്കൃതിയിൽ നിന്നു നഗര സംസ്കൃതിയിലേക്കുള്ള സഞ്ചാരപാതയിൽ പകുതി ദൂരം സഞ്ചരിച്ചു കഴിഞ്ഞ കേരളീയ ഗ്രാമങ്ങളുടെ സാമാന്യസ്വഭാവം തന്നെയാണ് ഇവിടെയും പുലരുന്നത്.

ഉള്ളന്നൂർ എന്ന പേര് എങ്ങനെ ഉണ്ടായി? ഉള്ളാടന്നൂർ, ഉള്ളാലുള്ളൂർ, ഉണ്ണന്നൂർ, ഉള്ളവന്നൂർ ഇങ്ങനെ നാല് സാധ്യതകളാണു പറഞ്ഞു കേട്ടിട്ടുള്ളത്. ഉള്ളാടർ ഒരു ആദിവാസി വിഭാഗമാണ്. അവരുടെ സ്ഥലമാണ് ഉള്ളാടന്നൂർ. എന്നാൽ, അത്തരമൊരു ആദിവാസി വിഭാഗം ഈ പ്രദേശത്ത് വസിച്ചിരുന്നുവെന്ന് കാട്ടുന്ന ഒരു തെളിവും ഇന്നത്തെ നിലയിൽ ലഭ്യമല്ല. പ്രധാന രാജപാത വിട്ട് അല്പം ഉള്ളിലുള്ള സ്ഥലം എന്ന് അർത്ഥത്തിലാണ് ഉള്ളാലുള്ളൂർ എന്ന പ്രയോഗമത്രേ. ഈ പ്രദേശത്ത് സമൃദ്ധമായി വിളഞ്ഞിരുന്ന ചെറിയതരം കിഴങ്ങ്-ഉണ്ണൻ-ആണത്രേ ഉണ്ണന്നൂർ എന്ന സ്ഥലനാമ നിഷ്പത്തിക്കാധാരം. ഉള്ളന്നൂരും ഉണ്ണനും തമ്മിലുള്ള ബന്ധത്തെപ്പറ്റി പല നാടൻ ചൊല്ലുകളും പഴയ തലമുറയിലുള്ളവർ പാടി വന്നിരുന്നു. പഴയ കാലത്തു തന്നെ ഈ പ്രദേശം വളരെ കൃഷിസമൃദ്ധമായിരുന്നതിനാലും സമ്പന്നരായ പല

പ്രമാണിമാർ ഇവിടെ ഉണ്ടായിരുന്നതിനാലും ഉള്ള വന്റെ നാട് (Land of the rich) എന്ന അർത്ഥത്തിൽ ഉള്ളവന്നൂര് എന്ന് ഈ ഗ്രാമത്തെ പരാമർശിച്ചി രുന്നുവെന്നാണ് മറ്റൊരു വാദം.

ഉള്ളാടന്നൂർ
ഉള്ളാലുള്ളൂർ
ഉണ്ണന്നൂർ
ഉള്ളവന്നൂർ
→ ഉള്ളന്നൂർ

ആദ്യത്തെ സാധ്യത ഒട്ടും തന്നെ പ്രാമാണികമല്ല. രണ്ടും മൂന്നും സാധ്യതകൾക്ക് സാമൂഹികമായ യുക്തിയുണ്ട്. എന്നാൽ, അത്തരത്തിലുള്ള നാമപരി ണാമത്തിന് ഭാഷാശാസ്ത്ര സമ്മിതി ഉണ്ടാകുമെന്നു തോന്നുന്നില്ല. ണ്ണ-ള്ള വിനിമയം വരമൊഴിയിൽ സംഭവിക്കാമെങ്കിലും വായ്മൊഴിയിൽ അത്തരമൊരു വഴക്കം സുസാദ്ധ്യമല്ല. നാലാമത്തെ സാധ്യതയ്ക്ക് ചരിത്രപരമായോ സാമ്പത്തികഘടനാപരമായോ ഏതെങ്കിലും തെളിവുകൾ കണ്ടെടുക്കുവാൻ കഴിയു മോ എന്ന് സംശയമാണ്. എന്നാൽ, ഭാഷാശാസ്ത്ര പരമായി അനായാസം വിശദീകരിക്കുവാനുള്ള സാധ്യത അതിനേറും.

തെക്കേമൺ ബാലഭദ്രാ ദേവീ ക്ഷേത്രം

ഉള്ളവന്നൂർ - ഉള്ളോന്നൂർ (വകാരം ലോപിച്ചു കച്ച വടം - കച്ചോടം ആയതു പോലെ)

ഉള്ളോന്നൂർ - ഉള്ളന്നൂർ (ഉച്ചാരണസുഗമത) ഉള്ള ന്നൂരിന്റെ ആഗമനത്തെപ്പറ്റി ഇനിയും പല പക്ഷ ങ്ങളും ഉണ്ടായേക്കാം. അതിനാൽ ഖണ്ഡിതമായി എന്തെങ്കിലും പറഞ്ഞുറപ്പിക്കുക സാധ്യമല്ല.

ഇന്നത്തെ നിലയിൽ കുളനട-മെഴുവേലി ഗ്രാമപ ഞ്ചായത്തുകളുടെ ഭാഗമായി കുളനട, ആറന്മുള റോഡിന്റെ ഇരുവശവുമായി ഏതാണ്ട് എട്ടര ചതു രശ്ര കിലോമീറ്ററിലേറെ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ചെറിയൊരു പ്രദേശമാണ് ഉള്ളന്നൂർ. പൈവഴി, വട്ടയം, അമ്പലം ജംക്ഷൻ, പുന്നക്കുള ഞ്ഞി, പറയങ്കര, മുണ്ടകക്കുളഞ്ഞി എന്നീ ചെറിയ കവലകളാണ് ഉള്ളന്നൂരിലെ ജനമൊത്തു കൂടുന്ന പ്രധാന ഇടങ്ങൾ. ഒരു ഉൾനാടൻ ഉൾഗ്രാമത്തിന്റെ ഭൂപരമായ സവിശേഷതകളാണ് ഉള്ളന്നൂരിനുള്ളത്. നാലു ദശകം മുമ്പുവരെ സമൃദ്ധമായി നെല്ല് വിളഞ്ഞി രുന്ന വയലുകളും തണ്ണീർത്തടങ്ങളും കേരസമൃദ്ധ മായ പുരയിടങ്ങളും ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് റബർത്തോട്ടങ്ങളും ഊഷരമായ വയലേലകളുമാ ണുള്ളത്. മലദേവർകുന്ന്, വെട്ടിക്കുന്ന്, കടലിക്കുന്ന് എന്നീ മലകളും അതിനോടു ചേർന്നു ചരിവുകളും ഇടനിലങ്ങളുമാണ് ഉള്ളന്നൂരിന്റെ വടക്കു കിഴക്കൻ ഭാഗങ്ങളിലെങ്കിൽ, വിശാലമായ പുഞ്ചപ്പാടങ്ങളാ ണ് തെക്കുപടിഞ്ഞാറ് ഭാഗങ്ങളിലുള്ളത്. ഞെട്ടൂർ, കൈപ്പുഴ, മാന്തുക, കാരയ്ക്കാട്, മെഴുവേലി, ഇല വുംതിട്ട എന്നീ ഗ്രാമങ്ങളാൽ ചുറ്റപ്പെട്ട ഒരിടമാണ് ഉള്ളന്നൂർ ഗ്രാമം.

തിരുവിതാംകൂറിൽ ലയിച്ച പന്തളം എന്ന നാട്ടുരാ ജ്യത്തിന്റെ ഭാഗമായിരുന്നു ഈ പ്രദേശം. നാടു വാഴിഭരണത്തിന്റെ ശക്തമായ സൂചനകളൊന്നും ഇവിടെ നിന്നു കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടില്ല. കോട്ടയ്ക്കകം, വിലങ്ങൻപറമ്പ്, കൊലപ്പറമ്പ്, ചു ടുകാട് എന്നിങ്ങനെ കൊല്ലും കൊലയും കുലാ ധികാരമായുണ്ടായിരുന്ന നാടുവാഴി ഭരണത്തിന്റെ സൂചനകൾ നൽകുന്ന ചില പുരയിട നാമങ്ങൾ ഇപ്പോഴും ഇവിടെയുണ്ട്. പന്തളം രാജകുടുംബത്തിന്റെ പാട്ടക്കുടിയാന്മാരായും കാര്യസ്ഥന്മാരായും വാല്യ ക്കാരായും മറ്റും പുലർന്നവരുടെ പിന്മുറക്കാർ ഈ നാട്ടിലുണ്ട്. സാമാന്യമായിപ്പറഞ്ഞാൽ ഈ ഗ്രാമം പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളും ഏറെയൊന്നും ബാധിക്കാത്ത പ്രദേശമാണ്. (ഉള്ളന്നൂരിന്റെ തെക്കു പുഞ്ചയോടു ചേർന്നുകിടക്കുന്ന ഭാഗത്ത് അതിവർഷ ത്തിന്റെ നാളുകളിൽ ചിലപ്പോഴൊക്കെ വെള്ളം കയറുന്നതും മലഭാഗങ്ങളിൽ വേനൽക്കാലത്ത് ജലക്ഷാമമുണ്ടാകുന്നതും ഒഴിച്ചുനിർത്തിയാൽ)

1924ലെ വെള്ളപ്പൊക്കത്തിൽ (തൊണ്ണൂറ്റൊൻപതിലെ വെള്ളപ്പൊക്കം) പൈവഴിക്കവലയിൽ ഒരാൾപ്പൊക്കം വരെ വെള്ളം കയറിയതായി പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്.

ഹൈന്ദവ - ക്രൈസ്തവ വിഭാഗങ്ങൾ ഇടകലർന്ന് സാമഞ്ജസ്യത്തോടെ പുലരുന്ന ഇടമാണിത്. മുസ്‌ലിംകളോ മറ്റ് മതസ്ഥരോ ഇവിടെയില്ല. മലദേ വർക്കുന്നിന് സമീപമുള്ള പാണ്ടിശേരിത്തടം വളരെ മുമ്പ് മുസ്‌ലിം കേന്ദ്രമായിരുന്നുവെന്ന് പറയപ്പെടു ന്നു. എന്നാൽ, ആ വിഭാഗത്തിൽപ്പെട്ടവർ ഒന്നാകെ ഒരു നൂറ്റാണ്ടിനപ്പുറം തന്നെ മറ്റു ദിക്കുകളിലേക്കു പലായനം ചെയ്തതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

പട്ടികജാതി വിഭാഗക്കാരായ പുലയർ, കുറവർ, സാംബവർ എന്നിവർക്ക് വ്യത്യസ്ത കുലത്തൊഴി ലുകളാണ് മുമ്പുണ്ടായിരുന്നത്. എന്നാൽ, പിന്നീട് അവരെല്ലാം കൃഷിയും അനുബന്ധ ജോലികളും

ചെയ്താണ് ഉപജീവനം കഴിച്ചിരുന്നത്. വിദ്യാഭ്യാസത്തിലൂടെ പുരോഗതി നേടി സമൂഹത്തിന്റെ എല്ലാ തുറകളിലും വ്യാപരിക്കുവാൻ തക്ക പ്രാപ്തി അവരിന്നു നേടിയെടുത്തു കഴിഞ്ഞു. ഹിന്ദുക്കളിൽ നായർ, ഈഴവ വിഭാഗങ്ങൾക്കാണ് ജനസംഖ്യാപരമായ മുൻതൂക്കം. വിശ്വകർമ്മജർ, പട്ടികജാതി വിഭാഗക്കാർ, ഇതര ഹിന്ദുവിഭാഗങ്ങൾ എല്ലാം ഉള്ളന്നൂരിലുണ്ട്. ഇപ്പോൾ ആദിവാസി വിഭാഗങ്ങളിലുള്ള വരാരും ഉള്ളന്നൂരിലില്ല. എന്നാൽ, വട്ടയത്തിനു സമീപം ഒരു നൂറ്റാണ്ടിനു മുമ്പു വരെ ആദിവാസികൾ ഉണ്ടായിരുന്നുവെന്നു പറയപ്പെടുന്നു. അതിന്റെ സ്മാരകങ്ങളാണ് കാട്ടാമ്പടവ് എന്ന ഏലാനാമവും കാട്ടനപ്പൂപ്പൻ ആരാധനയും മറ്റും.

ക്രൈസ്തവരിൽ ഓർത്തഡോക്സ്, യാക്കോബായ, കത്തോലിക്ക, മാർത്തോമ്മ വിഭാഗക്കാരുണ്ട്. വ്യത്യസ്ത പെന്തക്കോസ്ത് വിഭാഗങ്ങളുടെ അനുയായികളും ഏതാനും പരിവർത്തിത ക്രൈസ്തവ കുടുംബങ്ങളും ഈ പ്രദേശത്തുണ്ട്. സമാധാനത്തോടെയുള്ള സഹവർത്തിത്വത്തിന്റെ നാടാണ് ഉള്ളന്നൂർ. വ്യക്തിപരമായ പ്രശ്നങ്ങൾ വിഭാഗീയതയിലേക്കു നയിച്ച ചില സന്ദർഭങ്ങൾ മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ളതായി പഴമക്കാർ പറയുന്നുണ്ട്. എന്നാൽ, അത്തരം പ്രശ്നങ്ങളെ വിജയകരമായി മറികടക്കുന്നതിൽ ഇന്നാട്ടിലെ ജനങ്ങൾ എന്നേ വിജയിച്ചു കഴിഞ്ഞിരുന്നു. സ്പർദ്ധയുടെ നാടല്ല ഉള്ളന്നൂർ. പാരസ്പര്യത്തിന്റെ പാരമ്പര്യമാണ് ഈ നാടിനുള്ളത്.

ഉള്ളന്നൂർ ഭദ്രാദേവീ ക്ഷേത്രം, തെക്കേമൺ ബാലഭദ്രാക്ഷേത്രം, കോട്ടൂർശേരിൽ ദേവീ ക്ഷേത്രം, മലദേവർ ക്ഷേത്രം, മലദേവർകുന്ന് ക്ഷേത്രം, വിളയാടശേരിൽ ദേവീ ക്ഷേത്രം, കുറിയാനിപ്പള്ളി യക്ഷിയമ്പലം, നന്ദനാർ ക്ഷേത്രം എന്നിവയാണ് ഉള്ളന്നൂരിലെ ഹൈന്ദവ ആരാധനാലയങ്ങൾ. ഉള്ളന്നൂർ സെയ്ന്റ് മേരീസ് വലിയപള്ളി, വട്ടയം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി, വാലുകാട്ടിൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദേവാലയം (റീത്ത് പള്ളി), 1904ൽ സ്ഥാപിതമായ ഉള്ളന്നൂരിനോടു ചേർന്നുള്ള കൈപ്പുഴ സെന്റ് ജോൺസ് മാർത്തോമ്മ പള്ളി എന്നിവ പ്രധാന ക്രൈസ്തവ ആരാധനാ കേന്ദ്രങ്ങളാണ്.

ഉള്ളന്നൂർ തെക്കേമൺ ക്ഷേത്രത്തിന്റെ ഭാഗം രണ്ടു നൂറ്റാണ്ടിനു മുമ്പ് സാമാന്യം വലിയൊരു ക്ഷേത്രസങ്കേതമായിരുന്നുവത്രേ. ക്ഷേത്രത്തിനു ചുറ്റും പല അമ്പലവാസി കുടുംബങ്ങളും അന്നു താമസിച്ചിരുന്നു. അവരിൽ പലരും നാടുവിട്ടു പോവുകയും ഊരാണ്മക്കാരായ ഇല്ലക്കാർ ക്ഷയിച്ചു പോവുകയും ചെയ്തതോടെ ക്ഷേത്രസങ്കേതം അനാഥമായിത്തീർന്നു. പിന്നീട് ഒരു നൂറ്റാണ്ടിലേറെക്കാലം ആ പ്രദേശം (ഇപ്പോഴത്തെ തെക്കേമൺ ക്ഷേത്രം നിലനിൽക്കുന്ന ഭാഗം) കാടുപിടിച്ചു കിടന്നു. എഴുപതുകളിലാണ് ആ സ്ഥലം കാടു വെട്ടിത്തെളിച്ച് ഇന്നു കാണും വിധത്തിലുള്ള ക്ഷേത്രമായി പരിവർത്തിപ്പിക്കുന്നതിന് തുടക്കം കുറിച്ചത്. കുംഭീലയ്ത്ത്, പട്ടന്മാരയ്ത്ത്, പുളിഞ്ചിയിൽ, കോയിക്കൽ തുടങ്ങി ഇന്നുമുള്ള ഭവനനാമങ്ങൾ ആ പഴയകാലത്തിന്റെ ബാക്കിപത്രങ്ങളാണ്. ഉള്ളന്നൂർ ശ്രീഭദ്രാദേവീ ക്ഷേത്രം പിന്നീടാണ് സ്ഥാപിതമായത്. (ശ്രീഭദ്രാദേവീ ക്ഷേത്രത്തിലെ തിരുവാഭരണങ്ങൾ ക്രൈസ്തവ കുടുംബമായ പടിഞ്ഞാറ്റിടത്തു ദീർഘകാലം സൂക്ഷിച്ചിരുന്നുവെന്ന വസ്തുത ഈ തലമുറയിലുള്ളവർക്കു പോലും അറിവുള്ളതാണ്.)

ഉള്ളന്നൂരിന്റെ കലാസാഹിത്യ പാരമ്പര്യത്തെപ്പറ്റി വിശദീകരിക്കുവാൻ വ്യക്തമായ രേഖകളൊന്നുമില്ല. ഇവിടെ ജീവിച്ചിരുന്ന വിവിധ സമുദായക്കാർ അവരുടേതായ വിവിധ വിനോദ കലാപരിപാടികളിൽ തല്പരരും സമർത്ഥരുമായിരുന്നു. ഓരോ സമുദായത്തിനും അവരുടേതായ ദൃശ്യ-ശ്രവ്യ കലാപരിപാടികൾ ഉണ്ടായിരുന്നു. അവയിൽ ചിലത് അനുഷ്ഠാനപരവും മറ്റു ചിലത് വിനോദൈക ലക്ഷ്യവുമായിരുന്നു.

ഉള്ളന്നൂർ ഭദ്രാദേവീ ക്ഷേത്രം

കോൽക്കളി, പരിചമുട്ട്, പൊടിയാടക്കളി, കുറവരുകളി, വില്ലടിച്ചാൻപാട്ട്, തിരുവാതിര, കാക്കാരിശി തുടങ്ങിയ സംഘകലാപരിപാടികളവതരിപ്പിക്കുന്ന ഗ്രൂപ്പുകൾ സജീവമായിരുന്നു. പാണൻപാട്ടുപോലെയുള്ള സമുദായാധിഷ്ഠിതമായ നാടൻകലകളിൽ നിഷ്ണാതരായവരുമുണ്ടായിരുന്നു. കേരളത്തിൽ തമിഴ് സംഗീത നാടക സംഘങ്ങൾ സജീവമായിരുന്ന കാലത്ത് ആ മാതൃക പിന്തുടർന്ന് നാടകങ്ങൾ അവതരിപ്പിക്കുന്ന ചില സംഘങ്ങൾ ഇവിടെയും സജീവമായിത്തീർന്നു. ദേശാന്തരങ്ങളിൽ പോലും പോയി നാടകവേഷങ്ങൾ ചെയ്തിരുന്ന ചിറവരമ്പത്ത് ചക്രപാണിയാശാൻ പ്രാതഃസ്മരണീയനാണ്. നല്ലൊരു ഗായകനും അഭിനേതാവുമായിരുന്നു അദ്ദേഹം. കോട്ടൂർശേരി ക്ഷേത്രത്തിനു സമീപമുള്ള വടക്കേ ഭാഗത്ത് എന്ന വിശ്വകർമ്മ കുടുംബം നാടകപരി

മലങ്കര സുറിയാനി കത്തോലിക്ക പള്ളി

ശീലനത്തിന്റെ ഒരു ആസ്ഥാനം തന്നെയായിരുന്നു. മിക്ക വർഷങ്ങളിലും ആ സംഘം വിവിധ പുരാണ സാമൂഹിക നാടകങ്ങൾ അരങ്ങിലെത്തിച്ചിരുന്നു. ഇവിടെ നേരത്തേ സൂചിപ്പിച്ച ചക്രപാണിയാശാന്റെ കുടുംബം (ചിറവരമ്പിൽ) ഉള്ളന്നൂരിന്റെ കലാസാംസ്കാരിക ചരിത്രത്തിൽ പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്. അദ്ദേഹത്തിന്റേത് ഭിഷഗ്വരന്മാരും ജ്യോതിഷികളും സംസ്കൃത പണ്ഡിതന്മാരുമൊക്കെയുള്ള ഒരു ഗണക കുടുംബമായിരുന്നു. ചക്രപാണിയാശാന്റെ മാതുലസ്ഥാനീയനായിരുന്ന ഉള്ളന്നൂർ കണി ഗോവിന്ദനാശാൻ, മഹാകവി പന്തളം കേരളവർമ്മയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'കവനകൗമുദി'യിലെ എഴുത്തുകാരനായിരുന്നു. ശ്ലോകപരിഭാഷയായും സമസ്യാപൂരണമായും ഒറ്റശ്ലോകങ്ങളായും മറ്റും അദ്ദേഹത്തിന്റെ രചനകളും കവനകൗമുദിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാടമ്പിത്തത്തോട് ഏറ്റുമുട്ടി പരാജയമടയുവാനായിരുന്നു ആ പണ്ഡിതവരേണ്യന്റെ വിധി. ഒരു കൊലപാതകത്തിൽ പ്രതിയായി ജയിൽശിക്ഷ അനുഭവിച്ച് മനോനില തകർന്ന് അദ്ദേഹം ഇഹലോകത്തോട് വിടപറയുകയാണുണ്ടായത്. ഒരുപക്ഷേ, കഥകളോ കവിതകളോ മറ്റ് ലേഖനങ്ങളോ ഒക്കെ രചിച്ചവർ അതിനു മുൻപും ഉള്ളന്നൂരിൽ ജീവിച്ചിരുന്നിട്ടുണ്ടാകാം. എന്നാൽ, ആത്മവിശ്വാസത്തോടെ അക്കാലത്തെ പ്രസിദ്ധമായ ഒരു പദ്യമാസികയിൽ ഉൾപ്പെടുത്താൻ പാകത്തിൽ നിലവാരമുള്ള സാഹിത്യ സംഭാവനകൾ നടത്തിയ മറ്റൊരാളെപ്പറ്റിയുള്ള സൂചനകളൊന്നും ഇന്നത്തെ നിലയിൽ ലഭ്യമല്ല.

ഔപചാരികമായ വിദ്യാഭ്യാസത്തിനുതകുന്ന സ്ഥാപനങ്ങളൊന്നും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കംവരെ ഉള്ളന്നൂരിൽ ഉണ്ടായിരുന്നില്ല. എഴുത്തുപള്ളികളെന്നും കുടിപ്പള്ളിക്കൂടങ്ങളെന്നും വിളിച്ചിരുന്ന ഏകാദ്ധ്യാപക കേന്ദ്രികൃതമായ ആശാൻപള്ളിക്കൂടങ്ങളായിരുന്നു അന്നുണ്ടായിരുന്നത്. അവിടെ അക്ഷരം, പ്രാഥമിക ഗണിതം തുടങ്ങിയ അടിസ്ഥാന കാര്യങ്ങൾ പഠിപ്പിച്ചു പോന്നിരുന്നു. ജനസാമാന്യത്തിൽ ഭൂരിഭാഗവും നിരക്ഷരരായിരുന്നു. ചെറിയൊരു വിഭാഗം കുടിപ്പള്ളിക്കൂടങ്ങളെ ആശ്രയിച്ച് അക്ഷരാഭ്യാസം തേടി. അവരിൽ പിന്നെയും ഒരു ന്യൂനാൽ ന്യൂനപക്ഷം മാത്രമേ അതിലപ്പുറമുള്ള വിദ്യാഭ്യാസത്തെപ്പറ്റി ചിന്തിച്ചിരുന്നുള്ളൂ. അതീവസമ്പന്നരും ഉൽപതിഷ്ണുക്കളുമായ ചിലർ മാത്രം നാടുവിട്ടു പോയി ഉന്നത വിദ്യാഭ്യാസം നേടുകയുണ്ടായിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് തൈപ്പള്ളിക്കൂടം എന്ന പേരിൽ അറിയപ്പെടുന്ന എംഎസ്സി എൽപി സ്കൂൾ എന്ന പ്രാഥമിക വിദ്യാലയം മുണ്ടകക്കുളഞ്ഞിക്കു സമീപം ആരംഭിക്കുന്നത്. പിന്നീട് 1938–'39 കാലത്ത് എൻഎസ്എസ് കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ഉള്ളന്നൂർ ദേവീക്ഷേത്രത്തിനു സമീപം ദേവീവിലാസം എൻഎസ്എസ് എൽപി സ്കൂളിന് തുടക്കം കുറിച്ചു. 'അമ്പലത്തിൻ പള്ളിക്കൂടം' പിന്നീട് സർക്കാർ പള്ളിക്കൂടമായി മാറി. കാൽ ശതാബ്ദം കൂടി കഴിഞ്ഞാണ് 'വാലുകാട്ടിൽ പള്ളിക്കൂടം' (സെന്റ് ജോൺസ് എൽപി സ്കൂൾ) ആരംഭിക്കുന്നത്. 2024ൽ ശതാബ്ദി നിറവിലെത്തിയ 'മലഞ്ചരുവിൽ പള്ളിക്കൂടം' എന്നറിയപ്പെടുന്ന ഉള്ളന്നൂരിന്റെ അതിർത്തി പങ്കിടുന്ന കൈപ്പുഴ ഗിരിദീപം എൽപി സ്കൂൾ ഉൾപ്പെടെയുള്ള ഈ പ്രാഥമിക വിദ്യാലയങ്ങൾ ഉള്ളന്നൂരിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ നിർണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ആർആർ യുപി സ്കൂൾ

വിദ്യാഭ്യാസ മേഖലയിൽ ഉള്ളന്നൂർ ആസ്ഥാനമായി നടന്ന ഒരു നിശ്ശബ്ദ വിപ്ലവത്തെപ്പറ്റിയാണ് ഇനി പറയേണ്ടത്. 1930കളിലാണ് അത് സംഭവിച്ചത്. പടിഞ്ഞാറ്റിടത്ത് കുടുംബാംഗമായ മൂശാരിയേത്ത് എം.കെ. വർഗീസ് എന്ന ധീരനായ വിദ്യാഭ്യാസ പ്രവർത്തകന്റെ ഒറ്റയാൾ പോരാട്ടമാണ് അത്. ബിഎഎൽടി ബിരുദധാരിയായിരുന്ന അദ്ദേഹം തിരുവിതാംകൂറിലെ വിവിധ സ്ഥലങ്ങളിൽ സർക്കാർ സ്കൂൾ അദ്ധ്യാപകനായി ജോലി നോക്കിയിരുന്നു. ഏറെക്കാലം അദ്ദേഹം സേവനമനുഷ്ഠിച്ചത് ചെങ്ങന്നൂർ സർക്കാർ ഹൈസ്കൂളിലായിരുന്നു. തെക്കൻ തിരുവിതാംകൂറിൽ ക്രിസ്ത്യൻ മിഷണറിമാർ നടത്തി വന്നിരുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളും സ്വാശ്രയഗ്രാമങ്ങൾ എന്ന ഗാന്ധിയൻ ആശയവും അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു. 'വിദ്യാഭ്യാസം എന്നത് കേവലമായ അക്ഷരപഠനമല്ല. വിജ്ഞാനത്തിന്റെ സമാർജ്ജനം പ്രധാനമായിരിക്കെത്തന്നെ അത് നിത്യജീവിതത്തിൽ പ്രയോഗിക്കാൻ കഴിയുന്നില്ലെങ്കിൽ വിദ്യാഭ്യാസം നിഷ്പ്രയോജനമാണ്. വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമായാലേ അത് നാടിന്റെ ഉന്നമനത്തിനുതകൂ' എന്നീ ഗാന്ധിയൻ ആശയങ്ങൾ വർഗീസ് സാറിനെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. സായിപ്പന്മാരുടെ നിരന്തരമായ സഹചാരിത്വം പുതിയ ലോകത്തേക്ക് കണ്ണുതുറക്കാൻ വർഗീസ് സാറിനെ പ്രേരിപ്പിക്കുകയും ചെയ്തു. വൊക്കേഷണൽ സ്കൂളുകൾ, ടെക്നിക്കൽ സ്കൂളുകൾ തുടങ്ങിയ ചിന്തകൾ ഭരണാധികാരികൾക്ക് തോന്നിത്തുടങ്ങുന്നതിന് എത്രയോ ദശകങ്ങൾക്കു മുമ്പാണിതെന്നതോർക്കണം. മരപ്പണി, കോഴിവളർത്തൽ, തേനീച്ചവളർത്തൽ, സോപ്പ് നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, ചെരുപ്പ് നിർമ്മാണം തുടങ്ങി അനവധി തൊഴിലുകൾ അഭ്യസിപ്പിക്കുവാനും ഒപ്പം സാധാരണ വിദ്യാലയങ്ങളിലേതു പോലെയുള്ള അദ്ധ്യയനം നടത്തുവാനും പറ്റുന്ന വിധത്തിലാണ് അദ്ദേഹം ഗ്രാമപുനരുദ്ധാരണ സ്കൂൾ ആരംഭിച്ചത്. വിദ്യാലയത്തോടൊപ്പം നാട് മൊത്തത്തിൽ വികസിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. ഇതിനു തുല്യമായ ഗ്രാമപുനരുദ്ധാരണം സാധ്യമാക്കിയ മറ്റൊരു സ്ഥലം തെക്കൻ തിരുവിതാംകൂറിലെ മാർത്താണ്ഡം ആയിരുന്നു. ഗ്രാമപുനർനിർമ്മാണത്തിലെ ഉള്ളന്നൂർ, മാർത്താണ്ഡം മാതൃകകൾ സാമൂഹിക, സാമ്പത്തിക ആസൂത്രകർക്ക് വഴികാട്ടികളായി അരനൂറ്റാണ്ട് കാലത്തോളം നിലനിന്നു. വർഗീസ് സാർ അന്ന് ഉണർത്തിവിട്ട സാമൂഹിക ചലനങ്ങൾ ഏതാനും ദശകങ്ങൾ പിന്നിട്ടതോടെ ക്രമേണ നേർത്തുവന്നു. കൃത്യമായ പിൻതുടർച്ചയുടെ അഭാവവും സ്വാതന്ത്ര്യാനന്തര കാലത്ത് സർക്കാരുകളുടെ നയവ്യതിയാനങ്ങളുമൊക്കെ അതിന് കാരണമായി. ഗ്രാമോദ്ധാരണ സ്കൂൾ പിന്നീട് സാധാരണ യുപി സ്കൂൾ ആയി മാറി. ആർആർ യുപി സ്കൂളിന്റെ പേരിൽ മാത്രം 'റൂറൽ റീ കൺസ്ട്രക്ഷൻ' (ഗ്രാമ

സെന്റ് ജോർജ് ചെറിയപള്ളി

പുനരുദ്ധാരണം) ഒതുങ്ങിപ്പോയി. ആധുനിക (ഇംഗ്ലിഷ്) ചികിത്സാരീതിക്ക് നമ്മുടെ നാട്ടിൽ പ്രാചുര്യം കിട്ടുന്നതിനും വർഗീസ് സാർ ഒരു കാരണക്കാരനാണ്. അക്കാലത്തെ പ്രഗത്ഭ ആധുനിക ചികിത്സകനും ശസ്ത്രക്രിയാവിദഗ്ദ്ധനുമായിരുന്ന ഡോ. സോമർവെല്ലുമായി നല്ല അടുപ്പത്തിലായിരുന്നു വർഗീസ് സാർ. (സായിപ്പിനെ മലയാളം പഠിപ്പിച്ചത് സാറായിരുന്നുവെന്നും പറയുന്നുണ്ട്). ഏതായാലും ഡോക്ടർ സോമർവെല്ലിന്റെ നേതൃത്വത്തിൽ ഉള്ളന്നൂരിൽ പലതവണ മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിച്ചിരുന്നു. പലരേയും വിദഗ്ദ്ധ ചികിത്സയ്ക്കായി വെല്ലൂരിലെത്തിച്ച് രോഗശാന്തി വരുത്തിയതായും മുതിർന്ന തലമുറയിൽപ്പെട്ടവരിൽ നിന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. വർഗീസ് സാറിന്റെ പിൻമുറക്കാർ ആർആർ യുപി സ്കൂളിനെ മികച്ച ഒരു വിദ്യാദാന കേന്ദ്രമായി നിലനിർത്തിപ്പോരുന്നുവെന്നത് ശ്ലാഘനീയമാണ്. പ്രൈമറിതലത്തിനപ്പുറമുള്ള ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളൊന്നും ഉള്ളന്നൂരിൽ ഉണ്ടായിരുന്നില്ല. ശ്രീനാരായണ ഗുരുവിന്റെ അനുഗ്രഹാശിസ്സുകളോടെ സരസകവി മൂലൂരിന്റെ ഉത്സാഹത്തിൽ മെഴുവേലിയിൽ ആരംഭിച്ച പത്മനാഭോദയം ഹൈസ്കൂളാണ് ആദ്യകാലത്ത് നമ്മുടെ നാട്ടുകാർക്കു പ്രാപ്തമായ ഉന്നത വിദ്യാലയം. പിന്നീട് കാരയ്ക്കാട്ടും പന്തളത്തും ഒടുവിൽ കുളനടയിലും ഹൈസ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. അതോടെ ഹൈസ്കൂൾ വിദ്യാഭ്യാസവും പന്തളം കോളജിന്റെ സ്ഥാപനത്തോടെ കലാശാല വിദ്യാഭ്യാസവും ആയാസരഹിതമായി ഉള്ളന്നൂരുകാർക്ക് ലഭ്യമാകുന്ന സാഹചര്യമുണ്ടായി.

ദേശീയപ്രസ്ഥാനവുമായി ഐക്യം സ്ഥാപിച്ച് പ്രവർത്തിച്ച ചില മഹത്തുക്കൾക്ക് ജന്മം നൽകാനും ഉള്ളന്നൂരിന് കഴിഞ്ഞിട്ടുണ്ട്. അവരിൽ പ്രാതഃസ്മരണീയൻ കുറ്റിപ്പീടികയിൽ എം. മാത്തുണ്ണിയാണ്. സമ്പന്നമായിരുന്ന കുറ്റിപ്പീടികയിൽ കുടുംബത്തിലെ അംഗമായ മാത്തുണ്ണി ദേശീയപ്രസ്ഥാനത്തിലേക്ക്

മഹാകവി പന്തളം കേരളവർമ്മ

മൂശാരിയേത്ത് എം.കെ. വർഗീസ്



പേരൂർ പി.കെ. നാരായണപിള്ള

മലഞ്ചരുവിൽ മത്തായി

ആകൃഷ്ടനാകുന്നത് കൽക്കട്ടയിൽ ഉന്നതവിദ്യാഭ്യാസത്തിനായി പോകുന്നതോടെയാണ്. അദ്ദേഹം സ്വന്തം നാട്ടിൽ മടങ്ങിയെത്തുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തകനായാണ്. അക്കാലത്ത് സ്വാതന്ത്ര്യസമരത്തിന് നമ്മുടെ നാട്ടിൽ ഒരു ദേശീയസ്വഭാവം കൈവന്നിരുന്നില്ല. ഇവിടത്തെ പ്രവർത്തനങ്ങൾ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ ആഭിമുഖ്യത്തിലാണ് നടന്നു പോന്നത്.

സെന്റ് ജോൺസ് എൽപി സ്കൂൾ

നാട്ടിൽ മടങ്ങിയെത്തിയ മാത്തുണ്ണി സ്വന്തം ഭവനത്തിൽ വച്ച് മൊയ്യാരത്ത് ശങ്കരനേയും മറ്റും പങ്കെടുപ്പിച്ചുകൊണ്ട് ഇന്ത്യൻ നാഷണൽ കോൺഗ്രസ് യോഗം നടത്തി. നാട്ടിലുള്ള ഉൽപതിഷ്ണുക്കളായ നാനാജാതി മതസ്ഥരെ സംഘടിപ്പിച്ചുകൊണ്ട് കോൺഗ്രസിന്റെ പ്രവർത്തനം സജീവമാക്കി. അഖിലേന്ത്യ തലത്തിൽ കോൺഗ്രസ് ഏറ്റെടുത്തിരുന്ന പ്രവർത്തനങ്ങൾ ആത്മസത്ത ചോരാതെ നമ്മുടെ നാട്ടിലും നടപ്പാക്കി. അദ്ദേഹത്തിന് ദേശീയതലത്തിൽ വിപുലമായ രാഷ്ട്രീയബന്ധങ്ങളുണ്ടായിരുന്നു. അഖിലേന്ത്യ കോൺഗ്രസ് കമ്മിറ്റിയിലും അദ്ദേഹത്തിന് ശക്തമായ സ്വാധീനമുണ്ടായിരുന്നു. നല്ലൊരു വാഗ്മിയും ധീരനായ സംഘാടകനുമെന്ന നിലയിൽ തിരുവിതാംകൂറിലെങ്ങും അദ്ദേഹത്തിന്റെ ഖ്യാതി പടർന്നു. രാഷ്ട്രീയ ആദർശങ്ങളുടെ പ്രചാരണത്തിനായി അദ്ദേഹം ചെങ്ങന്നൂർ മിൽസ് മൈതാനത്തിനു (ഇപ്പോഴത്തെ കെഎസ്ആർടിസി സ്റ്റാൻഡ്) സമീപം 'ഭജേഭാരതം' എന്ന പേരിൽ പത്രസ്ഥാപനം തുറന്നു പ്രവർത്തനം ആരംഭിച്ചു. മലയാളത്തിലെ പ്രസിദ്ധ നോവലിസ്റ്റ് പി. കേശവദേവ് കുറേക്കാലം ഭജേഭാരതത്തിന്റെ പത്രാധിപരായിരുന്നു. ('എതിർപ്പ്' എന്ന ആത്മകഥയിൽ കേശവദേവ് ഇക്കാര്യം പരാമർശിക്കുന്നുണ്ട്). സ്വാതന്ത്ര്യസമര പരിപാടികളെ അനുകൂലിച്ചു കൊണ്ടുള്ള ലേഖനങ്ങൾക്കു പുറമെ തിരുവിതാംകൂറിലെ രാജഭരണത്തെ നിശിതമായി വിമർശിച്ചു കൊണ്ടുള്ള പംക്തികളും 'ഭജേഭാരത'ത്തിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചു വന്നു. പലപ്പോഴും വലിയ വിവാദങ്ങൾക്ക് തിരികൊളുത്തിയിരുന്നു അതിൽ പ്രത്യക്ഷപ്പെട്ട ലേഖനങ്ങൾ. സ്റ്റേറ്റ് അസംബ്ലിയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ മാത്തുണ്ണി കോൺഗ്രസിനു വേണ്ടി മത്സരിച്ചുവെങ്കിലും വിജയിച്ചില്ല. പ്രശസ്തിയുടെ ഉച്ചസ്ഥായിയിൽ നിൽക്കുമ്പോൾ ധീരനായ ആ സമരപ്പോരാളി തീർത്തും അപ്രതീക്ഷിതമായി അകാലമരണത്തിനു കീഴ്പ്പെട്ടു. ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി സെമിത്തേരിയിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നു.

മാത്തുണ്ണിയെത്തുടർന്ന് പരാമർശിക്കേണ്ടത് പേരൂർ ശ്രീ പി.കെ. നാരായണപിള്ളയെയാണ്. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രവർത്തകനായിരുന്നു അദ്ദേഹം. ആദ്യകാലത്ത് കുളനട ഞെട്ടൂർ പേരൂർ വീട്ടിൽ താമസിച്ചിരുന്ന അദ്ദേഹം മധ്യവയസ്സ് പിന്നിട്ട ശേഷമാണ് ഉള്ളന്നൂർ പറവൂർ വീട്ടിൽ സ്ഥിരതാമസമാക്കിയത്. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന അദ്ദേഹം പിന്നീടും കോൺഗ്രസ് അനുഭാവിയായിത്തന്നെ തുടർന്നു. പിന്നീടു കുളനട പഞ്ചായത്ത് സമിതിയിൽ അംഗമായിരുന്നു. പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാവ് എം.എൻ. ഗോവിന്ദൻ നായർ അദ്ദേഹത്തിന്റെ സ്യാലനായിരുന്നു. സർവ്വാരാധ്യനായിരുന്ന അദ്ദേഹം വയോധികനായാണ് അന്തരിച്ചത്.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ കേരളമണ്ണിൽ വേരുറച്ച



വാഴുവേലിൽ തുണ്ടത്തിൽ
വി.സി. ജേക്കബ്

സിറിൽ മാർ
ബസേലിയോസ്

മെഷീൻ മത്തായി

മാമ്മൻ പന്തളം

കാലം മുതൽ തന്നെ അതിനോട് ആഭിമുഖ്യം പുലർത്തിയ ആളുകൾ ഉള്ളന്നൂരിലും ഉണ്ടായിരുന്നു. ഒരു കാലത്ത് പന്തളം കൊട്ടാരം കമ്മ്യൂണിസ്റ്റ് നേതാക്കളുടെ ഒരു പ്രധാന സങ്കേതമായിരുന്നുവല്ലോ! അതുവഴിക്കാകണം കമ്മ്യൂണിസ്റ്റ് ആശയങ്ങൾക്ക് ചെറിയതോതിലായിരുന്നെങ്കിലും ഈ നാട്ടിലും പ്രചാരമുണ്ടായിത്തീർന്നത്. ഇക്കാര്യത്തിൽ എം.എൻ. ഗോവിന്ദൻ നായരുടെ പങ്ക് എടുത്തു പറയേണ്ടതുണ്ട്. ചിറയിലയ്യത്ത് നാരായണ പിള്ള, വട്ടത്തിൽ അച്യുതപ്പണിക്കർ, പടിഞ്ഞാറ്റിടത്ത് പാപ്പൻ തുടങ്ങിയവർ ഈ നാട്ടിലെ ആദ്യകാല കമ്മ്യൂണിസ്റ്റുകളാണ്. കീഴേവീട്ടിൽ ശിവരാമപിള്ള, പോച്ചയുഴത്തിൽ കുഞ്ഞിക്കൃഷ്ണപിള്ള എന്നിവർ അവരുടെ യൗവ്വന കാലത്ത് പാർട്ടിക്കു വേണ്ടി സജീവമായി സംഘടന പ്രവർത്തനങ്ങൾ നടത്തിയവരാണ്.

നാടിനെ വെളിച്ചത്തിലേക്കാനയിക്കുന്നത് മുഖ്യമായും വിദ്യാഭ്യാസമാണ്. അപരിഷ്കൃതത്വത്തിൽ നിന്നും അനാചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും ജനസാമാന്യത്തെ മോചിപ്പിക്കുന്നതിൽ വിദ്യാഭ്യാസത്തോടൊപ്പം പങ്കു വഹിക്കുന്നത് സാമൂഹിക പരിഷ് കർത്താക്കളുടെ പ്രവർത്തനങ്ങളും സാമൂഹിക സംഘടനകളുടെ ശക്തമായ ഇടപെടലുകളുമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ തന്നെ ശ്രീനാരായണഗുരു സ്വാമി ഉള്ളന്നൂരിലെത്തുകയുണ്ടായി. സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കരുടെ നിർബ്ബന്ധപൂർവ്വമായ അപേക്ഷ മാനിച്ച് മെഴുവേലിയിലേക്ക് കാൽനടയായി പോകുംവഴി അദ്ദേഹം ഉള്ളന്നൂരിലെത്തി ഇവിടെ പ്രസിദ്ധവും സമ്പന്നവുമായ വിളയാടശേരിൽ കുടുംബത്തിൽ രണ്ടു നാൾ തങ്ങി. തറവാട്ടു കാരണവരുടെ സ്വീകരണ സത്കാരങ്ങൾ സ്വീകരിക്കുകയും പൊതുജനങ്ങളോട് സാർത്ഥകമായ ജീവിതം നയിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സാരവത്തായ ഉപദേശങ്ങൾ നൽകുകയുമുണ്ടായി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ തന്നെ ഉള്ളന്നൂരിൽ എസ്എൻഡിപി ശാഖ യോഗം, എൻഎസ്എസ് കരയോഗം, സാധുജന പരിപാലന യോഗം തുടങ്ങിയവയ്ക്ക് യൂണിറ്റുകൾ ഉണ്ടായി. വിശ്വകർമ്മസമിതി, കുറവർ മഹാസഭ, കുറവ സംരക്ഷണ സമിതി, സാംബവ സഭ, പുലയർ മഹാസഭ തുടങ്ങിയവയും അതതു സമുദായക്കാർക്കിടയിൽ സജീവമാണ്. സമുദായ/ജാതി സംഘടനകളാണ് ഇവയെന്ന് ആക്ഷേപിക്കുന്നതിൽ വലിയ കാര്യമുണ്ടെന്നു തോന്നുന്നില്ല. അതതു സമുദായങ്ങളെ നവീകരിക്കുന്നതിൽ ആ സംഘടനകൾ

ഗിരിദീപം എൽപി സ്കൂൾ

ചെറുതല്ലാത്ത പങ്കു വഹിച്ചിട്ടുണ്ട് എന്നതു തന്നെ കാരണം. വിവിധ പള്ളികൾ കേന്ദ്രീകരിച്ചു നടത്തിയ പ്രവർത്തനങ്ങൾ അതതു സഭാംഗങ്ങളുടെ ഇടയിൽ അച്ചടക്കവും സദാചാര പാഠങ്ങളും സുജന മര്യാദകളും മതബോധവും വളർത്തുന്നതിൽ ശ്രദ്ധേയമായ പങ്കു വഹിച്ചുവെന്നതും എടുത്തു പറയേണ്ടതാണ്. നമ്മുടെ നാട്ടിൽ നവോത്ഥാന ചിന്തകൾ ശക്തമാക്കുന്നതിൽ ഇത്തരത്തിലുള്ള മത-സാമുദായിക സംഘടനകൾ ശ്രദ്ധേയമായ പങ്കു വഹിച്ചിട്ടുണ്ട്.

ഉള്ളന്നൂരിന്റെ സാമൂഹിക പുരോഗതിയിൽ ശ്രദ്ധേയമായ പങ്കുവഹിച്ച ഏതാനും വ്യക്തികളെക്കുറിച്ചു കൂടി ഈ സന്ദർഭത്തിൽ അനുസ്മരിക്കേണ്ടതുണ്ട്. ഓർത്തഡോക്സ് പാരമ്പര്യത്തിൽ നിന്ന് മലങ്കര സിറിയൻ റീത്ത് വിഭാഗത്തിലേക്ക് മാറിയ വ്യക്തി

ഗവ. ഡിവി എൻഎസ്എസ് എൽപി സ്കൂൾ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറൽ വാക്സിൻസ്

യാണ് വാലുകാട്ടിൽ (മലഞ്ചരുവിൽ) മത്തായി സാർ. മാർ ഇവാനിയോസ് മെത്രാപ്പൊലീത്തയോട് ചേർന്നു നിന്നു കൊണ്ട് റീത്തുസഭ കെട്ടിപ്പടുക്കുന്നതിൽ നിർണായക പങ്കാണ് അദ്ദേഹം നിർവ്വഹിച്ചിട്ടുള്ളത്. തിരുവനന്തപുരം (നാലാഞ്ചിറ) മാർ ഇവാനിയോസ് കോളജും അനുബന്ധ സ്ഥാപനങ്ങളും കെട്ടിപ്പടുക്കുന്നതിൽ ആളും അർത്ഥവും നൽകി അദ്ദേഹം വലിയതോതിൽ സഹകരിച്ചു പ്രവർത്തിച്ചിരുന്നു. അക്കാലം മുതൽ ഇക്കാലം വരെയും അനവധി പേർക്ക് തൊഴിൽ നൽകി ഉപജീവന സൗകര്യം ഒരുക്കിക്കൊടുക്കുന്നതിലും അദ്ദേഹവും കുടുംബവും ശ്രദ്ധിച്ചുപോന്നിട്ടുണ്ട്. വാലുകാട്ടിൽ സെന്റ് ജോൺസ് സ്കൂളിന്റെയും ബഥനി മഠത്തിന്റെയും സ്ഥാപനത്തിലും മത്തായി സാറിന്റെ പങ്ക് വലുതാണ്. സഭാ പിതാവായി കാലംചെയ്ത സിറിൽ മാർ ബസേലിയോസ് തിരുമേനി മത്തായി സാറിന്റെ മകനാണ്. ഈ പ്രദേശത്തു തന്നെ ആദ്യത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനായ ശ്രീ ജോൺ മത്തായി ഐഎഎസ് (പിന്നീട് ചീഫ് സെക്രട്ടറി), അദ്ധ്യാപകനും സാമൂഹിക പ്രവർത്തകനുമായിരുന്ന ഏബ്രഹാം സാർ, തിരുവനന്തപുരം മാർ ഇവാനിയോസ് കോളജ് മുൻ പ്രിൻസിപ്പൽ ഫാ. ജോർജ് മലഞ്ചരുവിൽ എന്നിവരും മത്തായി സാറിന്റെ മക്കളാണ്.

ജോൺ മത്തായി

കൃത്യമായി ഉള്ളന്നൂരിന്റെ ഭൂമിശാസ്ത്ര പരിധിയിൽ വസിച്ചിരുന്നവരല്ലെങ്കിലും ഈ പ്രദേശത്തിന്റെ സാംസ്കാരിക മേഖലയിൽ ശ്രദ്ധേയമായ ഇടപെടൽ നടത്തിയിട്ടുള്ള രണ്ടുപേരെക്കൂടി ഇവിടെ അനുസ്മരിക്കേണ്ടതുണ്ട്. മൂശാരിയേത്ത് എം.കെ. വർഗീസ് സാറിനോടൊപ്പം പ്രവർത്തിച്ച വാഴുവേലിൽ തുണ്ടത്തിൽ ശ്രീ വി.സി. ജേക്കബ് സാറാണ് അതിലൊരാൾ. വർഗീസ് സാറിനെ പിന്തുടർന്ന് മദ്രാസിൽ ഉന്നത വിദ്യാഭ്യാസം നടത്തി നാട്ടിൽ വിവിധ സ്കൂളുകളിൽ അദ്ധ്യാപകനും പ്രഥമാദ്ധ്യാപകനുമൊക്കെയായി പ്രവർത്തിച്ച ജേക്കബ് സാർ അക്കാലത്ത് മധ്യതിരുവിതാംകൂറിലെ അറിയപ്പെട്ടിരുന്ന വിദ്യാഭ്യാസ വിചക്ഷണനായിരുന്നു. നല്ലൊരു പ്രഭാഷകനെന്ന നിലയിലും പുരോഗമനേച്ഛുക്കൾക്ക് ആശ്രയിക്കാവുന്ന ഒരു മാർഗദർശിയെന്ന നിലയിലും അദ്ദേഹം ശ്രദ്ധേയനായിരുന്നു. ശ്രീ മാമ്മൻ പന്തളം എന്ന ഗാന്ധിയനായ സർവ്വോദയ പ്രവർത്തകനാണ് രണ്ടാമത്തെ വ്യക്തി. വിനോബ ഭാവേയുടെ ഭൂദാനപ്രസ്ഥാനത്തിലും ഗാന്ധിയൻ മാതൃകയിലുള്ള സർവ്വോദയ അന്ത്യോദയ പ്രവർത്തനങ്ങളിലും സജീവമായിരുന്നു അദ്ദേഹം. കുളനടയിലെ ആദ്യകാല നാടകപ്രവർത്തകനായിരുന്ന 'മെഷീൻ മത്തായി' സാറിന്റെ മകനാണ് മാമ്മൻ പന്തളം. (മെഷീൻ ഉപയോഗിച്ചുള്ള തയ്യൽ നമ്മുടെ നാട്ടിൽ ആദ്യമായി കൊണ്ടുവന്ന ആളെന്ന നിലയിലാണ് മെഷീൻ മത്തായിസാർ എന്ന് ആദരപൂർവ്വം നാട്ടുകാർ അദ്ദേഹത്തെ വിളിച്ചിരുന്നത്) തിരുവനന്തപുരം കേന്ദ്രമാക്കിയായിരുന്നു മാമ്മൻ പന്തളത്തിന്റെ പ്രവർത്തനങ്ങൾ. പന്തളം എമിനൻസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഉടമ ശ്രീ പി.എം. ജോസ് അദ്ദേഹത്തിന്റെ മകനാണ്.

ഉള്ളന്നൂരിനു കേരളത്തിന്റെ സാംസ്കാരിക - സാമൂഹിക - ആദ്ധ്യാത്മിക ഭൂമികകളിൽ ദിങ്മാത്ര സാന്നിദ്ധ്യങ്ങൾ ഉണ്ടായിട്ടുണ്ട്. പന്തളം വലിയകോയിക്കൽ ധർമ്മശാസ്താക്ഷേത്രത്തിൽ നിന്ന് പുറപ്പെടുന്ന പരമ്പരാഗതമായ തിരുവാഭരണപ്പാതയുടെ രണ്ടര കിലോമീറ്ററിലധികം കടന്നു പോകുന്നത് ഉള്ളന്നൂരിലൂടെയാണ്. തിരുവാഭരണ പേടകം ദർശനത്തിനായിത്തുറക്കുന്ന കേന്ദ്രങ്ങളിലൊന്നാണ് ഉള്ളന്നൂർ ദേവീ ക്ഷേത്രം. ഒരു ശബരിമലയാത്ര എന്ന പേരിൽ മഹാകവി പന്തളം കേരളവർമ്മ എഴുതിയ യാത്രാവിവരണ കാവ്യത്തിൽ ഉള്ളന്നൂരും പരമ്പരാഗത തിരുവാഭരണപ്പാതയും വിവരിക്കപ്പെടുന്നുണ്ട്. ഉള്ളന്നൂർ സെയ്ന്റ് മേരീസ് വലിയപള്ളി പരിശുദ്ധ പരുമല കൊച്ചുതിരുമേനി ശിലാസ്ഥാപനം നടത്തിയ ആദ്ധ്യാത്മിക കേന്ദ്രമാ

എംഎസ്സി എൽപി സ്കൂൾ

സെന്റ് ജോൺസ് മാർത്തോമ്മ പള്ളി

ണ്. പള്ളിയുടെ പണി സമർപ്പണ ബുദ്ധിയോടെ ഏറ്റെടുത്തു നടത്തിയതാകട്ടെ കോമട്ടച്ചൻ എന്നു നാട്ടുകാർ ആദരപൂർവ്വം വിളിച്ചിരുന്ന ദിവ്യശ്രീ കോമട്ട് യാക്കോബ് കത്തനാർ എന്ന പുരോഹിതശ്രേഷ്ഠനാകുന്നു.

ഉള്ളന്നൂരിന്റെ ആധുനികകാല ചരിത്രത്തെപ്പറ്റി പറയുമ്പോൾ അകാലത്തിൽ പൊലിഞ്ഞുപോയ ഒരു വ്യവസായ സ്വപ്നത്തെപ്പറ്റിക്കൂടി സൂചിപ്പിക്കേണ്ടതുണ്ട്. 1970കളുടെ മധ്യത്തിൽ തുടങ്ങി ഒരു പതിറ്റാണ്ടിനു ശേഷം പ്രവർത്തനം നിലച്ചുപോയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറൽ വാക്സിൻസ് എന്ന സ്വകാര്യ സംരംഭമാണത്. പേ വിഷത്തിനുള്ള പ്രതിരോധ വാക്സിൻ ഉത്പാദിപ്പിക്കുകയായിരുന്നു സ്ഥാപനത്തിന്റെ ലക്ഷ്യം. ആ സ്ഥാപനത്തിന്റെ സ്ഥാപകനും മാനേജിങ് ഡയറക്ടറും ഇലവുംതിട്ട സ്വദേശി എം.ആർ. ധർമ്മരാജൻ ആയിരുന്നു. കൂനൂരിലെ പ്രശസ്തമായ പാസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിലെ സീനിയർ സയിന്റിസ്റ്റ് ആയിരുന്നു ധർമ്മരാജൻ. ബീജസങ്കലനം നടത്തിയ കോഴിമുട്ടയിൽ റാബീസ് വൈറസ് കുത്തിവച്ച് പ്രതിരോധമരുന്ന് ഉത്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യയാണ് ഇവിടെ ഉപയോഗപ്പെടുത്തിയിരുന്നത്. അത്തരത്തിലുള്ള സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയ സ്ഥാപനം കേരളത്തിൽത്തന്നെ ആദ്യത്തേതായിരുന്നു. വളരെ വലിയ ഒരു സ്ഥാപനമായി വളരേണ്ടിയിരുന്ന ഇൻസ്റ്റിറ്റ്യൂട്ട്, മാനേജ്മെന്റ് പിഴവുകളും സാമ്പത്തിക പ്രതിസന്ധികളും സർക്കാർ സംവിധാനങ്ങളുടെ നിസ്സഹകരണവും ചുവപ്പുനാടയുമൊക്കെക്കൊണ്ട് ഇല്ലാതായി.

ഉള്ളന്നൂരിലെ സാംസ്കാരിക വിദ്യാഭ്യാസ പുരോഗതിയിൽ ശ്രദ്ധേയമായ പങ്കുവഹിക്കുന്ന സ്ഥാപനങ്ങളാണ് ഉള്ളന്നൂരിലെ നവജീവൻ ഗ്രന്ഥശാലയും പറയങ്കരയിലും മുണ്ടകക്കുളഞ്ഞിയിലുമുള്ള വായനശാലകളും. ഉള്ളന്നൂരിന്റെ അതിരിൽ തന്നെയാണ്, ശക്തമായ സാംസ്കാരിക ഇടപെടൽ കൊണ്ട് ശ്രദ്ധേയമായ പുതുവാക്കൽ ഗ്രാമീണ വായനശാല നിലകൊള്ളുന്നതും.

ശ്രദ്ധേയമായ ചില ചലച്ചിത്രങ്ങൾക്ക് പശ്ചാത്തലമാകാനും ഉള്ളന്നൂരിനു കഴിഞ്ഞിട്ടുണ്ട്. എക്സൽ പ്രൊഡക്ഷൻസിന്റെ ബാനറിൽ കുഞ്ചാക്കോ സംവിധാനം ചെയ്ത് 1961ൽ പുറത്തിറങ്ങിയ 'ഉണ്ണിയാർച്ച' യിലെ ചില സംഘട്ടന രംഗങ്ങൾ ചിത്രീകരിച്ചത് ഉള്ളന്നൂരിലാണ്. പുതുവാക്കൽ മുതൽ പാറ, പൈവഴി, വട്ടയം വരെയുള്ള ഭാഗങ്ങൾ ചിത്രത്തിന്റെ ഫ്രെയ്മുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. അതുപോലെ 1988ൽ പുറത്തിറങ്ങിയ 'കാക്കോത്തിക്കാവിലെ അപ്പൂപ്പൻതാടികൾ' എന്ന കമൽ ചിത്രത്തിലെ വിദ്യാലയ രംഗങ്ങൾ ചിത്രീകരിക്കപ്പെട്ടതും ഉള്ളന്നൂരിലാണ്. ഉള്ളന്നൂർ ഗവ. ദേവീവിലാസം എൻഎസ്എസ് എൽപി സ്കൂളിലെ ക്ലാസ് മുറികളും ക്ഷേത്രത്തിന്റെ സമീപത്തുള്ള കളത്തട്ടും ചിത്രത്തിൽ കാണാം. നാട്ടുകാരായ ചില കുട്ടികൾക്ക് ഈ ചിത്രത്തിൽ മുഖം കാണിക്കുവാനും അവസരം ലഭിച്ചിട്ടുണ്ട്.

ഈ ചരിത്ര ലേഖനം കാൽനൂറ്റാണ്ടിനപ്പുറം വരെയുള്ള സംഭവങ്ങളെപ്പറ്റി മാത്രമേ പരാമർശിച്ചിട്ടുള്ളൂവെന്ന വസ്തുത ഒരു പരിമിതിയായി കാണേണ്ടതില്ല. നമ്മുടെ പ്രദേശത്തിന്റെ ഇക്കാലത്തെ സവിശേഷതകൾ നിശ്ചയമായും ഇതിനോട് കൂട്ടിച്ചേർക്കപ്പെടേണ്ടതുണ്ട്. രാഷ്ട്രങ്ങളുടെ ചരിത്രം എന്ന പഴയ സമീപനം വിട്ട് ഓരോ പ്രദേശത്തിന്റെയും ചരിത്രം എന്ന പുതിയകാല വീക്ഷണമാണ് പ്രാദേശിക ചരിത്രരചനാ സമ്പ്രദായത്തിന്റെ അടിസ്ഥാനം. ഒരു പക്ഷേ, ഉള്ളന്നൂരിന്റെ സമഗ്രമായ ചരിത്രത്തിന്റെ രചനയ്ക്ക് ആരെങ്കിലും മുതിർന്നു കൂടെന്നില്ല. ലഭ്യമായ ചില ഉപദാനങ്ങൾ അവർക്കായി സമർപ്പിക്കുകയെന്ന ലക്ഷ്യം മാത്രമാണ് ഈ ലേഖനത്തിനുള്ളത്. ■

In Loving Memory of our Beloved Appachan

P.M. BABY

Palamoottil, Ullannoor, Kulanada

"Those we love do not go away. They walk beside us every day. May our Appachan rest in peace and may his strength and love continue to guide our family."

Inserted by Grandchildren

എം. മാത്തുണ്ണി
ജീവിതവും കാലവും

മാത്യു ആന്റണി

സ്വാതന്ത്ര്യത്തിനും പൗരാവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടങ്ങളുടെ മറന്നുപോയ ഓർമ്മകളെ വീണ്ടെടുക്കേണ്ടത് വർത്തമാനകാലത്തിന്റെ ചരിത്രപരമായ ബാധ്യതയാണ്. ചരിത്രം വർത്തമാനത്തിനു സാധ്യതയും ഭാവിക്കു മൂലധനവുമാണ്. ഭൂതകാലത്തിൽ നിന്നു പഠിക്കുന്നത് സമകാലത്തെ ആവേശിക്കാനും ഭാവിയെ കരുത്തുള്ളതാക്കാനും സഹായിക്കും. സംഘാതമായ മറവിയോടും മൗനത്തോടും സമരംചെയ്തു ചില ഓർമ്മകൾ നിലനിർത്തേണ്ടതുണ്ട്. ഓർമ്മ എല്ലാ ജ്ഞാനത്തിന്റെയും മാതാവാണ് എന്നാണല്ലോ ചൊല്ല്.

അത്തരത്തിൽ ചരിത്രാഖ്യാനങ്ങളും ചരിത്രകാരന്മാരും മറന്നുപോയ ഒരു സ്വാതന്ത്ര്യസമര സേനാനിയുടെ രാഷ്ട്രീയ ജീവിതത്തെയും ഓർമ്മകളെയും വീണ്ടെടുക്കാനായുള്ള ചരിത്രാന്വേഷണമാണിത്. പത്രത്തെ പൊതുജനാഭിപ്രായ രൂപീകരണത്തിനും സ്വാതന്ത്ര്യത്തിനും പൗരാവകാശങ്ങൾക്കു വേണ്ടിയുള്ള രാഷ്ട്രീയ ഇടപെടലായി കണ്ട ധീരനായ പത്രപ്രവർത്തകൻ, ആദ്യകാല കോൺഗ്രസ് പ്രവർത്തകൻ, വൈക്കം സത്യഗ്രഹ സമരപോരാളി, പൗരസമത്വവാദി, ഗാന്ധിയൻ എന്നീ നിലകളിലൊക്കെ ത്യാഗോജ്വലമായി പ്രവർത്തിച്ച 'ഭജേഭാരതം' പത്രാധിപർ എം. മാത്തുണ്ണിയുടെ ചരിത്രം ഇവിടെ വീണ്ടെടുക്കുന്നു.

കുടുംബം, ജനനം

പന്തളം കുളനട ഉള്ളന്നൂർ ആണ് 'ഭജേഭാരതം' പത്രാധിപർ എം. മാത്തുണ്ണിയുടെ സ്വദേശം. കുടുംബപ്പേര് കുറ്റിപ്പീടികയിൽ. 'വക്രപ്പുലി'കളുടെയും 'പെരുമ്പാറ്റ'കളുടെയും ആക്രമണംനിമിത്തം നിലയ്ക്കൽ നഗരം ഉപേക്ഷിച്ചു പോകേണ്ടിവന്നവരിൽ ഒരു കൂട്ടർ അടൂരിനടുത്തുള്ള കടമ്പനാട് എന്ന പ്രദേശത്ത് വന്നു താമസിച്ചു. അവരിൽ പള്ളിവാതുക്കൽ എന്ന പേരിൽ അറിയപ്പെടുന്ന കുടുംബത്തിന്റെ ഒരു ശാഖ പിൽക്കാലത്ത് തുമ്പമൺ എന്ന സ്ഥലത്തു കുടിയേറിപ്പാർത്തു. പിന്നീട് തുമ്പമണ്ണിലും പരിസരങ്ങളിലുമായി വിവിധ ശാഖകളിലായി അവർ താമസം തുടങ്ങി. ഇതിൽ ഉള്ളന്നൂരിൽ താമസമാക്കിയ കുടുംബമാണ് കുറ്റിപ്പിടികയിൽ. 1896 സെപ്റ്റംബർ ഒൻപതിനാണ് മാത്തുണ്ണിയുടെ ജനനം.

സ്കൂൾ വിദ്യാഭ്യാസം

ചെങ്ങന്നൂർ ഇംഗ്ലിഷ് ഹൈസ്കൂളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. അദ്ദേഹത്തിനു കാലിനു അല്പം മുടന്തുണ്ടായിരുന്നു. കലാരസികനും

വൈക്കം ക്ഷേത്രത്തിനുചുറ്റുമുള്ള റോഡിൽക്കൂടി ഈഴവർ, പുലയർ തുടങ്ങിയ ജാതിയിൽപ്പെട്ടവർക്കുള്ള സഞ്ചാരസ്വാതന്ത്ര്യത്തിനായി നടന്ന ഐതിഹാസികമായ വൈക്കം സത്യഗ്രഹത്തിൽ (1924–25) എം. മാത്തുണ്ണി സജീവമായി പങ്കെടുത്തിരുന്നു. സത്യഗ്രഹത്തെ സംബന്ധിച്ച് തിരുവിതാംകൂറിൽ പ്രചാരണം നടത്താൻ തിരഞ്ഞെടുക്കപ്പെട്ട സമിതിയിൽ അദ്ദേഹം അംഗമായിരുന്നു.

ബാഡ്മിന്റൺ മുതലായ കളികളിൽ സമർത്ഥനുമായിരുന്നു. പലപ്പോഴും പലരെക്കുറിച്ചും ഒറ്റശ്ലോകങ്ങൾ അദ്ദേഹം രചിക്കാറുണ്ടായിരുന്നു. സ്കൂൾ ഫൈനൽ ക്ലാസിൽ പഠിക്കുമ്പോൾ ഉണ്ടാക്കിയ മുക്തകങ്ങളിൽ ഒന്ന് ഹെഡ്മാസ്റ്റർ ധർമ്മരാജയ്യരെക്കുറിച്ചുള്ളതായിരുന്നു. കലിപൂണ്ട ധർമ്മരാജയ്യർ വേണ്ടത്ര വിശദീകരണം ചോദിക്കാതെ എം. മാത്തുണ്ണിയെ സസ്പെൻഡ് ചെയ്തു. ആ സസ്പെൻഷൻ മാത്തുണ്ണിയുടെ ജീവിതത്തിൽ ഒരു വലിയ വഴിത്തിരിവുണ്ടാക്കി.

രാഷ്ട്രീയജീവിതത്തിന്റെ തുടക്കം

ചെങ്ങന്നൂർ ഹൈസ്കൂളിൽനിന്നു സസ്പെൻഡ് ചെയ്യപ്പെട്ട മാത്തുണ്ണി കൽക്കട്ടയ്ക്ക് തിരിച്ചു. അവിടെ ഒരു കോളജിൽ ചേർന്നു പഠനം തുടർന്നു. അക്കാലത്ത് ബ്രിട്ടീഷ് ഇന്ത്യയുടെ തലസ്ഥാനമായിരുന്ന കൽക്കട്ട രാഷ്ട്രീയ പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്നു. രബീന്ദ്രനാഥ ടഗോർ, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയ അനവധി പ്രമുഖ നേതാക്കൾ സ്വാതന്ത്ര്യ സമരത്തിൽ സജീവമായി പങ്കെടുത്തിരുന്ന ഈ നഗരം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഒരു പ്രധാന കേന്ദ്രമായിരുന്നു. ഈ കാലഘട്ടത്തിൽ കൽക്കട്ടയുടെ രാഷ്ട്രീയ അന്തരീക്ഷം – ദേശീയ വികാരം, വിപ്ലവ ആവേശം, തൊഴിലാളി ആക്ടിവിസം എന്നിവയുടെ സമ്മിശ്രമായിരുന്നു. രാഷ്ട്രീയ പ്രവർത്തനത്തിന്റെയും ദേശീയചിന്തയുടെയും കേന്ദ്രമായ കൽക്കട്ടയിലെ ജീവിതം യുവാവായ മാത്തുണ്ണിയിൽ രാഷ്ട്രീയാഭിമുഖ്യം വളർത്തി. സ്വാതന്ത്ര്യസമര നേതാക്കന്മാരുമായി നിരന്തര സമ്പർക്കങ്ങളിൽ ഏർപ്പെട്ടു. സമരങ്ങളിൽ സജീവമായി പങ്കെടുക്കാൻ തുടങ്ങി. സീനിയർ ഇന്റർമീഡിയറ്റ് വിദ്യാർഥിയായിരുന്നപ്പോൾ കോളജിൽനിന്നു ബഹിഷ്കൃതനായി. ദേശീയ സമരത്തിൽ പങ്കെടുത്തു എന്നതായിരുന്നു അധികൃതർ കാരണമായി പറഞ്ഞത്. കൽക്കട്ടയിലെ മറ്റു കോളജുകളിൽ ഏതിലെങ്കിലും ചേരുവാനുള്ള യത്നങ്ങളും വിഫലമായി.

മദ്രാസിൽ രാഷ്ട്രീയ വിദ്യാഭ്യാസം

ഉന്നതവിദ്യാഭ്യാസം എന്ന ആഗ്രഹം പാതിവഴിയിലുപേക്ഷിച്ച് നാട്ടിലേക്ക് തിരിച്ചു. മടക്കയാത്രയിൽ മദ്രാസിലെത്തി. അവിടെ രാഷ്ട്രീയ പ്രവർത്തകർക്കായി നടന്നിരുന്ന ആറുമാസ പരിശീലന പരിപാടിയിൽ ചേർന്നു. കോഴ്സ് വിജയകരമായി പൂർത്തിയാക്കി. അവിടെവച്ച് മദ്രാസ് പ്രവിശ്യയുടെ ഭാഗമായ ബ്രട്ടീഷ് മലബാറിലെ കോൺഗ്രസ് പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കി. മലബാറിൽ കോൺഗ്രസ് പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള തയ്യാറെടുപ്പുകളോടെ തലശേരിക്ക് വണ്ടിക്കയറി.

തലശേരിയിലെ കോൺഗ്രസ് പ്രവർത്തനം

1920-ലെ കോൺഗ്രസിന്റെ നാഗ്പൂർ സമ്മേളനത്തിൽ സമാധാനപരവും നിയമാനുസൃതവുമായ മാർഗങ്ങളിലൂടെ സ്വയംഭരണം കൈവരിക്കാൻ തീരുമാനം വന്നു. അതിന്റെ ഫലമായി നാട്ടുരാജ്യങ്ങളിൽ പ്രവിശ്യ കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തുടങ്ങി. നിസ്സഹകരണ പ്രസ്ഥാനം, വിദേശവസ്ത്ര ബഹിഷ്കരണം, മദ്യഷാപ്പ് ഉപരോധം തുടങ്ങിയ സമരപരിപാടികളിലൂടെ ഗാന്ധിയും കോൺഗ്രസും ജനങ്ങളുടെ രാഷ്ട്രീയബോധ്യങ്ങളിൽ സ്വാധീനം ചെലുത്തുന്ന കാലം. തലശേരിയിൽ എത്തിച്ചേർന്ന എം. മാത്തുണ്ണി പൂർണ സമയ കോൺഗ്രസ് പ്രവർത്തകനായി. തലശേരിയിലെ കോൺഗ്രസ് സെക്രട്ടറി സ്ഥാനവും അദ്ദേഹം അക്കാലത്തു വഹിച്ചു.

മാത്തുണ്ണിയും മൊയ്യാരത്തു ശങ്കരനും പാലത്തിൽ ഗോപാലനും മയ്യഴിക്കാരൻ കുട്യാലിയും ചേർന്നു തലശേരിയിൽ കള്ളുഷാപ്പ് പിക്കറ്റിങ് നടത്തിയിരുന്നു. മദ്യപാനത്തിന്റെ ദോഷത്തെക്കുറിച്ച് ഓർമിപ്പിച്ചുകൊണ്ടായിരുന്നു മാത്തുണ്ണി പിക്കറ്റിങ് ഉദ്ഘാടനം ചെയ്തിരുന്നത്.

പതാകസമരം

തലശേരി കോൺഗ്രസ് ഓഫിസിൽ മുന്നിലെ മാളികമുകളിൽ തൂക്കിയിരുന്ന പതാക രണ്ടു പൊലീസുകാർ അഴിച്ചു മാറ്റി. മാത്തുണ്ണിയും മൊയ്യാരത്ത് ശങ്കരനും കൂടി ഒരു കൊടി പോയാൽ മറ്റൊരു കൊടി തൂക്കും, അതുപോയാൽ വേറൊന്ന്. അങ്ങനെ പതാക സമരം ഓഫിസിൽ നടന്നുകൊണ്ടിരുന്നു. കോൺഗ്രസ് പതാക രാജദ്രോഹക്കൊടിയാണ് അത് അവിടെ തൂക്കാൻ പാടില്ലെന്ന് ഒരു പൊലീസ് ഇൻസ്പെക്ടർ അവിടെയെത്തി പറഞ്ഞു. അങ്ങനെ എഴുതിക്കൊടുക്കാൻ മാത്തുണ്ണി ആവശ്യപ്പെട്ടു. അദ്ദേഹം അതിന് തയാറായില്ല. 'ഈ കൊടി ഞങ്ങളുടെ ഓഫിസിൽ കയറി കൊള്ള ചെയ്തതിനു നിങ്ങളുടെ പേരിൽ ഞങ്ങൾ കേസ് കൊടുക്കും' എന്നു മാത്തുണ്ണി പറഞ്ഞതും ഇൻസ്പെക്ടർ സ്ഥലം വിട്ടു.

അനന്തരം ഒരു കോൺസ്റ്റബിൾ ഓഫിസിലെത്തി

മാത്തുണ്ണിയെ സർക്കിൾ ഇൻസ്പെക്ടർ വിളിക്കുന്നു എന്നു പറഞ്ഞു. മാത്തുണ്ണിയെ കാണണമെങ്കിൽ സർക്കിൾ ഇൻസ്പെക്ടർ ഓഫിസിൽ വരട്ടെ എന്നു മൊയ്യാരത്തു ശങ്കരൻ പറഞ്ഞു. കോൺസ്റ്റബിൾ ആ വിവരം സർക്കിൾ ഇൻസ്പെക്ടറെ അറിയിച്ചു. സർക്കിൾ ഇൻസ്പെക്ടർ ഓഫിസിലെത്തി മാത്തുണ്ണിയോട് ഒന്നു സംസാരിക്കണമെന്ന് ആവശ്യപ്പെട്ടു. പതാകസമരം തീരുന്നതുവരെ രഹസ്യസംഭാഷണമൊന്നും നടപ്പില്ല എന്നു മാത്തുണ്ണി പറഞ്ഞു. അപ്പോൾ ആ ഇൻസ്പെക്ടർ മാത്തുണ്ണിയോടും മൊയ്യാരത്തു ശങ്കരനോടും പറഞ്ഞതിങ്ങനെ: ''പൊലീസ് സ്റ്റേഷൻ പരിശോധിക്കാൻ ഞങ്ങളുടെ ഡിഎസ്പി വരുന്നുണ്ട്. അദ്ദേഹം കോൺഗ്രസ് കൊടിയുടെ ഒരു ബദ്ധശത്രുവാണ്. അദ്ദേഹം വരുമ്പോൾ ഇവിടെ കൊടി തൂക്കാതിരുന്നാൽ വലിയ ഉപകാരമായിരിക്കും. അദ്ദേഹം വന്നുപോയിട്ടു നിങ്ങൾ എത്ര കൊടി വേണമെങ്കിലും തൂക്കിക്കൊള്ളൂ.'' ഇൻസ്പെക്ടർ അങ്ങനെ പറഞ്ഞു സ്ഥലംവിട്ടു. പിറ്റേന്നു ഡിഎസ്പി തലശേരിയിൽ വന്നപ്പോൾ ആ പ്രദേശം മുഴുവൻ ചെറിയതും വലിയതുമായ ദേശീയ കൊടികൾ ഉയർന്നു പറന്നു. അതു മുഴുവൻ രണ്ടോ നാലോ തുന്നൽക്കാർ ഒരു രാത്രികൊണ്ടു ശ്രമിച്ചാലും തുന്നിത്തീർക്കാൻ കഴിയാത്തതായിരുന്നു. അങ്ങനെ അന്നത്തെ പതാക സമരത്തിൽ മാത്തുണ്ണി ജയിച്ചു.

മലബാർ വിടുന്നു

1921ലെ മലബാർ മുസ്ലിംകലാപത്തെ തുടർന്ന് മലബാറിലെ കോൺഗ്രസിനുള്ളിൽ സാമുദായികമായ വിഭാഗീയത കടന്നുകൂടിയതായി ഖിലാഫത്ത് പ്രവർത്തകനായ ഇ. മൊയ്തു മൗലവിയുടെ 'ചരിത്രചിന്തകൾ' എന്ന പുസ്തകത്തിൽ കാണുന്നു. ഈ വിഭാഗീയതയാണ് എം. മാത്തുണ്ണി മലബാർ വിടാനുള്ള കാരണമായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെയാണ്: ''1921ലെ സംഭവങ്ങൾക്കുശേഷം മൗലാനാ ആസാദ് സുബ്ഹാനി, പണ്ഡിറ്റ് മോത്തിലാൽ നെഹ്റു, വിത്തൽ ഭായ് പട്ടേൽ, ഹകീം അജ്മൽഖാൻ മുതലായ മഹാനേതാക്കന്മാർ മലബാറിലേക്ക് പുറപ്പെട്ടു. ലഹളയെ സംബന്ധിച്ച യഥാർഥ വിവരങ്ങൾ അന്വേഷിച്ച് ഒരു റിപ്പോർട്ട് എഴുതുകയെന്നതായിരുന്നു അവരുടെ ആഗമനോദ്ദേശ്യം. അവരെ മലബാറിലേക്ക് പ്രവേശിപ്പിക്കാൻ ഗവൺമെന്റ് അനുമതി നൽകിയില്ല. തൽഫലമായി അവർ കോയമ്പത്തൂരിൽ താമസിക്കുവാൻ നിർബന്ധിതരായി. മലബാറിലെ കോൺഗ്രസ് നേതാക്കൾ കോയമ്പത്തൂരിൽ പോയി ലഹളയെ സംബന്ധിച്ച തെളിവ് കൊടുത്തു. അക്കൂട്ടത്തിൽ മൂന്ന് അമുസ്ലിം യുവാക്കൾ നിഷ്പക്ഷമായ തെളിവുകളാണ് കമ്മിറ്റിക്ക് നൽകിയത്. അത് ഇവിടത്തെ പുറത്തുഖദറും അകത്ത് വർഗീയതയും വച്ചുപുലർത്തിയിരുന്ന ചില കോൺഗ്രസ് നേതാക്കൾക്ക് ഒട്ടുംതന്നെ

എം. മാത്തുണ്ണിയുടെ ഭവനം

രസിച്ചില്ല. ചെങ്ങന്നൂർ സ്വദേശിയായ മാത്തുണ്ണി തെളിവ് നൽകിയവരിൽ ഒരാളായിരുന്നു. അദ്ദേഹം ക്രിസ്ത്യാനിയായിരുന്നു. പിന്നീട് ചാലപ്പുറം നേതാക്കന്മാരുടെ കുത്ത് സഹിക്കാതെ മാത്തുണ്ണിക്ക് മലബാർ വിടേണ്ടിവന്നു.''

ചെങ്ങന്നൂരിൽ കോൺഗ്രസ് പ്രവർത്തനം

മലബാർ വിട്ടു സ്വദേശത്ത് എത്തിയ മാത്തുണ്ണി ചെങ്ങന്നൂരിൽ കോൺഗ്രസ് പ്രസ്ഥാനം രൂപീകരിക്കാൻ മുൻകൈ എടുത്തു. അക്കാലത്ത് ബാരിസ്റ്റർ ജോർജ് ജോസഫും സമാനമായ താത്പര്യത്തോടെ ചെങ്ങന്നൂരിൽ പ്രവർത്തിച്ചിരുന്നു. മാത്തുണ്ണിയും ബാരിസ്റ്ററും ചിറ്റേടത്ത് ശങ്കുപ്പിള്ളയും ചേർന്ന് ചെങ്ങന്നൂരിൽ തിരുവിതാംകൂർ രാഷ്ട്രീയ മഹാസമ്മേളനം വിളിച്ചു ചേർത്തു. 1922 ഏപ്രിൽ 30, മേയ് 1 തീയതികളിലായിരുന്നു ചെങ്ങന്നൂർ കോൺഗ്രസ് സമ്മേളനം. എ.കെ. പിള്ള, കെ. കുമാർ എന്നിവരൊക്കെ സമ്മേളനത്തിന്റെ മുഖ്യനേതൃസ്ഥാനത്തുണ്ടായിരുന്നു. ഇതിനെ തുടർന്നാണ് തിരുവിതാംകൂറിൽ പ്രദേശ് കോൺഗ്രസ് കമ്മിറ്റി ഉണ്ടാവുന്നത്.

വൈക്കം സത്യഗ്രഹം

വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള റോഡിൽക്കൂടി ഈഴവർ, പുലയർ തുടങ്ങിയ ജാതിയിൽപ്പെട്ടവർക്കുള്ള സഞ്ചാരസ്വാതന്ത്ര്യത്തിനായി നടന്ന ഐതിഹാസികമായ വൈക്കം സത്യഗ്രഹത്തിൽ (1924–25) എം. മാത്തുണ്ണി സജീവമായി പങ്കെടുത്തിരുന്നു. സത്യഗ്രഹത്തെ സംബന്ധിച്ച് തിരുവിതാംകൂറിൽ പ്രചാരണം നടത്താൻ തിരഞ്ഞെടുക്കപ്പെട്ട സമിതിയിൽ അദ്ദേഹം അംഗമായിരുന്നു. സത്യഗ്രഹവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ദിവാനുമായും മറ്റു നേതാക്കളുമായും ചർച്ചചെയ്യുന്നതിനായി നായർ, ഈഴവവിഭാഗത്തിൽപ്പെട്ടവർ ഒത്തുകൂടി രൂപീകരിച്ച കമ്മിറ്റിയിൽ മാത്തുണ്ണിയെയും ഉൾപ്പെടുത്തിയിരുന്നു. എം. മാത്തുണ്ണി തിരുവിതാംകൂറിലെ ഒരു

സാംസ്കാരിക പ്രവർത്തകരായ ഭേഷജം പ്രസന്നകുമാറും പി. ശ്രീകുമാറും എം. മാത്തുണ്ണിയുടെ കല്ലറയ്ക്ക് മുന്നിൽ

പൊതുയോഗത്തിലും പ്രസംഗിക്കാൻ പാടില്ലെന്ന നിരോധന ഉത്തരവ് ഗവൺമെന്റ് നല്കി. 1925 ഓഗസ്റ്റ് 7ന് തിരുവിതാംകൂർ രാജകൊട്ടാരത്തിൽ നിന്നു ദിവാനയച്ച ഒരു കത്തിൽ മാത്തുണ്ണിയടക്കമുള്ള ഏഴു പേരുടെ സഞ്ചാരസ്വാതന്ത്ര്യത്തിന് ഏർപ്പെടുത്തിയിരുന്ന ഈ നിരോധനം പിൻവലിക്കുന്നതിന് മഹാറാണി നിർദ്ദേശം നല്കി. മഹാത്മാഗാന്ധിയുടെ ചെങ്ങന്നൂർ സന്ദർശന പരിപാടിയുടെ പ്രധാന സംഘാടകനും മാത്തുണ്ണിയായിരുന്നു.

നിയമസഭാ തിരഞ്ഞെടുപ്പ് രംഗത്ത്

തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് (TLC 14; 1928-31) കൊ.വ 1103 (1928) നടന്ന തിരഞ്ഞെടുപ്പിൽ ചെങ്ങന്നൂർ-പത്തനംതിട്ട മണ്ഡലത്തിൽ മാത്തുണ്ണി മത്സരിച്ചു. ചെങ്ങന്നൂർ താമരപ്പിള്ളി കൊച്ചുതൊമ്മൻ മുതലാളിയായിരുന്നു എതിരാളി. വാശിയേറിയ ഒരു വലിയ മത്സരമായിരുന്നു അത്. ഇരുവരും കുറെ ഏറെ പണം ചെലവാക്കി. വിദ്യാസമ്പന്നർക്കെല്ലാം മാത്തുണ്ണിയെപ്പറ്റി വളരെ മതിപ്പായിരുന്നു. ധാരാളം പണം ഇറക്കി കൊച്ചു തൊമ്മൻ വിജയം നേടി (നസ്രാണി ദീപിക, 04.06.1928, പു.3). ഈ തിരഞ്ഞെടുപ്പിനെക്കുറിച്ച് ഇ.വി. കൃഷ്ണപിള്ള എഴുതുന്നു ''ബുദ്ധിശക്തിയിലും സംഭാഷണചാതുരിയിലും മാത്തുണ്ണി ഗണനീയൻ തന്നെ ആയിരുന്നു. എതിരാളിയായ താമരപ്പിള്ളിക്ക് ഈ വകകൾ ഒന്നും ഇല്ലായിരുന്നു താനും. അങ്ങനെ ഒക്കെ ആണെങ്കിലും മുതലാളിയുടെ പണം വിജയം കരസ്ഥമാക്കി'' (ഇ.വിയുടെ തിരഞ്ഞെടുത്ത കൃതികൾ, 1994:863)

ശ്രീമൂലം പ്രജാസഭ (TSMA-2;1937-44)യിലേക്കുള്ള തിരഞ്ഞെടുപ്പിൽ (1937) നാമനിർദ്ദേശപത്രിക സമർപ്പിച്ചിരുന്നുവെങ്കിലും അവസാനനിമിഷം പിന്മാറി. ആദർശ പ്രണയിയായ ഈ യുവാവിന് വീട്ടുകാര്യങ്ങൾ നോക്കുന്നതിന് സൗകര്യമില്ലാതെ പോയതും സ്നേഹിതന്മാരെ അതിരുകടന്നു സഹായിക്കേണ്ടി വന്നതും ഈ തിരഞ്ഞെടുപ്പിന് ധാരാളം പണം ചെലവാക്കേണ്ടി വന്നതും ഒക്കെക്കൊണ്ട് അദ്ദേഹം പിൽക്കാലത്ത് നിർദ്ധനനായിത്തീർന്നുവെന്ന് ഇ.വി. കൃഷ്ണപിള്ള ജീവിത സ്മരണകളിൽ രേഖപ്പെടുത്തുന്നു.

ഭജേഭാരതം പത്രം തുടങ്ങുന്നു

തിരുവിതാംകൂറിലുള്ളവരെ രാഷ്ട്രീയപ്രബുദ്ധരാക്കാനും കോൺഗ്രസിന്റെ ആശയപ്രചാരണത്തിനുമായി 'ഭജേഭാരതം' പത്രം ചെങ്ങന്നൂരിൽ ആരംഭിച്ചു. പത്രത്തിന്റെ കോപ്പികൾ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞില്ല. 1925ലെ ഒരു പത്രവാർത്തയിൽ മാത്തുണ്ണിയെ ഭജേഭാരതം പത്രാധിപർ എന്നു വിശേഷിപ്പിച്ചു കാണുന്നു. 1924/25ൽ ആയിരിക്കണം പത്രത്തിന്റെ തുടക്കം. ഭജേഭാരതം ആദ്യം അച്ചടിച്ചതു തിരുവല്ല നാഷണൽ പ്രിന്റിങ് പ്രസ്സിലായിരുന്നു. തുടർന്ന് അതിന്റെ ആസ്ഥാനം ചെങ്ങന്നൂരിലേക്കു മാറ്റി. ഇന്നത്തെ ട്രാൻസ്പോർട്ട് ബസ് സ്റ്റാൻഡ് നിൽക്കുന്ന സ്ഥലത്തു സ്വന്തമായി മാത്തുണ്ണി ഒരു പ്രസ് തുടങ്ങി. ഭജേഭാരതത്തിന്റെ പത്രാധിപരും മാനേജരും പ്യൂണും എല്ലാം മാത്തുണ്ണി തന്നെയായിരുന്നു. അദ്ദേഹത്തിന്റെ നിഷ്കപടമായ ദേശാഭിമാനവും രാഷ്ട്രസേവനാഭിലാഷവും സ്വാതന്ത്ര്യബോധവും മാത്രമേ അതിന്റെ പിന്നിൽ ഉണ്ടായിരുന്നുള്ളൂ.

സാഹിത്യകാരനും സ്വാതന്ത്ര്യ സമര പ്രവർത്തകനുമായ പുത്തൻകാവ് മാത്തൻ തരകൻ(1903-1993) മാത്തുണ്ണിയുടെ കൂടെ പ്രവർത്തിച്ചതിനെപ്പറ്റി ആത്മകഥയിൽ ഇങ്ങനെ സ്മരിക്കുന്നു. ''ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ ഞാൻ അദ്ദേഹത്തെ സ്നേഹിച്ചിരുന്നതിനാലും ഇന്ത്യയെ ബ്രിട്ടീഷുകാരുടെ ഭരണത്തിൽനിന്നും മോചിപ്പിക്കണമെന്നുള്ള ആഗ്രഹം ചെറുപ്പം മുതൽക്കേ എന്നിൽ അങ്കുരിച്ചിരുന്നതിനാലും മാത്തുണ്ണിയെ പത്രപ്രവർത്തനത്തിൽ സഹായിക്കാൻ ചെറുപ്പം മുതൽക്കേ ഞാൻ ഭജേഭാരതം ആഫീസിൽ ചെല്ലുമായിരുന്നു. പത്രം മുഴുവൻ അച്ചടിച്ചുകഴിഞ്ഞാൽ അതുമടക്കി റാപ്പർ ഒട്ടിച്ച് അഞ്ചലാപ്പീസിൽ കൊണ്ടുചെന്നു നിക്ഷേപിക്കുന്നതിനും ചിലപ്പോഴൊക്കെ വരിക്കാരുടെ പക്കൽനിന്നും പണം പിരിക്കുന്നതിനും ഞാൻ

ഉത്സാഹിച്ചിരുന്നു. മാത്തുണ്ണിയുടെ സതീർത്ഥ്യന്മാരിൽ ഒരാളായിരുന്ന കരിമ്പനയ്ക്കൽ കെ. വി. ചാക്കോയും അന്ന് പത്രപ്രവർത്തനത്തിൽ മാത്തുണ്ണിയെ സഹായിച്ചിരുന്നു. ഭജേഭാരതത്തെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി ഞാനനുഷ്ഠിച്ച സേവനത്തിൽ എന്റെ ജീവിതത്തിനോ വീട്ടുജോലികൾക്കോ യാതൊരു പ്രതിബന്ധവും നേരിട്ടിരുന്നില്ല.'' സാഹിത്യകാരനായ പി. കേശവദേവ് കുറച്ചുകാലം ഭജേഭാരതത്തിൽ പ്രവർത്തിച്ചിരുന്നു. അക്കാലത്താണ് ഭഗത് സിങ്ങും കൂട്ടുകാരനും കൂടി ഡൽഹി ലെജിസ്ലേറ്റീവ് അസംബ്ലിയിൽ ബോംബെറിഞ്ഞത്. മഹാത്മാഗാന്ധിയും മറ്റു ദേശീയ നേതാക്കളും ആ ചെറുപ്പക്കാരുടെ ദേശാഭിമാനത്തെയും സ്വാതന്ത്ര്യ തൃഷ്ണയെയും മുക്തകണ്ഠം പ്രശംസിച്ചുവെങ്കിലും അവരുടെ പ്രവൃത്തിയെ ശക്തിയായി ആക്ഷേപിച്ചു. പക്ഷേ, ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രാധാന്യമേറിയ ആ സംഭവം, കേശവദേവിന്റെ ചിന്താഗതിയെ ശക്തിയായി സ്വാധീനപ്പെടുത്തുകയാണുണ്ടായത്. അടുത്തലക്കം 'ഭജേഭാരത'ത്തിൽ പ്രസിദ്ധീകരിക്കുവാൻ ദേവ്, 'ഇന്ത്യയുടെ മറുപടി' എന്ന തലക്കെട്ടിൽ ഒരു മുഖപ്രസംഗമെഴുതി. സാഴ്സിന്റെ വധവും അസംബ്ലിയിൽ ബോംബെറിഞ്ഞതും ബ്രിട്ടീഷ് ഭരണാധികാരികൾക്ക് ഇന്ത്യ കൊടുക്കുന്ന മറുപടിയാണെന്നായിരുന്നു ആ മുഖപ്രസംഗത്തിന്റെ സാരം. അഭിപ്രായവ്യത്യാസമുള്ള കാര്യമാകയാൽ, ദേവ് അത് മാത്തുണ്ണിയെ കാണിച്ചു. പ്രകൃത്യായുള്ള മന്ദഹാസത്തോടുകൂടിയാണെങ്കിലും ദൃഢസ്വരത്തിൽ മാത്തുണ്ണി പറഞ്ഞു.''ഇതു നമ്മുടെ പത്രത്തിൽ കൊടുക്കണ്ട. തെല്ലൊന്ന് ആലോചിച്ചിട്ട് മാത്തുണ്ണി സഗൗരവം പറഞ്ഞു:''കൊന്നിട്ടു കിട്ടുന്ന സ്വാതന്ത്ര്യം നമുക്കു വേണ്ട.'' ആ മുഖപ്രസംഗം പ്രസിദ്ധീകരിച്ചില്ല. കേശവദേവ് ഭജേഭാരതത്തിൽ നിന്നും രാജിവച്ചു.



പി. കേശവദേവ്



മഹാകവി പുത്തൻകാവ് മാത്തൻ തരകൻ

ഭജേഭാരതം രാജദ്രോഹക്കേസ്

തിരുവിതാംകൂർ-ബ്രിട്ടീഷ് ഗവൺമെന്റുകൾക്കെതിരായ ലേഖനങ്ങളും മുഖപ്രസംഗങ്ങളും ഭജേഭാരതത്തിൽ വന്നുകൊണ്ടിരുന്നു. ഗുണ്ടാരാജ് എന്ന പേരിൽ പ്രസിദ്ധീകരിച്ചുവന്ന ഒരു മുഖപ്രസംഗം തിരുവിതാംകൂർ ഗവൺമെന്റിനെ ചൊടിപ്പിച്ചു. മുഖപ്രസംഗം പ്രസിദ്ധീകരിച്ചതിനു പത്രത്തിനെതിരെ ഗവൺമെന്റ് നടപടി കൈക്കൊണ്ടു. ക്ഷമചോദിക്കണമെന്നും മേലിൽ ഇത്തരം ലേഖനങ്ങൾ എഴുതരുതെന്നും ആവശ്യപ്പെട്ടുകൊണ്ടു ചീഫ് സെക്രട്ടറി ഭജേഭാരതത്തിനു കത്ത് അയച്ചു. എന്നാൽ, മാത്തുണ്ണി ക്ഷമ ചോദിക്കാൻ തയ്യാറായില്ല. തുടർന്നും അത്തരം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. ഗവൺമെന്റ് രാജദ്രോഹ കുറ്റം ആരോപിച്ചു പത്രം കണ്ടുകെട്ടി. എഡിറ്റർമാരായ എം. മാത്തുണ്ണിക്കും സി.കെ.ശങ്കരപ്പിള്ളക്കും എതിരെ കോടതി നടപടികൾ ആരംഭിച്ചു. പ്രശസ്ത ക്രിമിനൽ വക്കീൽ മള്ളൂർ ഗോവിന്ദപിള്ളയായിരുന്നു സർക്കാരിനു വേണ്ടി വാദിച്ചത്. പ്രോസിക്യൂഷൻ ഭാഗത്തു നിന്നും മള്ളൂർ ഗോവിന്ദപ്പിള്ള പ്രസ്തുതപത്രത്തിൽ പ്രസിദ്ധം ചെയ്തിരുന്നതും കേസിനു ഹേതുവായതുമായ ഗുണ്ടാരാജ് എന്ന മുഖപ്രസംഗം കോടതിയിൽ വായിച്ചു ക്ഷമായാചനം ചെയ്യണമെന്നു കാണിച്ച് ചീഫ് സെക്രട്ടറി അയച്ച നോട്ടീസിനു ശേഷവും ഈദൃശങ്ങളായ ലേഖനങ്ങളും മുഖപ്രസംഗങ്ങളും പ്രസിദ്ധം ചെയ്തിട്ടുണ്ടെന്നു പറഞ്ഞു. (നസ്രാണി ദീപിക, 09.01.1931 പു. 2).

കേസുമായി ബന്ധപ്പെട്ടു കോടതിയിൽ നടന്ന കാര്യങ്ങൾ വളരെ വിശദമായി തിരുവിതാംകൂർ പത്രങ്ങൾ റിപ്പോർട്ട് ചെയ്തുകൊണ്ടിരുന്നു. മള്ളൂർ ഗോവിന്ദപ്പിള്ളയുടെ ഹിയറിങ്ങിന്റെ ചുരുക്കം ഒരു പത്രത്തിൽ ഇങ്ങനെ കാണുന്നു: ''വാദിഭാഗം വക്കീൽ മി. മള്ളൂർ ഗോവിന്ദപ്പിള്ള തിരുവിതാംകൂർ പീനൽകോഡു 117-ാം വകുപ്പു വായിച്ച് ആ വകുപ്പിൽ അടങ്ങിയിട്ടുള്ള കുറ്റങ്ങളെ വിവരിച്ചശേഷം പ്രോസിക്യൂഷനു ഹേതുവായ ഗുണ്ടാഭരണം എന്ന ലേഖനം വായിച്ചു. അതു തിരുവിതാംകൂർ-ബ്രിട്ടീഷ് ഗവൺമെന്റുകളോടു വെറുപ്പും വിദ്വേഷവും നിന്ദയും എങ്ങിനെ ഉളവാക്കി എന്നു വിശദമാക്കുകയാണു ചെയ്തത്. അനന്തരം പ്രസ്തുത പത്രത്തിൽ പ്രസിദ്ധം ചെയ്തിരുന്ന 'സ്വാതന്ത്ര്യഭാരതത്തിൽ കേരളം എവിടെ?' 'ഇമിറ്റേഷ്യൻ ഗവർമ്മെന്റ്' എന്നിത്യാദി ലേഖനങ്ങൾ വായിച്ചു അവയിൽ നിന്നു പല ഭാഗങ്ങളും ഉദ്ധരിച്ചു പ്രതികൾ ഗവൺമ്മെന്റിനോടു വെറുപ്പും വിദ്വേഷ

എം. മാത്തുണ്ണിയുടെ കല്ലറയ്ക്ക് മുന്നിൽ സാംസ്കാരിക പ്രവർത്തകർ പ്രണാമം അർപ്പിക്കുന്നു

വും ജനിപ്പിക്കുന്നതിനു മന:പൂർവമായി തുനിഞ്ഞു എന്നും വിശദപ്പെടുത്തി. ഇതിലെ രണ്ടാം പ്രതിയും ഒന്നാം പ്രതിയെപ്പോലെ കുറ്റക്കാരനാണെന്നും അവർ രണ്ടാളും ജോയിന്റ് എഡിറ്റേഴ്സായിട്ടാണു പ്രസിദ്ധപ്പെടുത്തീട്ടുള്ളതെന്നും മറ്റും വാദിച്ചു. ഒടുവിൽ ഗവൺമെന്റിനു പ്രതികാരം ചെയ്യണമെന്നു ഉദ്ദേശമില്ലായിരുന്നു എന്നും ക്ഷമായാചനം ചെയ്യണമെന്നാവശ്യപ്പെട്ടാറെ പ്രതികൾ അതിനു വിസമ്മതിച്ചതിനു പുറമേ പ്രസ്തുത ലേഖനങ്ങൾ റീപ്രിന്റ് ചെയ്തു കൊല്ലം മുതലായ പട്ടണത്തിൽ വിതരണം ചെയ്തു എന്നും അവ വീണ്ടും പ്രസിദ്ധീകരിച്ചതു തന്നെ രാജദ്രോഹമാണ്.'' തിരുവിതാംകൂറിലെ അന്നത്തെ രാഷ്ട്രീയത്തിലെ പ്രധാന സംഭവങ്ങളിലൊന്നായി ഭജേഭാരതം കേസ് മാറി. കോടതിവിധിയിൽ മാത്തുണ്ണിക്കും ശങ്കരപ്പിള്ളയ്ക്കും കഠിനതടവും 250 രൂപ പിഴയും വിധിച്ചു. 1930/31 കാലയളവു വരെ 'ഭജേഭാരതം' പത്രം നിലനിന്നിരുന്നു.

ചെങ്ങന്നൂർ പൗരസമത്വവാദ സമ്മേളനം

ഭജേഭാരതം പത്രാധിപർ മി. മാത്തുണ്ണിയുടെ ഉജ്ജ്വലഗംഭീരമായ സ്വാഗതപ്രസംഗമാണ് പ്രഥമത: നടന്നത്. ''ഇന്നത്തെ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നാനാവശങ്ങളേയും സന്ധിയാലോചനയിൽ ഉൾപ്പെടെ കൂട്ടർക്കു പറ്റിയ അമിളിയേയും ജനങ്ങൾ തന്നെ നേതാക്കന്മാരെ സൃഷ്ടിക്കേണ്ട അത്യന്താവശ്യകതയേയും വിജയലക്ഷ്യം വരെ പ്രക്ഷോഭണം ശക്തിയായി നടത്തികൊണ്ടു പോകേണ്ടതിന്റെ ആവശ്യകതയേയും മറ്റും പറ്റി മി. മാത്തുണ്ണി ചെയ്ത പ്രസംഗം ശ്രദ്ധേയമായ ഒന്നു തന്നെയായിരുന്നുവെന്നു ചുരുക്കിപ്പറയുവാനെ നിവർത്തിയുള്ളൂ'' (നസ്രാണി ദീപിക 09.02.1934, പു.5)

തികഞ്ഞ ഗാന്ധിയൻ

ആദർശാധിഷ്ഠിതമായൊരു രാഷ്ട്രീയം ജീവിതത്തിനുടമ ആയിരുന്നു എം. മാത്തുണ്ണി. മഹാത്മാഗാന്ധി ആയിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയാചാര്യൻ. അഹിന്ദുക്കൾ വൈക്കം സത്യഗ്രഹത്തിൽ പങ്കെടുക്കേണ്ടതില്ല എന്ന ഗാന്ധിജിയുടെ നിർദ്ദേശത്തെ തുടർന്നാണ് അദ്ദേഹം സമരത്തിൽ നിന്നു പിന്മാറിയത്. എങ്കിലും പ്രചാരണ പരിപാടികളിലും മറ്റും സജീവമായിരുന്നു. ഗാന്ധിജിയുടെ തിരുവിതാംകൂർ സന്ദർശനങ്ങളിൽ പ്രാദേശിക തലങ്ങളിലെ സംഘാടനങ്ങളിൽ മാത്തുണ്ണി നിറഞ്ഞു നിന്നു. ഗാന്ധിയൻ ആദർശത്തെ മുറുകെ പിടിച്ചു കൊണ്ടായിരുന്നു ഭജേഭാരതം പത്രത്തിന്റെ നടത്തിയിരുന്നത്.

അന്ത്യനിദ്ര

1937 ഏപ്രിൽ 17ന് മാത്തുണ്ണി അന്തരിച്ചു. ടൈഫോയ്ഡ് ആയിരുന്നു മരണകാരണം. തിരുവല്ല ആശുപത്രിയിലായിരുന്നു അന്ത്യം. പത്രങ്ങളിൽ വന്ന മരണവാർത്തയിൽ നിന്ന് ഒരുഭാഗം ഇവിടെ ചേർക്കാം: ''ശ്രീമൂലം അസംബ്ലി സ്ഥാനത്തിനുവേണ്ടി സമർപ്പിച്ചിരുന്ന നിർദ്ദേശപത്രിക കഴിഞ്ഞ വെള്ളിയാഴ്ച പിൻവലിച്ചശേഷം ഏതോ കാര്യത്തിനായി സ്വമാതൃസഹോദരിപുത്രനായ, കുമ്പനാട്ടു സോപ്പ് ഫാക്ടറി ഉടമസ്ഥൻ മി. മാത്യൂസിന്റെ വസതിയിലേക്കു പോകയും ഞായറാഴ്ച ഒരു പനി പിടിപെടുകയും അതു വിഷമജ്വരമായി പരിണമിക്കുകയും ഇന്നലെവരെ അവിടത്തന്നെ, തിരുവല്ലാ മെഡിക്കലോഫീസർ ഡാക്ടർ സി.കെ. ജോർജിന്റെ ചികിത്സയിൽ കിടന്നശേഷം ഡാക്ടറുടെ നിർദ്ദേശപ്രകാരം ഇന്നലെ വൈകിട്ട് അഞ്ചു മണിക്കു തിരുവല്ലാ അസ്പത്രിയിലേക്കു കൊണ്ടുപോകയും അവിടെവച്ചു ചരമം പ്രാപിക്കയുമാണുണ്ടായത്.'' പിറ്റേന്ന് ഉള്ളന്നൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ പ്രത്യേകം തയ്യാറാക്കപ്പെട്ട കല്ലറയിൽ സംസ്കാരം നടത്തി. തുമ്പമൺ ഭദ്രാസനമെത്രാപ്പൊലീത്ത പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് ആയിരുന്നു സംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്.

ഉപസംഹാരം

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് മഹത്തായ സംഭാവനകൾ നല്കിയ മലയാളിയായ എം. മാത്തുണ്ണിയെക്കുറിച്ച് പക്ഷേ, ചരിത്രം ഒന്നും രേഖപ്പെടുത്തിയില്ല. അദ്ദേഹത്തിന്റെ ഒരു ചിത്രമോ ഭജേഭാരതം പത്രത്തിന്റെ ഒരു കോപ്പി പോലുമോ ഇനിയും ലഭ്യമായിട്ടില്ല. മാത്തുണ്ണിയുമായി നേരിട്ടു ബന്ധമുള്ള ഏതാനും ചിലരുടെ ആത്മകഥകളും അക്കാലത്തെ പത്രങ്ങളും ഉപയോഗിച്ചു മാത്തുണ്ണിയുടെ ജീവിതത്തെയും കാലത്തെയും കണ്ടെത്താനുള്ള ഒരു ശ്രമം മാത്രമാണ് ഈ ലേഖനം. ഇനിയും കൂടുതൽ രേഖകൾ കണ്ടെത്തി ധീരദേശാഭിമാനിയുടെ ധന്യജീവിതത്തെ കൂടുതൽ വ്യക്തമായി അടയാളപ്പെടുത്തേണ്ടതുണ്ട്. ■

In Loving Memory of

E.J Mammen Sheeba Jacob

Kuttipeedikayil

Ullannoor Kulanada

125

വർഷങ്ങൾ പിന്നിടുമ്പോൾ ഇടവകയുടെ ദൗത്യം

ജോൺ മത്തായി
ഐഎഎസ് (റിട്ട)
മുൻ ചീഫ് സെക്രട്ടറി

ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയുടെ 125-ാം വാർഷികം ആഘോഷിക്കുന്ന ഈയവസരത്തിൽ, പരിശുദ്ധമാതാവിനോടും വിശിഷ്യാ ദൈവത്തോടും നന്ദിപറയുക എന്നുള്ളത് ഈ പ്രദേശത്തെ എല്ലാ വ്യക്തികളുടെയും കടമയാണ്. നൂറ്റാണ്ടുകളായി ദൈവം നമ്മുടെ ഇടയിൽ ജീവിക്കുന്നുവെന്ന് നമ്മെ ഓർമ്മിപ്പിക്കുകയാണ് എന്റെ നാട്ടിലെ പൗരാണികമായ ഈ ദേവാലയം.

പള്ളിയുടെ ശതാബ്ദി വേളയിൽ, ഉള്ളന്നൂരുകാരനും എന്റെ ജ്യേഷ്ഠനുമായ അഭിവന്ദ്യ സിറിൽ ബസേലിയോസ് തിരുമേനി നടത്തിയ പ്രസംഗം ഓർക്കുകയാണ്.

ഒരിക്കൽ ഒരു യുക്തിവാദി ചോദിച്ചുപോലും, സർവ്വവ്യാപിയായ ദൈവത്തെ ഒരു ദേവാലയത്തിൽ ഒതുക്കുവാൻ എങ്ങനെ സാധിക്കും? മറുപടിയായി തിരുമേനി പറഞ്ഞു: ''ദൈവം സർവ്വവ്യാപിയാണെന്ന് നമുക്കറിയാം. പക്ഷേ, സർവ്വവ്യാപിയായിരിക്കുന്ന ദൈവത്തെ അനുഭവിക്കുന്നതിന്, മനുഷ്യന്റെ ചെറുതായ അവസ്ഥയിൽ അനുഭവിക്കുന്നതിന്, നമുക്ക് നമ്മുടേതായ സങ്കേതങ്ങൾ ആവശ്യമാണ്. നമ്മുടെ ജീവിതത്തിലൂടെയാണ് ദൈവത്തെ നാം അനുഭവിക്കുന്നത്. ദൈനംദിന സംഭവങ്ങളിലൂടെയാണ് ദൈവത്തിന്റെ സാന്നിദ്ധ്യം നമ്മൾ അനുഭവിക്കുന്നത്. ദൈവത്തെ ഒരു സങ്കേതത്തിൽ ഒതുക്കുകയല്ല, സങ്കേതത്തിൽ കൂടിയാണ് ദൈവസാന്നിദ്ധ്യം നമുക്കു കൈവരുന്നത്.''

ദൈവം നമ്മുടെ ഇടയിൽ ജീവിക്കുന്നു എന്നതാണ് ശ്രദ്ധേയം. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നാണ് ദൈവത്തിന്റെ നാമം. ദൈവം നമ്മുടെ മദ്ധ്യത്തിലുണ്ട് എന്നതിന്റെ സാക്ഷ്യമാണ് ഈ ദേവാലയം. അങ്ങനെ ദൈവത്തിന്റെ സവിശേഷമായ സാന്നിദ്ധ്യം ഉള്ളന്നൂർനിവാസികൾ കഴിഞ്ഞ 125 വർഷമായി നിരന്തരം അനുഭവിക്കുകയാണ്.

എഡി 52ൽ മാർത്തോമ്മ ശ്ലീഹ കേരളക്കരയിലേക്ക് വന്നതു മുതൽ അവകാശപ്പെടുന്ന ഒരു ക്രിസ്തീയ പാരമ്പര്യം കേരളത്തിലെ മാർത്തോമ്മ ക്രിസ്ത്യാനികൾക്ക് ഉണ്ട്. മാർത്തോമ്മ ശ്ലീഹ സ്ഥാപിച്ചതായി കരുതുന്ന ഏഴരപ്പള്ളികൾ തുടങ്ങി ആയിരക്കണക്കിനു പള്ളികൾ രണ്ടായിരം വർഷങ്ങളായി കേരളക്കരയിൽ അങ്ങോളമിങ്ങോളം പണിതുയർത്തപ്പെട്ടിട്ടുണ്ട്. രണ്ടായിരം വർഷങ്ങളിലെ ക്രിസ്തീയ പാരമ്പര്യമുള്ള ഒരു സമുദായത്തിന് 125 വർഷം പഴക്കമുള്ള ഒരു പള്ളിയെപ്പറ്റി വലുതായി കരുതുവാൻ സാധിക്കുകയില്ല. എന്നാൽ, പരിശുദ്ധനായ പരുമല ഗ്രിഗോറിയോസ് തിരുമേനിയാൽ തന്നെ സ്ഥാപിതമായ ഉള്ളന്നൂർ വലിയപള്ളി, ഇക്കാലമത്രയും ഈ പ്രദേശത്തിന്റെ ദൈവചൈതന്യമായി നിലനിൽക്കുന്നത് നാട്ടുകാർക്ക് ജാതിമതഭേദമന്യേ സന്തോഷത്തിനും ചാരിതാർത്ഥ്യത്തിനും നിദാനമാണ്.



അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് ബാവ തിരുമേനി

ഈ ഗ്രാമത്തിന്റെ ആത്മീയ പ്രചോദനത്തിനും സാംസ്കാരിക ഉന്നമനത്തിനും പരിശുദ്ധ മാതാവിന്റെ നാമത്തിലുള്ള ഈ പള്ളി അവിസ്മരണീയമായ സംഭാവനകളാണ് നൽകിയിട്ടുള്ളത്. തലമുറകളായി നാം ഈ ദൈവാലയത്തോടു കടപ്പെട്ടിരിക്കുന്നു. ഇവിടത്തെ പള്ളിമണികൾ നമ്മുടെ മനസ്സിലുറച്ചിരിക്കുന്നു.

സഭ, യേശുക്രിസ്തുവിന്റെ ഭൗതിക ശരീരമാണെന്നു, വിശ്വാസം നമ്മെ ഉദ്ബോധിപ്പിക്കുന്നു. വിശ്വാസികൾ ദൈവത്തിന്റെ ജനവും അഭിനവ ഇസ്രേയലുമാണെന്ന് വേദപുസ്തകവ്യാഖ്യാനങ്ങൾ വ്യക്തമാക്കുന്നു. മാമോദീസ വഴി ക്രിസ്തുവിനോടു ചേർന്ന് ഒരു ശരീരമായിത്തീരുന്നതു മൂലം, ദൈവജനമായി രൂപംകൊള്ളുന്നവരാണ് ക്രൈസ്തവ വിശ്വാസികളും അവരുടെ ഇടവകയും.

ഇക്കാരണത്താൽ ഓരോ വിശ്വാസിയും തന്റേതായ ജീവിതാന്തസ്സിൽ കഴിയുമ്പോൾ തന്നെ ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും പങ്കാളിയാകുന്നു. ക്രിസ്തു സഭയെ ഏൽപിച്ച ദൗത്യം ലോകത്തിൽ പൂർത്തിയാക്കാൻ ഓരോ വിശ്വാസിയും തന്റേതായ പ്രത്യേക പ്രവൃത്തിമണ്ഡലത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. ഇടവകയിൽ അംഗമായിരിക്കുമ്പോൾ വിശുദ്ധമായ ജീവിതം നയിക്കുവാനും സഭയുടെ വളർച്ചയെ സഹായിക്കുവാനും രക്ഷയുടെ ദിവ്യസന്ദേശം എല്ലാ ജനതകൾക്കും എത്തിച്ചു കൊടുക്കുവാനും അൽമായർ കടപ്പെട്ടിരിക്കുന്നു.

ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്ന അജപാലകർ വിശ്വാസത്തിന്റെ അദ്ധ്യാപകരും സഭയുടെ നേതാക്കളും എന്ന നിലയിൽ പഠിപ്പിക്കുമ്പോൾ വിശ്വാസത്തോടെ അവ അനുസരിക്കുവാൻ സഭ നമ്മോട് ആവശ്യപ്പെടുന്നു.

സഭയുടെ നാനാമുഖമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാം സംഭരിച്ചു കൊടുക്കുവാനും, ദരിദ്രർക്ക് സഹായങ്ങൾ എത്തിച്ചു കൊടുക്കുവാനും അൽമായർക്കു ചുമതലയുണ്ട്. ഇടവക അതിനുള്ള വേദിയാണ്. സഭയിൽ അൽമായരുടെ ഭാഗഭാക്ക് ആദിമകാലം മുതൽ നിലനിന്നിരുന്നു. ഇവ അപ്പൊസ്തലന്മാരുടെ പ്രവൃത്തികളിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധനായ പൗലൊസിന്റെ സുവിശേഷപ്രവർത്തനങ്ങളിൽ, ആത്മവിശുദ്ധിയോടെ പ്രവർത്തിച്ച ധാരാളം ആദിമ ക്രിസ്ത്യാനികളെ നാം കാണുന്നുണ്ട്. വിശ്വാസികൾ ഇടയന്മാർക്കും ദൈവജനത്തിനും ഉത്തേജനം നൽകേണ്ടത് എങ്ങനെയെന്ന് കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ പതിനാറാം അധ്യായത്തിൽ പൗലൊസ് ശ്ലീഹ വിവരിക്കുന്നുണ്ട്. സഭയുടെ പ്രാരംഭകാലഘട്ടങ്ങളിൽ ഉണ്ടായിരുന്ന ആ ബോധ്യം കാലാന്തരത്തിൽ മങ്ങിപ്പോയിരിക്കുകയാണ്.

കർമ്മോത്സുകമായ അൽമായ സാന്നിദ്ധ്യമില്ലാതെ ജനങ്ങളുടെ മനസ്സിലും ജീവിതത്തിലും പ്രവൃത്തിയിലും സുവിശേഷം ആഴമായി പതിയുകയില്ല.

വിദ്യാലയം, കുടുംബം, യുവജനസമൂഹം, രാഷ്ട്രീയവും സാമുദായികവുമായ മേഖലകൾ തുടങ്ങിയവയാണ് അൽമായരുടെ പ്രേക്ഷിത മണ്ഡലങ്ങൾ. തങ്ങൾക്കു ചേർന്ന പ്രേക്ഷിത പ്രവൃത്തിക്ക് അനുയോജ്യമായി തീരത്തക്ക ശിക്ഷണം അൽമായർക്കു ലഭിക്കണം. സൺഡേസ്കൂൾ പ്രസ്ഥാനം വഴിയും മറ്റും ചെറുപ്പം മുതലേ അവരെ ഇതിനുവേണ്ടി പരിശീലിപ്പിക്കണം. ഇതിനു സഭാധികാരികളും ഇടവകാധികാരികളും ഇടവക മൊത്തമായും കടപ്പെട്ടിരിക്കുന്നു.

യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിലും രാജത്വത്തിലും പ്രവാചകത്വത്തിലും പങ്കുചേരുന്ന ദൈവജനത്തിന്റെ ചെറിയ ഘടകമാണ് ഇടവക. ഒട്ടേറെ

Aleyamma Yohannan and Yohannan

Mariyamma Chacko and T. J. Chacko

Sosamma Thomas and T. J. Thomas

Thankamma Daniel and Daniel

Aleyamma George

T. C. Samuel



T. J. Daniel

IN LOVING *memory*

of the departed souls of

Thachakkunnil Family

ഈ ഗ്രാമത്തിന്റെ ആത്മീയ പ്രചോദനത്തിനും സാംസ്കാരിക ഉന്നമനത്തിനും പരിശുദ്ധ മാതാവിന്റെ നാമത്തിലുള്ള ഈ പള്ളി അവിസ്മരണീയമായ സംഭാവനകളാണ് നൽകിയിട്ടുള്ളത്. തലമുറകളായി നാം ഈ ദൈവാലയത്തോടു കടപ്പെട്ടിരിക്കുന്നു. ഇവിടത്തെ പള്ളിമണികൾ നമ്മുടെ മനസ്സിലുറച്ചിരിക്കുന്നു.

മാനുഷിക വൈരുദ്ധ്യങ്ങളെ ഇടവക സ്വപരിധിക്കുള്ളിൽ കൂട്ടിയിണക്കിയും സഭയുടെ സാർവ്വത്രികത്വത്തിലേക്കു കൊണ്ടുവരുകയും ചെയ്യുന്നു. ഒരേ വിശ്വാസത്തിലേക്കു കടന്നുവരുകയും ഒരേ ദേവാലയത്തെ കേന്ദ്രീകരിച്ചു നിലകൊള്ളുകയും ഒരേ ഇടയനാൽ നയിക്കപ്പെടുകയും ചെയ്യുന്ന സമൂഹമാണ് ഇടവക. മറ്റു ജനങ്ങളുടെ മധ്യേ കഴിയുന്ന ഈ ഇടവകസമൂഹം തങ്ങളുടെ ചുറ്റുമുള്ള ജനങ്ങളിലേക്ക് യേശുവിനെ പകരുന്നു. ദൈവസ്നേഹത്തിന്റെ ദൃശ്യചിഹ്നമായി വ്യക്തിപരമായും സംഘമായും വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും രക്ഷയുടെ വഴി അവർ ചുറ്റുമുള്ളവർക്ക് എത്തിച്ചു കൊടുക്കുന്നു.

അങ്ങനെ ദൈവത്തിന്റെ കരസ്പർശം എല്ലാ ജാതി മതസ്ഥർക്കും അനുഭവവേദ്യമാക്കുന്നു. ഇടവകാംഗങ്ങൾ എല്ലാവരുടെയും മനസ്സാ വാചാ കർമ്മണായുള്ള കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ ഈ ലക്ഷ്യത്തിലെത്തിച്ചേരാനാകൂ. അങ്ങനെ ഇടവക മതാത്മക ജീവിതത്തിന്റെ കേന്ദ്രവും പ്രേക്ഷിത പ്രവർത്തനത്തിന്റെ കലവറയുമാണ്. ഈ സഹസ്രാബ്ദത്തിൽ യേശുശിഷ്യർ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും ആയിരിക്കുമോ എന്നുള്ളതാണ് നമ്മുടെ മുമ്പിലുള്ള ചോദ്യം.

ഉള്ളന്നൂർ വലിയ പള്ളിയിലെ പ്രഗദ്ഭരായ പൂർവ്വികർ ഇടവകയുടെ ഉത്തരവാദിത്തവും കടമയും നന്നായി മനസ്സിലാക്കിയിരുന്നവരാണ്. 'ഞാൻ നന്നായി പൊരുതി, എന്റെ ഓട്ടം പൂർത്തിയാക്കിയിരിക്കുന്നു' എന്ന് പറഞ്ഞു മൺമറഞ്ഞ ആ പിതാക്കന്മാരെ നമുക്ക് ഓർക്കാം. തലമുറ തലമുറകളായി കഴിഞ്ഞ 125 വർഷം ഉള്ളന്നൂർ പ്രദേശത്തിന്റെ ദൈവിക വെളിച്ചമായി നിലകൊള്ളുന്ന ഈ മഹത്തായ വലിയ പള്ളി, നമ്മുടെ ആത്മീയ കേന്ദ്രമായും നാടിന്റെ ഐശ്വര്യത്തിന്റെയും ദൈവാത്മകതയുടെയും കെടാവെളിച്ചമായും പ്രശോഭിക്കട്ടെ.

In Loving Memory of

P.O. George Annamma George P.G. Varghese

PALAMOOTTIL FAMILY
Ullannoor

ഓർമ്മയിൽ ഒരു ജലച്ചായ ചിത്രം.



ഡോ. കെ.എസ്. രവികുമാർ

നേർത്ത കുളിരു പകരുന്നവയാണ് ധനുമാസത്തിലെ വൈകിയുണരുന്ന പ്രഭാതങ്ങൾ. പുൽത്തുമ്പുകളിൽ വർണവിസ്മയം തീർക്കുന്ന മഞ്ഞുതുള്ളികൾ. വജ്രകാന്തിയുള്ള പ്രസന്നമായ പുലരികൾ. വീട്ടുമുറ്റത്തു നിന്നാൽ പകൽ വെളിച്ചത്തിൽ തെളിഞ്ഞുകണ്ടിരുന്ന കിഴക്കുഭാഗത്തെ കുന്നുകൾ അവ്യക്തനീലിമയുടെ മൂടുപടമണിയുന്നു. ആണ്ടിൽ ഏറെക്കാലവും വെള്ളം കയറിക്കിടക്കാറുള്ള വീടരികിലെ പുഞ്ചപ്പാടങ്ങൾ തിളങ്ങുന്ന പച്ചനിറത്തിൽ ഇളംനെല്ലു വളരുന്ന വയലുകളായി ഉയിർത്തെഴുന്നേൽക്കുന്നു.

ഉച്ചവെയിലിൽപോലും തണലിൽ നിൽക്കുമ്പോൾ നേർത്ത തണുപ്പ്. പകൽവേളകളിലെ തെളിഞ്ഞ വെയിലിന് സൗമ്യമായ തിളക്കം. ചുവപ്പു കലർന്ന സ്വർണവെളിച്ചവുമായി നേരത്തെയെത്തുന്ന സായാഹ്നങ്ങൾ. ഇളംകുളിരുമായി കടന്നുവരുന്ന വിനീതമായ സന്ധ്യ. സാന്ദ്രമായ നീലാകാശത്തിൽ കണ്ണുചിമ്മുന്ന നക്ഷത്രങ്ങൾ. നേർത്ത പാലപ്പൂമണം ഒഴുകിവരുന്ന തണുത്ത രാത്രികൾ.

അരനൂറ്റാണ്ടിനു മുമ്പുള്ള കാലമാണ്. വൈദ്യുതിയെത്താത്ത തനിനാട്ടിൻപുറത്തിന്റെ വിജനപ്രാന്തത്തിൽ പുലിക്കുന്നിന്റെ തെക്കേച്ചരിവിലുള്ള വീട്ടിൽ ഏറെ പ്രായവ്യത്യാസമുള്ള സഹോദരങ്ങൾക്കിടയിൽ വളർന്ന എന്റെ ബാല്യകൗമാരങ്ങളിലെ ചങ്ങാതിമാർ ഏകാന്തതയും പുസ്തകങ്ങളുമായിരുന്നു.

ഏറെ നീളത്തിൽ കിടക്കുന്ന പുഞ്ചപ്പാടങ്ങളുടെ കരയിലുള്ള ഞങ്ങളുടെ വീടിന്റെ മുമ്പിലെ അന്നത്തെ ഒറ്റയടിപ്പാതയിലൂടെ ഏതാണ്ട് അര കിലോമീറ്ററോളം പടിഞ്ഞാറോട്ട് നടന്നാലേ വാഹനഗതാഗതമുള്ള റോഡിലെത്താൻ കഴിയുമായിരുന്നുള്ളൂ. (ആ ഒറ്റയടിപ്പാത ഇപ്പോൾ ധാരാളം വാഹനങ്ങൾ പോകുന്ന വീതിയുള്ള ടാർ റോഡാണ്). വീട്ടിൽനിന്നിറങ്ങി കുറച്ചു ചെല്ലുമ്പോൾ ഒരു വളവു തിരിഞ്ഞാണ് പാത വയലോരത്തുകൂടി റോഡിലേക്കെത്തുന്നത്. വയലോരത്തെ പാതയി

ലൂടെ വീട്ടിലേക്ക് തിരിച്ചുവരുമ്പോൾ വയലിന്റെ മറുകരയിൽ അകലെയായി കിഴക്ക് പോളച്ചിറയ്ക്കും അക്കരെയുള്ള ചെറിയ പള്ളിയുടെ മുഖപ്പും ഉയർന്നു നില്ക്കുന്ന കുരിശും കാണാമായിരുന്നു.

വൈകുന്നേരങ്ങളിൽ വിജനമായ ആ ഒറ്റയടിപ്പാതയിലൂടെ വീട്ടിലേക്കു പോകുമ്പോൾ പടിഞ്ഞാറു ചാഞ്ഞ സൂര്യനിൽ നിന്നുള്ള കിരണങ്ങളേറ്റ് പള്ളിക്കുരിശ് തിളങ്ങുന്നത് കാണാമായിരുന്നു. ഒരു ജലച്ചായ ചിത്രംപോലെ അന്ന് മനസ്സിൽ പതിഞ്ഞ മായാത്ത ദൃശ്യമാണത്. അല്പം മങ്ങിയ മഴക്കാലസന്ധ്യകളിൽ വെള്ളം കയറിക്കിടക്കുന്ന വിശാലമായ പുഞ്ചയുടെയും അതിനപ്പുറം മറുകരയിലെ പള്ളിയുടെയും കുരിശിന്റെയും കാഴ്ച അകാരണമായ ഏതോ അസ്പഷ്ടവിഷാദം മനസ്സിലുണർത്തും. ഇടയ്ക്ക് പള്ളിയിൽ നിന്നുള്ള നേർത്ത മണിനാദം സാന്ത്വനമായി ഒഴുകിയെത്തിയിരുന്നു. അപ്പോൾ ജി. ശങ്കരക്കുറുപ്പിന്റെ 'ഇന്നു ഞാൻ നാളെ നീ' എന്ന കവിതയിലെ വരികൾ ഓർമ്മയിലെത്തും.

''അന്തികത്തുള്ളോരു പള്ളിയിൽ നിന്നുടൻ
പൊന്തി, 'ണാം' 'ണാ'മെന്നു ദീനമണിസ്വനം
രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറ-
ത്തുണ്ടായൊരാ മഹാത്യാഗത്തെയിപ്പൊഴും
മൂകമാണെങ്കിലുമുച്ചത്തിൽ വർണ്ണിക്കു-
മേകമുഖമാം കുരിശിനെ മുത്തുവാൻ
ആരാലിറങ്ങിവരും ചില മാലാഖ-
മാരായ് വരാം കണ്ട വെൺമുകിൽത്തുണ്ടുകൾ.
പാപം ഹരിച്ചു പാരിന്നു വിണ്ണേറുവാൻ
പാത കാണിക്കും കുരിശേ ജയിക്കുക.''

ഉച്ചഭാഷിണിയുടെ അലർച്ചകൾ ആക്രമിക്കാത്ത അന്നത്തെ വൃശ്ചികം-ധനുമാസങ്ങളിലെ പ്രഭാതങ്ങളിലും സന്ധ്യകളിലും അയ്യപ്പന്മാരുടെ ശരണം വിളി കേൾക്കാമായിരുന്നു. എന്റെ കുട്ടിക്കാലത്തെ ഡിസംബർ ദിനങ്ങളെക്കുറിച്ചുള്ള ഓർമ്മയിൽ പ്രകൃതിയുടെ ഇത്തരം ഭാവങ്ങളും അനുഭവങ്ങളും ശക്തമായി കടന്നുവരുന്നു.

എന്റെ വീട്ടുപരിസരങ്ങളിൽ ക്രൈസ്തവ ഭവനങ്ങൾ ഉണ്ടായിരുന്നില്ല. അതിനാൽ ചെറുപ്പത്തിൽ നേരിട്ടുള്ള കാര്യമായ ക്രിസ്മസ് സ്മരണകളും ഉണ്ടായിട്ടില്ല. എങ്കിലും, കുട്ടിക്കാലത്തുതന്നെ വായനയിൽ ഏറെ താത്പര്യം പുലർത്തിയിരുന്ന എന്റെ മനസ്സിൽ ഒരുപാട് ക്രിസ്മസ് ചിത്രങ്ങൾ പതിഞ്ഞിരുന്നു. 1960കളിലും 70കളിലും ലഭിച്ചിരുന്ന വർണചിത്രങ്ങളുള്ള മനോഹരമായ റഷ്യൻ ബാലസാഹിത്യപുസ്തകങ്ങളിലെ ചില കഥകളിൽ മഞ്ഞുകാലവും ക്രിസ്മസ് ആഘോഷങ്ങളും ഹൃദയസ്പർശിയായി ആവിഷ്കരിച്ചിരുന്നു. റഷ്യൻ ഭാഷയിലെ പുസ്തകങ്ങളുടെ മലയാള വിവർത്തനങ്ങളായിരുന്നെങ്കിലും ആ കഥകളും കഥാപാത്രങ്ങളും ചിത്രങ്ങളുമൊക്കെ ഉള്ളിൽ മായാതെ പതിഞ്ഞു കിടപ്പുണ്ട്.

റഷ്യൻ കഥാകൃത്തായ ആന്റൺ ചെക്കോവിന്റെ 'വാൻക' എന്ന ചെറുകഥ അനാഥനായ ഒരു ബാലന്റെ ക്രിസ്മസ് അനുഭവത്തിന്റെ കണ്ണീർസ്പർശമുള്ള ആഖ്യാനമാണ്. ആ കഥയ്ക്ക് സമീപകാലത്ത് മലയാളത്തിലെ പ്രസിദ്ധ ചലച്ചിത്ര സംവിധായകൻ ജയരാജ് കേരളീയ പശ്ചാത്തലത്തിൽ 'ഒറ്റാൽ' എന്ന പേരിൽ ചലച്ചിത്രരൂപം നൽകി. ഇതുപോലെ ക്രിസ്മസ് അനുഭവങ്ങളുടെ ഉള്ളിൽത്തട്ടുന്ന വാങ്മയങ്ങൾ ഒട്ടേറെ മലയാളകഥകളിലും കവിതകളിലും വായിച്ചിട്ടുണ്ട്.

Silent night, Holy night
All is calm, all is bright
Round yon virgin, mother and child
Holy infant so tender and mild
Sleep in heavenly peace
Sleep in heavenly peace.

എന്നാരംഭിക്കുന്ന ലോകത്തിലെ ഏറ്റവും പ്രശസ്തിയും പ്രചാരവുള്ള കാരൾ ഗാനത്തിന്റെ ഭാവചൈതന്യത്തെ ഉൾക്കൊണ്ടുകൊണ്ട് സുഗതകുമാരി എഴുതിയ 'പുണ്യരാത്രി' എന്ന കവിത എന്റെയുള്ളിൽ അന്നേ പതിഞ്ഞതാണ്. ഉണ്ണിയേശുവിന്റെ ദിവ്യജനനത്തിന്റെ ഭാവതേജസ്സ് ആ കവിതയിൽ നിറഞ്ഞുനില്ക്കുന്നു.

''നിശ്ശബ്ദയാം പുണ്യരാത്രി - നിന്നെ
വിശ്വം നമിക്കയാണിന്നും
മങ്ങിക്കറുത്തോരിരുട്ടിൽ - മൂടൽ
മഞ്ഞിൻ വെളുത്ത തണുപ്പിൽ
ആരുടെയോ ചിരിപോലെ - ദൂരെ
താരകമൊന്നുയരുന്നൂ.
അത്താരകം വിരൽ - ചൂണ്ടും
കൊച്ചു പുൽക്കുടിലൊന്നിന്റെ ഹൃത്തിൽ
ആളും മെഴുതിരിപോലെ - കാന്തി
യോലുമൊരമ്മ തൻ മാറിൽ
കണ്ണുനിറഞ്ഞെങ്ങൾ കാൺമൂ - വീണ്ടു
മുണ്ണിയെ... വീണു വന്ദിപ്പൂ
മേലിലെത്താരയും രാവും - നോവു
ചൂഴുമിപ്പാവമാം ഭൂവും''

ഇങ്ങനെ പല കൃതികളുടെയും ഉള്ളിൽ ഒരു ആദിബിംബംപോലെ ആഴ്ന്നു കിടക്കുന്ന ഉണ്ണിയേശു എന്റെ മനസ്സിൽ കുടിയേറിയത് സാഹിത്യാനുഭവങ്ങളിലൂടെയാണ്. സക്കറിയയുടെ 'ആർക്കറിയാം' പോലെയുള്ള കഥകൾ പിൽക്കാലത്ത് വായിച്ചപ്പോൾ ആസ്വാദനത്തിന്റെ ആഴങ്ങൾ തേടാൻ താത്പര്യമുണ്ടാക്കിയത് നേരത്തേ ലഭിച്ച ഈ സാഹിത്യാനുഭവങ്ങളാണ്.

1976ൽ ആണ് ഞാൻ കടമ്മനിട്ട രാമകൃഷ്ണനെ പരിചയപ്പെടുന്നത്. ആയിടെയാണ് അദ്ദേഹം 'ഉയിർത്തെഴുന്നേല്പ്' എന്ന കവിത എഴുതിയത്. ഞങ്ങൾ

പനങ്ങോട് ജനത ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ പുറത്തിറക്കിയ കൈയെഴുത്തുമാസികയിൽ ആ കവിത ചേർക്കാൻ അദ്ദേഹം അനുവദിച്ചു.

''മരക്കുരിശിന്റെ നിഴൽപ്പാടു വിട്ടി-
ട്ടുയിർത്തെഴുന്നേൽക്കൂ മനുഷ്യബോധമേ,
മനുഷ്യപുത്രന്റെ പവിത്രമാം ചോര
വെറുതെ ചിന്തുവാനിനിയുമില്ലല്ലോ.''
എന്നായിരുന്നു ആ കവിത ആരംഭം.

ഓരോ വർഷവും ഡിസംബർ വരുന്നു. പുതിയ പ്രതീക്ഷകളും പ്രത്യാശകളും ഉണർത്തിക്കൊണ്ട് ക്രിസ്മസ് എത്തുന്നു. ഉണ്ണിയേശുവിനെ പ്രത്യാശയുടെ ജീവൽസാന്നിധ്യമായി ജനങ്ങൾ ഏറ്റെടുക്കുന്നു. പുതുവർഷത്തിൽ ആത്മവിശ്വാസത്തോടെയും കർമ്മോത്സാഹത്തോടെയും ജീവിതയാത്രയിൽ മുന്നോട്ടുപോകാൻ ക്രിസ്മസ് വെളിച്ചം കാട്ടുന്നു.

ഇന്ന് നമ്മുടെ ചുറ്റും യുദ്ധങ്ങളുടെയും ദുരിതങ്ങളുടെയും അസഹിഷ്ണുതയുടെയും തീയും പുകയും കൂടുതൽ കൂടുതൽ പടർന്നു കൊണ്ടിരിക്കുന്നു. മതമൗലിക വാദത്തിന്റെയും തീവ്ര വംശീയതയുടെയും സങ്കുചിത ദേശീയതയുടെയും പേരിൽ നിരപരാധികളായ പതിനായിരക്കണക്കിന് മനുഷ്യപുത്രരുടെ ചോര വ്യർത്ഥമായി ഒഴുകിക്കൊണ്ടിരിക്കുന്നു. കുഞ്ഞുങ്ങളെപ്പോലും നിഷ്കരുണം കൊന്നൊടുക്കിക്കൊണ്ടിരിക്കുന്നു.

ഇരുൾ കനക്കുന്ന ഇന്നത്തെ ലോകത്ത് ആർത്തിയുടെയും പകയുടെയും ഉഷ്ണഭൂമിയിൽ ഉണ്ണിയേശുവിന്റെ ജനനസ്മരണ കുളിർവായുവും നക്ഷത്രപ്രകാശവുംപോലെ ആശ്വാസവും ആഹ്ലാദവും പകരട്ടെ. ലോകം കൂടുതൽ നന്മയിലേക്ക് ചുവടുവെയ്ക്കട്ടെ. അന്യന്റെ സാന്നിദ്ധ്യത്തെ മാനിക്കുന്ന ജീവിതാവസ്ഥ പുലരട്ടെ. മനുഷ്യർക്ക് സമാധാനത്തോടെ ജീവിക്കാനും സന്തോഷത്തോടെ പരസ്പരം ഇടപെടാനും കഴിയുന്ന അന്തരീക്ഷം തെളിഞ്ഞു വരട്ടെ.

Best Compliments from

MGM Enterprises

PIPE SUPPORTS & FASTENERS

SUPPORT SOLUTION FOR CONSTRUCTION INDUSTRY

Sr. No. 122, Near Ganesh Mandir, Walherkarwadi, Chinchwad, Pune - 411 033
Email: mgm.entp@gmail.com

Robin Babu
99238 05082

എഴുത്തും പള്ളിയും

ബെന്യാമിൻ

'അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ' എന്ന കഥ രൂപപ്പെടാൻ ഉണ്ടായ സാഹചര്യങ്ങളെക്കുറിച്ച് പറയാം. സത്യത്തിൽ എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം അവന്റെ തീർത്തും പ്രാദേശികമായ കഥകൾ ലോകത്തിനോട് പറയുക എന്നത് അവന്റെ സ്വകാര്യമായ ഒരു വലിയ ആഗ്രഹമാണ്. കാരണം അത് അവനു മാത്രം സ്വന്തമായ ഒന്നാണ്... മറ്റൊരു എഴുത്തുകാരനും കണ്ടെടുക്കാൻ ആവാത്ത വിധം സ്വകാര്യമായ ഒരു ശേഖരവുമാണ്. എഴുത്തിന്റെ തുടക്കകാലത്ത് അത്തരത്തിൽ ഒന്നാലോചിക്കുമ്പോൾ പലപ്പോഴും മയ്യഴിക്കും മറ്റനേകം ദേശങ്ങൾക്കും ഒക്കെ കഥയുണ്ടല്ലോ, നമ്മുടെ ദേശത്തിനു മാത്രം അങ്ങനെയൊന്നും കഥയില്ലല്ലോ എന്നുള്ള ആലോചനയോ ആശങ്കയോ ഒക്കെ എനിക്കുണ്ടായിരുന്നു.

പക്ഷേ, കുറെക്കൂടി മുതിരുകയും കുറെക്കൂടി ശ്രദ്ധാപൂർവം നമ്മുടെ പ്രാദേശിക ജീവിതങ്ങളെ നിരീക്ഷിക്കുകയുമൊക്കെ ചെയ്തപ്പോൾ സത്യത്തിൽ നമുക്കും തനതായ ഒരു കഥയും ഒരു പ്രാദേശികതയും ഒരു സ്വകാര്യതയുമൊക്കെ ഉണ്ടെന്നുള്ള ഒരു തോന്നലിൽ നിന്നാണ് അത്തരത്തിലുള്ള ഒരു കഥയിലേക്ക് പിന്നീട് ഇറങ്ങിപ്പോകുന്നത്.

മധ്യതിരുവിതാംകൂറിന്റെ ക്രൈസ്തവ ജീവിതത്തെ അടയാളപ്പെടുത്തുന്ന കഥകൾ ഒരു പക്ഷേ, പാറപ്പുറത്തിന്റേതായി മുൻപ് വന്നിട്ടുണ്ടെങ്കിൽപോലും കുറേക്കൂടി ആഴത്തിൽ നിന്നുകൊണ്ട് ഓർത്തഡോക്സ്-പാത്രിയർക്കീസ് വിഭാഗങ്ങളുടെ ജീവിതങ്ങളെ അല്ലെങ്കിൽ കുറേക്കൂടി

നമ്മുടെ ദേശത്തെ അടയാളപ്പെടുത്തുന്ന ഒരു കഥ എന്ന നിലയിൽ രൂപപ്പെടുത്തണം എന്ന ആലോചനയിലാണ് ഈ നോവലിലേക്ക് എത്തപ്പെടുന്നത്. അതിനൊരു പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് എന്റെ ജീവിതത്തിലെ ഏറ്റവും പഴക്കം ചെന്ന ഓർമകളിൽ ഒന്ന് നമ്മുടെ മാന്തളിർ പള്ളിയിൽ നടന്ന അടിയാണ്. ജീവിതത്തിൽ പിന്നിലേക്ക് നടന്നു നടന്നു നോക്കുമ്പോൾ ആദ്യത്തെ ഓർമ ചെന്നു മുട്ടുന്നതു പള്ളിയിൽ നടക്കുന്ന ഭയങ്കരമായ വഴക്ക്, അതിലെന്റെ പിതാവിന് അടി കൊള്ളുന്നു, അദ്ദേഹം തലപൊട്ടി ആശുപത്രിയിലാകുന്നു, ആശുപത്രിയിൽ പോകുന്നത്, കൂട്ടിരിക്കുന്നത്, പള്ളിയിൽ അമ്മച്ചിമാർ നിലവിളിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ഓടുന്നത്. സ്ത്രീകൾ വാവിട്ടു കരയുന്നത്, പുരുഷന്മാർ അലറിക്കൊണ്ട് അടി കൂടുന്നത്, അച്ചൻ പിടിച്ചു മാറ്റാൻ വരുന്നതൊക്കെ... ഇങ്ങനെ പല തരത്തിലുള്ള ചിതറിയ ഓർമകളായി എന്റെ മനസ്സിൽ വീണു കിടപ്പുണ്ടായിരുന്നു. സ്വാഭാവികമായിട്ടും മാന്തളിർ ദേശത്തിന്റെയും പരിസരപ്രദേശത്തിന്റെയും ഒക്കെ കഥ പറയുമ്പോൾ ഇത്തരത്തിൽ ആ പള്ളിയെ ചുറ്റിപ്പറ്റി വേണം കഥ നിർമിക്കാൻ എന്നുള്ള ആലോചനയിൽ നിന്നാണ് യഥാർത്ഥത്തിൽ മാന്തളിർ രൂപം കൊണ്ട് തുടങ്ങുന്നത്.

എന്നു മാത്രമല്ല 1975ൽ അടി തുടങ്ങിയതിനു ശേഷം പിന്നീട് ഏതാണ്ട് 40-41 വർഷക്കാലം ആ പള്ളി പൂട്ടപ്പെട്ട് കിടന്നിട്ടുണ്ട്. പൊതുസമൂഹത്തിനു യഥാർഥത്തിൽ എന്തു കൊണ്ടാണ് ഇത്തരത്തിൽ ഒരു വിഭാഗത്തിൽപ്പെട്ട രണ്ടു സഹോദരർ തമ്മിലിങ്ങനെ അടി കൂടുന്നതിനെ സംബന്ധിച്ച് കൃത്യമായ ധാരണയും ഉണ്ടാവില്ല. അത് പൊതു സ്വത്തിനു വേണ്ടിയുള്ളതാണ്, സ്വത്തു തർക്കത്തിനു മേലാണ് ഈ അടികളൊക്കെ നടക്കുന്നതെന്ന തോന്നൽ കൂടി പൊതു സമൂഹത്തിനുണ്ട്. യഥാർത്ഥത്തിൽ അതിൽ സഭാപരമായ, വിശ്വാസപരമായ ധാരാളം വ്യത്യാസങ്ങൾ ഒക്കെയുമുണ്ട് എന്ന കാര്യം കൂടി പൊതുസമൂഹത്തിനോടു വളരെ സാറ്റയറിക്കലായി വേണം പറയാൻ എന്നതു കൊണ്ട് ആ രീതിയിലാണ് കഥ രൂപപ്പെടുത്തി മുന്നോട്ട് പോയിട്ടുള്ളത്. ആ കഥയിലെ 'മാന്തളിരിലെ 20 കമ്യൂണിസ്റ്റ് വർഷങ്ങൾ' ആയാലും 'അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ' ആയാലും പിന്നീടാണ് അത്തരത്തിൽ രണ്ട് കഥകളായി അത് രൂപപ്പെടുത്തുന്നത്. ആദ്യത്തെ ഈ അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ എന്ന് പറയുന്ന കഥ, 1954 മുതൽ 1974 വരെയുള്ള ഒരു കാലഘട്ടത്തിലെ ഇരുപതു വർഷത്തെ കഥയാവാമെന്നാണ് തീരുമാനിച്ചത്. 1954ന്റെ പ്രത്യേകത എന്താണെന്ന് ചോദിച്ചാൽ സഭകൾ തമ്മിലുള്ള തർക്കം 1900-1908 കാലഘട്ടം മുതൽ തുടങ്ങിയെങ്കിലും 54 ആവുമ്പോഴേക്കും ഒരു സമാധാന ശ്രമത്തിലേക്കു വരുകയും ഇരുസഭകളും കുറച്ചു കാലം ഒന്നിക്കുകയും ചെയ്തിട്ടുള്ള ഒരു സാഹചര്യമുണ്ട്. അപ്പോൾ അതിനു പ്രധാനപ്പെട്ട പങ്ക് വഹിച്ചത് 'പീസ് ലീഗ്' എന്നു പറയുന്ന ഒരു സമാധാന സഖ്യമായിരുന്നു. അവർ നടത്തിയിട്ടുള്ള നിരാഹാര സമരത്തിന്റെ ഭാഗമായിട്ടാണ് യഥാർഥത്തിൽ ഇരുസഭയിലെയും മെത്രാന്മാർ പരസ്പരം കൈകൊടുത്തുകൊണ്ട് സഭ ഒന്നാവാമെന്നു തീരുമാനിക്കുന്നത്. ആ 'പീസ് ലീഗ്' സത്യഗ്രഹ സമരത്തിൽ പങ്കെടുത്തവരിൽ ഒരാൾ എന്റെ മുത്തച്ഛന്റെ അനുജൻ ആയിരുന്നു. അവർ ആറു പേർ ചേർന്നാണു സത്യഗ്രഹ സമരം നടത്തിയത്. ഒന്ന്, കോടിയാട്ട് അലക്സാണ്ടർ കത്തനാർ ബിഎ, എം. കുര്യൻ ബിഎസ്സി, ടി.എം. ചാക്കോ- അദ്ദേഹമായിരുന്നു അതിന്റെ പ്രസിഡന്റ്, വളരെ പ്രശസ്ത സ്വാതന്ത്ര്യസമര സേനാനി ആയിരുന്ന കെ.ഇ. മാമ്മൻ- അദ്ദേഹമായിരുന്നു ആക്ഷൻ കമ്മിറ്റിയുടെ കൺവീനർ, ദിവ്യശ്രീ പാമ്പാടി കണ്ടത്തിൽ ഗീവറുഗീസ് കത്തനാർ, എം.സി. വർഗീസ്- ഇദ്ദേഹമാണ് എന്റെ മുത്തച്ഛൻ എം.സി. മത്തായിയുടെ അനുജൻ. അക്കാലം മുതൽ തന്നെ ഈ സഭയുമായി വളരെ അടുത്തു നിൽക്കുന്ന ഒരാളെന്ന നിലയിലും സമാധാന പ്രക്രിയയുടെ ഭാഗമായ ഒരാളെന്ന നിലയിലും ഈ ചരിത്രമൊക്കെ അദ്ദേഹത്തിന്റെ കയ്യിൽ ധാരാളമായി ഉണ്ടായിരുന്നു. അദ്ദേഹത്തിൽ നിന്നാണ് യഥാർത്ഥത്തിൽ ഇതിനുള്ള പ്രധാനപ്പെട്ട രേഖകളൊക്കെ ഞാൻ കണ്ടെത്തുന്നത്. എന്റെ മുത്തച്ഛൻ പള്ളിയുടെ സെക്രട്ടറി ആയിരുന്നതും പിന്നീട് കുറേക്കാലം കഴിഞ്ഞപ്പോൾ എന്റെ പിതാവിന്റെ അനുജൻ സെക്രട്ടറി ആയതു

മൊക്കെ, പള്ളിയുമായി വളരെയധികം ചേർന്നു നിൽക്കുന്ന ആൾക്കാരെന്ന നിലയിൽ ഈ രേഖകളൊക്കെ കണ്ടെത്തുന്നത് വളരെ എളുപ്പമാക്കി. രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള ഒരു തർക്കത്തെ പൊതുസമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുമ്പോൾ പക്ഷഭേദമില്ലാതെ അവതരിപ്പിക്കണമെന്നുള്ളതു കൊണ്ട് ഞാൻ അവലംബിച്ച രേഖകളിൽ ഏറെയും കോടതി വിധികളും പൊതുപ്രസ്താവനകളും കൊടുത്തിട്ടുള്ള പരാതികളും സമഗ്രമായ ഉത്തരവുകളും ഒക്കെയായിരുന്നു. ഇവയൊക്കെ പരിശോധിച്ചിട്ടാണ് അതിലേക്ക് വന്നിട്ടുള്ളത്. അദ്ദേഹത്തിന്റെ പെട്ടിയിൽ അവശേഷിച്ചിരുന്ന, അദ്ദേഹം സൂക്ഷിച്ചു വച്ചിരുന്ന ധാരാളം രേഖകളിൽ നിന്നാണ് ഈ നോവലിനുള്ള കാര്യങ്ങൾ കണ്ടെത്തി ഒരു പക്ഷത്തേക്കും അധികം ചായാതെയുള്ള നിലപാടിൽ നോവൽ മുന്നോട്ട് കൊണ്ടുപോവാൻ ശ്രമിച്ചത്. കാരണം ഇരുപക്ഷത്തിനും അവരവരുടേതായ ന്യായങ്ങളൊക്കെ ഉണ്ടെങ്കിൽ പോലും നമ്മൾ കഥ പറയുമ്പോൾ അതു നൂറു ശതമാനം സത്യസന്ധമായി പറയണമെന്നുണ്ടായിരുന്നു. അതിന് ആ രേഖകൾ വലിയ അനുഗ്രഹമായി. കോടതിവിധികളുടെയും വക്കീലന്മാർ കൊടുത്ത കേസുകളുടെ നോട്ടീസുകളുടെയും പകർപ്പുകൾ അടങ്ങിയ അങ്ങനെയുള്ള രേഖകൾ ഇല്ലായിരുന്നുവെങ്കിൽ ഒരു പക്ഷേ, ആധികാരികത ഇല്ലാത്ത ഒരു കഥപറച്ചിലായി അതു പോകുമായിരുന്നു. 'സുപ്രീം കോടതി വിധിയും സമാധാന ശ്രമവും' എന്ന തലക്കെട്ടിൽ മനോരമയിൽ വന്ന വാർത്തകളൊക്കെ അദ്ദേഹം സൂക്ഷിച്ചു വച്ചിരുന്നുവെന്നു. അതൊക്കെ ഒട്ടേറെ സഹായിച്ചു. മാത്രമല്ല, പീസ് ലീഗിന്റെ ഉപവാസ സത്യഗ്രഹ സമരത്തെക്കുറിച്ചുള്ള നോട്ടീസ് ഈ നോവലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ പത്രക്കടലാസുകൾ, നോട്ടീസുകൾ, കത്തുകൾ, ഡയറിക്കുറിപ്പുകൾ എന്നിങ്ങനെയുള്ള ആധികാരിക രേഖകളൊക്കെ ഉപയോഗിച്ചുകൊണ്ടാണ് ഈ നോവൽ മുന്നോട്ട് പോകുന്നത്.

സഭാ കേസും വഴക്കും പള്ളിയിലെ അടിയുമൊക്കെ ഒരു ഭാഗത്തു നിൽക്കുമ്പോൾ തന്നെ നമ്മുടെ പ്രാദേശികമായ ജീവിതത്തെ കൂടി അടയാളപ്പെടുത്തുന്ന ഒന്നാവണമെന്ന മറ്റൊരു ഉദ്ദേശ്യം കൂടി അതിലുണ്ടായിരുന്നു. അല്ലാതെ വെറുതെ സഭാ കേസ് പറയുക എന്നതു മാത്രമായിരുന്നില്ല. നമ്മുടെ മാന്തളിർ ദേശത്തിന്റെ, കുളനടയുടെ അല്ലെങ്കിൽ സമീപപ്രദേശത്തിന്റെ, ഉള്ളന്നൂരിന്റെ, പൈവഴിയുടെ, മാന്തുകയുടെയൊക്കെ കഥയും ജീവിതവും കൂടി അതിനകത്തു വരേണ്ടതുണ്ട്. ഒരു കാർഷിക സംസ്കൃതിയും അന്നത്തെ കാലത്തെ അച്ചൻകോവിലാറിൽ നിന്നുള്ള മീൻപിടിത്തവും പ്രകൃതിയോടുള്ള സുതാര്യമായ ഇണങ്ങിച്ചേരലും മീൻപിടിത്തത്തിൽ പോലും പുലർത്തേണ്ട ചില നൈതികതയെക്കുറിച്ചും വെള്ളപ്പൊക്കത്തെക്കുറിച്ചുമൊക്കെ ഇതിൽ പറയാൻ ശ്രമിച്ചിട്ടുണ്ട്. കാരണം വെള്ളപ്പൊക്കത്തെ ഒഴിവാക്കിക്കൊണ്ട് നമുക്ക് ഈ ദേശത്തിന്റെ കഥ പറയാൻ കഴിയില്ല. ഇപ്പോൾ യഥാർത്ഥത്തിൽ പുതിയ കാലത്താണ് വെള്ളപ്പൊക്കം കുറഞ്ഞിരിക്കുന്നത്. പുതിയ കുട്ടികൾ വിചാരിക്കുന്നത് വെള്ളപ്പൊക്കം വല്ലപ്പോഴും മാത്രം സംഭവിക്കുന്ന ഒന്നാണെന്നാണ്. പക്ഷേ, എന്റെയൊക്കെ ചെറുപ്പകാലത്ത് എല്ലാ വർഷവും ഈ മാന്തളിർ പ്രദേശത്തു വെള്ളപ്പൊക്കം ഉണ്ടാകുമായിരുന്നു. അത് നിത്യജീവിതത്തിന്റെ ഭാഗമായിരുന്നു. അവർ അതുമായി പൊരുത്തപ്പെട്ടിരുന്നു.

എന്നാൽ, പുതിയ കാലാവസ്ഥാ വ്യതിയാനത്തിന്റെയും മണൽവാരലിന്റെ കുഴപ്പങ്ങളും കൊണ്ടൊക്കെ വെള്ളപ്പൊക്കം ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. 2018ലെ വെള്ളപ്പൊക്കമൊക്കെ അപൂർവമായി സംഭവിച്ചതാണ്. നമ്മുടെ നാട്ടിൽ നിന്നു വെള്ളപ്പൊക്കം ഇപ്പോൾ ഒഴിഞ്ഞു പോയിട്ടുണ്ടെന്നു തന്നെ പറയാം.

ഒരു കാലത്ത് വെള്ളപ്പൊക്കം ജീവിതത്തിന്റെ ഭാഗമായിരുന്നു. അതിനോടൊക്കെ എങ്ങനെയാണ് മനുഷ്യർ ഇടപെട്ടു ജീവിച്ചിരുന്നതെന്നതിന്റെ ഒരു ചരിത്രം കൂടി ഇതിനകത്ത് പറയാൻ ശ്രമിക്കുന്നുണ്ട്. ആറ്റിൽ നഞ്ചിടുക എന്നു പറയുന്നത് ഒരു സാധാരണ സംഭവമായിരുന്നു. എന്നാൽ, നഞ്ചിട്ടല്ല മീൻ പിടിക്കേണ്ടതെന്നും വലവീശിയാണ് പിടിക്കേണ്ടതെന്നും അതിൽ ചെറിയ മീൻ കുഞ്ഞുങ്ങളുണ്ടെങ്കിൽ അവയെ വിട്ടു കളയണമെന്നും ഒക്കെ പഠിപ്പിക്കുന്ന തരത്തിലുള്ള പ്രാദേശികമായ പ്രകൃതിയോട് ഇണങ്ങിയുള്ള ഒരു ജീവിതത്തിന്റെ പരിച്ഛേദം കൂടി ഇതിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്. ഈ നോവൽ വായിച്ചിട്ടു പലരും എന്നോട് ചോദിച്ച ഒരു

ചോദ്യം പ്രാദേശികമായ പദങ്ങൾ ഗവേഷണം നടത്തിയാണോ കണ്ടെത്തിയതെന്നതാണ്. ഒരിക്കലുമല്ല. ഒരു എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം അവന്റെ ബാല്യവും കൗമാരവും നൽകുന്ന അറിവുകളൊക്കെയാണ് അവനു പിൽക്കാലത്തു വലിയ മുതൽക്കൂട്ടായി മാറുന്നത്. അത്തരത്തിൽ എന്റെ ബാല്യകാലത്തും കൗമാരകാലത്തുമൊക്കെ കേട്ടിട്ടുള്ള വാക്കുകളെ എടുത്ത് ഉപയോഗിക്കുക മാത്രമാണ് ഇവിടെ ചെയ്തിട്ടുള്ളത്. അതിൽ തന്നെ ധാരാളം പ്രാദേശികമായ പദങ്ങളുടെ കടന്നുവരവും ഭാഷാപ്രയോഗങ്ങളും ഒക്കെ സ്വാഭാവികമായി കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ടെന്നതാണ് ഇതിന്റെ ഒരു പ്രത്യേകതയായി എനിക്ക് എപ്പോഴും തോന്നിയിട്ടുള്ളത്. ഏറെക്കാലം വിദേശത്താണ് തൊഴിൽ ചെയ്തതെങ്കിലും ഈ പ്രാദേശിക പദങ്ങൾ എന്നിൽ നിന്നു നഷ്ടപ്പെട്ടു പോയില്ലെന്നത് ഈ നോവലെഴുത്തിന്റെ വേളയിലാണ് എനിക്ക് മനസ്സിലാവുന്നത്.

ഈ നോവൽ എഴുതിക്കഴിഞ്ഞതിനു ശേഷമാണ് ഇതിനൊരു തുടർച്ച ഉണ്ടാവണമെന്ന് ആലോചിക്കുന്നതും 'മാന്തളിരിലെ 20 കമ്യൂണിസ്റ്റ് വർഷങ്ങൾ' എന്ന രണ്ടാം ഭാഗത്തിലേക്കു കടക്കുന്നതും. അത് 1975 മുതൽ 1995 വരെയുള്ള ഒരു ദേശത്തിന്റെ കുറച്ചു കൂടി വിപുലമായ കഥയാണ്. അത് മാന്തളിർ ദേശത്ത് മാത്രമല്ല കുറേക്കൂടി വിപുലമായ തിരുവല്ലയിലേക്കും ചെങ്ങന്നൂരിലേക്കും മാവേലിക്കരയിലേക്കും കോഴഞ്ചേരിയിലേക്കുമൊക്കെ നീളുന്ന ഒരു കഥയായി മാറുന്നുണ്ട്. ആ കാലത്താണ് വിമോചന ദൈവശാസ്ത്രം എന്നു പറയുന്ന വലിയ ഒരു പ്രത്യയശാസ്ത്രം സഭയിൽ എമ്പാടും ആഞ്ഞടിക്കുന്നതും അതിന്റെ അലയൊലികൾ മധ്യതിരുവിതാംകൂറിൽ വളരെ ശക്തമാവുന്നതും. അത് കമ്യൂണിസ്റ്റ് പാർട്ടിയും ക്രിസ്തീയ സഭയും തമ്മിലുള്ള ഒരു കൊടുക്കൽ വാങ്ങലിന്റെ വലിയ ചരിത്രം ലാറ്റിനമേരിക്കയിൽ നിന്ന് ആരംഭിച്ച് ലോകത്തെമ്പാടും പടർന്നതിന്റെ കഥ കൂടിയാണ്. അത് കേരളത്തിലും എങ്ങനെ സംഭവിച്ചു, അതെങ്ങനെയാണ് സഭകൾ നേരിട്ടത്, കമ്യൂണിസ്റ്റ് പാർട്ടി അതിനെ എങ്ങനെയാണ് നേരിട്ടത്. ഒരു വീടിനുള്ളിൽ അതിന്റെ അനുരണനങ്ങൾ എന്തൊക്കെയായിരുന്നു എന്നൊക്കെയുള്ള രീതിയിലാണ് ആ കഥ പറയാൻ ശ്രമിക്കുന്നത്. ഒരു വീട്ടിൽ തന്നെ സഭാ വിശ്വാസിയും കമ്യൂണിസ്റ്റുകാരനും ഉണ്ടായാലുണ്ടാവുന്ന തർക്കങ്ങളെ സാറ്റയറിക്കലായി നോക്കുകയും അതേസമയം മാർക്സിസ്റ്റ് പാർട്ടിയുടെയും സഭയുടെയും വികാസവും വളർച്ചയും തളർച്ചയുമൊക്കെ പറയാനാണ് ആ രണ്ടാം ഭാഗത്ത് ശ്രമിക്കുന്നത്. അങ്ങനെ രണ്ടു ഭാഗങ്ങളിലാണ് ഇതുവരെ മാന്തളിർ കഥകൾ വന്നിട്ടുള്ളത്. അടുത്ത രണ്ടു ഭാഗങ്ങൾ കൂടി എഴുതണമെന്ന് ആഗ്രഹമുണ്ട്. പ്രവാസം എങ്ങനെയാണ് മാന്തളിർ ദേശത്തെ ബാധിച്ചത് അല്ലെങ്കിൽ മൊത്തം കേരളത്തെ ബാധിച്ചത്, അതിന്റെ ഗുണങ്ങളും തിക്തഫലങ്ങളുമൊക്കെ എന്തൊക്കെയാണെന്ന തരത്തിലേക്ക് ഒരു ഭാഗം കൂടി എഴുതണമെന്ന് ആലോചനയുണ്ട്. പക്ഷേ, അത് എന്നെങ്കിലും എഴുതുമെന്ന് വിചാരിക്കുന്നതേയുള്ളൂ. അതിന്റെ ചില രേഖകളൊക്കെ തേടിക്കൊണ്ടിരിക്കുന്നതേയുള്ളൂ. എന്തായാലും ഈ രണ്ടു ഭാഗങ്ങൾ ഇതു വരെ എഴുതാൻ കഴിഞ്ഞത് വലിയ ഒരു അവസരമായിട്ടും ഭാഗ്യവുമായിട്ടാണ് കരുതുന്നത്. കാരണം നമ്മുടെ ദേശത്തെ, തുടക്കത്തിൽ സൂചിപ്പിച്ചതു പോലെ നമ്മുടെ ദേശത്തെ അടയാളപ്പെടുത്തുക എന്നു പറയുന്ന ഒരു എഴുത്തുകാരന്റെ സ്വകാര്യ സ്വപ്നത്തിന്റെ സാഫല്യമായിരുന്നു അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങളും മാന്തളിരിലെ 20 കമ്യൂണിസ്റ്റ് വർഷങ്ങളും. അത്തരത്തിൽ ഏറക്കുറെ ഈ ദേശത്തെ, മനുഷ്യരെ അവരുടെ സ്വഭാവങ്ങളെ അവരുടെ പ്രാദേശിക ജീവിതത്തെയൊക്കെ അടയാളപ്പെടുത്താൻ ഈ നോവലുകൾക്ക് കഴിഞ്ഞിട്ടുണ്ടെന്നു വിചാരിക്കുന്നു!

നമ്മുടെ മാന്തളിർ ദേശത്തിന്റെ, കുളനടയുടെ അല്ലെങ്കിൽ സമീപപ്രദേശത്തിന്റെ, ഉള്ളന്നൂരിന്റെ, പെരുവഴിയുടെ, മാന്തുകയുടെയൊക്കെ കഥയും ജീവിതവും കൂടി അതിനകത്തു വരേണ്ടതുണ്ട്. ഒരു കാർഷിക സംസ്കൃതിയും അന്നത്തെ കാലത്തെ അച്ചൻകോവിലാറിൽ നിന്നുള്ള മീൻപിടിത്തവും പ്രകൃതിയോടുള്ള സുതാര്യമായ ഇണങ്ങിച്ചേരലും മീൻപിടിത്തത്തിൽ പോലും പുലർത്തേണ്ട ചില നൈതികതയെക്കുറിച്ചും വെള്ളപ്പൊക്കത്തെക്കുറിച്ചുമൊക്കെ ഇതിൽ പറയാൻ ശ്രമിച്ചിട്ടുണ്ട്.

"Whoever does not love does not know God, because God is love."
~ 1 John 4:8

വിളക്കുകാലിൽ കൊളുത്തിവച്ച വിളക്ക്



രവിവർമ തമ്പുരാൻ

ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയപള്ളിയുടെ ശതോത്തര രജതജൂബിലിയോടനുബന്ധിച്ചു പ്രസിദ്ധീകരിക്കുന്ന സുവനീറിനു വേണ്ടി ഒരു കുറിപ്പെഴുതാൻ ഇരിക്കുമ്പോൾ ഞാൻ എന്നോടു തന്നെ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. എന്തിനു വേണ്ടിയാവണം 125 വർഷം മുമ്പ് ഒരു കൂട്ടം ആളുകൾ തങ്ങളുടെ പ്രദേശത്ത് ഒരു ദേവാലയം നിർമിച്ചത്. ഏതൊരു ജനസമൂഹവും ഒരു ആരാധനാലയത്തിലൂടെ നേടാനാഗ്രഹിക്കുന്നത് ഒരേയൊരു കാര്യമായിരിക്കും – മനഃശാന്തി.

ലോകം, അതുണ്ടായ കാലം മുതൽ സംഘർഷത്തിലൂടെയാണ് കടന്നുപോയിട്ടുള്ളത്. സംഘർഷം രണ്ടു ദ്വന്ദ്വങ്ങൾ തമ്മിലാണ് – നന്മയും തിന്മയും. നന്മയുടെ പക്ഷത്താവും ആളു കൂടുതൽ. കാരണം അവർ ശാന്തി ആഗ്രഹിക്കുന്നു. പക്ഷേ, അവർക്കത് നേടിയെടുക്കാൻ കഠിനമായ പരിശ്രമം ആവശ്യമായി വരുന്നു. പലപ്പോഴും കഴിയാതെ വരുന്നു.

തിന്മയുടെ പക്ഷത്ത് ആളു കുറവായിരിക്കും. പക്ഷേ, അവർക്ക് ഗുരുതരമായ അസ്വസ്ഥതകൾ സൃഷ്ടിക്കാൻ അനായാസം കഴിയുന്നു. പലപ്പോഴും അവർക്കു വിജയങ്ങളും ഉണ്ടാകുന്നു. സംഘർഷത്തിലൂടെ നേടിയെടുത്ത വിജയം നിലനിർത്താൻ തുടർസംഘർഷങ്ങൾ കൂടിയേ കഴിയൂ.

സംഘർഷം വഴിയായി ലഭിച്ച വിജയം ആർക്കും സമാധാനം കൊടുക്കുന്നില്ല. വിജയത്തിന്റെ പരമകാഷ്ഠയിൽ അവരും കൊതിക്കുക സമാധാനത്തിനു വേണ്ടിയാവും. പക്ഷേ, അത് വ്യഥാ ആഗ്രഹമായി പരിണമിക്കും. ആ ആഗ്രഹം പോലും അവരെക്കൊണ്ടെത്തിക്കുക പുതിയ സംഘർഷങ്ങളിലേക്കായിരിക്കും. ഇത്തരത്തിൽ സംഘർഷവും അശാന്തിയും മാത്രം ബാക്കിപത്രമായ ജീവിതം ജീവിച്ചുകൊണ്ടിരിക്കുന്നതിനിടയിലാവും മനുഷ്യൻ ആലോചിക്കുക, ശാന്തി കിട്ടാൻ എന്താണൊരു വഴി. അവിടെയാണ് ആത്മീയത അവനു മുന്നിലൊരു ഉത്തരമോ

സാധ്യതയോ ആയി തെളിയുന്നത്. യഥാർത്ഥമായ ആത്മീയത മനുഷ്യമനസ്സിനെ ശുദ്ധീകരിക്കുന്നു. സത്യത്തിനും സമാധാനത്തിനും ഇരിപ്പിടം ഒരുക്കുന്നു. ആത്മീയതയെക്കുറിച്ചു വിചാരിക്കുന്ന മനുഷ്യർ ഒന്നിച്ചു കൂടുമ്പോൾ അവർക്ക് പെരുമാറാൻ അനുകൂലവും സൗകര്യപ്രദവുമായ ഒരു അന്തരീക്ഷം ആവശ്യമായി വരുന്നു. അങ്ങനെയാണ് ആരാധനാലയങ്ങളെക്കുറിച്ച് അവൻ ചിന്തിക്കാൻ തുടങ്ങുക. ആരാധനാലയങ്ങളെ പ്രതി സംഘർഷവും അസ്വസ്ഥതകളും ചിലപ്പോഴെങ്കിലും ഉടലെടുക്കുന്നുണ്ടെങ്കിലും പൊതുവിൽ ആരാധനാലയങ്ങൾ ഉറപ്പുനൽകുന്നത് സമാധാനം തന്നെയാണ്.

യാക്കോബിന്റെ ലേഖനത്തിൽ ഇങ്ങനെ പറയുന്നുണ്ട്: 'നിങ്ങളുടെയിടയിലുള്ള യുദ്ധങ്ങൾക്കും കലഹങ്ങൾക്കും കാരണം എന്ത്? നിങ്ങളുടെ അവയവങ്ങളിൽ പോരടിച്ചു കൊണ്ടിരിക്കുന്ന ദുർമോഹങ്ങളല്ലേ? നിങ്ങൾ ആശിക്കുന്നു, കിട്ടുന്നില്ല. അതുകൊണ്ട് നിങ്ങൾ കൊല്ലുന്നു, നിങ്ങൾ മോഹിക്കുന്നു, ലഭിക്കുന്നില്ല, അതുകൊണ്ട് നിങ്ങൾ പോരാടുന്നു. യുദ്ധം ചെയ്യുന്നു.'

ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാവുന്നു. ദുർമോഹങ്ങളിൽ നിന്ന് മോചനം ലഭിച്ചാൽ ശാന്തിയായി. അധികാരം, പദവി, പണം, പ്രശസ്തി, സൗന്ദര്യം, ഭൗതികസുഖങ്ങൾ തുടങ്ങി അനേകം ആവശ്യങ്ങൾ മനുഷ്യനെ ദുർമോഹത്തിലേക്കു തള്ളിയിടുന്നുണ്ട്. ഈ ദുർമോഹങ്ങളിൽ നിന്ന് മനസ്സിനെ മോചിപ്പിച്ച് സന്തുലിതാവസ്ഥയിലാക്കാൻ പല വിദ്യകളുണ്ട്. അതിൽ പ്രധാനമായതൊന്ന് പ്രാർത്ഥനയാണ്.

യാക്കോബിന്റെ ലേഖനത്തിൽ തന്നെ മറ്റൊരിടത്തു പറയുന്നു: 'നാളയെപ്പറ്റി നിങ്ങൾ ഒന്നും അറിയുന്നില്ല. എന്താണ് നിങ്ങളുടെ ജീവിതം. അൽപനേരത്തേക്കു മാത്രം കാണപ്പെടുകയും പിന്നെ അപ്രത്യക്ഷമാവുകയും ചെയ്യുന്ന മൂടൽ മഞ്ഞാണ് നിങ്ങൾ.'

ഈ തിരിച്ചറിവ് ഉണ്ടായാൽ ദുർമോഹം അവസാനിച്ചു. പിന്നെ സമാധാനത്തിലേക്കുള്ള സഞ്ചാരം എളുപ്പമായിത്തീരുന്നു. ആ എളുപ്പമാക്കൽ ആണ് ദേവാലയം സാധിച്ചു തരേണ്ടത്. മാതൃകാപരമായി പ്രവർത്തിക്കുന്ന എല്ലാ ആരാധനാലയങ്ങളും മനുഷ്യർക്കു നൽകുന്നത് സമാധാനം തന്നെയാണ്. ദേവാലയങ്ങൾ സമാധാനക്കേടിനു കാരണമാകുന്നതിനെക്കുറിച്ച് നേരത്തേ സൂചിപ്പിച്ചു. അങ്ങനെ സംഭവിക്കുന്നുണ്ടെങ്കിൽ അതിനു കാരണം അവ യഥാർത്ഥ ദേവാലയമായി പ്രവർത്തിക്കാത്തതാണ്. കല്ലും മണ്ണും സിമന്റുമൊക്കെ കൂട്ടിച്ചേർത്ത് കുറച്ചു ചായം പൂശിയെന്നതു കൊണ്ട് ഒരു കെട്ടിടം ദേവാലയമാകുന്നില്ല. ദൈവത്തിന് ഇരിപ്പിടവും മനുഷ്യസമാധാനത്തിന്റെ സങ്കേതവും ആയിത്തീരുമ്പോഴാണ് ഏതു കെട്ടിടവും ദേവാലയമാകുന്നത്.

ഉള്ളന്നൂരിലെ വിശ്വാസികൾക്ക് സമാധാനം നൽകാൻ കഴിഞ്ഞു എന്ന ഉറപ്പാണ് ശതോത്തര രജത ജൂബിലിയിലൂടെ ഈ ദേവാലയത്തിലെ വിശ്വാസികൾ ആഘോഷിക്കുന്നത്. ഈ ദേവാലയം ഒഴിവാക്കിയെടുത്തിട്ടുണ്ടാവുക എത്രയോ അധികം സംഘർഷങ്ങളാവും. ഉറപ്പായും അവ എണ്ണിയെടുക്കാൻ കഴിയണമെന്നില്ല. ചുരുങ്ങിയത് മൂന്നു തലമുറകളിലെ മനുഷ്യരെങ്കിലും ഈ ദേവാലയത്തെ ആശ്രയിച്ച് സ്വാസ്ഥ്യം നേടിയിട്ടുണ്ടാവും. അങ്ങനെ നൽകിയിട്ടുണ്ടെന്ന ഉറപ്പിൽ ഈ ദേവാലയത്തെ വെളിച്ചമായി കാണുന്നവർ അനേകരാണ്.

വിളക്കു കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല. അതൊരു വിളക്കു കാലിൽ വയ്ക്കും. വീട്ടിലുള്ളവർക്കെല്ലാം അതു വെളിച്ചം നൽകുകയും ചെയ്യും. ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയപള്ളി ഈ ദേശമാകുന്ന വീട്ടിലെ അനുയോജ്യമായ സ്ഥലത്ത് വിളിക്കുകാലിൽ കൊളുത്തിവച്ചിരിക്കുന്നൊരു വിളക്കാണ്. അത് ദേശത്തിന് വെളിച്ചം നൽകി 125 വർഷം നിന്നു. ഇനിയും അനേകകാലം തുടർന്നുമത് പ്രകാശിക്കും. ആ പ്രകാശം നമുക്ക് വഴി നടക്കാനും അത് അനുഭവിച്ച് ജീവിക്കാനും കഴിയുന്നത് ഇടവകയിലെ മനുഷ്യരുടെ ഭാഗ്യമാണ്. ആ ഭാഗ്യം തുടർന്നു കൊണ്ടുപോകാൻ ഉതകുന്നതാവട്ടെ ജൂബിലിയാഘോഷത്തിന്റെ കാര്യപരിപാടികൾ.



പൗരസ്ത്യ കാതോലിക്കേറ്റ് സുവിശേഷ സംഘവും ഉള്ളന്നൂർ വലിയപള്ളിയും

ജയിംസ് മാത്യു
കോറെപ്പിസ്കോപ്പ

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പാശ്ചാത്യ രാജ്യങ്ങളിൽ നിന്നുള്ളവർ ഇവിടെയെത്തി നവീകരണ വിശ്വാസം പ്രചരിപ്പിക്കാൻ തുടങ്ങി. ധാരാളം ആളുകൾ ഈ വിശ്വാസത്തിലേക്ക് ആകൃഷ്ടരായി. ഇതിൽ മനംനൊന്ത് സാധുക്കളായ ചില സഭാ സ്നേഹികൾ ഒരുമിച്ചു കൂടി സത്യവിശ്വാസം നിലനിർത്തുന്നതിനു വേണ്ടി പരിശ്രമിക്കുമെന്ന് തീരുമാനിച്ചു. അങ്ങനെ ഉടലെടുത്തതാണ് 'പൗരസ്ത്യ കാതോലിക്കേറ്റ് സുവിശേഷ സംഘം.'

മധ്യതിരുവിതാംകൂറിൽ പത്തനംതിട്ടയ്ക്ക് കിഴക്ക് മണ്ണാരക്കുളഞ്ഞിയിൽ സഭാസ്നേഹികളായ പന്ത്രണ്ടു പേർ 1922 നവംബർ 2 ഞായറാഴ്ച, ചിറക്കോട്ട് ശ്രീ തോമസിന്റെ ഭവനത്തിൽ ആദ്യ യോഗം കൂടി ഈ സംഘത്തിന് ജന്മം നൽകി. തുടർന്നുള്ള വർഷങ്ങളിൽ അനേകമാളുകൾ ഇതിൽ ചേരുകയും അനേകം പള്ളികളിൽ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു. തുമ്പമൺ, കൊല്ലം, നിരണം എന്നീ ഭദ്രാസനങ്ങൾ കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനങ്ങൾ. വാഹനങ്ങളോ നല്ല റോഡോ ഇല്ലാതിരുന്ന ആ കാലങ്ങളിൽ നാല്പത്തിയഞ്ചിലധികം സ്ഥലങ്ങളിൽ യൂണിറ്റുകൾ തുടങ്ങിയിരുന്നു.

അടൂർ കണ്ണങ്കോട് പുത്തൻവീട്ടിൽ വന്ദ്യ സഖറിയ കത്തനാരായിരുന്നു ആദ്യ പ്രസിഡന്റ്. തെക്കുംമുറിയിൽ ലൂക്കോസ് കത്തനാർ, ചാവടിയിൽ ഫാ. ഡോ. സി.ടി. ഈപ്പൻ തുടങ്ങിയവർ പ്രസിഡന്റുമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തുടർന്ന് സഭാ നേതൃത്വത്തിന്റെ അംഗീകാരത്തോടു കൂടി ഭാഗ്യസ്മരണാർഹനായ ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയും തുടർന്ന് ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയും പ്രസിഡന്റുമാരായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ തിരുവനന്തപുരം ഭദ്രാസന മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. ഗബ്രിയേൽ

മാർ ഗ്രിഗോറിയോസ് തിരുമേനി പ്രസിഡന്റായും ഈ ലേഖകൻ വർക്കിങ് പ്രസിഡന്റായും പ്രവർത്തിക്കുന്നു.

പരസ്യ യോഗങ്ങളും ഉണർവ്വ് യോഗങ്ങളും വിവിധ ഇടവകകൾ കേന്ദ്രീകരിച്ച് നടത്തുകയും സത്യ വിശ്വാസം പഠിപ്പിക്കുകയും ചെയ്തിരുന്നു. സംഘാംഗങ്ങൾ ഇടവകകൾ സന്ദർശിച്ച് സത്യവിശ്വാസ സംബന്ധമായ ക്ലാസുകൾ എടുക്കുകയും മാജിക് ലാന്റേൺ ഉപയോഗിച്ച് ചിത്രങ്ങൾ പ്രദർശിപ്പിച്ച് പ്രസംഗങ്ങളും പഠനങ്ങളും നടത്തുകയും ചെയ്തിരുന്നു.



ഇ.ടി. മത്തായി ഉപദേശി

ഈ സംഘത്തിലെ സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്ന പ്രക്കാനം ഇലവുനിൽക്കുന്നതിൽ ഇ.ടി. മത്തായി ഉപദേശി വിവാഹം ചെയ്തത് ഉള്ളന്നൂർ വലിയപള്ളി ഇടവകാംഗമായിരുന്ന ചിറക്കരോട്ട് ഇടിക്കുളയുടെ മകൾ മറിയാമ്മയെ ആയിരുന്നു. മത്തായിയുടെ ഉത്സാഹത്തിൽ ഇടിക്കുളയും അംഗമായി. ഇവരുടെ താത്പര്യത്താൽ മലഞ്ചരുവിൽ മത്തായി സാർ ഉൾപ്പെടെ ധാരാളം ആളുകൾ അംഗങ്ങളായിത്തീർന്നു. മേട്ടുപ്പറമ്പിൽ ശ്രീ പി.എം. വറുഗീസ് ഈ സംഘത്തിന്റെ സെക്രട്ടറിയായി വളരെക്കാലം പ്രവർത്തിച്ചിട്ടുണ്ട്. ഉള്ളന്നൂർ വലിയപള്ളി ഇടവകാംഗമായിരുന്ന ഇലഞ്ഞിലേത്ത് കിഴക്കേതിൽ ശ്രീ ഇ.ജെ. മാമ്മനും സജീവമായി പ്രവർത്തിച്ചിരുന്നു. നൂതന സാങ്കേതിക വിദ്യകളുടെ ആവിർഭാവവും സഭാകേന്ദ്ര നേതൃത്വത്തിൽ വിവിധ ആത്മീയ സംഘടനകൾ രൂപംകൊണ്ടതും മൂലം സംഘത്തിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിക്കാൻ തുടങ്ങി. കൂടുതൽ വിശ്വാസികൾ അംഗങ്ങളായി സംഘം ശക്തിപ്പെടാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

എന്റെ മാതാവിന്റെ ഭവനമായ ചിറക്കരോട്ട് എത്തുമ്പോഴൊക്കെയും പരിശുദ്ധ മാതാവിന്റെ നാമത്തിലുള്ള ഉള്ളന്നൂർ വലിയപള്ളിയിൽ വരുകയും വിശുദ്ധ കുർബാനകളിൽ സംബന്ധിക്കുകയും ചെയ്തിട്ടുണ്ട്. പുരോഹിതനായ ശേഷം ഈ പള്ളിയിൽ വിശുദ്ധ ബലിയർപ്പിക്കാൻ ദൈവം ഇടയാക്കിയിട്ടുണ്ടെന്നുള്ളതും ഏറെ സന്തോഷത്തോടെ അനുസ്മരിക്കുന്നു.

IN LOVING MEMORY OF



T.T. GEORGE (80) & ALEYAMMA GEORGE (77)

THENGATHIL KIZHAKKETHIL (KOMATTU), ULLANNOOR

Inserted by

Gracy Mathews
Alice Varghese
Steephan George (Raju)
Babu George
Jacob George (Reji)
Alexander P Mathews
C J Varghese
Julie George
Joice George
Reena George

Grand Children and Great Grand Children

വെളിച്ചമാളിക

പി. ശ്രീലേഖ

വയലേലകൾ ഇളക്കിയാട്ടി
കാറ്റു ചൊല്ലി
ഉള്ളന്നൂരിൻ ഉള്ളിതല്ലേ
ഉള്ളിൽ നിറയുന്ന ചൈതന്യമല്ലേ
പരിശുദ്ധ കരസ്പർശന
ശിലയിൽ ഉയർന്ന
വെളിച്ചമാളികയല്ലേ...

നാനാവിധമുള്ള മനുജർ
ഒന്നായ് ചേർന്നു
നേടിയെടുത്തതീ
മഹനീയ സൗധം

ഇടയിലെപ്പോഴോ
തിരികൾ മങ്ങി
മനസ്സു മങ്ങി
മണിയൊച്ച തേങ്ങി

ഇരുണ്ടകാലത്തിലാ
ദേവാലയ ഗീതികൾ
ഇരുട്ടറയിൽ വീണിരുളു
വീണോരോ മനസ്സുകളിലും

മുട്ടിപ്പായുള്ള പ്രാർത്ഥനകൾ
ചെവിക്കൊണ്ട ദൈവം
ഹൃദയമലിഞ്ഞനുഗ്രഹിച്ചു
തിരുവിടം വീണ്ടെടുക്കുവാനായ്
നാടൊരുമിക്കുവാൻ
ജാതി, മത, വർണ യാതനകളെ
അന്യമാക്കി, ദേശം
സ്നേഹത്താൽ സ്വർഗമാക്കാൻ
വീണ്ടും ഉയിർത്തു
ദൈവമാതാവ് കുടികൊള്ളും പള്ളി

ഇന്നിവിടം വിശപ്പിൻ
വിളിക്കന്നമായ്
ഇടറും പാദങ്ങൾക്ക്
ശക്തിയായ്
പതറും മനസ്സിന്
മഹാബലമായ്
നിലകൊള്ളുന്നു
നാടിൻ വെളിച്ചം
ഇടവകയുടെ മഹാഗൃഹം
ഈ വലിയ പള്ളി

ഇരുളിൽ കടൽ താണ്ടാൻ
വഴികാട്ടും വിളക്കുമാടത്തെ
വെളിച്ചമാളികയെന്നു ചൊല്ലി
പരിശുദ്ധ പരുമല തിരുമേനി

അവിടുത്തെ ആ പദങ്ങൾ
നമ്മൾക്ക് കടം കൊണ്ടു പറഞ്ഞിടാം
ഈ തിരുദേവാലയം
എന്നും നമ്മുടെ 'വെളിച്ചമാളിക'

കാലങ്ങളെ അതിജീവിക്കുന്ന വിശുദ്ധ മന്ദിരം

ഡോ. പി.എ. സാജുദീൻ

കുളനടയുടെ ആധ്യാത്മിക, സാംസ്കാരിക പരിസരങ്ങളിൽ ഒന്നേകാൽ നൂറ്റാണ്ടിന്റെ മഹിതമാതൃകയായ ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയപള്ളി ശതോത്തര രജത ജൂബിലിയിൽ എത്തിനിൽക്കുകയാണല്ലോ. സന്ന്യാസ ജീവിതത്തിന്റെ ആത്മീയവിശുദ്ധിയിൽ കർമമണ്ഡലത്തെ ബലപ്പെടുത്തിയ ചൈതന്യസ്പർശം പുണ്യപൂജ്യപാദനായ സാക്ഷാൽ പരുമലയുടെ വലിയ പിതാവിന്റെ കാർമികത്വത്തിൽ സ്ഥാപിതമായ ഈ ദൈവാലയം അതുകൊണ്ടു തന്നെ കാലങ്ങളെ അതിജീവിച്ച വിശുദ്ധിയുടെ പ്രതീകമായി നിലനിൽക്കുക തന്നെ ചെയ്യും. ''ഞാൻ അവരുടെ നടുവിൽ വസിക്കാൻ അവർ എനിക്ക് ഒരു വിശുദ്ധ മന്ദിരം സ്ഥാപിക്കണം'' (പുറപ്പാട് 25:8) എന്ന ദൈവകല്പനയെ അന്വർത്ഥമാക്കുന്ന കാലത്തിന്റെ സാക്ഷ്യമാണ് ഉള്ളന്നൂരിന്റെ മഹാദൈവാലയം.

കുളനടയുടെ ആത്മീയ, സാംസ്കാരിക ഇടങ്ങളിൽ സമന്വയത്തിന്റെയും സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും മതസഹിഷ്ണുതയുടെയും രൂപീകരണത്തിനു നെടുനായകത്വം നൽകിയ ഇടംകൂടിയാണ് ഈ ദൈവാലയം. കുളനടയുടെ പൗരസമൂഹം ഒന്നായി ചേർന്നു നടത്തപ്പെടുന്ന പള്ളിപ്പെരുന്നാൾ ഒരു ദേശത്തിന്റെ മതമൈത്രിയുടേയും പരസ്പര വിശ്വാ

സത്തിന്റേയും സഹിഷ്ണുതയുടേയും ഒരുമയുടേയും ഇഴയടുപ്പം തുന്നിച്ചേർത്ത സുന്ദരപാരമ്പര്യത്തിന്റെ ആഘോഷമാക്കി മാറ്റുന്ന കാഴ്ചയുടെ ഭംഗി അവർണനീയമാണ്. സമൂഹത്തിൽ ഓരം ചേർന്നുപോയ ജീവിതങ്ങൾക്ക് താങ്ങും തണലുമൊക്കെയായി നിലകൊള്ളുന്ന ഈ ദൈവിക ഭവനം, ബഹുസ്വര സമൂഹത്തിൽ ആത്മീയ വ്യവഹാരാലയങ്ങൾ എങ്ങനെ ആകണം എന്നതിന്റെ ഉദാത്ത മാതൃകയാണ്. ജനാധിപത്യ വൈരുധ്യങ്ങളെ ബഹുസ്വര സമൂഹം ചിട്ടപ്പെടുത്തുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ മുന്നിൽ കണ്ടും അതിലേക്കു കാലാകാലങ്ങളായി ഭരണനേതൃത്വം നൽകിയ വൈദികരും പരിപാലകരും സഭാവിശ്വാസികളും അനുവർത്തിക്കേണ്ട സൂക്ഷ്മതയും കൃത്യതയും അനുകരണീയവും പ്രശംസനീയവുമാണ്.

സന്ന്യാസ ജീവിതത്തിന്റെ ആത്മീയവിശുദ്ധിയിൽ കർമമണ്ഡലത്തെ ബലപ്പെടുത്തിയ ചൈതന്യസ്പർശം പുണ്യപൂജ്യപാദനായ സാക്ഷാൽ പരുമലയുടെ വലിയ പിതാവിന്റെ കാർമികത്വത്തിൽ സ്ഥാപിതമായ ഈ ദൈവാലയം അതുകൊണ്ടു തന്നെ കാലങ്ങളെ അതിജീവിച്ച വിശുദ്ധിയുടെ പ്രതീകമായി നിലനിൽക്കുക തന്നെ ചെയ്യും.

കേവലം ആത്മീയ സമർപ്പണത്തിന്റെ മാത്രം ഇടങ്ങളല്ല ക്രിസ്തീയ ദേവാലയങ്ങൾ എന്ന വലിയ തിരിച്ചറിവ് പകർന്നു നൽകിയ അനുഭവങ്ങളാണ് അടുത്തറിയുമ്പോൾ ഈ ദേവാലയം നമുക്ക് മുന്നിൽ അനാവരണം ചെയ്യുന്നത്. സമൂഹത്തിന്റെ ഹൃദയസ്പന്ദനങ്ങൾ അടുത്തറിഞ്ഞ് സഹജീവികളായ അശരണരോട് സഹാനുഭൂതിയും അനുകമ്പയും പുലർത്തിയും ശബ്ദഹീനന്റെ ശബ്ദവും ശക്തിഹീനന്റെ ശക്തിയും കാഴ്ചഹീനന്റെ കാഴ്ചയും ഒക്കെയായി മാറുന്ന ഒരിടമായി പരിവർത്തിപ്പിക്കാനും ഈ ദേവാലയത്തിനു കഴിഞ്ഞു.

മനുഷ്യജീവിതത്തിന്റെ അതിലോല വിചാര വികാരങ്ങളും വ്യാകുലതകളും ഇറക്കിവയ്ക്കാനുള്ള അഭയകേന്ദ്രം മാത്രമായി പരിമിതപ്പെടുത്താതെ മാനുഷിക മൂല്യ വ്യവഹാരങ്ങളുടെ വൈവിധ്യതലങ്ങളിൽ നേരിടേണ്ടി വരുന്ന പ്രതിസന്ധികൾക്കുള്ള ആശ്രയങ്ങൾ കൂടിയാണ് ദേവാലയങ്ങൾ എന്ന ബോധ്യം കൂടി ആകുമ്പോഴാണ് ദൈവിക സന്നിധികൾ കൂടുതൽ പ്രസക്തവും അനുകരണീയവും ആകുന്നത്. അത്തരം ചിന്താധാരകളുടെ സമന്വയം ആയിട്ടാണ് ഈ ദേവാലയം നിലകൊള്ളുന്നത്. അതുകൊണ്ടുതന്നെയാണ് മനസ്സുകളിൽ ഇടംപിടിച്ച മാതൃകയായി ഈ ദേവാലയത്തെ കാലം ചേർത്തുപിടിക്കുന്നതും.

ദൈവാലയങ്ങൾ ദൈവ സാന്നിധ്യത്തിന്റെ പൂർത്തീകരണമാണ്. അംബരചുംബികളായ വലിയ നിർമിതികളുടെ സ്ഥാപനം പുതിയകാല കാഴ്ചകളാണ്. എന്നാൽ, അവിടെ ദൈവം ഉണ്ടാകും എന്ന് പറയാൻ കഴിയില്ലല്ലോ. കാരണം അവയെല്ലാം ദൈവ കല്പനകൾ പാലിക്കപ്പെടാത്ത ഇടങ്ങൾ എന്നതിനപ്പുറം ഒരു മേന്മയും ഇല്ലാത്ത ഇടങ്ങൾ മാത്രമായി അതിവേഗം മാറുകയാണ്.

സത്യവും സ്നേഹവും കരുണയും കാണാതെ പോകുന്ന ഇടങ്ങൾ എങ്ങനെ ദൈവികം ആകും. ''മന്ദിരം മനുഷ്യനല്ല യഹോവയായ ദൈവത്തിനത്രേ'' (1 ദിനവൃത്താന്തം 29:2). കാലത്തിന്റെ സാക്ഷികൾ ആകാൻ ലഭിച്ച അനുഗ്രഹമാണ് ഈ ജൂബിലി ആഘോഷം.

IN LOVING MEMORY OF

REV. P.V. GEORGE
USA

Inserted by
Family Members

In Loving Memory of Our Beloved Parents

P.T. SAMUEL & ALEYAMMA SAMUEL

EDATHRAKAROTE HOUSE, KULANADA

Inserted by Family members

In Loving Memory of Our Beloved Parents

SOSAMMA THOMAS & P.T. THOMAS

EDATHRAKAROTE HOUSE, KULANADA

Inserted by Family members

ഓർമ്മകൾക്ക് സൗരഭ്യം

പ്രഫ. എ.ഒ. വർഗീസ്

''ജീവിക്കുന്ന ഓരോ മനുഷ്യനേയും ഊർജസ്വലനാക്കി മുൻപോട്ട് നയിക്കുന്ന പ്രേരക ശക്തിയുടെ ഇന്ധനമാണ് ഓർമ്മകളുടെ ഓരോ തുള്ളിയും'' – Norman Vincent Peale

ആത്മീയതയുടെ അടിത്തറയും അകത്തളങ്ങളുമുണ്ടെങ്കിൽ ഊർജത്തിന്റെ അനുപാതം അനുസ്യൂതം വർദ്ധിക്കുമെന്നുള്ളത് നിസ്തർക്കമായ സംഗതിയാണ്. ബാല്യ കൗമാരങ്ങൾക്ക് കുന്തുരുക്കപുകയുടെ പശ്ചാത്തലത്തിൽ കരഗതമായ ഓർമ്മകളുടെ ഭണ്ഡാരത്തിൽനിന്ന് നേർച്ചയായി സമർപ്പിക്കപ്പെട്ട സ്മരണകളുടെ പൊൻനാണയങ്ങളിൽ ചിലതാണ് ഇപ്പോഴും മുന്നോട്ടു നയിക്കുന്ന ഊർജസ്രോതസ്സുകളിൽ മുമ്പിൽ നിൽക്കുന്നത്. ഈ ഊർജ സ്രോതസ്സിലേക്കുള്ള സമസ്തവഴികളും എത്തിച്ചേരുന്ന പവിത്രമായ സവിധമാണ് ഒലിവാന സൗരഭ്യത്തിന്റെ നിറസങ്കേതമായ എന്റെ ഉള്ളന്നൂർ പള്ളി. 1899ൽ പരിശുദ്ധ അമ്മയുടെ നാമത്തിൽ സ്ഥാപിതമായ ഈ ദേവാലയം, പാരിലാകെ പരിമളം പരത്തിയ പരിശുദ്ധ പരുമല തിരുമേനിയുടെ ആത്മീയ സൗരഭ്യത്തിന്റെ ഉറവിടമായി പരിലസിക്കുന്നു. ദേവാലയവുമായി ബന്ധപ്പെട്ട് 1966 മുതൽ 1973 വരെയുള്ള എന്റെ ബാല്യ കൗമാര സ്മരണകളിൽ ചിലതാണ് ഇവിടെ അയവിറക്കുന്നത്. ഒരു ആംഗലേയ കവിതയുടെ പരിഭാഷ ഇവിടെ പ്രസക്തമെന്ന് കരുതുന്നു.

''കല്ലിട്ടകൈകളോ കൽക്കണ്ടതുല്യമീ-
ചൊല്ലിയ പ്രാർത്ഥന ദേശത്തിൻ മംഗളം
ആപാദരേണുക്കൾ വീണൊരീഭൂമിയിൽ
നാഥാ നിന്നാലയം വാനോളമുയരത്തിൽ''

ഞായറാഴ്ചകളിലെ തീർത്ഥാടനം

ബാല്യത്തിലെ ഓരോ ഞായറാഴ്ചകൾക്കുമുണ്ട് ഒരു തീർത്ഥാടനത്തിന്റെ പരിവേഷം. കല്ലും മുള്ളും ചവിട്ടി കയ്യാലയും കല്ലാഴിയും ചാടിക്കടന്ന് നാട്ടുവഴികൾ പിന്നിട്ട് അൽപദൂരം ടാർനിരത്തിന്റെ സൗകര്യം ആസ്വദിച്ച് പാടവരമ്പും കൈത്തോടും താണ്ടിയുള്ള തീർത്ഥാടനത്തിന്റെ പര്യവസാനത്തിൽ ദേവാലയത്തിനുള്ളിൽ വിരിച്ച കയറ്റുപായയിൽ കാലടികൾ സ്പർശിക്കുമ്പോൾ അനുഭവിച്ച അവാച്യമായ ഭക്തിയുടെ ആനന്ദാനുഭൂതിയിൽ നാലു കിലോമീറ്റർ നടത്തത്തിന്റെ ക്ഷീണം വിസ്മൃതമാകുന്നത് എന്റെ സ്മരണകളെ വീണ്ടും വീണ്ടും പുഷ്കലമാക്കുന്നു. പരിശുദ്ധാത്മ ആരാധനയിലെ പങ്കാളിത്തം ശരീര മനസ്സുകളെ ആഴത്തിൽ സ്പർശിച്ച് ആത്മനിർവൃതി നൽകിയിരുന്നത്

ഇന്നും ഉൾപ്പുളകത്തോടെ ഓർക്കുന്നു. അൾത്താരയിലെ വിശുദ്ധ ബലിയർപ്പണത്തിന്റെ ഭാഗമായി വീശിപ്പറത്തുന്ന കുന്തുരുക്കപുകയുടെ സ്വർഗീയ പരിമളത്തിന്റെ പശ്ചാത്തലത്തിൽ പാരിൽ പറുദീസ തീർക്കുന്ന ഓരോ വിശുദ്ധ കുർബാനയും ഓരോ തീർത്ഥാടനത്തെയും അനുഭവവേദ്യമാക്കിയിരുന്നത് എത്രയോ ധന്യം. ആധുനിക വഴികളും വഴിത്താരകളും വാഹനങ്ങളും ഈ തീർത്ഥയാത്രയുടെ പ്രഭയ്ക്ക് മങ്ങലേൽപിച്ചിട്ടുണ്ടോ എന്ന സംശയം ബാക്കി നിൽക്കുന്നു.

അച്ചനും ഒപ്പം അദ്ധ്യാപകനും

മദ്ബഹയിലേക്ക് നോക്കുമ്പോൾ അറിയാതെ ഭയവും വിറയലും ഉണ്ടായത് സ്വാഭാവികം. അലംകൃതമായ കുർബാനക്കുപ്പായത്തിൽ കാണുന്ന അതേ ആൾ തന്നെയല്ലേ തലേദിവസം കയ്യിൽ ചൂരൽവടിയുമായി ക്ലാസ്സ്മുറിയിലേക്ക് കയറിവന്നത്. അന്നത്തെ വികാരി തെക്കേമൂത്തേരിൽ ടി.സി. ജോൺ കോറെപ്പിസ്കോപ്പ അച്ചൻ അന്ന് മെഴുവേലി പത്മനാഭോദയം യുപി സ്കൂളിലെ അദ്ധ്യാപകൻ കൂടിയാണ്. ഏവരുടെയും 'അച്ചൻ സാർ' കർക്കശക്കാരനും കുട്ടികൾക്കെല്ലാം പേടിസ്വപ്നവും ആയിരുന്നു. അതുകൊണ്ടു തന്നെ പള്ളിയിലും പള്ളിക്കൂടത്തിലും അനുഭവപ്പെട്ട ഭയത്തിനും ഭക്തിക്കും വിറയലിനും ബഹുമാനത്തിനുമൊപ്പം സ്നേഹ വാത്സല്യങ്ങളും പ്രത്യേക കരുതലും നുകരാൻ കഴിഞ്ഞുവെന്നത് ഭാഗ്യമായി കരുതട്ടെ. വീട്ടുപേരും അപ്പന്റെ പേരും ചേർത്തുള്ള അഭിസംബോധനയും വിളിയും കേൾക്കുന്നത് അഭിമാനത്തോടെ ഓർക്കുന്നു. പിതൃതുല്യമായ വാത്സല്യവും ഇടയന്റെ ശ്രേഷ്ഠമായ വഴിനടത്തലും ഗുരുവിന്റെ പ്രബോധനവും ഒരുമിച്ച് നൽകിയ ആത്മീയ ഊർജത്തിന്റെ ഉറവ ഒരിക്കലും വറ്റാത്തതായി ഇന്നും നിലകൊള്ളുന്നു.

പെരുന്നാളുകളിലെ ലാളിത്യം

അക്കാലത്തെ പെരുന്നാളുകൾ ലാളിത്യത്തിന്റെ പര്യായമായിരുന്നു. ആർഭാടമില്ലാതെ ആദ്ധ്യാത്മിക നിറവിൽ കൊണ്ടാടിയിരുന്ന പെരുന്നാൾ ഓർമ്മകൾ നിറച്ചാർത്തുകളായി മനോമുകുരത്തിൽ വിരിയുന്നു. കൺവൻഷൻ പ്രസംഗം കേൾക്കാൻ നടന്നു വരുമ്പോൾ തേക്കുംകാട്ടിൽ പടിയിലുണ്ടായിരുന്ന ഈശോച്ചന്റെ കാപ്പിക്കടയിൽ നിന്നു കുടിച്ച കട്ടൻ കാപ്പിയുടെ രുചി ഇന്നത്തെ ഒരു വിഭവത്തിനും ഇല്ല എന്ന സത്യം തുറന്നു സമ്മതിക്കുന്നു. പൈവഴി മുക്കിലെ കുറുപ്പച്ചന്റെ മാടക്കടയിൽനിന്ന് വാങ്ങുന്ന നാരങ്ങാമുട്ടായി പെരുന്നാളിന്റെ വിശേഷവിഭവമായി മാറിയിരുന്നതും ഓർമ്മയിലെ അനിവാര്യതയുടെ ഭാഗമായി തെളിയുന്നു. ഇല്ലായ്മയുടെ നടുവിൽ ആഘോഷമാക്കിയ ഇത്തരം ഓർമ്മകൾ ഇന്നത്തെ ഓർമ്മകളേക്കാൾ എത്രയോ വിലപ്പെട്ടതാണ്.

പള്ളിക്കുള്ളിലെ പള്ളിക്കൂടം

ഞായറാഴ്ച കുർബാനയ്ക്ക് ശേഷം പള്ളിക്കുള്ളിൽ നടത്തുന്ന സൺഡേ സ്കൂളിന്റെ ദീപ്തമായ ഓർമ്മ, സ്മരണകളുടെ ചെപ്പിലെ മറ്റൊരദ്ധ്യായമാണ്. ചിട്ടയായി നടന്നുവന്ന സൺഡേ സ്കൂൾ എല്ലാ അർത്ഥത്തിലും മാതൃകാപരമായിരുന്നു. വേദപഠ

നത്തോടൊപ്പം ആരാധനയിൽ കൃത്യനിഷ്ഠയോടെയും അച്ചടക്കത്തോടെയും പങ്കെടുക്കുവാനുള്ള നിരന്തര പരിശ്രമത്തിന്റെ പാഠശാലകൂടി ആയിരുന്നു. അദ്ധ്യാപകരുടെ രൂപവും ഭാവവും പ്രകൃതവും മനസ്സിൽ മായാതെ പച്ചത്തുരുത്തുകളായി അവശേഷിക്കുന്നു. മത്തായി സാറും ഡാനിയേൽ സാറും ജോർജ് സാറും ഉമ്മൻ സാറും സാമുവൽ സാറും സ്കൂളിലും കോളജിലും യൂണിവേഴ്സിറ്റികളിലും പഠിപ്പിച്ച അദ്ധ്യാപകർക്കൊപ്പം ഓർമ്മയുടെ ഗ്യാലറിയിലെ സജീവ സാന്നിദ്ധ്യംതന്നെ. കാലത്തിന്റെ യവനികയ്ക്ക് പിന്നിലേക്ക് മാറ്റപ്പെട്ട ആദരണീയരായ ആ അദ്ധ്യാപകരുടെ ദീപ്തമായ ഓർമ്മകൾക്ക് മുന്നിൽ ശിരസ്സ് നമിക്കുന്നു. നന്നേ ചെറുപ്പക്കാരും സുമുഖരും ആയിരുന്ന അലക്സാണ്ടർ സാറും പി. കെ. തോമസ് സാറും ഇ.വി. തോമസുകുട്ടി സാറും എല്ലാം ഊഷ്മളമായ ഗുരു-ശിഷ്യബന്ധത്തിന്റെ നിറസാന്നിധ്യമായി ഇന്നും ഒപ്പമുണ്ടെന്നത് മഹാഭാഗ്യം. പള്ളിയിലെ ഈ പാഠശാല ജീവിതത്തിനു നൽകിയ അടിത്തറ ഏറെ ബലവത്തായിരുന്നു.

അങ്ങു ദൂരെക്കാണുന്ന ആ കുരിശ്

പഠനശേഷം ജീവിതം മറ്റൊരു നാട്ടിലേക്ക് പറിച്ചുനട്ടിട്ടും ഇടവകയ്ക്ക് മാറ്റം വന്നിട്ടും കുളനടയ്ക്കുള്ള ഓരോ യാത്രയിലും പുതുവാക്കൽ മുക്കിൽ എത്തുമ്പോൾ മനസ്സും ദൃഷ്ടിയും അങ്ങ് പാടത്തിനപ്പുറം ഉയർന്നുകാണുന്ന ആ കുരിശിലേക്ക് നോക്കി 'എന്റെ ഉള്ളന്നൂർ പള്ളി' എന്ന ആത്മഗതത്തോടെ വണങ്ങി കുരിശു വരയ്ക്കുമ്പോൾ ലഭിക്കുന്ന സൗഭാഗ്യം അവർണനീയംതന്നെ. കുളനട നിന്ന് വടക്കോട്ട് എംസി റോഡ് വഴിയുള്ള ഓരോ യാത്രയും യഥാർത്ഥത്തിൽ തുടങ്ങുന്നതും മാന്തുക പുഞ്ചയുടെ ഭാഗത്തുനിന്ന് അതേ കുരിശിലേക്കു തന്നെ ഭക്തിപൂർവ്വം നോക്കുമ്പോഴാണ്. ആ നോട്ടം നൽകുന്ന ആത്മീയ ഊർജം എന്റെ ഓരോ യാത്രയുടെയും ലക്ഷ്യങ്ങളുടെയും സാക്ഷാത്കാരത്തിന്റെ നിത്യ സ്മാരകം തന്നെ.

പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ നിന്നും ശതാബ്ദിയിലേക്കും അവിടെ നിന്ന് ശതോത്തര രജത ജൂബിലിയിലേക്കും കടന്ന പരിശുദ്ധ ദേവാലയമേ, നൽകിയ ഓരോ സൗഭാഗ്യങ്ങളുടെയും സ്മരണ ഭാഗ്യം ചെയ്യുന്ന തലമുറകളുമായി പങ്കുവയ്ക്കുന്നു. അനുഗ്രഹങ്ങളുടെ അക്ഷയപാത്രം അടയ്ക്കരുതേ എന്ന് ശിരസ്സ് നമിച്ച് ഹൃദയപൂർവ്വം ഒരിക്കൽക്കൂടി പ്രാർത്ഥിക്കുന്നു.

ഇടവകയിൽ സേവനം അനുഷ്ഠിച്ച വൈദികർ

ദിവ്യശ്രീ പമ്പൂരേത്ത് ചാണ്ടപ്പിള്ള കത്തനാർ
(1899-1909)



ദിവ്യശ്രീ കിളന്നമണ്ണിൽ ഗീവറുഗീസ് കത്തനാർ
(1899-1909)



ദിവ്യശ്രീ കോമട്ട് യാക്കോബ് കത്തനാർ
(1931-1952)



വെരി റവ. കെ.ജി. ജോർജ് കടവത്രയിൽ കോറെപ്പിസ്കോപ്പ
(1951-1962)



വെരി റവ. ടി.സി. ജോൺ തെക്കേമുത്തേരിൽ കോറെപ്പിസ്കോപ്പ
(1962-1986)



റവ. ഫാ. കെ.ജെ. മത്തായി
(1964-1971)



റവ. ഫാ. എ.എം. വർഗീസ്
(1986-1987)



റവ. ഫാ. പ്രഫ. പി.വി. ജോൺ
(1987-1990)

റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ
(1987-1990)



വെരി റവ. ജോൺ ഡാനിയേൽ കോറെപ്പിസ്കോപ്പ
(1990-1991)

ഇടവകയിൽ സേവനം അനുഷ്ഠിച്ച വൈദികർ

റവ. ഫാ. കെ.സി. ജേക്കബ്
(1992-1995)

വെരി റവ. മാത്യു തോമസ്
കോറെപ്പിസ്കോപ്പ (1995-1999)



റവ. ഫാ. രാജൻ വർഗീസ്
(1999-2000)



റവ. ഫാ. ഡാനിയേൽ പുല്ലേലിൽ
(2000-2001)

വെരി റവ. കെ.ഒ. ഫിലിപ്പ്
കോറെപ്പിസ്കോപ്പ (2001-2004)

റവ. ഫാ. ജേക്കബ് ചെറിയാൻ
(2004-2007)

റവ. ഫാ. എം.കെ. ഇമ്മാനുവേൽ
(2007-2010)



വെരി റവ. ജോൺപോൾ
കോറെപ്പിസ്കോപ്പ (2010-2013)

റവ. ഫാ. ഗീവർഗീസ് കോശി
(2013-2014)



റവ. ഫാ. ഡോ. നൈനാൻ
വി. ജോർജ് (2014-2015)



റവ. ഫാ. ഡോ. മാത്യു കോശി
(2015-2016)

റവ. ഫാ. കെ.ഒ. തോമസ്
(2016-2019)



റവ. ഫാ. കുര്യൻ ജോസഫ്
(2019-2022)

സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരായി സേവനം അനുഷ്ഠിച്ചവർ


വി.സി. ജേക്കബ്


വി.സി. വറുഗീസ്


എം.വി. ജേക്കബ്


ഉമ്മൻ ഈശോ


പി.ടി. സാമുവൽ


വി.എം. ഡാനിയേൽ

ഉമ്മൻ വർഗീസ്

ക്യാപ്റ്റൻ കെ.ടി. വർഗീസ്

ഇ.ജെ. മാമ്മൻ

സി.എം. അലക്സാണ്ടർ

സാറാമ്മ ഉമ്മൻ

നിലവിലെ ഹെഡ്മാസ്റ്റർ

കെ.ജി. ജയിംസ്

ഇടവക മാനേജിങ് കമ്മിറ്റി

ഫാ. ജോൺ ചാക്കോ
പ്രസിഡന്റ്

മാനേജിങ് കമ്മിറ്റി അംഗങ്ങൾ 2022-23

മാനേജിങ് കമ്മിറ്റി അംഗങ്ങൾ 2023-24

2022-24

പി.എം. അലക്സാണ്ടർ
ട്രസ്റ്റി

ജോസി ജയിംസ്
സെക്രട്ടറി

KIDS & ELDERS

God's grace shines in tiny faces

EMY

NATHANIA & NIDHIKA

ETHAN

RANAV

ഇടവകയിലെ ഏറ്റവും മുതിർന്ന അംഗങ്ങൾ, ജൂബിലി വർഷത്തിൽ ഇടയനോടൊപ്പം

പ്രാർത്ഥനകളോടെ: വിവേക്, അഭിഷേക്, കൊച്ചുറാണി

70-ാം വിവാഹ വാർഷികം ആഘോഷിക്കുന്ന
ഞങ്ങളുടെ അപ്പച്ചനും അമ്മച്ചിക്കും പ്രാർത്ഥനാശംസകൾ...

മക്കൾ, കൊച്ചുമക്കൾ, പേരക്കുട്ടികൾ

ശതോത്തര രജത ജൂബിലി കമ്മിറ്റി

ഫാ. ജോൺ ചാക്കോ
പ്രസിഡന്റ്

പി.എം. അലക്സാണ്ടർ
ജനറൽ കൺവീനർ

ഉമ്മൻ വർഗീസ്
ജോ. ജനറൽ കൺവീനർ

വി.ഡി. സ്കറിയ
ജോ. ജനറൽ കൺവീനർ

ബിജു മാത്യു
ജോ. ജനറൽ കൺവീനർ

ജോർജ് തോമസ്
കൺവീനർ, ഫിനാൻസ്

ജേക്കബ് വർഗീസ്
കൺവീനർ, റിസപ്ഷൻ

ഡെയ്സി ജോർജ്
ജോ. കൺവീനർ, റിസപ്ഷൻ

ഡോ. റോബിൻ സാമുവൽ
കൺവീനർ, പ്രോഗ്രാം

ബിനു സ്കറിയ
ജോ. കൺവീനർ, പ്രോഗ്രാം

ബാബു ജോൺ
കൺവീനർ, ഫുഡ്

മോളി ജോർജ്
ജോ. കൺവീനർ, ഫുഡ്

ജോസി ജയിംസ്
കൺവീനർ, സ്റ്റേജ് & സൗണ്ട്

എം. രാജു
ജോ. കൺവീനർ, സ്റ്റേജ് & സൗണ്ട്

ബിനു ബാബു
കൺവീനർ, പബ്ലിസിറ്റി



ജോ മാമ്മൻ
ജോ. കൺവീനർ, പബ്ലിസിറ്റി

പി.ജെ. റോഷൻ
കൺവീനർ, പരിസ്ഥിതി

ഷിബു ജോർജ്
ജോ. കൺവീനർ, പരിസ്ഥിതി

അജു ജോൺസൺ
കൺവീനർ, ട്രാൻസ്പോർട്ടേഷൻ

ബിജു മത്തായി
ജോ. കൺവീനർ, ട്രാൻസ്പോർട്ടേഷൻ

കെ.വി. തോമസ്
കൺവീനർ, കൃഷി

കെ.വി. വർഗീസ്
ജോ. കൺവീനർ, കൃഷി

ജോസ് കെ. തോമസ്
കൺവീനർ, സുവനീർ

പി.ടി. പൊന്നച്ചൻ
ജോ. കൺവീനർ, സുവനീർ

ഫിനാൻസ് കമ്മിറ്റി

റിസപ്ഷൻ കമ്മിറ്റി

പ്രോഗ്രാം കമ്മിറ്റി

ഫുഡ് കമ്മിറ്റി

സ്റ്റേജ് & സൗണ്ട് കമ്മിറ്റി

പബ്ലിസിറ്റി കമ്മിറ്റി

ട്രാൻസ്പോർട്ടേഷൻ കമ്മിറ്റി

സുവനീർ കമ്മിറ്റി

ജനറൽ കമ്മിറ്റി

സെയ്ന്റ് മേരീസ് ഗായകസംഘം

കൊടിമര ഘോഷയാത്ര

പുത്തൻപറമ്പിൽ ശ്രീ പി.വി. മാത്യുവിന്റെ ഭവനത്തിൽനിന്നാരംഭിച്ച
കൊടിമര ഘോഷയാത്ര വലിയപള്ളിയിലേക്ക്... 21.01.2023



കൊടിയേറ്റ്

പെരുന്നാൾ കൊടിയേറ്റിനു മുന്നോടിയായി സെമിത്തേരിയിൽ നടന്ന ധൂപാർപ്പണം – 22.01.2023

പ്രധാന കൊടിമരത്തിലെ കൊടിയേറ്റ് – 22.01.2023

ഛായാചിത്ര ഘോഷയാത്ര

പരിശുദ്ധ മാതാവിന്റെ ഛായാചിത്രം വഹിച്ചുകൊണ്ടുള്ള വിളംബര ഘോഷയാത്ര തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രലിൽ നിന്ന് ആരംഭിച്ചപ്പോൾ – 22.01.2023

സ്വീകരണങ്ങൾ ഏറ്റുവാങ്ങി വലിയപള്ളിയിലേക്ക്

സ്വീകരണ ഘോഷയാത്രയിലെ വിവിധ ദൃശ്യങ്ങൾ

മാതൃഇടവകയായ മാന്തളിർ സെന്റ് തോമസ് വലിയപള്ളിയിൽ

മാതൃഇടവകയുടെ സ്വീകരണം

ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അദ്ധ്യക്ഷൻ
ശ്രീ ആർ. അജയകുമാറിന്റെ നേതൃത്വത്തിലുള്ള സ്വീകരണം

ആദ്യഫലപ്പെരുന്നാൾ 2023

ശ്രീമതി സ്മിത സെബി രചിച്ച് എബിസൺ സെബി ഏബ്രഹാം സംഗീതം നൽകിയ ശതോത്തര രജതജൂബിലി ഗാനത്തിന്റെ സിഡി പ്രകാശനം വന്ദ്യ ജോൺ ഡാനിയേൽ കോറെപ്പിസ്കോപ്പ നിർവഹിക്കുന്നു

സ്മിത സെബി

എബിസൺ സെബി ഏബ്രഹാം

പെരുന്നാൾ പ്രദക്ഷിണം

വാലിൽപെരുവിളയിൽ ശ്രീ ജോസ് ഡേവിഡിന്റെ
ഭവനത്തിൽനിന്നാരംഭിച്ച പെരുന്നാൾ പ്രദക്ഷിണത്തിൽ നിന്ന്
– 27.01.2023

ശതോത്തര രജതജൂബിലി ആഘോഷങ്ങൾക്ക് മുന്നോടിയായി, ഇടവക മെത്രാപ്പൊലീത്ത
അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാന – 28.01.2023

ശതോത്തര രജതജൂബിലിയുടെ ഉദ്ഘാടനം കേന്ദ്ര ന്യൂനപക്ഷ ക്ഷേമകാര്യ വകുപ്പ്
സഹമന്ത്രി ശ്രീ ജോൺ ബർല നിർവഹിക്കുന്നു –28.01.2023

കേന്ദ്ര ന്യൂനപക്ഷ ക്ഷേമകാര്യ വകുപ്പ്
സഹമന്ത്രി ശ്രീ ജോൺ ബർല

ഇടവക മെത്രാപ്പൊലീത്തയുടെ അദ്ധ്യക്ഷ പ്രസംഗം.
എൻഎസ്എസ് ചെങ്ങന്നൂർ താലൂക്ക് യൂണിയൻ വൈസ് പ്രസിഡന്റ്
ശ്രീ കെ.ബി. പ്രഭ സമീപം – 28.01.2023

ശതോത്തര രജതജൂബിലി ലോഗോയുടെ പ്രകാശനം അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലിമ്മിസ് മെത്രാപ്പൊലീത്ത നിർവഹിക്കുന്നു. കേന്ദ്ര സഹമന്ത്രി ശ്രീ ജോൺ ബർല, വന്ദ്യ ഡോ. ഡേവിഡ് കോശി റമ്പാൻ, ജില്ല പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ എന്നിവർ സമീപം

അഡ്വ. ബെനി കുര്യൻ നയിച്ച മോട്ടിവേഷൻ & കരിയർ ഗൈഡൻസ ക്ലാസ്സ് – 04.03.2023

മെഗാ മെഡിക്കൽ ക്യാംപ്

പന്തളം സിഎം ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ നടന്ന മെഡിക്കൽ ക്യാംപ് – 18.03.2023

OVBS-2023

ഒവിബിഎസ് പ്രവർത്തക സമിതി

കുട്ടികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ

"ദൈവത്തിൽ വസിക്കുന്ന കുരുന്നുകൾ..."

ഒവിബിഎസ് സംഗീതാധ്യാപകർ

ദേവാലയ സമർപ്പണം

നവീകരിച്ച ദേവാലയത്തിൽ അഭിവന്ദ്യ ഇടവക മെത്രാപ്പൊലീത്ത ഡോ. മാത്യൂസ് മാർ തിമോത്തിയോസിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദേവാലയ സമർപ്പണ പ്രാർത്ഥന – 10.06.2023

വനിത സമാജം പന്തളം ഡിസ്ട്രിക്ട് സമ്മേളനം

സൺഡേ സ്കൂൾ പന്തളം ഡിസ്ട്രിക്ട് അധ്യാപക വാർഷിക സമ്മേളനം ഇടവക മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്യുന്നു – 30.07.2023

സ്വാതന്ത്ര്യദിനത്തിൽ പള്ളിയിൽ ദേശീയ പതാക ഉയർത്തിയപ്പോൾ – 15.08.2023

കുളനട ഗ്രാമപഞ്ചായത്തിലെ വിമുക്തഭടന്മാരെ ആദരിക്കുന്ന ചടങ്ങിൽ ഇടവകാംഗങ്ങളായ ശ്രീ ഉമ്മൻ വർഗീസ്, ശ്രീ വി.ഡി. സ്കറിയ, മേജർ വിവേക് ജെ.കെ. തോമസ്, എക്സ് സർവീസസ് ലീഗ് കുളനട യൂണിറ്റ് പ്രസിഡന്റ് ക്യാപ്റ്റൻ ഉണ്ണിക്കൃഷ്ണപിള്ള എന്നിവരെ ആദരിച്ചപ്പോൾ. സെക്രട്ടറി ക്യാപ്റ്റൻ സി.എം. ജയിംസ് സമീപം – 15.08.2023

വാങ്ങിപ്പു പെരുന്നാൾ
പ്രദക്ഷിണം

വാങ്ങിപ്പു പെരുന്നാൾ പ്രദക്ഷിണത്തിൽ നിന്ന്...

സീനിയേഴ്സ് ഫോറത്തിന്റെ നേതൃത്വത്തിൽ നടന്ന ആദരവ്

സീനിയേഴ്സ് ഫോറത്തിന്റെ നേതൃത്വത്തിൽ ഇടവക മെത്രാപ്പൊലീത്ത, ഇടവകയിൽ സേവനമനുഷ്ഠിച്ച വികാരിമാർ, ഇടവകപ്പട്ടക്കാർ, സിസ്റ്റർമാർ, പ്രധാന ശുശ്രൂഷകൻ എന്നിവരെ ആദരിച്ചപ്പോൾ













സീനിയേഴ്സ് ഫോറത്തിന്റെ
ലോഗോ പ്രകാശനം

മുൻ ട്രസ്റ്റിമാർ, സെക്രട്ടറിമാർ എന്നിവരെ ആദരിച്ചപ്പോൾ

പരിസ്ഥിതി സംരക്ഷണം

ശതോത്തര രജതജൂബിലി സമാപനത്തോടനുബന്ധിച്ച് പരിസ്ഥിതി കമ്മിറ്റിയുടെ നേതൃത്വത്തിലും പുതുവാക്കൽ ഗ്രാമീണ വായനശാല പെഡൽ സൈക്കിൾ ക്ലബ് അംഗങ്ങളുടെ സഹകരണത്തിലും കുളനട – ആറന്മുള റോഡിന്റെ ഇരുവശങ്ങളിലുമുണ്ടായിരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തപ്പോൾ...!

പ്രവാസി സംഗമം – 28.01.2024

പ്രശസ്ത നോവലിസ്റ്റ് ബെന്യാമിനെ ഇടവക മെത്രാപ്പൊലീത്ത ആദരിക്കുന്നു.
പ്രവാസി അസോസിയേഷൻ വൈസ് പ്രസിഡന്റ് ശ്രീ പി.എം. ജോസ് സമീപം

എഴുപതിന് മുകളിൽ പ്രായമുള്ള പ്രവാസികളെ ആദരിച്ചപ്പോൾ

ശതോത്തര രജതജൂബിലി സമാപന പൊതുസമ്മേളനം – 29.01.2024

ബഹു. ഗോവ ഗവർണർ അഡ്വ. പി.എസ്. ശ്രീധരൻപിള്ള രചിച്ച പുസ്തകം പരിശുദ്ധ കാതോലിക്ക ബാവ പ്രകാശനം ചെയ്യുന്നു

സുവനീറിന്റെ പ്രകാശനം പരിശുദ്ധ കാതോലിക്ക ബാവ നിർവഹിക്കുന്നു

സമാപന സമ്മേളനത്തിൽ ബഹു. ഗോവ ഗവർണർ മുഖ്യപ്രഭാഷണം നടത്തുന്നു

പരിശുദ്ധ കാതോലിക്ക ബാവ ഇടവക വികാരിയെ ആദരിക്കുന്നു

ഗാനശുശ്രൂഷയിൽ നിന്ന്

ഇടവകയിലെ പ്രാർത്ഥനായോഗങ്ങൾ

സെയ്ന്റ് ഗ്രിഗോറിയോസ് പ്രാർത്ഥനായോഗം

സെയ്ന്റ് മേരീസ് പ്രാർത്ഥനായോഗം

സെയ്ന്റ് തോമസ് പ്രാർത്ഥനായോഗം

സെയ്ന്റ് ജോസഫ് പ്രാർത്ഥനായോഗം

പടിഞ്ഞാറ്റിടത്ത് പ്രാർത്ഥനായോഗം

ചിറയിൽ തെക്കേക്കര പ്രാർത്ഥനായോഗം

സെയ്ന്റ് പോൾസ് പ്രാർത്ഥനായോഗം

സെയ്ന്റ് പീറ്റേഴ്സ് പ്രാർത്ഥനായോഗം

സെയ്ന്റ് മാത്യൂസ് പ്രാർത്ഥനായോഗം

തച്ചക്കുന്നിൽ പ്രാർത്ഥനായോഗം

IN LOVING MEMORY OF

K.K. SAMUEL
KIZHAKKEDATHU
THUMPAMON

In loving
MEMORY OF



V.C. VARUGHESE
(Former Sunday School Inspector, Pandalam District)
Valil Puthen Veedu, Kulanada
Born on 11.02.1908 | Died on 10.07.1982

മർത്തമറിയം സമാജം

സെയ്ന്റ് മേരീസ് മർത്തമറിയം സമാജം – പള്ളിഭാഗം

സെയ്ന്റ് തോമസ് മർത്തമറിയം സമാജം – കുളനടഭാഗം

സെയ്ന്റ് ഗ്രിഗോറിയോസ് മർത്തമറിയം സമാജം – വടക്കുഭാഗം

സൺഡേ സ്കൂൾ വിദ്യാർത്ഥികൾ ഇടവക വികാരിയോടും അധ്യാപകരോടുമൊപ്പം

സൺഡേ സ്കൂൾ അധ്യാപകർ ഇടവക വികാരിയോടൊപ്പം

ഇടവകയിലെ വാർഡുകൾ

വാർഡ് I

വാർഡ് II

വാർഡ് III

വാർഡ് IV

വാർഡ് IV

വാർഡ് V

വാർഡ് V

വാർഡ് VI

വാർഡ് VII

വാർഡ് VIII

വാർഡ് VIII

വാർഡ് IX

വാർഡ് IX

വാർഡ് X

വാർഡ് X

Best Compliments from

RAMESH ULLANNOOR
PULAYIRETHU HOUSE
(DEVIKRIPA)
ULLANNOOR
(General Secretary, Pandalam Pravasi Association, Sharjah-UAE)

Best Compliments from

THOMAS PHILIP & FAMILY
THYKOOTTATHIL PHILIPS
KAIPUZHA NORTH

എം.സി. റോഡ്, കുളനട
Ph: 99617 50288

എല്ലാവിധ ഇംഗ്ലിഷ്, ആയുർവേദ, വെറ്ററിനറി മരുന്നുകൾ, ബേബി ഫുഡ് എന്നിവ ലഭിക്കുന്നു

വെറ്ററിനറി ഫാർമസി & പെറ്റ് ഷോപ്പ്

എല്ലാവിധ പക്ഷിമൃഗാദികളുടെ വാക്സിനുകളും ലഭ്യമാണ്.

Thazhayil Nidhi Ltd,
T B Junction, Near BSNL Office, Kulanada - 689 503
Ph: 04734 262626

ഉയരുന്ന
സ്വർണ്ണവില കണ്ട്
ഭയപ്പെടേണ്ട
കല്യാണ പാർട്ടികൾക്ക്
പ്രത്യേക ആനുകൂല്യങ്ങൾ
ലൈറ്റ് വെയിറ്റ് വിവാഹ സ്വർണ്ണഭരണങ്ങളുടെ
വിപുലമായ ശേഖരം അന്നപൂർണ്ണയിൽ
നിങ്ങളുടെ പഴയ
സ്വർണ്ണാഭരണങ്ങൾ മാറ്റി
916 ഹാൾമാർക്ക്
സ്വർണ്ണാഭരണങ്ങളായി
മാറ്റി വാങ്ങാം
ആവശ്യമുള്ള സ്വർണ്ണത്തിന്റെ
വില ആറ് മാസം മുൻപ്
അടച്ച് ബുക്ക് ചെയ്യുന്നവർക്ക്
പണിക്കൂലി സൗജന്യം
അന്നപൂർണ്ണ
ജ്വുവലേഴ്സ്
കുളനട. ഫോൺ: 04734 263011, 94461 23358

ആശംസകളോടെ
Ensure
HEPA PRO
ATTILETHU MEDICALS
Estd. 1992
TB JUNCTION, KULANADA
ഇംഗ്ലിഷ്/ആയുർവേദ മരുന്നുകൾ
വെറ്ററിനറി മരുന്നുകൾ
ബേബി ഫുഡ്സ്
സർജിക്കൽ ഉപകരണങ്ങൾ
SUNNY ATTILETHU
TEL: 04734 299502
94470 60102

മാളു ഫ്ളവർമിൽ & വെളിച്ചെണ്ണ
കുളനട. ബ്രാഞ്ച്: മാന്തുക ഗവ. യുപി സ്കൂളിന് സമീപം
പന്തൽ വർക്സ്, സൗണ്ട് സിസ്റ്റം,
മൊബൈൽ മോർച്ചറി
LPG ഗ്യാസ് സ്റ്റൗ സെയിൽസ് & സർവ്വീസ്
Mob: 94475 61146
97448 72857
കഴുകി വൃത്തിയാക്കി ഉണക്കിപ്പൊടിച്ച് തയ്യാറാക്കുന്ന
മുളകുപൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി,
ധാന്യപ്പൊടികൾ ലഭ്യമാണ്
നാടൻ വെളിച്ചെണ്ണ, എള്ളെണ്ണ, കടുകെണ്ണ
26 മണിക്കൂർകൊണ്ട് പച്ചത്തേങ്ങ ഡ്രയറിൽ ഉണക്കി
ആട്ടി വെളിച്ചെണ്ണയാക്കി കൊടുക്കുന്നു
അരി പൊടിച്ച് വറുത്ത് കൊടുക്കപ്പെടും
ദോശമാവ്, ഇഡ്ഡലിമാവ് എന്നിവ തയ്യാറാക്കിക്കൊടുക്കും
മെഷിനറികൾ, കസേര, മേശ, ടാർപ്പോളിൻ പാത്രങ്ങൾ
തുടങ്ങിയവ വാടകയ്ക്ക്

ആശംസകളോടെ
തെങ്ങിൽ ഫാം
ചിക്കൻ സെന്റർ & എഗ്ഗ് സെന്റർ
MPI Items
കുളനട, പന്തളം
Mob: 94957 57733

സീനിയേഴ്സ് ഫോറം അംഗങ്ങൾ

ശുശ്രൂഷകർ ഇടവക വികാരിയോടൊപ്പം

ഇടവകയുടെ കുരിശിൻ സൗധങ്ങൾ

സെയ്ന്റ് മേരീസ് കുരിശടി

സെയ്ന്റ് ഗ്രിഗോറിയോസ് കുരിശടി

സെയ്ന്റ് തോമസ് കുരിശടി

വലിയ മാർ ബസേലിയോസ് കുരിശടി





P.M. John & Family Members

PANNIKUZHIYIL PUTHENPARAMBIL, PUNNAKULANJI, ULLANNOOR

ഉള്ളന്നൂർ വലിയ പള്ളി

ഇടവക ജനങ്ങളുടെ

ഹൃദയങ്ങളിലൂടെ

ഓർമ്മക്കുറിപ്പ്



ഉമ്മൻ വർഗീസ്

1947ൽ ആണ് എന്റെ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. അന്ന് പതിനാറാമത്തെ വയസ്സിൽ ആരംഭിച്ച സൈനിക സേവനം മൂന്നു പതിറ്റാണ്ട് തുടർന്നു. 1977ൽ പെൻഷനായി നാട്ടിലെത്തിയപ്പോൾ നമ്മുടെ ഇടവകയിൽ സൺഡേ സ്കൂൾ അദ്ധ്യാപകനായി സേവനമനുഷ്ഠിക്കാൻ അവസരം ലഭിച്ചു. അപ്പോഴാണ് വീണ്ടും ഔദ്യോഗിക ജോലിയിലേക്ക് കടക്കേണ്ടി വന്നത്. അങ്ങനെ കസ്റ്റംസ് & സെൻട്രൽ എക്സൈസിലെ ഒരു വ്യാഴവട്ടക്കാലത്തെ സേവനത്തിനു ശേഷം 1990ൽ നാട്ടിൽ മടങ്ങിയെത്തി. അന്നു മുതൽ ഇത് കുറിക്കുന്ന 2024 വരെ 34 വർഷം തുടർച്ചയായി ഈ ഇടവകയിലെ ഒട്ടുമിക്ക പ്രസ്ഥാനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കാൻ സർവ്വശക്തൻ അവസരം നൽകി.

ഇപ്പോൾ കാണുന്ന ദേവാലയത്തിന് മുൻപുണ്ടായിരുന്ന പള്ളിയുടെ പണി നടക്കുമ്പോൾ ഞാൻ പ്രൈമറി സ്കൂൾ വിദ്യാർത്ഥിയായിരുന്നു. കുളനട ഇടക്കടവിൽ നിന്നെത്തിക്കുന്ന മണൽ മുതിർന്നവർക്കൊപ്പം തലച്ചുമടായി ഞങ്ങൾ കുട്ടികൾ ചെറിയ കുട്ടയിൽ ചുമന്നത് ഇപ്പോഴും ഓർക്കുന്നുണ്ട്. ഇടവക പൊതുയോഗം പള്ളിപണിയുടെ ചുമതല എന്റെ പിതാവ് പീസ് കോട്ടേജിൽ ശ്രീ കെ.ഇ. വർഗീസിനെ ഏല്പിക്കുകയായിരുന്നു. പൊതുമരാമത്ത് വകുപ്പിൽ ജോലിയുണ്ടായിരുന്ന അപ്പച്ചനെ ദീർഘകാല അവധിയെടുപ്പിച്ച് 40/- രൂപ മാസപ്പടി കണക്കാക്കി പള്ളിയിൽ നിയമിച്ചാണ് പണികൾക്കു മേൽനോട്ടം വഹിക്കാൻ ചുമതലപ്പെടുത്തിയത്. ഈ കാലയളവിൽ അപ്പച്ചന്റെ ഊണും ഉറക്കവുമെല്ലാം പള്ളിയിൽ തന്നെയായിരുന്നു. അന്ന് മാവേലിക്കര കെഎസ്ഇബി അസി. എൻജിനീയറായിരുന്ന ഇടവകാംഗം ശ്രീ ചിറവരമ്പിൽ സി.എം. വർഗീസിന്റെ സേവനവും വിലപ്പെട്ടതായിരുന്നു.

1990ൽ നാട്ടിലെത്തിയപ്പോൾ ബഹുമാനപ്പെട്ട പി.വി. ജോൺ അച്ചൻ ആയിരുന്നു വികാരി. അന്ന് സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചു കൊണ്ടായിരുന്നു തുടക്കം. ദേവാലയ പുനർനിർമ്മാണ കമ്മിറ്റി കൺവീനർ, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണ കോ-ഓർഡിനേറ്റർ, കുരിശിൻസൗധ നിർമ്മാണ കമ്മിറ്റി കൺവീനർ, കോമട്ട് യാക്കോബ് കത്തനാർ സ്മാരക നിർമ്മാണ കമ്മിറ്റി കൺവീനർ, മൂന്നു തവണ ഇടവക ട്രസ്റ്റി എന്നീ നിലകളിലൊക്കെ പ്രവർത്തിക്കുവാൻ സാധിച്ചു. 88-ാം വയസ്സിൽ ഒരു വലിയ പള്ളിയുടെ ട്രസ്റ്റിയായി പ്രവർത്തിക്കാൻ ഇടയായിയെന്നതും ഒരുപക്ഷേ, അസാധാരണമായിരിക്കാം. ദേവാലയ നിർമ്മാണ കമ്മിറ്റിയിൽ സജീവമായി പ്രവർത്തിച്ച എല്ലാവരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. മൺമറഞ്ഞു പോയവർക്ക് ആദരാഞ്ജലി അർപ്പിക്കുന്നു. അന്നു ട്രസ്റ്റിയായിരുന്ന ഷൈനി ഭവനിൽ പരേതനായ ശ്രീ എൻ.സി. ഉമ്മനെ പ്രത്യേകം ഓർക്കുന്നു.

ദേവാലയ നിർമ്മാണത്തിൽ മിച്ചം വന്ന 1,54,689.40 രൂപ പള്ളി ട്രസ്റ്റിലേക്ക് കൈമാറിയെന്നതും ദൈവാനുഗ്രഹമായി കാണുന്നു. 2016ൽ ഇടവക ടെലിഫോൺ ഡയറക്ടറി പ്രസിദ്ധീകരണ കമ്മിറ്റിയുടെ കൺവീനർ ആയി പ്രവർത്തിക്കുമ്പോഴും മിച്ചം വന്ന തുക പള്ളി ട്രസ്റ്റിലേക്ക് നൽകാൻ കഴിഞ്ഞു. ആ കാലയളവിൽ ട്രസ്റ്റിയായിരുന്ന ശ്രീ സി.എം. ജയിംസിന്റെ പിന്തുണയും ഏറെയായിരുന്നു. ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഒരു യൂണിറ്റായി പ്രവർത്തിക്കുന്ന ഇടവക സീനിയേഴ്സ് ഫോറത്തിന്റെ സ്ഥാപക വൈസ് പ്രസിഡന്റായും ദീർഘകാലം പ്രവർത്തിക്കാൻ ഇടയായി. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കെല്ലാം ജോയിന്റ് കൺവീനറായി ഒപ്പുമുണ്ടായിരുന്ന തറയിൽ ശ്രീ ജോസ് കെ. തോമസും സെക്രട്ടറിയായിരുന്ന ശ്രീ വി.ഡി. സ്കറിയയും നൽകിയ സ്തുത്യർഹമായ സേവനബലവും ഏറെ നന്ദിയോടെ സ്മരിക്കുന്നു.

ശതോത്തര രജതജൂബിലി ജോയിന്റ് ജനറൽ കൺവീനറായും എളിയ പങ്കുവഹിക്കുവാൻ അവസരം തന്ന തമ്പുരാനു സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു.

എന്നെ ചലിപ്പിക്കുന്ന പള്ളി

സി.എം. ജയിംസ്

ഉള്ളന്നൂരിൽ ജനിച്ച് ഉള്ളന്നൂർ പള്ളിയിൽ മാമോദീസ സ്വീകരിച്ച്, ഓർമ വച്ച കാലം മുതൽ പള്ളിയിലെ ആരാധനയിൽ സംബന്ധിക്കുന്ന വിശ്വാസിയുടെ സാക്ഷ്യമാണ് ഇവിടെ കുറിക്കുന്നത്. പള്ളിയിൽ സമയത്ത് പോകുന്നതും ചിട്ടയോടും നിഷ്ഠയോടും കൂടി നിൽക്കുന്നതും പതിവായിരുന്നു. പുറകിൽ നിൽക്കുന്ന പിതാവിന് ഞങ്ങളെ ശരിയായി കാണാമെന്നതും ചിട്ടയോട് നിൽക്കാത്തവരുടെ ചെവിക്കു പിടിക്കുന്നതിന് അദ്ദേഹം മടിച്ചിരുന്നില്ലെന്നതും അതിനൊരു കാരണമായിരുന്നു.

അന്ന് വിശുദ്ധ കുർബാന കഴിഞ്ഞാൽ, വേദപുസ്തക വായനയുടെ അടിസ്ഥാനത്തിൽ പ്രസംഗങ്ങൾ പതിവായിരുന്നു. അതിന് നല്ല മുഴക്കമുള്ള അനുഗൃഹീത ശബ്ദമുള്ളവർ ഈ ഇടവകയിൽ ധാരാളം ഉണ്ടായിരുന്നു. അവർ വിദ്യാസമ്പന്നരും പ്രശസ്തരുമായിരുന്നു. അവരിൽ പ്രധാനികൾ മൂശാരിയേത്ത് ശ്രീ എം.കെ. വർഗീസ് സാർ ബിഎഎൽടിയും വാഴുവേലിൽത്തുണ്ടത്തിൽ ശ്രീ വി.സി. ജേക്കബ് സാർ ബിഎഎൽടിയും (1950കളിലെ സഭാ മാനേജിങ് കമ്മിറ്റിയംഗം) ആയിരുന്നു. കൂടാതെ ഇടത്രക്കരോട്ട് സാമുവൽ സാർ, ജറുസലേം യാത്രയെക്കുറിച്ചും വിശുദ്ധ വേദപുസ്തകത്തിൽ വിവരിച്ചിട്ടുള്ള സ്ഥലങ്ങളെക്കുറിച്ചും എല്ലാം വിശദമായി പ്രസംഗിക്കുമായിരുന്നു.

കൈമുത്തിനു ശേഷമായിരുന്നു സൺഡേ സ്കൂളും ബാല-ബാലിക സമാജവും കൂടിയിരുന്നത്. യുവജനസഖ്യവും അന്ന് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. എല്ലാ ഞായറാഴ്ചകളിലും ഇടവകയിലെ 'പിടിയരി' മാതൃകയിൽ ബാല-ബാലിക സമാജാംഗങ്ങൾ ഒരു തീപ്പെട്ടി നിറയെ അരി കൊണ്ടുവന്ന് ലേലംവിളിച്ചും ഭാഗ്യക്കുറികൾ നടത്തിയുമൊക്കെ ധനസമ്പാദനം നടത്തിയിരുന്നു. സമാജത്തിന്റെ ട്രഷററായി പ്രവർത്തിക്കാനും എനിക്ക് അവസരമുണ്ടായി. 'ഇമ്മാനുവേൽ' എന്ന പേരിൽ ഓരോ മാസവും കയ്യെഴുത്തു മാസിക പ്രസിദ്ധീകരിച്ചിരുന്നു. ബാല സമാജത്തിലും യുവജനപ്രസ്ഥാനത്തിലും മുഖ്യരക്ഷാധികാരിയായിരുന്നത് സൺഡേ സ്കൂൾ അദ്ധ്യാപകനും പള്ളി കണക്കനുമായിരുന്ന ശ്രീ സി.എം. അലക്സാണ്ടർ ബിഎസ്സി. ആയിരുന്നു.

പള്ളിപ്പെരുന്നാളുകളിൽ യുവജനങ്ങൾ തന്നെ നാടകം നടത്തുകയായിരുന്നു പതിവ്. അന്ന് നാനാജാതി മതസ്ഥരുടെ പ്രശംസ നേടിയെ ഒരു നാടകം ഓർക്കുന്നു, 'മുടിയനായ പുത്രന്റെ കഥ'. മാരാമൺ മണപ്പുറത്തെ മാതിരി വീടുകളിൽ നിന്ന് ഓല മേഞ്ഞു കൊണ്ടുവന്ന് പെരുന്നാളിന് പള്ളിമുറ്റം മുഴുവനും പന്തലിടുമായിരുന്നു. പന്തലിന് ആവശ്യമായ തെങ്ങുംതടി കൊണ്ടുള്ള കഴകളും തൂണുകളും സ്ഥിരമായി സൂക്ഷിച്ചിരുന്നു. കൺവൻഷൻ തുടങ്ങുന്നതിന് മുമ്പു തന്നെ ഇടവകക്കാർ എല്ലാവരും വന്ന് സംബന്ധിക്കുമായിരുന്നു. ആ പന്തലിലാണ് നാടകവും നടത്തിയിരുന്നത്. നാടക ദിവസം രാത്രി ആളുകളെ നിയന്ത്രിക്കുവാൻ അവധിക്കെത്തുന്ന ഈ ലേഖകനേയും വി.ഡി. സ്കറിയയേയും പള്ളി പൊതുയോഗം തിരഞ്ഞെടുത്തതും ഓർക്കുന്നു. നാടകത്തിന് അപ്പന്റെ വേഷത്തിൽ ശ്രീ എൻ.സി. ഇടിക്കുള (ജോയി അച്ചൻ), മുടിയനായ പുത്രനായി സി.എം. അലക്സാണ്ടർ, പന്നിക്കൂട്ടം മുതലാളിയായി വി.ഡി. ചെറിയാൻ, മാത്യൂസ് സി. ഉമ്മൻ, മറ്റ് നടന്മാരായി ശ്രീ സി.ഒ.

ജോസഫ് (ജോസഫ് റമ്പാൻ), പി.എം. സാമുവൽ തുടങ്ങിയവരെ ഓർക്കുന്നു.

സെമിനാരിയിൽ പഠിച്ച് വൈദികനാവുക എന്നതായിരുന്നു എന്റെ ഏറ്റവും വലിയ സ്വപ്നം. അതിനായി കഠിനമായി പരിശ്രമിക്കുകയും ചെയ്തു. അന്നത്തെ അദ്ധ്യാപകർ എല്ലാവരും വിദ്യാസമ്പന്നരും ഉദ്യോഗസ്ഥരും പരിചയമുള്ളവരുമായിരുന്നു. ആറാം ക്ലാസിൽ പഠിപ്പിച്ചിരുന്നത് ചിറവരമ്പിൽ ഉമ്മൻ ഈശോ സാറായിരുന്നു. പാഠപുസ്തകങ്ങൾ നോക്കാതെ തന്നെ പലസ്തീനെക്കുറിച്ചും ഗലീല കടലിനെക്കുറിച്ചും അതിനു ചുറ്റും ക്രിസ്തു സഞ്ചരിച്ച സ്ഥലങ്ങളെക്കുറിച്ചും ചിത്രങ്ങൾ കാണിച്ച് വളരെ വിശദമായി പഠിപ്പിച്ചിരുന്നു. ഏഴാം ക്ലാസിൽ പഠിപ്പിച്ചിരുന്ന വാലിൽ വി.സി. വറുഗീസ് സാർ യേശു ക്രിസ്തുവിന്റെ ഗിരിപ്രഭാഷണങ്ങളെക്കുറിച്ചും ഉപമകളെക്കുറിച്ചും നർമ്മം കലർത്തി കഥപറയുന്ന രീതിയിൽ പഠിപ്പിച്ചതും ഓർക്കുന്നു.

എട്ടാം ക്ലാസിൽ പഠിപ്പിച്ചത് ഹെഡ്മാസ്റ്ററായിരുന്ന മൂശാരിയേത്ത് രാജൻ സാർ ആയിരുന്നു. അക്കാലത്ത് നമ്മുടെ ഇടവകയിൽ എട്ടാം ക്ലാസ് വരെ മാത്രമേ സൺഡേ സ്കൂൾ ഉണ്ടായിരുന്നുള്ളൂ. എട്ടാം ക്ലാസ് സൺഡേ സ്കൂൾ പഠിച്ച് പാസായതിനു ശേഷം ഹെഡ്മാസ്റ്റർ എന്നെ എട്ടാം ക്ലസിൽ പഠിപ്പിക്കുവാൻ നിയോഗിച്ചു. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ പഴയ സെമിനാരിയിൽ ചേർന്ന് വൈദിക പഠനത്തിന് പോകണമെന്ന ആഗ്രഹം ഉണ്ടായി. അന്ന് വൈദിക സെമിനാരിയിൽ ചേരാനുള്ള യോഗ്യത പ്രീഡിഗ്രി ആണ്. എസ്എസ്എൽസിക്കു ശേഷം ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജിൽ പ്രീഡിഗ്രിക്കു ചേർന്നു. ഈ വിവരങ്ങൾ ഇടവക വികാരിയായിരുന്ന ബഹു. ടി.സി. ജോൺ അച്ചനേയും അറിയിച്ചു. അച്ചന്റെ പൂർണ പിന്തുണയും ഉണ്ടായിരുന്നു. അന്നു വിശുദ്ധ മദ്ബഹയിൽ ശുശ്രൂഷിക്കാൻ പ്രധാന ശുശ്രൂഷകനെ കൂടാതെ രണ്ടോ മൂന്നോ പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു ഞായറാഴ്ച വട്ടയം ചാപ്പലിൽ ആരാധനയ്ക്കു പ്രധാന ശുശ്രൂഷകനെ കൂടാതെ ആരുമില്ലാതെ വന്നപ്പോൾ ബഹു. അച്ചൻ എന്നോട് പഴയ നിയമം വായിക്കാൻ ആവശ്യപ്പെടുകയും തുടർന്ന് എന്നെ വിശുദ്ധ മദ്ബഹയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അന്നു മുതൽ വട്ടയം ചാപ്പലിലും ഉള്ളന്നൂർ പള്ളിയിലും സ്ഥിരമായി മദ്ബഹാ ശുശ്രൂഷകനായി തുടർന്നു. അന്ന് പള്ളിയിൽ വൈദ്യുതിയില്ല. കൂടാതെ ഇന്നത്തെ പോലെ വിശ്വാസപ്രമാണം എല്ലാവരും കൂടി ചൊല്ലുന്ന പതിവുമില്ലായിരുന്നു. ശുശ്രൂഷക്കാരിൽ ഒരാളായിരുന്നു മുഴുവനും ചൊല്ലിയിരുന്നത്. ആ കർത്തവ്യം സ്ഥിരമായി എന്നെയാണ് ഏൽപ്പിച്ചിരുന്നത്. മൈക്കില്ലാത്ത കാലമായതിനാൽ എല്ലാവരും കേൾക്കാൻ വേണ്ടി നല്ല ഉച്ചത്തിൽ ചൊല്ലണമായിരുന്നു.

വൈദിക സെമിനാരിയിൽ പ്രവേശനത്തിനുള്ള അപേക്ഷാ ഫോം വാങ്ങാൻ നേരിട്ട് പഴയ സെമിനാരിയിൽ പോയി. എന്റെ മാവിയുടെ മകനും (ഇപ്പോൾ വന്ദ്യ ജയിംസ് കോറെപ്പിസ്കോപ്പ) പ്ലാന്തോപ്പിലെ ശ്രീ ജോൺ ഡാനിയേലും (വന്ദ്യ ജോൺ ഡാനിയേൽ കോറെപ്പിസ്കോപ്പ) അവിടെ പഠിക്കുന്നുണ്ട്. അവരുടെ കൂടെ ഒരു ദിവസം സെമിനാരിയിൽ കഴിഞ്ഞ ശേഷം ഫോം വാങ്ങി തിരികെയെത്തി. ഇടവകവികാരിയുടെ ശുപാർശക്കത്തുമായി ഇടവക മെത്രാപ്പൊലീത്ത ഭാഗ്യസ്മരണാർഹനായ ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയെ കണ്ട് കത്ത് കൊടുത്തെങ്കിലും അന്ന് ഏറ്റവും കൂടുതൽ വൈദിക വിദ്യാർഥികൾ പഠിക്കുന്നത് തുമ്പമൺ ഭദ്രാസനത്തിൽ നിന്നുള്ളവരായതിനാൽ നിർഭാഗ്യമെന്നു പറയട്ടെ, തിരുമേനിയിൽ നിന്നുള്ള കത്ത് ലഭിച്ചില്ല.

പ്രീഡിഗ്രിക്കു ശേഷം എന്റെ ഒരു ബന്ധു മുഖാന്തരം ലക്നൗവിൽ എത്തി ആർമിയിൽ ചേർന്നു. പ്രീഡിഗ്രി യോഗ്യതയുള്ളതു കൊണ്ട് പ്രത്യേകം അപേക്ഷിക്കാതെ തന്നെ നഴ്സിങ് അസിസ്റ്റന്റായി നിയമനം ലഭിച്ചു. തുടർന്നു നഴ്സിങ് ഡിപ്ലോമയും കരസ്ഥമാക്കി. 33 കൊല്ലത്തെ സേവനത്തിനു ശേഷം ഓണററി ക്യാപ്റ്റൻ ആയി വിരമിച്ചു. പെൻഷനായ ശേഷം നാട്ടിലെത്തി അന്നത്തെ പ്രമുഖ ആശുപത്രിയായ എറണാകുളം മെഡിക്കൽ ട്രസ്റ്റിൽ ഓപ്പറേഷൻ തിയറ്റർ മാനേജരായി ജോലി ചെയ്യുവാനുള്ള അവസരവും ദൈവകൃപയാൽ ഉണ്ടായി. കേരളത്തിൽ ആദ്യമായി ഹൃദയം മാറ്റിവച്ചതും കരൾ മാറ്റിവച്ചതുമൊക്കെ അവിടെയാണ്. കൂടാതെ, കിഡ്നി മാറ്റിവയ്ക്കൽ, കാൽമുട്ട്, ഇടുപ്പ് ശസ്ത്രക്രിയ തുടങ്ങി ഒരു ദിവസം അൻപതിലേറെ ശസ്ത്രക്രിയകൾ വരെ നടന്നിരുന്നു. അവിടെ നിന്നു വിരമിച്ച ശേഷം നാട്ടിലേക്കു മടങ്ങി വന്ന് 2009ൽ ഇടവകയുടെ സെക്രട്ടറി സ്ഥാനത്ത് തുടരവേ അപ്രതീക്ഷിതമായി ഉണ്ടായ അപകടത്തിൽ എന്റെ ആന്തരിക അവയവങ്ങൾക്ക് ക്ഷതമേൽക്കുകയുണ്ടായി. നട്ടെല്ലിനും വലതു കൈ മുട്ടിനും സാരമായ പരുക്കു പറ്റി. മൂന്ന് വാരിയെല്ലുകൾ ഒടിയുകയും ഇടുപ്പെല്ല് തകരുകയും ചെയ്തു. വിവിധ ആശുപത്രികളിലായി മൂന്ന് ശസ്ത്രക്രിയകൾക്ക് വിധേയനാകേണ്ടിയും വന്നു. ആഴ്ചകൾക്കു ശേഷം പരിശോധിച്ചപ്പോൾ വലതുകൈക്ക് സ്വാധീനമില്ലെന്നും കൈവിരലുകൾക്ക് ചലനശേഷിയില്ലെന്നും മനസ്സിലായി. ആ അവസ്ഥയിൽ നിന്ന് നാലു തവണ ഇടവകയുടെ ട്രസ്റ്റിയായും മറ്റ് ആദ്ധ്യാത്മിക സംഘടനകളുടെ ഭാരവാഹിയായും പ്രവർത്തിച്ചു. മുടക്കം കൂടാതെ എല്ലാവർഷവും പരിശുദ്ധ പരുമല തിരുമേനിയുടെ കബറിലേക്ക് തീർത്ഥാടനം നടത്താനും ആവും വിധം ഈ പള്ളി എന്നെ ചലിപ്പിച്ചു കൊണ്ടിരിക്കുന്നു. ഇതെല്ലാം ഉള്ളന്നൂർ വലിയ പള്ളിയുടെ വിശുദ്ധ മദ്ബഹായിൽ നിന്നും ദൈവമാതാവിന്റെ നാമത്തിലുള്ള വിശുദ്ധ ദേവാലയത്തിൽ നിന്നും എനിക്കു കിട്ടിയിട്ടുള്ള ദൈവകൃപകൾ കൊണ്ടാണെന്ന് നിസ്സംശയം സാക്ഷ്യപ്പെടുത്തിക്കൊള്ളട്ടെ.

ദേശത്തിന്റെ വലിയപള്ളി

കെ.ജി. ജയിംസ്

മനസ്സിനു കുളിർമയും ആശ്വാസവും പകരുന്ന ഒരു ദിവ്യാനുഭവമാണ് വിശുദ്ധ ആരാധനയിൽ സംബന്ധിക്കുമ്പോഴുണ്ടാകുന്നത്. പ്രത്യേകിച്ച് നമ്മുടെ മാതൃദേവാലയത്തിൽ ആരാധനയിൽ പങ്കെടുത്ത് മടങ്ങുമ്പോഴും സന്തോഷവും സമാധാനവും അനുഭവപ്പെടാറുണ്ട്. വിശ്വാസിയായ ഏതൊരാളിനും അനുഭവപ്പെടുന്ന സവിശേഷതയാണത്. ഒരാഴ്ച വിശുദ്ധ ആരാധനയിൽ സംബന്ധിക്കാൻ കഴിഞ്ഞില്ലെങ്കിൽ എന്തോ ഒരു വലിയ കുറവ് സംഭവിച്ചതു പോലെയാണ് അനുഭവപ്പെടാറുള്ളത്. ആരോഗ്യം അനുവദിക്കുന്നിടത്തോളം സ്ഥിരമായി ആരാധനയിൽ വരണമെന്നാണ് ആഗ്രഹം. ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയപള്ളിയെ സംബന്ധിച്ചിടത്തോളം വളരെ അർത്ഥവത്തായ ഒരു കാര്യമാണിവിടെ സൂചിപ്പിച്ചത്.

1899ൽ പരിശുദ്ധ പരുമല തിരുമേനി അടിസ്ഥാന ശിലസ്ഥാപനം നടത്തി സ്ഥാപിച്ച ആദ്യ ദേവാലയം അവശ്യം വേണ്ടുന്ന സൗകര്യങ്ങളുടെ പരിമിതിയിലാണ് ദീർഘനാൾ നിലനിന്നത്. ക്രമേണ അതിന്റെ രൂപഭാവങ്ങൾ മാറി. ഇടവകാംഗങ്ങൾക്കും സമീപവാസികൾക്കും ആശാകേന്ദ്രമായി നിലകൊണ്ട ഈ ദൈവാലയം 1974ൽ എഴുപത്തി അഞ്ചാം വർഷത്തിലെത്തിയപ്പോൾ പടിഞ്ഞാറു ഭാഗത്ത് ജൂബിലി ഹാൾ നിർമ്മാണം നടത്തി കുറേകൂടി രൂപഭംഗി വരുത്തുകയുണ്ടായി. പള്ളിയുടെ ശതാബ്ദിവർഷമായ 1999ൽ മനോഹരവും ആകർഷകവുമായ ഒരു പുതിയ പള്ളി പടുത്തുയർത്തപ്പെട്ടു. 1996ൽ അന്നത്തെ ഇടവക വികാരിയായിരുന്ന വന്ദ്യ മാത്യു തോമസച്ചന്റെ നേതൃത്വത്തിലും ഇടവകാംഗങ്ങളുടെ പൂർണ സഹകരണത്തിലുമാണ് പുതിയ പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നത്.

ഇടവകയുടെ ശതാബ്ദിയോടനുബന്ധിച്ച് 1999 ജനുവരിയിൽ മലങ്കരയുടെ മെത്രാപ്പൊലീത്തയും കതോലിക്കയുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവ തിരുമേനി പള്ളി കൂദാശ നിർവ്വഹിച്ച് ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയപള്ളി എന്നു നാമകരണം നടത്തുകയും ചെയ്തു. ഇടവകയിലെ എല്ലാവരുടെയും ആത്മാർത്ഥമായ സഹായ സഹകരണങ്ങൾ ദേവാലയ നിർമ്മാണത്തിന് ലഭ്യമായിരുന്നു. ഇതിന് പങ്കാളികളായ എല്ലാവരേയും സ്നേഹാദരവുകളോടെ സ്മരിക്കുന്നു.

ആദ്ധ്യാത്മിക സംഘടനകളിൽ പ്രഥമവും പ്രധാനവുമായ സൺഡേസ്കൂൾ പ്രസ്ഥാനം ഇടവകയിൽ സജീവമായി നടക്കുന്നു. ഇടവകയുടെയും കുടുംബാംഗങ്ങളുടെയും സമൂഹത്തിന്റെയും ഭാവി വാഗ്ദാനങ്ങളായ കുഞ്ഞുങ്ങളെ ദൈവാശ്രയബോധത്തിൽ വളർത്തിയെടുക്കുന്നതിനും അവർക്കാവശ്യമായ പരിശീലനം നൽകുന്നതിനും സൺഡേസ്കൂൾ പ്രസ്ഥാനം വലിയ പങ്കു വഹിക്കുന്നുണ്ട്. ഇതിനായി നിസ്വാർത്ഥ സേവനം നടത്തുന്ന അധ്യാപകരേയും ആവശ്യമായ നേതൃത്വവും മാർഗനിർദ്ദേശങ്ങളും നൽകി പ്രസ്ഥാനത്തെ ധന്യമായി കാലാകാലങ്ങളിൽ നയിച്ച ഇടവക വികാരിമാർ ഏവരേയും പ്രത്യേകം സ്മരിക്കുകയും ഏവർക്കും സ്നേഹാദരവുകൾ അറിയിക്കുകയും ചെയ്യുന്നു.

In Loving Memory of

P.V. VARGHESE

(PONNACHEN)

PUTHEN PARAMBIL, ULLANNOOR

BORN ON 18.07.1944
DIED ON 18.05.2023

INSERTED BY FAMILY MEMBERS

In Ever Loving Memory of

CHACKO MATHAI & ANNAMMA MATHAI

Died on: 26.07.1989 Died on: 24.11.1993

Pannikuzhiyil Puthenparambil
Punnakulanji, Ullannoor

Inserted by
P.M. John, Grand Children
&
Great Grand Children

A good name is better than fine perfume,
and the day of death better than
the day of birth. (Ecclesiastes 7:1)



VARGHESE MATHUKUTTY

(31/08/1932 - 28/09/2018)

PARAYIRIKKUNNATHIL PADINJATTETHIL

IN LOVING MEMORY OF

T. K. BABY

Died on 27.08.2024

THENGATHIL KIZHAKKETHIL

(KOMATTU) ULLANNOOR

Inserted by

Omana Baby (Wife)

Sherly | Sunny
Sheela | Jacob
Sheeja | Santhosh
Shini | Sanjai

Grand Children

വിശുദ്ധിയുടെ നിറവിൽ

ലാലമ്മ ചെറിയാൻ

വളർച്ചയുടേയും പുരോഗതിയുടേയും പടവുകൾ കയറി വളരെ മനോഹരമായി ഇന്ന് നമ്മുടെ ദേവാലയം 125 വർഷങ്ങൾ പിന്നിട്ട് ആത്മനിറവോടെ തല ഉയർത്തി നിൽക്കുന്നു. അർപ്പണബോധത്തോടും ദൈവാശ്രയത്തോടും കൂടെ അനേകർ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുണ്ട്. ഈ ദേവാലയത്തിന്റെ അകത്തളങ്ങളിലേക്ക് ഭക്തിപൂർവ്വം കടന്നുവരുമ്പോൾ ഒരു വലിയ ആത്മനിർവൃതി അനുഭവപ്പെടാറുണ്ട്. എന്റെ ദേവാലയം ഈ ദേശത്തിന് വിളക്കും പ്രാർത്ഥനാഗോപുരവുമാണ്. ഈ കാലഘട്ടത്തിൽ ദേവാലയങ്ങൾ നമുക്ക് ഊർജദായകമാണ് എന്നതിൽ സംശയമില്ല.

മനുഷ്യശരീരത്തിൽ ഹൃദയത്തിനുള്ള സ്ഥാനമാണ് ഒരു പ്രദേശത്തു ദേവാലയത്തിനുള്ളത്. ആത്മീയ ചൈതന്യം വിശ്വാസികളിൽ സ്പന്ദിക്കുന്നത് ദേവാലയത്തിലെ ബലിപീഠത്തിൽ നിന്നാണ്. ഈ ആത്മീയ ചൈതന്യം ഈ പ്രദേശത്തും ഇവിടത്തെ നാനാമതസ്ഥരായ ജനങ്ങളിലും ഓരോ ഇടവകാംഗങ്ങളിലും കഴിഞ്ഞ 125 വർഷങ്ങളിലൂടെ പകർന്നു നൽകാൻ ഈ ദേവാലയത്തിന് കഴിഞ്ഞുവെന്നതിന് സർവശക്തനായ ദൈവത്തിനു നന്ദി പറയുന്നു. നമ്മുടെ മുൻഗാമികളുടെ ദീർഘവീക്ഷണവും യാതനകളും കഷ്ടപ്പാടുകളും ആദരവോടെ മാത്രമേ സ്മരിക്കാൻ കഴിയൂ. ഈ ദേവാലയത്തിന്റെ ചരിത്രത്താളുകളിലൂടെ കണ്ണോടിച്ചാൽ അത് നമുക്ക് ആത്മീയ പ്രചോദനം പകർന്നു തരും. ഇതിന്റെ വളർച്ചയ്ക്കുവേണ്ടി സമയവും ധനവും വ്യയം ചെയ്ത് പ്രാർത്ഥനയോടെ മുന്നേറിയ അനേകരുണ്ട്. ദൈവവേലക്കായി നിയോഗിക്കപ്പെട്ടവരുടെ ഒരു നീണ്ട നിര നമ്മുടെ ദേവാലയത്തിലുണ്ടെന്നത് അഭിമാനാർഹമാണ്. പ്രശസ്തരായ അനേകം വ്യക്തികളെ സഭയ്ക്കും സമൂഹത്തിനും സംഭാവന ചെയ്യാൻ നമ്മുടെ ദേവാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഈ ദേവാലയത്തിന്റെ ആത്മീയ വളർച്ചയ്ക്കായി പ്രവർത്തിക്കുന്ന എല്ലാ ആത്മീയ സംഘടനകളെയും ഭാരവാഹികളെയും ജൂബിലി ആഘോഷങ്ങൾക്ക് നേതൃത്വം നൽകുന്ന എല്ലാ കമ്മിറ്റികളെയും ഭാരവാഹികളെയും എല്ലാറ്റിനും ചുക്കാൻ പിടിക്കുന്ന ഇടവക വികാരി അച്ചനേയും അഭിനന്ദിക്കുന്നു.

ശതോത്തര രജതജൂബിലിയുടെ നിറവിൽ നമ്മുടെ ദേവാലയം ചരിത്രത്താളുകളിൽ ഇടംപിടിക്കുമ്പോൾ ഇടവകാംഗമാവാൻ കഴിഞ്ഞതിൽ നമുക്കും അഭിമാനിക്കാം. വരുംതലമുറയും ഈ ദേവാലയം ഭംഗിയായി പരിപാലിച്ച് ജീവിതത്തിൽ നേട്ടങ്ങളും അനുഗ്രഹങ്ങളും കൈവരിക്കാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു...!

ആത്മീയ വെളിച്ചം

അന്നമ്മ ജേക്കബ്

വശ്യസുന്ദരമായ പച്ചപ്പിന്റെ തട്ടിൽ തലയുയർത്തി നിൽക്കുന്ന എന്റെ ദേവാലയത്തിന്റെ ചുറ്റിലേക്കുമൊന്നു കണ്ണോടിച്ചാൽ മനോഹരമായ ദൃശ്യഭംഗി പകരുന്ന കാഴ്ചകളാണ് കാണാൻ കഴിയുക.

1980കളുടെ മധ്യത്തിൽ ഈ ദേവാലയത്തിന്റെ ഭാഗമാകുവാൻ ദൈവ നിയോഗം ലഭിച്ച വ്യക്തിയാണ് ഇതെഴുതുന്നത്. പഴയ ദേവാലയവും അതിന്റെ ഒരു വശത്തു സ്ഥാനം പിടിച്ചിരുന്ന സൺഡേ സ്കൂൾ കെട്ടിടവുമാണ് എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നത്. ആരാധന സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്ന രാജ്യത്ത് പാർത്തിരുന്ന പ്രവാസിയായ എനിക്ക്, ഓരോ വർഷവും നാട്ടിലെത്തുമ്പോൾ എന്റെ ദേവാലയത്തിൽ നിന്ന് ലഭിച്ച ആത്മീയവെളിച്ചം നൽകിയ ഊർജം വാക്കുകൾക്കതീതമാണ്.

എന്റെ ജീവിത പങ്കാളിയിൽ നിന്നു കേൾക്കാനിടയായ ചില യാഥാർത്ഥ്യങ്ങൾ കൂടി സ്മരിച്ചു കൊള്ളട്ടെ. നൂറ്റാണ്ടുകൾക്ക് മുൻപ് ഉള്ളന്നൂരിലെ വിശ്വാസികൾ ആരാധനയ്ക്കു വേണ്ടി കരയും പാടവും താണ്ടി കുഞ്ഞുങ്ങളെയും തോളിലേറ്റി സഞ്ചാരയോഗ്യമല്ലാത്ത സ്ഥലത്തു കൂടി മാന്തളിർ ദേവാലയത്തിലേക്കാണ് പോയിരുന്നത്. പിന്നീട് ഉള്ളന്നൂരിൽ വിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ പുതിയ ദേവാലയം പരിശുദ്ധ പരുമല തിരുമേനി നേരിട്ടെഴുന്നള്ളി ശിലാസ്ഥാപനം നടത്തി സ്ഥാപിച്ചപ്പോൾ ഉള്ളന്നൂരിലെ വിശ്വാസികൾ ആനന്ദപുളകിതരായി. കാലാകാലങ്ങളിൽ സഭയിൽ നിന്നു ലഭിച്ച പ്രോത്സാഹനങ്ങളും പട്ടക്കാരുടെ നേതൃത്വവും വന്ദ്യ കോമട്ട് യാക്കോബ് കത്തനാരുടെ സേവനവും ഇടവകയുടെ എളിയ ശുശ്രൂഷകനായി സേവനമനുഷ്ഠിച്ച സി.കെ. വറുഗീസ് അവർകളുടെ പ്രയത്നവും നമ്മുടെ പൂർവ്വ മാതാപിതാക്കന്മാരുടെ കരുതലും പ്രാർത്ഥനയും മറക്കാൻ കഴിയില്ല.

പിടിയരിപ്പിരിവും അതിന്റെ സമാഹരണവും ഇന്നും ചിലരുടെയെങ്കിലും ഓർമ്മകളിൽ നിറഞ്ഞു നിൽക്കുന്നുണ്ടാകും. വിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള ഈ ദേവാലയം ഞങ്ങളുടെ കുഞ്ഞുങ്ങളുടെ മാമോദീസ മുതലുള്ള ദിവ്യമായ കൂദാശകൾ നടന്ന പുണ്യദേവാലയം കൂടിയാണ്. കാൽ നൂറ്റാണ്ട് മുൻപ് ഇവിടെ സ്ഥിരതാമസമാക്കുമ്പോഴേക്കും ഈ ദേവാലയം അതിന്റെ മട്ടും ഭാവവുമൊക്കെ മാറി വളരെ മോടിയോടെ തലയുയർത്തി നിൽക്കുകയായിരുന്നു. ഒന്നേകാൽ നൂറ്റാണ്ടിന്റെ ചരിത്രം വിളിച്ചോതുമ്പോൾ പലരുടേയും വാമൊഴികളിൽ നിന്ന് ഈ മദ്ബഹായുടെ മഹാശക്തിയെപ്പറ്റി കേൾക്കാനിടയായിട്ടുണ്ട്. അക്രൈസ്തവർ പോലും 'അമ്മേ' എന്നു വിളിച്ച് കൈകൂപ്പി കരയുന്നതും കാണുവാനിടയായിട്ടുണ്ട്.

അക്കാലത്ത് ഇടവകയുടെ മക്കൾ എന്നും ഒരേ മനസ്സോടെ ആത്മാർത്ഥമായി ഇടവകയുടെ ഉന്നമനത്തിനു വേണ്ടി പ്രയത്നിച്ചിരുന്നു. കാലകാലങ്ങളിൽ ശുശ്രൂഷ നിർവ്വഹിച്ചിരുന്ന പട്ടക്കാരോടൊപ്പം ഒരു ചരടിൽ കോർത്തിണക്കിയ മുത്തുമണികൾ പോലെ പരസ്പരം ഒന്നു ചേർന്ന് പ്രവർത്തിച്ചുവെന്നതും ഏറെ ശ്രദ്ധേയമാണ്. ഈ ദേവാലയത്തിലേക്ക് കണ്ണോടിക്കുമ്പോൾ കാണുന്ന കുരിശ് എന്നും വിജയത്തിന്റെ ചിഹ്നമായിരുന്നു. ഹൃദയത്തിൽ നിന്നുയരുന്ന 'അമ്മേ' എന്ന മന്ത്രം എന്നും ആത്മീയ ജീവിതത്തിൽ ഒരു മുതൽക്കൂട്ടാണ്.

ശതോത്തര രജതജൂബിലി ആഘോഷിക്കുമ്പോൾ ഇടവകയുടെ വിസ്തൃതി അക്ഷരാർത്ഥത്തിൽ ചെങ്ങന്നൂർ മുതൽ മെഴുവേലി, ഉള്ളന്നൂർ, കളനട എന്നീ ഇടങ്ങളിലേക്കു വ്യാപിച്ചിരിക്കുന്നു. കുടുംബങ്ങളുടെയും ഇടവക പട്ടക്കാരുടെയും എണ്ണം കൂടി. ധാരാളം നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനും കഴിഞ്ഞു. പുതിയ തലമുറയ്ക്കു വിശ്വാസത്തിന്റെ ദീപശിഖ തെളിച്ചു നൽകുവാൻ തുടർന്നും ഈ ദേവാലയം നമ്മെ സഹായിക്കട്ടെ.

ദേവാലയം അന്നും ഇന്നും



ബാബു ജോൺ മാത്യു

ക്രിസ്തീയ ദേവാലയങ്ങളുടെ നിർമ്മാണത്തിന് അടിസ്ഥാനം ശലോമോൻ രാജാവ് നിർമ്മിച്ച യെരുശലേം ദേവാലയമാണ്. തിരുവെഴുത്തുകളിൽ ദേവാലയത്തെ 'യഹോവയുടെ ഭവനം' എന്നാണ് വിശേഷിപ്പിക്കുന്നത് (മത്തായി 24:1). യേശുവിന്റെ കാലത്തുണ്ടായിരുന്ന വലിയ ദേവാലയം ഹെരോദ രാജാവ് പണികഴിപ്പിച്ച ദേവാലയമായിരുന്നു. ശലോമോൻ രാജാവ് യെരുശലേം ദേവാലയം നിർമ്മിച്ചപ്പോൾ പറഞ്ഞതു പോലെ ''കർത്താവിന് എന്നും വസിക്കുവാൻ മഹനീയമായ ഒരു ആലയം ഞങ്ങൾ നിർമ്മിച്ചിരിക്കുന്നു'' എന്ന് നമ്മൾക്കും പറയാം.

നമ്മുടെ ദേവാലയം 1899ൽ പരിശുദ്ധ പരുമല തിരുമേനി വിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിച്ചതാണ്. ദേവാലയത്തിന്റെ അടിസ്ഥാന ശില ആശീർവദിച്ച് സ്ഥാപിച്ച പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് 2019ൽ നമ്മുടെ പള്ളിയിൽ സ്ഥാപിക്കുകയുണ്ടായി.

കൃഷീവലന്മാരായിരുന്ന നമ്മുടെ പൂർവികർ കഠിനാദ്ധ്വാനത്തിലൂടെ 125 വർഷം മുൻപ് പടുത്തുയർത്തിയ ഈ ദേവാലയം കാലാകാലങ്ങളിൽ വിശ്വാസികളുടെ അശ്രാന്ത പരിശ്രമഫലമായി മനോഹരമാക്കി മാറ്റി പേരിനെ അന്വർത്ഥമാക്കും വിധം 'വലിയപള്ളി' ആയിത്തീർന്നിരിക്കുന്നു.

സഭാവിശ്വാസികൾക്കു മാത്രം പ്രാർത്ഥിക്കുവാനുള്ളതല്ല ദേവാലയം, അത് അതതു ദേശത്തിന്റെ അടിസ്ഥാനമാണ്. ഭാവി തലമുറയെ ഓർത്ത് ആശങ്കപ്പെടുന്ന ഏതു മനുഷ്യനും അതതു ദേശത്തെ ദേവാലയം സമാധാനം ഉറപ്പുവരുത്തുന്നു. അതിനു വേണ്ട പ്രാർത്ഥനകൾക്ക് അവസരം ഒരുക്കേണ്ടത് ദേവാലയങ്ങളാണ്. അപ്പോൾ മാത്രമേ ഓരോ വ്യക്തിയേയും രൂപാന്തരപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ ദേവാലയത്തിന് അത് സാധിക്കുന്നുവെന്നത് നന്ദിയോടെ സ്മരിക്കാം.

Focus CREATIONS
Near Bank of Baroda,
M.C Road, PANDALAM
9544025269
9747302240
focuscreationspdm@gmail.com
MULTI COLOUR &
OFFSET PRINTING
DTP | DESIGIN | PHOTOCOPY
PAPER ADVERTISEMENT
ID CARD | LAMINATION
SPIRAL BINDING | SEAL
VISITING CARD | HARD & SMART BINDING
എല്ലാവിധ പത്രപരസ്യങ്ങളും കമ്പനി നിരക്കിൽ ചെയ്യുന്നതാണ്

In Loving Memory of

ADV. THOMAS MATHEW
CHIRAVARAMPIL
MANTHALIR, KULANADA
Born: 10.09.1973
Died: 29.08.2007

With Best Compliments from
Alfis Spices & Nuts
WHOLESALE & RETAIL SERVICE WITH GROCERY ITEMS
T.B. Junction, Kulanada
Mob:95391 30733
100% Natural Pepper, Munnar Leaf Tea & Cardamom available

In loving memory of
OUR BELOVED PARENTS



P.M. CHACKO
DIED ON 30.03.2019

THANKAMMA CHACKO
DIED ON 26.09.2014

NIKARUKALAYIL, ULLANNOOR

Inserted by V.P. Babu & Family, Sunny Chacko & Family

With Best Compliments from

SUNNY CHACKO & FAMILY, USA
NIKARUKALAYIL, ULLANNOOR

സഭയിൽ സ്ത്രീകളുടെ സ്ഥാനം

മോളിക്കുട്ടി ബാബു

ക്രിസ്തീയ വിശ്വാസത്തിൽ സ്ത്രീക്കും പുരുഷനും തുല്യ പദവിയുണ്ടെന്നു മാത്രമല്ല സ്ത്രീപുരുഷ ബന്ധത്തിനു സമുന്നത പദവി നൽകിയിട്ടുമുണ്ട്. ഉൽപത്തി പുസ്തകത്തിൽ ആദ്യം പുരുഷനെ സൃഷ്ടിച്ചതായും അവൻ തനിയെയിരിക്കുന്നത് നന്നല്ല എന്നു കണ്ടിട്ട് തക്ക തുണയായി സ്ത്രീയെ സൃഷ്ടിച്ചതായും പറയുന്നു.

സാധാരണമല്ലാത്ത സ്ഥാനമാണ് പഴയനിയമ കാലത്ത് സ്ത്രീകൾക്ക് നൽകിയിട്ടുള്ളത്. എന്നാൽ, പുരോഹിതൻ എന്ന പദത്തിന്റെ സ്ത്രീലിംഗ പദം വേദപുസ്തകത്തിൽ കാണുന്നില്ല. കർത്താവിന്റെ മനുഷ്യാവതാരവുമായി ബന്ധപ്പെട്ട് പരിശുദ്ധ കന്യകമറിയാമിന്റെയും എലീശബെത്തിന്റെയും പങ്ക് വളരെ വലുതാണ്. സഭാചരിത്രത്തിൽ യേശുവിന്റെ അമ്മ മറിയാമിന് മറ്റാരേക്കാളും ഉയർന്ന സ്ഥാനമാണ് കൽപിച്ചിരിക്കുന്നത്. ഒന്നാം ഹവ്വ (EVA) മൂലം ഉണ്ടായ പ്രശ്നം പരിഹരിക്കപ്പെട്ടത് രണ്ടാമത്തെ ഹവ്വയായ കൃപനിറഞ്ഞ മറിയം (AVE) മൂലമാണ്. പരിശുദ്ധ അമ്മയുടെ വിശ്വാസമാണ് മനുഷ്യാവതാരം സാധ്യമാക്കിയതെന്നത് സഭയുടെ പ്രധാനപ്പെട്ട ചിന്തയാണ്. സഭയിൽ പ്രാരംഭകാലം മുതൽ സ്ത്രീകളുടെ സേവനം വളരെ പ്രധാനമായിരുന്നു. യേശുക്രിസ്തുവിനെ അനുഗമിച്ചവരിൽ സ്ത്രീകളും ഉണ്ടായിരുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ വർത്തമാനം ആദ്യമായി എല്ലാവരെയും അറിയിക്കുക എന്ന ദൗത്യം യേശു നൽകിയത് മഗ്ദലനമറിയത്തിനാണ്. സഭയിൽ സ്ത്രീകളായ രക്തസാക്ഷികളും വളരെയുണ്ട്. സഭയുടെ ആരംഭകാലം മുതൽ ശെമ്മാശിനിമാർ സഭയിൽ ഉണ്ടായിരുന്നു.

1947ൽ അഖിലലോക സഭാകൗൺസിൽ പ്രസിഡന്റായത് വനിതയായ മിസ് സാറ ചാക്കോയാണ്. വളരെ കഴിവുകളുള്ള വനിതയായിരുന്നു അവർ. ഓർത്തഡോക്സ് സഭ, വനിതകൾക്ക് അർഹമായ സ്ഥാനം നൽകുന്നുണ്ട്. ഇടവകയോഗത്തിൽ പങ്കെടുക്കാനും വോട്ട് ചെയ്യാനും ഭാരവാഹി ആവുന്നതിനും സഭ അനുവദിക്കുന്നുണ്ട്. സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് സ്ഥാനമാനങ്ങളില്ലെങ്കിലും വളരെയേറെ പ്രവർത്തിക്കുവാൻ കഴിയുമെന്ന ബോദ്ധ്യം സ്ത്രീകൾക്ക് എപ്പോഴും ഉണ്ടാവണം.

In Loving Memory of

ALEYAMMA THOMAS (105)

(DIED ON 05.09.2004)

PARAYIRIKKUNNATHIL

KULANADA

INSERTED BY

FAMILY MEMBERS

ആശംസകൾ...

സലോമി പൊന്നച്ചൻ & പി.ടി. പൊന്നച്ചൻ, റീനാ ഭവൻ, കുളനട

വിളിപ്പുറത്തുള്ള അമ്മ

ശോഭ പി. ഉമ്മൻ

ഈ കൊച്ചു ഗ്രാമത്തിലെ ഹരിതാഭമായ പച്ചപ്പിന്റെ നടുവിൽ തലയെടുപ്പോടെ നിൽക്കുന്ന എന്റെ ദേവാലയം 125 വർഷം പിന്നിടുന്നു. ഇപ്പോൾ സന്തോഷത്തിന്റെ നിറവിൽ ഈ ശതോത്തര രജതജൂബിലി ആഘോഷങ്ങളിൽ പങ്കുചേരുവാൻ ആയുസ്സ് നൽകിയ ദൈവത്തെ സ്തുതിക്കുന്നു. ദേവാലയത്തിൽ വന്ന് മനമുരുകി പ്രാർത്ഥിച്ചാൽ വിളിപ്പുറത്തുള്ള പരിശുദ്ധ ദൈവമാതാവിന്റെ മധ്യസ്ഥതയിൽ അഭയം തേടുകയും ചെയ്യുന്നു. ഇവിടെ അനേകർക്ക് അത്ഭുതാനുഭവങ്ങൾ ലഭിക്കുന്നുവെന്ന് പലരുടെയും നാവിൽ നിന്ന് കേട്ടിട്ടുള്ളതാണ്. ജീവിത മാർഗത്തിനായി പുലർച്ചെ ഇറങ്ങുന്ന ഇതരമതസ്ഥർ റോഡിൽ നിന്നു കൊണ്ട് ദേവാലയത്തിലേക്ക് നോക്കി നെഞ്ചത്ത് കൈവച്ച് പരിശുദ്ധ അമ്മയോട് പ്രാർത്ഥിക്കുന്നതു കണ്ടിട്ടുണ്ട്. അങ്ങനെ പോയാൽ ആ ദിവസം അവർക്ക് അനുഗ്രഹം ആണെന്നും വൈകിട്ട് തിരികെ വരുമ്പോൾ വിശ്വാസത്തോടെ നേർച്ച ഇടുമെന്നും സാക്ഷ്യപ്പെടുത്തുന്നു പലരും. ദേവാലയത്തിൽ വന്ന് മനമുരുകി പ്രയാസങ്ങളെ ദൈവസന്നിധിയിൽ ഇറക്കിവയ്ക്കുമ്പോൾ അതിന് പരിഹാരമുണ്ടായ അനേകം അനുഭവങ്ങൾ എന്റെ ജീവിതത്തിലും ഉണ്ടായിട്ടുണ്ട്.

ഒരു ഞായറാഴ്ച പോലും മുടങ്ങാതെ ദേവാലയത്തിൽ വന്നു വിശുദ്ധ കുർബാനയിലും പരിശുദ്ധ ദൈവമാതാവിന്റെ മധ്യസ്ഥതയിലും അഭയം പ്രാപിച്ച് പ്രാർത്ഥിച്ചില്ലെങ്കിൽ എന്തോ നഷ്ടം സംഭവിച്ച പോലെയാണ് അനുഭവപ്പെടുന്നത്. പരിശുദ്ധ പരുമല തിരുമേനി അടിസ്ഥാന ശിലാസ്ഥാപനം നിർവ്വഹിച്ച് സ്ഥാപിച്ച ഇന്നു കാണുന്ന മനോഹരമായ ദേവാലയം അനേകർക്ക് ആശ്വാസമായി പരിലസിക്കുന്നു. ഭാവിയുടെ വിശാല മേച്ചിൽപ്പുറങ്ങളിലേക്ക് ഇറങ്ങിപ്പുറപ്പെടുന്നവർക്ക് ഈ സന്നിധി ഒരാശ്വാസമാണ്. പൂർവ്വികരും മൺമറഞ്ഞവരും പകർന്നുതന്ന ആത്മധൈര്യം ഒരു മുതൽക്കൂട്ടാണ്. പശ്ചാത്താപ ബോധത്തോടെ എത്തുന്ന ഏവർക്കും ആലംബമാവുന്നു ഉള്ളന്നൂർ വലിയ പള്ളി. ദൈവം നമ്മുടെ ഇടയിൽ ജീവിക്കുന്നുവെന്നതിന് അടയാളമാണ് ഈ ദേവാലയം.

ഭാവിയുടെ വാഗ്ദാനങ്ങളായ ഉള്ളന്നൂർ പള്ളിയുടെ കുഞ്ഞുങ്ങൾ പഠനത്തിനും ജോലിക്കുമായി ദേശത്തിന്റെ പലഭാഗങ്ങളിൽ താമസിക്കുമ്പോഴും അവരുടെ മനസ്സിൽ മാതൃദേവാലയത്തെപ്പറ്റിയുള്ള എരിവും വിശ്വാസവുമാണ്. അത് അനുഭവത്തിൽ നിന്ന് മനസ്സിലായിട്ടുള്ളതാണ്. ഓരോ പെരുന്നാളുകൾക്കും അവർ ഓടി എത്തുന്നത് മാതൃദേവാലയത്തോടുള്ള സ്നേഹവും വിശ്വാസവും മൂലമാണ്. നമ്മുടെ ദേവാലയം ശതോത്തര രജതജൂബിലി നിറവിൽ നിൽക്കുമ്പോൾ വിശ്വാസികളിൽ ജനിപ്പിക്കുന്ന ഭക്തിയും സന്തോഷവും എന്നും അണയാത്ത ദീപമായി ജ്വലിച്ചു നിൽക്കുവാൻ ഇടയാവട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഓർമ്മയിൽ നറുമണം

ഡാലി ജോണിക്കുട്ടി

മൂന്നര പതിറ്റാണ്ടു മുൻപാണ് ഉള്ളന്നൂർ സെയ്ന്റ് മേരീസ് പള്ളി ഇടവകാംഗമായി അടൂരിൽ നിന്ന് ഇവിടെയെത്തുന്നത്. ഒരു സാഹിത്യ വിദ്യാർത്ഥിനിയായിരുന്ന എന്റെ മനസ്സിൽ ഓടിയെത്തുന്ന ഓർമ്മ കളകളാരവത്തോടെ ഒഴുകുന്ന ഒരു കൊച്ചു തോടും ഇരുവ ശവും പച്ചപ്പരവതാനി വിരിച്ച പോലെ നീണ്ട് ഇടതൂർന്നു കിടന്ന നെ ൽവയലുകളുമാണ്. വയലുകളെ തഴുകിയെത്തുന്ന കുളിർകാറ്റിന് ഗ്രാമ ത്തിന്റെ ശാന്ത ശാലീനമായ നറുമണവും അനുഭവപ്പെട്ടിരുന്നു.

ആരാധന ഉത്കടമായ അഭിലാഷമായിരുന്നു അന്നും ഇന്നും. എപ്പോഴും സംസാരിക്കുന്ന, പുഞ്ചിരി തൂകുന്ന ജഗന്നിയന്താവിന്റെ സന്നിധിയെന്ന ബോധ്യത്തോടെ, ഓരോ ആഴ്ചയിലും നടന്നുകയറി എത്തുമ്പോൾ പാദ സ്പർശമേറ്റ മണ്ണു പോലും പരിശുദ്ധമാണെന്ന ബോധ്യമുണ്ടായിരുന്നു.

ദേവാലയ മുറ്റത്തെത്തുമ്പോൾ തന്നെ 'താമസിച്ചു പോയോ' എന്ന വേവലാതിയോടെയായിരുന്നു പള്ളിക്കുള്ളിലേക്കു പ്രവേശിച്ചിരുന്നത്. മുറ്റത്തു നിന്ന ബദാമും ചവിട്ടി നടന്ന മണ്ണും ഇന്ന് ഓർമ്മയിൽ മാത്രമായി ചുരുങ്ങി. കുടുംബങ്ങൾ വളർച്ചയുടെ പടവുകൾ ചവിട്ടിക്കയറുന്നതു കാണാൻ കഴിഞ്ഞു. ദൈവത്തിൽ നിന്നു പ്രാപിച്ച നന്മകൾക്കൊക്കെയും നന്ദിയുടെ സ്തോത്രങ്ങൾ അർപ്പിച്ചിരുന്ന കുറേ പ്രായമായ അമ്മച്ചി മാരും അവരുടെയിടയിലെ ബാല്യക്കാരിയുമായ സജീവ കാലഘട്ടവും ഓർമ്മയിൽ തെളിയുന്നു.

വലിയ മാറ്റങ്ങളാണ് സംഭവിച്ചത്. മലകളും വയലുകളും അപ്രത്യക്ഷമാ യിക്കൊണ്ടിരിക്കുന്നു. കോൺക്രീറ്റ് സൗധങ്ങൾ ഉയർന്നു പൊങ്ങുന്നു. ആഡംബരത്തിന്റെ കാഴ്ചകൾ എങ്ങും നിറയുന്നു. മനസ്സും കാലവും സ്മരണകളും നല്ലതായി തന്നെ എന്നും മായാതെ നിലനിൽക്കട്ടെ...

Best compliments from

RON RINU THOMAS

SHON RINU THOMAS

Reena Bhavan

Best compliments from

Rinu Ponnachan
&
Jisha Rinu

Reena Bhavan
Kulanada

ദൈവാനുഗ്രഹത്തിന്റെ ഉറവിടം

കൊച്ചുറാണി ജെ.കെ. തോമസ്

ഞങ്ങൾ സഹോദരങ്ങൾ മൂന്നു പേരാണ്. ഞങ്ങളുടെ വളർച്ചയിൽ വലിയ സ്ഥാനമുണ്ട് ഉള്ളന്നൂർ വലിയ പള്ളിക്ക്. കരുണാമയനായ തമ്പുരാന്റെ കൃപ കൊണ്ട്, പരിശുദ്ധ പരുമല തിരുമേനി ചവിട്ടി നിന്ന ഈ മണ്ണിൽ നിന്ന് സംസാരിക്കാൻ എത്രയോ അവസരങ്ങൾ കൈവന്നു!

എട്ടാം വയസ്സു മുതൽ പള്ളിയെ പ്രതിനിധീകരിച്ചു പ്രസംഗ മത്സരങ്ങളിൽ പങ്കെടുത്ത പരിചയം സ്കൂൾ-കോളജ് പഠനകാലത്ത് ഏറെ പ്രയോജനപ്പെട്ടു. ജീവിതത്തിൽ ദിവ്യബോധന പഠനം തന്ന പിന്തുണയും ചെറുതല്ല. കുഞ്ഞുങ്ങളുടെ സ്വഭാവ രൂപീകരണത്തിൽ സൺഡേ സ്കൂളുകളുടെ പങ്ക് വലുതാണ്.

മികച്ച അധ്യാപകരുടെ ശിക്ഷണം ലഭിക്കാനും ഞങ്ങൾക്കു ഭാഗ്യമുണ്ടായി. എന്റെ മൂത്ത സഹോദരന് സൺഡേ സ്കൂൾ പരീക്ഷയ്ക്ക് മുഴുവൻ മാർക്കും ലഭിച്ചപ്പോൾ 'ആദ്യമായാണ് ഒരു കുട്ടി ഒരു തെറ്റു പോലുമില്ലാതെ പരീക്ഷ എഴുതി ഇത്രയും മാർക്ക് വാങ്ങുന്നതെന്നു' പറഞ്ഞ് അഭിനന്ദിച്ച ഹെഡ്മാസ്റ്റർ ക്യാപ്റ്റൻ കെ.ടി. വർഗീസ് സാറിനെപ്പോലുള്ള സ്നേഹനിധികളായ എല്ലാ അധ്യാപകരേയും ഓർക്കുന്നു. പ്രതിഫലേച്ഛ കൂടാതെയാണവർ ഞങ്ങളെ പഠിപ്പിച്ചിരുന്നത്. ഇടവക ജനങ്ങളും ഏറെ സ്നേഹമുള്ളവരായിരുന്നു. സൺഡേസ്കൂൾ കുഞ്ഞുങ്ങളുടെ കഴിവുകളെ അവർ നിർലോപം പ്രോത്സാഹിപ്പിച്ചു. പള്ളിയിൽ നിന്നുള്ളതു കൂടാതെ അവരും ധാരാളം പുസ്തകങ്ങളൊക്കെ സമ്മാനമായി തന്നു. ഇക്കാര്യത്തിൽ വളരെ മുന്നിലായിരുന്നു എല്ലാവരും തങ്കച്ചായൻ എന്നു വിളിക്കുന്ന പീസ് കോട്ടേജിൽ ഉമ്മൻ വർഗീസ് സാർ. വികാരിയച്ചന്മാരും കുട്ടികളോട് വളരെ സ്നേഹത്തോടെ പെരുമാറിയിരുന്നു.

സൺഡേ സ്കൂൾ സഹപാഠ്യ മത്സരങ്ങളിൽ ഞങ്ങളുടെ പ്രിയപ്പെട്ട അധ്യാപകനായ 'കുറ്റിപ്പീടികയിലെ മാമ്മൻ അപ്പച്ചൻ' കൂടെ വന്നിരുന്നത് ഓർക്കുന്നു. പത്തനാപുരത്തും ചെങ്ങന്നൂരുമൊക്കെ അപ്പച്ചൻ വളരെ ഉത്സാഹത്തോടെ ഞങ്ങളുടെ കൂടെ എത്തുമായിരുന്നു. അപ്പച്ചന്റെ ക്ലാസുകൾ വിശുദ്ധ വേദപുസ്തകത്തെക്കുറിച്ചും സഭയെക്കുറിച്ചും ആരാധനയെക്കുറിച്ചും കൂടുതലറിയാൻ സഹായിച്ചു. 'വേദപ്രവീൺ'

ഡിപ്ലോമ കരസ്ഥമാക്കാനും തുടർന്ന് 'ദിവ്യബോധനം' സർട്ടിഫിക്കറ്റ് കോഴ്സിൽ ചേരാനും അതു പൂർത്തീകരിക്കാനും പ്രചോദനമായത് അപ്പച്ചന്റെ വായനയും അറിവ് നേടാനുള്ള താത്പര്യവും കണ്ടതു കൊണ്ടാണ്. പിന്നീട് പ്ലസ് വൺ സൺഡേ സ്കൂൾ ക്ലാസിൽ അധ്യാപികയാവാൻ കഴിഞ്ഞതും ജീവിതത്തിലെ വലിയൊരു അനുഗ്രഹമായി കാണുന്നു.

പത്തനാപുരം മൗണ്ട് താബോർ ദയറയിൽ നടന്ന അഖില മലങ്കര പ്രസംഗ മത്സരത്തിൽ രണ്ടാം സ്ഥാനം ലഭിച്ചതാണ് എനിക്ക് ആദ്യമായി കിട്ടിയ സമ്മാനം. സ്നേഹനിധിയായിരുന്ന വന്ദ്യ ജോസഫ് റമ്പാച്ചൻ മത്സരഫലം അറിഞ്ഞ് നിറപുഞ്ചിരിയോടെ അന്ന് അഭിനന്ദിക്കാൻ എത്തിയതും പത്തനാപുരത്ത് മത്സരത്തിനു ചെല്ലുമ്പോഴെല്ലാം വന്ദ്യരായ റമ്പാച്ചനും ഡേവിഡ് കോശി അച്ചനും ഞങ്ങൾ കുട്ടികളെ കാണാനും മത്സരങ്ങൾ വിലയിരുത്താനും എത്തിയിരുന്നതും ഓർക്കുന്നു. ഇടവകയിലെ അച്ചന്മാരുടെയും അംഗങ്ങളുടെയും ഇത്തരം സ്നേഹവും പ്രോത്സാഹനവും ഒരിക്കലും മറക്കാൻ സാധിക്കില്ല. പ്രസംഗങ്ങൾ അവതരിപ്പിച്ചും സമ്മാനങ്ങൾ ഏറ്റുവാങ്ങിയും പള്ളിയിൽ നിന്നിറങ്ങി വരുമ്പോൾ സ്നേഹനിധികളായ അധ്യാപകരും മുതിർന്ന ഇടവകാംഗങ്ങളും നൽകിയ അഭിനന്ദനങ്ങളും പ്രോത്സാഹനങ്ങളും സ്നേഹവാക്കുകളും വിസ്മരിക്കാൻ സാധിക്കില്ല.

അവധിക്കാലത്തെ ഒവിബിഎസ് ദിനങ്ങളും വളരെ ജീവസുറ്റതായിരുന്നു. മിക്ക ചിന്താവിഷയങ്ങളെയും ഉൾപ്പെടുത്തി പ്രസംഗങ്ങളും ധ്യാനവും നടത്താൻ അവസരം ലഭിച്ചു. സൺഡേ സ്കൂൾ അഞ്ചാം ക്ലാസിൽ പഠിക്കുമ്പോഴാണ് പ്രശസ്ത അധ്യാപകൻ തൃശൂരിലെ പ്രഫ. പി.സി. തോമസ് സാറിന്റെ ഒരു പ്രഭാഷണം ഞങ്ങളുടെ പിതാവ് ശ്രദ്ധയിൽപ്പെടുത്തിയത്. വേദപുസ്തകത്തിലെ പുതിയ നിയമം മുഴുവൻ വായിക്കണമെന്നും അതിന് 24 മണിക്കൂർ മാത്രം മതിയെന്നുമായിരുന്നു പി.സി. തോമസ് സാർ ഉദ്ബോധിപ്പിച്ചത്. പിതാവിന്റെ പ്രേരണയിൽ അതനുസരിച്ച് ഓരോ ദിവസവും വായിക്കാനെടുത്ത സമയം രേഖപ്പെടുത്തി വേദപുസ്തകം വായിക്കാൻ തുടങ്ങി.

ഇപ്പോൾ അവിശ്വസനീയമായി തോന്നാം, കേവലം 22½ മണിക്കൂർ കൊണ്ട് പുതിയ നിയമം മുഴുവൻ വായിക്കാൻ കഴിഞ്ഞു. നമ്മുടെ ഇടവകയിലെ എന്റെ കുഞ്ഞു സഹോദരങ്ങളെല്ലാവരും സമയം എഴുതിവച്ചു വേദപുസ്തകം മുഴുവൻ വായിക്കണമെന്ന് സ്നേഹത്തോടെ ഉപദേശിക്കുന്നു.

പാലായിലെ സെന്റ് മേരീസ് സ്കൂൾ ഹോസ്റ്റലിൽ ഇരുന്നാണ് സൺഡേ സ്കൂൾ പത്താം ക്ലാസ് പഠിച്ചത്. പത്താം ക്ലാസ് പാഠങ്ങൾ പഠിച്ചതിലൂടെ നമ്മുടെ സഭയെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും കൂടുതൽ മനസ്സിലാക്കാൻ സാധിച്ചു. അന്ന് ഭദ്രാസന തലത്തിൽ പത്താം ക്ലാസ് പരീക്ഷയിൽ ഒന്നാം സ്ഥാനം ലഭിച്ചതും ഓർക്കുന്നു.

2012ൽ വന്ദ്യ ജോൺപോളച്ചന്റെ കാർമികത്വത്തിൽ നടന്ന പ്രതിഷ്ഠാ ശുശ്രൂഷയിൽ ഇരുപത്തിയൊന്നുകാരനായ എന്റെ മൂത്ത സഹോദരൻ ഉൾപ്പെടെ ഞങ്ങൾ മൂന്നു പേരും പങ്കെടുത്തിരുന്നു. ലോകത്തിന്റെ ഏതു കോണിലിരുന്നാലും ഞങ്ങൾ മൂന്നു പേരും മാമ്മോദീസ മുങ്ങിയ അതിവിശുദ്ധ ഉള്ളന്നൂർ വലിയ പള്ളിയെ മറക്കാൻ കഴിയില്ല.

എന്റെ മാമ്മോദീസായ്ക്കു കാർമികത്വം വഹിച്ച വന്ദ്യ മാത്യു തോമസച്ചനായിരുന്നു പള്ളി പുനർനിർമിച്ച് കൂദാശ ചെയ്യുന്നതു വരെയുള്ള കാലത്തെ ഇടവക വികാരി. ദേവാലയത്തിന്റെ പുനർനിർമാണത്തിനു ചുക്കാൻ പിടിച്ച മാത്യു തോമസച്ചൻ ഈ ഇടവകയെ 'വിമുക്ത ഭടന്മാരുടെ ഇടവക'യെന്നാണ് വിശേഷിപ്പിച്ചിരുന്നതെന്ന് വല്യച്ചാച്ചൻ പറയുന്നത് ഓർക്കുന്നു. രാജ്യത്തേയും കുടുംബത്തേയും ഒരു പോലെ പരിപാലിക്കാൻ കടപ്പെട്ട ഭടന്മാരുടെ നീണ്ട നിരയുള്ള ഇടവക. ഒരു പക്ഷേ, സൈനികനാവാനുള്ള താത്പര്യം വല്യച്ചാച്ചനിൽ ഉണ്ടാവാൻ ഇവരുടെയൊക്കെ സാമീപ്യവും അനുഗ്രഹവും ഇടയാക്കിയിട്ടുണ്ടാവുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

എന്റെ കുഞ്ഞച്ചാച്ചൻ പള്ളി പുനർനിർമാണ കാലത്തെ ഓർമ പങ്കുവച്ചതും ഇപ്പോൾ മനസ്സിൽ തെളിയുന്നു. പള്ളി പണിയുമായി ബന്ധപ്പെട്ട് എന്നും രാവിലെ വീട്ടിൽ നിന്നിറങ്ങുന്ന ഞങ്ങളുടെ പിതാവിനെ കണ്ടുകൊണ്ടാണ് മിക്ക ദിവസവും ഉറക്കമുണരുന്നത്. ഒരിക്കൽ ഞങ്ങൾ മൂന്നു പേരെയും പിതാവ് പണിസ്ഥലത്തേക്കു കൊണ്ടു പോയി. അവിടെ നിരത്തി വച്ചിരുന്ന പഴയ മേച്ചിലോടുകൾ കഴുകുകയായിരുന്നു ആദ്യ പരിപാടി. പിന്നീട് മൂന്നര വയസ്സ് മാത്രമുള്ള എന്നെ എടുത്തു കൊണ്ട് അവിടെ ചാരിവച്ചിരുന്ന ഏണിയിൽ കയറി മദ്ബഹയുടെ മേൽക്കൂരയിലെത്തി അവിടെ നടക്കുന്ന പണികൾ കാണിച്ചു തന്നു. കുഞ്ഞച്ചാച്ചൻ പറയുന്നത്, നിർമാണം നടക്കുന്ന പള്ളിയുടെ മുകളിൽ ആ പ്രായത്തിൽ കയറിയിട്ടുള്ള സഹോദരങ്ങൾ ഞങ്ങൾ മാത്രമാവുമെന്നാണ്. ഇത്രയധികം ഞങ്ങളുടെ ജീവിതവുമായി ഇഴുകിച്ചേർന്ന ഈ അനുഗൃഹീത ദേവാലയത്തെ ഞങ്ങൾക്കു മറക്കാൻ കഴിയുമോ!

ഉള്ളന്നൂർ വലിയപള്ളിയും നിർമലയായ പരിശുദ്ധ അമ്മയുടെ ദിവ്യരൂപവും അനുഗ്രഹത്തിന്റെ കെടാവിളക്കും മാർഗദീപവുമായി ഞങ്ങളുടെ ഹൃദയത്തിൽ എന്നും നിലനിൽക്കും. സമൃദ്ധമായി ദൈവാനുഗ്രഹം ലഭിക്കുന്ന ദേവാലയമാണ് നമ്മുടെ വലിയ പള്ളിയെന്ന് ഞങ്ങൾ സഹോദരങ്ങൾക്കു നിസ്സംശയം പറയാൻ കഴിയും.

യുവതലമുറയുടെ പലായനം

സിസിൻ അന്ന സാബു

യുവത്വങ്ങൾ ഒന്നൊന്നായി നമ്മുടെ നാട്ടിൽ നിന്നും അകലുകയാണ്. സ്വന്തബന്ധങ്ങളെല്ലാം വിട്ട് അവർ പുതിയൊരു ലോകം കെട്ടിപ്പടുക്കാനുള്ള തിരക്കിലാണ്. ഇതൊരു തരംഗം (പുതിയ ഭാഷയിൽ പറഞ്ഞാൽ ട്രെൻഡ്) ആയി മാറുന്നു. ഏറ്റവും കൂടുതൽ ഈ ട്രെൻഡ് കാണാൻ കഴിയുന്നത് ക്രൈസ്തവ മതവിശ്വാസത്തിൽപ്പെട്ടവരുടെ ഇടയിലാണ്. സ്വന്തമായി ഒരു സാമ്രാജ്യം ഉണ്ടാക്കുന്നതോ ആരേയും ആശ്രയിക്കാതെ ജീവിക്കുന്നതോ ഒരു തെറ്റായി കാണാൻ കഴിയില്ല. എന്നാൽ, തന്റെ പാരമ്പര്യമോ സംസ്കാരമോ മാറ്റിനിർത്തിയല്ല ജീവിക്കേണ്ടത്. എവിടെ ചെന്നാലും തന്റെ വേരുകൾ അറ്റുകളയാത്തവനാണ് യഥാർത്ഥ മനുഷ്യൻ, അത് പാലിച്ചവനു മാത്രമേ ദൈവകൃപ ലഭിച്ചിട്ടുള്ളൂ.

സ്വന്തം നാട്ടിൽ വേണ്ടത്ര അവസരങ്ങളോ വിദ്യാഭ്യാസ രീതികളോ ഇല്ലെന്നതാണ് ഇവർ പറയുന്ന പ്രധാന കാരണം. ഇതെത്ര മാത്രം ശരിയാണെന്നുള്ളത് നാം ചിന്തിക്കേണ്ട സത്യമാണ്. പലായനം ചെയ്യുന്നവർ എന്ന് തിരികെ വരും, എപ്പോൾ തിരികെ വരും, സ്വന്തം ബന്ധങ്ങളെ എന്ന് ചേർത്തു പിടിക്കും എന്നൊന്നും അറിയില്ല. അവർ എന്നോ വേണ്ടപ്പെട്ടവരുടെ അടുത്തേക്ക് തിരികെ വരുമെന്ന് പ്രതീക്ഷിച്ചാണ് അവരെ സ്നേഹിക്കുന്നവർ ഇവിടെ ജീവിക്കുന്നത്. എന്നാൽ, ഇതിൽ ഭൂരിഭാഗം ആളുകളും തിരികെ വരാറില്ല. അതുകൊണ്ടു തന്നെ ബന്ധങ്ങൾ അവരിൽ നിന്നും അകലുന്നു. ഈ അകൽച്ചയിൽ മാതാപിതാക്കളും കുട്ടികളും കൊച്ചുമക്കളും തമ്മിലുള്ള ബന്ധവും ഉൾപ്പെടുന്നു. കുട്ടികളെ ഒരുനോക്കു കാണുവാൻ വേണ്ടി മണിക്കൂറുകളോളം യാത്ര ചെയ്തും കഷ്ടതകൾ അനുഭവിച്ചും മാതാപിതാക്കൾ അവരുടെ അടുത്തേക്ക് ചെല്ലുന്നു. ഇവിടെ നിന്ന് പലായനം ചെയ്യുന്ന കുട്ടികൾക്ക് അവർ ആഗ്രഹിച്ച ഒരു ജീവിതമല്ല പലപ്പോഴും ലഭിക്കുന്നത്. അവർക്ക് ഏറെ കഷ്ടതകൾ അനുഭവിക്കേണ്ടി വരുന്നു. പക്ഷേ, അതൊന്നും ബന്ധുക്കൾ അറിയുന്നില്ല, അല്ലെങ്കിൽ അറിയിക്കുന്നില്ല.

ഇത്രയധികം കഷ്ടതകൾ അനുഭവിച്ചിട്ടും നേരിട്ടിട്ടും ജീവിതത്തിൽ എങ്ങുമെത്താത്ത അനേകം കുട്ടികളെ നമ്മുടെ ഇടയിലും കാണാം. സ്വന്തം നാട്ടിൽ മറ്റുള്ളവരുടെ കുത്തുവാക്കുകളും ഉറ്റുനോട്ടങ്ങളും പേടിച്ചാണ് ഇന്നത്തെ സമൂഹത്തിലെ യുവജനങ്ങൾ മറ്റൊരു സ്ഥലത്തേക്ക് പലായനം ചെയ്യുന്നത്. ഇത് നമ്മുടെ സമൂഹത്തിൽ നിന്നു മാറേണ്ട കാര്യമാണ്. ഇത് സമൂഹത്തിൽ ഒരു കറയായി മാറിക്കൊണ്ടിരിക്കുന്നു. ഇതു മാറ്റാൻ നമ്മൾ ഓരോരുത്തരും ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഇന്നത്തെ യുവതലമുറയിലെ കുട്ടികളും മാതാപിതാക്കളും സർക്കാരും എല്ലാവരും ചിന്തിച്ചാലേ ഇതിൽ നിന്നും ഒരു രക്ഷയുള്ളൂ. ഇവരെല്ലാവരും കുട്ടികളുടെ ഉയർച്ചയ്ക്കു വേണ്ടി അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഉപരിപഠനവും വിദേശപഠനവും ഒരു മോശമായ കാര്യമല്ല, അതിൽ നിന്നു നമ്മൾ എന്ത് ആർജിക്കുന്നു എന്നുള്ളതാണ് കാര്യം. ഏതൊരു കാര്യം ചെയ്യുമ്പോഴും നല്ലതു മാത്രം സ്വീകരിക്കുകയെന്നതാണ് പ്രധാനം.

ജെബിൻ ജോമോൻ
(ഒൻപതാം ക്ലാസ് വിദ്യാർത്ഥി)
വരച്ച ചിത്രങ്ങൾ

(മണയ്ക്കൽക്കരോട്ട്
ജെബിൻ വില്ലയിൽ
ശ്രീ ജോമോൻ എം.
ജോർജിന്റെയും
ശ്രീമതി ടിറ്റി ജോമോന്റെയും
മകനാണ് ജെബിൻ)



പാവനസ്മരണയ്ക്ക്

സി.കെ. പാപ്പച്ചൻ (86)

(മരണം: 01.02.2023)

ചാമക്കണ്ടത്തിൽ
കുളനട

സ്നേഹസ്മരണകളോടെ
അമ്മിണി പാപ്പച്ചനും കുടുംബവും

In Loving Memory of

CHERIAN D. (SAJI 54)
(DIED ON 30.05.2021)
VALIL VADAKKETHIL
KULANADA

Inserted by
RENI CHERIAN & FAMILY

അഭിമാനമായി ചെങ്ങന്നൂർ ഭദ്രാസനം

നൂറ്റിയെട്ട് ദിവ്യ പ്രദേശങ്ങളിൽ ഒന്നായിരുന്ന ചെങ്ങന്നൂർ, പുരാതനകാലത്ത് 'തിരുചെങ്ങന്നൂർ' എന്നാണ് അറിയപ്പെട്ടിരുന്നത്. ചുവന്ന കല്ലുള്ള പ്രദേശമെന്ന നിലയിൽ ചെങ്കല്ലൂര് എന്നും അറിയപ്പെട്ടിരുന്നത് 'ചെങ്ങന്നൂർ' ആയതായും കരുതുന്നുണ്ട്. ചുവന്ന കുന്ന് (ശോണാദ്രി) എന്ന സ്ഥലത്താണ് ചെങ്ങന്നൂർ മഹാദേവക്ഷേത്രം നിൽക്കുന്നതെന്നും അതിനാൽ 'ചെങ്കുന്ന്' ഉള്ള 'ഊര്' 'ചെങ്കുന്നൂര്' എന്നും കാലക്രമത്തിൽ 'ചെങ്ങന്നൂർ' ആയെന്ന മറ്റൊരു വാദവുമുണ്ട്.

കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്ന ആലപ്പുഴയുടെ ഏറ്റവും കിഴക്കേ ഭാഗത്തുള്ള പ്രദേശമാണ് ചെങ്ങന്നൂർ. ആലപ്പുഴ ജില്ലയിൽ മലകളും കുന്നുകളും ഇല്ലെങ്കിലും ചെങ്ങന്നൂരിന്റെ കിഴക്കൻ പ്രദേശങ്ങളിൽ ഒറ്റപ്പെട്ട പാറക്കെട്ടുകൾ കാണാം. ചെങ്ങന്നൂർ താലൂക്കിലെ പാണ്ഡവൻപാറ, നൂറ്റവൻപാറ എന്നീ കുന്നുകൾ പ്രസിദ്ധമാണ്. പമ്പ, അച്ചൻകോവിലാറ് എന്നിവയാണ് ചെങ്ങന്നൂരിലൂടെ ഒഴുകുന്ന പ്രധാന നദികൾ.

ചെങ്ങന്നൂരിലെ ജനസംഖ്യയിൽ ക്രൈസ്തവവിഭാഗം മുഖ്യപങ്കു വഹിക്കുന്നു. ബഥേൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന മലങ്കര ഓർത്തഡോക്സ് സഭ, തിട്ടമേൽ ഒലിവറ്റ് ആസ്ഥാനമായ മാർത്തോമ്മ സഭ, സിഎസ്ഐ സഭ, മലങ്കര കത്തോലിക്ക സഭ എന്നിവയാണ് പ്രധാന സഭകൾ.

ചരിത്രത്തിന്റെ ഏടുകളിൽ നിറഞ്ഞു നിൽക്കുന്ന ചെങ്ങന്നൂരിൽ മലങ്കര നസ്രാണികളുടെ പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിച്ചു കൊണ്ട് ഇന്ന് മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിമാനമായി നിലകൊള്ളുന്നു ചെങ്ങന്നൂർ ഭദ്രാസനം. മലങ്കര മക്കളുടെ മനസ്സിൽ ഒളിമങ്ങാതെ നിറഞ്ഞു നിൽക്കുന്ന കർമ്മധീരനും സഭയുടെ ഗാനകോകിലവുമായിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ (ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ പീലക്സിനോസ്) ദീർഘവീക്ഷണത്തി



ന്റെയും സഭാസ്നേഹത്തിന്റെയും ഫലമായി, ചെങ്ങന്നൂർ ചന്തയിൽ വില്പനയ്ക്കു കൊണ്ടുവന്നിരുന്ന കന്നുകാലികളെ കുളിപ്പിക്കുന്നതിനും വെള്ളം കുടിപ്പിക്കുന്നതിനും മറ്റും ഉപയോഗിച്ചിരുന്ന 'പൊതേൽക്കുളം' എന്ന ചതുപ്പുനിലം 'ബഥേൽ' ആയി രൂപാന്തരപ്പെടുകയും കാലക്രമത്തിൽ ബഥേൽ ആസ്ഥാനമായി മലങ്കരസഭയ്ക്ക് പുതിയ ഭദ്രാസനം രൂപപ്പെടുകയുമായിരുന്നു. 1984ൽ മലങ്കര സഭയിലെ ഭദ്രാസനങ്ങൾ വിഭജിക്കുവാൻ പരിശുദ്ധ സുന്നഹദോസ് തീരുമാനിക്കുകയും ചെങ്ങന്നൂർ ആസ്ഥാനമായി ഭദ്രാസനം രൂപീകരിക്കുകയും ചെയ്തു. വന്ദ്യ പി.ജി. ജോർജ് അച്ചൻ, അനവധി വൈദികർ, ആത്മീയ നേതാക്കൾ എന്നിവരുടെ പരിശ്രമഫലമായി, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവയുടെ 52/85 നമ്പർ കല്പനപ്രകാരം 1985 മാർച്ച് 10ന് ചെങ്ങന്നൂർ ഭദ്രാസനം നിലവിൽ വന്നു.

ചരിത്രം

ചെങ്ങന്നൂർ തിട്ടമേൽ പ്രാർത്ഥനാ യോഗക്കാർ 1935ൽ ഒരു പള്ളി പണിയുവാൻ ചെങ്ങന്നൂരിൽ 14 സെന്റ് സ്ഥലം വാങ്ങുകയും പള്ളി പണിയുന്നതിന് അപേക്ഷ നൽകുകയും ചെയ്തു. തങ്ങളുടെ മാത്രം പ്രയത്നം കൊണ്ട് പള്ളിപണിക്കുള്ള അനുവാദം ലഭിക്കുകയില്ലെന്ന് മനസ്സിലാക്കിയ പ്രാർത്ഥനായോഗക്കാർ 1937ൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവ തിരുമേനിക്ക് ഈ സ്ഥലം എഴുതിക്കൊടുക്കുകയും തിരുമേനി പ്രസ്തുത സ്ഥലം തുമ്പമൺ ഭദ്രാസന മെത്രാപ്പൊലീത്തയായിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയെ ഏൽപ്പിക്കുകയും ചെയ്തു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കൈയിൽ അന്ന് ഏൽപ്പിച്ച 14 സെന്റ് സ്ഥലമാണ് കാലാന്തരത്തിൽ ബഥേൽ ആയി രൂപാന്തരപ്പെട്ടത്. എല്ലാവരാലും അവഗണിക്കപ്പെട്ട് ചെങ്ങന്നൂരിന്റെ ഹൃദയഭാഗത്തു കിടന്നിരുന്ന ആ സ്ഥലത്തിനു തിരുമേനിയുടെ പ്രയത്നഫലമായി നവജീവൻ ലഭിച്ചു. 1942ൽ കൊച്ചു തിരുമേനി, ഈ സ്ഥലത്തു വരികയും ഒരു ഷെഡ് കെട്ടി താമസിച്ച് സഭാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. മലങ്കര സഭയ്ക്ക് ചെങ്ങന്നൂരിൽ ഒരു ആസ്ഥാനമുണ്ടാകണമെന്ന് തിരുമേനി ആഗ്രഹിച്ചിരുന്നു. ദൈവിക നടത്തിപ്പിൽ പരിപൂർണമായി വിശ്വസിച്ചിരുന്ന തിരുമേനി തന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു. തിരുമേനി താമസിച്ചിരുന്ന ഷെഡ്ഡിന്റെ ഒരു വശം വേർതിരിച്ച് അവിടെ വിശുദ്ധ കുർബാന അർപ്പിച്ചു.

1942 ജൂൺ 15ന് ഇപ്പോൾ ബഥേൽ മാർ ഗ്രിഗോറിയോസ് അരമനപ്പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരു താത്കാലിക ചാപ്പൽ പണിതു. ദൈവത്തിന്റെ അളവറ്റ കൃപയാൽ തുടർന്നുണ്ടായ വളർച്ച വലിയതായിരുന്നു. 1951 ഏപ്രിൽ 17ന് പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്തു. അതിനു ശേഷം ബഥേലിന്റെ പ്രവർത്തനങ്ങൾ നടത്തിയത് തിരുമേനി മാനേജരായി നിയമിച്ച വന്ദ്യ പി.ജി. ജോർജ് അച്ചനാണ്. അദ്ദേഹത്തിന്റെ ശ്രമഫലമായി ചുറ്റുമുള്ള കുറേ സ്ഥലങ്ങൾ കൂടി വാങ്ങി. 1980ൽ തുമ്പമൺ ഭദ്രാസന മെത്രാപ്പൊലീത്ത ഭാഗ്യസ്മരണാർഹനായ ഡാനിയേൽ മാർ പീലക്സിനോസ് തിരുമേനിയുടെ കല്പന പ്രകാരം ചില വ്യവസ്ഥകൾക്ക് വിധേയമായി ബഥേൽ ഇടവക നിലവിൽ വന്നു.

തുമ്പമൺ, നിരണം, കൊല്ലം തുടങ്ങിയ ഭദ്രാസനങ്ങളിലെ 50 പള്ളികൾ ചേർത്തുകൊണ്ടാണ് ചെങ്ങന്നൂർ ഭദ്രാസനം രൂപീകരിച്ചത്. ഭദ്രാസനത്തിന്റെ അതിർത്തികളായി തെക്ക് പഴകുളം മാർ ഗ്രിഗോറിയോസ് പള്ളിയും വടക്ക് കല്ലുങ്കൽ സെന്റ് ജോർജ്, സെന്റ് ഇഗ്നേഷ്യസ് ദേവാലയങ്ങളും പടിഞ്ഞാറ് കുട്ടംപേരൂർ സെന്റ് മേരീസ് പള്ളിയും കിഴക്ക് മാരാമൺ സെന്റ് മേരീസ്, മെഴുവേലി ഹോളി ഇന്നസെന്റ് ദേവാലയങ്ങളും നിലകൊള്ളുന്നു.

1985 ഓഗസ്റ്റ് ഒന്നു മുതൽ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പൊലീത്തയായി പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സഹോദരപുത്രനായ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി ഭരണസാരഥ്യം നടത്തി വന്നു. ശൈശവ ദശയിലായിരുന്ന ഭദ്രാസനത്തെ പുരോഗതിയിലേക്കു നയിക്കാൻ അത്തനാസിയോസ് തിരുമേനി അനവധി കർമ്മപദ്ധതികൾ നടപ്പിലാക്കി. സഭയ്ക്ക് അഭിമാനമായി ഭദ്രാസനത്തിന് ഒരു ആസ്ഥാന മന്ദിരം ഉണ്ടാകണമെന്നു തിരുമേനി ആഗ്രഹിക്കുകയും അതിനു വേണ്ടി കഠിനപ്രയത്നം ചെയ്യുകയുമുണ്ടായി. 1987 ജനുവരി ഒന്നിനു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവ ആസ്ഥാന മന്ദിരത്തിന് ശിലാസ്ഥാപനം നടത്തി. ഏകദേശം 35 ലക്ഷം രൂപ ചെലവിൽ ഇന്നു കാണുന്ന ഭദ്രാസന ആസ്ഥാന മന്ദിരം നിർമ്മിക്കുകയും 1997 മേയ് 25ന് കൂദാശയും ഉദ്ഘാടനവും നടത്തുകയും ചെയ്തു. അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ നേതൃത്വത്തിന്റെയും ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളുടെയും ഫലമായി ആസ്ഥാന മന്ദിരം ചെങ്ങന്നൂർ പട്ടണത്തിനു തിലകക്കുറിയായി തലയുയർത്തി നിലകൊള്ളുന്നു.

ഭദ്രാസനം ഇന്ന്

ആത്മീയവും ഭൗതികവുമായ വളർച്ചയുടെ പടവുകൾ കയറിക്കൊണ്ടിരിക്കുന്ന ചെങ്ങന്നൂർ ഭദ്രാസനത്തിൽ 50 ഇടവകകളും 11 ചാപ്പലുകളും 9,000 കുടുംബങ്ങളുമുണ്ട്. മലങ്കര സഭയുടെ അഭിമാനഭാജനങ്ങളായ 5 മെത്രാപ്പൊലീത്തമാരും 4 റമ്പാച്ചൻമാരും 14 കോറെപ്പിസ്കോപ്പമാരും 191 വൈദികരും 7 ശെമ്മാശ്ശന്മാരും 7 സന്ന്യാസിനിമാരും 10 വൈദിക വിദ്യാർത്ഥികളും

ഭദ്രാസനത്തിന്റെ ആത്മീയ വളർച്ചയ്ക്ക് ഊർജം പകരുന്നു.

എല്ലാ വർഷവും ജനുവരിയിലെ ആദ്യ ഞായറാഴ്ച ഭദ്രാസനദിനമായി കൊണ്ടാടിവരുന്നു. ഭൗതിക വളർച്ചയെക്കാൾ ആത്മീയ വളർച്ചയ്ക്ക് മുൻതൂക്കം നൽകുന്ന ഭദ്രാസനം, സുവിശേഷ പ്രവർത്തനങ്ങൾക്കായി ഒരു സംഘത്തിന് പരിശീലനം നൽകിയിരുന്നതിനാൽ അർപ്പണ മനോഭാവമുള്ള അനേകരടങ്ങിയ മെത്രാസന സുവിശേഷ സംഘമായി അതു വളർന്നിട്ടുണ്ട്. സെക്കുലർ വിദ്യാഭ്യാസത്തിലും നമ്മുടെ കുഞ്ഞുങ്ങൾ ഉന്നതമായ നിലയിൽ വളർന്നു വരണമെന്ന ലക്ഷ്യത്തോടു കൂടി അവർക്കാവശ്യമായ മാർഗനിർദ്ദേശം നൽകാൻ 'വിദ്യാജ്യോതി' എന്ന പേരിൽ പ്രത്യേകമായ പദ്ധതിയും ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പൊലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ് പിതാവിന്റെ ദീർഘവീക്ഷണത്തിന്റെയും ഭരണമികവിന്റെയും നിശ്ചയദാർഢ്യത്തിന്റെയും ഫലമായി ചെങ്ങന്നൂർ ഭദ്രാസനത്തിന് അഭൂതപൂർവ്വമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞു. ഇപ്പോഴത്തെ മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസിന്റെ നേതൃത്വത്തിൽ കാലത്തിന്റെ മാറ്റം ഉൾക്കൊണ്ടും എന്നാൽ, വിശ്വാസ പാരമ്പര്യങ്ങളിൽ നിന്ന് അണുവിട തെറ്റാതെയും വളർച്ചയുടെ പാതയിൽ ചെങ്ങന്നൂർ ഭദ്രാസനം പ്രയാണം തുടരുന്നു. ■

IN LOVING MEMORY OF OUR PARENTS



ALEYAMMA OOMMEN
DIED ON 27.06.2022

OOMMEN EASO
DIED ON 12.07.2009

CHIRAVARAMPIL HOUSE, ULLANNOOR P.O.

INSERTED BY FAMILY MEMBERS

നേട്ടം കൊയ്തവർ

ജിബിൻ റജി

മലപ്പുറത്തു നടന്ന സംസ്ഥാന ബഡ്സ് കായിക മേള, ഒളിമ്പിയയിൽ ലോവർ എബിലിറ്റി വിഭാഗത്തിൽ പുരസ്കാരം ലഭിച്ച ജിബിൻ റജി. കൊട്ടയ്ക്കാട്ടു കിഴക്കേതിൽ ശ്രീ കെ.ടി. റജിയുടെയും ശ്രീമതി ജെയ്നി റജിയുടെയും മകനാണ്.

ജിതിൻ പി. ഉമ്മൻ

മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭ പുരസ്കാരം (ഒരു ലക്ഷം രൂപ) 2023ൽ ലഭിച്ച ജിതിൻ പി. ഉമ്മൻ. പരുമല മാർ ഗ്രിഗോറിയോസ് കോളജ് വിദ്യാർത്ഥിയായിരുന്നു.

പന്നിക്കുഴി പുത്തൻപറമ്പിൽ ശ്രീ ഉമ്മൻ മത്തായിയുടെയും ശ്രീമതി ശോഭ പി. ഉമ്മന്റെയും മകനാണ്.

ബിജിൻ സാമുവൽ

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്യൂണിക്കേഷൻ അലുമ്നി അസോസിയേഷന്റെ 2023ലെ 'ഇന്ത്യൻ ലാംഗ്വേജ് റിപ്പോർട്ടർ ഓഫ് ദി ഇയർ' ദേശീയ അവാർഡും സംസ്ഥാന വനിത കമ്മിഷന്റെ അച്ചടി മാധ്യമ വിഭാഗത്തിലെ മികച്ച റിപ്പോർട്ടിനുള്ള 2024ലെ പുര സ്കാരവും ലഭിച്ച ബിജിൻ സാമുവൽ (മലയാള മനോരമ). വിളയിൽ ശ്രീ ഏബ്രഹാം സാമുവലിന്റെയും ശ്രീമതി മോനി സാമുവലിന്റെയും മകളാണ്.

റോയി ടി. മാത്യു

2019ൽ കേരള സംസ്ഥാന അധ്യാപക പുരസ്കാരം ലഭിച്ച റോയി ടി. മാത്യു. ശാസ്ത്ര ലേഖകനും ഊർജ-പ്രകൃതി സംരക്ഷണ, സാമൂഹിക-അക്കാദമിക മേഖലകളിലെ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ശ്രദ്ധേയനാണ്.

തലയാറ്റ് പുത്തൻവീട്ടിൽ ശ്രീ ഗീവറുഗീസ് മാത്യുവിന്റെയും ശ്രീമതി ഗ്രേസി മാത്യുവിന്റെയും മകനാണ്.

ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയ പള്ളിയുടെ ശതോത്തര രജത ജൂബിലി സംക്ഷിപ്ത റിപ്പോർട്ട്

പി.എം. അലക്സാണ്ടർ
ജനറൽ കൺവീനർ

ത്രിയേക ദൈവത്തിനു സ്തുതി.

വിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ പരിശുദ്ധ പരുമല തിരുമേനി 1899 ജനുവരി 27ന് (കൊല്ലവർഷം 1074 മകരം 15) സ്ഥാപിച്ച നമ്മുടെ ദേവാലയം 125 മഹത്തായ വർഷങ്ങൾ പൂർത്തീകരിക്കുമ്പോൾ എല്ലാ ഇടവകാംഗങ്ങൾക്കും ദേശനിവാസികൾക്കും ആനന്ദോത്സവമാണ്. ഈ ഗ്രാമത്തിന്റെ ആദ്ധ്യാത്മിക പ്രചോദനത്തിനും സാംസ്കാരിക ഉന്നമനത്തിനും പരിശുദ്ധ അമ്മയുടെ നാമത്തിലുള്ള നമ്മുടെ ദേവാലയം അവിസ്മരണീയമായ സംഭാവനകളാണ് നൽകിയിട്ടുള്ളത്.

125 വർഷങ്ങൾ പൂർത്തീകരിക്കുന്ന ദേവാലയത്തിന്റെ ശതോത്തര രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഇടവകയിലെ 231 കുടുംബങ്ങളേയും ഉൾപ്പെടുത്തി സ്വാഗത സംഘം രൂപീകരിച്ചു. ഇടവക വികാരി വന്ദ്യ ജോൺ ചാക്കോ അച്ചൻ പ്രസിഡന്റായും ട്രസ്റ്റി ശ്രീ പി. എം. അലക്സാണ്ടർ ജനറൽ കൺവീനറായും ശ്രീ ഉമ്മൻ വർഗീസ്, ശ്രീ വി.ഡി. സ്കറിയ, ശ്രീ ബിജു മാത്യു എന്നിവർ ജോയിന്റ് ജനറൽ കൺവീനേഴ്സ് ആയും പ്രവർത്തിച്ചു. കൂടാതെ ഫിനാൻസ്, റിസപ്ഷൻ, പ്രോഗ്രാം, പബ്ലിസിറ്റി, ഫുഡ്, ലൈറ്റ് & സൗണ്ട്, ഡിസ്ട്രിബ്യൂഷൻ & ട്രാൻസ്പോർട്ടേഷൻ, കാർഷികം, പരിസ്ഥിതി, സുവനീർ എന്നിങ്ങനെ വിവിധ സബ് കമ്മറ്റികളും പ്രവർത്തിക്കുകയുണ്ടായി.

2023 ജനുവരി 21ന് കൊടിമരഘോഷയാത്ര, വിളംബര റാലി, വചന ശുശ്രൂഷ, പെരുന്നാൾ പ്രദക്ഷിണം എന്നിവയോടു കൂടി ശതോത്തര രജത ജൂബിലി ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചു.

ആഘോഷ പാരിപാടികളുടെ ഉദ്ഘാടനം അഭിവന്ദ്യ ഇടവക മെത്രപ്പൊലീത്ത ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, മുൻ തുമ്പമൺ ഭദ്രാസന മെത്രാപ്പൊലീത്ത അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്ത എന്നിവരുടെ സാന്നിധ്യത്തിൽ ബഹു. കേന്ദ്ര -ന്യൂനപക്ഷ ക്ഷേമകാര്യ വകുപ്പ് സഹമന്ത്രി ശ്രീ ജോൺ ബർല നിർവ്വഹിച്ചു. അഭിവന്ദ്യ വലിയ മെത്രാപ്പൊലീത്ത ശതോത്തര രജതജൂബിലി ലോഗോ പ്രകാശനവും അനുഗ്രഹ പ്രഭാഷണവും നിർവ്വഹിച്ചു.

ഒരു വർഷം നീണ്ടുനിന്ന ശതോത്തര രജതജൂബിലിയുടെ വിവിധ ഘട്ടങ്ങളിൽ പള്ളിയുടെ ആദ്ധ്യാത്മിക സംഘടനകളുടെ നേതൃത്വത്തിൽ പരിസ്ഥിതിക്കു പ്രാധാന്യം നൽകിക്കൊണ്ട്, ആത്മീയ പ്രചോദനത്തിനും സാംസ്കാരിക ഉന്നമനത്തിനും പൊതുജന ക്ഷേമത്തിനും ഉതകുന്നതുമായ വിവിധ സമ്മേളനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തി. പ്രധാനമായും യുവജനങ്ങൾക്കും കുട്ടികൾക്കുമായി ബോധവത്കരണ ക്ലാസുകൾ, സെമിനാറുകൾ, സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവയും പന്തളം സി.എം. ആശുപത്രിയുടെ

സഹകരണത്തോടെ വിവിധ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരുടെ നേതൃത്വത്തിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ മെഗാ മെഡിക്കൽ ക്യാംപും നടത്തുകയുണ്ടായി.

ഇടവക സീനിയേഴ്സ് ഫോറത്തിന്റെ നേതൃത്വത്തിൽ ഇടവക മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, ഇടവക വികാരി വന്ദ്യ ജോൺ ചാക്കോ അച്ചൻ, ഇടവക പട്ടക്കാർ, മുൻ വികാരിമാർ, ഇടവകയിലെ സന്യാസിനി, പ്രധാന ശുശ്രൂഷകൻ എന്നിവരെ ആദരിച്ച് ഉപഹാരം നൽകി. തുടർന്ന് പന്തളം ഡിസ്ട്രിക്ട് യുവജന പ്രസ്ഥാനത്തിന്റെ കലാമേള, പന്തളം ഡിസ്ട്രിക്ട് മർത്തമറിയം അർദ്ധവാർഷിക സമ്മേളനം, പന്തളം ഡിസ്ട്രിക്ട് സൺഡേ സ്കൂൾ സമ്മേളനം എന്നിവയും നടത്തി. മുൻ ട്രസ്റ്റിമാർ, സെക്രട്ടറിമാർ, സേനയിൽ നിന്നു വിരമിച്ച കുളനട ഗ്രാമ പഞ്ചായത്തിലെ ജവാന്മാർ, 25 വർഷത്തിൽ കൂടുതൽ പ്രവാസജീവിതം നയിച്ചിട്ടുള്ള 70 വയസ്സിനു മുകളിലുള്ളവർ പ്രവാസികൾ എന്നിവരേയും ആദരിച്ച ചടങ്ങുകളും നടത്തി. സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവർക്ക് ധനസഹായം, ചികിത്സാ സഹായം, അന്നദാനം, രക്തദാനം തുടങ്ങിയ ബഹുവിധ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി.

ഇടവക യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ അർഹരായവർക്ക് ജാതി-മത ഭേദമന്യേ ഗുണഭോക്താവിന്റെ പേര് വെളിപ്പെടുത്താതെ വിവിധ സഹായങ്ങൾ നൽകി. പള്ളിയും മദ്ബഹയും കമ്മ്യൂണിറ്റി സെന്ററും മോടിപിടിപ്പിച്ചു മനോഹരമാക്കി. ഇടവകയുടെ കടബാദ്ധ്യതകൾ തീർക്കുന്നതിനും കഴിഞ്ഞു. സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്ന രണ്ടു കുടുംബങ്ങൾക്കു വേണ്ടി വീടുകൾ പുതുക്കി പണിയാൻ കഴിഞ്ഞു. ഇതിലേക്ക് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും നൽകിയിട്ടുള്ള സുമനസ്സുകളെ പ്രത്യേകം ഓർക്കുന്നു, നന്ദിയും കടപ്പാടും അറിയിക്കുന്നു.

ശതോത്തര രജതജൂബിലി ആഘോഷ സമാപന ദിവസമായ 2024 ജനുവരി 29ന് പരിശുദ്ധ കാതോലിക്ക ബാവയുടെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധ മൂന്മേൽ കുർബാന നടന്നു. തുടർന്നു നടന്ന സമാപന സമ്മേളനം ആദരണീയനായ ഗോവ ഗവർണർ ശ്രീ പി.എസ്. ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്തു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കതോലിക്കാ ബാവ അനുഗ്രഹ പ്രഭാഷണം നടത്തി. ഭദ്രാസന സെക്രട്ടറി റവ. ഫാ. പി.കെ. കോശി അദ്ധ്യക്ഷത വഹിച്ചു. മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, വന്ദ്യ ഡോ. ഡേവിഡ് കോശി റമ്പാൻ എന്നിവർ ആശംസകൾ നേർന്നു. സമാപനപ്രാർത്ഥന, സ്നേഹവിരുന്ന്, കൊടിയിറക്ക് എന്നിവയ്ക്കു ശേഷം കൊച്ചിൻ നവദർശൻ ആർട്സിന്റെ ഗാനമേളയും നടന്നു.

ക്രിസ്തീയ വിശ്വാസത്തിലും ആരാധനയിലും സ്നേഹത്തിലും സേവനത്തിലുമൂന്നി വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ദൈവത്തിന്റെ കരസ്പർശം എല്ലാ ജാതി മതസ്ഥർക്കും അനുഭവവേദ്യമാവുന്ന രീതിയിൽ പ്രവർത്തിച്ച ഇടവക വികാരി വന്ദ്യ ജോൺ ചാക്കോ അച്ചൻ, ഇടവക സെക്രട്ടറി, ശതോത്തര രജത ജൂബിലി ജോയിന്റ് ജനറൽ കൺവീനേഴ്സ്, ഇടവക മാനേജിങ് കമ്മിറ്റി, ആദ്ധ്യാത്മിക സംഘടനകൾ, ഇടവകാംഗങ്ങൾ എന്നിവരോടുള്ള ആത്മാർത്ഥമായ നന്ദിയും കടപ്പാടും അറിയിച്ചു കൊള്ളട്ടെ.

ശതോത്തര രജതജൂബിലി ആഘോഷങ്ങളിലുടനീളം അനുഗ്രഹപ്രദമായി ഓരോ ദിവസവും നമ്മെ കാത്തു പരിപാലിച്ച കാരുണ്യവാനായ ദൈവത്തിന് സ്തുതിസ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട് സ്നേഹാദരങ്ങളോടെ ഈ റിപ്പോർട്ട് ഏവരുടേയും സമക്ഷം സമർപ്പിച്ചു കൊള്ളുന്നു.

In loving memory of

MAMMEN PANDALAM
&
MARIYAMMA MAMMEN

Inserted by
P.M. Jose & Family

Hotel RIVERWALK
EMINENCE GROUP
PANDALAM

- A/c Deluxe Rooms
- Executive Rooms
- Multi Cuisine-Family Restaurant (A/c)
- Mini Conference Hall (A/c & Non A/c)
- Outdoor Catering
- Free Home Delivery
- Lift & Standby Generator

Manikantan Althara Jn., Near Eminence School
Pandalam, Ph: 04734 251822, 255922, Fax: 04734 250122,
E-mail: hotelriverwalkpandalam@gmail.com | www.hotelriverwalk.com

Contact in UAE:
P.M. JOSE, Mob: 00971 506464569 | Ph: 00971 65629947
E-mail: seasonpllc@gmail.com

EMINENCE PUBLIC SCHOOL
Affiliated to CBSE, New Delhi (Code No : 930175)
PANDALAM-689501
PH: 04734 250266, MOB: 9847435666
Website : www.eminencepublicschool.org E-mail : eminenceschool1994@gmail.com : principaleminence@gmail.com

PLAY CLASS
KG
CLASSES I TO XII

Separate Hostel Facility Available for Boys & Girls

STREAMS OFFERED FOR CLASS XI

SCIENCE	COMMERCE	HUMANITIES
Eng, Phy, Chem, Bio, CS	Eng, Acc, B.S., Eco, IP	Eng, History, Pol. Sc., Eco, Psychology
Eng, Phy, Chem, Maths, CS	Eng, Acc, B.S., Eco, Maths	Eng, History, Pol. Sc., Eco, Maths
Eng, Phy, Chem, Bio, Maths		

പഴമയുടെ
താളുകളിലൂടെ...

75ന്റെ നിറവിൽ

75

1899 - 1974

ആധുനിക യുവലോകവും ഈശ്വരവിശ്വാസവും

ഭാഗ്യസ്മരണാർഹനായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി അരനൂറ്റാണ്ടിനു മുമ്പ് എഴുതിയ ലേഖനം

ഫാ. എം.വി. ജോർജ്,
എം.എ., ബി.ഡി., എസ്.ടി.എം.

ആധുനിക യുഗം ഒരു വഴിത്തിരിവിലാണ്. ഇന്നലത്തെ മൂല്യങ്ങൾ പലതും യുവതലമുറയ്ക്ക് അർത്ഥരഹിതമായിത്തോന്നുന്നു. പുതിയ മൂല്യങ്ങൾ കൈവന്നിട്ടുമില്ല. അതിനാൽ യുവാക്കന്മാർ പലരും പുതിയ ലോകപ്പിറവിക്കായി വാഞ്ഛിക്കുകയും ചിലർ അതിനായി അവർ അറിയുന്ന മാർഗ്ഗേണ യത്നിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരുണത്തിൽ തലമുറകൾ തമ്മിൽ കാണുന്ന വിടവ് ചൊല്ലി ഖേദിക്കുന്നതിനു പകരം ഏവരും സഹകരിച്ച് നല്ല വ്യതിയാനങ്ങൾ വരുത്തുകയാണ് വേണ്ടത്.

ഈശ്വരവിശ്വാസം ഇന്ന് കുറയുകയാണ് എന്ന ചിന്താഗതി അത്ര ശരിയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈശ്വരനെക്കുറിച്ചുള്ള തെറ്റായ ധാരണകൾ മാറ്റിയെടുക്കുവാൻ ഈശ്വരൻതന്നെ അനുവദിച്ച ചില മാറ്റങ്ങളാണ് ഇന്ന് നടക്കുന്നവയിൽ പലതും. ഇന്ന് സാധാരണക്കാർ പലരും ഈശ്വരൻ അവരുടെ കുത്തകാവകാശമാണെന്നും മറ്റഭിപ്രായക്കാരെ മുഴുവൻ നരകത്തിലിടുമെന്നും ചില കർമ്മാദികൾ നടത്തിയിട്ട് എങ്ങനെ ജീവിച്ചാലും ഈശ്വരപ്രസാദം ലഭിക്കുമെന്നും വർഗ്ഗീയത മതത്തിന്റെ ഒരു ഭാഗമാണെന്നും അനീതിപരമായി ഉണ്ടായ സാമ്പത്തിക ഉയർച്ച ഈശ്വരപ്രസാദം കൊണ്ട് ലഭിച്ചതാണെന്നും മതം മരണാനന്തര ജീവിതത്തെക്കുറിച്ചല്ലാതെ ആധുനിക ജീവിതത്തെക്കുറിച്ച് മൗനമാണെന്നും ഞായറാഴ്ച ആരാധനയും തിങ്കളാഴ്ചത്തെ കച്ചവടവും തമ്മിൽ ബന്ധമില്ലെന്നും ദൈവമില്ലെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്ന ഒരാൾക്കും രക്ഷയില്ലെന്നും ദൈവമുണ്ടെന്ന് വായ്കൊണ്ട് പറയുകയും ദൈവ ഹിതത്തിന് വിധേയമായി ജീവിക്കാതെയുമിരിക്കുന്നവന് രക്ഷയുണ്ടെന്നും മറ്റും ധരിച്ചിരിക്കുന്നത് മാറ്റിയെടുക്കുവാൻ യുവതലമുറയെ ദൈവം തന്നെ ഉപയോഗിക്കുകയാണ് എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി.

സത്യദൈവം എങ്ങനെയുള്ളത്?

മനുഷ്യൻ നിർമിച്ച ദൈവങ്ങൾ മരിക്കുക തന്നെ വേണം. യഥാർത്ഥ ദൈവം സ്രഷ്ടാവും സ്വയംഭൂവും ആദ്യന്തവിഹീനനും സർവ്വവും വഹിക്കുന്നവനും സർവ്വത്തിനും കാരണഭൂതനും സകലത്തിന്റേയും ലാക്കും ക്രിസ്തുഭഗവാൻ വെളിപ്പെടുത്തിയ സ്വർഗ്ഗീയ പിതാവും മനുഷ്യരാശിയെ മുഴുവനും സ്നേഹിക്കുന്നവനും നയിക്കുന്നവനും കരയുന്ന കാക്കക്കുഞ്ഞുങ്ങൾക്ക് ആഹാരം കൊടുക്കുന്ന സ്നേഹമൂർത്തിയും നക്ഷത്രങ്ങളുടെ എണ്ണം നോക്കുവാൻ കഴിവുള്ള സർവ്വജ്ഞാനിയും ഓരോ വ്യക്തിയേയും ഏകജാതനെപ്പോലെ സ്നേഹിക്കുന്നവനും പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുന്നവനും നീതിമാനാകയാൽ ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കുന്നവനും സ്നേഹവാ

ഇത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസി, പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവ, അഭിവന്ദ്യ പാറേട്ട് മാത്യൂസ് മാർ ഇവാനിയോസ് മെത്രാപ്പൊലീത്ത എന്നിവർക്കൊപ്പം ലേഖകൻ

നാകയാൽ ശിക്ഷിക്കപ്പെട്ടവരെപ്പോലും രക്ഷിപ്പാൻ വെമ്പൽ കൊള്ളുന്നവനും തന്നത്താൻ നമുക്കു വേണ്ടി ബലിയായി അർപ്പിച്ച് നമ്മെ രക്ഷിപ്പാൻ നിത്യ പുത്രനെ അയച്ചു തന്ന നിത്യ പിതാവും പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന് മൂന്ന് ആളത്വമായും എന്നാൽ, നിത്യസ്നേഹത്തിന്റെ പാരമ്യതയിൽ ഏക ആളത്വമായും വിശ്വസിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്നവനും സകലജാതിമതസ്ഥന്മാരുടെയും വിശ്വാസമില്ലാത്തവരുടെയും ദൈവവുമായ വിശുദ്ധ ത്രിത്വവുമാകുന്നു. ആ സത്യദൈവത്തെക്കുറിച്ച് ഭാഗികമായ അറിവുമാത്രമുള്ളവരേയും താൻ സ്നേഹിക്കുന്നു എന്ന പരമാർത്ഥം വിസ്മരിച്ച് സഭ വർഗ്ഗീയതയ്ക്ക് കൂട്ടുനിൽക്കരുത്. എതിരഭിപ്രായത്തോട് സഹനശക്തി ഇല്ലാത്ത സ്വാഭിപ്രായ ഉറപ്പും സ്വയമായ വിശ്വാസമില്ലാത്ത അസ്ഥിരതയും ഒരുപോലെ വർജ്യമാണ്.

ദൈവത്തിൽ വിശ്വസിക്കണമോ?

വിശ്വാസമില്ലാത്തവർ മാനവരാശിയിൽ ആരുമില്ല. ചിലർ ദൈവമില്ലായെന്ന് വിശ്വസിക്കുന്നു. മറ്റു ചിലർ യുക്തി കൊണ്ട് ദൈവത്തെ തെളിയിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. വേറെ ചിലർ കമ്മ്യൂണിസം മുഖാന്തരം ലോകത്തിൽ വർഗ്ഗരഹിത സ്വർഗ്ഗമുണ്ടാകുമെന്നും വിശ്വസിക്കുന്നു. പല മതങ്ങളിലും മതരാഹിത്യ നന്മയിലും വിശ്വസിക്കുന്നവരുണ്ട്. മനുഷ്യരെ മൃഗങ്ങളിൽ നിന്നു വ്യത്യസ്തപ്പെടുത്തുന്ന ഒരു വലിയ കഴിവ് വിശ്വാസമാണ്. അത് എവിടെ കേന്ദ്രീകരിക്കണമെന്നാണ് കണ്ടുപിടിക്കേണ്ടത്. ദൈവം ഒഴികെ ഏതിൽ കേന്ദ്രീകരിച്ചാലും അത് തകരുമ്പോൾ മനുഷ്യൻ ദൈവത്തിലേക്ക് വന്നുകൊള്ളും. പരമമായ വിശ്വാസം ആത്യന്തിക യാഥാർത്ഥ്യത്തിൽ മാത്രമേ അർപ്പിക്കാവൂ. ദൈവം ആത്യന്തിക ഉണ്മയും സ്നേഹമൂർത്തിയും ആണെന്ന വിശ്വാസം ആർക്കും ഒരു ദോഷവും ചെയ്തിട്ടില്ല. അനേകർക്കും നന്മയും ശാന്തിയും ഭയരാഹിത്യവും നൽകിയിട്ടുണ്ട്. യഥാർത്ഥ ദൈവവിശ്വാസിക്ക് മയക്കുമരുന്നോ മദ്യമോ മറ്റ് escape mechanism-ഒന്നുമോ വേണ്ടിവരികയില്ല. എല്ലാം പ്രതികൂലമായി കണ്ടാലും കൂരിരുട്ടിന്റെ മറുവശത്തെ ദൈവത്തെ കണ്ടുകൊണ്ട് അവർ പാട്ടുപാടും. അതിനാൽ ദൈവവിശ്വാസം മനുഷ്യന് അത്യന്താപേക്ഷിതമാണെന്ന് ചരിത്രവും സ്വാനുഭവം മൂലവും പഠിക്കുവാൻ ചെറുപ്പക്കാർക്ക് കഴിയും. സത്യമതം മയക്കുമരുന്നിൽനിന്ന് രക്ഷിക്കുന്നതാണ്, മയക്കുമരുന്നല്ല. ദൈവത്തിൽ സമ്പൂർണ്ണ ആശ്രയവും ദൈവഹിതത്തിനായി സമ്പൂർണ്ണ പ്രതിഷ്ഠയും ഇല്ലാത്തവർ മതത്തിനകത്തും പുറത്തുമുണ്ട്. ഇക്കൂട്ടരാണ് മയക്കുമരുന്നിനായി പരക്കംപായുന്നത്. ശരിയായി അവരെ നയിച്ചാൽ ഇന്ന് അനേക 'ഹിപ്പി'കൾ മയക്കുമരുന്ന് ഉപേക്ഷിച്ച് ദൈവത്തിലേക്ക് തിരിയുന്നതു പോലെ അവരും ദൈവം നൽകുന്ന അഭൗമിക ശാന്തി അനുഭവിക്കും.

സത്യവിശ്വാസം എന്നാലെന്ത്?

ദൈവമുണ്ട് എന്ന് പിശാചുക്കളും വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു എന്ന് വിശുദ്ധ ബൈബിൾ സാക്ഷിക്കുന്നു. എന്നാൽ, പിശാചുക്കൾ രക്ഷപ്രാപിക്കുമെന്ന് പഠിപ്പിക്കുന്നില്ല. ആകയാൽ, ദൈവത്തിന്റെ ആസ്തിക്യത്തിൽ ഉറപ്പുണ്ടായാൽ മാത്രം അത് വിശ്വാസമാകയില്ല. ഒരുവനെ ദൈവികനാക്കത്തക്കവണ്ണം പരിശുദ്ധാത്മ പ്രവർത്തനത്താൽ മനസ്സിന് ഒരു പുതുക്കമുണ്ടായിട്ട് യേശുക്രിസ്തുവിനായി ജീവിതത്തെ കലവറ കൂടാതെ സമർപ്പിക്കുകയും ആ ക്രിസ്തുവിന്റെ തിരുനാമ മഹത്വത്തിനും ഹിതത്തിനും വിധേയമായി ജീവിക്കുകയും ചെയ്യുന്ന അനുഭൂതിയാണ് വിശ്വാസം. ഒരു സത്യവിശ്വാസി മ്ലാനരഹിതനാണെന്നു മാത്രമല്ല ആനന്ദപൂർണ്ണനുമത്രേ. യേശുക്രിസ്തു മാത്രമാണ് ദൈവത്തിന്റെ സമ്പൂർണ്ണ വെളിപ്പാട് എന്ന് അവൻ ഉറച്ചിരിക്കുന്നത് ഈ വിശ്വാസകൃപയാലാകുന്നു.

'ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല, അവന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ അവനെ

വെളിപ്പെടുത്തി' എന്ന് വിശുദ്ധ യോഹന്നാൻ പറയുന്നത് ഈ വിശ്വാസത്താലാണ്. എന്റെ ആഗ്രഹങ്ങൾ സാധിച്ചു കിട്ടുമെന്ന നിശ്ചയം ചെറിയ വിശ്വാസവും എന്റെ ആഗ്രഹം സാധിച്ചാലും ഇല്ലെങ്കിലും ദൈവം എനിക്കായി കരുതുന്നുവെന്ന ഉറപ്പ് വലിയ വിശ്വാസവും ആകുന്നു. സ്വാർത്ഥതയ്ക്കായി ദൈവസേവ നടത്തുന്നത് ബലഹീനനും നിസ്വാർത്ഥമായി ദൈവഹിതം നിർവ്വഹിക്കുന്നവൻ ബലശാലിയുമത്രേ. ഇന്ന് നാം കാണുന്ന പല വിശ്വാസികളും അന്ധവിശ്വാസവും ദൈവവിശ്വാസവും കൂട്ടിക്കുഴയ്ക്കുകയാണ്. മറ്റുള്ളവരുടെ പട്ടിണി മാറ്റുവാൻ പ്രാർത്ഥിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യാതെ 'ഇംഫാല'കാറിനു വേണ്ടിയും വലിയ സൗകര്യങ്ങൾക്കു വേണ്ടിയും പ്രാർത്ഥിച്ചിട്ട് അത് ലഭിച്ചു കഴിയുമ്പോൾ ദൈവം പ്രാർത്ഥന കേട്ട് നൽകിയതാണ് എന്ന് വിശ്വസിക്കുന്നത് അന്ധവിശ്വാസമാണ്.

'നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം' എന്ന കല്പന പ്രാവർത്തികമാക്കുവാൻ ദൈവസഹായം യാചിച്ചിട്ട് അത് സാധിക്കുവാൻ ദൈവം സാഹചര്യങ്ങൾ അനുകൂലമാക്കിത്തരുന്നെങ്കിൽ അത് ദൈവത്തിൽ നിന്നാണ് എന്ന് വിശ്വസിക്കാം. പൊതുവിന്റെ പ്രയോജനത്തിനായി ഓരോ വിശ്വാസിയും പ്രവർത്തിക്കണം. ദൈവത്തോട് വാദിയും പ്രതിയും കേസ് ജയിക്കാൻ പ്രാർത്ഥിച്ചാലും അനീതിപരമായ ഒരു വിധിയാണുണ്ടായതെങ്കിൽ അതും സമചിത്തതയോടുകൂടി സ്വീകരിക്കുവാനുള്ള കഴിവാണ് വിശ്വാസം. പരീക്ഷയ്ക്ക് ജയിക്കത്തക്കവണ്ണം ഉത്സാഹിച്ചു പഠിച്ചു. തോറ്റു പോയാൽ അവിടെ ദൈവകരം കൈവിടുന്നില്ല എന്ന ധൈര്യമാണ് വിശ്വാസം.

'ദൈവം സകലവും നന്മയ്ക്കായി തന്റെ മക്കൾക്ക് തീർത്തു തരും' എന്ന് ഒരു സത്യഭക്തൻ എപ്പോഴും വിശ്വസിക്കണം. നിരാശ നിരീശ്വരത്വമാണ്. യാതൊരു സത്യവിശ്വാസിയും ഒരിക്കലും ആത്മഹത്യ ചെയ്യുകയില്ല. അതുകൊണ്ടാണ് യൂദാസ്കറിയോത്ത 'നാശയോഗ്യൻ' എന്ന പേരിനു യോഗ്യനായത്. യൂദയെക്കാൾ വലിയ തെറ്റുചെയ്ത പത്രോസ് ശ്ലീഹ 'പുറത്തുപോയി അതിദുഃഖത്തോടു കരഞ്ഞു.' ദൈവം ക്ഷമിക്കുന്നവനാണ് എന്ന വിശ്വാസം പത്രോസിനെ അനുതാപത്തിലേക്കും രക്ഷയിലേക്കും നയിച്ചു.

'വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളെക്കുറിച്ചുള്ള മനോനിശ്ചയവുമാകുന്നു.'

യുവലോകത്തിന്റെ ഭാവി എന്ത്?

ഇന്ന് യുവലോകം അസ്വസ്ഥമാണ്. എന്നാൽ, യുവാക്കന്മാരെ ദൈവം ഉപേക്ഷിച്ചിട്ടില്ല. അവരുടെ ആധുനിക നീക്കങ്ങളുടെ പിറകിൽ ദൈവകരം പ്രവർത്തിക്കുന്നുണ്ട്. ഒരു ആഗോള സാഹോദര്യം കെട്ടിപ്പടുക്കുവാനുള്ള അവരുടെ ആഗ്രഹവും സാമൂഹികനീതിക്കായുള്ള താത്പര്യവും മതത്തിന്റെ തെറ്റായ പ്രവണതകളോടുള്ള അവരുടെ എതിർപ്പും ദൈവത്തിനെതിരായുള്ളതല്ല ദൈവ പ്രേരിതം തന്നെയാണ്. ജനപ്പെരുപ്പത്തിന്റെ നൂതന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കുടുംബസംവിധാനം മാത്രമല്ല, സാമ്പത്തിക സാമൂഹിക അവസര സമത്വവും അവശ്യമാവശ്യമാകയാൽ ഒരു നല്ല നാളേക്കുവേണ്ടി യുവലോകത്തെക്കൊണ്ട് ദൈവംതന്നെ ഒരു സമരം നടത്തുകയാണ് എന്നു തോന്നിപ്പോകുന്നു. മതം എക്കാലവും പുരോഗതിക്കു വിലങ്ങുതടിയായിരുന്നു എന്ന് ചിന്തിക്കുന്നവർ അവരവരുടെ നൂതന വിപ്ലവ താത്പര്യവും മതസന്താനങ്ങളെന്ന നിലയിൽ അവർക്ക് ലഭിച്ചതാണ് എന്ന് മറന്നു പോകുന്നു. കാറൽ മാർക്സ് മുതൽ ഇഎംഎസ് വരെ മതപശ്ചാത്തലത്തിൽ നിന്നും വന്നവരാണ്. അവരെല്ലാം മതത്തിന്റെ ചെറിയ ചക്രവലയത്തിനു പുറത്തെങ്കിലും വലിയ ചക്രവലയത്തിനകത്തായിരിക്കാം. എല്ലാ നന്മയും ദൈവത്തിൽ നിന്നാണെങ്കിൽ മതത്തിന്റെ ചട്ടക്കൂട്ടിന് പുറത്തുള്ള നന്മയും ദൈവത്തിൽ നിന്നാണ്. 'ദൈവം വെളിച്ചമാകുന്നു, അവനിൽ ഇരുട്ട് ഒട്ടുമില്ല.' മതത്തിനകത്തും പുറത്തുമുള്ള ഇരുട്ട് പിശാചിൽ നിന്നും വെളിച്ചം ദൈവത്തിൽ നിന്നും ആകയാൽ യുവാക്കന്മാർ വെളിച്ചത്തിന്റെ മക്കളായിരിക്കുമെങ്കിൽ ദൈവമവരിൽക്കൂടി കൂടുതൽ വെളിച്ചം കൈവരുത്തിക്കൊള്ളും.



In Loving Memory of

K.P. GEORGE (83)

(Died on 14.09.2017)

MELEPARAMBIL

ULLANNOOR

Inserted by

BINU GEORGE & FAMILY

പാവന സ്മരണയിൽ

വി.എം. മത്തായി

&

മേരി മത്തായി

വിളയിൽ സിയോൻ വില്ല

കൈപ്പുഴ, കുളനട

സ്നേഹസ്മരണകളോടെ

കുടുംബാംഗങ്ങൾ

സഭയും സ്ലീബായാഘോഷവും വന്ദനവും

ഭാഗ്യസ്മരണാർഹനായ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി അരനൂറ്റാണ്ടിനു മുമ്പ് എഴുതിയ ലേഖനം

നമ്മുടെ കർത്താവ് ലോകരക്ഷയ്ക്ക് ക്രൂശിൽ വരിച്ച് തന്നെത്തന്നെ പാപപരിഹാര ബലിയായി അർപ്പിച്ചു. ആ ക്രൂശിനോട് നാം ബഹുമാനം കാണിക്കുന്നത് വിഗ്രഹാരാധനയാണെന്ന് ഒരു മിഥ്യാവാദം ചില അമേരിക്കൻ മതാനുയായികൾ നമ്മുടെ സഭയിലും പ്രചരിപ്പിച്ചു വരുന്നതായി കാണുന്നു.

ക്രൂശിന്റെ പശ്ചാത്തലത്തേയും സ്ലീബാവന്ദന ശുശ്രൂഷയുടെ ആരംഭത്തേയും മഹത്വത്തേയും കുറിച്ച് ഏതാനും വാക്കുകൾ വിശ്വാസികളുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

ക്രൂശ് ക്രിസ്ത്യാനികളുടെ ഒരു പൊതു സംജ്ഞയായിത്തീരുന്നത് കോൺസ്റ്റന്റീൻ ചക്രവർത്തിയുടെ മാതാവായ ഹെലേനി രാജ്ഞി എഡി 330-ാമാണ്ടോടടുത്ത് കാൽവറിയിലെ യഥാർത്ഥ ക്രൂശ് കണ്ടു പിടിച്ചതിനെ തുടർന്നാണെന്നുള്ളതിന് സംശയമില്ല. എഡി 350-ാമാണ്ടിൽ ഊർശ്ലേമിലെ മെത്രാപ്പൊലീത്തയായിരുന്ന കൂറിലോസ് നമ്മുടെ കർത്താവിനെ ക്രൂശിച്ച യഥാർത്ഥ സ്ലീബ ഊർശ്ലേമിൽ ഉള്ളതായും അതിന്റെ ശകലങ്ങൾ പലരും പല സ്ഥലങ്ങളിലും കൊണ്ടുപോയിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ദിവ്യസ്ലീബായുടെ ശകലങ്ങൾ 359-ാമാണ്ടിൽ ഉത്തരാഫ്രിക്കയിലും (അൾജീറിയായിൽ), 370-ാമാണ്ടിൽ കപ്പദോക്യയിലും വന്ദിക്കപ്പെട്ടു പോന്നിരുന്നതായി രേഖകളുണ്ട്. സ്വർണ്ണനാവുകാരൻ ഈവാനിയോസ്, സ്ലീബായുടെ ശകലങ്ങൾ അന്ത്യോക്യയിൽ വന്ദിക്കപ്പെട്ടു വരുന്നതായി 387ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നാലാം ശതാബ്ദത്തിൽ ഊർശ്ലേം സന്ദർശിച്ച സ്പാനിഷ് തീർത്ഥാടകയായ എഗേറിയ ഊർശ്ലേം ദേവാലയത്തിലെ ദുഃഖവെള്ളിയാഴ്ച ആരാധനയിൽ സ്ലീബാവന്ദനവിന്റെ ക്രമമുള്ളതായും ആ സമയത്ത് കർത്താവിന്റെ യഥാർത്ഥ സ്ലീബായെ മുട്ടുകുത്തി വന്ദിക്കുന്നവർ അതിന്റെ ശകലങ്ങൾ കടിച്ചു വേർപെടുത്തിക്കൊണ്ട് പോകാതിരിപ്പാൻ വേണ്ടി ശെമ്മാശന്മാർ അവിടെ കാവൽ നിൽക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. നാലാം ശതാബ്ദത്തിൽ കുസ്തന്തീനോസ് രാജാവ് ആകാശത്തിൽ സ്ലീബായുടെ അടയാളം കണ്ടതായും അതുമൂലം യുദ്ധത്തിൽ ജയംപ്രാപിച്ചതായും പാരമ്പര്യം പറയുന്നു.

അഞ്ചാം ശതാബ്ദത്തിൽ സിറിയയിൽ കുർബ്ബാന സമയത്ത് ഒരു സ്ലീബാ ത്രോണോസിന്മേൽ വയ്ക്കുന്നതായി രേഖയുണ്ട്. പാശ്ചാത്യ സഭയിൽ ഈ പതിവ് സിറിയയിൽ നിന്ന് പകർത്തിയതാണെന്ന് തോന്നുന്നു.

ആറാം ശതാബ്ദത്തിൽ പാശ്ചാത്യ സഭയുടെ പല ഭാഗങ്ങളിലും സ്ലീബാഘോഷയാത്രയിൽ വഹിച്ചിരുന്നതായി തെളിവുണ്ട്.

എന്നാൽ കുരിശു വരയ്ക്കുന്ന പതിവ് ഇതിനൊക്കെ വളരെ മുൻപേയുള്ളതാണ്. രണ്ടാം ശതാബ്ദത്തിൽ ക്രിസ്ത്യാനികൾ കുരിശു വരയ്ക്കുകയെന്നത് സാധാരണയായിത്തീർന്നു. കുരിശിനെ ധരിക്കുകയും ചെയ്തുപോന്നു.



ഫാ. പോൾ വർഗീസ്

പ്രിൻസിപ്പൽ,
ഓർത്തഡോക്സ്
തിയളോജിക്കൽ കോളജ്,
കോട്ടയം

കോപ്റ്റിക് ഓർത്തഡോക്സ് സഭ പോപ്പ് പരിശുദ്ധ കിറില്ലോസ് ആറാമനൊപ്പം ലേഖകൻ

'തൂങ്ങപ്പെട്ട രൂപം' ഇല്ലാത്ത കുരിശാണ് പൊതുവേ എല്ലാവരും ഉപയോഗിച്ചിരുന്നത്. കർത്താവിന്റെ ക്രൂശിതശരീരത്തെ ക്രൂശിൽ കാണിക്കുന്ന പതിവ് എട്ടാം ശതാബ്ദത്തിനു ശേഷമാണെന്ന് തോന്നുന്നു പാശ്ചാത്യ സഭയിൽ പോലും ആരംഭിച്ചത്. ക്രിസ്തു ക്രൂശിതനായി കിടക്കുകയല്ല; ഉയിർത്തെഴുന്നേറ്റു കഴിഞ്ഞു എന്നുള്ളതിന്റെ പ്രതീകമായിട്ടാണ് പൗരസ്ത്യസഭകൾ ഇപ്പോഴും 'ഒഴിഞ്ഞ കുരിശ്' (Empty Cross) പള്ളിയിൽ സ്ഥാപിക്കുന്നത്. സ്ലീബാ ജയത്തിന്റെ അടയാളമാകുന്നു. ക്രിസ്തു മരണത്തെ ചവിട്ടിത്തകർത്തു. പാതാളത്തെ വെന്ന് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്ത് പിതൃസവിധത്തിൽ സർവ്വാധിപതിയായി ആരൂഢനായിരിക്കുന്നു എന്നുള്ള യാഥാർത്ഥ്യത്തെയാണ് നാം സ്ലീബാപ്രതീകം കൊണ്ട് അനുസ്മരിക്കുന്നത്.

സ്പാനിഷ് തീർത്ഥാടകയായ എഗേറിയായുടെ കാര്യം മുൻപു പറഞ്ഞല്ലോ. നാലാം ശതകത്തിൽ ഊർശ്ലേം ദേവാലയത്തിലെ ദുഃഖവെള്ളിയാഴ്ച ശുശ്രൂഷയുടെ ഒരു പൂർണ്ണ വിവരമാണ് ഈ ഭക്തനമുക്ക് നൽകിയിട്ടുള്ളത്. ദുഃഖവെള്ളിയാഴ്ച രാവിലെ അടുത്തുള്ള എല്ലാ ക്രിസ്ത്യാനികളും ഗോൽഗോഥായിലെ ദേവാലയത്തിൽ വന്നു ചേരുന്നു. മെത്രാപ്പൊലീത്ത സഭാമദ്ധ്യത്തിൽ ഗുരുപീഠത്തിൽ ആരൂഢനായിരിക്കുന്നു. ശെമ്മാശ്ശന്മാർ ചുറ്റും നിൽക്കുന്നു. ബിഷപ്പിന്റെ മുമ്പിൽ വെള്ളവിരിച്ച ഒരു മേശയിന്മേൽ യഥാർത്ഥ സ്ലീബാ വച്ചിരിക്കുന്നു. (അതിന്റെ ഒരു ഭാഗം മാത്രമേ അവശേഷിച്ചിട്ടുള്ളൂ. ബാക്കിയൊക്കെ പടിഞ്ഞാറൻ രാജ്യങ്ങളിലോട്ടു പോയിക്കഴിഞ്ഞെന്നു തോന്നുന്നു) മെത്രാപ്പൊലീത്ത സ്ലീബായുടെ ഒരറ്റത്ത് ഉറപ്പിച്ചു പിടിച്ചിരിക്കുന്നു. പള്ളിയിലുള്ള ഓരോരുത്തരും വന്ന് സ്ലീബായെ വന്ദിച്ചിട്ടു പോകുന്നു.

ഏതാനും വർഷങ്ങൾക്കുള്ളിൽ ഈ പതിവ് എല്ലാ പള്ളികളിലും പരന്നു. ഇതു വിഗ്രഹാരാധനയായിരിക്കാമെന്ന ഒരു സംശയമേ അന്നവർക്കാർക്കും തോന്നിയില്ല. ദൈവത്തിന്റെ സ്ഥാനത്തല്ല അവർ സ്ലീബായെ വന്ദിച്ചിരുന്നത്. എന്നാൽ, സ്ലീബായാൽ മനുഷ്യവർഗ്ഗത്തിനു രക്ഷയുണ്ടായിയെന്നതു കൊണ്ട് ആ സ്ലീബായിൽ ക്രൂശിതനായി നമ്മെ രക്ഷിച്ച കർത്താവിന്റെ രക്ഷാപ്രവൃത്തിയാണു നാം വന്ദിക്കുന്നത്.

ഏഴാം ശതാബ്ദത്തിന്റെ അവസാനത്തിലാണ് രണ്ടാംകല്പനയുടെ ഭഞ്ജനമായി സ്ലീബാവന്ദനവിനെ കരുതുവാനുള്ള ശ്രമം ഗ്രീക്കുസഭയിലും കത്തോലിക്ക സഭയിലും ഉണ്ടായത്. എന്നാൽ, അവർ നിഖ്യായിൽ കൂടിയ രണ്ടാം സുന്നഹദോസിൽ (അവരുടെ കണക്കനുസരിച്ച് ഏഴാമത്തെ സാർവ്വത്രിക സുന്നഹദോസ് നിഖ്യാ 747 എഡി) സ്ലീബായുടേയും ഐക്കോണുകളുടേയും ആരാധന, ദൈവത്തിനു നൽകുന്ന ആരാധനയാണെന്നും അതിൽ തെറ്റൊന്നുമില്ലെന്നും തീരുമാനിച്ചു.

വിഗ്രഹാരാധനയെന്നു പറയുന്നത് സൃഷ്ടിയിലുള്ള എന്തിനെയെങ്കിലും സ്രഷ്ടാവായി കരുതി ആരാധിക്കുന്നതിനെയാണ്. മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനെയല്ലാതെ സൃഷ്ടിയിലുള്ള മറ്റ് യാതൊന്നിനേയും നമുക്ക് ദൈവമായി ആരാധിപ്പാൻ സാധ്യമല്ല. എന്നാൽ, കർത്താവിന്റെ ക്രൂശും കബറിടവുമൊക്കെ നമ്മുടെ രക്ഷയ്ക്കായി കർത്താവ് നിർവ്വഹിച്ച പ്രവൃത്തിയുടെ അവിഭാജ്യഘടകങ്ങളായതു കൊണ്ട് അവയ്ക്ക് നാം നൽകുന്ന വന്ദനവ് ക്രിസ്തുവിന്റെ രക്ഷാപ്രവർത്തനത്തിന് നൽകുന്ന വന്ദനവാണ്. ക്രൂശിനെ മുത്തുന്നതിൽ ആരാധനയുണ്ടെങ്കിൽ ആ ആരാധന ക്രൂശിനല്ല ക്രൂശിതനായ ക്രിസ്തുവിനാണ് നൽകപ്പെടുന്നത്. പരിശുദ്ധന്മാരെ ബഹുമാനിക്കുന്നതിലും അടങ്ങിയിട്ടുള്ളത് അവരിൽക്കൂടെ കാണപ്പെടുന്ന ദൈവത്വത്തെയുള്ള വന്ദനയാണ്. പരിശുദ്ധ പിതാക്കന്മാർ ദൈവവാഹികളായിരുന്നതു കൊണ്ടാണ് അവരേയും അവരുടെ ചിത്രങ്ങളേയും നാം ബഹുമാനിക്കുന്നത്. പാശ്ചാത്യർ മറ്റൊരാളെ ബഹുമാനിക്കുന്നത് തല വണക്കി വലതുകൈ കൊണ്ട് സല്യൂട്ട് ചെയ്താണ്. ഭാരതീയർ ബഹുമാനിക്കുന്നത് രണ്ട് കൈയും കൂപ്പി തൊഴുതാണ്. എന്നാൽ, സുറിയാനിക്കാർ ബഹുമാനിക്കുന്നത് കൈ കൊണ്ടു സ്വീകരിച്ച് തല വണങ്ങി മുത്തുകയാണ്. അങ്ങനെയാണ് വന്ദനവിന്റെ ലക്ഷണമായ 'മുത്തൽ' ആചാരമായത്. കുരിശു മുത്തുകയും കൈ മുത്തുകയും മറ്റും ചെയ്യുന്നതങ്ങനെയാണ്.

ആരാധന എപ്പോഴും പിതാവും പുത്രനും പരിശുദ്ധ റൂഹായുമാകുന്ന ഏക ദൈവത്തിനാണ് സമർപ്പിക്കപ്പെടുന്നത്. വന്ദനവ് ദൈവസിംഹാസനമാകുന്ന ത്രോണോസിനും രക്ഷയുടെ ആയുധമായ സ്ലീബായ്ക്കും ദൈവബന്ധമുള്ള മറ്റ് പലതിനുമാകാം.

സഭകൾ തമ്മിലുണ്ടാകാവുന്ന മാതൃകാപരമായ സുഹൃദ്ബന്ധം



ഫാ. ഡോ. വി.സി. സാമുവേൽ,
എം.എ., ബി.ഡി., എസ്.ടി.എം.,
പി.എച്.ഡി.

പ്രിൻസിപ്പൽ
തിയളോജിക്കൽ
കോളജ്, ഇത്യോപ്യ

ബാഹ്യമായി നോക്കിയാൽ നമ്മുടെ സഭയും അന്ത്യോക്യാ പാത്രിയർക്കീസും തമ്മിൽ സ്ഥിതിചെയ്യുന്ന ബന്ധം പോലെ ഒന്ന് ഇത്യോപ്യൻ സഭയും ഈജിപ്തിലെ കോപ്റ്റിക് സഭയുടെ വൈദിക മേലദ്ധ്യക്ഷനായ അലക്സന്ത്ര്യാ പാത്രിയർക്കീസും തമ്മിൽ നിലനിൽക്കുന്നതായി തോന്നാവുന്നതാണ്. എന്നാൽ, ഇത്യോപ്യൻ സഭയും നമ്മുടെ സഭയും തമ്മിൽ സാരമായ ചില വ്യത്യാസങ്ങൾ ഉള്ളതായി താഴെ ചൂണ്ടിക്കാണിച്ചുകൊള്ളാം. കോപ്റ്റിക് സഭയുടെ ഒരു പുത്രീസഭയായി മാത്രമാണ് ഇത്യോപ്യൻ സഭയെ പുറത്തുള്ളവർ അറിഞ്ഞിരുന്നത്. അങ്ങനെയുള്ള ഒരു നിലപാട് കോപ്റ്റിക് സഭയുമായി തങ്ങൾക്കുണ്ടെന്ന് ഇത്യോപ്യക്കാർ ഒരിക്കലും സമ്മതിച്ചിരുന്നില്ലെന്ന് ഇവിടെ ഓർത്തിരിക്കണം. ഇത്യോപ്യൻ സഭയെപ്പറ്റി പറഞ്ഞാൽ 1928 വരെയും അതിന്റേതായ മേൽപ്പട്ടക്കാർ ആ സഭയ്ക്കുണ്ടായിരുന്നില്ല. കാലാകാലങ്ങളിൽ ഈജിപ്തിലെ സഭാദ്ധ്യക്ഷൻ നിയോഗിച്ചു വന്ന ഒരു മേൽപ്പട്ടക്കാരൻ ഇത്യോപ്യൻ സഭയുടെ എപ്പിസ്കോപ്പൽ സേവനം നിർവ്വഹിച്ചു വന്നിരുന്നു. ഇക്കാരണത്താലാണ് ഇത്യോപ്യൻ സഭയെ കോപ്റ്റിക് സഭയുടെ പുത്രീസഭയായി ഈജിപ്തുകാരും പുറത്തുള്ളവരും പരിഗണിക്കുവാനിടയായത്. ഇന്നാകട്ടെ ഇത്യോപ്യൻ സഭ സമ്പൂർണ്ണ ദേശീയ സ്വാതന്ത്ര്യം അനുഭവിക്കുന്ന ഒരു പൗരസ്ത്യ സഭയാണ്. ഇത്യോപ്യൻ സഭയുടെ ഈ സ്ഥിതി കോപ്റ്റിക് സഭ സന്തോഷമായി സമ്മതിക്കുകയും ചെയ്യുന്നു. ഇതെങ്ങനെ സംഭവിച്ചു എന്നുള്ള വിവരം ഇവിടെ ചുരുക്കമായി പ്രതിപാദിക്കുന്നതു വായനക്കാർക്കു പ്രയോജനകരമായിരിക്കുമല്ലോ.

അപ്പൊസ്തലപ്രവൃത്തികൾ 8-ാം അദ്ധ്യായത്തിൽ എടുത്തുപറയുന്ന ഇത്യോപ്യൻ ഷണ്ഡൻ ഇന്ന് ഇത്യോപ്യ എന്നറിയപ്പെടുന്ന നാട്ടുകാരനായിരുന്നു എങ്കിൽ, ഒന്നാം നൂറ്റാണ്ടുമുതൽ തന്നെ അവിടെ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നിരിക്കാം. മാത്രവുമല്ല, വിശുദ്ധ മത്തായി അപ്പൊസ്തലൻ ഇത്യോപ്യൻ ദേശങ്ങളിൽ സുവിശേഷം ഉദ്ഘോഷിച്ചിരുന്നതായി ഒരു പാരമ്പര്യവുമുണ്ട്. ഏതായാലും ഇത്യോപ്യൻസഭ ഔദ്യോഗികമായി സംസ്ഥാപിതമായത് നാലാം നൂറ്റാണ്ടിലാണ് എന്നു പൊതുവേ സമ്മതിച്ചുവരുന്നു. അന്നുമുതൽ 1928 വരെയും ഇത്യോപ്യയിൽ ഇത്യോപ്യരായ മേല്പട്ടക്കാരുണ്ടായിരുന്നില്ല. ഈജിപ്തിൽ നിന്നും വന്ന ആബൂന്മാരായിരുന്നു മേൽപ്പട്ടസ്ഥാനപരമായ ശുശ്രൂഷകൾ അവിടെ നിർവ്വഹിച്ചുവന്നത്. ഇതിനു തുല്യമായ ഒരു സ്ഥിതിയായിരുന്നു 1665 വരെയും കേരളത്തിലുണ്ടായിരുന്ന നമ്മുടെ സഭയിലും നില

വിലിരുന്നത്. മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമെന്നു നാം വിശ്വസിച്ചു വരുന്ന നമ്മുടെ പുരാതന സഭ ചുരുങ്ങിയ നൂറ്റാണ്ടുകൾക്കുള്ളിൽ പേർഷ്യൻ സഭാദ്ധ്യക്ഷനായ സെലൂഷ്യായിലെ കാതോലിക്കോസിന്റെ ആദ്ധ്യാത്മിക മേൽക്കോയ്മ സ്വീകരിച്ചു. അതിനു മുമ്പു കേരളത്തിൽ മേല്പട്ടക്കാരുണ്ടായിരുന്നാലും ഇല്ലെങ്കിലും അതിനു ശേഷം 1665 വരെയും നമ്മുടെ സഭയിൽ ഇന്ത്യാക്കാരായ മെത്രാന്മാർ ഉണ്ടായിരുന്നില്ല. പേർഷ്യായിൽ നിന്നും മേല്പട്ടക്കാർ കാലാകാലങ്ങളിൽ കേരളത്തിൽ വന്നു സഭയ്ക്ക് ആത്മീയനേതൃത്വം നൽകുകയായിരുന്നു പതിവ്. എന്നാൽ, യെറുശലേമിലെ മാർ ഗ്രിഗോറിയോസ് ഒന്നാം മാർത്തോമ്മായെ വാഴിച്ചതിനു ശേഷം നമുക്കു മേല്പട്ടക്കാരുടെ മുടങ്ങാതെയുള്ള പിൻതുടർച്ച ഉണ്ടായിരുന്നു. ഇത്യോപ്യൻ സഭയെക്കാൾ ഇരുന്നൂറ്റിയറുപതിൽപ്പരം കൊല്ലങ്ങൾക്കു മുമ്പു നമുക്ക് ഇന്ത്യാക്കാരായ മേല്പട്ടക്കാരുണ്ടായിയെന്നുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കുവാൻ കഴിയും.

എന്നാൽ, ഈ അന്തരംകൊണ്ടു നമുക്കു കാര്യമായ പ്രയോജനം ഉണ്ടായില്ല. ഇത്യോപ്യൻ സഭ തികച്ചും ദേശീയ സ്വാതന്ത്ര്യം പ്രാവർത്തികമാക്കിക്കഴിയുമ്പോൾ, നമ്മുടെ സഭ സാർവ്വലൗകിക സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ അന്ത്യോക്യ പാത്രിയർക്കീസിന്റെ ആകമാന മേൽക്കോയ്മ സമ്മതിക്കുന്ന ഇന്ത്യയിലെ പൗരസ്ത്യ കാതോലിക്കോസിന്റെ മേൽനോട്ടത്തിൻ കീഴിലുള്ള ഒരു സുറിയാനി സഭാശാഖയാണ്. അഥവാ ഒരു വശത്തു ദേശീയ സ്വാതന്ത്ര്യം വീറോടെ അവകാശപ്പെടുന്ന നാം മറുവശത്ത് ഒരു സ്വാതന്ത്ര്യവുമില്ലാതെയത്രേ കഴിയുന്നത്. ഇതിനു നിദാനമായി രണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കാം. ഒന്നാമത് നാലാം നൂറ്റാണ്ടു മുതൽ കോപ്റ്റിക് സഭയുമായുള്ള ബന്ധം ഇത്യോപ്യൻസഭ അനുസ്യൂതം പാലിച്ചുവന്നു. പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ റോമൻ കത്തോലിക്കാ മിഷനറിമാർ ഇത്യോപ്യയിലെ ഒരു രാജാവിനെതന്നെ മതപരിവർത്തനം ചെയ്യിച്ചു സഭയെ മാർപാപ്പയുടെ അധികാരത്തിൻ കീഴാക്കുവാൻ ചെയ്ത യത്നംപോലും പരാജയപ്പെടുകയാണ് ചെയ്തത്. നമ്മുടെ സഭയാകട്ടെ, പതിനാറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ വന്ന പോർട്ടുഗീസുകാരുടെ പ്രേരണയ്ക്കു വശംവദരായി 1599ൽ നടന്ന ഉദയംപേരൂർ സുന്നഹദോസു വഴി മിക്കവാറും ആകമാനം റോമൻ കത്തോലിക്കാസഭയിൽ ലയിച്ചു. അതുവരെയുണ്ടായിരുന്ന പേർഷ്യൻ ബന്ധം പരിത്യജിക്കുവാൻ വലിയ പ്രയാസമുണ്ടായിരുന്നില്ല. 1653ൽ നടന്ന കൂനൻകുരിശു സത്യം അതിന് ഒരു തിരിച്ചടിയുണ്ടാക്കിയെങ്കിലും സഭയിൽ മൂന്നിൽ രണ്ടു ഭാഗവും റോമൻ കത്തോലിക്ക ബന്ധത്തിൽത്തന്നെ ഉറയ്ക്കുകയാണുണ്ടായത്. ബാക്കിയുള്ള മൂന്നിലൊരു ഭാഗം പേർഷ്യൻ സഭാബന്ധത്തെ നിരാകരിച്ച് അന്ത്യോക്യൻ സിറിയൻ സഭയുമായി വേഴ്ചപുലർത്തുവാൻ ഉദ്യമിച്ചു. ഈ ദൃശമായ ഒരു തകിടംമറിച്ചിലും ഇത്യോപ്യൻ സഭ സ്വീകരിച്ചില്ല.

മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമെന്നു നാം വിശ്വസിച്ചു വരുന്ന നമ്മുടെ പുരാതന സഭ ചുരുങ്ങിയ നൂറ്റാണ്ടുകൾക്കുള്ളിൽ പേർഷ്യൻ സഭാദ്ധ്യക്ഷനായ സെലൂഷ്യായിലെ കാതോലിക്കോസിന്റെ ആദ്ധ്യാത്മിക മേൽക്കോയ്മ സ്വീകരിച്ചു. അതിനു മുമ്പു കേരളത്തിൽ മേല്പട്ടക്കാരുണ്ടായിരുന്നാലും ഇല്ലെങ്കിലും അതിനു ശേഷം 1665 വരെയും നമ്മുടെ സഭയിൽ ഇന്ത്യാക്കാരായ മെത്രാന്മാർ ഉണ്ടായിരുന്നില്ല.

രണ്ടാമത്, എപ്പിസ്കോപ്പൽ സേവനത്തെ ഉദ്ദേശിച്ചുമാത്രമേ ഇത്യോപ്യൻസഭ കോപ്റ്റിക് സഭയെ ആശ്രയിച്ചുള്ളൂ. ആരാധനക്രമങ്ങൾ, രീതികൾ, സഭാസംഗീതം, മറ്റു പാരമ്പര്യങ്ങൾ ഇവ സംബന്ധിച്ച് ഇത്യോപ്യൻസഭ വളരെ സ്വതന്ത്രമായി തന്നെയാണ് വികസിച്ചത്. അതുകൊണ്ട് എപ്പിസ്കോപ്പൽ സ്ഥാനവും അതു നിലനിർത്തുവാനുള്ള സൗകര്യവും ലഭിച്ചപ്പോൾ ഇത്യോപ്യൻ സഭയ്ക്കു സ്വന്തം കാലിൽ നിന്നുകൊണ്ട് ആത്മാഭിമാനത്തോടെ വ്യാപരിക്കുവാൻ സാധിച്ചു. നമ്മുടെ സഭയോ 1599 വരെ പേർഷ്യൻ സഭയുടെ ആരാധനയും മറ്റു പാരമ്പര്യങ്ങളും അതേപടി നിലനിർത്തി വന്നു. അതിനു ശേഷം ഉദയംപേരൂർ സുന്നഹദോസു നിർദ്ദേശിച്ച വിധത്തിൽ 1665 വരെയും കഴിഞ്ഞുകൂടി. പിന്നീട് അന്ത്യോക്യൻ സിറിയൻസഭയുടെ ആരാധനയും മറ്റു രീതികളും ക്രമേണയായി പകർത്തുകയും ചെയ്തു. ഈ വസ്തുതകളിൽ നിന്നും മനസ്സിലാക്കാവുന്നത് ഇത്യോപ്യൻ സഭ ആദിമുതൽ തന്നെ അതിന്റെ ക്രിസ്തീയമായ ചുമതലകൾ ഉത്തരവാദിത്തപൂർവ്വം സ്വതന്ത്രബുദ്ധിയോടുകൂടെ നിർവ്വഹിച്ചു എന്നാണ്. എന്നാൽ, നാം ഏതെങ്കിലും ഒരു വിദേശസഭയുടെ പാരതന്ത്ര്യത്തിൽ സ്ഥിതിചെയ്യുന്ന അവസ്ഥ മാത്രമേ അറിഞ്ഞിരുന്നുള്ളൂ.

ഈ വ്യത്യാസങ്ങളുടെ പരിണിതഫലം ഇന്നു വ്യക്തമായിക്കാണാവുന്നതാണ്. 1928ൽ ഇത്യോപ്യയിൽ ആ നാട്ടുകാരായ മേൽപ്പട്ടക്കാരും 1958ൽ ഒരു പാത്രിയർക്കീസും ഉണ്ടായി. ആദ്യമായി സ്ഥാനം പ്രാപിച്ച പാത്രിയർക്കീസ്, പരിശുദ്ധ ആബൂനാ ബസേലിയോസ് 1970ൽ നിര്യാതനാവുകയും 1971 മേയ് മാസം 9-ാം തീയതി പരിശുദ്ധ പാത്രിയർക്കീസ് ആബൂനാ

തീയോഫിലോസ് സിംഹാസനാരൂഢനാകുകയും ഉണ്ടായി. മിക്കവാറും എല്ലാ പൗരസ്ത്യ സഭാപ്രതിനിധികൾ സംബന്ധിച്ച ആ സ്ഥാനാരോഹണ ശുശ്രൂഷയിൽ നമ്മുടെ സഭയെ പ്രതിനിധീകരിക്കുവാനുള്ള ഭാഗ്യം ഈ എഴുത്തുകാരനാണ് ലഭിച്ചത്. പുതിയ പാത്രിയർക്കീസ് സ്ഥാനം പ്രാപിച്ച ശുശ്രൂഷയിലും ഇത്യോപ്യൻ സുന്നഹദോസംഗങ്ങളായ മേല്പട്ടക്കാർ മാത്രമേ സ്ഥാനാരോഹണസംബന്ധമായ കർമ്മങ്ങൾ നിർവ്വഹിച്ചുള്ളൂ. കോപ്റ്റിക് സഭാദ്ധ്യക്ഷനായ അലക്സന്ത്ര്യാ പത്രിയർക്കീസോ അദ്ദേഹത്തിന്റെ സ്ഥാനപതിയോ ആ ശുശ്രൂഷയിൽ നേതൃത്വം വഹിച്ചില്ല. ആ സഭയുടെ ഒരു എപ്പിസ്കോപ്പൽ ഡെലിഗേഷൻ, മറ്റു പൗരസ്ത്യസഭകളിലെ പ്രതിനിധിസംഘം ചെയ്തതുപോലെ മാത്രം ശുശ്രൂഷയിൽ പങ്കുകൊണ്ടു. അതു മാത്രമാണ് ഉണ്ടായത്.

ഇങ്ങനെ കാര്യങ്ങൾ നടന്നതിനെപ്പറ്റി ഇത്യോപ്യയിലോ ഈജിപ്തിലോ യാതൊരു വിമർശനവും ഉണ്ടായില്ല. മാത്രവുമല്ല, ഇപ്പോഴത്തെ കോപ്റ്റിക് സഭാദ്ധ്യക്ഷനായ പരിശുദ്ധ പാത്രിയർക്കീസ് ഷെനൂഡാ ഈ കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ ബിഷപ്പന്മാരുൾപ്പെടെ പത്തുപേരടങ്ങിയ ഒരു അകമ്പടിയോടുകൂടെ ഇത്യോപ്യ സന്ദർശിക്കുകയുണ്ടായി. ആ അവസരത്തിൽ ഇത്യോപ്യൻ പാത്രിയർക്കീസിനെ പരിപൂർണ്ണമായ തുല്യനിലയിൽ താൻ പരിഗണിക്കുന്നതായും ഇത്യോപ്യൻ സഭയുടെ ദേശീയസ്വാതന്ത്ര്യത്തെ മാനിക്കുന്നതായും അദ്ദേഹം ഉറപ്പിച്ചു പറയുകയുമുണ്ടായി. കോപ്റ്റിക് സഭയുടെ പരമാദ്ധ്യക്ഷൻ ഇത്യോപ്യൻ സഭാദ്ധ്യക്ഷനെ "Your Holines" അങ്ങയുടെ പരിശുദ്ധത– എന്നു പലവുരു സംബോധന ചെയ്തു കൊണ്ടായിരുന്നു ഈ രണ്ടു സഭകളുടെ സുഹൃദ് ബന്ധത്തെ ഊന്നിപ്പറഞ്ഞത്. ചുരുക്കിപ്പറഞ്ഞാൽ, കോപ്റ്റിക് സഭയും ഇത്യോപ്യൻ സഭയും പരസ്പരം ബന്ധമുള്ള രണ്ടു സഹോദരീസഭകളായി വർത്തിക്കുവാൻ ആവശ്യമായ അടിസ്ഥാനം ദീർഘദൃഷ്ടിയോടു കൂടെ ഇട്ടു കഴിഞ്ഞു.

ഈ സംഭവവുമായി നമ്മുടെ സഭാകാര്യങ്ങൾ താരതമ്യം ചെയ്യേണ്ടതാണ്. 1665ൽ നമ്മുടെ സഭയ്ക്ക് ആദ്യമായി മേല്പട്ടത്വം ലഭിച്ചു. അന്നു മുതൽ നാം നമ്മുടെ സഭാപരമായ ദേശീയ സ്വാതന്ത്ര്യം അവകാശപ്പെടുകയും ചെയ്തുവന്നു. അതുമൂലം 1665 മുതൽ 1843ൽ മാത്യൂസ് മാർ അത്തനാസ്യോസിനെ അന്ത്യോക്യ പാത്രിയർക്കീസ് വാഴിക്കുന്നതു വരെ മാർ ദിവന്നാസ്യോസ് ഒന്നാമനെ മാത്രമേ അന്ത്യോക്യൻ സുറിയാനി സഭാപിതാക്കന്മാർ ചേർന്നു വാഴിച്ചിട്ടുള്ളൂ. 1808ൽ നിര്യാതനായ അദ്ദേഹം തന്നെയും 1765ൽ തന്റെ മുൻഗാമിയാൽ 6-ാം മാർ തോമ്മാ ആയി വാഴിക്കപ്പെട്ടിരുന്നതായിരുന്നു. സാധുവായ സ്ഥാനപ്രാപ്തിക്ക് ഒരു മെത്രാപ്പൊലീത്തയാൽ മാത്രം വാഴിക്കപ്പെടുന്നതു മതിയാകയില്ലെന്നുള്ള വാദംമൂലം അദ്ദേഹം അതിനു വഴിപ്പെട്ടു. എന്നാൽ, ഏക മേല്പട്ടക്കാരൻ മാത്രമുള്ള ഒരു ദേശീയ സഭയിൽ, അവിടെ ആവശ്യമായ സേവന നിർവ്വഹണത്തിനായി, ആ മേൽപ്പട്ടക്കാരൻ തന്റെ അനന്തരഗാമിയെ വാഴിക്കുന്നതിൽ ഒരു ന്യൂനതയും ചൂണ്ടിക്കാണിക്കാവുന്നതല്ല.

മേൽ വിവരിച്ച വിധത്തിൽ നമ്മുടെ പൂർവ്വികന്മാർ പരിരക്ഷിച്ചു വന്ന സഭയുടെ ദേശീയ സ്വാതന്ത്ര്യത്തെയാണ് പത്തൊമ്പതാം നൂറ്റാണ്ടിൽ സഭയിൽ ഉളവായ ഭിന്നതമൂലം ബലികഴിക്കുവാൻ അതിലുൾപ്പെട്ട രണ്ടു കൂട്ടരും തയ്യാറായത്. ഇത്യോപ്യൻസഭ ആദികാലം മുതൽക്കേ ചെയ്തു വന്നതു പോലെ, സഭയായി നമുക്കുണ്ടായിരിക്കേണ്ട സ്വഭാവവും വ്യക്തിത്വവും വീണ്ടെടുത്ത് വിദേശ മേൽക്കോയ്മയുടെ നിയന്ത്രണത്തിൽ നിന്നും വിമോചനം പ്രാപിക്കണമെന്നു നാം ചിന്തിച്ചില്ല. അതുമൂലം ഒരു സമൂഹമായിക്കഴിയേണ്ട നാം രണ്ടു വിഭാഗങ്ങളായി പിരിഞ്ഞു. 1876ൽ നടന്ന മുളന്തുരുത്തി സുന്നഹദോസിൽ വച്ചു നമ്മുടെ സഭാപരമായ വ്യക്തിത്വത്തെ അന്ത്യോക്യൻ സുറിയാനിസഭാദ്ധ്യക്ഷനു നാം സമ്മാനമായി നൽകി. പിന്നീടു സഭാപരമായ നമ്മുടെ ദേശീയ സ്വാതന്ത്ര്യം സഭയിൽ ഒരു വിഭാഗത്തിന്റെ ചിന്തയിൽ വന്നതു വീണ്ടും ഒരു പിരിച്ചിൽ ഉണ്ടായപ്പോൾ മാത്രമാണ്. എന്നാൽ, ആ വിഭാഗം സഭയുടെ സ്വാതന്ത്ര്യത്തെ അവകാശപ്പെട്ടത് ആരാധനാപരമായും പാരമ്പര്യങ്ങൾ സംബന്ധിച്ചും അന്ത്യോക്യൻ സഭയുടെ തണലിൽ വിഹരിച്ചു കൊണ്ടു മാത്രമായിരുന്നു. അതിനാൽ ശരിയായ സ്വാതന്ത്ര്യം അനുഭവിക്കുവാൻ നമുക്കു കഴിയുന്നില്ല.

കോപ്റ്റിക് സഭയും ഇത്യോപ്യൻ സഭയും തമ്മിൽ സംസ്ഥാപിക്കുവാൻ സാധിച്ച സുഹൃദ്ബന്ധം തീർച്ചയായും മാതൃകാപരമാണ്. അതുപോലെയുള്ള ഒരു ബന്ധം അത്രെ നമ്മുടെ സഭയും അന്ത്യോക്യൻ സഭയും തമ്മിലുണ്ടാകേണ്ടത്. അതു പ്രാവർത്തികമാക്കണമെങ്കിൽ നമ്മുടെ സഭയിലെ മേൽപ്പട്ടക്കാരും പട്ടക്കാരും അത്മായക്കാരും വളരെയധികം ഗൃഹപാഠം ചെയ്യുവാനുണ്ട്. ഉള്ളന്നൂർ സെന്റ് മേരീസ് പള്ളിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന അവസരത്തിൽ ഈ വെളിച്ചം കാണുവാൻ നമുക്ക് സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

നോട്ട്: അലക്സന്ത്രിയാ പാത്രിയർക്കീസ് തലവനായ കോപ്റ്റിക് ഓർത്തഡോക്സ് സഭയിൽ 35 ലക്ഷവും ഇത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ 140 ലക്ഷവും അംഗസംഖ്യയുണ്ട്. അന്ത്യോക്യൻ സുറിയാനിസഭയിൽ 2 ലക്ഷവും മലങ്കര ഓർത്തഡോക്സ് സഭയിൽ 15 ലക്ഷവും അംഗങ്ങളുണ്ട്. അർമ്മീനിയൻ ഓർത്തഡോക്സ് സഭയിൽ 30 ലക്ഷം അംഗങ്ങളുണ്ട്. ഇവ അഞ്ചും കൽക്കദൂന്യ സുന്നഹദോസിനെ അംഗീകരിക്കുന്നില്ല. അഞ്ചും വിശ്വാസ ഐക്യമുള്ള ഓർത്തഡോക്സ് വിഭാഗങ്ങളാണ്.

ശക്തനായവൻ വൻകാര്യങ്ങൾ പ്രവർത്തിച്ചിരിക്കുന്നു

കാൽ നൂറ്റാണ്ടോളം ഇടവകയെ നയിച്ച ബഹുമാനപ്പെട്ട വികാരിയുടെ ലേഖനം



ഫാ. ടി.സി. ജോൺ
മെഴുവേലി
വികാരി

ഈ ജനുവരിയിൽ നമ്മുടെ ദേവാലയം അണിഞ്ഞൊരുങ്ങുന്നതായി കാണുന്നു. അതിന്റെ അകവും പുറവും അലങ്കാരങ്ങളാൽ ശോഭിക്കുന്നു. അവളുടെ മക്കൾ ഉത്സാഹികളായി വർത്തിക്കുന്നു. അവിടെ ആവേശവും ആനന്ദവും പകരുന്നു. എന്തിന്? അവളുടെ പിറവിയുടെ 75 വർഷം തികയുന്ന സുദിനം ആഘോഷിക്കുവാൻ. തങ്കക്കിരീടത്തിൽ പതിച്ച മരതകരത്നം പോലെ അവൾ ഉള്ളന്നൂരിൽ വിളങ്ങുന്നു.

ഈ പിറന്നാൾ ഏറ്റവും മനോഹരമായി ആഘോഷിക്കുവാൻ അവളുടെ മക്കൾ പ്രതിജ്ഞയെടുത്തു പ്രവർത്തിക്കുന്നു. വർണ്ണശബളമായ അലങ്കാരങ്ങളോടും മാധുര്യമേറിയ ഭക്തിഗാനങ്ങളോടും കൂടി അവളുടെ കീർത്തി എങ്ങും പരത്തുന്നു. അവളുടെ പ്രതാപത്തെ കീർത്തിക്കുകയാണ്. ധന്യേ! നീ വിജയിപ്പൂതാക!!

ദേവാലയം-അതിൽ ഇരുന്നു രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ. അവളുടെ മക്കൾക്ക് അതു ജീവജലം ദാനം ചെയ്യുന്നു. അതു കുടിക്കുന്നവൻ ദാഹിക്കുന്നുമില്ല, ക്ഷീണിക്കുന്നുമില്ല. ദേവാലയത്തിനു ചെലവിടുന്നതും അതിനു വേണ്ടി പ്രയത്നിക്കുന്നതും ഭാഗ്യകരമാണ്. പക്ഷേ, എല്ലാവർക്കും ഈ സൗഭാഗ്യം ലഭിക്കുകയില്ല. ഇതാ അവളുടെ പഴയ വസ്ത്രത്തിനു പകരം വെണ്മയേറിയ പുതുവസ്ത്രം ധരിച്ചിരിക്കുകയാണ്. അവളുടെ സൗന്ദര്യം ശാരോനിലെ പനിനീർപുഷ്പത്തിനു തുല്യമാണ്. ഇന്നവൾ ഈ ഭദ്രാസനത്തിലെ കന്യകമാരിൽ ഒട്ടും ചെറുതല്ല. അവളുടെ വിവേകം കണ്ടു പഠിക്കുവാൻ ശേബാരാജ്ഞി കൊതിക്കുന്നു. അവളുടെ കവാടങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു. വരിക! അകത്തു പ്രവേശിക്കാം. ശാന്തിയും സമാധാനവും അനുഭവിക്കാം. അതിന്റെ സത്തു കുടിച്ച് ആനന്ദിക്കാം.

അവൾ കഷ്ടതയനുഭവിക്കാതെയിരുന്നിട്ടില്ല. കഷ്ടത സന്തോഷത്തിലേക്കു വഴിനടത്തും. കഷ്ടതയിൽ നിന്നു ശക്തി ലഭിക്കും. കാലാകാലങ്ങളിലുള്ള കാറ്റിനേയും കോളിനേയും തടുത്തുനിർത്തുവാൻ അവളുടെ കോട്ടയ്ക്കു ബലമുണ്ട്. അവൾ യാതൊന്നിനേയും ഭയപ്പെടുന്നില്ല.

അവൾ സ്നേഹമുള്ള മാതാവാണ്. ആരോടും വിരോധമില്ല. ശത്രുമിത്രഭേദമെന്യേ സ്നേഹിക്കുന്നു. മക്കൾ അവളെ യോഗ്യമായി പരിചരിക്കാത്ത കാലങ്ങളുണ്ട്. എല്ലാം ക്ഷമിക്കുന്നു. എല്ലാം മറക്കുന്നു. അവളുടെ ഇഷ്ടസന്താനം ശുശ്രൂഷയ്ക്കെത്തിയപ്പോൾ അവളുടെ കഷ്ടതയ്ക്കു തെല്ലാശ്വാസം ഉണ്ടായി. ആലയം പണിതീർത്തു. മുടങ്ങാതെ ശുശ്രൂഷകൾ നിർവ്വഹിച്ചു. പ്രശസ്തനായ കോമട്ടു യാക്കോബു കശ്ശീശായെ അവൾ മറക്കുകയില്ല. അവൾ ഉന്മേഷവതിയായി വളർന്നു വന്നു.

അനന്തരം കടവത്രയിൽ ജോർജു കശ്ശീശാ ചുമതല യേറ്റു. ഐക്യവും സമാധാനവും അനുഭവിച്ച് അവൾ വളർന്നു. ആരാധനയ്ക്കായി മക്കൾ ഒരുമിച്ചു കൂടി. അവളുടെ മഹത്വം ദർശിച്ചു തുടങ്ങി. അവളുടെ ശക്തി വർദ്ധിച്ചു വന്നു. ഉത്തമ സന്താനങ്ങൾ വള രെയായി. പലയിടത്തും ശുശ്രൂഷ ചെയ്യുവാൻ നാലു മക്കൾ – പട്ടക്കാർ. അവൾ അഭിമാനം കൊള്ളുന്നു. അവളുടെ യശസ്സ് വർദ്ധിക്കുന്നു.

അവൾ കാരുണ്യവതിയാണ്. ദൈവമാതാവ്-സർവ്വ ലോകരാലും-കീർത്തിക്കപ്പെടുന്നു. വാത്സല്യത്തിന്റെ മാതാവ്. അവൾ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കും നിശ്ചയം! മണർകാട്ടും പെരുമ്പള്ളിയിലും പോകുന്ന അനുഭവം ഇവിടെയുണ്ട്. ഈ ദേവാലയത്തിൽ വന്നു മദ്ധ്യസ്ഥത യാചിച്ചവർ വെറുതേപോയിട്ടില്ല. അവളിൽ ആശ്രയിച്ചവർക്കു പ്രതിഫലം കിട്ടാതെ യിരുന്നിട്ടില്ല. മഹാപരിശുദ്ധനായ പരുമലത്തിരു മേനി പ്രാർത്ഥിച്ചു കല്ലിട്ട ആലയം, തിരുമേനിയുടെ മദ്ധ്യസ്ഥതയും ലഭിക്കും. അവൾ ഭാഗ്യവതിയാണ്. അവൾക്കൊരു കൊച്ചു സമ്പാദ്യം, വട്ടയം ചാപ്പൽ. മാർ ഗീവറു ഗീസ് സഹദായുടെ നാമത്തിൽ ഒരു കുരുശി ൻതൊട്ടിയും. അവിടെ വലിയ പെരുന്നാളും സൽക്കാരവും. സഹ ദായുടെ സഹായവും ലഭിക്കും. ഭാഗ്യംതന്നെ.

ദേവാലയം – അതിൽ ഇരുന്നു രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ. അവളുടെ മക്കൾക്ക് അതു ജീവജലം ദാനം ചെയ്യുന്നു. അതു കുടിക്കു ന്നവൻ ദാഹിക്കുന്നുമില്ല, ക്ഷീണിക്കുന്നു മില്ല. ദേവാലയത്തിനു ചെലവിടുന്നതും അതിനു വേണ്ടി പ്രയത്നിക്കുന്നതും ഭാഗ്യകരമാണ്. പക്ഷേ, എല്ലാവർക്കും ഈ സൗഭാഗ്യം ലഭിക്കുകയില്ല.

1962 മുതൽ ഈയുള്ള വനെ ചുമതലയേൽപ്പി ച്ചു. നേതൃത്വം ലഭിക്കുവാൻ വെമ്പൽകൊണ്ടിരുന്ന കാലം. അവളുടെ മ്ലാനത നീക്കി പരിപുഷ്ടിപ്പെ ടുത്തുവാൻ ആഗ്രഹിക്കുന്ന ജനം. സ്നേഹവും അനുസരണവും സഹകരണവുമുള്ള ഇടവക. ഉത്ത മന്മാരായ നായകന്മാരാൽ നേർപാതയിൽകൂടി ന യിക്കപ്പെട്ട വിശ്വാസ സമ്പന്നരായ ജനം. പ്രകൃതി യുടെ പരിശുദ്ധത കാത്തുസൂക്ഷിക്കുന്ന ജനത. എത്ര സന്തോഷവും ആനന്ദവും അവർ എനിക്കു പകർന്നു തന്നു. അവർ എന്നെ സ്നേഹിക്കുന്നു. ബഹുമാനിക്കുവാൻ അവർക്കറിയാം.

മനോഹരമായ ഈ ദേവാലയം പടുത്തുയർത്തു വാൻ കഠിനാദ്ധ്വാനം ചെയ്ത വിശ്വാസവീരന്മാർ അനവധിയാണ്. മൺമറഞ്ഞു പോയവർ ഇന്നു ന മ്മോടുകൂടി ആഹ്ലാദിക്കുന്നു. ഒരു ശനിയാഴ്ച രാത്രി ഞാൻ പള്ളിമേടയിൽ ഉറങ്ങുമ്പോൾ ഒരു കാഴ്ച കണ്ടു. ഒരു ദർശനം! പള്ളിയിൽ ഞാൻ നിൽക്കു ന്നു. പെട്ടെന്നു വെണ്മയേറിയ ഒരു പ്രകാശം ചുറ്റും പകർന്നു. നീലച്ചായ കലർന്ന ചന്ദ്രിക. ദീർഘ കായനായ ഒരു പുരോഹിതൻ പള്ളിക്കു ചുറ്റും നടക്കുന്നു. ഗൗരവത്തോടു കൂടി നോക്കുന്നു. ഞാൻ വാതിൽക്കൽ ചെന്നു. എന്തൊരു പ്രകാശം! എന്തൊരു തേജസ്സ്!! അച്ചൻ എന്നോടാജ്ഞാപിക്കുകയാണ് ''ഇവിടെല്ലാം ഇതുപോലെയാക്കിത്തരണം.'' പെ ട്ടെന്നു ഞാൻ ഉണർന്നു. കണ്ടതു പഴയ ദേവാലയം മാത്രം. അവളുടെ ഓമനമക്കൾ അതിനുവേണ്ടി പരിശ്രമിക്കുകയാണ്. അവൾ ശുഭ്രവസ്ത്രങ്ങൾ അണിയുമ്പോൾ അമ്മയുടെ മക്കൾ ഇന്നു പറയു കയാണ്: ''അമ്മേ, അമ്മയുടെ പ്ലാറ്റിനം ജൂബിലി ഞങ്ങൾ ആഘോഷിക്കുകയാണ്.''

എന്തിനാണ് ജൂബിലി? യഹോവ കല്പിച്ചതാണ് ജൂബിലി ആചരിക്കണമെന്ന് (ലേവ്യ 25:10). സകല നിവാസികൾക്കും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു ദേശത്തെ ശുദ്ധീകരിക്കണം ഇതു നിങ്ങൾക്ക് യോവേൽ സംവ ത്സരമായിരിക്കണം. താന്താന്റെ അവകാശങ്ങളി ലേക്കു മടങ്ങിപ്പോകണം. അതു പാപപരിഹാരസം വത്സരമാണ്. ദേശത്തു സന്തോഷവും സമാധാന വും സംജാതമാകണം. സകലിധ ശത്രുതയും മറക്കണം. സ്നേഹം എല്ലാവരിലും വിളയാ ടണം. നന്മപ്രവൃത്തികൾ ചെയ്യണം. ശത്രുവായ സാത്താന്റെ അടിമത്ത ത്തിൽ നിന്നും വിടുതൽ പ്രാപിക്കണം. അങ്ങനെ എല്ലാവരും സന്തോഷി ക്കണം. അതിനാണ് ജൂബിലി ആഘോഷി ക്കുന്നത്.

''എന്തെന്നാൽ ശക്തനായവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു'' (ലൂ.1:48) എന്ന മറി യാമിന്റെ പാട്ടു ശ്രദ്ധിച്ചുകൊള്ളണം.

ഈ സുദിനത്തിൽ നമ്മുടെ എല്ലാ വാങ്ങിപ്പോയ, പ്രിയപ്പെട്ടവരുടെ പാവനസ്മരണയ്ക്ക് ആദരാഞ്ജ ലികൾ സമർപ്പിക്കുന്നു. ഈ ദേവാലയത്തിൽ അധി വസിക്കുന്ന വിശുദ്ധ ദൈവമാതാവിന്റെയും നമ്മുടെ കാവൽ പിതാക്കളായ മാർത്തോമ്മാശ്ലീഹായുടെയും മാർ ഗീവറുഗീസ് സഹദായുടെയും മലങ്കരയുടെ മഹാപരിശുദ്ധനായ പരുമല തിരുമേനിയുടെയും മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നു. സർവ്വശ ക്തനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു. വാത്സ ല്യമുള്ള എല്ലാ പ്രിയപ്പെട്ടവർക്കും ഈ സുവനീർ വായനക്കാർക്കും സ്നേഹമേറിയ മംഗളാശംസ കളും ജൂബിലി സന്തോഷവും സമാധാനവും ഞാൻ നേർന്നു കൊള്ളുന്നു.

ഉള്ളന്നൂർ സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനിപ്പള്ളി -ഒരു അനുസ്മരണം

പ്രതിസന്ധിഘട്ടങ്ങളിൽ ഇടവകയെ നയിച്ച ബഹുമാനപ്പെട്ട വികാരിയുടെ കുറിപ്പ്

ഫാ. കെ.ജി. ജോർജ് മെഴുവേലി

വാറ്റിനം ജൂബിലി ആഘോഷിക്കപ്പെടുന്ന ഉള്ളന്നൂർ സെന്റ് മേരീസ് ദേവാലയം മലങ്കര ഓർത്തഡോക്സ് സഭയിലെ തുമ്പമൺ ഭദ്രാസനത്തിൽപ്പെട്ട പ്രശാന്തവും സുന്ദരവുമായ കൊച്ചു ദേവാലയങ്ങളിൽ ഒന്നാണ്. സുദീർഘമായ 75 വർഷം പിന്നിട്ടുകൊണ്ട് ഉള്ളന്നൂരിന്റെയും പരിസരപ്രദേശങ്ങളുടെയും സാംസ്കാരികവും ആദ്ധ്യാത്മികവുമായ അഭിവൃദ്ധിക്കു സാക്ഷ്യംവഹിച്ച കലാസുന്ദരവും മനോഹരവുമായ ഈ ദേവാലയം സ്തുതിചൊവ്വാക്കപ്പെട്ട സത്യവിശ്വാസം പുലർത്തിവരുന്ന അതിന്റെ മക്കൾക്ക് കൃപകളുടെ ഉറവിടമായ ഒരു ദീപസ്തംഭം തന്നെയാണ്. പ്രകൃതിസൗന്ദര്യം ആവോളം ആസ്വദിച്ചുകൊണ്ട് പച്ചപ്പട്ടുവിരിച്ച പുഞ്ചപ്പാടങ്ങളാലും ശീതളച്ഛായ നൽകുന്ന വൃക്ഷലതാദികൾ നിറഞ്ഞ നിമ്നോന്നത പ്രദേശങ്ങളാലും ചുറ്റപ്പെട്ട ഈ ആരാധനാസൗധം ഭക്തജനങ്ങൾക്ക് ഒരു ആശാകേന്ദ്രവും അഭയസ്ഥാനവുമാണ്. 75 വർഷം തികയുന്ന ജൂബിലി ആഘോഷിക്കുന്നതിനു ഭാഗ്യം സിദ്ധിച്ച ഈ തലമുറ അനുഗൃഹീതരാണ്.

ഈ ഇടവകയുമായി ആദ്യമായി എനിക്കു ബന്ധപ്പെടുന്നതിന് അവസരം ലഭിച്ചത് ബഹു. കോമട്ട് യാക്കോബു കത്തനാരുടെ അന്ത്യകാലത്തോടടുത്താണ്. ശരീരാസ്വാസ്ഥ്യം നിമിത്തം ഇടവകഭരണം നടത്തുന്നതിന് അദ്ദേഹത്തിനു പ്രയാസമായി വന്നപ്പോൾ ആ സ്ഥാനത്തേക്ക് 1951ൽ ഇടവക മെത്രാപ്പൊലീത്ത തിരുമനസ്സുകൊണ്ട് എന്നെ നിയമിച്ചു. തുടർന്ന് 12 വർഷത്തോളം ഈ ഇടവകയുടെ ചുമതല വഹിക്കുന്നതിന് എനിക്ക് അവസരം ലഭിച്ചു. ഈ കാലയളവിൽ ഇടവകാംഗങ്ങളിൽ നിന്ന് എനിക്കു ലഭിച്ച നിർലോപമായ സഹായ സഹകരണങ്ങളും സ്നേഹവാത്സല്യങ്ങളും പ്രത്യേകം എടുത്തു പറയേണ്ട വസ്തുതയാണ്. കോമട്ട് യാക്കോബ് കത്തനാർ ശാന്തനും സൗമ്യനും ആയിരുന്നു. വിശ്വാസ കാര്യങ്ങളിൽ തീഷ്ണത ഉള്ളവനും ആരാധനാജീവിതത്തിൽ നിഷ്ഠയുള്ളവനും ആയിരുന്നു. ഈ ഇടവകയുടെ പ്രധാന ശില്പിയായിരുന്ന അദ്ദേഹം അചഞ്ചലഹൃദയനും സ്ഥിരമാനസനും ആയിരുന്നു. ക്രിസ്തുവിൽ എന്റെ ജനകൻ എന്നുള്ള നിലയിൽ അദ്ദേഹത്തോട് എനിക്ക് പ്രത്യേകമായ കടപ്പാടുണ്ട്. അദ്ദേഹത്തിന്റെ പാവനസ്മരണയുടെ മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു.

ഈ ദേവാലയത്തിന്റെ പ്രാരംഭകാലത്ത് ഉണ്ടായിരുന്നവരിൽ ഇന്ന് ജീവിച്ചിരിക്കുന്നവർ അംഗുലീപരിമിതമത്രെ. ഇതു പടുത്തുയർത്തുന്നതിനും ഇന്നു കാണുന്ന രീതിയിൽ ആധുനിക സജ്ജീകരണങ്ങളോടു കൂടി മനോജ്ഞമാക്കിത്തീർക്കുന്നതിനും ഇടയാകത്തക്കവണ്ണം ഇതിന്റെ പിൻപിൽ പ്രവർത്തിച്ച കരങ്ങൾ വളരെയാണ്. പലരും തിരശ്ശീലയ്ക്കപ്പുറത്തേക്കു മറഞ്ഞുകഴിഞ്ഞിരിക്കുന്നു. പ്രായത്തിന്റെ പരിമിതികളെ വകവയ്ക്കാതെ ഇടവകയുടെ പുരോഗതിയെ ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ട് ആരാധനയിൽ ക്രമമായി സംബന്ധിക്കുന്ന നരച്ച തലകളുടെ നിരകൾ ദേവാലയത്തിൽ എപ്പോഴും നിറഞ്ഞു കാണുന്ന ഒരു ഇടവക എന്ന ഓർമ്മയാണു പലപ്പോഴും എന്റെ മനസ്സിൽ പൊന്തിവരുന്നത്. പക്ഷേ, പലരും ശരീരത്തിൽ നിന്നു നമ്മെ വേർപെട്ടുപോയെങ്കിലും നമ്മുടെ പരേതരായ എല്ലാ ആത്മാ

ക്കളും നമ്മോടുകൂടെ ഈ ജൂബിലിയിൽ സംബന്ധിക്കുന്നുണ്ടെന്നുള്ളതു നമുക്ക് ആശ്വാസകരമത്രെ. ഈ അടുത്തകാലത്ത് മൺമറഞ്ഞ മഹാരഥന്മാരായ ശ്രീ എം.കെ. വറുഗീസും ശ്രീ വി.സി. ജേക്കബും ഈ ഇടവകയുടെ ചരിത്രത്തിലെ മറക്കാനാവാത്ത രണ്ടു തേജോഗോളങ്ങളാണ്. നമ്മുടെ പരേതരെ ഓർക്കുവാനും കഴിഞ്ഞ കാലയളവിൽ ദൈവംതമ്പുരാൻ ചൊരിഞ്ഞുതന്ന കൃപാദാനങ്ങളെക്കുറിച്ച് ഓർക്കുവാനും ഇപ്രകാരം ഒരു അവസരം ലഭിച്ചതിനു നമുക്കു ദൈവത്തെ സ്തുതിക്കാം.

സഭയോടും സഭാപിതാക്കന്മാരോടും വിശ്വസ്തതയും കൂറും ഉള്ളവരും അതിന്റെ സനാതനമായ സത്യവിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നവരുമായ മക്കൾ ഈ ഇടവകയ്ക്ക് ഒരു മുതൽക്കൂട്ടാണ്. അവരുടെ അനുകരണീയമായ ദൃഷ്ടാന്തം ഭാവിതലമുറയ്ക്ക് പ്രചോദനം പകർന്നുകൊടുക്കട്ടെ. വൈദികശ്രേഷ്ഠരേയും പ്രത്യേകിച്ച് ദയറാപട്ടക്കാരെയും സഭയ്ക്കു പ്രദാനംചെയ്യുന്നതിൽ ഈ ഇടവക ഒട്ടും പിന്നിലല്ല. ഒരു വ്യാഴവട്ടക്കാലംകൊണ്ട് ഈ ഇടവക പുരോഗതിയിൽ നിന്നു പുരോഗതിയിലേക്കു കുതിച്ചുകയറിക്കൊണ്ടിരിക്കുന്നു എന്നു കാണുന്നതിൽ സന്തോഷത്തിനു വകയുണ്ട്. ഇപ്പോഴത്തെ ഇടവക വികാരി ബഹു. ടി.സി. ജോൺ അച്ചന്റെ സമാദരണീയമായ നേതൃത്വം അതിനു പ്രോത്സാഹനവും ഉത്തേജനവും നൽകിക്കൊണ്ടിരിക്കുന്നു.

പള്ളി ദൈവത്തിന്റെ ആലയം ആകുന്നു. സഭ ദൈവത്തിന്റെ ആലയമാകുന്നു. ഓരോ ക്രിസ്ത്യാനിയും ദൈവത്തിന്റെ മന്ദിരമാകുന്നു. ഈ ആലയങ്ങളിൽ ദൈവത്തിന്റെ ആത്മാവു വസിച്ചുകൊണ്ട് മനുഷ്യാത്മാവിന്റെ നിത്യമായ രക്ഷയ്ക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇത്ര വലിയ ഒരു രക്ഷയെ നാം അഗണ്യമായി വിചാരിക്കാതെ ഒരു സത്യക്രിസ്ത്യാനിക്ക് വേണ്ടതായ യഥാർത്ഥ അനുതാപത്തോടും വിശുദ്ധ കൂദാശാപരമായ ജീവിതനിഷ്ഠയോടും കൂടെ വീണ്ടും നമ്മെത്തന്നെ പുതുക്കി പ്രതിഷ്ഠിച്ചു മുമ്പോട്ടു പോകുവാൻ ഈ ജൂബിലി മഹാമഹം നമുക്കു സഹായകരമായിത്തീരട്ടെ.

ഈ അവസരത്തിൽ നമ്മുടെ പരേതരായ എല്ലാ വിശ്വാസികളുടെയും പാവനസ്മരണയുടെ മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും ഈ ദേവാലയം ആരുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്നുവോ ആ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയംപ്രാപിച്ചുകൊണ്ടും ഈ ജൂബിലി മഹാമഹത്തിൽ ഇടവകാംഗങ്ങളായ എല്ലാ പ്രിയപ്പെട്ടവർക്കും എന്റെ ഹൃദയനിർഭരമായ മംഗളാശംസകൾ നേർന്നു കൊള്ളുന്നു.

IN EVER LOVING MEMORY OF OUR PARENTS

THOMAS MATHUNNY (80)
Expired on 20.05.1988

SARAMMA MATHUNNY (75)
Expired on 25.02.1987

POOVANNAMTHADATHIL
ANUGRAHA

INSERTED BY FAMILY MEMBERS

എന്റെ സ്മരണ

ഫാ. കെ.ജെ. മത്തായി
എം.എ.ബി.ഡി.

ദൈവകൃപയാൽ പരിശുദ്ധനായ പാമ്പാടി തിരുമേനിയിൽ നിന്ന് കോറൂയോ പട്ടവും പരിശുദ്ധനായ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്ക ബാവയിൽ നിന്നു ശെമ്മാശു പട്ടവും കശ്ശീശാപട്ടവും ലഭിച്ച എന്നെ അഭിവന്ദ്യ മെത്രാപ്പൊലീത്ത നിവദിശ്രീ പീലക്സീനോസ് തിരുമേനി ആദ്യമായി നിയമിച്ചത് ഉള്ളന്നൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലാണ്. അപരിചിതമായ ഒരു സ്ഥല ത്തേക്കാണു പോകുന്നതെന്നുള്ള പ്രതീക്ഷയിൽ ആ ഇടവകയിൽ ചെന്നുചേർന്ന എനിക്ക് വളരെ സ്നേഹനിർഭരമായ ഒരു സ്വീകരണവും പ്രതികരണവുമാണു ലഭിച്ചത്. സ്വജനങ്ങളുടെ മദ്ധ്യത്തിൽ ചെല്ലുന്ന ഒരു അനുഭവം എനിക്കു ലഭിച്ചു. തുടർന്ന് ഏകദേശം ഏഴു വർഷം അവിടെ കർത്തൃശുശ്രൂഷ അനുഷ്ഠിക്കുവാൻ ദൈവം ഇടയാക്കി. ആ ഇടവക യിലെ സ്നേഹസമ്പന്നരായ സഹോദരങ്ങൾ എനിക്കു തന്ന യാത്രയയ പ്പും മറ്റും ഞാൻ എന്നും കൃതജ്ഞതയോടു കൂടി സ്മരിക്കുന്നതാണ്.

വിശുദ്ധ ദൈവമാതാവിന്റെ പാവനനാമത്തിൽ സ്ഥാപിതമായ ആ പരിശുദ്ധ ദേവാലയത്തിന്റെ കൊടിക്കീഴിൽ അണിനിരന്നിരിക്കുന്ന ക്രിസ്ത്യാനികൾ ''മാർത്തോമ്മാശ്ലീഹായുടെ അനുയായികളെന്ന്'' അറിയപ്പെടുന്നതിൽ അഭിമാനംകൊള്ളുന്നു എന്ന വസ്തുത ചാരി താർത്ഥ്യജനകമാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ ആദ്യമായി കണ്ടവേളയിൽ, ''എന്റെ കർത്താവും എന്റെ ദൈവവും'' എന്ന് നസറാ യനായ യേശുവിനെ അഭിസംബോധന ചെയ്തു പ്രഖ്യാപിച്ച വിശുദ്ധ തോമ്മാശ്ലീഹായുടെ ശ്രേഷ്ഠതരവും പരമോന്നതവുമായ ക്രിസ്തീയ വിശ്വാസത്തിൽ ഉറച്ചുനിൽക്കുവാൻ അവിടത്തെ സഹോദരങ്ങൾക്ക് ലോകരക്ഷകൻ കൃപയരുളുമാറാകട്ടെ.

In Loving Memory of our Beloved

Chinnamma Cherian & K. G. Cherian

Joy Cherian

Fondly Remembered by

K. C. Raju & Family and K.C. Reji & Family
Keeppallil Padinjattathil Puthen Veedu,
Kulanada, Pathanamthitta

ഓർമകളിലൂടെ...

പ്ലാറ്റിനം ജൂബിലി വർഷത്തിലെ ഭരണസമിതിയും ജൂബിലി വർക്കിങ് കമ്മിറ്റിയും (1974)

വന്ദ്യ ടി.സി. ജോൺ കോറെപ്പിസ്കോപ്പ അച്ചന്റെ യാത്രയയപ്പ് വേളയിൽ (15.09.1986)

നൂറിന്റെ നിറവിൽ

1899 - 1999

സ്വർഗത്തിലേതു പോലെ ദൈവമേ നിന്റെ രാജ്യം വരേണമേ...

നാം ഏറ്റവും സന്തോഷിക്കുന്ന സമയമാണ്, നാം തന്നെ പണി കഴിപ്പിച്ച് ആരാധന നടത്തിപ്പോരുന്ന ഒരു ആരാധനാലയത്തിന്റെ ജൂബിലി നടത്താൻ കഴിയുമ്പോഴുണ്ടാകുന്നത്. കേരളം ദൈവത്തിന്റെ തിരുമുഖങ്ങളെ ഒന്നായി ഉള്ളിൽ സ്വീകരിക്കുമ്പോഴും പലതായി വെളിയിൽ കണ്ട പല ശബ്ദങ്ങളിൽ വരുന്ന ദൈവ വചനങ്ങളെ ഉൾക്കൊണ്ട് ജീവിക്കുന്നവരുടെ നാടാണ്.

പല സഭകളിൽപ്പെട്ട ക്രിസ്തീയ വിശ്വാസികൾ, ചില അവാന്തരവിഭാഗങ്ങളുള്ള ഇസ്ലാം, അനേകം വർണങ്ങളും ജാതികളും വ്യവസ്ഥ ചെയ്തിരിക്കുന്ന ഹിന്ദുമതം ഇതൊക്കെയും ഇവിടെയുണ്ട്. എന്നാൽ, ഈ എല്ലാ വിഭാഗത്തിലും പെട്ടും പെടാതെയും കഴിഞ്ഞു കൂടുന്ന കേരളത്തിലെ മനുഷ്യർ ഏറെക്കാലം സഹിഷ്ണുതയോടെ അവരുടെ പല മാതിരി വിശ്വാസങ്ങളെ ആദരിച്ചു പോന്നത് മനുഷ്യരുടെ കൂട്ടുകുടുംബത്തിലെ അംഗങ്ങളെപ്പോലെയായിരുന്നു. ഏറ്റവും അഗാധമായ മതവിശ്വാസമുള്ളവനും ഒട്ടും മതവിശ്വാസം ഇല്ലാത്തവനും ഒരേ പോലെ, മനുഷ്യൻ എന്ന മാനദണ്ഡവും പൊതുവായ ജീവിത വീക്ഷണവും സഹാനുഭൂതിയും നിലനിർത്തിപ്പോന്നിരുന്നു. ഇപ്പോൾ അതിനു കോട്ടം തട്ടിയിട്ടുണ്ടെന്ന് എല്ലാവർക്കും അറിയാം. എന്തായിരിക്കും അതിനു കാരണം?



നിത്യചൈതന്യ യതി

ഞാനൊരിക്കൽ പാലായിലുള്ള ഒരു കോളജിൽ അതിഥിയായി ചെന്നു. അന്ന് അവിടത്തെ പ്രിൻസിപ്പൽ എന്നോട് ഒരു സ്വകാര്യം പറഞ്ഞു. ആ പ്രദേശത്തുള്ള വളരെ പ്രാചീനമായ ഒരു ഹൈന്ദവ കുടുംബത്തിലെ ഇപ്പോഴത്തെ പ്രധാനി, പാലായിലെ ബിഷപ്പിന്റെ അടുത്തു ചെന്നു തന്റെ മകൾക്കു കോളേജിൽ ഒരു അഡ്മിഷൻ കൊടുക്കണം, മാർക്ക് കുറവാണ് എന്നു വ്യസനത്തോടെ പറഞ്ഞു പോലും. നേരത്തേ പ്രിൻസിപ്പൽ മാർക്ക് കുറഞ്ഞതു കൊണ്ട് അഡ്മിഷൻ കൊടുക്കാൻ പ്രയാസമാണെന്നു പറഞ്ഞുവിട്ട ഒരു കേസാണ്. ബിഷപ് പ്രിൻസിപ്പലിനോടു പറഞ്ഞു: ''ഈ പ്രദേശമെല്ലാം പണ്ട് ഈ കുടുംബക്കാരുടെ സ്വത്തായിരുന്നു. നമ്മുടെ പള്ളിയും പള്ളിക്കൂടങ്ങളും ഒക്കെ നിൽക്കുന്ന സ്ഥലം ഇപ്പോഴത്തെ കാരണവരുടെ വലിയ കാരണവർ നമുക്കു ദാനമായി തന്നതാണ്. അതിനൊന്നും പകരമായി കൊടുക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. നമ്മുടെ പള്ളി പണിയിക്കുന്നതിനും അന്നത്തെ വലിയ കാരണവർ പല സഹായങ്ങളും ചെയ്തിട്ടുണ്ട്. നാം ആ പഴയകാല മൈത്രി മറന്നു പോകരുത്. നമ്മുടെ ക്രിസ്തീയ സ്നേഹം പുലരേണ്ടത് കടുംപിടിയിൽ കൂടിയല്ല, പരസ്പരം

കാണിക്കുവാൻ കഴിയുന്ന സ്നേഹത്തെയും ഔദാര്യത്തെയും മറക്കാതെയിരിക്കുന്നതിൽ കൂടിയാണ്.'' പ്രിൻസിപ്പൽ കുട്ടിക്ക് അഡ്മിഷൻ കൊടുത്തു.

ഞാൻ ഈ കഥ പറയുന്നതു പണ്ടു ഹിന്ദുവിനു ക്രിസ്ത്യാനിയുടേതും മുസ്ലിമിന്റേതും എന്നല്ല, ആരുടെയും ഹൃദയത്തിലെ ആരാധനാസൗഭഗം മനസ്സിലാകുമായിരുന്നു എന്നു കാണിക്കുവാനാണ്. അതു മനസ്സിലാക്കിക്കൊടുക്കത്തക്കവണ്ണമായിരുന്നു പല മതത്തിൽപ്പെട്ട ഈ ദേശവാസികൾ ഇവിടെ ഒന്നിച്ചു കഴിഞ്ഞിരുന്നത്. ആ സ്നേഹമഹിമാവിന്റെ പുഷ്പവാടികൾ ഇന്നു മത്സരത്തിന്റെ ചൂടിൽ എരിഞ്ഞില്ലാതായിപ്പോകുന്നു. നമ്മുടെ വനാന്തരങ്ങളെയും ഗിരിശൃംഗങ്ങളെയും മേഘാവൃതമായ ആകാശത്തെയും നദികളെയും ഒക്കെ വരണ്ട ഉഷ്ണജീവിതത്തിലേക്കു തള്ളി മാറ്റിക്കൊണ്ടിരിക്കുന്നു. ഈ വരൾച്ച ഉണ്ടായിരിക്കുന്നതു സാമൂഹികതയിൽ മാത്രമല്ല.

ഹിന്ദുവിന്റെ വിശ്വാസം വരണ്ടുപോയിരിക്കുന്നു. ക്രിസ്ത്യാനിയുടെ വിശ്വാസം വരണ്ടു പോയിരിക്കുന്നു. മുസ്ലിമിന്റെ വിശ്വാസം കൂട്ടായ്മ ഉയർത്തിപ്പിടിക്കുന്ന 'അല്ലാഹു അക്ബർ' എന്ന വിളിയിൽ ഹരംകൊള്ളുമ്പോഴും അല്ലാഹു 'റഹിമാനും റഹിമും' ആണെന്നുള്ള കാര്യം മറന്നു പോകുന്നു.

എല്ലാ മതത്തിന്റെയും കാതലായിരിക്കേണ്ടത് സ്നേഹമാണ്, കാരുണ്യമാണ്, നീതിബോധമാണ്, കരുതലാണ്. അതു നാം മറന്നുപോകുമ്പോൾ കായേനെപ്പോലെ നമ്മളും സഹോദരന്റെ സൂക്ഷിപ്പുകാരനല്ലാതെയായിപ്പോകും. നമുക്ക് ഒരിക്കൽ കൂടി ചേർന്ന് പ്രാർത്ഥിക്കാം.

സ്വർഗത്തിലെന്നതു പോലെ ദൈവമേ നിന്റെ രാജ്യം ഞങ്ങളുടെ ഹൃദയത്തിലും ഉണ്ടാകണേ.

ബിസ്മിലാഹിർ റഹ്മാനിർ റഹിം
ലോകാ സമസ്താ സുഖിനോ ഭവന്തു
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

എന്നു നിങ്ങളിൽ ഒരുവനായ നിത്യചൈതന്യ യതി.

"Love is patient, love is kind. It does not envy, it does not boast, it is not proud. It does not dishonor others, it is not self-seeking, it is not easily angered, it keeps no record of wrongs."

1 Corinthians 13:4

IN LOVING MEMORY OF

തങ്കമ്മ കുഞ്ഞുകുഞ്ഞ് & പി.എം. കുഞ്ഞുകുഞ്ഞ്

കുഞ്ഞമ്മ ജോൺ & പി.കെ. ജോൺ

വടക്കേപ്ലാവിളയിൽ, കുളനട

HONY. NAIB SUB. P.K. JOHN
VADAKKE PLAVILAYIL
KULANADA

Inserted by
RPJ HARDWARES
Kulanada
Mob: 94971 01191

മനുഷ്യനും സാഹിത്യവും

ഡോ. കെ.എം. തരകൻ

സാഹിത്യത്തിന്റെ ആത്മാവ്

സാഹിത്യം അനുഭൂതിയുടെ ആവിഷ്കാരമാണ്. പദങ്ങളാണ് സാഹിത്യത്തിന്റെ മാധ്യമം, പദവാക്യങ്ങളില്ലാതെ സാഹിത്യമില്ല. എന്നാൽ, പദവാക്യങ്ങൾ മാത്രമല്ല സാഹിത്യം. പദവാക്യങ്ങൾക്ക് അർത്ഥമുണ്ടാവണം. അനുഭൂതിയെ ആവണം അവ പ്രതിനിധാനം ചെയ്യുന്നത്. വാഗർത്ഥസംയുക്തമത്രേ സാഹിത്യം. ശബ്ദാർത്ഥങ്ങളുടെ സമ്മേളനം തന്നെ അത്. സാഹിത്യത്തിന്റെ രൂപം പദനിബദ്ധമാണ്, ഭാവം അനുഭൂതിയും. ശബ്ദത്തിൽ നിന്നും വേറിട്ട ഭാവമില്ല. ഭാവം ശബ്ദത്തിൽ പ്രകാശിക്കുകയും പ്രതിഫലിക്കുകയും ചെയ്യുന്നു. ഭാവം അനുഭൂതിയാണ്. ഉദാത്തീകരിക്കപ്പെട്ട അനുഭവമാണ് അനുഭൂതി. അനുഭൂതിക്കു നിദാനമായ രണ്ടു ഘടകങ്ങളുണ്ട്. ഒന്ന്, അനുഭൂതിക്ക് ആധാരമായ സ്ഥായി, സഞ്ചാരീഭാവങ്ങൾ. ഇതു കർത്തൃനിഷ്ഠമാണ്. രണ്ട്, ഈ ഭാവങ്ങളെ ഉണർത്തുന്ന മനുഷ്യജീവിതം. സ്ഥായി, സഞ്ചാരി എന്നിങ്ങനെ ഇംഗ്ലിഷിൽ പറയാറില്ല. Primary affections, primary passions, spontaneous and powerful feelings എന്നിങ്ങനെയാണ് ഇംഗ്ലിഷിൽ ഈ ഭാവങ്ങളെ വിവരിച്ചു പോന്നിട്ടുള്ളത്. മനുഷ്യജീവിതം കവിയിൽ നാനാവിധത്തിലുള്ള അനുഭവങ്ങൾ പകരുകയും വികാരങ്ങൾ ഉണർത്തുകയും ചെയ്യുന്നു. വികാരങ്ങൾ അനുഭൂതിയായി ജ്വലിക്കുന്ന സന്ദർഭങ്ങളുണ്ട്. അത്തരം സന്ദർഭങ്ങളിൽ അനുഭൂതിയായിത്തീർന്ന വികാരങ്ങളെയാണ് സാഹിത്യകാരൻ ആവിഷ്കരിക്കുന്നത്. ആവിഷ്കാരം ഭദ്രമാണെങ്കിൽ അതു സഹൃദയനിലും അനുകൂലമായ അനുഭൂതി ഉളവാക്കുകയും ചെയ്യും. അനുഭൂതിയെക്കുറിച്ചു പറയുന്നതിനു മുമ്പ് ആവിഷ്കാരത്തെക്കുറിച്ചു പറയേണ്ടതുണ്ട്.

ആവിഷ്കാരത്തിനു പലപല ഘടകങ്ങളുണ്ട് ഊന്നിപ്പറയേണ്ടതായി. അനുഭൂതിയെ എങ്ങനെയും വാക്കുകളിൽ കൂടി ആവിഷ്കരിച്ചാൽ സാഹിത്യമായി എന്നൊരു ധാരണയുണ്ട്. ആവിഷ്കാരം ഭദ്രമായില്ലെങ്കിൽ അനുഭൂതി അനുഭൂതിയാവില്ല. ആവിഷ്കാരം ഹൃദയസംവേദം സാധിച്ചെന്നും വരില്ല. അനുഭൂതിക്കും തത്തുല്യമായ ഒരു കാവ്യശില്പം ഉണ്ടായേപോരൂ. ഉത്തമശില്പം രചിക്കുന്നതിലാണു പ്രതിഭാവിലാസം. ഈ ശില്പത്തെ അരിസ്റ്റോട്ടിൽ ശില്പം (Plot) എന്നു വ്യവഹരിക്കുന്നു. കാവ്യജീവൻ ശില്പം ആണെന്നു പറഞ്ഞുവച്ചു. ലോങ്ജൈനസും മറ്റൊരു വിധത്തിൽ ഇക്കാര്യം ഊന്നിപ്പറയുന്നു. ശില്പ സംവിധാനം അഥവാ ശില്പകല്പന (Conception) ഉജ്വലമാവണമെന്നാണ്

ലോഞ്ജൈനസിന്റെ മതം. സത്യത്തിൽ എലിയറ്റ് objective correlative എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നതും ഉചിതമായ കാവ്യശില്പം തന്നെ. കാവ്യത്തിൽ ശില്പത്തിനുള്ള സ്ഥാനം അതുല്യമായതിനാൽ കാവ്യം തന്നെ ശില്പമാണെന്നു ചില കാവ്യമീമാംസകർ പറഞ്ഞു പോയിട്ടുണ്ട്.

കാവ്യശില്പം നന്നായാലും പോരാ, അതിന് ആന്തരികമായ ലയമുണ്ടാവണം (Rhythm). ശില്പഘടന സമഞ്ജസവുമാവുമ്പോഴാണ് അതിന് ലയം ലഭിക്കുക. അഥവാ അനുഭൂതിയെ രൂപപ്പെടുത്തുമ്പോൾ അതു സ്വയം കൂടുതൽ ലയാത്മകവും. ഏതു ശില്പത്തിന്റെയും അവിഭാജ്യഘടകങ്ങളാണു സംഗീതവും ലയവും. വൈറ്റ് ഹെഡ് സൗന്ദര്യത്തെ സമ്പൂർണ സമഞ്ജസ്യമായി (perfect harmony) വിവരിച്ചിട്ടുണ്ട്. സൗന്ദര്യത്തിനും തജ്ജന്യമായ ലയവും (Rhythm) ഉണ്ടായേ പോരൂ. ശില്പം ഭദ്രവും ലയം ഹൃദ്യവുമാവണമെങ്കിൽ പദങ്ങൾ സമുചിതമായി ഘടിപ്പിക്കേണ്ടതായിട്ടുണ്ട്. ഉദ്ദേശ്യത്തിനുതകുന്ന പദങ്ങൾ ഉചിതമായി ഉരുക്കി വാർത്തുവേണം ശില്പസൃഷ്ടി സാധിക്കേണ്ടത്. വാക്കുകളുടെ ഹൃദ്യനിബന്ധം (happy combination) എത്രമേൽ പ്രാധാന്യമുള്ളതാണെന്നു പറയേണ്ടതില്ല. 'A poem is best words in the bestorder' എന്നു പറയാറുണ്ട്. ശൈലിയും (style) ശയ്യയും (diction) പദാവധാരണക്രമത്തിന്റെ സൃഷ്ടികളാണ്. ശയ്യയും അലങ്കാരവും ശൈലിയുടെ അവിഭാജ്യഘടകം തന്നെ. സാഹിത്യം സാഹിത്യമാവണമെങ്കിൽ രൂപപക്ഷത്തു മൂന്നു കാര്യങ്ങൾ ശ്രദ്ധിച്ചേ മതിയാവൂ എന്നു സ്പഷ്ടം. ശൈലി, ലയം, ശില്പം ഇവ മൂന്നും സുപ്രധാനമാകുന്നു.

സാഹിത്യം മനുഷ്യകഥ തന്നെ

ഉദാത്ത ജീവിതദർശനം അടിസ്ഥാനപരമായും വിശ്വാസത്തിന്റെ പ്രശ്നമായതു കൊണ്ടു സാഹിത്യവും അങ്ങനെയാവാതെ തരമില്ല. മനുഷ്യജീവിതം വേർപാടിന്റെയും പുറപ്പാടിന്റെയും സമാഗമത്തിന്റെയും ആകെത്തുകയാണ്. മികച്ച ഏതൊരു സാഹിത്യകാരനും ഈ ദർശനം ഉൾക്കൊണ്ടിട്ടുണ്ടാവണം. ഈ ദർശനം അറിഞ്ഞോ അറിയാതെയോ അയാളെ ഭരിക്കുന്നുമുണ്ട്. ലോകസാഹിത്യം വേർപാടിന്റെയും സമാഗമത്തിന്റെയും കഥയാണ്. യാഥാർത്ഥ്യത്തിൽ നിന്നുള്ള വേർപാടും യാഥാർത്ഥ്യത്തിലേക്കുള്ള പുറപ്പാടും യാഥാർഥ്യവുമായുള്ള സമാഗമവും തന്നെ സമസ്ത സാഹിത്യാനുഭൂതികളുടെയും പ്രഭവകേന്ദ്രം. യാഥാർത്ഥ്യത്തെ സാഹിത്യകാരൻ സ്നേഹമെന്നത്രേ വിവരിക്കുന്നത്. സ്നേഹവും സ്നേഹത്തിൽ നിന്നുള്ള അകൽച്ചയും സ്നേഹത്തിലേക്കുള്ള യാത്രയും സ്നേഹസാക്ഷാത്കാരവും തന്നെ മനുഷ്യകഥ. മനുഷ്യനും മനുഷ്യനും തമ്മിലുള്ള അനിരുദ്ധമായ സ്നേഹപ്രവാഹമാണു സാധ്യമാവേണ്ടത്. ധനതത്വശാസ്ത്രം, രാഷ്ട്രതന്ത്രം എന്നല്ല ഏതു ശാസ്ത്രവും മാനിക്കേണ്ട മൂല്യം ഇതു തന്നെയാകുന്നു. ഈ പ്രവാഹം സമ്പൂർണമാക്കേണ്ടതു മനുഷ്യനെക്കാൾ ശാശ്വതമായ ഒരു അസ്തിത്വം ഈ പ്രവാഹത്തെ നിയന്ത്രിക്കുമ്പോഴത്രെ (ഹ്യൂമനിസം ഈ വസ്തുത നിരാകരിക്കുകയാണു ചെയ്യുന്നത്). ഈശ്വരൻ എന്നത്രെ ശാശ്വതമായ ആ സ്നേഹത്തിന്റെ പേര്. ഈശ്വരനിൽ നിന്നു മനുഷ്യനിലേക്കും മനുഷ്യനിൽ നിന്ന് മനുഷ്യനിലേക്കും മനുഷ്യനിൽ നിന്നും ഈശ്വരനിലേക്കുമുള്ള സ്നേഹചംക്രമണം സമ്പൂർണമായും സാധ്യമാവണമെന്നതാണു ലക്ഷ്യം. ''ഈശ്വരന്റെ രാജ്യം വരണം, തിരുവിഷ്ടം സ്വർഗത്തിലെപ്പോലെ നിറവേറണം.'' ഈ ലക്ഷ്യം നിറവേറ്റുന്നതിനായുള്ള യത്നത്തിൽ സാഹിത്യകാരനും മുഖ്യമായ ഒരു പങ്കുണ്ട്. ഈ വാദം ടോൾസ്റ്റോയ് എത്ര ഭദ്രമായി അവതരിപ്പിക്കുന്നുണ്ട്. 'ശാകുന്തളം' ഭൂമിയെ സ്വർഗവുമായി ബന്ധിപ്പിക്കുന്നു എന്നു പ്രഖ്യാപിച്ചപ്പോൾ ടഗോർ ഊന്നിപ്പറഞ്ഞതും ഏറക്കുറെ ഇതുതന്നെ.

സാഹിത്യകാരൻ ഭ്രഷ്ടാവാണ്, സ്രഷ്ടാവാണ്, ദാർശനികനാണ്. പരിഷ്കർത്താവാണ്, പുരോഹിതനും പുരോഗമിയുമാണ്; സർവോപരി മനുഷ്യനുമാണ്. ഈശ്വരനിൽ നിന്നും വേർപെട്ട മനുഷ്യനെ വീണ്ടും ഈശ്വരനിലേക്കടുപ്പിക്കാൻ നിയുക്തനാണ്. ഉത്തമ സാഹിത്യം വേർപാടിന്റെ വേദനകൾ ഉണർത്തുന്നു. പുറപ്പാടിന്റെ ഉന്മേഷവും ഉത്തേജനവും പകർന്നു തന്നു സർവവിധമായ അനീതി തട്ടിമാറ്റാനും അസമത്വത്തിനെതിരെ പോരാടാനും ആഹ്വാനം നൽകുന്നു. സാമൂഹിക പുരോഗതിക്കുമപ്പുറത്തുള്ള ആദ്ധ്യാത്മിക പരിണാമത്തെ ത്വരിതപ്പെടുത്തുന്നു. സമാഗമം സാധ്യമാക്കുക എന്നതാണ് അതിന്റെ ആത്യന്തികലക്ഷ്യമെന്നു സാഹിത്യകാരൻ ഗ്രഹിക്കട്ടെ. വേർപാടിനെക്കുറിച്ചു മാത്രം പറയുകയും സമാഗമത്തെ നിഷേധിക്കുകയും ചെയ്യുന്ന നിഹിലിസ്റ്റ് സമൂഹവിരുദ്ധനാണ്. പ്രയാണം അധോഗമനമാക്കുന്ന കവി സമൂഹത്തിനു ദ്രോഹം ചെയ്യുന്നു. സർവസംഹാരപ്രക്രിയ ത്വരിതപ്പെടുത്തുന്ന കാവ്യവിധ്വംസകാരിയാണ്. ഉത്തമസാഹിത്യം സ്നേഹസാക്ഷാത്കാരത്തിലും സ്നേഹസാമ്രാജ്യത്തിലും വിശ്വസിക്കയും സമസ്ത മനുഷ്യരാശിയെയും അതിനു സഹായിക്കുകയും ചെയ്യുന്ന ശുദ്ധകലാവാദികൾ പ്രയാണത്തെ സുഗമമാക്കുന്നില്ല. നിഹിലിസ്റ്റും എക്സിസ്റ്റൻഷലിസ്റ്റും പ്രയാണത്തെ വിപത്കാരിയാക്കുന്നു. മാർക്സിസ്റ്റ് സാഹിത്യം പ്രയാണത്തെ സങ്കുചിതമാക്കുന്നു. യഥാർത്ഥ സാഹിത്യം വിശ്വവ്യാപിയായ സ്നേഹചംക്രമണത്തിനും തദ്വാരാ സാദ്ധ്യമാവേണ്ട സ്നേഹസാക്ഷാത്കാരത്തിനും വേണ്ടി നിലകൊള്ളട്ടെ. അനുഭൂതിപ്രതിപാദകമായ സാഹിത്യം തികച്ചും സാർത്ഥമാകുന്നത് അപ്പോഴാണ്. ഒരു പുതിയ ഭൂമിയിലേക്കും പുതിയ ആകാശത്തിലേക്കും സാഹിത്യവും സാഹിത്യകാരന്മാരും മാനുഷ്യകത്തെ സുധീരം എത്തിക്കട്ടെ.

തീർത്ഥാടനം
വിശുദ്ധ വേദപുസ്തകത്തിൽ

തീർത്ഥം (പുണ്യസ്ഥലം) തേടിയുള്ള യാത്രയാണ് തീർത്ഥാടനം. അഗസ്റ്റിൻ ജോർജി എന്ന ഫ്രഞ്ചു വേദശാസ്ത്രജ്ഞൻ ഇങ്ങനെ നിർവചിക്കുന്നു. A Pilgrimage is a journey made by believers to a place consecrated by some manifestation of the divine or by the activity of some great religious figure, in order to offer their prayers there in particularly favourable surroundings. മെക്കാളെയുടെ നിർവചനം പോലെ സമഗ്രവും ലളിതവുമാണ് ഈ വാക്യം എന്ന് പറയാതെ വയ്യ.

ശബരിമല, ശിവഗിരി, മഞ്ഞനിക്കര, പരുമല, മലയാറ്റൂർ തുടങ്ങി അനവധി തീർത്ഥാടന കേന്ദ്രങ്ങൾ കേരളത്തിൽ ഉണ്ടല്ലോ. എല്ലാ മതങ്ങളിലും കണ്ടുവരുന്ന ഈ ആചാരം യഹൂദമതത്തിലും ഉണ്ടായിരുന്നു. ജോസിയയുടെ മതനവീകരണത്തിന് മുമ്പ് ഇസ്രായേലിൽ അനവധി തീർത്ഥാടന കേന്ദ്രങ്ങൾ ജനങ്ങൾ അംഗീകരിച്ചിരുന്നു. തങ്ങളുടെ ചരിത്രത്തിലെ പുണ്യമുഹൂർത്തങ്ങളുമായി ബന്ധപ്പെട്ട വിശുദ്ധ സ്ഥലങ്ങളിൽ തങ്ങളുടെ ദൈവത്തെ അവർ തേടി.

ഡോ. ഡി. ബാബു പോൾ
ഐഎഎസ്

ബൈബിളിൽ കാണുന്ന ആദ്യത്തെ തീർത്ഥാടനം യാക്കോബിന്റേതാണ്. (ഉല്പത്തി 35:1-7) അബ്രഹാമിന് ശേഖേമിലും മമ്രെയിലും ഇസഹാക്കിന് ബർശേബായിലും യാക്കോബിന് ബഥേലിലും പെനിയേലിലും ദൈവദർശനം ഉണ്ടായി. ഈ സംഭവങ്ങളും സ്ഥലവിവരണങ്ങളും കനാന്യരുടെ പുണ്യസ്ഥലങ്ങൾക്ക് ഇസ്രായേലിന് ഹിതകരമായ പരിവേഷം നൽകാനുള്ള പരിശ്രമത്തിന്റെ ഭാഗമായി രേഖപ്പെടുത്തിയതാണ് എന്ന് പറഞ്ഞിട്ടുള്ളവരുണ്ട്. അത് എങ്ങനെ ആയാലും തീർത്ഥാടന കേന്ദ്രങ്ങൾ തുടർന്നു എന്നതിൽ തർക്കം വേണ്ടാ. 1. ശമു: 10:3 വ്യക്തമായ ഉദാഹരണം ആണ്. എന്നാൽ, ദാവീദ് പേടകം യരുശലേമിൽ എത്തിക്കുകയും ശലോമോൻ ദേവാലയം നിർമിക്കുകയും ചെയ്തതിനെതുടർന്ന് യരുശലേം ആയി മുഖ്യകേന്ദ്രം എങ്കിലും ജോസിയയുടെ കാലംവരെ ഇതര സ്ഥാനങ്ങളും ജനങ്ങളെ ആകർഷിച്ചു വന്നു. ആണ്ടുതോറും

മൂന്നു പ്രാവശ്യം (പുറ. 34:24) യാഹ്‌വെയുടെ സന്നിധിയിൽ മുഖം കാണിക്കുവാൻ അവർ പലപ്പോഴും ഈ സ്ഥലങ്ങൾ തിരഞ്ഞെടുത്തു. ജോസിയ ഇത് അവസാനിപ്പിച്ചു. എങ്കിലും പൂർണമായി അവസാനിച്ചത് പ്രവാസത്തിൽ നിന്ന് മടങ്ങിയെത്തിയ ശേഷമാണെന്ന് തോന്നുന്നു. ചിതറിപ്പാർക്കുന്നവരുടെ സംഖ്യയും അവർ ചെന്നുപെട്ട സ്ഥലങ്ങളുടെ വിദൂരതയും ഒരു കേന്ദ്രം എന്ന ആശയം ഉറപ്പിക്കാൻ സഹായിച്ചുമിരിക്കാം. സങ്കീ. 120-134 തീർത്ഥാടകരുടെ പ്രാർത്ഥനകളും മാനസികാവസ്ഥയും വ്യക്തമാക്കുന്നു. കർത്താവിന്റെ ഭവനത്തോടും വിശുദ്ധനഗരത്തോടുമുള്ള ആത്മബന്ധം, വിശ്വാസം, ഒത്തുചേരുന്നതിന്റെ ആത്മഹർഷം ഒക്കെ ഈ ഭാഗങ്ങൾ തെളിയിക്കുന്നു. ഏശായ തുടങ്ങിയവർ യുഗാന്ത്യപ്രത്യാശയുടെ ഭാഗമായി വരച്ച ചിത്രവും ശ്രദ്ധിക്കുക 2:2-5. ദൈവമക്കൾ തീർത്ഥാടക സമൂഹമാണ് എന്ന ആശയം ഇവിടെ തുടങ്ങുന്നു.

യേശു തീർത്ഥാടനം ചെയ്തു (ലൂ. 2:41, യോഹ. 2:13). പൗലൊസ് തീർത്ഥാടനം ഒഴിവാക്കിയില്ല (അ.പ്ര. 20:16, 24:11). എന്നാൽ, ദേവാലയത്തിന്റെ നാശവും യരുശലേമിന്റെ പതനവും പ്രവചിച്ചവന്റെ മഹത്വകരിക്കപ്പെട്ട ശരീരം പുതിയ ദേവാലയം ആയപ്പോൾ (യോഹ. 2:19) അവനിൽ വിശ്വസിക്കുന്നവരുടെ ജീവിതം യുഗാന്ത്യോന്മുഖമായ തീർത്ഥാടനം ആയി ഭവിച്ചു (2 കൊരി. 5:6-8, എബ്രാ. 13:14). പാപാഭിമുഖ്യത്തിന്റെ മിസ്രയിമിൽ നിന്ന് സ്വർഗീയ യരുശലേമിലേക്കുള്ള ഈ പുറപ്പാട് യേശുവിന്റെ സഭയെ തീർത്ഥാടകസഭ ആക്കുന്നു. ഈ തീർത്ഥാടകസഭയുടെ ലക്ഷ്യം ആയ ദേവാലയം ആകട്ടെ കർത്താവും കുഞ്ഞാടും ആണ്. (വെളി. 21:22-26.)

എന്നാൽ, കർത്താവ് ജീവിച്ച സ്ഥലങ്ങളും കർത്താവിനെ പ്രീതിപ്പെടുത്തിയ വിശുദ്ധരുടെ മദ്രേകളും ബഥേലുകളും ചരിത്രബദ്ധമായ പരിമിതികൾക്ക് അതീതമല്ലാത്ത സഭയ്ക്ക് തീർത്ഥാടനകേന്ദ്രങ്ങൾ തന്നെ. വിശ്വാസത്തിലും പ്രാർത്ഥനയിലും ഐക്യപ്പെടുവാനും യഥാർത്ഥ തീർത്ഥാടനത്തിന്റെ ലക്ഷ്യമായ സ്വർഗീയ കുഞ്ഞാടിനെ വ്യക്തിജീവിതത്തിന് ലക്ഷ്യമായി പ്രതിഷ്ഠിക്കുവാനും പ്രേരകമാകുന്നില്ലെങ്കിൽ ഈ കേന്ദ്രങ്ങളിലേക്കുള്ള യാത്ര അനുഷ്ഠാനമായി അധഃപതിക്കും എന്നു മാത്രം. ജറോമും ക്രിസോസ്റ്റവും വിമർശിച്ചതും ഇറാസ്മസ് പരിഹസിച്ചതും ഇത്തരം അനുഷ്ഠാനങ്ങളെയാണ്. ഉദാത്തമായ തലങ്ങളിലേക്ക് ഉയരുമ്പോഴാണ് തീർത്ഥാടനം "a quest for God and an encounter with Him in the context of worship" ആയി രൂപാന്തരപ്പെടുന്നത്.





പരിശുദ്ധ യുഗപുരുഷൻ പരുമലത്തിരുമേനി

മനുഷ്യന് മനഃശാന്തിയാണ് ഏറ്റവുമധികം ആവശ്യമായിട്ടുള്ളത്. ഇതു നേടാനുള്ള പ്രയത്നമാണ് അറിഞ്ഞോ അറിയാതെയോ എല്ലാവരും ചെയ്യുന്നത്. സ്വാദോടെ ഭക്ഷണം കഴിക്കണമെങ്കിലും സുഖമായി ഉറങ്ങണമെങ്കിലും മനഃശാന്തി വേണം. ഇതു നേടാനൊരു കുറുക്കുവഴി യോഗദർശനത്തിന്റെ പ്രണേതാവായ പതഞ്ജലി കാട്ടിത്തരുന്നുണ്ട്. സുഖത്തിനോടു മൈത്രി, ദുഃഖിതരോടു കാരുണ്യം, പുണ്യത്തോട് സന്തോഷം, പാപത്തോട് ഉപേക്ഷ എന്നിവ ശീലിച്ചാൽ മതി മനഃശാന്തി തനിയെ ഉണ്ടാകുമെന്നാണ് അദ്ദേഹത്തിന്റെ ഉപദേശം. കേൾക്കുമ്പോൾ സരളമാണെങ്കിലും ശീലിക്കുമ്പോളറിയാം എത്ര ദുഷ്കരമാണെന്ന്.

മഹാപുരുഷന്മാർ എപ്പോഴും സമാനചിന്താഗതിക്കാരാണ്. പരുമല കൊച്ചുതിരുമേനി എന്ന് ആരാധകർ പ്രിയ നാമം നൽകിയിരിക്കുന്ന പുണ്യപുരുഷനായ പരിശുദ്ധ പരുമല ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഉപദേശങ്ങൾ പുരാതനനായ പതഞ്ജലീമഹർഷിയുടെ ഉപദേശത്തെയാണ് ഈ ലേഖകനെപ്പോലുള്ളവരെ ഓർമ്മിപ്പിക്കുന്നത്. ദുഃഖിതരോടു കാരുണ്യവും പാപത്തോട് ഉപേക്ഷയും സ്വയം അനുശീലനം ചെയ്തുകൊണ്ട്, അങ്ങനെ ചെയ്യാൻ അന്യരെ പ്രേരിപ്പിച്ച തിരുമേനിയുടെ ജനനത്തിന്റെ നൂറ്റമ്പതു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു.

കേരളത്തിലെ ഓർത്തഡോക്സ് സഭ വിശുദ്ധനായി പ്രഖ്യാപിച്ച പരിശുദ്ധ തിരുമേനി അക്കാര്യത്തിലും ഒരു അപൂർവ വ്യക്തിയാണ്. റഷ്യൻ ഓർത്തഡോക്സ് സഭയും ഭാരതീയ ഓർത്തഡോക്സ് സഭയും മാത്രമേ

ആചാര്യ നരേന്ദ്രഭൂഷൺ

ആരെയെങ്കിലും വിശുദ്ധപദവി നൽകി പൂജിച്ചിട്ടുള്ളൂവെന്ന് ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്ത രേഖപ്പെടുത്തിയിട്ടുണ്ട്. റോമൻ കത്തോലിക്ക സഭയാണ് സാമാന്യം ദീർഘമായ അന്വേഷണ-പരീക്ഷണപ്രക്രിയയിലൂടെ വിശുദ്ധന്മാരെയും വിശുദ്ധകളെയും കണ്ടെത്തി പ്രഖ്യാപിക്കാറുള്ളത്. ഓർത്തഡോക്സ് സഭ വിശുദ്ധനായി പ്രഖ്യാപിച്ച ഏക വ്യക്തിയാണ് പരിശുദ്ധ പരുമല തിരുമേനി എന്ന് പറയുന്നത് സാങ്കേതികമായിട്ടല്ലെങ്കിലും പ്രായോഗികമായി ശരിയാണ് എന്ന് ഡോ. കെ.എം. തരകൻ പറയുകയുണ്ടായി. വിശ്വാസികളും ആരാധകരും അദ്ദേഹത്തെ വിശുദ്ധനായി അംഗീകരിച്ച് മാധ്യസ്ഥത്തിലൂടെ ദുഃഖദുരിതങ്ങൾക്ക് അറുതിവരുത്തി മനഃശാന്തി നേടിക്കൊണ്ടിരിക്കുന്നു.

ദൈവം സാധുക്കളുടെ ഭാഗത്തുണ്ട്. സകലത്തിലും ദൈവത്തെ ഓർത്ത് പ്രവർത്തിക്കുക. അപ്പോൾ സകലവും നമുക്ക് ശുഭമായിത്തീരും. ആത്മാവിനെക്കാൾ ശരീരത്തെയും ദൈവത്തെക്കാൾ ദ്രവ്യത്തെയും സ്നേഹിക്കരുത്. ദൈവഭയമില്ലാത്തവരെ കൂട്ടുകാരാക്കരുത്.

എറണാകുളം ജില്ലയിലെ മുളന്തുരുത്തിയിൽ പള്ളത്തട്ട എന്ന കുടുംബത്തിന്റെ ശാഖയായ ചാത്തൂരുത്തി തറവാട്ടിലാണ് ഈ വിശുദ്ധൻ പിറന്നത്. കൊച്ചുമത്തായിയും മറിയവുമാണ് പിതാവും മാതാവും. കൊച്ചയിപ്പോര എന്നാണ് ഗീവറുഗീസിനെ വിളിച്ചു പോന്നത്. രണ്ടു സഹോദരന്മാരും രണ്ടു സഹോദരിമാരുമാണ് കൊച്ചയിപ്പോരയ്ക്ക് ഉണ്ടായിരുന്നത്. രണ്ടു വയസ്സാകും മുമ്പേ അമ്മയെ നഷ്ടപ്പെട്ടപ്പോൾ മൂത്ത സഹോദരി മറിയം ഇളയ സഹോദരന്റെ പരിചരണം ഏറ്റെടുത്ത് തറവാട്ടിൽ വന്ന് പാർപ്പാക്കി. അവർക്കും ഇതേ പ്രായത്തിൽ ഒരു കുട്ടിയുണ്ടായിരുന്നു. അക്കാലത്തെ നാട്ടുനടപ്പനുസരിച്ചുള്ള പ്രാഥമിക വിദ്യാഭ്യാസം ഓണക്കാവിൽ അയ്യാ, മണിയാശാൻ എന്നിവരിൽ നിന്ന് നേടി. അധ്യയനത്തിൽ അതിസമർത്ഥനായിരുന്ന കൊച്ചയിപ്പോര ബാല്യത്തിൽ തന്നെ തന്നിൽ അന്തർലീനമായിരുന്ന പാകതയും വിനയവും ലൗകികാഡംബരങ്ങളോട് അനാസക്തിയും പ്രകടമാക്കിയിരുന്നു. ആധ്യാത്മിക ജീവിതചര്യകളോടായിരുന്നു അന്നേ ആഭിമുഖ്യം. വിശുദ്ധ ഗ്രന്ഥാധ്യയനവും പ്രാർത്ഥനയുമായിരുന്നു ഏറ്റവും ഇഷ്ടം. കൊച്ചയിപ്പോരയുടെ പിതൃസഹോദരനായിരുന്നു ഗീവറുഗീസ് മല്പാൻ. അദ്ദേഹം കൊച്ചയിപ്പോരയിൽ കുടികൊള്ളുന്ന ആധ്യാത്മികതേജസ്സിനെ കണ്ടെത്തുകയും അതിനെ ഉത്തേജിപ്പിക്കുകയും ചെയ്തു.

സുറിയാനി ഭാഷാ പണ്ഡിതനായിരുന്നു ഗീവറുഗീസ് മല്പാൻ. അദ്ദേഹം കൊച്ചയിപ്പോരയെ സുറിയാനി അഭ്യസിപ്പിച്ചു. ഗാനാലാപനത്തിനും സമർത്ഥനായിരുന്ന ബാലനെ ഗീതങ്ങളും പഠിപ്പിച്ചു. വളരെ വൈകാതെ തന്നെ കുടുംബാംഗങ്ങളുടെ അനുമതിയോടെ വൈദികാഭ്യസനത്തിനായി അയച്ചു. കരിങ്ങാശ്രപള്ളിയിൽ വച്ച് പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസ്യോസ് മെത്രാപ്പൊലീത്തയാണ് 1858ൽ കൊച്ചയിപ്പോരയ്ക്ക് കോറൂയോ സ്ഥാനം നൽകിയത്. അങ്ങനെ ഗീവറുഗീസ് ശെമ്മാശ്ശനായി. വൈദികവൃത്തിയുടെ പ്രാരംഭവിദ്യകൾ അഭ്യസിപ്പിച്ചത് പിതൃസഹോദരനായിരുന്നു. അദ്ദേഹമാണ് സന്യാസജീവിതത്തിലേക്ക് ഗീവറുഗീസ് ശെമ്മാശ്ശനെ നയിച്ചത്. ഗൃഹസ്ഥാശ്രമം സ്വീകരിക്കുന്നതിന് പിതാവ് നിർബ്ബന്ധിച്ചെങ്കിലും വഴങ്ങിയില്ല. മല്പാനുമായുള്ള ഗുരുശിഷ്യബന്ധം കൂടുതൽ കാലം തുടരാൻ വിധി സമ്മതിച്ചില്ല. മല്പാൻ വസൂരി ബാധിച്ച് 1865ൽ മരിച്ചു. ഈ വേർപാട് ശെമ്മാശ്ശനിൽ കൂടുതൽ വിരക്തി ഉണ്ടാക്കിയതായി അനുമാനിക്കാം. ഊർശ്ലേം യാത്രാവിവരണത്തിന്റെ ആരംഭത്തിൽ ''എന്നാലും മരണം വൃദ്ധന്മാരെ എന്നപോലെ യുവാക്കളെയും പിടികൂടുന്ന ദയയില്ലാത്ത ക്രൂരനാണെന്ന്'' എഴുതിച്ചത് പിതൃസഹോദരന്റെ മരണത്തോടുള്ള പ്രതികരണമായിരിക്കണം. ശെമ്മാശ്ശനെയും അക്കാലത്ത് വസൂരി ബാധിച്ചെങ്കിലും അദ്ഭുതകരമായി രോഗമുക്തനായി. പിന്നീട് പാമ്പാക്കുടയിലെ സഹോദരീഭവനമായ നെടുംപാമ്പാക്കുട വീട്ടിൽ താമസിച്ച് കോനാട്ട് മല്പാനച്ചൻ എന്ന പണ്ഡിതന്റെ ശിഷ്യനായി സുറിയാനിയും ദൈവശാസ്ത്രവും അഭ്യസിച്ചു. അവിടെ ഉണ്ടായിരുന്ന അപൂർവ്വ ഗ്രന്ഥങ്ങൾ പഠിച്ച്, ഓർത്തഡോക്സ് ആരാധനാക്രമങ്ങൾ, കാനോൻ നിയമങ്ങൾ എന്നിവയിൽ നിഷ്ണാതനായി.

അക്കാലത്ത് കേരളത്തിലെത്തിയ അന്ത്യോഖ്യ പ്രതിനിധി യൂയാക്കീം മാർ കുറിലോസ് മെത്രാപ്പൊലീത്തയുമായി സന്ധിക്കുകയും അദ്ദേഹത്തിന്റെ വിശേഷ മൈത്രിക്ക് പാത്രീഭൂതനാവുകയും ചെയ്തു. ക്രമേണ ഈ മൈത്രീബന്ധം ശെമ്മാശ്ശനെ കോറെപ്പിസ്കോപ്പ പദവിയിലെത്തിച്ചു. ഈ കാലയളവും ബന്ധവും അദ്ദേഹത്തിന്റെ ജീവിതത്തിലെ അർത്ഥപുഷ്ടവും പ്രയോജനപ്രദവുമായ വഴിത്തിരിവായി. സുറിയാനിഭാഷയിലും ദൈവശാസ്ത്രത്തിലും പൂർണ പാണ്ഡിത്യം നേടാനും ദയറാജീവിതത്തിൽ ആകൃഷ്ടനാകാനും ഈ അവസരം കോറെപ്പിസ്കോപ്പയ്ക്കു സഹായകമായി.

വ്രതപരിപാലനത്തോടെയുള്ള സംശുദ്ധജീവിതം കൂടുതൽ ദൃഢമാക്കാൻ മുളന്തുരുത്തി പള്ളിവക

വെട്ടിക്കൽ ദയറയിൽ വാസമാരംഭിച്ചു. 1872ൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പൊലീത്ത ഇദ്ദേഹത്തെ റമ്പാനായി വാഴിച്ചു. തപശ്ചര്യകൾ, ഉപവാസം, വ്രതാനുഷ്ഠാനങ്ങൾ എന്നിവ നിഷ്ഠാപൂർവ്വം സാധന ചെയ്ത റമ്പാൻ ക്രമേണ ദൈവദർശനവും സാക്ഷാത്കാരവും നേടി. അദ്ദേഹം യോഹന്നാനെപ്പോലെ ഒരു യോഗേശ്വരനായെന്നും മോശയെപ്പോലെ മുഖകാന്തി ഉള്ള മഹാത്മാവായെന്നും ആ ദിവ്യ പ്രകാശധോരണിയിൽ ആകൃഷ്ടരായി അനേകം വിശ്വാസികൾ വെട്ടിക്കൽ ദയറയിലേക്ക് വന്നുകൂടിയെന്നും അവർ ആശ്വാസം നേടിയെന്നും ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പൊലീത്ത 'പരുമലതിരുമേനിയും വെട്ടിക്കൽ ദയറായും' എന്ന ശീർഷകത്തിൽ സെന്റ് ഗ്രിഗോറിയോസ് പ്ലാറ്റിനം ജൂബിലി സുവനീറിൽ (1977 പരുമല) രേഖപ്പെടുത്തുന്നു.

1875ൽ മാർ പത്രോസ് പാത്രിയർക്കീസ് കേരളം സന്ദർശിച്ചപ്പോൾ ഗീവറുഗീസ് റമ്പാച്ചൻ അദ്ദേഹത്തെ ദിഭാഷിയും സെക്രട്ടറിയുമായി അനുഗമിച്ചു. കേരളത്തിലെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് 1876ൽ മുളന്തുരുത്തി പള്ളിയിൽ നടന്ന മൂറോൻ കൂദാശ ശുശ്രൂഷയിലും ചരിത്ര പ്രാധാന്യമുള്ള സുന്നഹദോസിലും പങ്കാളിയായി. 1876 ഡിസംബർ 10-ാം തീയതി മാർ ഗ്രിഗോറിയോസ് എന്ന നാമത്തിൽ റമ്പാൻ, മെത്രാപ്പൊലീത്തയായി അഭിഷിക്തനായി. അന്നദ്ദേഹത്തിന് ഇരുപത്തൊൻപതു വയസ്സേ ആയിരുന്നുള്ളൂ. മറ്റ് മെത്രാപ്പൊലീത്തമാരെ അപേക്ഷിച്ച് വളരെ പ്രായക്കുറവായിരുന്നതിനാൽ 'കൊച്ചുതിരുമേനി' എന്ന് പേരു വീണു. ഇന്നും വിശ്വാസികളുടെ നാവിൽ ആ പേരാണ് അദ്ദേഹത്തെ സ്മരിക്കുമ്പോൾ ഉദിക്കുന്നത്.

അഭിഷിക്തനായ മെത്രാപ്പൊലീത്ത തിരുമേനി വെട്ടിക്കൽ ദയറയിൽ തിരിച്ചെത്തി നാല്പതുനാൾ നോമ്പും ഉപവാസവും അനുഷ്ഠിച്ച് ആത്മശുദ്ധിയും സഹനശക്തിയും വർദ്ധിപ്പിച്ചു. പിന്നീട് നിരണം ഇടവകയുടെ ആസ്ഥാനമായ പരുമലയിൽ എത്തി. അദ്ദേഹത്തിന്റെ സമർപ്പിത ജീവിതത്തിന്റെ പ്രവർത്തനപുഷ്ടമായ നാളുകൾ ഇവിടെ ആരംഭിക്കുന്നു. ബ്രാഹ്മമുഹൂർത്തത്തിൽ ഉണർവ്വ്, അരുണോദയം വരെ പൊതുപ്രാർത്ഥന, തുടർന്ന് ശെമ്മാശ്ശന്മാരുടെ അധ്യാപനം, രഹസ്യപ്രാർത്ഥന, പ്രാതൽ, വീണ്ടും അധ്യാപനം, പ്രാർത്ഥന, ഭക്ഷണം, വിശ്രമം, അധ്യാപനം, ഭരണകാര്യാന്വേഷണം, ശെമ്മാശ്ശന്മാരെ രാഗാലാപനം അഭ്യസിപ്പിക്കൽ, സ്വാധ്യായം, പത്തിന് ഉറക്കം എന്നിങ്ങനെ അഴിവില്ലാത്ത ഒരു വ്രതമായിരുന്നു അദ്ദേഹത്തിന്റെ നിത്യജീവിതം. നോമ്പുകാലങ്ങളിൽ ചില വ്യത്യാസങ്ങൾ വരുത്തിയിരുന്നതായി പവിത്രരചനകൾ എന്ന കൃതിയിൽ ഡോ. സാമുവൽ ചന്ദനപ്പള്ളി, ഫാ. ഇ.ജെ. ഏബ്രഹാമിനെ പകർത്തിക്കൊണ്ട് രേഖപ്പെടുത്തുന്നു.

പരുമലയിലെ സെമിനാരിയും അവിടത്തെ മഹായോഗിയും പുണ്യാത്മാവും ആരാധകരുടെ മനസ്സിൽ കുടികൊണ്ടു. പരുമലപ്പള്ളിയുടെ പ്രസിദ്ധിക്കും പ്രശസ്തിക്കും കാരണഭൂതൻ പരിശുദ്ധ പരുമലത്തിരുമേനിയാണെന്ന് പ്രസിദ്ധമാണല്ലോ. കഠിനമായ തപശ്ചര്യയിലൂടെയും വ്രതാനുഷ്ഠാനങ്ങളിലൂടെയും മാത്രമല്ല നിരന്തരം യാത്ര ചെയ്തും അധ്വാനിച്ചും അദ്ദേഹം ഭക്തകോടികളെ സമാശ്വസിപ്പിക്കാൻ പരുമലദേവാലയത്തിലും സെമിനാരിയിലും അവരുടെ ദുഃഖങ്ങളുടെയും ദുരിതങ്ങളുടെയും കെട്ടഴിച്ചു വയ്ക്കുന്നതിന് ഒരു തിരുസന്നിധിയുണ്ടാക്കി. അവിടെനിന്ന് ആശ്വാസം നേടുന്നവർക്ക് ജാതിമതഭേദങ്ങളില്ല. ഞായറാഴ്ചകളെക്കാളധികം ഭക്തന്മാർ അവിടെ ദുഃഖഭാരമിറക്കാൻ കണ്ടെത്തുന്ന ദിവസം വെള്ളിയാഴ്ചയാണ് എന്നത് യാദൃച്ഛികമല്ല.

1895ൽ അദ്ദേഹം വിശുദ്ധനാട്ടിലേക്ക് സഹയാത്രികരുമായി ഒരു തീർത്ഥയാത്ര നടത്തി. 'ഊർശ്ലേം യാത്രാ വിവരണം' എന്ന പേരിൽ ഈ യാത്രയെപ്പറ്റി അദ്ദേഹം എഴുതിയതാണ് മലയാളത്തിൽ അച്ചടിച്ച ആദ്യത്തെ സഞ്ചാരസാഹിത്യഗ്രന്ഥമെന്നു സാഹിത്യഗവേഷകനായ പോൾ മണലിൽ അതിന്റെ മുഖക്കുറുപ്പിൽ പറയുന്നു. സുറിയാനിയിലും മലയാളത്തിലും അദ്ദേഹം പല ഗ്രന്ഥങ്ങളും രചിച്ചിരിക്കണം. നിർഭാഗ്യത്താൽ അവയൊന്നും ഇന്ന് ഉപലബ്ധമല്ല.

അദ്ദേഹത്തിന്റെ വിസ്തൃതമായൊരു ജീവചരിത്രം പോലും മലയാളത്തിലില്ല എന്നതു ഖേദകരമാണ്. അദ്ദേഹത്തിന്റെ ചില തിരുവരുളുകൾ കേൾക്കുക.

''ദൈവത്തെ ഭയപ്പെടണം. സാത്താനെ ഭയപ്പെടരുത്. ശത്രുവിനെയും സ്നേഹിക്കണം. ബന്ധുക്കളെ ശത്രുക്കളാക്കരുത്. ദൈവത്തോടു ചോദിച്ചു നടക്ക; പിതാവിനോടു ചോദിക്ക. പിതാവു കൈവിട്ടാൽ ദൈവം കൈവിടും.

ദൈവം സാധുക്കളുടെ ഭാഗത്തുണ്ട്. സകലത്തിലും ദൈവത്തെ ഓർത്ത് പ്രവർത്തിക്കുക. അപ്പോൾ സകലവും നമുക്ക് ശുഭമായിത്തീരും. ആത്മാവിനെക്കാൾ ശരീരത്തെയും ദൈവത്തെക്കാൾ ദ്രവ്യത്തെയും സ്നേഹിക്കരുത്. ദൈവഭയമില്ലാത്തവരെ കൂട്ടുകാരാക്കരുത്.

സകലതിലും സത്യക്രിസ്ത്യാനികളുടെ ലക്ഷണത്തിൽ നടക്കയും അത് രാവും പകലും മക്കളെ പഠിപ്പിക്കയും ചെയ്യുക.

ദൈവത്തെ ഓർത്താൽ വ്യസനിപ്പാൻ ഇടവരില്ല. ദുർനടത്തക്കാരായിരുന്നാൽ നാശത്തിനു വാതിൽ തുറക്കപ്പെട്ടതായിരിക്കും. പന്നികളെപ്പോലെ ആകാതെ ദൈവത്തെ വിളിച്ചു സങ്കടപ്പെട്ടാൽ താൻ ഒരിക്കലും കൈവിടുകയില്ല.

പട്ടംകൊടയ്ക്ക് നാം സംശയിക്കുന്നു. വിവാഹം കൂടാതെ പാടില്ല. അല്ലെങ്കിൽ റമ്പാന്മാരാകണം. ആ സ്ഥിതിയിൽ ഒരുത്തൻ ഉണ്ടായാൽ നമ്മെ പ്രത്യേകം ഓർപ്പാൻ ഇടവരുമല്ലോയെന്നു വിചാരവും ഉണ്ട്. അതു നാം ദൈവത്തിൽ വച്ചിരിക്കുന്നു.

കുടുംബം യോജിച്ചിരിക്കയും തമ്മിൽ എല്ലാ കാര്യവും ആലോചിച്ചു നടക്കുകയും ചെയ്താൽ വലിയ ഭാഗ്യം. അതിനു തമ്മിൽ പിഴകൾ പൊറുക്കുകയും സഹായമായിരിക്കയും ചെയ്യാതെ കഴികയില്ലല്ലോ. തമ്മിൽ ശത്രുക്കൾ എന്നു കേൾക്കുന്നത് നമുക്കു വലിയ വ്യസനം തന്നെ.

നിങ്ങൾ കള്ളസാക്ഷിക്കാരൻ ആകരുതെന്നല്ലാതെ സത്യംവിട്ട് ഒരു കക്ഷിക്ക് ദോഷമായി പ്രവർത്തിക്കണമെന്ന് എനിക്ക് എഴുതുവാനും പറയുവാനും നിരൂപിക്കാനും പാടുള്ളതല്ലല്ലോ.

വിയർപ്പാൽ അപ്പം ഭക്ഷിച്ചു കൊള്ളണമെന്നാണ് ദൈവം കല്പിച്ചിട്ടുള്ളത്. എന്തിനെങ്കിലും കൊള്ളാതിരുന്നാൽ എന്തു ഫലം? ഉള്ളവൻ ഇല്ലാത്തവനെപ്പോലെ വിചാരിച്ചു പരിശ്രമിക്കണം. വേലയെടുക്കാതിരുന്നാൽ പിത്തം ഉണ്ടാകും. മറ്റുള്ളവർക്കും ദൃഷ്ടാന്തമായിരിക്കണം. അയൽവാസികളെയും അഗതികളെയും സഹായിക്കണം.

സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ ഇപ്പോൾ വളരെയും ആകുന്നു. അത് ഒടുക്കകാലമാക കൊണ്ടായിരിക്കാം. ജയിപ്പാൻ മാത്രമല്ല, തോല്പാനും പഠിക്കണം. 'അരമുള്ളവരോടുരമിടണം.'

മിടുക്കനാകണ്ട. ഭോഷനാകയുമരുത്. ബലമറിഞ്ഞു നടക്കണം. ബുദ്ധി പഠിക്കണം. ബുദ്ധിമാൻ എന്നു പഠിക്കരുത്. മക്കൾക്ക് വിദ്യ ഉണ്ടാക്കിക്കൊടുക്കുമെങ്കിൽ അതു മതി. എളിയവന്റെ നിലവിളി ദൈവം കേൾക്കും. വേല ചെയ്വാൻ മനസ്സില്ലാത്തവന് അപ്പം ഭക്ഷിപ്പാനും ദുർലഭം എന്നാണല്ലോ ശ്ലീഹാ പറഞ്ഞിരിക്കുന്നത്.

മറ്റുള്ളവരേക്കാൾ വലിയവൻ എന്നോർക്കരുത്. എത്ര ദരിദ്രനായാലും തങ്ങളെക്കാൾ അവൻ വലിയവൻ എന്നോർക്ക.

കടംവാങ്ങിപ്പാൻ മടിപ്പിൻ. വാങ്ങിച്ചുപോയാൽ അതു വീട്ടുന്നതു വരെ ഉറങ്ങാതെ ജാഗരണപ്പെട്ടു കൊൾവിൻ. മരണം എല്ലാവർക്കും വാതുക്കൽ തന്നെ നിൽക്കുന്നു. എന്നോർത്തു കൊള്ളണം. നമ്മുടെ കുടുംബത്തിലെ വൃദ്ധന്മാരും വൃദ്ധസ്ത്രീകളും ആയിരിക്കുന്ന കാർന്നവന്മാരെ പോഷിപ്പിക്കുന്നതും അവരെ സന്തോഷിപ്പിക്കുന്നതും നമുക്കു വലുതായ ഒരു നിക്ഷേപമാകുന്നു എന്നും ഓർക്കണം.

നിങ്ങളുടെ സകല നടത്തകളിലും അനുസരണത്തെ പ്രാപിക്ക. തിരിച്ചറിഞ്ഞു നന്മയെ സ്നേഹിക്ക. തിന്മയെ തള്ളിക്കളക. മടിയെ ദൂരെ എറിഞ്ഞു രാവിലും പകലിലും നല്ല വേലകൾക്കായി ഉത്സാഹിക്ക.''

പരിശുദ്ധ പരുമലത്തിരുമേനിക്ക് ക്രമേണ അർശ്ശസ് മൂർച്ചിച്ച് അതിനു ചെയ്ത ചികിത്സ അതിസാരത്തിനു കാരണമായി. അന്ത്യത്തെപ്പറ്റി അദ്ദേഹത്തിന് യോഗിവര്യന്മാരെ പോലെ അറിവുണ്ടായിരുന്നു. രോഗശയ്യയിൽ കിടക്കെ ഇന്ന് എത്രാം തീയതിയാണ് എന്നദ്ദേഹം ചോദിച്ചു. 18-ാം തീയതി എന്ന് ഉത്തരം കിട്ടിയപ്പോൾ ''കർത്താവേ! ഇനിയും രണ്ടു നാൾ കൂടി ഈ കഷ്ടത ഞാൻ സഹിക്കണമല്ലോ'' എന്നു പറഞ്ഞുവത്രേ. ഈ തീയതി സുറിയാനിക്കണക്കിനാണ്. ഇംഗ്ലിഷ് തീയതിക്കണക്കിന് 1902 ഒക്ടോബർ 31 ആണ്. പ്രസ്തുത 18. 1902 നവംബർ രണ്ടാം തീയതി അദ്ദേഹം കാലം ചെയ്തു.

1947ൽ ആണ് അദ്ദേഹത്തെ വിശുദ്ധനായി പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവ ഒരു കല്പനയിലൂടെ പ്രഖ്യാപിച്ചത്. അങ്ങനെ കേരള ജനതയ്ക്ക് അഭിമാനിക്കാവുന്ന ഒരു പരിശുദ്ധ യുഗപുരുഷനെ ഈ ധരണിക്കു ലഭിച്ചു.

ഈശ്വരാഭിമുഖമായ മനസ്സോടു കൂടിയവർക്കേ മനഃശാന്തി നേടാനും മറ്റുള്ളവർക്കു നൽകാനും കഴിയൂ എന്നതിന് നിർദർശനമാണ് പരിശുദ്ധ മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്ത എന്ന പരുമലത്തിരുമേനിയുടെ ജീവിതം.

എന്റെ ഉള്ളന്നൂർ പള്ളി



ഉള്ളന്നൂർ വലിയപള്ളിയുടെ പുനർനിർമ്മാണത്തിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വികാരിയുടെ ലേഖനം



ഫാ. മാത്യു തോമസ്
(വികാരി)

പരിശുദ്ധ പരുമലത്തിരുമേനിയുടെ തൃക്കരങ്ങളാൽ അടിസ്ഥാന ശില സ്ഥാപിച്ചു പണിതീർത്ത ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയുടെ വികാരി ആയി സേവനം അനുഷ്ഠിക്കുവാൻ ലഭിച്ച അവസരം ജീവിതത്തിൽ ഒരു വലിയ ഭാഗ്യമായി കണക്കാക്കുന്നു. തുമ്പമൺ ഭദ്രാസനത്തിൽ അന്നു നിലവിലിരുന്ന പള്ളികളുടെ സ്ഥലനാമങ്ങൾ ചേർത്ത് 'ഭൂവിലശേഷം' എന്ന പാട്ടിന്റെ ഈണത്തിൽ സഭാകവി സി.പി. ചാണ്ടി ഒരു ഗാനം രചിക്കുകയുണ്ടായി. ആ ഗാനത്തിൽ ഉള്ളന്നൂർ, ഓമല്ലൂർ, പ്രക്കാനം, റാന്നി എന്നവസാനിക്കുന്ന ഒരു വരി ഉണ്ട്. അങ്ങനെ ഉള്ളന്നൂർ എന്ന സ്ഥലനാമം വളരെ പരിചിതമാണ്. എന്നാൽ ആ പ്രദേശത്തെയും അവിടത്തെ ജനങ്ങളെയും അടുത്തറിയുവാനും അവരുടെ സ്നേഹാദരവുകൾ ഏറ്റുവാങ്ങുവാനും ഇടയായിത്തീർന്നത് ഒരു ദൈവാനുഗ്രഹമാണ്.

വികാരിയായി നിയമിച്ചുകൊണ്ടുള്ള ഇടവക മെത്രാപ്പൊലീത്തയുടെ കല്പന ലഭിച്ചതിനെ തുടർന്നു ചാർജെടുക്കുന്നതിനു തലേദിവസം ദേവാലയ പരിസരത്ത് എത്തിയപ്പോൾ പള്ളിയിലേക്ക് ഒരു വിലാപയാത്ര കടന്നു വരുന്നതാണ് കാണാൻ കഴിഞ്ഞത്. ശവസംസ്കാരം കഴിഞ്ഞു വികാരിയോടൊപ്പം പള്ളിമുറിയിൽ എത്തിയപ്പോൾ ഇടവകയിലെ മറ്റൊരു മരണവാർത്തയും കേൾക്കാനിടയായി. ഏതോ ഒരു ദുശ്ശകുനത്തിന്റെ ലക്ഷണം പോലെ തോന്നി. എങ്കിലും പരിശുദ്ധ പരുമലത്തിരുമേനി സ്ഥാപിച്ച ദേവാലയം ആയതിനാൽ തിരുമേനിയുടെ മധ്യസ്ഥതയും കാവലും ഉണ്ടായിരിക്കും എന്നു വിശ്വസിച്ചു ദൈവത്തിൽ ശരണപ്പെട്ടു. മുന്നൂറിൽപ്പരം വീട്ടുകാർ ഉൾപ്പെട്ട ഇടവകയിൽ നിന്നും നൂറോളം വീട്ടുകാർ മാറി ഒരു സ്വതന്ത്ര ഇടവകയായി മുന്നോട്ടു പോകുവാനുള്ള ചിന്ത ഉടലെടുത്തതോടു കൂടി ഉണ്ടായ അഭിപ്രായ ഭിന്നതമൂലം ഇടവകയിൽ അന്ന് അസമാധാനാന്തരീക്ഷം നിലനിന്നിരുന്നു.

പ്രസ്തുത പ്രശ്നത്തിനു പരിഹാരം കാണേണ്ട ആവശ്യമായിരുന്നു മുഖ്യ ചുമതലയായി ആദ്യം ഏറ്റെടുക്കേണ്ടി വന്നത്. ദൈവാത്മാവ് മനുഷ്യ ഹൃദയങ്ങളിൽ പ്രവർത്തിക്കുമ്പോൾ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ സാധിക്കും എന്ന ഉത്തമ വിശ്വാസം ഉണ്ടായിരുന്നു. ഇരുപക്ഷത്തുമുള്ള തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ കൂട്ടായ

ചർച്ചയിലൂടെ പുതിയ ഇടവകയായി നൂറോളം വീട്ടുകാർ വട്ടയം ചാപ്പലിലേക്കു മാറുന്നതിനുള്ള വ്യവസ്ഥകൾ അംഗീകരിക്കപ്പെട്ടു.

ഇരുകൂട്ടരും എടുത്ത തീരുമാനങ്ങൾ ഉള്ളന്നൂർ പള്ളിയുടെ പൊതുയോഗം ഐകകണ്ഠ്യേന പാസാക്കിയതോടു കൂടി ഇടവക മെത്രാപ്പൊലീത്ത പുതിയ ഇടവകയ്ക്ക് അനുമതി നൽകി. അങ്ങനെ ചെങ്ങന്നൂർ ഭദ്രാസനത്തിൽ ഒരു ഇടവക കൂടി രൂപം കൊണ്ടു. വേർപിരിയുന്നതിന്റെ പ്രയാസങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ ഇരു ഇടവകകളും സൗഹാർദ്ദത്തിൽ മുമ്പോട്ടു പോകുന്നു എന്നതു സന്തോഷകരമായ വസ്തുതയാണ്.

ഇടവകയിലെ അംഗങ്ങളുടെ എണ്ണം കുറഞ്ഞുവെങ്കിലും തീക്ഷ്ണതയും മനക്കരുത്തും വർദ്ധിക്കുകയാണ് ചെയ്തത്. ദീർഘകാലമായി ഇടവകാംഗങ്ങൾ ആഗ്രഹിച്ചിരുന്നതാണ് നിലവിലിരിക്കുന്ന ദേവാലയം പുതുക്കി തൽസ്ഥാനത്ത് മനോഹരമായ ഒരു ദേവാലയം പണിതീർക്കണമെന്നത്. ഇടവകാംഗങ്ങളുടെ നല്ല ആഗ്രഹം നിറവേറ്റപ്പെടാനുള്ള പദ്ധതികളെക്കുറിച്ച് ആലോചിച്ച് വലുപ്പചെറുപ്പം ഇല്ലാതെ ഒറ്റക്കെട്ടായി ദേവാലയ നിർമ്മാണത്തിനു വേണ്ടി തുനിഞ്ഞിറങ്ങി. ഇടവകക്കാരിൽ ഭൂരിപക്ഷവും സാധാരണക്കാരാണ്. ദൈവഭയം ഉള്ള ആളുകളാണ്. കാർഷിക ഉത്പന്നങ്ങൾ വിളയിച്ചു ഉപജീവനമാർഗം കണ്ടെത്തുന്നവരാണ് അധികവും. വിദേശങ്ങളിൽ ജോലി ചെയ്യുന്ന ഇടവകാംഗങ്ങളും ഉണ്ട്. സാമ്പത്തിക കാര്യങ്ങളിൽ ഏവരും തങ്ങളുടെ കഴിവിനുമപ്പുറമായി പ്രവർത്തിച്ചു എന്നു തന്നെ പറയാം. സൈനിക സേവനത്തിൽ നിന്നു വിരമിച്ച വിശിഷ്ട വ്യക്തികളും ഇടവകാംഗങ്ങളായിട്ടുണ്ട് എന്നത് ഒരു പ്രത്യേകതയായിക്കാണുന്നു. ചുമതലകൾ ഏറെ നിറവേറ്റുവാനുംതക്ക മനക്കരുത്തും ശേഷിയും ആർജിച്ചിട്ടുള്ളവരാണ് ഈ എക്സ് സർവീസുകാർ എന്നത് ഇടവകയുടെ ഒരനുഗ്രഹമാണ്. ദേവാലയ നിർമ്മാണത്തിനും മുന്നോട്ടിറങ്ങുവാൻ ഇടവകയുടെ ഈ പ്രത്യേകതകൾ വളരെ സഹായകമായിത്തീർന്നു.

മനോഹരമായ അരമന പണിതതിനു ശേഷം ദാവീദ് രാജാവ് നാഥാൻ പ്രവാചകനോടു ''ഇതാ ഞാൻ ദേവതാരു കൊണ്ടുള്ള അരമനയിൽ വസിക്കുന്നു ദൈവത്തിന്റെ പെട്ടകമോ തിരശീലയ്ക്കകത്ത് ഇരിക്കുന്നു'' എന്നു പറഞ്ഞു. (2 സാമുവേൽ 7:2) ഇതേപോലെയുള്ള ചിന്ത ഇടവകക്കാർക്കും ഉണ്ടായി. മനോഹരമായ ഭവനങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് ദൈവതിരുനാമ മഹത്വത്തിനായി ഒരു ആലയം തീർക്കണമെന്ന ആഗ്രഹം ഉണ്ടായി. ദൈവത്തിലുള്ള ആന്തരിക ഭക്തിയുടെ ഒരു പ്രകടനമാണ് മനോഹരമായ ദേവാലയത്തിന്റെ നിർമ്മാണം.

ദേവാലയം ഭംഗിയാകുന്നതോടു കൂടി ഇടവകയും അനുഗ്രഹിക്കപ്പെടും. ദേവാലയത്തിനു സസന്തോഷം സംഭാവന നൽകിയവർക്ക് ഒന്നിനു മുപ്പതും അറുപതും നൂറും ഇരട്ടി പ്രതിഫലം കിട്ടും. സ്വന്തമായി വരുമാനമുള്ളവർ അവരവരുടെ സമ്പാദ്യത്തിൽ നിന്നു നൽകിയതു കൂടാതെ തങ്ങളുടെ ബന്ധുക്കളെക്കൊണ്ടും സ്നേഹിതരെക്കൊണ്ടും സംഭാവനകൾ നൽകിച്ചു. ദേവാലയത്തിന്റെ പണി ആരംഭിച്ചതു മുതൽ അവസാനിക്കുന്നതു വരെ പണത്തിന്റെ കുറവുമൂലം ഒരു പണിയും മുടങ്ങുന്നതിനിടയായില്ലെന്നുള്ളത്, ദൈവകൃപ ഇക്കാര്യത്തിൽ വളരെയധികം ഉണ്ടായിരുന്നുവെന്നതിനു തെളിവാണ്. തങ്ങളുടെ സംഭാവനകൾക്കൊപ്പം ഏവരും നിരന്തരമായി ദൈവസന്നിധിയിൽ ദേവാലയ നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനായി മുട്ടിപ്പായി പ്രാർത്ഥിച്ചു. മലാഖിയുടെ പ്രവചനശബ്ദം ഓർത്തു പോകയാണ്: ''എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിനു നിങ്ങൾ ദശാംശം മുഴുവൻ ഭണ്ഡാരത്തിലേക്ക് കൊണ്ടു വരുവിൻ. ഞാൻ നിങ്ങൾക്ക് ആകാശത്തിന്റെ കിളിവാതിലുകളെ തുറന്നു സ്ഥലം പോരാതെ വരുവോളം നിങ്ങളുടെ മേൽ അനുഗ്രഹം പകരുകയില്ലയോ?'' ദേവാലയത്തിന്റെ പണികാര്യങ്ങൾക്കായി ബുദ്ധിമുട്ടുവാനും കഷ്ടപ്പെടുവാനും ജനങ്ങൾ മുന്നോട്ടിറങ്ങി. ചില്ലി പൈസ പോലും വൃഥാ നഷ്ടപ്പെടുവാൻ ഇടയാക്കരുതെന്നു ചിന്തിച്ച് എന്തു ത്യാഗവും അനുഷ്ഠിക്കുവാൻ ചുമതലക്കാർ തയ്യാറായി.

നിർബ്ബന്ധിത പിരിവുകൾ ഇല്ലാതെ സ്വമനസ്സാലെ നൽകുന്ന സംഭാവനകൾ കൊണ്ടു പണികാര്യങ്ങൾ നടത്തുവാനുള്ള തീരുമാനമാണ് പൊതുയോഗം കൈക്കൊണ്ടത്. പരിശുദ്ധ ബാവ തിരുമനസ്സുകൊണ്ടു ദേവാലയത്തിന്റെ അടിസ്ഥാനശിലസ്ഥാപിച്ചു. ഏറ്റവും ശ്രേഷ്ഠമായ വസ്തുക്കൾ തന്നെ ദേവാലയ നിർമ്മാണത്തിന് ഉപയോഗപ്പെടുത്തണമെന്നുള്ള നിർബന്ധം ഉണ്ടായിരുന്നു. പണികാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയും നടത്തുവാൻ തയ്യാറല്ലായിരുന്നു. പണികളുടെ സാങ്കേതികമായ എല്ലാ വശങ്ങളും പഠിച്ച് അങ്ങനെയുള്ള അറിവുകളും നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തി. കൺവീനർ എന്ന നിലയിൽ ഉമ്മൻ വർഗീസും ജോയിന്റ് കൺവീനർ എന്ന നിലയിൽ ജോസ് തറയിലും ട്രസ്റ്റി എന്ന നിലയിൽ എൻ.സി. ഉമ്മനും മറ്റു കമ്മിറ്റി അംഗങ്ങളും രംഗത്തിറങ്ങി. രണ്ടു മൂന്നു തവണയായി ഇടവകക്കാർ സംഭാവനകൾ നൽകി ദേവാലയ നിർമ്മാണത്തിന് ആക്കം കൂട്ടി. പണിക്കാരോടൊപ്പം രാവിലെ മുതൽ വൈകുന്നതുവരെ തവണ വച്ച് കമ്മിറ്റിക്കാർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ഏറ്റവും കുറഞ്ഞ സമയപരിധിക്കുള്ളിൽ ദേവാലയ നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞത് ഇടവക ജനങ്ങളുടെ ആവേശവും ആത്മാർത്ഥതയും കൊണ്ടാണ്.

ശതാബ്ദിയും പെരുന്നാളും
ദേവാലയ കൂദാശയും

1999 ജനുവരി 17-31 (1174 മകരം 03-17)

17.01.1999 ഞായർ: 7.30 പ്രഭാത നമസ്കാരം, വിശുദ്ധ കുർബാന, കൊടിയേറ്റ്-10.30 പള്ളിയിൽ, 2.30 ചിറ വരമ്പിൽ സെയ്ന്റ് തോമസ് കുരിശിൻ സൗധം, 3.00 പടിഞ്ഞാറ്റേടത്തുമല മാർ ബസേലിയോസ് കുരിശിൻ സൗധം, 3.30 പുന്നക്കുളഞ്ഞി സെയ്ന്റ് ഗ്രിഗോറിയോസ് കുരിശിൻ സൗധം

20.01.1999 ബുധൻ: വൈകിട്ട് 6.30 സ്നേഹസന്ദേശം, സന്ധ്യാനമസ്കാരം, 7.15 ഗാനശുശ്രൂഷ, 8.15 പ്രസംഗം ഫാ. ഉമ്മൻ പോൾ, 9.15 സമർപ്പണ പ്രാർത്ഥന.

21.01.1999 വ്യാഴം: രാവിലെ 9.30 ധ്യാനയോഗം-ഫാ. ജോൺ മാത്യു, വൈകിട്ട് 4.30 പരസ്യ സുവിശേഷയോഗം, 6.30 സന്ധ്യാനമസ്കാരം, 7.15 ഗാനശുശ്രൂഷ, 8.15 പ്രസംഗം-ഫാ. ടി.വി. ഏലിയാസ്, 9.15 സമർപ്പണ പ്രാർത്ഥന.

22.01.1999 വെള്ളി: രാവിലെ 9.30 ധ്യാനയോഗം, വൈകിട്ട് 4.30 കുട്ടികളുടെ കൺവൻഷൻ, 6.30 സന്ധ്യാനമസ്കാരം, 7.15 ഗാനശുശ്രൂഷ, 8.15 പ്രസംഗം-ഫാ. വിൽസൺ മണലേത്ത്, 9.15 മധ്യസ്ഥപ്രാർത്ഥന.

23.01.1999 ശനി: രാവിലെ 7.00 പ്രഭാത നമസ്കാരം, വിശുദ്ധ കുർബാന

24.01.1999 ഞായർ: രാവിലെ 7.00 പ്രഭാത നമസ്കാരം, വിശുദ്ധ കുർബ്ബാന, 10.30 സെമിത്തേരിയിൽ പ്രത്യേക പ്രാർത്ഥന, 1.00 ദീപശിഖാപ്രയാണം, പരിശുദ്ധ പരുമല തിരുമേനിയുടെ കബറിങ്കൽ നിന്ന് പള്ളിയിലേക്ക് ദീപശിഖ ഘോഷയാത്ര ചെങ്ങന്നൂർ പഴയപള്ളി, പേരിശേരി വലിയപള്ളി, ബഥേൽ അരമനപ്പള്ളി, പുത്തൻകാവ് കത്തീഡ്രൽ, മുളക്കുഴ പള്ളി, മാന്തുക സെന്റ് ഗ്രിഗോറിയോസ് കുരിശിൻ സൗധം, ചിറവരമ്പിൽ കുരിശിൻ സൗധം, കുളനട സെന്റ് ജോർജ് ചാപ്പൽ, കുളനട ടിബി ജംക്ഷൻ, പുതുവാക്കൽ, പൈവഴി, പടിഞ്ഞാറ്റേടത്തുമല കുരിശിൻ സൗധം, വട്ടയം സെന്റ് ജോർജ് പള്ളി വഴി പുന്നക്കുളഞ്ഞി കുരിശിൻ സൗധത്തിൽ എത്തിച്ചേരുന്നു. 5.00 റാസ (പുന്നക്കുളഞ്ഞി കുരിശിൻ സൗധത്തിൽ നിന്നും പള്ളിയിലേക്ക്) 6.30 സന്ധ്യാനമസ്കാരം

25.01.1999 തിങ്കൾ: വൈകിട്ട് 6.30 സന്ധ്യാനമസ്കാരം, 7.30 വചനശുശ്രൂഷ- ശ്രീ പോൾ സിനിരാജ് മുഹമ്മദ്

26.01.1999 ചൊവ്വ: വൈകിട്ട് 6.30 സന്ധ്യാനമസ്കാരം, 7.30 വചനശുശ്രൂഷ-ഫാ. ജോർജ് വർഗീസ്

27.01.1999 ബുധൻ: വൈകിട്ട് 6.30 സന്ധ്യാനമസ്കാരം, 7.30 വചനശുശ്രൂഷ-ഫാ. ജോബ്സൺ കോട്ടപ്പുറം

28.01.1999 വ്യാഴം: രാവിലെ 7.00 പ്രഭാത നമസ്കാരം, വിശുദ്ധ കുർബാന, വൈകിട്ട് 3.00 സ്വീകരണ ഘോഷയാത്ര, പരിശുദ്ധ കാതോലിക്ക ബാവയേയും അഭിവന്ദ്യ മെത്രാപ്പൊലീത്തമാരേയും കുളനട ടിബി ജംക്ഷനിൽ നിന്ന് സ്വീകരിച്ച് ദേവാലയത്തിലേക്ക് ആനയിക്കുന്നു.

4.00 പൊതു സമ്മേളനം, അദ്ധ്യക്ഷൻ-പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ. ഉദ്ഘാടനം-അഭിവന്ദ്യ ആർച്ച് ബിഷപ്പ് ഡോ. സിറിൽ മാർ ബേസേലിയോസ്. സുവനീർ പ്രകാശനം റൈറ്റ് റവ. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പൊലീത്ത. സുവനീർ സ്വീകരിക്കുന്നത്-ഡോ. ഡി. ബാബു പോൾ, ഐഎഎസ് (അഡീഷണൽ ചീഫ് സെക്രട്ടറി), മുഖ്യ പ്രഭാഷണം-ഡോ. കെ.എം. തരകൻ, ഭവനദാനം-പ്രഫ. പി.ജെ. കുര്യൻ എംപി, സ്കോളർഷിപ് വിതരണം-ശ്രീ ജോൺ മത്തായി, ഐഎഎസ് (ടാക്സസ്&എക്സൈസ് കമ്മിഷണർ), ആശംസാ പ്രസംഗങ്ങൾ-അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ് (കൊല്ലം ഭദ്രാസന മെത്രാപ്പൊലീത്ത), ശ്രീ കടമ്മനിട്ട രാമകൃഷ്ണൻ എംഎൽഎ, ശ്രീ എൻ.സി. രാജേശേഖരൻ നായർ (കുളനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്).

6.30 സന്ധ്യാനമസ്കാരം, കൂദാശ (ഒന്നാം ഭാഗം)

29.01.1999 വെള്ളി: രാവിലെ 7.00 പ്രഭാത നമസ്കാരം, കൂദാശ (രണ്ടാം ഭാഗം), വിശുദ്ധ മൂന്നിന്മേൽ കുർബാന (പരിശുദ്ധ കാതോലിക്ക ബാവയുടെ മുഖ്യ കാർമ്മികത്വത്തിൽ), 11.30 ആശീർവാദം, 12.00 നേർച്ച വിളമ്പ്, 7.30 ബൈബിൾ നാടകം-നസ്രത്തിലെ കന്യക, അവതരണം-തിരുവനന്തപുരം ജ്യോതി കമ്മ്യൂണിക്കേഷൻസ്, സ്ഥലം-കുളനട സെന്റ് ജോർജ് കമ്മ്യൂണിറ്റി ഹാൾ

30.01.1999 ശനി: വൈകിട്ട് 6.30 സന്ധ്യാനമസ്കാരം

31.01.1999 ഞായർ: രാവിലെ 7.30 പ്രഭാത നമസ്കാരം, വിശുദ്ധ മൂന്നിന്മേൽ കുർബാന (അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പൊലീത്തയുടെ മുഖ്യ കാർമ്മികത്വത്തിൽ), 2.30 ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികം. അദ്ധ്യക്ഷൻ-അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പൊലീത്ത, പ്രസംഗം-ഫാ. നൈനാൻ വി ജോർജ്, ശ്രീ ജേക്കബ് ഉമ്മൻ, ശ്രീമതി മറിയാമ്മ ചാക്കോ, 7.00 ക്രിസ്തീയ ഗാനമേള-അവതരണം: തിരുവനന്തപുരം സൂപ്പർ സിങ്ങേഴ്സ്, 9.00 കരിമരുന്ന് പ്രയോഗം.

ഓർമച്ചിത്രങ്ങൾ

ദേവാലയ പുനർനിർമ്മാണ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ (1999)

ശതാബ്ദി ആഘോഷ സ്വാഗതസംഘം (1999)

ശതാബ്ദിയോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനത്തിൽ നിന്ന്

ആരാധനയിൽ നിന്ന് (1999)

പരിശുദ്ധ പരുമലത്തിരുമേനിയുടെ കബറിങ്കൽ നിന്ന് കൊളുത്തിയ ദീപശിഖ പള്ളിയിലേക്ക് (1999)

ശതാബ്ദി – കൂദാശ സ്മരണിക കമ്മിറ്റി അംഗങ്ങൾ (1999)

ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ശതാബ്ദി നിറവിൽ

പരുമല തിരുമേനി ശിലയിട്ട പ്രമുഖ ദേവാലയം

ജീവകാരുണ്യപ്രവർത്തനം തുടരുന്നു

പൊതുസമ്മേളനം ആർച്ച് ബിഷപ്പ് ഉദ്ഘാടനം ചെയ്യും

ദേവാലയ കൂദാശ ഇന്നും നാളെയും

ദീപശിഖ ഉള്ളന്നൂർ പള്ളിയിൽ എത്തിച്ചേർന്നു

25 കൊല്ലം മുൻപ് ശതാബ്ദിയോടനുബന്ധിച്ച് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ച സപ്ലിമെന്റ്

കലഹണ്ടിയിലെ നന്മ

'നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന് അതു പാപംതന്നെ.' (യാക്കോബ് 4:17).

നന്മ എങ്ങനെ ചെയ്യണമെന്നതിനെക്കുറിച്ച് എല്ലാവർക്കും അറിവുണ്ട്. എങ്കിലും പല കാരണങ്ങളാൽ നന്മ ചെയ്യുന്നതിൽ മിക്കപ്പോഴും മനുഷ്യർ പരാജയപ്പെടുന്നു. ഈ പരാജയം ഒരു പാപമാണെന്നത് മനുഷ്യർ ഓർക്കാറില്ല.

ജാതി-മത ചിന്തകൾക്കതീതമായി എല്ലാവർക്കും നന്മ ചെയ്യണമെന്നു നിരന്തരം എല്ലാവരേയും ഉദ്ബോധി പ്പിച്ചിരുന്ന പുണ്യാത്മാവാണ് ഭാഗ്യസ്മരണാർഹനായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി.

ഫാ. തോമസ് വർഗീസ്

ഏറ്റവും കൂടുതൽ പട്ടിണി മരണം നടന്നിരുന്ന കലഹണ്ടി ജില്ലയിലെ ഏറ്റവും പിന്നാക്ക പ്രദേശങ്ങളായ ആദിവാസി മേഖലയിൽ പിന്നാക്കക്കാർക്കു വേണ്ടി നന്മ ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയും പാവങ്ങളുടെ കണ്ണീരൊപ്പാനുമായി മൂന്നു പതിറ്റാണ്ടിനു മുൻപ് പാവങ്ങളുടെ പിതാവായ സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ആരംഭിച്ചതാണ് കലഹണ്ടി ഡവലപ്മെന്റ് മിഷൻ പ്രോജക്ട്. 1994ൽ ആരംഭിച്ച ഈ പദ്ധതി ഇന്നും പിന്നാക്കർക്കായി അനവധി സേവനങ്ങൾ ചെയ്യുന്നു.

നൂറിൽ കൂടുതൽ ആദിവാസി കുഞ്ഞുങ്ങൾക്ക് മുൻപ് ഇവിടെ സംരക്ഷണം നൽകിയിരുന്നു. എന്നാൽ, ഇപ്പോൾ പ്രവർത്തകരുടെ കുറവും സാമ്പത്തിക ബുദ്ധിമുട്ടും മറ്റു പല കാരണങ്ങളും കൊണ്ടു കുറേ കുഞ്ഞുങ്ങളെ ഭവനങ്ങളിൽ തന്നെ നിർത്തി പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ ആദിവാസി കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനു വേണ്ടി ഒരു ഇംഗ്ലിഷ് മീഡിയം സ്കൂളും നടത്തുന്നു. ഇപ്പോൾ മൂന്നാം ക്ലാസ് വരെ 50ൽ പരം കുഞ്ഞുങ്ങൾ ഇവിടെ പഠിക്കുന്നുണ്ട്.

സെന്റ് ജോർജ് ഇംഗ്ലിഷ് മീഡിയം സ്കൂളിലെ കുട്ടികൾ അധ്യാപകരോടൊപ്പം

ആദിവാസി ഗ്രാമങ്ങളിലെ ഭക്ഷ്യക്കിറ്റ് വിതരണം

വനത്തിനുള്ളിലെ ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ബാഗുകൾ, കുടകൾ, ടിഫിൻ ബോക്സുകൾ, നോട്ടുബുക്കുകൾ, പേന, പെൻസിൽ തുടങ്ങിയ പഠനോപകരണങ്ങളും ഭക്ഷ്യക്കിറ്റും നൽകുന്നു. പഞ്ചായത്തിലെ വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി സൗജന്യ ട്യൂഷൻ ക്ലാസുകളും ഒരുക്കിയിട്ടുണ്ട്.

സ്ഥാപനത്തിനു സമീപത്തും ദൂരത്തും താമസിക്കുന്ന, ആദിവാസി പെൺകുട്ടികൾ തൊഴിൽ പഠിച്ചു ജീവിതമാർഗം കണ്ടെത്തുന്നതിനു സഹായിക്കുന്ന തയ്യൽപരിശീലന സ്കൂളും നടത്തുന്നു. മൂന്നു മാസത്തെ പരിശീലനത്തിനു ശേഷം ഇവർക്ക് സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റും സ്പോൺസർമാരുടെ സഹായത്തോടെ തയ്യൽ മെഷീനും നൽകുന്നു.

പദ്ധതിയുടെ അംഗങ്ങൾ ശേഖരിച്ചു സ്ഥാപനത്തിലേക്ക് അയയ്ക്കുന്ന വസ്ത്രങ്ങൾ ആദിവാസികൾക്കു വിതരണം ചെയ്യുന്നു.

കാലാവസ്ഥയ്ക്ക് അനുയോജ്യമായി എല്ലാ തരത്തിലുള്ള കൃഷികളും ഇവിടെ നടത്തുന്നു. കൃഷി വലിയ വരുമാന മാർഗമല്ലെങ്കിലും ചിലർക്ക് ഇതിലൂടെ തൊഴിൽ ലഭിക്കുന്നു. സ്വന്തം പരിശ്രമത്തിലൂടെ ലഭിക്കുന്ന ഭക്ഷണം അവർക്ക് സംതൃപ്തിയും സന്തോഷവും നൽകുന്നു. നെല്ല്, പച്ചക്കറികൾ, വാഴ, കപ്പ, ചേന, നാരങ്ങ തുടങ്ങിയ എല്ലാ വിളകളും ഇവിടെ കൃഷി ചെയ്യുന്നു. സ്ഥാപനത്തിന്റെ ആവശ്യത്തിനു ശേഷമുള്ളവ വിപണിയിൽ വിറ്റഴിക്കുന്നു. കൃഷിയിൽ നിന്നുള്ള ചെറിയ വരുമാനത്തെയും പദ്ധതിയംഗങ്ങളും അഭ്യുദയകാംക്ഷികളായ സുഹൃത്തുക്കളും നൽകുന്ന സംഭാവനകളെയും ആശ്രയിച്ചാണ് കലഹണ്ടി മിഷൻ പ്രവർത്തനങ്ങൾ മുന്നോട്ടു പോവുന്നത്. ദൈവസന്നിധിയിലേക്കു വാങ്ങിപ്പോയ പുണ്യ പിതാക്കന്മാരുടെ അനുഗ്രഹങ്ങൾ ഈ പദ്ധതിയുടെ എല്ലാ പ്രവർത്തനങ്ങളെയും നയിക്കുന്നു. ■

BMP BALAGRAM SOCIETY,
KALAHANDI DEVELOPMENT MISSION PROJECT,
Udithnarayanpur P.O.,
Kalahandi, Odisha - 766 002.
Mobile: 09437077839, 09440193183.
Reg. No. 28/22-07-2013.

A/c. No. 070701 0000 22836.
IFSC: IOBA 0000 707 IOB,
BHAWANIPATNA, ODISHA.

Operated by
Malankara Orthodox Church
Mission Society

In loving
MEMORY OF

GEORGE THOMAS (92) PENNAMMA GEORGE (83)
DIED ON: 25.01.2020 DIED ON: 09.02.2019

VAZHUVELIL THUNDATHIL PADINJATTATHIL
KULANADA

INSERTED BY
JOHNYKUTTY GEORGE &FAMILY
AND
GEORGE ABRAHAM & FAMILY

In Loving Memory of

P.M. JOY
DIED ON 01.02.2003

SHARON POOVANNAMTHADATHIL
KULANADA

Inserted by Family Members

In loving memory of

THANKAMMA DANIEL
M.S. VILLA
Birth: 19.05.1927 | Death: 13.02.2012

M.S. Villa and Family

In Loving Memory of



JOHN P.V.
NIRAVEL PUTHEN VEEDU
ULLANNOOR

BORN ON 11.04.1955 | DIED ON 23.11.2022

INSERTED BY
FAMILY MEMBERS

"ജീവന്റെ നായകൻ ദേഹിയെ ചോദിച്ചാൽ
ഇല്ലില്ലെന്നോതുവാൻ ഭൂതലേയാരുള്ളൂ..."
SQUADRON CADET CAPTAIN
ASHOK PAVU
106/NDA - AIR FORCE
04.11.1983 to 28.11.2003
അശോക് അവസാനം അയച്ച കത്തിൽ നിന്ന്:
"Please pray for me always...
I know I don't need to tell that, but still..."


IN LOVING MEMORY OF
P.T. JOSEPH (85)
1937 - 2022
(Rtd. Teacher, P.H.S. Kulanada)
PUTHUPARAMPIL, PANANGADU

ST. MARY
PRAY FOR US

Inserted by

ROSAMMA THOMAS
Vadakkekara Melethil
(Parayirikkunnathil
Padinjattethil)
Kulanada

Best Compliments from

NARAKATHUMMANNIL FAMILY

NATIONAL ELECTRONICS SERVICES	HABEL ENTERPRISES	BIJINMOL PICK UP
PH: 90742 86091	PH: 91882 60751, 80868 48118	PH: 94955 23269

JOSCO MULTI SPECIALITY HOSPITAL

(Accredited by Quality Council of India)

EDAPPON, JOSCO JUNCTION, PANDALAM, KERALA
Tel: 0479 - 2374982/ 2374687 / 2374870

200 BEDED MULTI – SPECIALITY HOSPITAL

പാലിയേറ്റീവ് കെയർ: അവശരായവരേയും വാർദ്ധക്യ സഹജരെയും കിടത്തി ചികിത്സ നൽകി പരിചരിക്കുന്നു. സാമ്പത്തിക നിലവാരം അനുസരിച്ച് സിംഗിൾ പ്രൈവറ്റ്/ ഡബിൾ പ്രൈവറ്റ്/ ഡീലക്സ്/ ജനറൽ വാർഡുകൾ ലഭ്യമാണ്. പരിചരിക്കുവാനോ, കൂട്ടിരിക്കുവാനോ ആരെയും ആവശ്യം ഇല്ല. ഏതു ചികിത്സയും ആവശ്യാനുസരണം നൽകുവാൻ എല്ലാ ഡിപ്പാർട്ട്മെന്റും പ്രവർത്തിക്കുന്നു.

മാനസിക ലഹരി വിമുക്താ ചികിത്സാ യൂണിറ്റ്: മാനസിക നില തെറ്റിയവരേയും പലതരം ലഹരികൾക്ക് അടിമകളായവരെയും കിടത്തി ചികിത്സിക്കുന്നു. കൂട്ടിരിപ്പിനോ പരിപാലനത്തിനോ ആരെയും ആവശ്യം ഇല്ല.

മുട്ടു മാറ്റിവയ്ക്കൽ, സന്ധി മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ: എല്ലാ അസ്ഥിരോഗ ശസ്ത്രക്രിയകളും ആധുനിക സജ്ജീകരണങ്ങളുടെ സഹായത്തോടെ കുറഞ്ഞ പാക്കേജിൽ ചെയ്യുന്നു.

ജനറൽ, ഗൈനക്ക് ശസ്ത്രക്രിയകൾ: എല്ലാ ജനറൽ വിഭാഗം സർജറികളും, ഗൈനക്ക് സർജറികളും, സിസ്സേറിയൻ, സാധാരണ പ്രസവം എല്ലാം വിദഗ്ദ്ധ ഡോക്ടർമാർ കുറഞ്ഞ പാക്കേജിൽ നടത്തപ്പെടുന്നു.

ഡയബറ്റിക്സ് വിഭാഗം: ഡോ. ജോയൽ മാത്യു തോമസ് MBBS, MD (CMC വെല്ലൂർ) ന്റെ നേതൃത്വത്തിൽ ഡയബറ്റോളജിസ്റ്റ്, നെഫ്രോളജിസ്റ്റ്, സർജൻ, ഒഫ്താൽമോളജിസ്റ്റ് ഉൾപ്പെട്ട ഗ്രൂപ്പ് ഡോക്ടർമാരാൽ നടത്തപ്പെടുന്നു. നിയന്ത്രണ വിധേയമല്ലാത്ത പ്രമേഹം, ഉണങ്ങാത്ത മുറിവുകൾക്കെല്ലാം ആധുനിക ചികിത്സകൾ. പ്രമേഹം മുൻകൂട്ടി നിർണ്ണയിക്കുവാൻ "Diabetic Executive Checkup/ Premier Checkup" സൗകര്യങ്ങളും ഉണ്ട്.

എല്ലാ ഇൻഷുറൻസ് – ESI - Medisep ചികിത്സകളും ലഭ്യമാണ്

NURSING & ALLIED HEALTH TRAINING COURSES

♦**B.Sc (N) - 4 Years** ♦ **DIPLOMA IN GENERAL NURSING & MIDWIFERY COURSE** ♦ **DIPLOMA IN HEALTH INSPECTOR COURSES.** Admission started under NRE & Community Quota for BSc Nursing.

ALLIED HEALTH DIPLOMA COURSES – 2 YEARS

♦**Dialysis Diploma** ♦**Imaging & Radiology Diploma** ♦**Medical Laboratory Diploma**
യോഗ്യത: +2 Pass. ഏത് ഗ്രൂപ്പുകാർക്കും പഠിക്കാം Centre of Linkayas University, UGC & Kerala PSC approved.

ALLIED HEALTH തൊഴിലധിഷ്ഠിത DIPLOMA – 2 YEARS

♦**DIALYSIS DIPLOMA** ♦**MEDICAL LABORATORY DIPLOMA**
യോഗ്യത: 10th Pass & above. Centre of NCVRT - New Delhi

HOSPITAL ADMINISTRATION CERTIFICATE COURSE – 1 YEAR

യോഗ്യത: 10th Pass & above. Centre of NCVRT - New Delhi

പ്രത്യേകതകൾ: പഠനത്തോടൊപ്പം ഇവിടെ പരിശീലനം നൽകുന്നു. അർഹതയുള്ളവർക്ക് ട്രെയിനിംഗും ജോലിയും ലഭിക്കുന്നു. കുറഞ്ഞ ചിലവിൽ പഠിക്കുവാനുള്ള അവസരം. സാമ്പത്തിക പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ഇളവ്. ആവശ്യം ഉള്ള പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം.

For Admission contact directly: ***Administrator***

LALGY

JOSCO

JEWELLERS

PATHANAMTHITTA: KP ROAD, TEL: 8590201631, 8078428512

ഉള്ളന്നൂർ സെയ്ന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി വലിയ പള്ളി

ചരിത്രത്താളിലൂടെ

കൊല്ലവർഷം 06.02.1074 (21.09.1898): 120 രാശിപ്പണം നൽകി ഒൻപത് കുടുംബത്തലവന്മാരുടെ പേരിൽ സ്ഥലം വാങ്ങി

15.06.1074 (27.01.1899): പരിശുദ്ധ കന്യകമറിയാമിന്റെ നാമത്തിൽ പരിശുദ്ധ പരുമല തിരുമേനി ശിലാസ്ഥാപനം നടത്തി 60 കുടുംബങ്ങൾ ഉൾപ്പെടുന്ന ഇടവക സ്ഥാപിച്ചു

1898–1909: ദിവ്യശ്രീ പമ്പൂരേത്ത് ചാണ്ടപ്പിള്ള കത്തനാർ, ദിവ്യശ്രീ കിളന്നമണ്ണിൽ ഗീവറുഗീസ് കത്തനാർ എന്നിവർ ദേവാലയ ഭരണം നടത്തി

1918–1931: കക്ഷിവഴക്കു മൂലം ദേവാലയം അടഞ്ഞു കിടന്നു

1931: നിവദിശ്രീ പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് പിതാവിന്റെ നിർദ്ദേശ പ്രകാരം ഷെഡ് കെട്ടി മാസം രണ്ടു തവണ ആരാധന

വികാരി: ദിവ്യശ്രീ കോമട്ട് യാക്കോബ് കത്തനാർ (16 വയസ്സ് മാത്രമുള്ള ശ്രീ ചേരാംപള്ളിൽ സി.കെ. വറുഗീസ് ശുശ്രൂഷകൻ)

ട്രസ്റ്റി: വികാരി

10.06.1934: ഒന്നാമത്തെ ഭരണസമിതിയെ പൊതുയോഗം തിരഞ്ഞെടുത്തു. ആകെ ആറു പ്രാർത്ഥനാ യോഗങ്ങൾ

ട്രസ്റ്റി: ശ്രീ ചിറവരമ്പിൽ വറുഗീസ് മത്തായി

കണക്കൻ: ശ്രീ പൂവണ്ണുംതടത്തിൽ കിഴക്കേതിൽ മാത്തുണ്ണി തോമസ്

സെക്രട്ടറി: ശ്രീ എം.സി. ഇടിക്കുള

23.02.1935: ഹൈക്കലയുടെ നിർമ്മാണം ആരംഭിച്ചു

11.01.1943: മദ്ബഹയുടെ നിർമ്മാണം ആരംഭിച്ചു

08.04.1944: നിവദിശ്രീ പുത്തൻകാവിൽ മാർ പീലക്സിനോസ് പിതാവ് കൂദാശ നിർവ്വഹിച്ചു

06.08.1944: പൊതുയോഗ തീരുമാനപ്രകാരം എല്ലാ ഞായറാഴ്ചയും വിശുദ്ധ കുർബാന

1948: മലയിൽ, വട്ടയം പ്രദേശത്ത് പള്ളിവക സ്ഥലത്ത് നിവദിശ്രീ തോമ്മാ മാർ ദിവന്നാസ്യോസ് തടിക്കുരിശ് സ്ഥാപിച്ചു

1951: ദിവ്യശ്രീ കോമട്ട് യാക്കോബ് കത്തനാരെ സഹായിക്കാനായി ദിവ്യശ്രീ കടവത്രയിൽ കെ.ജി. ജോർജ് അച്ചനെ നിയമിച്ചു

17.03.1951: സമുദായക്കേസിന്റെ പേരിൽ ഇടവകയിൽ ചേരിതിരിവ്

12.03.1952: ദിവ്യശ്രീ കോമട്ട് അച്ചൻ ദിവംഗതനായി

1958: സഭാസമാധാനത്തോടെ ഭിന്നതകൾക്ക് അവസാനം

1962: മലയിൽ വട്ടയത്ത് നിലനിന്നിരുന്ന കെട്ടിടം പുതുക്കിപ്പണിത് നിവദിശ്രീ ദാനിയേൽ മാർ പീലക്സിനോസ് പിതാവ് സെന്റ് ജോർജ് ചാപ്പലായി കൂദാശ ചെയ്യുന്നു. 1962 ഡിസംബർ മുതൽ മാസത്തിൽ ഒരു തവണ വിശുദ്ധ കുർബാന

ഓഗസ്റ്റ് 1962: ദിവ്യശ്രീ തെക്കേമുത്തേരിൽ ടി.സി. ജോണച്ചൻ വികാരി

1968: ദേവാലയ വൈദ്യുതീകരണം

1974: പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ, സുവനീർ പ്രസിദ്ധീകരണം. മദ്ബഹാ കോൺക്രീറ്റിങ്, ജൂബിലി സ്മാരക ഹാൾ, അഞ്ച് കുരിശിൻ സൗധങ്ങൾ, പാരിഷ്ഹാൾ എന്നീ നിർമാണങ്ങൾ

പട്ടംകൊട

28.01.1982: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവയിൽ നിന്ന് ദിവ്യശ്രീ ടി.സി. ജോണച്ചന് കോറെപ്പിസ്കോപ്പ പദവി

03.11.1985: ദിവ്യശ്രീ എൻ.സി. ഇടിക്കുള അച്ചന്റെ പുത്രന്മാരായ ശ്രീ ജേക്കബ് റോയി, ശ്രീ എൻ.ജെ. കോശി എന്നിവർക്ക് പരിശുദ്ധ ബാവയിൽ നിന്ന് ശെമ്മാശപട്ടം

19.07.1986: ശ്രീ പി.സി. തോമസ് ശെമ്മാശന് ഇടവക മെത്രാപ്പൊലീത്തയിൽ നിന്നു കശീശാപട്ടം

16.11.2004: ശ്രീ തോമസ് വർഗീസ് ശെമ്മാശന് കശീശാപട്ടം

31.07.2005: ശ്രീ തോമസ്കുട്ടി ശെമ്മാശന് കശീശാപട്ടം

16.10.2010: ശ്രീ ബിനു മാത്യൂസ് ശെമ്മാശന് കശീശാപട്ടം

27.06.2015: ശ്രീ ജാക്സ് ജേക്കബ് ശെമ്മാശന് കശീശാപട്ടം

09.06.2020: ശ്രീ അനു തോമസ് ശെമ്മാശന് കശീശാപട്ടം

06.04.2021: ശ്രീ ബേസിൽ റോയി ശെമ്മാശന് കശീശാപട്ടം

03.05.2021: ശ്രീ പോൾസൻ ജോൺ ശെമ്മാശന് കശീശാപട്ടം

26.12.2023: വന്ദ്യ ജോൺ പോൾ അച്ചന് കോറെപ്പിസ്കോപ്പ പദവി

റമ്പാൻ പട്ടംകൊട

02.12.2003: വന്ദ്യ സി.ഒ. ജോസഫ് അച്ചന് റമ്പാൻ സ്ഥാനം (പത്തനാപുരം ദയറ)

08.01.2022: വന്ദ്യ ഡേവിഡ് കോശി അച്ചന് റമ്പാൻ സ്ഥാനം (പത്തനാപുരം ദയറ)

10.03.1985: ചെങ്ങന്നൂർ ഭദ്രാസന രൂപീകരണത്തെത്തുടർന്നു തുമ്പമൺ ഭദ്രാസനത്തിൽ ഉൾപ്പെട്ടിരുന്ന ഇടവക, ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ഭാഗമാകുന്നു

1988: ദിവ്യബോധനം യൂണിറ്റ് & ഒവിബിഎസ് തുടക്കം

വികാരി: റവ. ഫാ. പ്രഫ. പി.വി. ജോൺ

1991: പരുമല തീർത്ഥാടനത്തിന് തുടക്കം

വികാരി: റവ. ഫാ. ജോൺ ഡാനിയേൽ

മേയ് 1993: വട്ടയം ചാപ്പലിനോട് ചേർന്നുള്ള സ്ഥലം വാങ്ങി പുതുക്കിപ്പണിത ചാപ്പൽ ഇടവക മെത്രാപ്പൊലീത്ത അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് കൂദാശ ചെയ്തു

03.08.1995: വട്ടയം ചാപ്പൽ സ്വതന്ത്ര ഇടവകയായി

17.09.1995: ദേവാലയ പുനഃനിർമ്മാണം

പ്രസിഡന്റ്: ദിവ്യശ്രീ മാത്യു തോമസ് അച്ചൻ

കൺവീനർ: ശ്രീ ടി.സി. പൊന്നച്ചൻ

ശ്രീ ഉമ്മൻ വർഗീസ് (27.04.1997)

ജോയിന്റ് കൺവീനർ: ശ്രീ ജോസ് കെ. തോമസ്

സെക്രട്ടറി: ശ്രീ വി.ഡി. സ്കറിയ

25.02.1996: ശിലാസ്ഥാപനം: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ

28.01.1999: ശതാബ്ദി പൊതുസമ്മേളനം/ദേവാലയ കൂദാശ ഒന്നാം ഭാഗം: പരിശുദ്ധ കാതോലിക്ക ബാവയുടെ മുഖ്യ കാർമ്മികത്വത്തിൽ/സുവനീർ പ്രകാശനം

29.01.1999 (1174 മകരം 15): ദേവാലയ കൂദാശ രണ്ടാം ഭാഗവും 'വലിയ പള്ളി' പ്രഖ്യാപനവും: പരിശുദ്ധ കാതോലിക്ക ബാവ

29.01.2003: സെയ്ന്റ് മേരീസ് കമ്മ്യൂണിറ്റി സെന്റർ ശിലാസ്ഥാപനം: കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ്

വികാരി: റവ. ഫാ. കെ.ഒ. ഫിലിപ്

കൺവീനർ: ശ്രീ സി.വി. സാമുവേൽ

09.05.2004: കമ്മ്യൂണിറ്റി സെന്റർ കൂദാശ: വികാരി റവ. ഫാ. കെ.ഒ. ഫിലിപ്

27.01.2010: പുനഃനിർമ്മിച്ച പുന്നക്കുളഞ്ഞി സെയ്ന്റ് ഗ്രിഗോറിയോസ് കുരിശിൻ സൗധ കൂദാശ: നിരണം ഭദ്രാസന മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്

വികാരി: റവ. ഫാ. എം.കെ. ഇമ്മാനുവേൽ

കൺവീനർ: ശ്രീ ടി.ജെ. ഡാനിയേൽ

ജോയിന്റ് കൺവീനർ: ശ്രീ ജോസ് കെ. തോമസ്

സെക്രട്ടറി: ശ്രീ ടി.ഒ. ബേബി

28.01.2010: ദിവ്യശ്രീ കോമട്ട് യാക്കോബ് കത്തനാർ സ്മാരക മന്ദിരത്തിന്റെയും സുവർണ കൊടിമരത്തിന്റെയും കൽവിളക്കുകളുടെയും കൂദാശ: ഇടവക മെത്രാപ്പൊലീത്ത അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ്.

വികാരി: റവ. ഫാ. എം.കെ. ഇമ്മാനുവേൽ

കൺവീനർ: ശ്രീ ഉമ്മൻ വർഗീസ്

ജോയിന്റ് കൺവീനർ: ശ്രീ ജോസ് കെ. തോമസ്

സെക്രട്ടറി: ശ്രീ. വി.ഡി. സ്കറിയ

13.05.2013: ഇടവകാംഗത്തിനു വേണ്ടി നിർമ്മിച്ച ഭവനത്തിന്റെ കൂദാശ

വികാരി: റവ. ഫാ. ജോൺ പോൾ

കൺവീനർ: ക്യാപ്റ്റൻ (റിട്ട.) എൻ.സി. ജോൺ

ജോയിന്റ് കൺവീനർ: ശ്രീ ജോസ് കെ. തോമസ്

2013: മൂശാരിയേത്ത് സെയ്ന്റ് ജോർജ് ചാപ്പലിൽ എല്ലാ രണ്ടാം ശനിയാഴ്ചയും വിശുദ്ധ കുർബാനയ്ക്ക് തുടക്കം.

29.01.2014: പള്ളിയോടു ചേർന്നുള്ള പുതുക്കിപ്പണിത സെയ്ന്റ് മേരീസ് കുരിശിൻ സൗധത്തിന്റെ കൂദാശ: ഇടുക്കി ഭദ്രാസന മെത്രാപ്പൊലീത്ത അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസിയോസ്

വികാരി: റവ. ഫാ. ഗീവർഗീസ് കോശി

കൺവീനർ: ശ്രീ ഉമ്മൻ വർഗീസ്

ജോയിന്റ് കൺവീനർ: ശ്രീ ജോസ് കെ തോമസ്

29.01.2017: 2016 ഒക്ടോബറിൽ രൂപീകരിച്ച ഇടവക സീനിയേഴ്സ് ഫോറത്തിന്റെ ഉദ്ഘാടനം: മുൻ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി

പ്രസിഡന്റ്: റവ. ഫാ. കെ.ഒ. തോമസ്

വൈസ് പ്രസിഡന്റ്: ശ്രീ ഉമ്മൻ വർഗീസ്

സെക്രട്ടറി: ശ്രീ വി.ഡി. സ്കറിയ

ട്രഷറർ: ശ്രീ സി.എം. ജയിംസ്

10.06.2018: പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് പരിശുദ്ധ കാതോലിക്ക ബാവയുടെയും ഇടവക മെത്രാപ്പൊലീത്തയുടെയും അനുമതിയോടെ സ്ഥാപിക്കുന്നു.

തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുള്ള പ്രാർത്ഥനാ മന്ദിരത്തിന്റെ കൂദാശ: ഇടവക മെത്രാപ്പൊലീത്ത അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ്, സഹായ മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, വന്ദ്യ സി.ഒ. ജോസഫ് റമ്പാൻ എന്നിവരുടെ കാർമ്മികത്വത്തിൽ.

വികാരി: റവ. ഫാ. കെ.ഒ. തോമസ്

കൺവീനർ: ശ്രീ പി.എം. അലക്സാണ്ടർ

ജോയിന്റ് കൺവീനർ: ശ്രീ ബിജു മാത്യു

2018: പൈവഴി ജംക്ഷന് സമീപം ഇടവകാംഗത്തിന് നിർമ്മിച്ച ഭവനത്തിന്റെ കൂദാശ

വികാരി: റവ. ഫാ. കെ.ഒ. തോമസ്

29.01.2019: സൺഡേ സ്കൂൾ കെട്ടിട പുനഃനിർമ്മാണം ശിലാസ്ഥാപനം: ബത്തേരി ഭദ്രാസന മെത്രാപ്പൊലീത്ത അഭിവന്ദ്യ ഏബ്രഹാം മാർ എപ്പിഫാനിയോസ്

വികാരി: റവ. ഫാ. കെ.ഒ. തോമസ്

കൺവീനർ: ശ്രീ ബിജു മാത്യു

ജോയിന്റ് കൺവീനർ: ശ്രീ ഡാനിയേൽ ഉമ്മൻ

2021: പള്ളിയുടെ വടക്കുഭാഗത്തുള്ള 14 സെന്റ് സ്ഥലവും വീടും വാങ്ങുന്നു

വികാരി: റവ. ഫാ. കുര്യൻ ജോസഫ്

16.10.2022: ശതോത്തര രജതജൂബിലി സ്വാഗതസംഘ രൂപീകരണം

ചെയർമാൻ: റവ. ഫാ. ജോൺ ചാക്കോ

ജനറൽ കൺവീനർ: ശ്രീ പി.എം. അലക്സാണ്ടർ

ജോയിന്റ് ജനറൽ കൺവീനേഴ്സ്: ശ്രീ ഉമ്മൻ വർഗീസ്, ശ്രീ വി.ഡി. സ്കറിയ, ശ്രീ ബിജു മാത്യു

28.01.2023: ശതോത്തര രജതജൂബിലി ഉദ്ഘാടനം: ശ്രീ ജോൺ ബർല (കേന്ദ്ര ന്യൂനപക്ഷ ക്ഷേമകാര്യ വകുപ്പ് സഹമന്ത്രി)

10.06.2023: നവീകരിച്ച പള്ളിയിൽ സമർപ്പണ പ്രാർത്ഥനയെത്തുടർന്ന് വിശുദ്ധ മദ്ബഹായിൽ ഐക്കൺ ചിത്രങ്ങൾ സ്ഥാപിച്ചു

29.01.2024: ശതോത്തര രജതജൂബിലി സമാപന സമ്മേളം ഉദ്ഘാടനം: ശ്രീ പി.എസ്. ശ്രീധരൻ പിള്ള (ആദരണീയ ഗോവ ഗവർണർ)

അനുഗ്രഹ പ്രഭാഷണം/സുവനീർ പ്രകാശനം: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ

വികാരി: റവ. ഫാ. ജോൺ ചാക്കോ



ഇടവക റജിസ്റ്റർ പട്ടിക 2024

(വാർഡ് ക്രമത്തിൽ)

വാർഡ് 1

നമ്പർ	പേരും വീട്ടുപേരും	ഫോൺ
1	അനിയൻ മാത്യു മേലേപ്പറമ്പിൽ	87440 37243
2	ബിനു ജോർജ് മേലേപ്പറമ്പിൽ	94959 81462
3	ബിനോയി വർഗീസ് സ്നേഹഭവൻ	70126 06365
4	ബിജു മത്തായി മാലേത്ത്	94973 57976
5	കെ.ഒ. ചാക്കോ കൊട്ടയ്ക്കാട്ട് പുത്തൻവീട്	94955 54798
6	പി. ജോയി ആലക്കാട്ട് വടക്കേതിൽ	95399 02057
7	ജോൺ സാമുവേൽ മുല്ലശ്ശേരിൽ	94954 36017
8	ജോസ് വർഗീസ് കല്ലുംപുറത്ത്	99460 03878
9	ജോസഫ് ഈശോ ഇലഞ്ഞിലേത്ത്	98930 24725
10	ഫാ. ജോൺ പോൾ പുൽപ്രക്കുഴിയിൽ	94471 29714
11	കുഞ്ഞുമ്മൻ ഗീവറുഗീസ് പുളിമൂട്ടിൽ	95624 20816
12	മറിയാമ്മ ഗീവറുഗീസ് റോയി ഭവൻ	94007 15455
13	മനേഷ് പി. ജോൺ വാലിൽ മനേഷ്ഭവൻ	80788 07927
14	പൊന്നമ്മ മാമ്മൻ ഇലഞ്ഞീലേത്ത് കിഴക്കേതിൽ	88817 78877
15	രാജു ഡാനിയേൽ കൊട്ടയ്ക്കാട്ടുവിളയിൽ	95448 58549
16	കെ.സി. രാജൻ കൊട്ടയ്ക്കാട്ടുവടക്കേതിൽ	97390 84734
17	ഷാജി എം. ബേബി മറ്റത്ത്	94261 38937
18	സുനിൽ ജോർജ് ആലക്കാട്ടുവടക്കേതിൽ	99381 21470
19	വി.ഐ. സോളമൻ ശങ്കരത്തിൽ ഷാലോം വില്ല	94461 87464
20	കെ.വി. തോമസ് കല്ലുംപുറത്ത്	96056 46576
21	തങ്കമ്മ ഉണ്ണൂണ്ണി കൊട്ടയ്ക്കാട്ടുവടക്കേതിൽ	85477 16223
22	തോമസ് ഈശോ ഇലഞ്ഞീലേത്ത് ടോണിവില്ല	94968 08047
23	കെ.വി. തോമസ് കൊട്ടയ്ക്കാട്ടുകിഴക്കേതിൽ	83049 43381
24	കെ.വി. തോമസ് കൊട്ടയ്ക്കാട്ട്	88486 51255
25	കെ.ജി. വർഗീസ് ചിറയിലയ്യത്ത്	95445 14367

വാർഡ് 2

നമ്പർ	പേരും വീട്ടുപേരും	ഫോൺ
1	ജോർജ് പി. മാത്യു പടിഞ്ഞാറ്റിടത്ത്	94464 55243
2	കെ.ജി. ജോൺസൺ കോമട്ട്	70252 52369
3	ജോസ് ഡാനിയേൽ ചിറയിൽ തെക്കേക്കര	94442 77430
4	ലിസി ഡേവിഡ് ലിസിഭവൻ	90616 60979
5	മത്തായി വർഗീസ് ചേരാമ്പള്ളിൽ	97449 57581
6	മാത്യു സി. ഉമ്മൻ ചിറവരമ്പിൽ	94968 22483

നമ്പർ	പേരും വീട്ടുപേരും	ഫോൺ
7	സി.ഡി. നൈനാൻ ചിറയിൽ തെക്കേക്കര	96560 03537
8	പൊന്നമ്മ ഡാനിയേൽ പടിഞ്ഞാറ്റിടത്ത്	95446 74776
9	രഞ്ജിത് ജോസഫ് പടിഞ്ഞാറ്റിടത്ത്	98864 94517
10	റജിലാൽ ഇളംകുളത്ത് റജി ഭവൻ	94009 63459
11	തങ്കമ്മ ബേബി തെങ്ങേതിൽ കിഴക്കേതിൽ	94471 09803
12	സൂസൻ ജോർജ് പടിഞ്ഞാറ്റിടത്ത്	70120 14098
13	തോമസ് ജേക്കബ് ചിറയിൽ തെക്കേക്കര	94456 16322
14	സി.ജി. തോമസ് ചേരാമ്പള്ളിൽ സ്തുതി ഭവൻ	99465 24925
15	തോമസ് മാത്യു ചിറയിൽതെക്കേക്കര	001 281 235 3543
16	പി.കെ. തോമസ് തോംസൺ വില്ല	79077 22074
17	വർഗീസ് ജോർജ് ചേരാമ്പള്ളിൽ	97447 09827
18	ഫാ. ജേക്കബ് റോയി താനുവേലിൽ പുത്തൻവീട്	94473 98266

വാർഡ് 3

നമ്പർ	പേരും വീട്ടുപേരും	ഫോൺ
1	ഏബ്രഹാം ജോർജ് മണയ്ക്കൽകരോട്ട് ജിനു ഭവൻ	89439 60841
2	അന്നമ്മ അച്ചൻകുഞ്ഞ് മണയ്ക്കൽകരോട്ട് ആൻസി ഭവൻ	94967 24811
3	അന്നമ്മ ചെറിയാൻ മണയ്ക്കൽകരോട്ട്	96566 81027
4	പി.എസ്. അനിയൻ പ്ലാമൂട്ടിൽ	91887 07194
5	ബാബുജോൺ മാത്യു പാലമൂട്ടിൽ മേഴ്സിഹോം	96568 31935
6	ഗീവറുഗീസ് മാത്യു തലയാറ്റ് പുത്തൻവീട്	99463 11161
7	സി.എം. ജയിംസ് ചിറക്കരോട്ട് ഗ്രേസ്	85470 61235
8	ജോൺസൺ മാത്യു ചിറവരമ്പിൽ	04734 296750, 94473 04454
9	ജോമോൻ ഏബ്രഹാം ജോർജ് മണയ്ക്കൽക്കരോട്ട് ജിബിൻ വില്ല	94967 31613
10	കുഞ്ഞുകുഞ്ഞമ്മ സാമുവേൽ ചിറക്കരോട്ട്	94468 17686
11	ലൈല ജേക്കബ് പാലമൂട്ടിൽ മേഴ്സി ഹോം	94966 91233
12	ലീലാമ്മ മത്തായി ലിജോ ഭവൻ	81139 99796
13	മറിയാമ്മ ബേബി പാലമൂട്ടിൽ	001 973 452 5745
14	ഉമ്മൻ വർഗീസ് പീസ് കോട്ടേജ്	94467 60051
15	സി.വി. സാമുവേൽ തയ്യിൽതെക്കേതിൽ	04734 260010, 94461 14349
16	വി.ഡി. സ്കറിയ മണയ്ക്കൽകരോട്ട് ബിനുഭവൻ	94464 78326
17	ശോശാമ്മ വർഗീസ് പാലമൂട്ടിൽ	94956 06425
18	ഷീബ അലക്സ് ചിറക്കരോട്ട് ജോയ്സ്	76194 25238
19	തോമസ് വർഗീസ് പാലമൂട്ടിൽ മോജിൻവില്ല	95444 99832
20	എം.ബി. സ്കറിയ മണയ്ക്കൽകരോട്ട്	78878 64723

വാർഡ് 4

നമ്പർ	പേരും വീട്ടുപേരും	ഫോൺ
1	അന്നമ്മ ജോർജ് തറയിൽ	04734 260986 00965 947 50023
2	അബു ടി. ഉമ്മൻ തറയിൽ അബു വില്ല	00965 660 30651
3	അനിയൻകുഞ്ഞ് ജോർജ് അന്നു വില്ല	94961 55451
4	ബെന്നി വർഗീസ് നിരപ്പേൽ	85474 74715

നമ്പർ	പേരും വീട്ടുപേരും	ഫോൺ
5	എൻ.കെ. ചെറിയാൻ പിച്ചിമുറ്റത്ത് അനിൽ ഭവൻ	04734 292632 83010 91379
6	പി.സി. ജോർജ് നൈസ് കോട്ടേജ്	85908 90266
7	പി.ഡി. ജോർജ്കുട്ടി പാറയിരിക്കുന്നതിൽ	70253 33146
8	ജോർജ് തങ്കച്ചൻ ജോസ് ഭവൻ (മർവിൻവില്ല)	94467 54016
9	ജയിംസ് വി. ചെറിയാൻ വാലിൽ പുത്തൻവീട് ജയിംസ് വില്ല	95620 81209
10	ജോൺ പി. വർഗീസ് വടക്കേക്കര ആൻസൺ വില്ല	94963 27447
11	ജോണിക്കുട്ടി വി. ജോർജ് പെൻജോ കോട്ടേജ്	94469 12201
12	ടി.ജി. കുഞ്ഞുമോൻ പാറയിരിക്കുന്നതിൽ	00966 56572 7126
13	മാത്യൂസ് പി. കുര്യൻ പാറയിരിക്കുന്നതിൽ പടിഞ്ഞാറ്റേതിൽ	85471 49611
14	മറിയാമ്മ ഉമ്മൻ ഷൈനിഭവൻ	94466 85156
15	കെ.സി. രാജു കീപ്പള്ളിൽ പടിഞ്ഞാറ്റേതിൽ	94223 26457
16	കെ.സി. റെജി കീപ്പള്ളിൽ പടിഞ്ഞാറ്റേതിൽ	98811 38449
17	റോസമ്മ തോമസ് വടക്കേക്കര മേലത്തേതിൽ പാറയിരിക്കുന്നതിൽ	84110 05319
18	രാജൻ വർഗീസ് ചേരാംപള്ളിൽ അജിൻവില്ല	94968 97900
19	സൂസൻ വർഗീസ് പാറയിരിക്കുന്നതിൽ പടിഞ്ഞാറ്റേതിൽ	94950 86326
20	സജോ വർഗീസ് നെടിയകാലാ മേലേതിൽ	77368 21974
21	സാറാമ്മ ഉമ്മൻ സാറാ ഭവൻ	97470 34175
22	പി.എം. സാമുവേൽ ഷാലോം	95620 44076
23	സാബു ഏബ്രഹാം അന്നവില്ല നാരകത്തുംമണ്ണിൽ	94469 59971
24	സുജ മത്തായി സ്നേഹവില്ല	62828 84320
25	തോമസ് കുഞ്ഞുകുഞ്ഞ് തറയിൽ പുത്തൻവീട്	04734 260093 94474 31655
26	ടി.ടി. തോമസ് തറയിൽ	95267 22824
27	വത്സമ്മ മാത്യു പാറയിരിക്കുന്നതിൽ പടിഞ്ഞാറ്റേതിൽ	04734 262811 94479 56345
28	വി.ടി. വർഗീസ് പാറയിരിക്കുന്നതിൽ സജീവം	04734 262115 94467 54875
29	പി.കെ. വർഗീസ് പ്ലാവിളയിൽ പുത്തൻവീട്	94469 14475

വാർഡ് 5

നമ്പർ	പേരും വീട്ടുപേരും	ഫോൺ
1	അമ്മിണി തോമസ് ചാമക്കണ്ടത്തിൽ	95626 03222
2	അമ്മിണി പാപ്പച്ചൻ ചാമക്കണ്ടത്തിൽ	89210 84496
3	കെ.കെ. അലക്സ് കിഴക്കോട്ടു ചരിഞ്ഞതിൽ	94264 48751
4	കെ.സി. ബേബിക്കുട്ടി കിഴക്കോട്ടു ചരിഞ്ഞതിൽ കരുണ	79028 71429
5	ബാബു ഡാനിയേൽ ചാമക്കണ്ടത്തിൽ	99474 70559
6	ജേക്കബ് വർഗീസ് ചേരാമ്പള്ളിൽ കൃപ കോട്ടേജ്	94461 16533
7	ജോസ് ഡേവിഡ് വാലിൽ പെരുവിളയിൽ	95391 30733
8	പി.എം. ജോസ് പ്ലാമൂട്ടിൽ വില്ല	94477 34569
9	സി.കെ. കുഞ്ഞുമോൻ ചാമക്കണ്ടത്തിൽ പീടികയിൽ	96451 96530
10	ലിജോ മത്തായി ഇടയിലെവിളയിൽ	001 845 608 3627
11	ഡി.സി. മോഹൻ പെരുവിള കിഴക്കേതിൽ	94953 62013
12	പൊന്നമ്മ ബേബി ചാമക്കണ്ടത്തിൽ	96457 31994
13	സി.കെ. രാജു ചാമക്കണ്ടത്തിൽ	99618 86988

നമ്പർ	പേരും വീട്ടുപേരും	ഫോൺ
14	റാഹേലമ്മ ജോൺസൺ വില്ല	70344 98085
15	ഫാ. പി.സി. തോമസ് പെനിയേൽ	94473 27243
16	ഷാജി ബേബി ചാമക്കണ്ടത്തിൽ കോട്ടേജ്	86067 64036
17	സൂസമ്മ മാത്യു പെരുവിളയിൽ പാറയിരിക്കുന്നതിൽ	94956 72551
18	സി.കെ. വർഗീസ് ചാമക്കണ്ടത്തിൽ മെർലിൻ വില്ല	80754 68039
19	കെ.കെ. വർഗീസ് കല്ലുങ്കൽ ഷാരോൺവില്ല	99950 56905
20	ടി.കെ. വർഗീസ് ബെൻവില്ല	82819 26379
21	വർഗീസ് ജോർജ് ലെൻജോർജ് വില്ല	98109 98169
22	തങ്കമ്മ ജോയി ഷാരോൺ	97472 59650
23	തങ്കമ്മ ജോഷ്വ പ്ലാവിളയിൽ	94954 37116
24	പി.സി. വർഗീസ് തട്ടക്കാട്ടിൽ ആഷാ ഭവൻ	81380 45223
25	സി.പി. വിൽസൺ ചാമക്കണ്ടത്തിൽ	95440 25125

വാർഡ് 6

നമ്പർ	പേരും വീട്ടുപേരും	ഫോൺ
1	അച്ചൻകുഞ്ഞ് വർഗീസ് മുകടിയിൽ ദാനിയേൽ സദനം	90720 60825
2	അലക്സ് ഡേവിഡ് വാലിൽ കൊച്ചയിപ്പോര	98982 22176
3	അജിത് വി. ഉമ്മൻ വാഴുവേലിൽ തുണ്ടത്തിൽ	98204 84192
4	ഏബ്രഹാം വി. ജോർജ് വാഴുവേലി തുണ്ടത്തിൽ പടിഞ്ഞാറ്റേതിൽ	94461 39813
5	ബേബി വർഗീസ് മുകടിയിൽ പുത്തൻവീട്	82812 72388
6	ബിജു ജേക്കബ് വാഴുവേലിൽ തുണ്ടത്തിൽ	94969 90008
7	വി.ഡി. ചെറിയാൻ വാലിൽ പുത്തൻവീട്	96560 95942
8	ഡാനിയേൽ വർഗീസ് വാലിൽ മനോജ് ഭവൻ	99474 29539
9	ഡാനിയേൽ ഉമ്മൻ കൊട്ടക്കാട്ട് വിളമുകടിയിൽ	97447 88023
10	കുഞ്ഞമ്മ വർഗീസ് കുറ്റിപ്പാലനിൽക്കുന്നതിൽ സിജിൻ വില്ല	89438 13190
11	ലിസി ചെറിയാൻ ചെറിയാൻസ് വില്ല	94954 37592
12	ലീലാമ്മ ചെറിയാൻ വാലിൽ	70344 48598
13	പി.ടി. പൊന്നച്ചൻ നീനാഭവൻ	80751 91527
14	റെനി ചെറിയാൻ വാലിൽ വടക്കേതിൽ	96057 49854
15	പി.ജെ. റോഷൻ വടക്കേപ്ലാവിളയിൽ	94971 01191
16	രാജു ഏബ്രഹാം വാഴുവേലിൽ തുണ്ടത്തിൽ താഴേതിൽ	001 914 494 3512
17	രാജു കുഞ്ഞുകുഞ്ഞ് വാഴുവേലിൽ തുണ്ടത്തിൽ പടിഞ്ഞാറ്റേതിൽ	94004 60828
18	സാറാമ്മ റെജി കുറ്റിപ്പാലനിൽക്കുന്നതിൽ	75618 49060
19	സാമുവേൽ ഏബ്രഹാം വാഴുവേലിൽ തുണ്ടത്തിൽ താഴേതിൽ	80782 09651
20	വർഗീസ് ഡാനിയേൽ കോയിപ്പുറത്ത് കിഴക്കേതിൽ പുത്തൻവീട്	99466 53628
21	വിജു തോമസ് കുറ്റിപ്പാലനിൽക്കുന്നതിൽ	94972 29110

വാർഡ് 7

നമ്പർ	പേരും വീട്ടുപേരും	ഫോൺ
1	ഏബ്രഹാം സാമുവേൽ വിളയിൽ	94955 23269
2	അമ്മിണി ജോൺ ചരിഞ്ഞപറമ്പിൽ	93834 25587
3	പി.എം. അലക്സാണ്ടർ അനുഗ്രഹ	82819 15330

നമ്പർ	പേരും വീട്ടുപേരും	ഫോൺ
4	ടി.വി.സി. ബേബിക്കുട്ടി തടത്തിൽ വടക്കേതിൽ	79073 11438
5	ഡാനിയേൽ വർഗീസ് ചെമ്പോലിൽ	75108 39121
6	എം.സി. ജോർജ് പടിഞ്ഞാറ്റിടത്ത് മുകടിയിൽ	98791 23684
7	ജേക്കബ് ഉമ്മൻ ചരിഞ്ഞപറമ്പിൽ	75589 71426
8	ജോൺ മാത്യു ഇടത്രക്കരോട്ട്	61086 44220
9	എൻ.സി. ജോൺ അനിൽ ലാൻഡ്	94962 66091
10	പി.സി. മാത്യൂസ് പതാരത്തിൽ	94954 28103
11	രാജു ഏബ്രഹാം നാരകത്തുംമണ്ണിൽ	91673 18929
12	രാജു ജോൺ നാരകത്തുംമണ്ണിൽ	
13	ഷൈബു ഏബ്രഹാം നാരകത്തുംമണ്ണിൽ	80868 48118
14	സജി മാത്യു ഇടത്രക്കരോട്ട്	94469 76577
15	സൂസമ്മ ജോർജ് ചരിഞ്ഞപറമ്പിൽ	94955 79034
16	സുനിൽ ജോൺ വിളയിൽ സിയോൻ വില്ല	91886 96142
17	ഗ്രേസി തങ്കച്ചൻ ചരിഞ്ഞപറമ്പിൽ	92079 64366
18	ജോർജ് വർഗീസ് തെക്കേമാവുങ്കാലായിൽ	94220 71826
19	പി.എം. ഫിലിപ് പൂവണ്ണുംതടത്തിൽ	85475 96992
20	തോമസ് സാമുവേൽ ചരിഞ്ഞ പറമ്പിൽ	62383 85316

വാർഡ് 8

നമ്പർ	പേരും വീട്ടുപേരും	ഫോൺ
1	കെ.ജി. ഏബ്രഹാം കിഴക്കേക്കരയിൽ	95443 69692
2	അലക്സ് ഏബ്രഹാം വരദാനം	97449 20113
3	ബേബി വർഗീസ് മുല്ലമംഗലത്ത് കിഴക്കേതിൽ	86064 13988
4	എം.ടി. ഡാനിയേൽ മൈക്കുളത്ത്	86060 32616
5	ഗ്രേസി മാത്യു കാഞ്ഞിരമാല കിഴക്കേതിൽ	97479 28970
6	കെ.എസ്. ഗീവർഗീസ് കാഞ്ഞിരമാല കിഴക്കേതിൽ	95393 99297
7	ജോർജ് തോമസ് എബനേസർ ചീരമറ്റം	97475 47473
8	ജോർജ് മൂശാരിയേത്ത്	
9	കെ.ജി. ജയിംസ് ജോസിവില്ല	94955 44143
10	ജയിംസ് ജോൺ മണ്ണാടിവടക്കേതിൽ	98532 02163
11	എൻ.എസ്. ജോസഫ് നെടിയാനിക്കുഴി കരോട്ട് എബിൻ വില്ല	80970 44645
12	ജേക്കബ് ചെറിയാൻ മൂശാരിയേത്ത്	95672 59130
13	കുരുവിള വർഗീസ് മൂശാരിയേത്ത്	86063 58391
14	ടി.ഡി. മോനച്ചൻ എം.എസ്. വില്ല	88917 00701
15	മേരി വർഗീസ് ഷാജിഭവൻ	95624 23728
16	മാത്യു വർഗീസ് മുല്ലമംഗലത്ത്	75106 13104
17	ജിനു ജോർജ്	79027 95536
18	പൊന്നമ്മ മാത്യു വലക്കടവിൽ പുത്തൻവീട്	85474 88393
19	പ്രസാദ് വി. ജോൺ വലക്കടവിൽ പുത്തൻവീട്	85478 50420
20	എം. രാജു പീസ് വില്ല	94479 64046
21	രജനി സജി റിന്റു വില്ല	73068 44864
22	ഷാജി സാമുവേൽ മുല്ലമംഗലത്ത്	94977 23923

നമ്പർ	പേരും വീട്ടുപേരും	ഫോൺ
23	എം.എസ്. തമ്പി മൈക്കുളത്ത്	96566 35894
24	തോമസ് സാമുവേൽ നെടിയാനിക്കുഴിക്കരോട്ട്	97445 50338
25	എം.സി. തോമസ് മണ്ണാടി വടക്കേതിൽ	97442 97718
26	വർഗീസ് സാമുവേൽ മുല്ലമംഗലത്ത്	94469 10337
27	കെ.വി. വർഗീസ് കൊട്ടക്കാട്ടുമലയിൽ	98471 72671
28	വിൽസൺ മാത്യു മലയിടിഞ്ഞപൊയ്കയിൽ	90615 79451
29	വിൽസൺ മാത്യു നേഹഭവൻ	97449 18105
30	യോഹന്നാൻ വർഗീസ് മുല്ലമംഗലത്ത്	95264 64744

വാർഡ് 9

നമ്പർ	പേരും വീട്ടുപേരും	ഫോൺ
1	അക്കാമ്മ ഡാനിയേൽ തച്ചക്കുന്നിൽ	97457 70847
2	ഏലിയാമ്മ ജേക്കബ് കരോട്ട്	96457 29449
3	ടി.ഒ. ബേബി തച്ചക്കുന്നിൽ കിഴക്കേതിൽ	99468 03846
4	ജോർജ് തോമസ് തച്ചക്കുന്നിൽ	99465 80955
5	ടി.ജെ. ജോർജ് തച്ചക്കുന്നിൽ ഗാർഡൻസ്	001 267 283 5901
6	എം.ജി. ജോർജ് മാലേത്ത്	99695 20330
7	ജോസ് കോശി കരോട്ട്	97445 44311
8	ലിജു ബാബു മാലേത്ത് തെക്കേതിൽ	82813 71185
9	മറിയാമ്മ ബേബി മാലേത്ത്	92070 91906
10	പി.കെ. മത്തായി മാലേത്ത്	97446 09543
11	പി.വി. മാത്യു പുത്തൻപറമ്പിൽ	82810 18613
12	പെണ്ണമ്മ വർഗീസ് പുത്തൻപറമ്പിൽ	80861 92944
13	ടി.ഡി. രാജു സിജു ഭവൻ	99461 40485
14	എം.ജെ. സാബു മാലേത്ത്	89435 34922
15	വി.കെ. തങ്കച്ചൻ ബിജു ഭവൻ	95393 21277
16	തങ്കമ്മ സാമുവേൽ തച്ചക്കുന്നിൽ	97449 92972

വാർഡ് 10

നമ്പർ	പേരും വീട്ടുപേരും	ഫോൺ
1	അജു ജോൺസൺ ഏദൻ വില്ല	99468 03434
2	വി.പി. ബാബു സിറിൽ വില്ല	95263 91489
3	ബാബു വർഗീസ് നെടിയാനിക്കുഴി കല്ലുങ്കൽ	70251 16227
4	കെ.എം. ജോണി മേട്ടുപ്പറമ്പിൽ കിഴക്കേതിൽ	97440 96679
5	വി.എൻ. ജോയി നികരുകാലായിൽ	90725 77215
6	പി.എം. ജോൺ പന്നിക്കുഴിയിൽ പുത്തൻപറമ്പിൽ	70122 08849
7	കെ.എസ്. ജോൺസൺ കരപ്പനശേരിൽ തെക്കേതിൽ	88486 95507
8	ഒ. ജോയിക്കുട്ടി ജോ ഭവൻ	88068 93545
9	കുഞ്ഞുമോൾ രാജൻ മേട്ടുപ്പറമ്പിൽ കിഴക്കേക്കര	99461 54653
10	കുഞ്ഞുമോൾ ബാബു മാലേത്ത് നിഷ ഭവൻ	90486 27839
11	ലിസി ജോസ് മാലേത്ത്	99465 80617
12	മോനി ജോർജ് പന്നിക്കുഴിയിൽ ബഥാന്യ	97453 29328

നമ്പർ	പേരും വീട്ടുപേരും	ഫോൺ
13	മധു ജോർജ് ജോർജ് വില്ല	00971 52 553 5877
14	ഉമ്മൻ മത്തായി പന്നിക്കുഴിയിൽ പുത്തൻപറമ്പിൽ	96451 76991
15	എം. പൊന്നച്ചൻ നികരുകാലായിൽ	96054 31109
16	കെ.ടി. പൊന്നച്ചൻ കലതിവിളയിൽ പ്രജിത്ഭവൻ	94002 25174
17	റജി തോമസ് പോച്ചാപ്പള്ളിൽ കിഴക്കേതിൽ	99468 82142
18	സൂസമ്മ ജോൺ നിരവേൽ പുത്തൻവീട്	94002 62950
19	സൂസമ്മ ഷാജി മാലേത്ത്	92072 58037
20	സണ്ണി പി. ചാക്കോ നികരുകാലായിൽ	001 5166554221

നമ്പർ	പേരും വീട്ടുപേരും	ഫോൺ
21	സണ്ണി എം. ബേബി മാലേത്ത്	97189 81789
22	എൻ.ജെ. സജി മാലേത്ത്	89433 95133
23	പി.പി. സനൽ പുത്തൻപീടിക പടിഞ്ഞാറ്റേതിൽ	94477 95656
24	സിന്ധു ബിജു തട്ടാശേരിൽ പുത്തൻവീട്	96452 12908
25	വർഗീസ് തോമസ് തച്ചക്കുന്നിൽ	97471 58504
26	പി.എൻ. യോഹന്നാൻ നികരുകാലായിൽ	99464 79051
27	ഗ്രേസി ജോർജ് പുത്തൻപീടിക വടക്കേതിൽ	92648 34454



With Best Compliments from

Zeena Agencies

DEALERS IN ELECTRICAL ITEMS

Municipal Building, Pandalam

GM SWITCH TO A BETTER WORLD
Finolex
legrand
RR KABEL
Goldmedal

ഫാനുകൾക്ക് നല്ല
ചൂടൻ വിലക്കുറവുമായി
iBELL Complete Home Solution

Mob: 94474 08745

"A Complete Premium Baby Store..."
A Place of New Beginnings
BABY HEAVEN
KIDS CLOTHING TOYS ACCESSORIES
Berger
100 YEARS OF TRUST
37 YEARS ANNIVERSARY CELEBRATIONS
GINO ENTERPRISES
Main Central Road, Kulanada
Ph: 956295 6659 | 94475 61664 | 62820 05365 | 75580 05365
email: babyheavenkids@gmail.com | ginoenterprises@gmail.com

Best Compliments from

ST. MARY'S COMMUNITY CENTRE
ULLANNOOR, KULANADA

ONE OF THE LARGEST AUDITORIUMS IN KULANADA, DESIGNED TO HOST GATHERINGS OF EVERY SCALE...

TEL: 04734 260598
82819 04550

ST. GEORGE
PRAY FOR US

O. JOYKUTTY
&
FAMILY
Joe Bhavan
Punnakulanji
Ullannoor

Best Compliments from

T.O. BABY & FAMILY
THACHAKUNNIL KIZHAKKETHIL
ULLANNOOR

ORIGINAL PAINTINGS
MUSEUM PRINTS
CANVAS PRINTS
PRINT MEDIA DESIGNS

vara
art gallery, Kottayam

Pukadiyil Bldgs.,
Sastri Road, Kottayam
Ph: 93870 73135

With Best Compliments from

ANIL & FAMILY
PIRAVOM

With Best Compliments from

ROSHAN P.J. & FAMILY
KULANADA

Best Compliments from

JINU MOHAN & NICY NINAN
Peruvila Kizhakkethil
Panangadu, Kulanada

Best Compliments from: ROY THOMAS & FAMILY

EDEN GARDEN CONVENTION CENTRE
M.C. Road, Pandalam

Booking
8921604545

With Best Compliments from

Bhavana
WEDDING PHOTOGRAPHY
KULANADA, PANDALAM

Mob: 94470 45158 | 99610 13813

അനുഭവങ്ങൾ; സന്തോഷങ്ങൾ...!

ജോസ് കെ. തോമസ്
കൺവീനർ

ഒരിക്കൽകൂടി ഉള്ളന്നൂർ വലിയപള്ളി സ്മരണികയുടെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുമ്പോൾ ഓർമകളുടെ വേലിയേറ്റം തന്നെ മനസ്സിൽ രൂപംകൊള്ളുന്നു. പൂർവസൂരികളുടെ അശ്രാന്ത പരിശ്രമത്തിലൂടെ അരനൂറ്റാണ്ടു മുൻപ് പുറത്തിറങ്ങിയ സ്മരണികയിലേക്കു വരെ ആ ഓർമ നീളുന്നു.

ഉള്ളന്നൂർ പള്ളിയുടെ ചരിത്രം വരുംതലമുറയ്ക്കു വേണ്ടി രേഖപ്പെടുത്തി സൂക്ഷിക്കുകയെന്ന ശ്രമകരമായ ദൗത്യം ഏറ്റവും ഭംഗിയായി ആ സ്മരണിക പ്രസിദ്ധീകരണത്തിലൂടെ നിർവഹിക്കപ്പെട്ടെന്നത് ഏറെ ചാരിതാർത്ഥ്യത്തോടെയാണ് ഇപ്പോൾ ഓർക്കുന്നത്. ജീവിതത്തിലുടനീളം വിശുദ്ധി കാത്തുസൂക്ഷിച്ചുകൊണ്ടു ജീവിച്ചു മാതൃകയായ ഭാരതത്തിലെ പ്രഥമ മഹാ പരിശുദ്ധനായ പരിശുദ്ധ പരുമല തിരുമേനി ഈ ഇടവകപ്പള്ളിയുടെ ശിലാസ്ഥാപനത്തിനായി അന്നു പന്തളത്തെത്തിയപ്പോൾ ആബാലവൃദ്ധ ജനങ്ങളും ഏറെ ആമോദത്തോടെ പരിശുദ്ധ തിരുമേനിയെ പല്ലക്കിലേറ്റി ഉള്ളന്നൂരിലേക്ക് ആനയിച്ചതും പള്ളിയുടെ നിർമ്മാണത്തിനു വരാൽപ്പശ (കൽക്കെട്ടിന്റെ ബലത്തിനായി കുമ്മായത്തിൽ ചേർക്കാനായി, വരാൽ മത്സ്യത്തിനെ കൂട്ടമായി വള്ളത്തിലിട്ട് ശേഖരിക്കുന്ന പശ) ഉപയോഗിച്ചിരുന്നുവെന്നതും ആരാധനയ്ക്കു മുടക്കം വന്നപ്പോൾ ഇടവകയുടെ മുഖ്യശില്പിയായ വന്ദ്യ കോമട്ട് യാക്കോബ് കത്തനാരുടെ പ്രാർത്ഥനയുടെ ശക്തിയിൽ ആരാധന പുനഃസ്ഥാപിക്കപ്പെട്ടതുമൊക്കെ അങ്ങനെയാണ് സ്കൂൾ പഠനകാലത്തേ മനസ്സിലേക്കെത്തുന്നത്.

തുമ്പമൺ, നിരണം മെത്രാസനങ്ങളുടെ ചുമതലയുണ്ടായിരുന്ന പരിശുദ്ധ പരുമല തിരുമേനി സ്ഥാപിച്ച മിക്ക ദേവാലയങ്ങളും പരിശുദ്ധ ദൈവമാതാവിന്റെ തിരുനാമത്തിലായിരുന്നു. ഈ ഇടവക സ്ഥാപിച്ച മകരം 15ന് തന്നെയാണ് തുമ്പമൺ കാദിശ്ത്ത പള്ളിയും പരിശുദ്ധ തിരുമേനി സ്ഥാപിച്ചത്. കൃത്യം ഒരു വർഷത്തിനു ശേഷം 1075 മകരം 15ന്.

കാൽ നൂറ്റാണ്ടു മുമ്പ് 1174 മകരം 15ന് ഉള്ളന്നൂർ വലിയപള്ളി ഇടവകയുടെ ശതാബ്ദിയോടനുബന്ധിച്ച് പുനർനിർമിച്ച ദേവാലയത്തിന്റെ കൂദാശവേളയിൽ പ്രസിദ്ധീകരിച്ച സ്മരണികയെ മലങ്കര സഭയിലെ മികച്ച ഒരു പ്രസിദ്ധീകരണമാക്കുന്നതിനു പ്ലാറ്റിനം ജൂബിലി സുവനീർ ഏറെ സഹായിച്ചു.

അര നൂറ്റാണ്ടിനു ശേഷവും ഒരു വിലപ്പെട്ട നിധിയെന്ന പോലെ പ്ലാറ്റിനം ജൂബിലി സ്മരണിക ഇന്നും മിക്ക ഭവനങ്ങളിലും സൂക്ഷിക്കുന്നു. ഒപ്പം തന്നെ ശതാബ്ദി സ്മരണികയും...!

ശതാബ്ദി സ്മരണികയേയും കെട്ടിലും മട്ടിലും നിലവാരം പുലർത്താൻ സഹായിച്ചവർ അനവധിയാണ്. ഇടവക ജനങ്ങൾ, മാനേജിങ് കമ്മിറ്റികൾ, അന്നത്തെ ശതാബ്ദി സുവനീർ കമ്മിറ്റി, രക്ഷാധികാരി അഭിവന്ദ്യ ഇടവക മെത്രാപ്പൊലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ തോമസ് മാർ അത്തനാസിയോസ് തിരുമേനി, പ്രസിഡന്റ് വന്ദ്യ മാത്യു തോമസ് അച്ചൻ, എഡിറ്റർ-ഇൻ-ചാർജ് ആയിരുന്ന പോൾ മണലിൽ

തുടങ്ങി രചനകൾ നൽകി സഹായിച്ചവരും പരസ്യ ദാതാക്കളും ഉൾപ്പെടെ എല്ലാവരെയും പ്രത്യേകിച്ച് പള്ളി പുനർനിർമാണത്തിന്റെ ഭാരിച്ച ഉത്തരവാദിത്തത്തിനൊപ്പം ഉന്നത നിലവാരം പുലർത്തുന്ന ഒരു സ്മരണിക കൂടി പുറത്തിറക്കാൻ ഇടവക ജനങ്ങൾ ഒന്നടങ്കം കാട്ടിയ ഉത്സാഹത്തെയും സഹകരണത്തെയും ഏറെ കൃതജ്ഞതയോടെയാണ് എന്നും ഓർക്കുന്നത്.

ഇപ്പോൾ പുറത്തിറങ്ങുന്ന ശതോത്തര രജത ജൂബിലി സ്മരണികയായ 'വെളിച്ചമാളിക', ഒന്നേകാൽ നൂറ്റാണ്ടായി ഒരു പ്രദേശത്തിന്റെ വെളിച്ചമാളികയായി നിലകൊള്ളുന്ന ദേവാലയത്തിനോടൊപ്പം അക്ഷരാർത്ഥത്തിൽ തന്നെ വാക്കുകളുടെ വെളിച്ചം ചൊരിയുന്ന ഗ്രന്ഥവുമാവണമെന്ന ഉദ്ദേശ്യത്തോടെയാണ് ഇങ്ങനെയൊരു പേര് സ്വീകരിച്ചത്.

'വെളിച്ചമാളിക' എന്ന ഏറെ ചാരുതയേറിയ പദം പരിശുദ്ധ പരുമല തിരുമേനിയുടെ സംഭാവനയാണ്... മലയാള സാഹിത്യത്തിനു മുതൽക്കൂട്ടായിത്തീർന്ന, 1895ൽ അച്ചടിച്ച പ്രഥമ ലക്ഷണയുക്ത യാത്രാവിവരണ ഗ്രന്ഥമായ 'ഊർശ്ലേം യാത്രാവിവരണ'ത്തിൽ നിന്നുള്ളതാണ് ഈ ഉജ്വലപ്രഭ ചൊരിയുന്ന വാക്ക്... 'പുത്തൻ തീ' എന്ന വാക്കും പരുമല തിരുമേനിയുടെ സംഭാവനയാണ്.

യേശുവിനെ കാണാനുള്ള ഒരു ശ്രമം പരിശുദ്ധ പരുമല തിരുമേനി 'ഊർശ്ലേം യാത്രാവിവരണ'ത്തിൽ നടത്തുന്നുവെന്നും അതിന്റെ പുത്തൻ തീ വായനക്കാർക്ക് തിരുമേനി പകർന്നു കൊടുക്കുന്നുവെന്നുമാണ് വിശ്വവിഖ്യാത സാഹിത്യകാരനും ജ്ഞാനപീഠ പുരസ്കൃതനുമായ തകഴി ശിവശങ്കരപ്പിള്ള അഭിപ്രായപ്പെട്ടത്...!

അഭൗമതേജസ്സോടെ നിലകൊള്ളുന്ന ഉള്ളന്നൂർ വലിയപള്ളി മദ്ബഹയിൽ നിന്നുള്ള ആത്മീയ വെളിച്ചം നിറവിൽ ഇപ്പോൾ പുറത്തിറങ്ങുന്ന 'വെളിച്ചമാളിക' എന്ന ശതോത്തര രജതജൂബിലി സ്മരണികയുടെ സാക്ഷാത്കാരത്തിനായി പ്രവർത്തിച്ചവരും അനവധിയാണ്...

സ്നേഹനിധികളായ ഇടവക ജനങ്ങൾ, ഇടവക മാനേജിങ് കമ്മിറ്റികൾ, വന്ദ്യ ജോൺ ചാക്കോ അച്ചൻ പ്രസിഡന്റായ സുവനീർ കമ്മിറ്റി, വന്ദ്യ ഡോ. ഡേവിഡ് കോശി റമ്പാച്ചൻ ഉൾപ്പെട്ട എഡിറ്റോറിയൽ ബോർഡ്, പ്രശസ്ത കലിഗ്രാഫർ ആർട്ടിസ്റ്റ് ഭട്ടതിരി, ഗ്രാഫിക് ആർട്ടിസ്റ്റ് കൂടിയായ വന്ദ്യ ഡോ. ഏബ്രഹാം കോശി കുന്നുംപുറത്ത് അച്ചൻ, ഈടുറ്റ രചനകൾ തന്നു സഹായിച്ചവർ, പരസ്യങ്ങൾ നൽകിയവർ, എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും കൂടെനിന്നവർ, സ്മരണികയെ അണിയിച്ചൊരുക്കി മനോഹരമാക്കിയ ആർട്ടിസ്റ്റ് മാത്യൂസ് ഓരത്തേലിന്റെ നേതൃത്വത്തിലുള്ള 'വര ആർട്ട് ഗാലറി', ഏറെ ഹൃദ്യമായി മുദ്രണം നിർവഹിച്ച തോംസൺ പ്രസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഉൾപ്പെടെ അനേകർ...!

1895ൽ അച്ചടിച്ച ഗ്രന്ഥമായ 'ഊർശ്ലേം യാത്രാവിവരണ'ത്തെ ഒരു നിയോഗമെന്നോണം പ്രഥമ ലക്ഷണയുക്ത യാത്രാവിവരണ ഗ്രന്ഥമായി ലോകത്തിനു മുൻപിൽ അവതരിപ്പിച്ച ഡോ. പോൾ മണലിൽ തന്നെയാണ് ഈ സ്മരണികയുടെയും എഡിറ്റർ-ഇൻ-ചാർജ്. അദ്ദേഹത്തിന്റെ സ്പർശം സ്മരണികയുടെ മാറ്റ് വർധിപ്പിച്ചുവെന്ന കാര്യത്തിൽ സംശയമേയില്ല.

എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും ഒരിക്കൽകൂടി അറിയിച്ചു കൊണ്ടും വാങ്ങിപ്പോയ പൂർവസൂരികളുടെ സ്മരണയ്ക്കു മുൻപിൽ അഞ്ജലി അർപ്പിച്ചുകൊണ്ടും സർവ്വോപരി സർവ്വേശ്വരനും സകല വിശുദ്ധർക്കും സ്തോത്രം അർപ്പിച്ചുകൊണ്ടും പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ടും നിർത്തട്ടെ...!

Best Compliments from: **THARAYIL FAMILY, Kulanada**

പരിശുദ്ധ പരുമല തിരുമേനിയുടെ തിരുക്കരങ്ങളാൽ
അടിസ്ഥാന ശിലയിട്ട് പടുത്തുയർത്തിയ ദേവാലയത്തിന്റെ
വിശുദ്ധ മദ്ബഹയോടു ചേർന്നുള്ള
പരിശുദ്ധ തിരുമേനിയുടെ തിരുശേഷിപ്പിടം